# എന്റെ നിലാപക്ഷി



വർഷങ്ങൾ പഴക്കമുള്ള ബംഗ്ലാവിന്റെ മുറ്റത്ത് നിന്ന് കൊണ്ട് ശ്രീഹരി താഴ്‌വരയിലേക്കു പരന്നുകിടക്കുന്ന തേയില തോട്ടത്തിലേക്ക് നോക്കി. ഭൂമിയെ പുതച്ചിരുന്ന പച്ചപുതപ്പു പോലെ ഇടുക്കിയിലെ മൂടൽമഞ്ഞിൻ അതങ്ങു പരന്ന് വിശാലമായി കിടക്കുകയാണ്. അങ്ങകലെ മൊട്ടക്കുന്നിന്റെ ശിരസ്സ് മറച്ചുകൊണ്ട് മൂടൽമഞ്ഞ് തെന്നിനീങ്ങി കളിക്കുന്നു.

പ്രഭാതത്തിലെ ഇടുക്കിയിലെ തണുപ്പ് കൈ വെള്ളയെ സൂചി കുത്തിയിരിക്കുന്ന പോലെ വേദനിപ്പിക്കുന്നു എന്ന് മനസിലാക്കിയ ഹരി തണുപ്പകറ്റാൻ കൈകൾ കൂട്ടിത്തിരുമ്മി. അതിനൊപ്പം തന്നെ താഴ്‌വരയിലെ ദൃശ്യഭംഗി അവൻറെ മുഖത്ത് ഒരു പുഞ്ചിരി വിടർത്തി.

“സാർ എന്താ കണ്ണടച്ചിരുന്നു പുഞ്ചിരിക്കുന്നത്?”

തന്റെ ചെവിയിൽ മുഴങ്ങിയ അനുപമയുടെ ശബ്ദം ശ്രീഹരിയെ പെട്ടെന്ന് സ്വപ്നങ്ങളിൽ നിന്നും ഉണർത്തി.

കണ്ണ് തുറന്നു നോക്കിയപ്പോൾ തന്റെ ടേബിളിനു അപ്പുറത്തായി നിൽക്കുന്ന അനുപമയെ കണ്ടപ്പോഴാണ് ഇടുക്കിയിലെ തേയിലത്തോട്ടവും ദൃശ്യഭംഗിയും എല്ലാം ഉച്ചഭക്ഷണത്തിനു ശേഷം തന്റെ എസി കാബിനിൽ ഇരുന്നു ഉറങ്ങിയപ്പോൾ മനസിലുണ്ടായ മായ സ്വപ്നങ്ങളായിരുന്നു എന്ന് ശ്രീഹരിക്ക് മനസിലായത്.

മുഖത്തെ ജാള്യത മറച്ചുകൊണ്ട് അവൻ പറഞ്ഞു.

"ഒന്നുമില്ല അനൂ.. ഓരോന്ന് ആലോചിച്ച് ഇരുന്നപ്പോൾ അറിയാതെ ചിരിച്ചു പോയതാണ്."

ശ്രീഹരിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ് അനുപമ. ഓഫീസിലെ മറ്റു സ്റ്റാഫുകൾക്ക് എല്ലാം ഡ്രസ്സ് കോഡ് ഉണ്ടെങ്കിലും അനുപമയ്ക്ക് ഇഷ്ടമുള്ള ഡ്രസ്സ് ഇട്ടു കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട് ശ്രീഹരി.

നീല ജീൻസ് പാന്റും വെള്ള ഷർട്ടും ഇട്ടു തന്റെ മുന്നിൽ നിൽക്കുന്ന അനുപമയുടെ ശരീരം മുൻപത്തേക്കാളും ഒന്നുകൂടി വണ്ണം വച്ചിട്ടുള്ളതായി അവനു തോന്നി.

"അനു എന്താ എപ്പോൾ എങ്ങോട്ടു വന്നേ.. ഫയൽ വല്ലോം നോക്കാനുണ്ടോ?"

അവൾ പുഞ്ചിരിയോടെ പറഞ്ഞു.

"ഫയൽ ഒന്നും നോക്കാനില്ല... എന്റെ ജീവിതത്തിന്റെ ഫയൽ ആദ്യം സാറിനു തന്നെ തരാൻ വന്നതാ."

ശ്രീഹരി ഒന്നും മനസിലാകാതെ അവളുടെ മുഖത്തേക്ക് നോക്കിയപ്പോൾ കൈയിലിരുന്ന കല്യാണ ലെറ്റർ അനുപമ അവന്റെ നേരെ നീട്ടി.

ലെറ്റർ വാങ്ങാനായി ഹരി കൈ നീട്ടിയപ്പോൾ അവൾ പറഞ്ഞു.

"ഒന്ന് എഴുന്നേറ്റു നിന്ന് വാങ്ങ്, ഞാൻ ആദ്യം സാറിനാണ് ലെറ്റർ തരുന്നത്."

ഹരി കസേരയിൽ നിന്നും എഴുന്നേറ്റ് ഒരു ചിരിയോടെ ലെറ്റർ വാങ്ങി.

"കല്യാണത്തിന് ഇനിയും 3 മാസം ഉണ്ടല്ലോ. ഇപ്പോഴേ കല്യാണം വിളിച്ചു തുടങ്ങിയോ?"

"ഏയ്.. വിളിച്ചു തുടങ്ങിട്ടൊന്നും ഇല്ല. ലെറ്റർ നേരത്തെ അടിച്ചു വാങ്ങി.."

ഒരു നിമിഷത്തേക്ക് നിശ്ശബ്ദതയായ ശേഷം ഹരിയുടെ മുഖത്ത് നിന്നും നോട്ടം മാറ്റിയിട്ട് അവൾ പറഞ്ഞു.

"എന്റെ ശരീരം ആദ്യം അനുഭവിച്ച ആൾക്ക് തന്നെ ആദ്യം കല്യാണ ലെറ്റർ കൊടുക്കണമെന്ന് ഒരു ആഗ്രഹം.. അതുകൊണ്ടു തന്നതാ."

അവളുടെ സ്വരത്തിൽ ഒരു ഇടർച്ച ഉള്ളതായി അവനു തോന്നി.

"അനു..."

"ഏയ്.. സാറിനെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല. എല്ലാം എന്റെ സമ്മതത്തോടു കൂടി തന്നെ ആയിരുന്നല്ലോ, ഒരിക്കലും സാർ എന്നെ ഒന്നിനും നിര്ബന്ധിച്ചിട്ടില്ല."

അവനും ഓർത്തു.

ശരിയാണ്.. ഒരിക്കലും ഒരു ബലപ്രയോഗത്തിലൂടെയോ ഭീഷണിയിലൂടെയോ അവളെ ഒന്നിനും നിർബന്ധിച്ചിട്ടില്ല.

"ഞാൻ 2 മാസം കൂടിയേ എവിടെ ജോലിക്കു കാണുള്ളൂ, പിന്നെ കല്യാണത്തിന്റെ തിരക്കായിരിക്കും, അത് കഴിഞ്ഞാൽ കെട്ടിയോന്റെ ഒപ്പം അങ്ങ് ദുബായിലേക്ക് പറക്കും.. ഇപ്പോഴേ പുതിയ ഒരാളെ തപ്പി തുടങ്ങിക്കോ."

അതും ശരിയാണ്.. ഇപ്പോഴേ ഒരാളെ ഒപ്പിച്ചാലേ അനു പോകുന്നതിനു മുൻപ് കൂടെ നിർത്തി എല്ലാം പഠിപ്പിച്ചെടുക്കാൻ പറ്റുള്ളൂ.

കാബിനു പുറത്തേക്കു നടക്കുകയായിരുന്ന അനുപമ തിരിഞ്ഞു നിന്ന് പറഞ്ഞു.

"അതെ.. വിശ്വസിക്കാൻ കൊള്ളാവുന്ന ആരെയെങ്കിലും വേണം കണ്ടുപിടിക്കാൻ. അല്ലെങ്കിൽ സാറിന്റെ നല്ല ഇമേജ് വെള്ളത്തിലാകും."

അവൾ പുഞ്ചിരിയോടെ കാബിനു പുറത്തേക്കു നടന്നു. അവൾ പറഞ്ഞതിന്റെ അർദ്ധം മനസിലായ ഹരിയുടെ മുഖത്തും ഒരു പുഞ്ചിരി പടർന്നു.

അനുപമയെ പോലെ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളെ ഇനി കിട്ടുകയെന്നു പറഞ്ഞാൽ പ്രയാസം തന്നെയാണ്. ബിസിനസ് മീറ്റിങ്ങുകൾക്കായി ബാംഗളൂർ, മുംബൈ, ഡൽഹി അങ്ങനെ പല ഇടങ്ങളിലായി പോകാറുള്ളപോൾ കൂടെ അനുപമയെയും കൂട്ടാറുണ്ട്.. അവിടെങ്ങളിലെല്ലാം ബിസിനസ്

ഡീൽ ഉറപ്പിക്കാനായി പലരും രാത്രിയിൽ പെൺപിള്ളേരെ തന്റെ റൂമിൽ എത്തിക്കാറുണ്ടായിരുന്നു. അതൊക്കെ അനുപമയ്ക്ക് അറിയാമായിരുന്നെങ്കിലും ഒരുക്കലും അറിഞ്ഞതായി ഭാവിക്കയോ മറ്റുള്ളവരെ അറിയിക്കുകയോ ചെയ്തിരുന്നില്ല.. പിന്നെപ്പോഴോ രണ്ടുപേർക്കും ഉണ്ടായിരുന്ന മദ്യത്തിന്റെ ലഹരിയിൽ അവളുടെ ശരീത്തിന്റെ ചൂടും ഞാൻ അറിഞ്ഞു. മാനസികമായി എനിക്കും അവൾക്കും പരസ്പരം ഒരു അടുപ്പം ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ പിന്നീട് പല തവണയും ഇതൊരു വിവാഹജീവിതത്തിൽ എത്തില്ല എന്നറിഞ്ഞു കൊണ്ടുതന്നെ അവൾ തനിക്കു വഴങ്ങി തന്നു.അവൾക്കു ഒരുപാട് സ്വാതന്ത്രം നൽകിയിരുന്നുവെങ്കിലും ഒരിക്കൽ പോലും അവൾ അത് ദുർവിനിയോഗ്യം ചെയ്തിട്ടില്ല. സ്വകാര്യ നിമിഷങ്ങളിൽ പോലും സാർ എന്നല്ലാതെ മറ്റൊന്നും വിളിച്ചിട്ടില്ല. കൊടുത്തിരുന്ന ജോലികൾ അങ്ങേയറ്റം ആത്മാർത്ഥതയോട് കൂടി മാത്രമാണ് ചെയ്തിരുന്നത്.

ശ്രീഹരി കസേരയിലേക്ക് ചാരി ഇരുന്ന് കണ്ണുകൾ അടച്ചു.

ഈ ഇടയായി ജീവിതത്തിനോട് ഒരുതരം വെറുപ്പ് തോന്നി തുടങ്ങിയിരിക്കുന്നു. ഒരർത്ഥവും ഇല്ലാതെ പണത്തിനു പിറകെയുള്ള ഒരു അലച്ചിലായി മാറിയിരിക്കുന്നു ജീവിതം. രണ്ടു തലമുറയ്ക്ക് ജീവിക്കാനുള്ളത് അച്ഛൻ സമ്പാദിച്ചു കൂട്ടിയിട്ടുണ്ട്. ഇവിടത്തെ ബിസിനസ് എല്ലാം ഉപേക്ഷിച് എസ്റ്റേറ്റും നോക്കി പോയി നിന്നാലൊന്നു ഇടക്കിടെ ആലോചന മനസ്സിൽ കടന്നു വരുന്നുണ്ട്.ആ ചിന്തയുടേതാകാം ഇടക്കിടെ കാണുന്ന ഇടുക്കിയുടെ സ്വപ്നം..

ഈ ഇടയായി കല്യാണ ആലോചന തുടങ്ങട്ടെ എന്ന് ചോദിച്ചു കൊണ്ടുള്ള അമ്മയുടെ ഫോൺവിളി കൂടി വരുന്നുണ്ട്. ഒരുപാട് പെൺകുട്ടികളുടെ ശരീരത്തിന്റെ ചൂട് അറിഞ്ഞു നടന്ന തനിക്ക് ഒരു പെണ്കുട്ടിയിലേക്കായി മാത്രം ഒതുങ്ങിക്കൂടാൻ കഴിയുമോ എന്നുള്ള സംശയം കാരണം ആണ് കല്യണത്തിൽ നിന്നും ഒഴിഞ്ഞു മാറി നടക്കുന്നെ. വെറുതെ ഞാൻ ആയിട്ടെന്തിനാ ഒരു പെൺകുട്ടിയുടെ ജീവിതം നശിപ്പിക്കുന്നെ.

മനസിനെ സ്വാധീനിച്ച മൂന്ന് പെൺകുട്ടികൾ മാത്രമാണ് ജീവിതത്തിൽ ഉണ്ടായിട്ടുള്ളത്. അതിലൊരാൾ കുറച്ചു മുൻപ് കല്യാണം പറഞ്ഞിട്ട് പോയ അനുപമയാണ്.

പിന്നെയുള്ള രണ്ടുപേർ ക്ലാരയും, ജീനയും.

ക്ലാരയോട് പ്രണയം ആണ് ഉണ്ടായിരുന്നതെങ്കിൽ, ജീവിതത്തോട് പൊരുതുന്ന ജീനയോടു സ്നേഹത്തിൽ കലർന്ന അനുകമ്പ ആയിരുന്നില്ലേ ഉണ്ടായിരുന്നത്.

പെട്ടെന്ന് ഒരു ഞെട്ടലോടെ അവൻ ഓർത്തു.

തന്റെ അരികിൽ നിന്നും മരണ വീട്ടിലേക്കു ഓടിക്കയറിയ ജീനയെകുറിച്ച് പിന്നീടെപ്പൊഴുങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒന്ന് തിരക്കിയിട്ടുണ്ടോ അവൾ ഇപ്പോൾ എങ്ങനാ ജീവിക്കുന്നതെന്ന്.

ശ്രീഹരി പെട്ടെന്ന് കസേരയിൽ നിന്നും എഴുന്നേറ്റ് കാബിനു പുറത്തേക്കു നടന്നു. അവൻ നേരെ പോയി നിന്നതു അനുപമയുടെ മുന്നിലാണ്.

"അനൂ.. ഞാൻ നാളെ ഇവിടെ കാണില്ല.. ഇപ്പോൾ അടൂർ വരെ പോകുവാ ഞാൻ."

ഇത്രയും പറഞ്ഞു അവൻ പെട്ടെന്ന് ഓഫീസിനു വെളിയിലേക്കു നടന്നപ്പോൾ തിടുക്കത്തിൽ അവന്റെ പിറകെ പോയി അനുപമ ചോദിച്ചു.

"എറണാകുളത്തെ ബ്ലോക്ക് ഒകെ കഴിഞ്ഞു അടൂർ എത്തുമ്പോഴേക്കും രാത്രി ആകൂല്ലേ? ഹോട്ടലിൽ റൂം വിളിച്ചു ബുക്ക് ചെയ്യണൊ?"

"വേണ്ട.. എന്റെ ഫ്രണ്ട് റാമിനെ നിനക്കറിയില്ലേ. അവന്റെ വീടവിടാ. നൈറ്റ് അവിടെ നിന്നോളം."

അനുപമ ആകാംഷയോടെ ചോദിച്ചു.

"ഇപ്പോൾ എന്താ പെട്ടെന്ന് അടൂർ വരെ പോകാൻ?"

"ഒരാളെ കാണണം. ഞാൻ വന്നിട്ട് എല്ലാം പറയാം."

പിന്നെ അനുപമ കൂടുതൽ ചോദ്യങ്ങൾ ഒന്നും ചോദിച്ചില്ല.

കാറിന്റെ ബോണറ്റിൽ ചാരി നിൽക്കുകയായിരുന്ന രാജുവിനോട് ശ്രീഹരി പറഞ്ഞു.

"രാജു.. നമുക്കു അടൂർ റാമിന്റെ വീട്ടിലേക്കു പോകണം."

വളരെ കാലമായി ശ്രീഹരിയുടെ ഡ്രൈവർ ആണ് രാജു.

കാറിൽ കയറി ഇരുന്ന ഹരി കണ്ണുകൾ അടച്ചു ഓർമകളിലേക്കാഴ്ന്നു.

അച്ഛൻ പുത്തൻവീട്ടിൽ വാസുദേവനെ അറിയാത്തവരായി നാട്ടിൽ ആരും ഉണ്ടായിരുന്നില്ല. മുത്തച്ഛൻ ഭൂമിയോടു മല്ലിട്ട് സ്വരുക്കൂട്ടിയ മുതലുകൾ അതിന്റെ പാതിമടങ്ങു വർധിപ്പിച്ച വ്യക്തിയായിരുന്നു അച്ഛൻ വാസുദേവൻ. പാർട്ടി പ്രവർത്തങ്ങൾക്കിറങ്ങാത്ത എന്നാൽ കമ്മ്യൂണിസ്റ് ചിന്താഗതി വച്ച് പുലർത്തിയിരുന്ന ഒരു വ്യക്തി. നാട്ടിലെ എന്ത് കാര്യങ്ങൾക്കും മുന്നിൽ തന്നെ ഉണ്ടാകും പണമായിട്ടാണെങ്കിലും ആളായിട്ടാണെങ്കിലും. അച്ഛന് എല്ലാ കാര്യങ്ങൾക്കും പൂർണ പിന്തുണ നൽകിയിരുന്ന ഒരാളായിരുന്നു എന്റെ 'അമ്മ അംബിക. അച്ഛന്റെ തീരുമാനങ്ങൾ ഒരിക്കലും പാഴായി പോകില്ല എന്ന് വിശ്വസിച്ചിരുന്ന ഒരാളായിരുന്നു 'അമ്മ. പിന്നെ ഉള്ള ഒരാൾ അനിയത്തി ശ്രീവിദ്യ ആണ്. അച്ഛന്റെ അതെ സ്വഭാവം പോലെ സ്വന്തം തീരുമാനങ്ങളിൽ എപ്പോഴും ഉറച്ചു നിൽക്കുകയും അതെ സമയം എപ്പോഴും കളിചിരിയുമായി നടക്കുന്ന എന്റെ അനിയത്തി കുട്ടി. എന്നെക്കാളും രണ്ടുവയസിനു മാത്രം താഴെയുള്ള അവൾക്കു നാട്ടിലെ എന്റെ കൂട്ടുകാരെല്ലാം അവളുടെയും കൂട്ടുകാരായിരുന്നു.

സ്കൂളിൽ പഠിക്കുന്ന സമയത്തു ഞാനും എന്റെ കൂട്ടുകാരും ക്ലാസ് കഴിഞ്ഞാൽ പിന്നെ ഒന്നെങ്കിൽ ഗ്രൗണ്ടിൽ അല്ലെങ്കിൽ എന്റെ വീട്ടിൽ തന്നെ ആയിരുന്നു. വീട്ടിൽ വളർന്നു വരുന്ന ഒരു പെൺകുട്ടി ഉണ്ടെന്നും പറഞ്ഞു കൂട്ടുകാരെ വീട്ടിൽ കൊണ്ട് വരുന്നതിന് അച്ഛൻ ഒരിക്കലും എതിർപ്പ് പറഞ്ഞിട്ടില്ല. കാരണം അച്ഛന് അറിയാമായിരുന്നു എന്റെ അനിയത്തികുട്ടി അവർക്കും അനിയത്തി തന്നെ ആയിരിക്കുമെന്ന്.

അച്ഛന്റെ തീരുമാനങ്ങൾ ചിലപ്പോൾ പലരെയും ഞെട്ടിക്കുന്നതായിരിക്കും. അങ്ങനെ ഉള്ള ഒരെണ്ണം ആയിരുന്നു ഡിഗ്രി ആദ്യ വർഷം പഠിക്കുമ്പോൾ കോളേജിൽ അടി ഉണ്ടാക്കി സസ്പെൻഷൻ വാങ്ങി വീട്ടിൽ വന്നിരിക്കുമ്പോൾ അച്ഛൻ പറഞ്ഞത്.

'ഒരു വർഷത്തേക്ക് ഇനി ഒന്നും പഠിക്കണ്ട.. ഒരുവർഷത്തേക്കു ഇന്ത്യ മൊത്തം ഒന്ന് യാത്ര ചെയ്തു വരാൻ.'

ആ തീരുമാനം കേട്ട് കുടുംബക്കാർ മൊത്തം ഞെട്ടി. കൂട്ടത്തിൽ ഞാനും. എതിർത്ത് പറഞ്ഞിട്ട് കാര്യമില്ലെന്ന് അറിയാവുന്നതിനാൽ യാത്ര പുറപ്പെട്ടു.

ആ യാത്രയിൽ പലതും ഞാൻ മനസിലാക്കി. സമ്പന്നർ ഒരു ദിവസത്തെ ആർഭാടത്തിനു വേണ്ടി ലക്ഷങ്ങൾ ചിലവാക്കുന്നത് മുതൽ ഉൾനാടൻ പ്രദേശങ്ങളിലെ പാവപെട്ട കർഷകൻ രാവന്തിയോളം പണിയെടുത്തിട്ട് മക്കൾക്കു ഒരുനേരത്തെ ഭക്ഷണം വയറു നിറയെ കഴിക്കാൻ നല്കാനാകാത്തതുവരെ ഞാൻ കണ്ടു. നാട്ടിൽ ആയിരുന്നപ്പോൾ കണ്മുന്നിൽ കണ്ടിരുന്നതൊന്നും അല്ല യഥാർഥ ഇന്ത്യയും ജീവിതങ്ങളും എന്ന് ഞാൻ മനസിലാക്കി. ചിലപ്പോൾ ഇതൊക്കെ എന്നെ

മനസിലാക്കാനായിരിക്കും അച്ഛൻ എന്നെ ആ യാത്ര വിട്ടത്. സത്യത്തിൽ ഈ യാത്രക്കൊടുവിൽ ഞാൻ ഒരു വിപ്ലവകാരി ആകാഞ്ഞത് എന്റെ അമ്മയുടെ പ്രാർത്ഥന കൊണ്ടാകും.

ഈ യാത്രയിൽ അച്ഛൻ ഉദ്ദേശിക്കാത്ത ചിലതും ഞാൻ പഠിച്ചിരുന്നു. പൈസ കൊടുത്തു വേശ്യകളിൽ നിന്നും അല്ലാതെ സ്വമനസാലെ വന്ന യുവതികളിൽ നിന്നും സ്ത്രീ ശരീരത്തിന്റെ സുഖം ഞാൻ അറിഞ്ഞു.

ഒരു വർഷത്തെ യാത്രക്കൊടുവിൽ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അച്ഛന്റെ അടുത്ത തീരുമാനം എത്തി.

അടുത്ത അധ്യയന വര്ഷം ആരംഭിക്കുമ്പോൾ നാട്ടിൽ നിന്നും മാറി വേറൊരു കോളേജിൽ അഡ്മിഷൻ എടുത്തു പഠനമാരഭിക്കാൻ. നാട്ടിൽ കൂട്ടുകാരോടൊപ്പം കൂടി വീണ്ടും അടി ഉണ്ടാക്കി നടക്കുമെന്നുള്ള ചിന്തയിൽ ആയിരിക്കും അച്ഛൻ ആ തീരുമാനം എടുത്തത്.

പക്ഷെ അച്ഛന്റെ ആ തീരുമാനത്തിൽ ഞാൻ സന്തുഷ്ടനായിരുന്നു. എന്തെന്നാൽ ഡിഗ്രിക്ക് ആദ്യമേ ട്രിവാൻഡ്രം പോകാനായിരുന്നു എനിക്കാഗ്രഹം. പക്ഷെ അച്ഛന്റെ നിര്ബന്ധപ്രകാരമാണ് അന്ന് നാട്ടിലെ കോളേജിൽ തന്നെ അഡ്മിഷൻ എടുത്തത്.

അച്ഛൻ തീരുമാനം അറിയിച്ചപ്പോഴേ ഞാൻ ട്രിവാൻഡ്രം എന്നുള്ള ഓപ്ഷൻ മുന്നോട്ടു വച്ചു. എന്റെ എല്ലാ രഹസ്യങ്ങളും അറിയാവുന്ന അനിയത്തി ഞാൻ ട്രിവാൻഡ്രം തിരഞ്ഞെടുത്തപ്പോഴേ എന്റെ മുഖത്തു നോക്കി ചിരിക്കുന്നുണ്ടായിരുന്നു.

ആ ചിരിക്കു പിന്നിലെ രഹസ്യം ക്ലാര ആയിരുന്നു.

ക്ലാര ഇപ്പോൾ പഠിക്കുന്നത് ട്രിവാൻഡ്രതാണ്.

എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ തൊട്ട് എന്റെ മനസ്സിൽ കയറിക്കൂടിയ പെൺകുട്ടിയാണ് ക്ലാര. ഏഴാം ക്ലാസ് കഴിഞ്ഞു എട്ടിലേക്കു കടക്കുമ്പോൾ ഒരു അവധിക്കാല ട്യൂഷൻ ക്ലാസ്സിൽ പുറത്തു പെയ്യുന്ന ചാറ്റൽ മഴയും കണ്ട് വായിനോക്കി ഇരിക്കുമ്പോഴാണ് ഒരു കുടയും ചൂടി കറുത്ത പാവാടയും നീല ടോപ്പും ഇട്ടുകൊണ്ട് ആ നസ്രാണി പെൺകുട്ടി ക്ലാസ്സിലേക്ക് കയറി വരുന്നത്. ആദ്യം തന്നെ നോട്ടം പതിച്ചത് അവളുടെ വെളുത്തു നീണ്ട മുഖത്തേക്കാണ്. അവളുടെ ആ ചെറിയ കണ്ണുകൾ കൊണ്ടുള്ള നോട്ടം ആദ്യം തന്നെ ഹൃദയത്തിൽ പതിച്ചു.

അന്നൊന്നും പ്രണയം എന്തെന്ന് അറിയില്ലെങ്കിലും അവളോട് ഒരു ആകർഷണം തോന്നിയിരുന്നു. എപ്പോഴും പുഞ്ചിരി തൂകി ഇരിക്കുന്ന അവളുടെ മുഖം കണ്ടുകൊണ്ടേ ഇരിക്കുവാൻ ആഗ്രഹിച്ചു. ഒരേ ക്ലാസ്സിൽ തന്നെ ആഉയരുന്നതിനാൽ

അവളുമായി ഒരു സൗഹൃദം സ്ഥാപിച്ചിരുന്നു. പത്താം ക്ലാസ് കഴിയാറായപ്പോഴേക്കും ഞാൻ മനസിലാക്കി അവളോട് എനിക്കുള്ള ആകർഷണം പ്രണയത്തിന്റേതാണെന്ന്.

പ്ലസ് വൺ ആയപ്പോൾ ഒരേ സബ്ജെക്ട് ആയിരുന്നെങ്കിലും രണ്ടു ഡിവിഷനുകളിൽ ആയിരുന്നു ഞങ്ങൾ. ഒരുമിച്ചുണ്ടായിരുന്നത് ട്യൂഷൻ ക്ലാസ്സിൽ മാത്രം. എപ്പോഴും പുഞ്ചിരി തൂകി ഇരിക്കുന്ന ആരോടും എതിർത്ത് സംസാരിക്കാത്ത ഒച്ചയൊന്നു ഉയർത്തുകപോലും ചെയ്യാത്ത അവളുടെ മുന്നിൽ എന്റെ പ്രണയം തുറന്നു പറയാൻ എനിക്കന്നു ഭയമായിരുന്നു. സ്നേഹിക്കുന്ന പെണ്ണിന് മുന്നിൽ പ്രണയം പറയാൻ ആൺപിള്ളേരോട് അടികൂടി നടക്കുന്ന ധൈര്യം പോരെന്നു അന്ന് ഞാൻ മനസിലാക്കിയതാണ്.

ഇന്റർവെൽ സമയത്തു അവളുടെ ക്ലാസിനു മുന്നിൽ കൂടി ചുമ്മാ തേര പാര നടക്കും. വേറൊന്നിനും അല്ല അവളുടെ ആ പുഞ്ചിരിക്കുന്ന മുഖം ഒന്ന് കാണാനായി മാത്രം. എന്റെ ഈ കറക്കത്തിൽ നിന്നും അവസാനം എന്റെ കൂട്ടുകാർ കാര്യം എന്താണെന്ന് പൊക്കി. അവസാനം പ്രണയം തുറന്നു പറയാനുള്ള ധൈര്യം ഇല്ലാത്തവൻ എന്നുള്ള അവന്മാരുടെ കളിയാക്കലുകൾ ഭയന്ന് പ്ലസ്ടുവിൽ വച്ചു ഞാൻ എന്റെ പ്രണയം അവളോട് പറഞ്ഞു.

അതിനു ശേഷം ഞാൻ എന്റെ കൂട്ടുകാരെ പ്രാവിയതിനു കൈയും കണക്കും ഇല്ല. അതുവരെ ഒരു സുഹൃത്തെന്ന നിലയിൽ എന്നോട് മിണ്ടിയിരുന്ന അവൾ ആ പ്രണയാഭ്യർഥനക്ക് ശേഷം പ്ലസ്ടു കഴിയുന്നതുവരെ ഒരക്ഷരം മിണ്ടിയിട്ടില്ല. എങ്കിലും ഒരു വഴിപാടുപോലെ അവളുടെ ക്ലാസിനു മുന്നിലുള്ള കറക്കം പ്ലസ്ടു കഴിയുന്നതുവരെ ഞാൻ നിർത്തിയിരുന്നില്ല.

ട്രിവാൻഡ്രത് പഠിക്കാൻ പോകുന്നു എന്ന് പറഞ്ഞപ്പോഴേ 'അമ്മ തീരുമാനിച്ചതായിരുന്നു താമസം ശ്രീജച്ചേച്ചിയുടെ വീട്ടിൽ മതീന്ന്. അമ്മയുടെ കസിന്റെ മോളാണ് ശ്രീജ.

ശ്രീജചേച്ചിടെ കല്യാണം കുടുംബത്തിൽ ഇത്തിരി വിപ്ലവം ആയിരുന്നു. പത്തനംതിട്ട ഒരു ക്രിസ്ത്യൻ പയ്യനുമായി പ്രേമിച്ചു കല്യാണം കഴിക്കുവായിരുന്നു ചേച്ചി. ആ കല്യാണത്തെ സപ്പോർട്ട് ചെയ്തു കുടുംബക്കാരെ ഒതുക്കിയത് എന്റെ അച്ഛനും. അതുകൊണ്ടു തന്നെ എന്നെ വീട്ടിൽ നിർത്താൻ ചേച്ചിക്കും ചേട്ടനും സന്തോഷമേ ഉള്ളായിരുന്നു. കല്യാണത്തിന് ശേഷം ചേട്ടന് ട്രിവാൻഡ്രത് ജോലി കിട്ടി സെറ്റിലായതു ഇപ്പോൾ എനിക്ക് ഉപകാരപെട്ടു എന്ന് പറഞ്ഞാൽ മതീല്ലോ.

കോളേജിൽ ക്ലാസ് തുടങ്ങുന്നതിന്റെ തലേദിവസം രാവിലെ തന്നെ ബാഗിൽ അത്യാവിശം സാധനങ്ങളുമായി ശ്രീജചേച്ചിടെ വീട്ടിലേക്കു തിരിച്ചു. ഒരു ഉച്ചയോടു കൂടി ചേച്ചിയുടെ വീട്ടിലെത്തി. കോളേജിൽ നിന്നും രണ്ടു കിലോമീറ്റർ മാറിയായിരുന്നു ചേച്ചിയുടെ വീട്.

ഡോർബെല്ലടിച് ചേച്ചിയെയും പ്രതീക്ഷിച് നിന്ന എന്റെ മുന്നിൽ ഡോർ തുറന്ന് വന്നത് വെളുത്തു കൊലുന്നനെയുള്ള ഒരു പെൺകൊച്. കണ്ടാൽ ഒരു പതിനേഴ് പതിനെട്ടു വയസ് തോന്നിക്കും. അതികം വണ്ണമൊന്നും ഇല്ല, നല്ല വെളുപ്പുള്ളതുകൊണ്ട് മുഖത്ത് ഒരു ഐശ്വര്യം തോന്നിക്കുന്നുണ്ട്. ഒരു ചുവപ്പു കളർ ചുരിദാറാണ് വേഷം. അവളുടെ മുഖം കണ്ടപ്പോൾ എനിക്ക് ഓർമ വന്നത് എന്റെ കളിക്കൂട്ടുകാരി മീനാക്ഷിയെ ആണ്. ചെറുപ്പത്തിൽ തന്നെ ഒരു വാഹനാപകടത്തിൽ മരിക്കുകയായിരുന്നു അവൾ. മീനാക്ഷിയുടെ അതെ മുഖച്ഛായ തോന്നി മുന്നിൽ നിൽക്കുന്ന പെൺകുട്ടിക്ക്.

ശ്രീജച്ചേച്ചിയുടെ വീട്ടിൽ ഇതേതാ ഒരു പെൺകുട്ടി എന്ന് അന്തംവിട്ടു നിൽക്കുമ്പോഴാണ് അവളുടെ ചോദ്യം.

"ആരാ?"

അതിനുത്തരം നൽകുന്നതിന് മുൻപേ അവളുടെ പിറകിൽ നിന്നും ശ്രീജചേച്ചിടെ ശബ്ദം എത്തി.

"ഹരീ.. നീ ഇങ്ങെത്തിയോ?"

ചേച്ചിയുടെ ശബ്ദം കേട്ടതും മുന്നിൽ നിൽക്കുന്ന പെൺകുട്ടിയെ മറികടന്നു അവൻ അകത്തേക്ക് കടന്നു.

ഹരിയുടെ കവിളിൽ പിടിച്ചുകൊണ്ട് ശ്രീജ പറഞ്ഞു.

"നിന്റെ കളർ ഒക്കെയങ്ങു പോയല്ലോടാ."

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"അത് ഈ വെയിലത്ത് വന്നതുകൊണ്ട് ചേച്ചിക്ക് തോന്നുന്നതാ."

ശ്രീഹരിയേക്കാളും പത്തുവയസ് കൂടുതലാണ് ശ്രീജയ്ക്കു.

ശ്രീജ ആ പെൺകൊച്ചിനോട് പറഞ്ഞു.

"ജീനേ.. ഇവന് കുടിക്കാൻ വെള്ളമെടുക്ക്."

അവൾ പെട്ടെന്ന് അടുക്കളയിലേക്ക് പോയി.

ശ്രീഹരി ആദ്യം കണ്ടപ്പോൾ തന്നെ അവളുടെ കഴുത്തിൽ കിടക്കുന്ന കൊന്ത ശ്രദ്ധിച്ചിരുന്നു, ഇപ്പോൾ ജീന എന്നുള്ള പേരുകൂടി കേട്ടപ്പോൾ അത് ഒരു നസ്രാണി പെൺകൊച്ചു തന്നെന്ന് അവൻ ഉറപ്പിച്ചു.

അവൻ ശ്രീജയോട് ചോദിച്ചു.

"ആരാ ചേച്ചി അത്?"

"അത് ജീന. സിജോച്ചായന്റെ വീടിനടുത്തുള്ളതാ.. ഒരു പാവം കൊച്ചാ, അച്ഛൻ മരിച്ചു.. 'അമ്മ കിടപ്പിലും ആണ്.. ഒരു ചേച്ചി ഉള്ളത് അച്ഛന്റെ ആദ്യഭാര്യയിൽ ഉള്ളത്.. അവൾക്കു ജീനയെ കണ്ണെടുത്താൽ കണ്ടുടാ.. ചേച്ചിയുടെ കല്യാണം കഴിഞ്ഞത്.. അവനാണേൽ കുടുംബത്തിൽ കയറ്റാൻ പറ്റാത്തൊരുത്തനും."

എത്രയും കേട്ടപ്പോൾ തന്നെ ഒരു കുടുംബത്തിൽ തന്നെ ഇത്രയധികം ദുരന്തമോ എന്ന് അവൻ ചിന്തിച്ചു പോയി.

"ഈ പ്രാവിശ്യം ഇച്ചായൻ നാട്ടിൽ പോയപ്പോൾ ഇവളുടെ അമ്മയെ കണ്ടിരുന്നു, അപ്പോൾ കരഞ്ഞു പറഞ്ഞു... സാമ്പത്തികം ആയിട്ട് നല്ല ബുദ്ധിമുട്ടിലാ, അവിടെ കിടന്ന ഇവൾ നരകിച്ചു പോകാതെ ഉള്ളു.. വീട്ടു ജോലിക്കെങ്കിലും വിളിച്ചോണ്ട് പോ. എന്തെങ്കിലു, കൊടുത്താൽ മതീന്ന്... അങ്ങനെ ഇച്ചായൻ കൂട്ടികൊണ്ടു വന്നതാ, പഠിക്കാൻ നല്ല മിടുക്കിയാ.. അതുകൊണ്ടു ഇച്ചായൻ നിന്റെ കോളേജിൽ അഡ്മിഷൻ എടുത്തു അവൾക്കും. പിന്നെ അടുക്കളയിൽ എനിക്കൊരു സഹായവും ആകുമല്ലോ."

അപ്പോഴേക്കും ജീന ഒരു ഗ്ലാസിൽ ജ്യൂസുമായി വന്നു അവനു കൊടുത്തു. നല്ല ദാഹം ഉണ്ടായിരുന്നത് കൊണ്ട് അവൻ അപ്പോഴേ അത് വാങ്ങി കുടിച്ചു.

ശ്രീജ പറഞ്ഞു.

"ഡാ ഒരു കാര്യം പറയാൻ മറന്നു. കോളേജിൽ നിന്റെ ക്ലാസ്സിൽ തന്ന ഇവളും."

കുടിച്ചു തീർന്ന ഗ്ലാസ് ജീനയുടെ കൈയിൽ കൊടുത്തുകൊണ്ട് ശ്രീഹരി പറഞ്ഞു.

"ആഹാ.. അപ്പോൾ എനിക്ക് ഒരു കൂട്ടായല്ലോ."

ജീന ഗ്ലാസ് വാങ്ങി അവനെ നോക്കി ഒന്ന് പുഞ്ചിരിച്ചു ശേഷം അടുക്കളയിലേക്ക് നടന്നു.

"അവൾ അങ്ങനെ അതികം സംസാരിക്കാറില്ലടാ. ഈ ഇടയ്ക്കാണ് എന്നോടുതന്നെ നല്ലപോലൊന്നു സംസാരിച്ചു തുടങ്ങിയെ.. ജീവിതത്തിൽ കുറെ കഷ്ടത അനുഭവിച്ചതാ.. എന്ത് ജോലി വേണമെങ്കിലും ചെയ്തോളും പാവം."

ഇത്രയും കേട്ടതിൽ നിന്നുതന്നെ അവന്റെ മനസ്സിൽ അവളോടൊരു അനുകമ്പ രൂപം കൊണ്ടിരുന്നു.

"ഇച്ചായൻ എവിടെ ചേച്ചി?"

"ഓഫീസിൽ പോയടാ.. വൈകിട്ടാകും വരാൻ.. നീ പോയി കുളിച്ചു വാ, അപ്പോഴേയ്ക്കും കഴിക്കാനെടുക്കാം."

രണ്ടാമത്തെ നിലയിടെ ഒരു റൂമായിരുന്നു അവനു വേണ്ടി റെഡി ആക്കിയിരുന്നു. ശ്രീഹരി കുളിച്ചു വന്നപ്പോഴേക്കും ആഹാരം കഴിക്കാൻ എടുത്തു വച്ചിരുന്നു. നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ടോ എന്തോ ആഹാരത്തിനൊക്കെ നല്ല ടേസ്റ്റ് പോലെ തോന്നി അവന്. നല്ല യാത്ര ക്ഷീണം ഉള്ളതിനാൽ ആഹാരം കഴിച്ചയുടൻ പോയി കിടന്നു ഉറങ്ങി അവൻ. പിന്നെ ഉറക്കം എഴുന്നെല്കുമ്പോൾ സന്ധ്യ കഴിഞ്ഞിരുന്നു. അപ്പോഴേക്കും സിജോയും വീട്ടിൽ വന്നിരുന്നു. അവിടത്തെ ആദ്യ ദിവസത്തെ രാത്രി പിന്നെ ശ്രീജയും സിജോയുമൊക്കെയായി കുടുംബ വിശേഷങ്ങളും നട്ടുവർത്തമാനങ്ങളുമൊക്കെ പറഞ്ഞങ്ങു കടന്നു പോയി.

അപ്പോഴൊക്കെയും ജീന ജോലിയുമായി അടുക്കളയിൽ കൂടിയതല്ലാതെ അവർക്കിടയിലേക്ക് കടന്നു വന്നില്ലെന്ന് അവൻ ശ്രദ്ധിച്ചിരുന്നു.

. . . .

കോളജിലെ ആദ്യത്തെ ഒരാഴ്ച പെട്ടെന്ന് കടന്നു പോയി. ഈ ഒരാഴ്ച്യ്ക്കുള്ളിൽ ക്ലാസ്സിലെ എല്ലാപേരുമായും പരിചയപെട്ടു. ക്ലാസ്സിൽ വച്ച് ജീനയെ കാണാറുണ്ട്. അപ്പോഴൊക്കെ ഒരു പുഞ്ചിരി മാത്രമായിരുന്നു അവളുടെ പ്രതികരണം. വീട്ടിലും ഇത് തന്നെ അവസ്ഥ. എന്തെങ്കിലും ആവിശ്യം ഉണ്ടോന്നു ചോദിക്കാനായി മാത്രം വാ തുറക്കും. ബൈക്കിൽ ആയിരുന്നു കോളേജിൽ പോയിരുന്നത്. ജീന ബസിലും. ചില ദിവസങ്ങളിൽ നടന്നും പോകും. അവളോട് ബൈക്കിൽ കോളജിലേക്ക് വരുന്നൊന്നു അവൻ ചോദിച്ചിട്ടില്ല. ചോദിച്ചാലും അവൾ അവൾ വരില്ലെന്ന് അവന് ഉറപ്പായിരുന്നു. പിന്നെ ശ്രീജ ചേച്ചിയോ ഇച്ചായനോ ആവിശ്യപെട്ടിട്ടും ഇല്ല അവളെകൂടി കൊണ്ട് പോകാൻ.

ക്ലാസ്സിൽ കൂടെ പടിക്കുന്നവരെക്കാളും രണ്ടു വയസ് കൂടുതൽ ഉള്ളതുകൊണ്ട് ചെറിയൊരു ബഹുമാനമൊക്കെ കിട്ടുന്നുണ്ട്, കൂടുതൽ അടുക്കുമ്പോൾ ആ ബഹുമാനമൊക്കെ ഇല്ലാതാകുമെന്ന് അവനുതന്നെ അറിയാമായിരുന്നു.

അന്നൊരു ബുധനാഴ്ച ദിവസം ആയിരുന്നു. ഉച്ചയ്ക്ക് ആഹാരം കഴിച്ചു കഴിഞ്ഞു കോളേജ് വരാന്തയിൽ കൂടി നടക്കുമ്പോൾ ആണ് പിന്നിൽ നിന്നും ഒരു വിളി.

"ശ്രീഹരി..."

തിരിഞ്ഞു നോക്കിയ അവൻ കണ്ടത് തന്നെ അത്ഭുതത്തോടെ നോക്കി നിൽക്കുന്ന ക്ലാരയെ ആണ്.

കഴിഞ്ഞ ഒരാഴ്ച അവനും കോളേജിൽ അവൾക്കായി തിരഞ്ഞെങ്കിലും കാണാൻ കഴിഞ്ഞിരുന്നില്ല. പെട്ടെന്ന് കണ്മുന്നിൽ കണ്ടപ്പോൾ അവനും ഒന്ന് അതിശയിച്ചു.

അവൻ ക്ലാരയെ മൊത്തത്തിൽ ഒന്ന് നോക്കി.

മുന്പത്തേക്കാളും ഒന്ന് വണ്ണം വച്ചിട്ടുണ്ട്. മുഖത്തെ ആ പുഞ്ചിരിയും കണ്ണുകളിലെ കാന്തശക്തിയും ഇപ്പോഴും അതുപോലെ തന്നെ ഉണ്ട്.

ക്ലാര ചോദിച്ചു.

"നീയെന്താ ഇവിടെ?"

അവൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"ഞാൻ ഇപ്പോൾ നിന്റെ ജൂനിയർ ആണ്, ഇവിടെ ആദ്യവർഷ വിദ്യാർത്ഥി."

അവൾ ഒരു ചിരിയോടെ ചോദിച്ചു.

"ഇവിടെയും എനിക്ക് സമാധാനം തരില്ലെന്നാണല്ലേ?"

"അതെനിക്ക് ഉറപ്പു തരാനാകില്ല."

അവൾ തമാശയായി തിരിച്ചു പറഞ്ഞു.

"പണ്ടത്തെ കളിയുമായി എന്റെ അടുത്തേക്ക് വരണ്ട. ഞാൻ ഇപ്പോൾ നിന്റെ സീനിയർ ആണ്. റാഗിങ് ചെയ്തു കളയും."

"രണ്ടു വർഷം എടുത്തു."

അവൾ മനസിലാകാതെ ചോദിച്ചു.

"എന്തിന്?"

"അന്നത്തെ പ്രൊപ്പോസലിന് ശേഷം എന്നോടൊന്ന് മിണ്ടാൻ."

അവളത് കേട്ട് ഒന്ന് ചിരിച്ചു.

അത് കണ്ട് അവൻ പറഞ്ഞു.

"എന്തായാലും പണ്ടത്തെ മിണ്ടാപൂച്ചയല്ല എപ്പോഴെന്ന് മനസിലായി."

"കോളേജ് അല്ലെ മോനേ. ഒന്ന് പിടിച്ചു നിൽക്കണ്ടേ?"

"മൊബൈൽ ഉണ്ടോ? നമ്പർ തന്നാൽ ഞാൻ പിന്നെ വിളിക്കാമായിരുന്നു."

"ആഹാ, ഒന്ന് സംസാരിച്ചപ്പോഴേക്കും നമ്പർ ചോദിക്കുന്നോ?.. നീ ആള് കൊള്ളാല്ലോ."

അവൻ ഒന്ന് ചിരിച്ചതല്ലാതെ മറുപടി പറഞ്ഞില്ല.

അവൾ തിരിച്ചു നടക്കുന്നതിനിടയിൽ പറഞ്ഞു.

"ക്ലാസ് തുടങ്ങാനായി.. നമ്മൾ ഇവിടെ തന്നെ ഉണ്ടല്ലോ.. ഞാൻ ആലോചിക്കട്ടെ നമ്പർ തരണമോ വേണ്ടയോ എന്ന്."

അവൾ നടന്നകലുന്നത് ഒരു പുഞ്ചിരിയോടെ അവൻ നോക്കി നിന്നു.

.

.

അതിനു ശേഷമുള്ള ചില ദിവസങ്ങളിൽ അവൻ ക്ലാരയെ കണ്ടിരുന്നു, അപ്പോഴൊക്കെ തമ്മിൽ സംസാരിക്കുകയും ചെയ്തു. അവളെ കാണുവാനായി മനപ്പൂർവം അവസരങ്ങൾ ഉണ്ടാക്കാൻ അവൻ ശ്രമിച്ചില്ല. അവൻ അത് ആദ്യമേ തീരുമാനിച്ചിരുന്ന ഒരു കാര്യമാണ്. സ്കൂൾ ലൈഫിലെ പോലെ പിറകെ നടക്കുന്ന ഒരു പൈങ്കിളി ഇമേജ് ഉണ്ടാക്കി എടുക്കേണ്ടെന്ന്.

കാര്യങ്ങൾ കുഴപ്പമൊന്നും ഇല്ലാതെ മുന്നോട്ടു പോകുന്നതിനിടയിലാണ് ചെറിയൊരു പ്രശ്നം അവന്റെ മുന്നിൽ വന്നത്.

അന്നും പതിവുപോലെ കോളേജിലെ ക്ലാസ്സൊക്കെ കഴിഞ്ഞു ചുറ്റിക്കറങ്ങി സന്ധ്യയോടെ വീടെത്തിയപ്പോൾ ആണ് ശ്രീജച്ചേച്ചിയും സിജോച്ചായനും തിരക്കിട്ട് ഫോൺ വിളിയും ബഹളവുമായി നിൽക്കുന്നു. ഹാളിൽ നിൽക്കുന്ന ജീനയുടെ മുഖത്തും ഒരു ഭയപ്പാട്.

ശ്രീഹരിയെ കണ്ടയുടൻ ശ്രീജ ഫോൺ കട്ട് ചെയ്തു അവന്റെ അടുത്തേക്ക് വന്നു.

"ഹരി.. ചെറിയൊരു പ്രോബ്ലം ഉണ്ട്."

അവൻ ആകാംഷയോടെ ചോദിച്ചു.

"എന്താ?"

"ഇച്ചായന് ബാംഗ്ളൂരിലേക്ക് സ്ഥലം മാറ്റം. അതും പ്രൊമോഷനോട് കൂടി. അത് കൊണ്ട് പോകാതിരിക്കാനാകില്ല."

"അതിനെന്താ ഇപ്പോൾ പ്രോബ്ലം. പ്രൊമോഷനോട് കൂടിയല്ലേ? നല്ലതല്ലേ അത്?"

"നല്ലതൊക്കെ തന്നെയാ. പക്ഷെ.."

അവൻ ആകാംഷയോടെ അവളുടെ മുഖത്തേക്ക് നോക്കി.

"എനിക്കും കൂടി വേണ്ടി ഇച്ചായൻ കുറേനാളായി ജോലിക്കു ശ്രമിച്ചിരുന്നു. ഇതിപ്പോൾ കമ്പനി ബാംഗളൂരിൽ ഇച്ചായന്റെ ഓഫീസിൽ എനിക്കും ജോലി ശരിയാക്കിയിട്ടുണ്ട്."

ശ്രീഹരിക്കു കാര്യം മനസിലായി. രണ്ടുപേരും കൂടി പോകുമ്പോൾ തന്റെ താമസ സൗകര്യം ആണ് വിഷയം.

അവൻ പറഞ്ഞു.

"ചേച്ചി വിഷമിക്കണ്ട. നിങ്ങൾ പൊയ്ക്കോ. ഞാൻ എനിക്ക് ഒരു ഹോസ്റ്റൽ റൂം റെഡി ആക്കികൊള്ളം."

അപ്പോഴേക്കും അവിടേക്കു വന്ന സിജോ പറഞ്ഞു.

"നിന്റെ താമസം ഒന്നും പ്രശ്നം ഇല്ല മോനെ. വീടെന്തായാലും ഇവിടെ ഒഴിഞ്ഞു കിടക്കയാണ്. നീ ഇവിടെ തന്നെ നിന്നോ.. ജീനയുടെ കാര്യമാണ് വിഷയം."

സിജോ ജീനയെ നോക്കി പറഞ്ഞു.

"ഇവളെ തിരിച്ചു വീട്ടിൽ കൊണ്ടാക്കാൻ പറ്റാത്ത ഒരു കണ്ടിഷൻ ആണ് അവിടെ. ഞങ്ങൾക്കാണെങ്കിൽ നാളെ തന്നെ ബാംഗ്ളൂരിലേക്ക് തിരിക്കണം. ഒരു ദിവസം കൊണ്ട് ഇവൾക്ക് ഒരു ഹോസ്റ്റൽ റൂം ഒപ്പിക്കാൻ പറ്റുമെന്ന് തോന്നുന്നില്ല."

ജീനയുടെ മുഖത്തു ആകെ പരിഭ്രാന്തി നിറഞ്ഞു നിന്നിരുന്നു.

ഒന്ന് ആലോചിച്ച ശേഷം ശ്രീഹരി പറഞ്ഞു.

"നിങ്ങൾ വിഷമിക്കണ്ട. തല്ക്കാലം ഇവൾ എന്നോടൊപ്പം ഇവിടെ നിൽക്കട്ടെ.. ഞാൻ പതുക്കെ ഇവൾക്ക് റൂം റെഡി ആക്കാം."

അത് കേട്ടപ്പോൾ ജീനയുടെ മുഖത്ത് ഒരു തെളിച്ചം വന്നു. അതിൽ നിന്നും അവൾക്കു തന്നോടൊപ്പം തനിച്ചു അവിടെ നിൽക്കുന്നതിൽ കുഴപ്പം ഇല്ലെന്നു അവന് മനസിലായി.

ശ്രീജ പറഞ്ഞു.

"പക്ഷെ നിങ്ങൾ രണ്ടുപേരെയും മാത്രമായി ഇവിടെ നിർത്തിട്ടു പോയെന്നു നിന്റെ അച്ഛൻ അറിഞ്ഞാൽ.?"

അവൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"ചേച്ചിക്ക് എന്റെ അച്ഛനെ അറിഞ്ഞുടെ... ഞാൻ ഇപ്പോൾ തന്നെ അച്ഛനെ വിളിച്ചു കാര്യങ്ങൾ പറഞ്ഞോളം."

അത് കേട്ടപ്പോഴാണ് എല്ലാപേർക്കും ഒന്ന് സമാധനം ആയത്.

സിജോ ജീനയോടു പറഞ്ഞു.

"നിന്റെ പഠിത്തത്തിനാവശ്യമായ പൈസ ഞാൻ മാസംതോറും നിന്റെ അക്കൗണ്ടിൽ ഇട്ടേക്കാം."

ജീന അതിനു മറുപടിയായി തലയാട്ടുക മാത്രം ചെയ്തു.

ശ്രീഹരി അച്ഛനെ വിളിച്ചു കാര്യങ്ങൾ പറയുവാനായി റൂമിലേക്ക് നടന്നു.

.

.

ചേച്ചിയും ഇച്ചായനും ബാംഗ്ളൂരിലേക്ക് പോയതിന്റെ അന്ന് രാത്രി ആഹാരം കഴിക്കുമ്പോഴാണ് ഇത്രയും നാളും നല്ല സ്വാദോടെ കഴിച്ചിരുന്ന ആഹാരം മൊത്തം ഉണ്ടാക്കിയിരുന്നത് ജീനയാണെന്നു ഞാൻ മനസിലാക്കിയത്. പക്ഷെ പറഞ്ഞിട്ടെന്താ ആവിശ്യത്തിനല്ലാതെ ഒന്നിനും വാ തുറക്കാത്ത ഒരു ജന്തു.

ഞാൻ ആഹാരം കഴിച്ചു കഴിഞ്ഞു കൈ കഴുകാൻ എഴുന്നേറ്റപ്പോൾ അവൾ ഒരക്ഷരം മിണ്ടാതെ ഞാൻ കഴിച്ച പാത്രവും എടുത്തു അടുക്കളയിലേക്ക് പോയി.

ഒരേ വീട്ടിൽ ആയിരുന്നിട്ടും ഇങ്ങനെ ഒന്നും സംസാരിക്കാതെ കഴിയുന്നത് ഒരുപാട് സംസാരിക്കാൻ ഇഷ്ടപ്പെട്ടിരുന്ന എനിക്ക് ഒരു ഇറിറ്റേഷൻ ആയി തോന്നി. അതുകൊണ്ട് കിടക്കാൻ റൂമിലേക്ക് പോകുമ്പോൾ തന്നെ ഞാൻ ഉറപ്പിച്ചിരുന്നു എത്രയും പെട്ടെന്ന് ഒരു ഹോസ്റ്റൽ റൂം റെഡി ആക്കി അവളെ അവിടേക്ക് മാറ്റണമെന്ന്.

പിറ്റേന്ന് രാവിലെ ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ജീന ഒരു പത്രം അവന്റെ മുന്നിൽ കൊണ്ട് വച്ച് പറഞ്ഞു.

"ഉച്ചത്തേക്കുള്ള ഫുഡ് ആണ്."

അവൻ ഒന്ന് മൂളുകമാത്രം ചെയ്തു.

മുൻപ് ശ്രീജയായിരുന്നു അവനുള്ള ആഹാരം കോളജിലേക്ക് ഇറങ്ങാൻ പോകുമ്പോൾ കൊണ്ട് കൊടുത്തിരുന്നത്.

"ഞാൻ കോളജിലേക്ക് പോകുവാന്.. കഴിച്ചിട്ട് പ്ലേറ്റ് ഇവിടെ വച്ചിരുന്നാൽ മതി. വൈകിട്ട് ഞാൻ വന്നു കഴുകികൊള്ളാം."

അവൻ ഒന്നും മിണ്ടാതെ ആഹാരം കഴിക്കുന്നത് തുടർന്നു. അവന്റെയിൽ നിന്നു മറുപടി ഒന്നും ഇല്ലെന്നു കണ്ട് ജീന ബാഗുമെടുത്തു അവിടെ നിന്നും ഇറങ്ങി.

ആഹാരം കഴിച്ചു കൈ കഴുകി വന്ന അവൻ ഒന്നാലോചിച്ച ശേഷം കഴിച്ച പ്ലേറ്റ് എടുത്തു അടുക്കളയിൽ കൊണ്ട് പോയി കഴുകി വച്ചു.

അതിനു ശേഷം ജീന കൊണ്ട് കൊണ്ട് വച്ച ലഞ്ച് ബോക്സ് ബാഗിൽ ആക്കി വീടിന്റെ ഡോർ പൂട്ടി അവിടെ നിന്നും ഇറങ്ങി.

കോളജിലേക്ക് ബൈക്കിൽ പോകുന്ന വഴിക്ക് ജീന കോളജിലേക്ക് നടന്നു പോകുന്നത് അവൻ കണ്ടു. അവൻ പക്ഷെ അവളെ ശ്രദ്ധിക്കാനേ പോയില്ല.

ഉച്ചവരെയുള്ള ക്ലാസ്സൊക്കെ കുറച്ചു ബോറായിരുന്നു. അതൊക്കെ എങ്ങനെയെങ്കിലും തള്ളി നീക്കി ഉച്ചക്ക് ചോറും കഴിച്ചു പതിവുപോലെ വായി നോക്കാനിറങ്ങി ശ്രീഹരി.

വരാന്തയിൽ കൂടി അങ്ങനെ നടക്കുമ്പോഴാണ് എതിരെ ക്ലാര നടന്നു വരുന്നത് കാണുന്നത്.

അവനെ കണ്ടതും ക്ലാര ഒരു പുചിരിയോടെ അടുത്തേക്ക് ചെന്നു ചോദിച്ചു.

"ഇപ്പോൾ നിന്നെ കാണാനേ ഇല്ലല്ലോ?"

അവൻ ഒരു കുസൃതിയോടെ തിരിച്ചു പറഞ്ഞു.

"പണ്ട് പ്ലസ്ടു പഠിക്കുമ്പോൾ ഒന്ന് കാണാനായി ക്ലാസിനു മുന്നിൽ കൂടി തേര പാര നടന്നാൽ മൈൻഡ് ചെയ്യില്ലായിരുന്നു. ഇപ്പോൾ കാണാനില്ലെന്നയല്ലേ പരാതി."

"നിന്നോട് ഒന്നും പറയാൻ പറ്റില്ല. നിന്റെ ഈ നാക്ക് ആദ്യം മുറിച്ചു കളയണം."

അവൻ അത് കേട്ട് പുഞ്ചിരിച്ചു.

അപ്പോഴാണ് അവൻ അവർക്കു അരികിൽ നിന്ന സെക്കന്റ് ഇയർ പഠിക്കുന്ന രണ്ടുപേരുടെ സംസാരം ശ്രദ്ധിച്ചത്. ദൂരെ നിന്നും നടന്നു വരുന്ന ഒരു പെങ്കൊച്ചിനെ കുറിച്ചാണ് അവരുടെ സംസാരമെന്നു ശ്രീഹരിക്കു മനസിലായി.

ഒന്നാമൻ - "ഡാ.. ആ നടന്നു വരുന്നതാ ഞാൻ ഇന്നലെ പറഞ്ഞ പെണ്ണ്."

രണ്ടാമൻ - " ഏത്.. നീ ചന്തിക്കു കയറി പിടിച്ചെന്ന് പറഞ്ഞതോ?"

ഒന്നാമൻ - "അത് തന്നെ."

ക്ലാരയും അവരുടെ സംസാരം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവളും ശ്രീഹരിയും ദൂരെ നിന്നും നടന്നു വരുന്ന പെങ്കൊച്ചിനെ നോക്കി.

ഒറ്റ നോട്ടത്തിൽ തന്നെ അത് ജീന ആണെന്ന് ശ്രീഹരിക്കു മനസിലായി.

രണ്ടാമൻ - "ഇന്ന് ഞാൻ ഒന്ന് ട്രൈ ചെയ്താലോ?"

ഒന്നാമൻ - "ധൈര്യായിട്ട് പിടിച്ചോ അളിയാ.. ഇന്നലെ ഞാൻ പിടിച്ചപ്പോൾ കരഞ്ഞോണ്ട് ഓടിയതല്ലാതെ ഒരക്ഷരം മിണ്ടില്ല."

രണ്ടാമൻ - "അപ്പോൾ ഏതോ പാവപ്പെട്ട പെണ്ണാ.. പ്രശ്നം ഒന്നും ഉണ്ടാക്കില്ലല്ലേ?"

ഒന്നാമൻ - "അതല്ലേ ഞാൻ ധൈര്യായിട്ട് കയറി പിടിച്ചോല്ലാൻ പറഞ്ഞത്, ഒരു പ്രശ്നവും ഉണ്ടാകില്ല."

ക്ലാരയും ശ്രീഹരിയും അവിടെ എന്താ ഉണ്ടാകുന്നതെന്ന് നോക്കി നിന്നു.

അവന്മാർ രണ്ടുപേരും ക്ലാരയെയും ശ്രീഹരിയേയും മറി കടന്ന് ജീനയുടെ അരികിലേക്ക് നടന്നു. ജീനയുടെ അരികിൽ എത്തിയപ്പോൾ അവരിലൊരാൾ അവളെ കൈ കാണിച്ചു തടഞ്ഞു നിർത്തി എന്തോ പറഞ്ഞു.

കുറച്ചു അകന്നു നിൽക്കുന്നതിനാൽ അവൻ എന്താ പറയുന്നതെന്ന് ശ്രീഹരിക്ക് കേൾക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. പക്ഷെ ജീനയുടെ മുഖത്ത് ഭയം നിറയുന്നത് അവൻ കണ്ടു.

സംസാരിച്ചു നിൽക്കുന്നതിനിടയിൽ ഒരുത്തൻ അവളുടെ ചന്തിയിൽ കൂടി കൈ ഓടിച്ചു. അവൾ പെട്ടെന്ന് കണ്ണുകൾ നിറഞ്ഞു അവിടെ നിന്നും പെട്ടെന്ന് മുന്നോട്ടു നടന്നു. അത് കണ്ടു അവന്മാർ ചിരിക്കുകയായിരുന്നു അപ്പോൾ.

ജീന അരികിൽ എത്തിയതും ശ്രീഹരി അവളുടെ കൈയിൽ കയറി പിടിച്ചു. അവൾ അപ്പോഴാണ് ശ്രീഹരി അവിടെ നില്പ്പുണ്ടായിരുന്നത് അറിഞ്ഞത്.

അവൾ പെട്ടെന്ന് ഒരു കൈ കൊണ്ട് കണ്ണുനീർ തുടച്ചു.

ശ്രീഹരി ഒന്നും മിണ്ടാതെ തന്നെ അവളുടെ കൈയിൽ പിടിച്ചു വലിച്ചുകൊണ്ട് അവന്മാരുടെ അരികിലേക്ക് നടന്നു.

ശ്രീഹരി പ്രശ്നം ഉണ്ടാക്കാനുള്ള പുറപ്പാടിലാണെന്നു ക്ലാരയ്ക്കു മനസിലായി, അവന്റെ സ്വഭാവം നേരത്തെ അറിയാവുന്നതിനാൽ ഇനി എന്ത് പറഞ്ഞാലും ശ്രീഹരി അവന്മാരെ അടിക്കുമെന്നു അവൾക്കറിയാം. അവൾ പെട്ടെന്ന് തന്നെ ഫോൺ എടുത്തു രാജീവിനെ വിളിച്ചു.

ക്ലാർക്കും ശ്രീഹരിക്കും ഒപ്പം സ്കൂളിൽ പേടിച്ചിരുന്നതാണ് രാജീവും. അവനിപ്പോൾ ആ കോളേജിലെ അവസാന വർഷ വിദ്യാർത്ഥി ആണ്. എസ്.എഫ്.ഐ യുടെ കോളേജിലെ മുൻനിര പ്രവർത്തകൻ കൂടിയാണ് രാജീവ് ഇപ്പോൾ.

ശ്രീഹരി കൈയിൽ പിടിച്ചു വലിച്ചു നടക്കുന്നതിനിടയിൽ ജീന പറയുന്നുണ്ടായിരുന്നു.

"എനിക്ക് കുഴപ്പം ഒന്നും ഇല്ലാ. വെറുതെ പ്രശ്നം ഉണ്ടാക്കേണ്ട."

പക്ഷെ ശ്രീഹരി അതൊന്നും കേട്ടില്ല.

പ്രശ്നമൊന്നും ഉണ്ടാകില്ല എന്ന് വിചാരിച്ചിരുന്ന അവന്മാർ ശ്രീഹരി അവളെയും കൂട്ടി വരുന്നത് കണ്ട് ആദ്യം ഒന്ന് ഭയന്ന്. പിന്നെ ശ്രീഹരി അടുത്തെത്തിയപ്പോൾ അതിലൊരുത്തൻ ചോദിച്ചു.

"എന്താടാ?"

ചോദിച്ചവന്റെ ചെവിക്കന്നതിന് ഒരടിയായിരുന്നു മറുപടി.

അടി കൊണ്ടവൻ പിന്നിലേക്കാഞ്ഞു ഭിത്തിയിൽ തട്ടി നിന്നു.

ഇത് കണ്ടതും ജീന ശ്രീഹരിയുടെ കൈയിൽ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു.

"ഇച്ചായാ.. അടി ഉണ്ടാക്കല്ലേ.. നമുക്ക് പോകാം."

ഈ സമയം രണ്ടാമത്തവന്റെ ഇടി ശ്രീഹരിയുടെ നെഞ്ചത്ത് പതിച്ചു. ജീന കൈയിൽ പിടിച്ചു വലിക്കുന്നതിനാൽ അത് തടുക്കുവാൻ ശ്രീഹരിക്കായില്ല.

ശരീരം നൊന്തതോടെ കൈയിൽ പിടിച്ചു വലിക്കുന്ന ജീനയെ കുടഞ്ഞെറിഞ്ഞ് അവന്മാരെ ആക്രമിച്ചു. ശ്രീഹരി കുറഞ്ഞെറിഞ്ഞതിന്റെ ആഘാതത്തിൽ ജീന നേരെ ചെന്നു വീണത് അടുത്തുള്ള തൂണിലേക്കാണ്. അവളുടെ നെറ്റി തൂണിൽ തട്ടി പൊട്ടി.

ഇത്രയും ആയപ്പോഴേക്കും അവിടെ ആൾക്കാർ കൂടിത്തുടങ്ങി. ഈ സമയം തന്നെ ക്ലാര ഫോൺ വിളിച്ചിട്ടു രാജീവ് അവിടെത്തി. ക്ലാര പെട്ടെന്ന് തന്നെ രാജീവിനെ സാഹചര്യം പറഞ്ഞു മനസിലാക്കി.

രാജീവ് പെട്ടെന്ന് തന്നെ അടി നടക്കുന്നതിന് ഇടയിലേക്ക് പാഞ്ഞു കയറി. രാജീവിനെ അറിയാത്തവരായി കോളേജിൽ ഉള്ളവർ ചുരുക്കമാണ്. പാർട്ടിയുടെ വളർന്നു വരുന്ന നേതാവായിട്ടാണ് അവനെ എല്ലാരും കാണുന്നത്.

രാജീവിനെ കണ്ടതും ശ്രീഹരിയോട് അടികൂടി കൊണ്ട് നിന്നവന്മാർ ഒന്നടങ്ങി. അപ്പോഴും കലി അടങ്ങാത്ത അവന്മാർക്ക് നേരെ പാഞ്ഞടുക്കുകയായിരുന്നു ശ്രീഹരി.

രാജീവ് ശ്രീഹരിയെ പിടിച്ചു മാറ്റിക്കൊണ്ട് പറഞ്ഞു.

"നീയൊന്നടങ്ങ്, ഇവിടെ എന്താണുണ്ടായതെന്ന് ക്ലാര എന്നോട് പറഞ്ഞു. അത് സത്യമാണെങ്കിൽ എന്ത് ചെയ്യണമെന്ന് എനിക്കറിയാം."

ചോരയൊലിക്കുന്ന നെറ്റിയുമായി ജീനയും അവന്റെ കൈയിൽ ചെന്നു പിടിച്ചു പറഞ്ഞു.

"നമുക്ക് പോകാം ഇച്ചായാ."

അപ്പോഴാണ് അവളുടെ നെറ്റി മുറിഞ്ഞിരിക്കുന്നത് ശ്രീഹരി ശ്രദ്ധിച്ചത്.

രാജീവ് പറഞ്ഞു.

"നീ അവളെയും കൊണ്ട് ഹോസ്പിറ്റലിൽ പോകാൻ നോക്ക് ഇപ്പോൾ."

ശ്രീഹരി പിന്നെ തർക്കിക്കാൻ ഒന്നും നിന്നില്ല. ജീനയും കൊണ്ട് അവൻ നേരെ ക്ലാസ് റൂമിലേക്ക് പോയി. ക്ലാസ്സിൽ എല്ലാരും നെറ്റി മുറിഞ്ഞിരിക്കുന്ന ജീനയെയും അടികൂടി വിയർത്തു നിൽക്കുന്ന ശ്രീഹരിയേയും കണ്ട് പകച്ചു നോക്കി നിന്നു, എല്ലാം അപ്പോൾ സംഭവം അറിഞ്ഞു വരുന്നതേ ഉള്ളായിരുന്നു.

ക്ലാസ്സിൽ ആരോടും ഒന്നും മിണ്ടാതെ അവൻ ബാഗുമെടുത്തു ജീനയെയും കൂട്ടി ബൈക്കിനടുത്തേക്കു നടന്നു.

ബൈക്ക് സ്റ്റാർട്ട് ചെയ്ത അവൻ പറഞ്ഞു.

"കയറ്."

അവൾ പകച്ച് അവനെ തന്നെ നോക്കി.

അവൻ സ്വരം കടുപ്പിച്ചു പറഞ്ഞു.

"നിന്നോടല്ലേ കയറാൻ പറഞ്ഞെ."

സ്വരത്തിലെ മാറ്റം മനസിലായ അവൾ പെട്ടെന്നുതന്നെ അവന്റെ ബൈക്കിനു പിന്നിൽ കയറി ഇരുന്നു.

വൻസൈഡ് ആയിട്ടാണ് അവൾ ഇരുന്നത്. ബൈക്കിൽ അവനോടൊപ്പം പോകുമ്പോൾ ഒരുകൈ കൊണ്ട് അവന്റെ തോളിൽ മുറുകെ പിടിച്ചു മറു കൈയിൽ കർച്ചീഫ് കൊണ്ട് മുറിവിൽ ഞെക്കി പിടിച്ചിരിക്കുകയായിരുന്നു അവൾ.

അവൻ അവളെയും കൊണ്ട് നേരെ ഒരു ക്ലിനിക്കിൽ പോയി. അവിടെ വച്ചു മുറിവ് ഡ്രസ്സ് ചെയ്ത ശേഷം വീട്ടിലേക്കു പോയി.

വീടിനു മുന്നിൽ ബൈക്ക് നിർത്തിയ അവൻ വീട്ടിലേക്ക് കയറാൻ നിന്നില്ല. തന്റെ ബാഗ് അവളുടെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു.

"എനിക്ക് കുറച്ചിടത്തു പോകാനുണ്ട്. പോയിട്ട് വൈകിട്ട് വരാം."

അത് കേട്ട് അവൾ തലയാട്ടി.

"വലിയ മുറിവൊന്നും അല്ല.. തന്ന ടാബ്ലറ്റ് കഴിച്ച് കിടക്കാൻ നോക്ക് ഇപ്പോൾ."

കോളേജിലെ സംഭവങ്ങൾ അവന്റെ മനസ് ആകെ കലുഷിതമാക്കിയിരുന്നു, ചുമ്മാ അവൻ ബൈക്ക് ഓടിച്ചു കൊണ്ടിരുന്നു, വൈകുന്നേരം ശംഖുമുഖം കടൽത്തീരത്ത് ഇരിക്കുമ്പോൾ അവന്റെ മനസ്സിൽ ജീനയെ കുറിച്ചുള്ള ചിന്തകൾ കടന്ന് പോയി. അവളോട് കുറച്ചു കാര്യങ്ങൾ സംസാരിക്കണം എന്ന ചിന്തയോടെയാണ് രാത്രി ഒരു ഏഴുമണിയോടെ അവൻ വീട്ടിൽ തിരിച്ചെത്തിയത്.

വീട്ടിൽ വരുമ്പോൾ വീടുമൊത്തം ഇരുട്ടിലായിരുന്നു. ലൈറ്റ് ഒന്നും ഇട്ടിട്ടില്ല.

അവൻ കോളിങ് ബില്ലിൽ വിരലമർത്തി. കുറച്ചു സമയത്തിനകം വീടിനുള്ളിൽ ലൈറ്റ് തെളിഞ്ഞു. ഡോർ തുറന്നപ്പോൾ കോളേജിൽ നിന്നും വന്ന അതെ വേഷത്തിൽ നിൽക്കുകയായിരുന്നു ജീന. കണ്ണുകൾ ചുവന്നു കലങ്ങി കിടക്കുന്നു. കാണുമ്പോഴേ അറിയാം നല്ല ഉറക്കത്തിൽ ആയിരുന്നെന്ന്.

അകത്തേക്ക് കയറിയ ഹരി ചോദിച്ചു.

"കഴിക്കാനൊന്നും വച്ചില്ലേ?"

എന്തോ തെറ്റ് ചെയ്തപോലെ പതറിയ സ്വരത്തിൽ അവൾ പറഞ്ഞു.

"നല്ല തലവേദന ഉണ്ടായിരുന്നു, ഉറങ്ങിപ്പോയി.. ഇപ്പോൾ തന്നെ ഞാൻ എന്തെങ്കിലും ഉണ്ടാക്കി തരാം."

അവൾ അടുക്കളയിലേക്ക് പോകാൻ തിരിഞ്ഞപ്പോൾ അവൻ പറഞ്ഞു.

"നീ നിൽക്ക് അവിടെ, എനിക്ക് ചിലത് പറയാനുണ്ട്."

അവൾ തിരിഞ്ഞ് ആകാംഷയോടെ അവനെ നോക്കി.

"നീ എന്തിനാ ഇങ്ങനെ ജീവിക്കുന്നെ? ആരോടും വാ തുറന്ന് ഒരക്ഷരം മിണ്ടില്ല.. ബാക്കി ഉള്ളവർ പറയുന്നവർ കേട്ട് പ്രവർത്തിക്കാൻ അടിമയെ പോലൊരു ജീവിതം."

അവൾ അവനെ തന്നെ തുറിച്ചു നോക്കി.

സ്വരം ഉയർത്തി അവൻ പറഞ്ഞു.

"ഒരുത്തൻ അനാവശ്യമായി ശരീരത്തു തൊട്ടാൽ തന്നെ തിരിച്ചു പ്രതികരിക്കാനുള്ള കഴിവില്ല.. ഇക്കണക്കിന് നാളെ ഒരുത്തൻ കൂടെ കിടക്കാൻ വിളിച്ചോണ്ട് പോയാലും കിടന്നു കൊടുത്തിട്ട് തിരിച്ചിങ്ങു വരുമോ നീ?"

ഇത്രയും കേട്ടതും അവൾ പൊട്ടി കരഞ്ഞു.

അവളുടെ കരച്ചിൽ കണ്ടതോടെ പറഞ്ഞത് ഇത്തിരി കൂടിപ്പോയെന്ന് അവന് തോന്നി.

അവൻ പെട്ടെന്ന് അവളുടെ കൈയിൽ പിടിച്ചു കൊണ്ട് വന്നു കസേരയിലേക്ക് ഇരുത്തി. എന്നിട്ട് ഒരു കസേര എടുത്തു അവളുടെ എതിരെ ഇട്ട് അതിലേക്കിരുന്നു.

അവളുടെ കരച്ചിൽ ഒന്ന് അടങ്ങുന്നതുവരെ അവൻ വെയിറ്റ് ചെയ്തു. അവളുടെ വെളുത്ത മുഖം നന്നായി ചുവന്നു വീങ്ങിയിരുന്നു അപ്പോൾ. ഏങ്ങലടിക്കുമ്പോൾ അതികം വലിപ്പമില്ലാത്ത അവളുടെ മാറിടങ്ങൾ ഉയർന്നു താഴുന്നുണ്ട്.

അവളുടെ കരച്ചിൽ നിന്നപ്പോൾ അവൻ കൈ കൊണ്ട് കവിളിൽ കൂടി ഒഴുകുന്ന കണ്ണുനീർ തുടച്ചുകൊണ്ട് പറഞ്ഞു.

"എന്തിനാ ഇങ്ങനെ കരയുന്നേ... നെറ്റിയിൽ ഈ മുറിവുമായി ഇങ്ങനെ കരഞ്ഞാൽ വേദന കൂടത്തല്ലേ ഉള്ളു."

ഏങ്ങലടിച്ചു കൊണ്ട് അവൾ പറഞ്ഞു.

"ഞാൻ എന്ത് തെറ്റ് ചെയ്തിട്ടാ എന്നെ വഴക്ക് പറയുന്നേ?"

"നീ തെറ്റ് ചെയ്തുന്നല്ല പോത്തേ ഞാൻ പറഞ്ഞത്. നിന്റെ ഭാഗത്ത് ചില പോരായ്മകൾ ഉണ്ട്... അത് എന്താന്ന് ഞാൻ പറഞ്ഞു തരട്ടെ."

അവൾ അവന്റെ മുഖത്തേക്ക് തന്നെ നോക്കി.

"നമ്മൾ ഒരേ വീട്ടിൽ താമസിക്കുന്നു ഒരേ ക്ലാസ്സിൽ പഠിക്കുന്നു... എന്നിട്ട് ഇതുവരെ നീ എന്നോട് എന്തെങ്കിലും ഒന്ന് വാ തുറന്ന് മിണ്ടിയിട്ടുണ്ടോ? നീ ആരോടെങ്കിലുമൊക്കെ നല്ലപോലൊന്നു സംസാരിച്ചാലല്ലേ നിനക്ക് നല്ല കുറച്ചു സുഹൃത്തുക്കളെ കിട്ടുള്ളു."

അവൾ അവനെ തന്നെ നോക്കി ഇരുന്നു.

"എനിക്ക് ഇവിടെ ഇതുവരെ നല്ലൊരു സുഹൃത്തിനെ കിട്ടിയിട്ടില്ല.. നല്ല സുഹൃത്തുക്കളാകാനുള്ള എല്ലാ സാഹചര്യങ്ങളും നമ്മൾക്കിടയിൽ ഇപ്പോൾ ഉണ്ട്. എന്തെന്നാൽ ഒരുപാട് സമയങ്ങൾ നമ്മൾ ഒരുമിച്ച് ചിലവഴിക്കുന്നുണ്ട്. നിനക്ക് സമ്മതം ആണെങ്കിൽ എന്നോട് എല്ലാം തുറന്ന് സംസാരിക്കാമെങ്കിൽ നമുക്ക് നല്ല സുഹൃത്തുക്കളാകാം. എന്ത് പറയുന്നു.?"

അവൾ ഒന്ന് മൂളുക മാത്രം ചെയ്തു.

അപ്പോൾ അവൻ പറഞ്ഞു.

"ഇപ്പോഴും നീ കണ്ടോ.. വാ തുറന്ന് ഒന്നും പറയുന്നില്ല."

അവനെ ഒന്ന് തുറിച്ച് നോക്കിയ ശേഷം പുഞ്ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു.

"എനിക്ക് സമ്മതമാ.. ഞാൻ സംസാരികൊള്ളം.. എനിക്കും ഒരു ഫ്രണ്ടിനെ വേണം."

അവൻ ചിരിച്ചു. എന്നിട്ട് പറഞ്ഞു.

"ഇനി പറയാനുള്ള കാര്യം.. നീ എന്താ ഒന്നിലും തിരിച്ചു പ്രതികരിക്കാത്തത്. അവന്മാർ നിന്റെ ശരീരത്തല്ലെ തൊട്ടത്.. നീ ഒന്ന് ബഹളം വച്ചിരുന്നെങ്കിൽ അവിടെ കൂടുന്നവർ നിനക്കൊപ്പം അല്ലെ നിൽക്കുല്ലയിരുന്നു."

അത് കേട്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു.

"എയ്.. നീ എന്താ വീണ്ടും കരയുന്നത്?"

"അത്.."

അവളുടെ കണ്ണുനീർ തുടച്ചുകൊണ്ട് അവൻ പറഞ്ഞു.

"എന്താണെങ്കിലും എന്നോട് പറ. ഞാൻ നിന്റെ ഫ്രണ്ട് അല്ലെ?"

ശ്രമപ്പെട്ടു കരച്ചിൽ നിർത്തിക്കൊണ്ട് അവൾ പറഞ്ഞു.

"ആദ്യായിട്ട് അതുപോലെ എന്റെ ശരീരത്ത് കയറി പിടിച്ചത് ചേച്ചിയുടെ ഭർത്താവായിരുന്നു.. അന്ന് ഞാൻ ബഹളം വച്ച് കരഞ്ഞപ്പോൾ ചേച്ചി അവിടേക്ക് വന്നു. ചേച്ചിയെ കണ്ടതും അയ്യാൾ ഇറങ്ങിപ്പോയി... അപ്പോൾ ചേച്ചി എന്നെ ഒരുപാട് തല്ലിട്ടു പറഞ്ഞു ഞാൻ ഓരോന്ന് കാണിച്ചു ചേച്ചിയുടെ ഭർത്താവിനെ മയക്കാൻ നോക്കയാണെന്ന്. എനിക്കന്ന് പതിനഞ്ചു വയസ് മാത്രം ആയിരുന്നു ഉണ്ടായിരുന്നത്.. എന്നിട്ട് പോലും ഞാൻ പറയുന്നത് ആരും വിശ്വസിച്ചില്ല... ഞാൻ പറയുന്നത് ഒരിക്കലും ആരും വിശ്വസിക്കാറില്ല. എപ്പൊഴും ഞാൻ തന്നെയായിരിക്കും തെറ്റുകാരി."

ശ്രീഹരിക്ക് അവളോട് ഇനി എന്ത് പറയണമെന്ന് അറിയില്ലായിരുന്നു. കസേരയിൽ നിന്നും മുന്നോട്ടാഞ്ഞ് അവൻ അവളെ കെട്ടിപിടിച്ചു.

അവനിൽ നിന്നും അങ്ങനെ ഒരു നീക്കം അവൾ പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും ആ കരവാലയത്തിനുള്ളിൽ എന്തോ ഒരു സുരക്ഷിതത്വം തോന്നിയതിനാൽ അവൾ അങ്ങനെ തന്നെ ഇരുന്നു.

കുറച്ചു നിമിഷങ്ങൾക്ക് ശേഷം അവളുടെ തോളിൽ അമർന്നിരുന്ന തല ചരിച്ച് ചുണ്ടുകൾ അവളുടെ ചെവിയോട് അടുപ്പിച്ചു അവൻ പറഞ്ഞു.

"ഇനി എന്ത് പ്രശ്നം ഉണ്ടെങ്കിലും എന്നോട് വന്ന് പറഞ്ഞാൽ മതി."

അവൾ അതിനു ആത്മാർഥമായി തന്നെ സമ്മതം മൂളി.

അവളിൽ നിന്നും അകന്നു മാറിയ അവൻ പറഞ്ഞു.

"പോയി മുഖം കഴുകിയിട്ടു വാ. നമുക്ക് പുറത്തേക്ക് പോകാം."

അവൾ ആകാംഷയോടെ ചോദിച്ചു.

"ഇവിടെ പോകാൻ?"

"നമുക്ക് വല്ലോം കഴിക്കണ്ടേ.. പുറത്തു പോയി കഴിക്കാം."

അവൾ പെട്ടെന്നുതന്നെ പറഞ്ഞു.

"എയ്.. അതൊന്നും വേണ്ട.. ഞാൻ ഇപ്പോൾ തന്നെ എന്തെങ്കിലും ഉണ്ടാക്കാം."

"നീ ഇനി ഒന്നും ഉണ്ടാക്കാൻ നിൽക്കണ്ട.. മുഖം കഴുകി വന്നാൽ മതി."

ഇനി ഒന്നും അവനോടു പറഞ്ഞിട്ട് കാര്യമില്ലെന്ന് മനസിലായ അവൾ പെട്ടെന്ന് തന്നെ മുഖം കഴുകി അവനോടൊപ്പം ഇറങ്ങി.

രാത്രിയുടെ ഇരുട്ടിനെ കീറി മുറിക്കുന്ന സ്ട്രീറ്റ് ലൈറ്റിന്റെ വെട്ടത്തിൽ അവനോടൊപ്പം നടക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

"ഞാനങ്ങനെ രാത്രി പുറത്തിറങ്ങി നടന്നിട്ടൊന്നും ഇല്ല. കൊച്ചിനെ അപ്പൻ ചിലപ്പോഴൊക്കെ സന്ധ്യക്ക് പുറത്തു കൊണ്ട് പോകും.. എന്നിട്ട് ദോശ വാങ്ങി തരുമായിരുന്നു."

"അപ്പന് ജീനയെ ഒരുപാട് ഇഷ്ടമായിരുന്നല്ലേ?"

"എന്നെ ജീവനായിരുന്നു അപ്പന്. അപ്പൻ മരിച്ചതോടെ എന്റെ ജീവിതത്തിലെ സന്തോഷവും ഇല്ലാതായി."

"ജീനയുടെ കുടുംബത്തെ കുറിച്ച് ഒന്നും ഇതുവരെ പറഞ്ഞില്ലല്ലോ."

"അപ്പന്റെ ആദ്യ ഭാര്യയിൽ ഉള്ളതാണ് എന്റെ ചേച്ചി.. അവർ മരിച്ചപ്പോൾ ആണ് എന്റെ അമ്മയെ അപ്പൻ കെട്ടിയെ.. എന്താണെന്നു അറിയില്ല, ചേച്ചിക്ക് എന്നെ കണ്ണെടുത്താൽ കണ്ടുടാ.. കൊച്ചിലെ വളർത്തിയത് കൊണ്ടാകും എന്റെ അമ്മയോട് അത്രക് ദേഷ്യമില്ല ചേച്ചിക്ക്. അതൊരു ഭാഗ്യമായി."

അവൾ വീണ്ടും ദുഖത്തിലേക്കു വഴുതി മാറുന്നു എന്ന് മനസിലായ ശ്രീഹരി വിഷയം മാറ്റാനായി ചോദിച്ചു.

"ഇന്ന് കോളേജിൽ അടി നടക്കാൻ നേരത്ത് നീ എന്നെ എന്താ വിളിച്ചത്?"

അവൾ ഒന്ന് ആലോചിച്ചിട്ട് പറഞ്ഞു.

"ഇച്ചായൻ എന്ന്... എന്നെക്കാളും രണ്ടു വയസ് മൂത്തതാണെന്ന് ശ്രീജച്ചേച്ചി പറഞ്ഞിടുന്നു, അതാ..."

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"എന്തായാലും ആ വിളി എനിക്ക് ഇഷ്ടമായി.. അത് തന്നെ വിളിച്ചാൽ മതി എന്നെ."

അവൾ അത് കേട്ട് പുഞ്ചിരിച്ചു.

കുറച്ചു കൂടി മുന്നോട്ടു നടന്നപ്പോൾ അവൻ തട്ടുദോശ വിൽക്കുന്ന ഒരു കട കണ്ടു.

"നിന്റെ അപ്പൻ ദോശ വാങ്ങി തരുമായിരുന്നു എന്നല്ലേ പറഞ്ഞത്.. നമുക്കും ഇന്ന് ദോശ കഴിച്ചാലോ?"

അവൾ സമ്മതം മൂളി.

റോഡ് സൈഡിൽ കസേരകൾ നിർത്തിയിട്ടു കച്ചവടം നടത്തുന്ന ചെറിയൊരു കടയായിരുന്നു അത്. അവൻ അവളെ ഒരു കസേരയിൽ ഇരുത്തി രണ്ടു പ്ലേറ്റിൽ ദോശയും വാങ്ങി വന്നു. ഒരു പ്ലേറ്റ് അവളുടെ കൈയിൽ കൊടുത്തു മറ്റൊരു കസേരയിൽ അവൾക്കരികിൽ ആയി ഇരുന്നു.

ദോശ കഴിക്കുന്നതിനിടയിൽ അവൻ അവളെ നോക്കി. ഒരു പുഞ്ചിരിയോടെ മറ്റൊന്നിലും ശ്രദ്ധിക്കാതെ ആസ്വദിച്ചു ദോശ കഴിക്കുവായിരുന്നു അവൾ. അവളുടെ മുഖം കാണുമ്പോൾ തന്നെ അറിയാം അവൾ നല്ല സന്തോഷത്തിൽ ആണെന്ന്. ഇത്രയധികം തെളിഞ്ഞ മുഖത്തോടെ അവൻ ഇതിനു മുൻപ് ജീനയെ കണ്ടിരുന്നില്ല.

ദോശ കഴിച് കഴിഞ്ഞ് പ്ലേറ്റിൽ നിന്നും തല ഉയർത്തിയ ജീന കണ്ടത് തന്നെ നോക്കി ഇരിക്കുന്ന ശ്രീഹരിയെയാണ്.

അവൾ കണ്ണുകൾ കൊണ്ട് എന്താ എന്ന അർഥത്തിൽ ആംഗ്യം കാണിച്ചു. അവൻ കണ്ണുകൾ ഇറുക്കി അടച്ചു തുറന്ന് ഒന്നുമില്ലെന്ന് കാണിച്ചു.

"ഇനി ദോശ വീണോ?"

അവൾ ഒരു വിരൽ ഉയർത്തി ഒന്ന് കൂടി വേണമെന്ന് ആഗ്യം കാണിച്ചു. അവൻ ഒരു ദോശ കൂടി അവൾക്കു വാങ്ങി കൊടുത്തു.

തിരിച്ചു വീട്ടിലേക്ക് നടക്കുന്നതിനിടയിൽ ശ്രീഹരി ചോദിച്ചു.

"നല്ല സന്തോഷത്തിൽ ആണല്ലോ ഇന്ന്."

"അതെന്താ അങ്ങനെ പറഞ്ഞത്?"

"മുഖത്തെ തെളിച്ചം കാണുമ്പോൾ അറിയാല്ലോ അത്."

അവൾ കുറച്ചു നേരം നിശ്ശബ്ദതയായി മുന്നോട്ടു നടന്ന ശേഷം പറഞ്ഞു.

"ആദ്യായിട്ടാ ഒരാൾ എനിക്ക് വേണ്ടി അടി ഉണ്ടാക്കുന്നത്, എന്നെ പിടിച്ചിരുത്തി

ഉപദേശിക്കുന്നത്, പിന്നെ ഇങ്ങനെ പുറത്തു കൊണ്ടുപോയി ആഹാരം വാങ്ങി തരുന്നത്.. അതിന്റെയൊക്കെ സന്തോഷമായിരിക്കും."

എത്ര ചെറിയ മനസാണ് അവളുടേതെന്ന് അവൻ ചിന്തിച്ചുപോയി. നിസാരമായ ഇത്തരം ചെറിയ കാര്യങ്ങൾ മതി അവളെയൊന്നു സന്തോഷിപ്പിക്കാൻ.

വഴിയരികിലെ മെഡിക്കൽ സ്റ്റോർ കണ്ടപ്പോൾ അവൻ പെട്ടെന്ന് എന്തോ ഓർത്തിട്ട് അവളെ അവളോട് അവിടെ തന്നെ നിൽക്കാൻ പറഞ്ഞു മെഡിക്കൽ സ്റ്റോറിലേക്കു നടന്നു. അവൻ എന്തൊക്കെയോ വാങ്ങുന്നത് നോക്കി അവൾ അവിടെ തന്നെ നിന്നു.

അവൻ തിരിച്ചു അരികിൽ എത്തിയപ്പോൾ അവൾ ചോദിച്ചു.

"എന്ത് വാങ്ങാനാ പോയെ?"

അവളുടെ മുഖത്ത് നോക്കി ചിരിച്ചുകൊണ്ട് അവൻ പറഞ്ഞു.

"നല്ല മാറ്റമുണ്ടല്ലോ."

അവൾ മനസിലാകാതെ അവനെ തന്നെ നോക്കി.

"അല്ല.. മുൻപായിരുന്നെങ്കിൽ എന്താ വാങ്ങിയതെന്നോ ഒന്നും ചോദിക്കാതെ കൂടെ വന്നേനെ."

അത് കേട്ട് അവൾ പുഞ്ചിരിച്ചു.

അവളുടെ കൈയും പിടിച്ച് മുന്നോട്ടു നടക്കുന്നതിനിടയിൽ അവൻ പറഞ്ഞു.

"പഞ്ഞിയും പ്ലാസ്റ്ററും വാങ്ങിയതാ.. നാളെ രാവിലെ നിന്റെ മുറിവ് ഡ്രസ്സ് ചെയ്യണ്ടേ."

അപ്പോഴാണ് അവൾ നെറ്റിയിലെ മുറിവിനെ പറ്റി ഓർക്കുന്നത്. അവൾ ഒരു കൈ കൊണ്ട് ഒട്ടിച്ച് വച്ചിരിക്കുന്ന മുറിവിൽ തൊട്ടു.

അത് കണ്ട് അവൻ പറഞ്ഞു.

"സോറി.. ഞാൻ പിടിച്ചു തള്ളിയപ്പോഴല്ലേ നെറ്റി ഇടിച്ചെ"

അവൾ ചെറുപുഞ്ചിരിയോടെ പറഞ്ഞു.

"അതൊന്നും സാരമില്ല. ഇതിലും വലിയ വേദനകൾ ഞാൻ സഹിച്ചിട്ടുള്ളതാണ്."

അവൾ ആ പറഞ്ഞതിൽ നിന്നും ജീവിതത്തിൽ ഒരുപാട് ദുരിതങ്ങൾ അവൾ അനുഭവിച്ചിട്ടുണ്ടെന്ന് അവന് മനസിലായി. അവൻ കൂടുതൽ ഒന്നും ചോദിച്ചു അവളെ വിഷമിപ്പിക്കാൻ നിന്നില്ല.

.

.

രാവിലെ ജീനയുടെ ശബ്ദം കേട്ടാണ് ശ്രീഹരി ഉറക്കം എഴുന്നേറ്റത്.

"ഇച്ചായാ എഴുന്നേറ്റെ.. കോഫി ഇവിടെ വച്ചിട്ടുണ്ട്."

കണ്ണ് തുറന്ന ശ്രീഹരി കോഫി മേശപ്പുറത്തു വയ്ക്കുന്ന ജീനയെ ആണ് കണ്ടത്.

സാധാരണ ഉറക്കം എഴുന്നേറ്റ് ഹാളിലേക്ക് വരുമ്പോഴാണ് ജീന കോഫി കൊണ്ട് കൊടുക്കാറ്.

ഒരു ചുവപ്പു കളർ ചുരിദാർ ഇട്ടാണ് അവൾ നിൽക്കുന്നത്. അവളെ ചുരിദാറിൽ അല്ലാതെ മറ്റൊരു ഡ്രെസ്സിൽ കണ്ടിട്ടില്ലെന്ന് അവൻ ഓർത്തു.

കട്ടിലിൽ എഴുന്നേറ്റിരുന്നുകൊണ്ടു അവൻ പറഞ്ഞു.

"ഗുഡ് മോർണിംഗ്.."

അതിനു മറുപടിയായി അവൾ പുഞ്ചിരിച്ചു. അവളുടെ മുഖത്തെ ചിരി കാണാൻ ഒരു പ്രത്യേക ഭംഗി ആയെന്നു അവനോർത്തു.

"മുറിവ് വേദന ഉണ്ടോ?"

ഇല്ലെന്നു അവൾ തല കുലുക്കി കാണിച്ചു.

റൂമിൽ നിന്നും ഇറങ്ങിപ്പോകാൻ നേരം അവൾ പറഞ്ഞു.

"എട്ടു മാണി ആയി.. കോളേജിൽ പോകണ്ടേ?"

അപ്പോഴാണ് അവൻ സമയം അത്രേം ആയെന്നു അറിയുന്നത്. കിടന്നങ്ങു ഉറങ്ങിപ്പോയി.

അവൻ പെട്ടെന്ന് തന്നെ കോഫി കുടിച്ചു കുളിച്ച് റെഡി ആയി കഴിക്കാനായി വന്നിരുന്നു. അവൾ ഒരു പ്ലേറ്റിൽ അപ്പവും മുട്ടക്കറിയും കൊണ്ട് വച്ചു. കഴിച്ചു തുടങ്ങുന്നതിനു മുൻപായി അവൻ ചോദിച്ചു.

"നീ കഴിച്ചായിരുന്നോ?"

"ഇല്ല.. ഞാൻ അകത്തിരുന്നു കഴിച്ചോളാം."

"ഇവിടിപ്പോൾ നമ്മൾ രണ്ടുപേരും മാത്രമല്ലെ ഉള്ളു. എന്നിട്ട് നമ്മളെന്തിനാ രണ്ടിടത്ത് ഇരുന്നു കഴിക്കുന്നേ?... ഇന്ന് മുതൽ നമ്മൾ ഒരുമിച്ചിരുന്നാണ് കഴിക്കുന്നേ."

അവൾ ഒന്നും മിണ്ടാതെ അടുക്കളയിലേക്ക് പോയി ഒരു പ്ലേറ്റിൽ അപ്പവും കറിയുമായി വന്ന് അവന്റടുത്തു ഇരുന്നു.

കഴിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ അവൻ പറഞ്ഞു.

"നീ ഉണ്ടാക്കുന്ന ഫുഡിനോക്കെ നല്ല ടേസ്റ്റ് ആണ് കേട്ടോ."

അവൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

"അമ്മയ്ക്കു എന്നും ഓരോ അസുഖങ്ങൾ ആയിരുന്നു. അതുകൊണ്ട് കൊച്ചിലെ മുതലേ ഞാൻ തന്നെയിരുന്നു വീട്ടിൽ കുക്കിംഗ്."

"നീ എവിടന്നു പോയാൽ ഇത്ര ടേസ്റ്റ് ഉള്ളു ഫുഡ് കഴിക്കാൻ പറ്റില്ലല്ലോ.. അതുകൊണ്ട് നിന്നെ ഹോസ്റ്റലിൽ ആക്കാതെ ഇവിടെ തന്നെ നിർത്തിയാലോന്നു ആലോചിക്കുവാ."

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇച്ചായന്റെ വീട്ടിലുള്ളവർ സമ്മതിച്ചപോലെ തന്നെ."

"അത് നിനക്കെന്റെ വീട്ടുകാരെ അറിയാഞ്ഞിട്ട് പറഞ്ഞതാ... പ്ലസ്ടു കഴിഞ്ഞു നിൽക്കുന്ന എന്നെ ഒറ്റയ്ക്ക് ഇന്ത്യ മൊത്തം ഒന്ന് യാത്ര ചെയ്യാൻ പറഞ്ഞു വിട്ട മുതലാണ് എന്റെ അച്ഛൻ."

അവൾ അത്ഭുതത്തോടെ അവന്റെ മുഖത്തേക്ക് നോക്കി.

"ഞാൻ ഇന്നലെ തന്നെ അച്ഛനെ വിളിച്ചു നിന്നെ കുറിച്ച് എല്ലാം പറഞ്ഞു.. നിനക്ക് ഒരു വിഷമവും വരാതെ നോക്കിക്കൊള്ളണമെന്ന എന്റെ അച്ഛൻ എന്നോട് പറഞ്ഞത്. നിനക്കിനി എന്റെ കൂടെ ഇവിടെ ഒറ്റയ്ക്ക് നിൽക്കാൻ എന്തെങ്കിലും കുഴപ്പമുണ്ടോ ഇല്ലയോ എന്ന് മാത്രം അറിഞ്ഞാൽ മതി."

അവൾ സന്തോഷത്തോടെ പറഞ്ഞു.

"എനിക്ക് ഒരു കുഴപ്പവും ഇല്ല."

"നീ എടുത്തു ചാടി ഒന്നും അങ്ങനെ പറയണ്ട.. നീ വിചാരിക്കുന്ന പോലൊന്നും ഞാൻ അത്ര പെർഫെക്റ്റ് അല്ല."

അവൾ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"ഇച്ചായൻ എത്ര പെർഫക്ട് അല്ലെന്നു പറഞ്ഞാലും ഇന്നലെ എന്നെ കെട്ടിപ്പിടിച്ചപ്പോൾ അതിലുമുണ്ടായിരുന്നു എന്നോട് ഇത്തരത്തിൽ ഉള്ള സ്നേഹമാണ് ഉള്ളതെന്ന്."

"ഒരു കെട്ടിപിടുത്തതിൽ നിന്നും അതൊക്കെ മനസിലാക്കാൻ പറ്റുമോ?"

"ചിലപ്പോഴൊക്കെ അത് മനസിലാക്കാൻ പറ്റും."

അവൻ ഒരു പുഞ്ചിരിയോടെ ഇരുന്നു ആഹാരം കഴിച്ചു.

രണ്ടുപേരും ആഹാരം കഴിച്ചു കഴിഞ്ഞപ്പോൾ അവൻ അവളെ പിടിച്ചു ഒരു കസേരയിൽ ഇരുത്തി. എന്നിട്ട് നെറ്റിയിലെ മുറിവിൽ ഓടിച്ചിരുന്നത് സാവധാനം ഇളക്കി മാറ്റി. മരുന്നും പഞ്ഞിയും മുറിവിൽ ഒട്ടിപിടിച്ചിരുന്നതിനാൽ അത് ഊരി മാറ്റുമ്പോൾ അവൾക്കു നന്നായി വേദനിച്ചിരുന്നു.

അവന്റെ കൈയിൽ പിടിച്ചു കൊണ്ട് അവൾ പറഞ്ഞു.

"വേദനിക്കുന്നു ഇച്ചായാ."

തന്റെ കൈയിൽ മുറുകെ പിടിച്ചിരിക്കുന്ന അവളുടെ കരങ്ങൾ പിടിച്ചു മാറ്റിക്കൊണ്ട് അവൻ പറഞ്ഞു.

"കുറച്ചു നേരത്തേക്കൊന്നു വേദന സഹിച്ചാൽ മതി. ഇപ്പോൾ കഴിയും."

അവൻ വീണ്ടും തന്റെ പണി തുടർന്നു.

അവൻ മുറിവ് വൃത്തിയാക്കുമ്പോൾ അവൾ കണ്ണുകൾ ഇറുക്കി അടച്ച് ചുണ്ടുകൾ കടിച്ചു പിടിച്ചിരുന്നു. അവൻ നല്ല വൃത്തിയായി തന്നെ മുറിവിൽ മരുന്ന് വച്ചു ഒട്ടിച്ചു വച്ചു.

എന്നിട്ട് അവളുടെ കവിളിൽ കൈ കൊണ്ട് ചെറുതായി തട്ടികൊണ്ട് പറഞ്ഞു.

"ഇനി മോള് കണ്ണ് തുറന്നുള്ളു.. എല്ലാം കഴിഞ്ഞു."

അവൾ കണ്ണുകൾ തുറന്ന് അവനെ നോക്കി പുഞ്ചിരിച്ചു. എന്നിട്ട് പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നവണ്ണം വാച്ചിൽ നോക്കി ചാടി എഴുന്നേറ്റുകൊണ്ടു പറഞ്ഞു.

"അയ്യോ.. സമയം ലേറ്റ് ആയി, ഇന്ന് അങ്ങ് എത്തുമ്പോഴേക്കും ക്ലാസ് തുടങ്ങിയിരിക്കും."

"അതിനെന്തിനാ നീ ഇങ്ങനെ ടെൻഷൻ അടിക്കുന്നത്. ഇന്ന് എന്റെ കൂടെ വാ."

"ഇച്ചായന്റെ കൂടെയോ?"

അവൻ നിസാര മട്ടിൽ പറഞ്ഞു.

"ഇന്ന് നീ നടന്നു അങ്ങ് എത്തുമ്പോഴേക്കും ക്ലാസ് തുടങ്ങിയിരിക്കും. അതിനേക്കാളും എന്റെ കൂടെ ബൈക്കിൽ വരുന്നതല്ലേ നല്ലത്."

അവൾക്കും അതാണ് നല്ലതെന്നു തോന്നി.

ബൈക്കിൽ ശ്രീഹരിയുടെ പിന്നിൽ ഇരുന്നു പോകുന്നതിനിടയിൽ ഇടതു കൈ അവന്റെ തോളിൽ അമർത്തി അവനോടു ചേർന്ന് ഇരുന്നുകൊണ്ട് ജീന ചോദിച്ചു.

"ഇച്ചായൻ പറഞ്ഞത് സത്യമാണോ?"

"എന്ത്?"

"ഇച്ചായന്റെ അച്ഛൻ ഇന്ത്യ മൊത്തം യാത്ര ചെയ്തു വരാൻ പറഞ്ഞു വിട്ടു എന്ന് പറഞ്ഞത്."

"അതെ സത്യമാ.. എന്തെ?"

"അപ്പോൾ ഒരുപാട് സ്ഥലങ്ങൾ കണ്ടുകാണുമല്ലോ."

"ഹ്മ്... ഒരുപാടിടങ്ങൾ കണ്ടിട്ടുണ്ട്.. നിനക്ക് യാത്ര ചെയ്യാൻ ഇഷ്ടമാണോ?"

"ഒരുപാട് യാത്ര ചെയ്യണമെന്ന ആഗ്രഹം മനസിലുണ്ട്."

"എന്നിട്ട് എവിടെയൊക്കെ പോയിട്ടുണ്ട്?"

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

"എന്റെ നാടു വിട്ടാൽ അത്യമായി വരുന്ന സ്ഥലം ഇവിടമാണ്."

അവളുടെ ആ ചിരിയിൽ നടക്കാതെപോയ ഒരുപാട് ആഗ്രഹങ്ങളുടെ വേദന ഉണ്ടെന്നു അവനു തോന്നി.

"അപ്പോഴേ.. ഇച്ചായൻ അത്ര പെർഫെക്റ്റ് ഒന്നും അല്ലെന്ന് എന്നോട് പറഞ്ഞില്ലേ, അതെന്താ അങ്ങനെ പറഞ്ഞത്."

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"അത് ഞാൻ പെർഫക്ട് അല്ലാത്തതുകൊണ്ട്."

"അതുതന്നാ ഞാനും ചോദിക്കുന്നെ, എന്തുകൊണ്ട് പെർഫക്ട് അല്ല?"

"അത് ഞാൻ പിന്നീടൊരിക്കൽ പറഞ്ഞു തരാം."

"അതെന്താ എപ്പോൾ പറഞ്ഞാൽ."

അവൻ കുസൃതിയോടെ പറഞ്ഞു.

"ഇപ്പോൾ ഞാൻ അത് നിന്നോട് പറഞ്ഞാൽ.. അത് നീ വേറാരൊടെങ്കിലും പറഞ്ഞാലോ?"

അവൾ മുഖം വീർപ്പിച്ചു പറഞ്ഞു.

"എങ്കിൽ എന്നോടിനി പറയണ്ട."

ഗൗരവം നിറഞ്ഞ അവളുടെ മുഖം സൈഡ് ഗ്ലാസിൽ കൂടി നോക്കി കൊണ്ട് അവൻ ശബ്ദം താഴ്ത്തി പറഞ്ഞു.

"പൊട്ടി പെണ്ണ്..."

അത് കേട്ട അവൾ അവന്റെ തോളിൽ നഖം അമർത്തി.

"ഡീ.. പോത്തേ വേദനിപ്പിക്കാതെ."

അത് കേട്ടപ്പോൾ അവളുടെ മുഖം ഗൗരവത്തിൽ നിന്നും ചിരിയിലേക്ക് വഴിമാറി.

കോളേജ് കവാടം കടന്ന് ബൈക്കിൽ അകത്തേക്ക് പോകുന്പോഴാണ് അവരെ തന്നെ തുറിച്ചു നോക്കി നിൽക്കുന്ന ക്ലാരയെ ശ്രീഹരി ശ്രദ്ധിച്ചത്.

ബൈക്ക് പാർക്ക് ചെയ്ത് അവൻ ക്ലാരയെ നോക്കിയപ്പോൾ മുഖം വീർപ്പിച്ച് അവൾ അവിടെ നിന്നും നടന്നു പോയി.

താൻ ജീനയെ ബൈക്കിൽ കൊണ്ട് വന്നത് ക്ലാരയ്ക്കു ഇഷ്ടപെട്ടില്ലെന്ന് അവന് മനസിലായി. പക്ഷെ അവന്റെ മുഖത്ത് അതോർത്ത് ഒരു പുഞ്ചിരി ആണ് വിടർന്നത്.

ആത്മഗതം എന്നപോലെ ശബ്ദം താഴ്ത്തി അവൻ പറഞ്ഞു.

"മനസ്സിൽ ഇഷ്ടമൊന്നും ഇല്ലെന്നു പറയുകയും ചെയ്യും, എന്നിട്ടു മനസുനിറയെ കുശുമ്പും."

അവന്റെ അടുത്ത് നിന്ന ജീന ചോദിച്ചു.

"എന്താ പറഞ്ഞെ?"

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഒന്നും ഇല്ല എന്റെ കൊച്ചെ."

"എനിക്കെല്ലാം മനസ്സിലാകുന്നുണ്ട്."

അവൻ അവളുടെ മുഖത്തേക്ക് നോക്കി ചോദിച്ചു.

"എന്ത് മനസിലാകുന്നുണ്ടെന്ന്?"

"ഇപ്പോൾ പറയാൻ മനസില്ല."

അവൾ ചിരിച്ചുകൊണ്ട് മുന്നോട്ടു നടന്നു.

അവൻ ഒരു പുഞ്ചിരിയോടെ മനസ്സിലോർത്തു.

'മിണ്ടാപൂച്ചയെ പോലെ നടന്നവൾ ഇപ്പോൾ കാന്താരി ആകുവാണല്ലോ.'

അവനും ക്ലാസ്സിലേക്ക് നടക്കുന്നതിനിടയിൽ ആണ് തന്റെ മുന്നിൽ നടക്കുന്ന ജീനയുടെ മുടി ശ്രദ്ധിച്ചത്.

അവളുടെ ആരവരെ നീളമുള്ള തിങ്ങി നിറഞ്ഞു നിൽക്കുന്ന മുടി. അവളുടെ നടത്തത്തിനൊത്ത് മുടിയും ആടി കളിക്കുന്നു.

"ഡീ.. പോത്തേ.."

അവന്റെ വിളികേട്ടു അവൾ തിരിഞ്ഞു നോക്കി.

"നിനക്ക് ഇത്രയും ഭംഗിയുള്ള മുടിയുണ്ടെന്ന് ഞാൻ ഇപ്പോഴാ ശ്രദ്ധിക്കുന്നേ."

അതുകേട്ട അവളുടെ മുഖം നാണത്താലോ എന്തോ ചുവന്നു തുടുത്തു.

ശബ്ദം താഴ്ത്തി അവൾ പറഞ്ഞു.

"എങ്ങനെ ശ്രദ്ധിക്കാനാ.. വേറെ ഓരോരുത്തരുടെയും മുടിയും നോക്കി നടക്കയല്ലേ."

"എന്താടി പറഞ്ഞെ?"

"ഇപ്പോൾ പറയാൻ മനസില്ലാ."

അവൾ ചിരിച്ചുകൊണ്ട് പെട്ടെന്ന് മുന്നോട്ടു നടന്നു. അവൻ ഓടിച്ചെന്നു അവളുടെ ചെവിയിൽ പിടിച്ചു തിരുമി.

അവർ ക്ലാസ്‌റൂമിന്റെ വാതിക്കൽ എത്തിയിരുന്ന കാര്യം അവൻ ആ നിമിഷം ഓർത്തില്ലായിരുന്നു.

അവൾ അവന്റെ കൈയിലും ചെവിയിലുമായി അമർത്തി പിടിച്ചുകൊണ്ടു പറഞ്ഞു.

"വിട് ഇച്ചായ.. എനിക്ക് വേദനിക്കുന്നു."

അവളുടെ സ്വരം കുറച്ചു ഉച്ചത്തിൽ ആയതിനാൽ ക്ലാസ്സിൽ ഉണ്ടായിരുന്ന എല്ലാപേരും അവരെ ശ്രദ്ധിച്ചു. പരിസര ബോധം ഉണ്ടായപ്പോൾ അവൻ പെട്ടെന്ന് അവളുടെ ചെവിയിൽ നിന്നും പിടി വിട്ടു.

അവൾ ചെവിയിൽ തിരുമ്മിക്കൊണ്ട് ആരുടേയും മുഖത്ത് നോക്കാതെ തന്റെ സീറ്റിലേക്ക് പോയിരുന്നു. ശ്രീഹരിയും അവന്റെ സീറ്റിലേക്ക് പോയിരുന്നു.

തലേ ദിവസം ഉണ്ടായ സംഭവങ്ങൾ എല്ലാം കാര്യാ കാരണ സഹിതം ക്ലാസ്സിൽ എല്ലാരും അറിഞ്ഞിരുന്നു. സഹപാഠിയുടെ ആ ഒരു അവസ്ഥയിൽ പ്രതികരിച്ച അവനോടു എല്ലാര്ക്കും ഒരു ബഹുമാനവും രൂപപ്പെട്ടിരുന്നു.

എന്നാൽ കുറച്ചു മുൻപ് കണ്ട കാഴ്ച ചിലരുടെയൊക്കെ ഉള്ളിൽ ശ്രീഹരിയും ജീനയും തമ്മിലുള്ള ബന്ധം എന്താന്ന് എന്ന ചിന്ത ഉടലെടുപ്പിച്ചു.

ഉച്ചക്ക് ലഞ്ച് ബ്രേക്ക് ആയപ്പോൾ ശ്രീഹരി ബാഗിൽ നിന്നും ലഞ്ച് ബോക്സ് എടുത്തു. അവൻ ക്ലാസ് റൂമിൽ തന്നെ ഇരുന്നാണ് പതിവായി ആഹാരം കഴിക്കാറ്.

അവൻ ലഞ്ച് ബോക്സ് തുറന്നപ്പോഴേക്കും അവന്റെ അടുത്തേക്ക് ജീനയും വന്നിരുന്നു. അവൻ കണ്ണുകൊണ്ടു എന്താ എന്ന് അവളോട് ആഗ്യം കാണിച്ചു.

ലഞ്ച് ബോക്സ് തുറക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

"ഇച്ചായനല്ലേ ഇന്ന് രാവിലെ പറഞ്ഞത് ഇനിമുതൽ നമ്മൾ ഒരുമിച്ചിരുന്നാണ് ഫുഡ് കഴിക്കുന്നതെന്ന്."

അവൻ അത് കേട്ട് ചിരിച്ചു. ആഹാരം കഴിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ ചുറ്റും നോക്കിയപ്പോൾ ചിലരൊക്കെ അവരെ ശ്രദ്ധിക്കുന്നത് ശ്രീഹരിയുടെ ശ്രദ്ധയിൽ പെട്ടു.

അവൻ ഒരു പുഞ്ചിരിയോടെ ശബ്ദം താഴ്ത്തി പറഞ്ഞു.

"ഉടനെ തന്നെ എന്റെ കാമുകി എന്നുള്ള പട്ടം ഇവിടുള്ളവർ നിനക്ക് ചാർത്തി തരുന്നതാണ്."

അത് കേട്ടുടൻ അവൾ പുഞ്ചിരിയോടെ പറഞ്ഞു.

"അതിനു സാധ്യത ഞാൻ കാണുന്നില്ല."

അവൻ അവളുടെ മുഖത്തേക്ക് ചോദ്യ ഭാവത്തോടെ നോക്കി.

"അതിനു മുൻപ് തന്നെ സിനിയറിനെ പ്രേമിക്കുന്നവൻ എന്നുള്ള പട്ടം ചേട്ടന് കിട്ടും."

അവന്റെ മുഖത്ത് അത്ഭുതം വിരിഞ്ഞു.

"മിക്ക ദിവസവും വരാന്തയിൽ നിന്ന് ആ ചേച്ചിയുമായി സംസാരിക്കുന്നതും ഇന്ന് എന്നെയും കൊണ്ടു ബൈക്കിൽ വന്നതിനു ആ ചേച്ചി മുഖം വീർപ്പിച്ചു പോയതും ആരും അറിയുന്നില്ല എന്നാണോ കരുതിയെ?"

"ഡീ.. കാന്താരി... ആരുടേയും മുഖത്ത് നോക്കത്തും ഇല്ലാ..എന്നാൽ സകലതും കാണുകയും ചെയ്യും, നീ ആള് കൊള്ളാല്ലൊടി."

അവൾ ചിരിയോടെ പറഞ്ഞു.

"എന്താ ആ ചേച്ചിയുമായുള്ള കണക്ഷൻ എന്ന് പറ.."

അവൻ ജീനയോട് സ്കൂൾ ലൈഫിൽ ക്ലാരയെ ആദ്യമായി കാണുന്നതും, ഇഷ്ടം തോന്നിയതും, പ്രൊപ്പോസ് ചെയ്തതും എല്ലാം പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞു അവൾ ചോദിച്ചു.

"അപ്പോൾ ചേച്ചി ഇതുവരെ ഇഷ്ടമാണെന്നു സമ്മതിച്ചു തന്നിട്ടില്ലേ?"

"ഇല്ലാ.."

"എന്തായാലും ഇച്ചായൻ ഇപ്പോൾ ചേച്ചിയെ ഒന്ന് പോയി കാണ്.. പുള്ളിക്കാരി ഇത്തിരി ദേഷ്യത്തിലാ പോയിരിക്കുന്നെ."

ശ്രീഹരിയും ഉച്ചക്ക് അവളെ കാണണമെന്ന് ഉറപ്പിച്ച് നിൽക്കുകയായിരുന്നു.

.

.

തന്റെ ക്ലാസിന് മുന്നിൽ ശ്രീഹരി നിൽക്കുന്ന കണ്ടെങ്കിലും ക്ലാര അവനെ ശ്രദ്ധിക്കാത്ത മട്ടിൽ ഇരുന്നു.

കുറച്ചു നേരം കഴിഞ്ഞിട്ടും ശ്രീഹരി അവിടെ നിന്നും പോകാതെ അവളെത്തന്നെ നോക്കി നിൽക്കുന്നത് കണ്ട് അവൾ ക്ലാസിന് പുറത്തേക്കു വന്നു.

"എന്താ എന്നെ തന്നെ നോക്കി നിൽക്കുന്നെ?"

അതിനൊരു മറുചോദ്യം അവൻ ചോദിച്ചു.

"രാവിലെ എന്താ എന്നെ കണ്ടപ്പോൾ മുഖവും വീർപ്പിച്ച് പോയത്."

"ഞാൻ മുഖം ഒന്നും വീർപ്പിച്ചില്ലല്ലോ."

അവന്റെ മുഖത്ത് ചിരി പടർന്നു.

"ഓക്കേ.. മുഖം വീർപ്പിച്ചില്ല, പക്ഷെ എന്നെ കണ്ടിട്ടും മിണ്ടാതെ പോയതെന്താ?"

അവൾ നിസാരമട്ടിൽ പറഞ്ഞു.

"ക്ലാസ് തുടങ്ങാറായോണ്ട ഞാൻ അവിടന്ന് പോയത്."

അവൻ പിന്നെ ഒന്നും മിണ്ടാതെ അവളെ തന്നെ നോക്കി നിന്നു.

കുറച്ചു നേരത്തെ നിശ്ശബ്ദതക്കു ശേഷം അവൾ ചോദിച്ചു.

"ഇന്നലെ അവൾക്കു വേണ്ടി അടി ഉണ്ടാക്കി, ഇന്ന് അവളെ ബൈക്കിൽ കൊണ്ട് വന്നു.. അവൾ നിന്റെ ആരാ?"

ഈ ഒരു ചോദ്യം പ്രതീക്ഷിച്ചു നിന്ന അവൻ പറഞ്ഞു.

"അവൾ എന്റെ റിലേറ്റീവ് ആണ്."

"ഹിന്ദുവായ നിനക്കെങ്ങനാ ക്രിസ്ത്യൻ ആയ ജീന റിലേറ്റീവ് ആകുന്നത്?"

അവൻ അത്ഭുതത്തോടെ ചോദിച്ചു.

"അവളുടെ പേരെങ്ങനെ നിനക്കറിയാം."

"എനിക്ക് മാത്രമല്ല.. ഇവിടെ മിക്കപേർക്കും അവളുടെ പേരിപ്പോൾ അറിയാം.. ഇന്നലെ അവളുടെ പേരിൽ അല്ലെ ജൂനിയർ സീനിയറിനെ തല്ലിയെ."

അവളുടെ മുഖത്തേക്ക് കുറച്ചുനേരം നോക്കി നിന്നശേഷം അവൻ പറഞ്ഞു.

"എന്റെ കസിൻ ശ്രീജച്ചേച്ചി കല്യാണം കഴിച്ചിരിക്കുന്നത് പത്തനംതിട്ടയുള്ള ക്രിസ്തിയാനിയായ സിജോച്ചായനെയാണ്... ഇച്ചായന്റെ അനിയത്തിയായിട്ടു വരും ജീന."

അവൾ വിശ്വാസം വരാത്ത രീതിയിൽ അവനെത്തന്നെ നോക്കി.

"എടോ.. ഞാൻ പറഞ്ഞത് സത്യം ആണ്, നിനക്കിനിയും വിശ്വാസം ആയില്ലെങ്കിൽ ജീനയോട് തന്നെ ചോദിച്ചേക്ക്.. അവിടെ നിൽപ്പുണ്ട് അവൾ."

ശ്രീഹരി കൈ ചൂടി കാണിച്ചിടത്തേക്ക് അവൾ നോക്കി. അപ്പോൾ ദൂരെ നിന്നും അവരെത്തന്നെ നോക്കി നിൽക്കുന്ന ജീനയെയാണ് ക്ലാര കണ്ടത്.

"അവളോട് സംസാരിക്കുന്നതിന് മുൻപ് ജീനയെ കുറിച്ച് എനിക്ക് ചിലതു നിന്നോട് പറയാനുണ്ട്."

ശ്രീഹരി ജീനയെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും ക്ലാരയോട് പറഞ്ഞു. ഈ പ്രായത്തിന് ഇടയ്ക്ക് ജീന അനുഭവിച്ചതെല്ലാം കേട്ടപ്പോൾ ക്ലാരയ്ക്കു ശരിക്കും അവളോട് അനുകമ്പയും സ്നേഹവും തോന്നി.

അവൾ കൈ കാട്ടി ജീനയെ തന്റെ അരികിലേക്ക് വിളിച്ചു. ജീന സാവധാനം നടന്ന് ക്ലാരയുടെ മുന്നിൽ വന്ന് തലതാഴ്ത്തി നിന്നു.

ക്ലാര ശ്രീഹരിയോട് പറഞ്ഞു.

"നീ പൊയ്ക്കോ.. എനിക്ക് ജീനയോട് കുറച്ച് സംസാരിക്കാനുണ്ട്."

ശ്രീഹരി ജീനയെ ഒന്ന് നോക്കിയാ ശേഷം അവിടെനിന്നും നടന്നകന്നു.

തന്റെ മുന്നിൽ തല താഴ്ത്തി നിൽക്കുന്ന ജീനയുടെ മുഖം പിടിച്ചു ഉയർത്തി ഒരു പുഞ്ചിരിയോടെ ക്ലാര ചോദിച്ചു.

"എന്താ ഇങ്ങനെ പേടിച്ചു നിൽക്കുന്നെ?"

അവൾ ഇടറിയ സ്വരത്തിൽ പറഞ്ഞു.

"ഞാൻ ഇനി ഇച്ചായന്റെ കൂടെ ബൈക്കിൽ കയറില്ല... ഇച്ചായനോട് ചേച്ചി മിണ്ടാതിരിക്കല്ലും."

"നീ അവന്റെ കൂടെ ബൈക്കിൽ കയറുന്നത് എനിക്കിഷ്ടമല്ലെന്ന് ആരാ പറഞ്ഞെ?"

"എനിക്കറിയാം ഇഷ്ട്ടപെട്ടില്ലെന്ന്."

അവളുടെ നിഷ്കളങ്കമായ മുഖത്തേക്ക് ക്ലാര കുറച്ചുനേരം നോക്കി നിന്നു.

'ജീനയോടെ എനിക്ക് ഒരു കൊച്ചു കുട്ടിയോടുള്ള സ്നേഹവും കെയറിങ്ങും ആണ് ഉള്ളതെന്ന് കുറച്ചു മുൻപ് ശ്രീഹരി പറഞ്ഞ വാക്കുകൾ അവളുടെ മനസ്സിൽ മുഴങ്ങി.'

അവളുടെ നിഷ്കളങ്കമായ മുഖം നോക്കിനിന്നപ്പോൾ സത്യത്തിൽ ക്ലാരയ്ക്കും അവളോട് അത്തരത്തിൽ ഉള്ള സ്നേഹം ഉടലെടുക്കുകയായിരുന്നു. ജീനയെ കുറിച്ചറിഞ്ഞ ഭൂതകാല കഥകളും അതിന് ഒരുതരത്തിൽ കാരണമായിരുന്നു.

"നിങ്ങൾ രണ്ടുപേരും ഒരുവീട്ടിലാണല്ലേ താമസം"

"ഞങ്ങൾ.. ഞങ്ങൾ തമ്മിൽ ഒന്നും ഇല്ല... ഞാൻ ഇച്ചായനോട് പറഞ്ഞോളാം എന്നെ ഹോസ്റ്റലിൽ ആക്കാൻ."

ജീനയുടെ തലയിൽ തലോടിക്കൊണ്ട് ക്ലാര പറഞ്ഞു.

"ശ്രീഹരി പറഞ്ഞപോലെ നീ ഒരു പഞ്ചപാവം കൊച്ചായി പോയല്ലോ."

ജീന അവളുടെ മുഖത്തേക്ക് തന്നെ നോക്കി.

"എന്റെ കൊച്ചെ.. എനിക്ക് നിന്നോട് ഒരു ദേഷ്യവും ഇല്ല.. നീ അവന്റെകൂടെ ബൈക്കിൽ കയറുന്നതിനോ അവന്റെ കൂടെ ഒരേ വീട്ടിൽ താമസിക്കുന്നതിനോ എനിക്കൊരു കുഴപ്പവും ഇല്ല."

ജീന അദ്ഭുതത്തോടെ ക്ലാരയുടെ മുഖത്തേക്ക് നോക്കി.

"ശ്രീഹരിക്ക് നിന്നോട് എത്തരത്തിൽ ഉള്ള ഇഷ്ടമാണ് ഉള്ളതെന്ന് എനിക്കിപ്പോൾ അറിയാം."

"ചേച്ചിക്ക് ഇച്ചായനെ ഇഷ്ടമാണല്ലേ?"

"എന്നാരു പറഞ്ഞു."

"ആരും പറഞ്ഞതല്ല.. എനിക്ക് തോന്നിയതാ."

കുറച്ചു നേരത്തെ നിശബ്ദതയ്ക്കു ശേഷം ക്ലാര പറഞ്ഞു.

"അതിനുള്ള ഉത്തരം എപ്പോഴും എനിക്കറിയില്ല മോളെ... സ്കൂളിൽ പഠിക്കുമ്പോൾ അവൻ എന്നെ കാണാനായി ക്ലാസ്സ് റൂമിനു പുറത്തു നിന്നു കറങ്ങുന്നതുമെല്ലാം ഞാൻ മനസുകൊണ്ട് ആസ്വദിച്ചിരുന്നു. പക്ഷെ രണ്ടു മതം ആണെന്നുള്ള ചിന്ത മനസിനെ കടിഞ്ഞാണിട്ട് നിർത്തി. പിന്നെ..."

"പിന്നെ?"

"അവന്റെ സ്വഭാവവും.. പെട്ടെന്ന് ദേശ്യം വന്ന് അടി ഉണ്ടാക്കും അവൻ, ഇന്നലെ തന്നെ കണ്ടില്ലേ സീനിയേഴ്സ് ആണെന്നുപോലും നോക്കാതെ അടി ഉണ്ടാക്കിയെ.. സ്കൂളിൽ ഇതുപോലെ എത്ര അടി ഉണ്ടാക്കിയിരിക്കുന്നു അവൻ."

അവന്റെ ദേഷ്യത്തിന്റെ കാഠിന്യം തലേദിവസം അവൾക്കും മനസിലായതായിരുന്നു.

"ഇപ്പോൾ എന്താ ചേച്ചിയുടെ മനസ്സിൽ.. ഇഷ്ടമുണ്ടോ?"

"സത്യത്തിൽ അതിനുള്ള ഉത്തരം എപ്പോഴും എനിക്കറിയില്ല."

പിന്നെയും കുറച്ചു നേരം കൂടി അവരുടെ സംസാരം നീണ്ടു പോയി.

ജീന ക്ലാസ്സിൽ തിരിച്ചെത്തുമ്പോൾ ശ്രീഹരി അവന്റെ സീറ്റിൽ ഇരിക്കുകയായിരുന്നു.

ജീന അവന്റെ അടുത്ത് ചെന്ന് പറഞ്ഞു.

"98956545 ** "

ഇതും പറഞ്ഞു ജീന അവളുടെ സീറ്റിലേക്ക് നടന്നു.

ശ്രീഹരി വിളിച്ചു ചോദിച്ചു.

"എന്താ ഇത്?"

ഒരു കള്ള പുഞ്ചിരിയോടെ ജീന ഉറക്കെ വിളിച്ചു പറഞ്ഞു.

"ക്ലാര ചേച്ചിയുടെ നമ്പർ.. ഇച്ചായന് തരാൻ പറഞ്ഞു."

ഇത് കേട്ട് ക്ലാസ്സിൽ എല്ലാരും ശ്രീഹരിയെ നോക്കി.

അവന്റെ മുഖത്ത് അപ്പോൾ ഒരു പുഞ്ചിരി വിടർന്നിരുന്നു.

ദിവസങ്ങൾ കഴിയുംതോറും ശ്രീഹരിയും ജീനയും തമ്മിലുള്ള സൗഹൃദത്തിന്റെ ദൃഢത കൂടി വന്നു. അവളിപ്പോൾ അവനോടു വാ തോരാതെ സംസാരിക്കും... വീട്ടിൽ ആയാലും കോളേജിൽ ആയാലും ഏതു സമയവും അവനോടൊപ്പം തന്നെയായിരുന്നു ജീന.. കുഞ്ഞു കുഞ്ഞു ചോദ്യങ്ങളും നിഷ്കളങ്കമായ ചിരിയോടും അവൾ കൂടെ ഉള്ളത് അവനും സന്തോഷമായിരുന്നു.

സമർത്ഥമായി പഠിക്കുന്ന അവളെ അധ്യാപകർക്കും ഇഷ്ടമായിരുന്നു. വീട് തൂത്തു തുടച്ച്, അവന്റെ ഉൾപ്പെടെയുള്ള ഡ്രെസ്സുകൾ കഴുകി, പാചകവും കഴിഞ്ഞു അവളെപ്പോഴാണ് പഠിക്കാൻ സമയം കണ്ടെത്തുന്നതെന്ന് ശ്രീഹരിക്കൊരു അത്ഭുതമായിരുന്നു.

ഇതിനിടയിൽ ദിവസേനയുള്ള കൂടിക്കാഴ്ചകളിലൂടെയും ഫോൺവിളികളിലൂടെയും ശ്രീഹരിയും ക്ലാരയും മാനസികമായി ഒരുപാട് അടുത്തിരുന്നു. രണ്ടുപേരുടെയും ഉള്ളിൽ പ്രണയം ഉണ്ടായിരുന്നെങ്കിലും അവർ അത് തുറന്നു പറഞ്ഞിരുന്നില്ല. പക്ഷെ രണ്ടുപേർക്കും അത് പറയാതെ തന്നെ അറിയുകയും ചെയ്യാമായിരുന്നു.

ശ്രീഹരിയെ പോലെ തന്നെ ക്ലാരക്കും ജീനയെ ഒരുപാട് ഇഷ്ടമായിരുന്നു. ശ്രീഹരിയും ക്ലാരയും കണ്ടുമുട്ടുന്ന സമയങ്ങളില്ലാം അവർക്കിടയിലെ നിറ സാനിദ്ധ്യമായിരുന്നു ജീന. പല സന്ദർഭങ്ങളിലും അവർക്കു സ്വകാര്യത സമ്മാനിക്കുന്നതിനായി ജീന ഒഴിഞ്ഞു പോകാറുണ്ടെങ്കിലും ക്ലാര അവളെ കൂടെ പിടിച്ചു നിർത്തുകയാണ് ചെയ്തിരുന്നത്.

അന്നൊരു ഞാറാഴ്ച ദിവസം രാവിലെ ക്ലാരയുമായി ഫോണിൽ സംസാരിച്ചുകൊണ്ട് ബെഡിൽ കിടക്കുകയായിരുന്നു ശ്രീഹരി.അപ്പോഴാണ് കോഫിയുമായി ജീന അവന്റെ റൂമിലേക്ക് കയറി വന്നത്.

"ആഹാ.. ഇന്ന് സൺഡേ ആയിട്ട് നേരത്തെ എഴുന്നേറ്റോ?"

അവൻ ഫോൺ ലൗഡ് സ്പീക്കറിൽ ഇട്ടുകൊണ്ട് പറഞ്ഞു.

"എന്റെ ഉറക്കം കളയാനായിട്ട് നിന്റെ ചേച്ചി രാവിലെതന്നെ വിളിച്ചുണർത്തി."

അത് കേട്ട ക്ലാര ഫോണിൽ കൂടി പറഞ്ഞു.

"എന്റെ ജീനേ.. ഇവനെ പോത്തുപോലെ ഉറങ്ങാൻ സമ്മതിക്കാതെ രാവിലെതന്നെ ചവിട്ടു ഉണർത്തിക്കൂടേ നിനക്ക്?"

അതുകേട്ട ജീന പറഞ്ഞു.

"എന്നിട്ടു വേണം എന്നെ കഴുത്തിൽ തൂക്കി റൂമിനു പുറത്തു കളഞ്ഞിട്ടു ഡോറും പൂട്ടികിടന്ന് ഉറങ്ങാൻ."

ഇതുകേട്ട ക്ലാരയും ശ്രീഹരിയും ചിരിച്ചു.

കോഫി അവന്റെ കൈയിൽ കൊടുത്തുകൊണ്ട് ജീന പറഞ്ഞു.

"ഞാൻ ഇപ്പോൾ പള്ളിയിൽ പോകും.. ഇച്ചായനുള്ള ഫുഡ് ടേബിളിൽ എടുത്ത് വച്ചേക്കാം."

സൺഡേ മുടങ്ങാതെ പള്ളിയിൽ പോകുന്നത് ജീനയുടെ പതിവാണ്.

ശ്രീഹരി ക്ലാരയോട് തമാശയായി ചോദിച്ചു.

"എന്റെ കൊച്ചു കൊണ്ടോടി ഞായറാഴ്ച പള്ളിയിൽ പോയി കുർബാന കൊള്ളുന്നത്.. കണ്ട് പടിക്കടി."

"വർഷത്തിൽ ഒരിക്കൽ ഉത്സവത്തിനു മാത്രം ക്ഷേത്രത്തിൽ പോകുന്ന നീ തന്നെ എന്നോടിത് പറയണം."

ഒരു നിമിഷം അവനും ചിന്തിച്ചു പോയി ആ പറഞ്ഞത് ഒരു സത്യമാണല്ലോന്ന്. എങ്കിലും അവൻ പറഞ്ഞു.

"ഞങ്ങൾ ഹിന്ദുക്കൾക്ക് അതൊക്കെ മതി."

"ആഹാ.. എങ്കിൽ എനിക്കും അങ്ങനൊക്കെ മതി.. എനിക്ക് വേണ്ടിയുള്ളതും കൂടി നിന്റെ കൊച്ചു കർത്താവിനോട് പറഞ്ഞാലും, അല്ലെ ജീനേ?"

ജീന ചിരിച്ചുകൊണ്ട് പറഞ്ഞു.

"അത് ഞാൻ ഏറ്റു ചേച്ചി."

പെട്ടെന്നാണ് കോളേജിലെ ഓണം സെലിബ്രേഷനെ പറ്റി ക്ലാര ഓർത്തത്.

"ഓണത്തിന് നീ ഏതു കളർ സാരി ആണ് ഉടുക്കുന്നത് ജീനേ."

ഒരു നിമിഷം നിശ്ശബ്ദതയായ ശേഷം ജീന പറഞ്ഞു.

"ഞാൻ സാരി ഒന്നും ഉടുക്കുന്നില്ല ചേച്ചി. എനിക്ക് അതൊന്നും ഉടുക്കാൻ അറിയില്ല."

ജീനയുടെ മുഖത്ത് ആ നിമിഷം ഒരു വിഷമം നിറയുന്നത് ശ്രീഹരി ശ്രദ്ധിച്ചു.

ക്ലാര പറഞ്ഞു.

"അതൊന്നും പറഞ്ഞാൽ പറ്റില്ല. അന്ന് സാരി ഉടുത്തെ പറ്റു."

ജീന ശ്രീഹരിയുടെ മുഖത്ത് നോക്കി ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു.

"നമുക്ക് നോക്കാം ചേച്ചി.. ഞാൻ ഇപ്പോൾ ഇച്ചായന് കാപ്പി എടുത്ത് വച്ചിട്ട് പള്ളിയിൽ പോകട്ടെ."

ജീന റൂമിൽ നിന്നും നടന്നു പോകുന്നതും നോക്കി ശ്രീഹരി ആലോചനയിൽ ഇരുന്നു. കുറച്ചു നേരത്തേക്ക് ക്ലാര ഫോണിൽ പറഞ്ഞതൊന്നും അവന്റെ ചെവിയിൽ വീണില്ല.

ക്ലാരയുടെ ഉച്ചത്തിലുള്ള ഹരീ എന്നുള്ള വിളികേട്ട് അവൻ ഒരു ഞെട്ടലോടെ ചിന്തയിൽ നിന്നും ഉണർന്നു.

"ക്ലാരേ..."

"എന്താടാ.. നീ എന്താ ഒന്നും മിണ്ടാതിരിക്കുന്നത്."

"ഞാൻ ഇത്രയും നാളും ഒരു കാര്യം മനസ്സിലാക്കിയിരുന്നില്ല."

ക്ലാര ആകാംഷയോടെ ചോദിച്ചു.

"എന്താടാ?"

"പുറത്തേക്ക് പോകുമ്പോൾ ഇടാൻ രണ്ടു ജോഡി ചുരിദാർ അല്ലാതെ വേറൊന്നും ജീനക്കില്ല.. ഉടുക്കാൻ സാരി ഇല്ലാത്തതിനാലാണ് അവൾ അന്ന് സാരി ഉടുക്കുന്നില്ല എന്ന് പറഞ്ഞതും."

കുറച്ചു നേരത്തേക്ക് ക്ലാര ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു.

"നിനക്ക് അവളുടെ സ്വഭാവം അറിയാല്ലോ.. അവൾക്കായിട്ട് ഒന്നും ആവിശ്യപ്പെടില്ല.. നിനക്ക് എന്താ അവളുടെ കാര്യങ്ങൾ ഒന്ന് ശ്രദ്ധിച്ചാൽ."

ശ്രീഹരിക്ക് അതിനു പറയാൻ മറുപടി ഇല്ലായിരുന്നു.

"നീ ഇന്ന് തന്നെ അവൾക്ക് കുറച്ചു ഡ്രെസ്സ് വാങ്ങി കൊടുക്കണം, മാത്രമല്ല ഓണത്തിന് അവൾ സാരി ഉടുത്ത് വന്നില്ലെങ്കിൽ പിന്നെ ഞാൻ നിന്നോട് മിണ്ടില്ല."

അവൻ ഒരുചെറു ചിരിയോടെ പറഞ്ഞു.

"ഉത്തരവ് പോലെ..."

.

.

ജീന പള്ളിയിൽ നിന്നും ഇറങ്ങിവരുമ്പോൾ കാണുന്നത് ബൈക്കുമായി നിൽക്കുന്ന ശ്രീഹരിയെ ആണ്. അവനെ പെട്ടെന്ന് അവിടെ കണ്ടപ്പോൾ അവൾക്കു അത്ഭുതമായി.

അവന്റെ അരികിലേക്ക് ചെന്ന് ചിരിയോടെ അവൾ ചോദിച്ചു.

"കോളേജിലെ വായി നോട്ടം പോരാഞ്ഞിട്ട് ഇവിടേക്കും കൂടി മാറ്റിയോ?"

"ഓഹ്.. എന്തെ ഇപ്പോൾ വല്ലോം പറയാനുണ്ടോ?"

"ഇച്ചായനോട് പറയാനില്ല, പക്ഷെ ക്ലാര ചേച്ചിയോട് പറയാനുണ്ട്."

"അതൊക്കെ അവളോട് നമുക്ക് പിന്നെ പറയാം.. തൽക്കാലം മോളിപ്പോൾ ബൈക്കിൽ കയറ്."

അവൾ മുഖം ചുളിച്ചുകൊണ്ടു ചോദിച്ചു.

"എവിടെ പോകാനാ?"

"അതൊക്കെ അറിഞ്ഞാലേ മോള് കൂടെ വരൂ?"

എവിടേക്ക് പോകാനാണെന്ന് അറിയാതെ ജീന ആകാംഷയോടെ അവന്റെ മുഖത്തേക്ക് തന്നെ നോക്കി നിന്ന്.

"നോക്കി നിൽക്കാതെ കയറടി പോത്തേ."

അവൾ ബൈക്കിന്റെ പിന്നിലേക്ക് കയറി ഇരുന്നു. പോകുന്ന വഴിക്ക് അവന്റെ ചുമരിലേക്കു ചാഞ്ഞ് ഇരുന്നുകൊണ്ട് ആകാംഷയോടെ അവൾ വീണ്ടും ചോദിച്ചു.

"എവിടെക്കാ നമ്മൾ പോകുന്നെ?"

"ഓണം സെലിബ്രേഷന് നിനക്ക് ഉടുക്കാനുള്ള സാരി വാങ്ങാൻ പോകുവാ."

അവൾ പെട്ടെന്ന് തന്നെ പറഞ്ഞു.

"വേണ്ട ഇച്ചായാ.. എനിക്ക് സാരി ഒന്നും വാങ്ങേണ്ട."

"ഒരു രക്ഷയുമില്ല മോളെ.. നീ അന്ന് സാരി ഉടുത്തു ചെന്നില്ലെങ്കിൽ ക്ലാര പിന്നെ എന്നോട് മിണ്ടില്ലെന്നാ പറഞ്ഞേക്കുന്നെ."

അവൾ കുറച്ചു നേരത്തേക്ക് ഒന്നും പറഞ്ഞില്ല.. പിന്നെ പറഞ്ഞു.

"സാരി വാങ്ങിയാലും എനിക്കതു ഉടുക്കാൻ അറിയില്ല."

"അതിനെ കുറിച്ച് ഓർത്ത് നീ ടെൻഷൻ അടിക്കേണ്ട."

"അതെന്തേ?"

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാൻ ഉടുപ്പിച്ചു തന്നോളം."

അവന്റെ തോളിൽ നഖം അമർത്തികൊണ്ട് അവൾ പറഞ്ഞു.

"വാ തുറന്നാൽ വഷളത്തരമേ പറയുള്ളു."

"ഞാൻ ചുമ്മാ പറഞ്ഞതല്ല."

ജീന പിന്നെ ഒന്നും മിണ്ടിയില്ല. അവന്റെ തോളിലേക്ക് മുഖമവർത്തി അവളിരുന്നു.

കുറച്ചു സമയത്തെ യാത്രക്കൊടുവിൽ അവർ ടെക്സ്റ്റൈൽസിൽ എത്തി. ആദ്യം ശ്രീഹരി ജീനയെയും കൂട്ടി പോയത് സാരി എടുക്കാനായിരുന്നു.

അവന്റെ നിർദ്ദേശപ്രകാരം സെയിൽസ് ഗേൾ സാരികൾ എടുത്തിട്ടു. ശ്രീഹരി ഓരോ സാരിയും എടുത്ത് ജീനയുടെ ശരീരത്ത് ചേർത്ത് വച്ച് നോക്കി. ഒന്നും അവന് ഇഷ്ട്ടമാകുന്നില്ലായിരുന്നു.

ജീന ഒരഭിപ്രായവും പറയാതെ എല്ലാം അവന്റെ ഇഷ്ടത്തിന് വിട്ട് കൊടുത്ത് ഒരു പുഞ്ചിരിയോടെ അവന്റെ അടുത്ത് നിന്ന് കൊടുത്തു.

ഒരുപാട് നേരത്തെ തിരച്ചിലിനൊടുവിൽ ഇളം ഗോൾഡ് കളറിൽ ബ്ലാക്കും സിൽവറോടും കൂടി ബോർഡർ വരുന്ന ഒരു സാരി അവന് ഇഷ്ട്ടപെട്ടു.

ആ സാരി അവളുടെ ശരീരത്തോട് ചേർത്ത് വച്ച് അവൻ ചോദിച്ചു.

"നമുക്ക് ഈ സാരി എടുത്താലോ?"

അവൾ സാരിയുടെ വിലയിലേക്കു നോക്കി കൊണ്ട് പറഞ്ഞു.

"ഞാൻ സാരി ഉടുക്കണമെന്ന് ഇച്ചായനല്ലേ നിർബന്ധം, അപ്പോൾ ഏതെടുത്താലും ഞാൻ ഉടുത്തോളം.. പക്ഷെ ഇത്ര വില കൂടിയ സാരി എടുക്കണോ?"

"വിലയൊന്നും നീ നോക്കണ്ട.. ഇഷ്ടപ്പെട്ടോ ഇല്ലയോ എന്ന് മാത്രം പറഞ്ഞാൽ മതി."

അവൾ ഒരു ചെറു പുഞ്ചിരിയോടെ ഇഷ്ടമായി എന്നുള്ള രീതിയിൽ തലയാട്ടി.

അവൻ സാരി സെയിൽസ് ഗെർളിന്റെ കൈയിൽ കൊടുത്തു കൊണ്ട് പറഞ്ഞു.

"ഇത് എടുത്തൊള്ളൂ.. ഞങ്ങൾക്ക് ഇനി കുറച്ചു ചുരിദാർ എടുക്കണം."

ശ്രീഹരി ഇത് പറയുന്നത് കേട്ട് ജീന ഒരു ഞെട്ടലോടെ അവന്റെ മുഖത്തേക്ക് നോക്കി.

"2nd ഫ്ലോറിൽ ആണ് സർ ചുരിദാർ സെലെക്ഷൻ."

ശ്രീഹരി ജീനയുടെ കൈയും പിടിച്ച് 2nd ഫ്ലോറിലേക്കു നടക്കുമ്പോൾ അവൾ ചോദിച്ചു.

"ആർക്കാ ചുരിദാർ?"

"നിനക്ക്.. അല്ലാതെ വേറെ ആർക്കാ?"

പടികൾ കയറുകയായിരുന്നു ശ്രീഹരിയുടെ കൈയിൽ ബലമായി പിടിച്ചു നടത്തം നിർത്തിച്ചുകൊണ്ടു ജീന പറഞ്ഞു.

"എനിക്കിപ്പോൾ ഡ്രസ്സ് വാങ്ങേണ്ട ഇച്ചായാ.. ആവിശ്യത്തിനുള്ളത് എനിക്കിപ്പോൾ ഉണ്ട്."

അവളുടെ ഇരു തോളുകളിലും പിടിച്ചുകൊണ്ട് ശ്രീഹരി പറഞ്ഞു.

"ജീന നീ എന്റെ ഫ്രണ്ട് മാത്രമല്ല, എനിക്ക് പറഞ്ഞു മനസിലാക്കി തരാൻ കഴിയാത്ത ഒരു ആത്മബന്ധമാണ് എനിക്കിപ്പോൾ നിന്നോടുള്ളത്.."

ജീന അവന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി നിൽക്കുകയായിരുന്നപ്പോൾ.

"അതുകൊണ്ട് നിനക്ക് ഞാൻ എന്തെങ്കിലും വാങ്ങി തരുന്നത് എന്റെ ഒരു സന്തോഷത്തിനാണ്.. അപ്പോൾ നീ അത് വേണ്ട എന്ന് പറയരുത്."

"ഇച്ചായാ.."

അവന്റെ വാക്കുകൾ കേട്ട സന്തോഷം കൊണ്ടോ എന്തോ അവളിൽ നിന്നും വാക്കുകൾ പുറത്തു വന്നില്ല, മാത്രമല്ല കണ്ണുകൾ നിറയുകയും ചെയ്തു.

ആ കണ്ണുനീർ സന്തോഷത്തിന്റെ ആണെന്ന് അറിയാവുന്ന ശ്രീഹരി പുഞ്ചിരിയോടെ അവളുടെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു.

"ഡീ പോത്തേ.. ഇവടെ നിന്ന് കരഞ്ഞ് സീൻ ചളമാക്കല്ലേ നീ."

അവൾ മുഖം കൈകൊണ്ട് തുടച്ച് ഒരു പുഞ്ചിരിയോടെ അവനോടൊപ്പം പടികൾ കയറി.

ശ്രീഹരി തന്നെയാണ് ചുരിദാറും സെലക്ട് ചെയ്തത്.. ജീന അവന്റെ കൈയിൽ ചുറ്റിപ്പിടിച്ച് കൂടെ നിൽക്കുകമാത്രമാണ് ചെയ്തത്.

രണ്ടു ജോഡി ചുരിദാർ എടുത്ത് കഴിഞ്ഞപ്പോൾ ശ്രീഹരി ചോദിച്ചു.

"നീ എപ്പോഴും ചുരിദാർ തന്നല്ലേ ഇടുന്നെ.. വീട്ടിൽ നിൽക്കുമ്പോൾ ഇടാൻ പാവാടയും ഷർട്ടും വാങ്ങിയാൽ നീ ഇടുമോ?"

"ഇച്ചായന് ഇഷ്ടമുള്ളത് വാങ്ങിക്കോ.. ഇച്ചായൻ വാങ്ങി തരുന്നത് എന്തായാലും ഞാൻ ഇട്ടോളും."

അവളുടെ സമ്മതം കിട്ടിക്കഴിഞ്ഞ ശ്രീഹരി മൂന്നു ജോഡി പാവാടയും ഷർട്ടും അവൾക്കായി വാങ്ങി.

അത് കഴിഞ്ഞു സെയിൽസ് ഗേർലിനോട് അവൻ പറഞ്ഞു.

"ഇനിയൊരു ജീൻസും ടോപ്പും വേണം."

അത് കേട്ടതും ജീന പെട്ടെന്ന് പറഞ്ഞു.

"ഞാൻ അതൊന്നും ഇടില്ല."

അത് കേട്ട സെയിൽസ് ഗേൾ ചോദ്യ ഭാവത്തിൽ അവന്റെ മുഖത്തേക്ക് നോക്കി.

അവൻ ഒരു ചിരിയോടെ പറഞ്ഞു.

"ഇവൾ പറയുന്നതൊന്നും ശ്രദ്ധിക്കേണ്ട, ഒരു ജീൻസും ടോപ്പും വേണം."

അവന്റെ കൈയിൽ ഇറുകെ ചുറ്റിപ്പിടിച്ച് ദയനീയ ഭാവത്തിൽ ജീന പറഞ്ഞു.

"വേണ്ട ഇച്ചായാ.. ഞാൻ ഇതുവരെ അതൊന്നും ഇട്ടിട്ടില്ല. എനിക്ക് അതിട്ടു നടക്കാൻ നാണക്കേടാ."

ജീനയുടെ മുഖ ഭാവവും സംസാരവും എല്ലാം കേട്ടപ്പോൾ സെയിൽസ് ഗേൾന്റെ മുഖത്ത് ഒരു ചിരി പടരുന്നുണ്ടായിരുന്നു.

അത് കണ്ട ശ്രീഹരി ജീനയോടു പറഞ്ഞു.

"നിനക്കല്ലടി പോത്തേ ഇത്.. നിന്റെ അളവിന് എടുത്താൽ മതി... മറ്റൊരാൾക്ക് കൊടുക്കാനാണ്."

അത് കേട്ട ജീന ആകാംഷയോടെ അവന്റെ മുഖത്തേക്ക് നോക്കി.

"ആർക്കാ ഇച്ചായാ?"

"അതൊക്കെ പിന്നെ പറയാം. നീ ഇപ്പോൾ ഡ്രസ്സ് നോക്ക്."

ജീൻസ് നോക്കുന്നതിനിടയിലും അവളുടെ ചിന്ത ഇത് ആർക്കെന്നായിരുന്നു. ക്ലാരക്കല്ലെന്ന് അവൾക്കുറപ്പാണ്. ക്ലാര ജീൻസും ടോപ്പും ഇടുമെങ്കിലും തന്റെ സൈസ് അവൾക്ക് ചേരില്ലെന്ന് ജീനക്കുറപ്പായിരുന്നു. അവളുടെ കണക്ക് കൂട്ടലുകൾക്കൊടുവിൽ അവസാനം മനസ്സിൽ വന്ന രൂപം മായയുടേതായിരുന്നു.

അവരുടെ ക്ലാസ്സിൽ തന്നെ പേടിച്ചിരുന്നതാണ് മായ. പലപ്പോഴും ശ്രീഹരിയോട് അടുത്തിടപഴകാൻ ശ്രമിക്കുന്നതും കൊഞ്ചി കുഴഞ്ഞ് സംസാരിക്കുന്നതും ജീനയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

"മായയ്ക്ക് കൊടുക്കാനാണേൽ ഞാൻ സമ്മതിക്കില്ല.. സത്യായിട്ടും ഞാൻ ക്ലാര ചേച്ചിയോട് പറഞ്ഞു കൊടുക്കും."

ജീനയുടെ ശബ്ദം കുറച്ച് ഉച്ചത്തിലായി പോയിരുന്നു. ജീനയും ശ്രീഹരിയും തമ്മിലുള്ള ബന്ധം അറിയില്ലെങ്കിലും ജീന പറഞ്ഞത് കേട്ട് സെയിൽസ് ഗേളിന്റെ മുഖത്ത് ചിരി പടർന്നു.

ശ്രീഹരി ശബ്ദം താഴ്ത്തി ജീനയോടു പറഞ്ഞു.

"നാണം കെടുത്താതെടി കൊരങ്ങി.. നീ മിണ്ടാതെ അവിടെ നിൽക്ക്, ഞാൻ ഇതൊരെണ്ണം എടുത്തോട്ടെ."

അപ്പോഴാണ് സെയിൽസ് ഗേളിന്റെ ചിരി അവളുടെ ശ്രദ്ധയിൽ പെട്ടത്. ജീന മുഖം താഴ്ത്തി അവനോടൊപ്പം നിന്നു.

കുറച്ചു നേരത്തെ തിരച്ചിലിനൊടുവിൽ ശ്രീഹരി ജീനയുടെ അളവിലുള്ള ഒരു ജീൻസും ടോപ്പും എടുത്തു.

അപ്പോഴും സെയിൽസ് ഗേളിന്റെ മുഖത്തെ പുഞ്ചിരി കണ്ട് ശ്രീഹരി എന്താ എന്നുള്ള അർഥത്തിൽ കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു. അവൾ ഒരു പുഞ്ചിരിയോടെ ജീനയെ നോക്കിയപ്പോൾ ശ്രീഹരിയും ജീനയെ ശ്രദ്ധിച്ചു.

മുഖവും വീർപ്പിച്ചു അവരെ ശ്രദ്ധിക്കാതെ വേറെ എവിടെയോ നോക്കി നിൽക്കുകയായിരുന്നു ജീന അപ്പോൾ.

ജീനയുടെ മുഖം കണ്ടപ്പോൾ ശ്രീഹരിക്കും ചിരി വന്നു.

"എന്റെ കൊച്ചേ.. ഇങ്ങനെ മുഖം വീർപ്പിച്ചു നിൽക്കണ്ട, ഞാൻ മായ്ക്ക് അല്ല അത് വാങ്ങിയത്."

"പിന്നർക്കാ?"

"അതൊക്കെ പിന്നെ പറഞ്ഞു തരാം.. ഇപ്പോൾ നിനക്കാവിശ്യം ഉള്ളതൊക്കെ പോയി എടുക്ക്."

അവൾ മനസിലാകാത്ത മുഖഭാവത്തിൽ ചോദിച്ചു.

"ഇനി എനിക്കെന്തെടുക്കാൻ?"

അവൻ ശബ്ദം താഴ്ത്തി ജീനയോടു പറഞ്ഞു.

"നിനക്കവിശ്യമുള്ള ഇന്നേഴ്സ് പോയി എടുക്കാൻ.. ഇനി അതിനും ഞാൻ കൂടെ വരണോ?'

അത് കേട്ടപ്പോൾ അവളുടെ മുഖത്ത് ഒരു നാണം തെളിഞ്ഞു.

"പോയി എടുത്തിട്ടു വാ, ഞാൻ ബിൽ കൗണ്ടറിൽ കാണും."

അവൾ ഒരു ചെറു പുഞ്ചിരിയോടെ നടക്കാൻ തുടങ്ങിയപ്പോൾ ശ്രീഹരി പറഞ്ഞു.

"ഡീ.. ഒരു കാര്യം കൂടി."

"എന്താ?"

അവൻ ഒരു ചിരിയോടെ പറഞ്ഞു.

"ബ്രാ എടുക്കുമ്പോൾ ഒരെണ്ണമോ അല്ലെങ്കിൽ എല്ലാമോ പാഡ് ഉള്ളത് എടുക്ക്, സാരി ഉടുക്കുമ്പോൾ അവിടെയൊക്കെ ഇത്തിരി സൈസ് ഉണ്ടെങ്കിലേ കാണാൻ ഭംഗി കാണു."

അവൾ ഒരു നിമിഷം അവനെ മിഴിച്ചു നോക്കിയാ ശേഷം അവന്റെ കൈയിൽ ഒരു നുള്ളു കൊടുത്തു.. എന്നിട്ടു നാണത്തിൽ കലർന്ന ഒരു പുഞ്ചിരിയോടെ അവിടന്ന് നടന്നു പോയി.

.

.

ബൈക്കിൽ വീട്ടിലേക്ക് പോകുന്നേരം ശ്രീഹരി ചോദിച്ചു.

"ഞാൻ പറഞ്ഞ ടൈപ്പ് തന്നാണോ ബ്രാ എടുത്തത്?"

അവന്റെ തോളിൽ അടിച്ചുകൊണ്ടു അവൾ പറഞ്ഞു.

"നാണമില്ലല്ലോ ഇതൊക്കെ ചോദിയ്ക്കാൻ."

"ആ.. എനിക്കിത്തിരി നാണം കുറവാ.. ചോദിച്ചെന്ന് ഉത്തരം താടി."

അവൾ അതിനുള്ള അർത്ഥത്തിൽ മൂളി.

ഡ്രെസ്സുകൾ വാങ്ങിയ കവർ ഇടതു കൈയിൽ ഒതുക്കി വലതുകൈ ശ്രീഹരിയുടെ തോളിൽ അമർത്തി അവനോടു ചേർന്ന് ഇരുന്നുകൊണ്ട് ജീന ചോദിച്ചു.

"അതേ.. ആർക്കാ ജീൻസ്സും ടോപ്പും വാങ്ങിയത്?"

അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"അത് പിന്നെ പറഞ്ഞു തരാം."

പിന്നെ അവളുടെ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഒന്നും വന്നില്ല. വീടെത്താറായപ്പോഴാണ് അവൻ വഴി അരികിൽ ബീഫ് വിൽക്കുന്നത് കണ്ടത്.

ബൈക്ക് നിർത്തി അവൻ ജീനയോടു ചോദിച്ചു.

"ബീഫ് വാങ്ങിയാൽ ഫ്രൈ ചെയ്തു തരുമോ?"

"ജീൻസും ടോപ്പും വാങ്ങിയത് ആർക്കാണെന്ന് പറയാതെ ഞാൻ ഇനി ഒന്നും ഉണ്ടാക്കി തരില്ല."

അവൾ വാശി കാണിക്കുന്നത് കണ്ട് അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"ഇങ്ങനെ പിണങ്ങാതെ എന്റെ കൊച്ചെ.. അത് ഞാൻ നിനക്ക് തന്നെ വാങ്ങിതാ."

അവൾ ബൈക്കിൽ നിന്നും ഇറങ്ങി, എന്നിട്ട് വിശ്വാസം വരാത്തപോലെ അവന്റെ മുഖത്തേക്ക് നോക്കി.

"സത്യമാടി.. വാങ്ങേണ്ട എന്നും പറഞ്ഞ് നീ അവിടെ ബഹളം വയ്ക്കേണ്ട എന്ന് വിചാരിച്ചാണ് ഞാൻ അങ്ങനെ പറഞ്ഞെ."

"ഞാനൊന്നും ഇടതില്ല അത്."

"അതൊക്കെ നമുക്ക് പിന്നെ തീരുമാനിക്കാം.. മോളിപ്പോൾ എനിക്ക് ബീഫ് ഫ്രൈ വച്ച് തരുമോ?"

അവൾ ശ്രീഹരിയുടെ നേരെ കൈ നീട്ടി ചിരിച്ചു കൊണ്ട് പറഞ്ഞു.

"പൈസ താ.. ഞാൻ പോയി ബീഫ് വാങ്ങിക്കൊണ്ടു വരട്ടെ."

അവൻ ഒരു ചെറു പുഞ്ചിരിയോടെ പേഴ്സ് എടുത്ത് അവളുടെ കൈയിൽ കൊടുത്തു.

.

.

രാത്രി ആഹാരം കഴിച്ച് കഴിഞ്ഞ് ടിവിയും കണ്ടിരിക്കുമ്പോഴാണ് ജീന ജോലിയൊക്കെ ഒതുക്കി അവിടേക്കു വന്നത്.

അവന്റെ അടുത്ത് സോഫയിലേക്ക് ഇരിക്കുന്നതിനിടയിൽ അവൾ ചോദിച്ചു.

"ഇച്ചായന് പഠിക്കാനൊന്നും ഇല്ലേ?"

"എനിക്കുള്ളതും കൂടി നീ പഠിക്കുന്നുണ്ടല്ലോ.. ക്ലാസ്സിലെ ബുജി അല്ലെ നീ."

"ഇച്ചായന് ജസ്റ്റ് പാസ് ആയാലും മതി, അച്ഛന്റെ ബിസിനസ്സും നോക്കി നടക്കാം, എനിക്ക് പഠിച്ച് ഒരു ജോലി വാങ്ങില്ലെങ്കിലേ ഭാവി വെള്ളത്തിലാകും."

ജീന സീരിയസ് ആകുന്നു എന്ന് കണ്ട ശ്രീഹരി അവളുടെ തോളിൽ കൂടി കൈ ഇട്ട് തന്നോട് ചേർത്ത് ഇരുത്തികൊണ്ട് പറഞ്ഞു.

"ഇനി അതിൽ കയറി തൂങ്ങണ്ട.. നാളെ വിദ്യാഭ്യാസ ബന്ദല്ലേ.. അതുകൊണ്ട് എന്നൊന്ന് റെസ്റ്റ് എടുക്കാന്ന് വിചാരിച്ച് ടിവിയുടെ മുന്നിൽ ഇരുന്നതാ."

അവന്റെ തോളിലേക്ക് തല ചാരി വച്ചുകൊണ്ടു അവൾ പറഞ്ഞു.

"ഓക്കേ ഓക്കേ.. ഇന്ന് ക്ലാര ചേച്ചി വിളിച്ചില്ലല്ലോ, എന്ത് പറ്റി?"

"നാളെ ക്ലാസ് ഇല്ലാത്തോണ്ട് അവൾ ഇവിടുള്ളോരു റിലേറ്റീവിന്റെ വീട്ടിൽ പോയി."

"ഇച്ചായൻ ഇവിടെ വന്നിട്ട് ഇതുവരെ വീട്ടിലേക്കൊന്നും പോയില്ലല്ലോ. അതെന്താ?"

"നിന്നെ ഇവിടെ ഒറ്റക്കാക്കിട്ട് ഞാൻ എങ്ങനാ വീട്ടിൽ പോകുന്നെ?"

കുറച്ചു നേരത്തേക്ക് ജീന ഒന്നും മിണ്ടാതിരുന്നു.

"സത്യത്തിൽ ഞാൻ ഇച്ചായന് ഒരു ശല്യമായി മാറുകയാണല്ലേ?"

"കൂടുതൽ സെന്റി അടിച്ചാൽ നല്ല അടി കിട്ടും കേട്ടോ..."

അവൾ പിന്നെ ഒന്നും മിണ്ടീല്ല.

"ഡീ.. എനിക്കൊരു കാര്യം ചോദിക്കാനുണ്ട്."

"എന്താ?"

"നീ എന്നെങ്കിലും വെള്ളമടിച്ചിട്ടുണ്ടോ?"

"ഛെ.. എനിക്കതിന്റെ സ്മെൽ പോലും ഇഷ്ട്ടമല്ല."

"അയ്യോ.."

അവന്റെ തോളിൽ നിന്നും തല മാറ്റി അവൾ ചോദിച്ചു.

"എന്തെ?"

"നാളെ ക്ലാസ് ഇല്ലല്ലോ, പിന്നെ ഇന്ന് ക്ലാരയും വിളിക്കില്ല.. അതുകൊണ്ട്..."

"അതുകൊണ്ട്?"

"ഞാൻ എനിക്ക് കുടിക്കാൻ വൈകിട്ട് ഒരു കുപ്പി വാങ്ങി കൊണ്ട് വന്നിരുന്നു."

അവൾ ഒരു ചെറു കുസൃതിയോടെ ചോദിച്ചു.

"അപ്പോൾ വെള്ളമടിയും ഉണ്ടല്ലേ.. എന്നിട്ട് പുറമെ എന്ത് മാന്യൻ."

"വല്ലപ്പോഴും കൂടിയേ കുടിക്കാറുള്ളു എന്റെ കൊച്ചെ.. ഇനിയിപ്പോൾ കുടിക്കുന്നില്ല, നിനക്കിഷ്ട്ടമല്ലല്ലോ."

അവൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

"ഞാൻ കുടിക്കുന്നതല്ലേ എനിക്ക് എനിക്ക് ഇഷ്ട്ടമല്ലാത്തത്, ഇച്ചായൻ വേണമെങ്കിൽ കുടിച്ചോ."

"നിനക്ക് കുഴപ്പമൊന്നും ഇല്ലല്ലോ?"

"ഇല്ലന്നെ.."

അവൻ സോഫയിൽ നിന്നും എഴുന്നേറ്റോണ്ട് പറഞ്ഞു.

"അപ്പോൾ ഞാൻ പോയി റൂമിൽ നിന്നും കുപ്പി എടുത്തു വരുമ്പോഴേക്കും മോള് പോയി ഒരു ഗ്ലാസും ഒരു പ്ലേറ്റിൽ കുറച്ചു ബീഫ് ഫ്രൈയും എടുത്തുണ്ട് വാ."

അവൾ ചിണുങ്ങിക്കൊണ്ടു പറഞ്ഞു.

"ഞാൻ ഇപ്പോൾ അങ്ങോട്ട് പാത്രം എല്ലാം കഴുകി വച്ചതേ ഉള്ളു."

"എന്റെ മോളല്ലേ, ഇച്ചിരി എടുത്തോണ്ട് വാ."

അവന്റെ സോപ്പിടിൽ കണ്ടപ്പോൾ അവൾ ചിരിച്ചുകൊണ്ട് അടുക്കളയിലേക്കു നടന്നു.

അവൻ കുപ്പിയും ആയി തിരികെ എത്തിയപ്പോഴേക്കും അവൾ ഗ്ലാസും വെള്ളവും ബീഫും റെഡി ആക്കി വച്ചിരുന്നു.

അവൻ സാവധാനം ആസ്വദിച്ചു ഇരുന്നു കുടിക്കുമ്പോൾ അവൾ അവന്റെ അരികിലായി ഇരുന്നു ടിവി കാണുവായിരുന്നു.

"ഞാൻ ഒരു കാര്യം പറഞ്ഞാൽ ചെയ്യുമോ നീ?"

"ഇച്ചായൻ എന്ത് വേണമെങ്കിലും പറഞ്ഞോ, ഞാൻ ചെയ്തോളം."

"എങ്കിൽ ഞാൻ ഇന്ന് വാങ്ങിത്തന്ന ജീൻസ്സും ടോപ്പും ഒന്ന് ഇട്ട് വാ."

അവൾ പെട്ടെന്ന് തന്നെ പറഞ്ഞു.

"എനിക്കൊന്നും വയ്യ."

"വാക്ക് പറഞ്ഞാൽ വാക്കായിരിക്കണം കേട്ടോ.. ഞാൻ എന്ത് വാങ്ങിത്തന്നാലും ഇട്ടോള്ളന് നീ പറഞ്ഞതാ."

"പ്ളീസ് ഇച്ചായാ.. ഞാൻ ഇതൊന്നും ഇട്ടിട്ടില്ല.. എനിക്ക് ചമ്മലാ അതൊക്കെ ഇടാൻ."

"എന്നെ ഒന്ന് ഇട്ട് കാണിക്കാനല്ലേ ഞാൻ പറഞ്ഞുള്ളു, വേറാരും കാണുന്നില്ലല്ലോ ഇവിടെ."

അവൾ ഒന്ന് ആലോചിച്ചു പറഞ്ഞു.

"ഞാൻ ഇട്ട് വരാം.. പക്ഷെ ഇച്ചായൻ എനിക്കൊരു വാക്ക് തരണം."

"എന്താ?"

"പുറത്തേക്കൊന്നും അതും ഇട്ടുകൊണ്ട് പോകാൻ എന്നോട് പറയരുത്."

അവൻ ഒന്നും ആലോചിക്കാതെ തന്നെ പറഞ്ഞു.

"ഓക്കേ.. സമ്മതിച്ചിരിക്കുന്നു."

അവൾ സോഫയിൽ നിന്നും എഴുന്നേറ്റു നടക്കുന്നതിനിടയിൽ തിരിഞ്ഞു നിന്നു ചോദിച്ചു.

"ഞാൻ അത് ഇതാണോ ഇച്ചായാ."

"ഞാൻ മിണ്ടില്ല കേട്ടോ."

അവൾ പിന്നെ ഒന്നും മിണ്ടാതെ റൂമിലേക്ക് നടന്നു.

ശ്രീഹരി തന്റെ നാലാമത്തെ പെഗ് ഗ്ലാസ്സിലൊഴിച് ടിവിയിലേക്കു നോക്കി ഇരിക്കുമ്പോൾ ജീനയുടെ സ്വരം കാതുകളിൽ എത്തി.

"ഇച്ചായാ.."

അവൻ ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കുമ്പോൾ നാണം കലർന്ന മുഖത്തോടെ നീല കളർ ജീൻസും, പിങ്ക് കളർ ബനിയൻ മോഡൽ ടോപ്പും ഇട്ട് നിൽക്കുകയായിരുന്നു ജീന. ശരീരത്ത് ഇറുകി കിടക്കുന്ന ടൈപ്പ് മോഡൽ ടോപ് ആയിരുന്നു അവളിട്ടിരുന്നത്.

"ഇങ്ങു അടുത്തേക്ക് വാ നീ."

ജീന സാവധാനം അവന്റെ മുന്നിൽ വന്നു നിന്നു. അവളെ കുറച്ചു നേരം നോക്കിയ ശേഷം കൈ പിടിച്ച് തന്റെ അരികിലേക്ക് ഇരുത്തികൊണ്ട് അവൻ പറഞ്ഞു.

"സത്യം പറയാല്ലോ, നിനക്ക് ജീൻസും ടോപ്പും നന്നായി ചേരുന്നുണ്ട്."

"കളിയാക്കുവാനല്ലേ എന്നെ?"

"ഡീ പോത്തേ.. കാര്യായിട്ട് പറഞ്ഞതാ ഞാൻ... പക്ഷെ.."

"പക്ഷെ...?"

"ഏയ്.. ഒന്നൂല്ല.."

അവന്റെ മുഖത്തേക്ക് നോക്കി അവൾ ചോദിച്ചു.

"പറ ഇച്ചായാ.."

അവൻ അവളുടെ നെഞ്ചത്തേക്ക് നോക്കി കൊണ്ട് പറഞ്ഞു.

"അവിടം കുറച്ചു കൂടി സൈസ് ഉണ്ടായിരുന്നേൽ കാണാൻ നല്ല സെക്സി ലുക്ക് ആയേനെ നിന്നെ."

അവൾ പെട്ടെന്ന് തന്റെ നെഞ്ച് പൊത്തിപിടിച്ചു കൊണ്ട് പറഞ്ഞു.

"ച്ചെ.. നാണമില്ലാത്ത സാധനം."

അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"ഞാൻ സത്യമാ പറഞ്ഞെ."

അവൾ ശബ്ദം താഴ്ത്തി പറഞ്ഞു.

"അവിടം വളരാത്ത ഇപ്പോൾ എന്റെ കുറ്റം ആണോ?"

അവൻ കണ്ണും മിഴിച് ചോദിച്ചു.

"നിന്റെ വായിൽ നിന്നും തന്നാണോ ഇത് വന്നേ?"

അവൾ സോഫയിൽ നിന്നും എഴുന്നേറ്റു ചിരിച്ചു കൊണ്ട് പറഞ്ഞു.

"ഇച്ചായന്റെ കൂടെ നടന്നിട്ടാണെന്നു തോന്നുന്നു ഇങ്ങനൊക്കെ എന്റെ വായിന്നു വീണു തുടങ്ങിയത്."

അവൻ അത് കേട്ട് പൊട്ടി ചിരിച്ചു.

"കണ്ട് കഴിഞ്ഞല്ലോ.. ഞാൻ ഇനി പോയി ഡ്രസ്സ് മാറ്റിട്ടു വരാം."

അവൾ കുറച്ചു മുന്നോട്ട് നടന്നിട്ട് തിരിഞ്ഞു നോക്കിയപ്പോഴാണ് ശ്രീഹരി പോക്കറ്റിൽ നിന്നും സിഗരറ്റു പാക്കറ്റ് പുറത്തെടുക്കുന്നത് അവൾ കണ്ടത്.

അവൾ പെട്ടെന്ന് തിരിഞ്ഞു നിന്നു ചോദിച്ചു.

"അതെന്താ?"

അവൻ പാക്കറ്റ് തുറന്ന് ഒരു സിഗരറ്റ് പുറത്ത് എടുത്ത് അവളെ കാണിച്ച് കൊണ്ട് പറഞ്ഞു.

"സിഗരറ്റ്.."

അവൾ അവന്റെ അടുത്തേക്ക് നടന്നു കൊണ്ട് ചോദിച്ചു.

"അതെനിക്ക് മനസിലായി, ഈ ദുശീലവും ഉണ്ടല്ലേ."

അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"വെള്ളമടിക്കുമ്പോൾ മാത്രമേ ഞാൻ വലിക്കുള്ളു."

അവന്റെ അരുകിലെത്തിയ അവൾ ശ്രീഹരിയുടെ കൈയിൽ നിന്നും സിഗരറ്റും പാക്കറ്റും പിടിച്ചു വാങ്ങിക്കൊണ്ടു പറഞ്ഞു.

"കുടിക്കാൻ ഞാൻ സമ്മതിച്ചു.. പക്ഷെ ഇത് ഞാൻ സമ്മതിക്കില്ല."

"ഡീ.. വല്ലപ്പോഴും കുടിക്കുമ്പോൾ മാത്രേ ഞാൻ വലിക്കാറുള്ളു."

അവൾ കടിപ്പിച്ച് പറഞ്ഞു.

"എപ്പോഴായാലും ഇത് ഞാൻ സമ്മതിക്കില്ല."

അവൻ അവളുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നപ്പോൾ അവൾ പറഞ്ഞു.

"ഇച്ചായൻ പറഞ്ഞത് കേട്ട് ഞാൻ ഇപ്പോൾ ഇത് ഇട്ട് കാണിച്ചില്ലേ.. അപ്പോൾ ഈ കാര്യത്തിൽ ഞാൻ പറയുന്നത് ഒന്ന് കേട്ടൂടെ?"

ശ്രീഹരി മനസ്സിൽ ചിന്തിച്ചു.

'ഇതുവരെ ഒരു കാര്യവും ഇത്ര വാശി പിടിച്ചു അവൾ ആവിശ്യപ്പെട്ടില്ല.. അവളുടെ ആവിശ്യം തനിക്കു ഒരു നഷ്ടവും വരുത്തുന്ന കാര്യവുമല്ല.. അവൾക്ക് ഒട്ടും ഇഷ്ടമല്ലാഞ്ഞിട്ടായിരിക്കില്ലേ ഇതിപ്പോൾ ആവിശ്യപ്പെടുന്നത്.'

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"നിന്റെ ഇഷ്ട്ടം..."

അവൾ പുഞ്ചിരി നിറഞ്ഞ മുഖത്തോടെ അവന്റെ അരികിലേക്ക് ഇരുന്നു. എന്നിട്ട് കുപ്പിയിലെ വെള്ളമെടുത്തു സിഗരറ്റ് പാക്കറ്റിലേക്ക് ഒഴിച്ച്.

"ഇപ്പോൾ സന്തോഷമായോ നിനക്ക്?"

അവൾ കുസൃതി ചിരിയോടെ തലയാട്ടി. എന്നിട്ട് പറഞ്ഞു.

"എനിക്ക് ഒരു കാര്യം കൂടി ചോദിക്കാനുണ്ട്."

അവൻ ആകാംഷയോടെ ചോദിച്ചു.

"എന്താ?"

"ഇച്ചായൻ രാവിലെ എന്നോടൊരു കാര്യം വാങ്ങാൻ പറഞ്ഞില്ലേ?"

"എന്ത്?"

അവൾ നാണം നിറഞ്ഞ മുഖത്തോടെ പറഞ്ഞു.

"പാഡുള്ള ബ്രാ.."

അവളുടെ മുഖത്തെ നാണം കണ്ട് അവൻ പുഞ്ചിരിയോടെ ചോദിച്ചു.

"ഹ്മ്.. വാങ്ങാൻ പറഞ്ഞു, അതിന്?"

"ബ്രായിൽ തന്നെ പാഡ് ഉള്ളതും ഇല്ലാത്തതും ഒകെ ഉണ്ടെന്ന് ഇച്ചായന് എങ്ങനെ അറിയാം?"

അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"അതൊക്കെ എല്ലാ ബോയ്സിനും അറിയാവുന്നതാണ്."

"ഓഹോ.. അപ്പോൾ നിന്നാണ് ബോയ്സിന് പെണ്പിള്ളേരുടെ ഇന്നേഴ്സിനെ കുറിച്ചുള്ള റിസർച്ച് ആണല്ലേ പണി."

അത് കേട്ട് അവൻ പൊട്ടി ചിരിച്ചു. അപ്പോൾ അവൾ ചോദിച്ചു.

"ഞാൻ ഒരു കാര്യം ചോദിച്ചാൽ സത്യം പറയുമോ?"

"എന്താ.. ചോദിക്ക്."

"ആദ്യം വാക്ക് താ സത്യം പറയുമെന്ന്."

അവൻ പുഞ്ചിരിയോടെ പറഞ്ഞു.

"ഓക്കേ.. വാക്ക് തന്നിരിക്കുന്നു."

"ഇച്ചായൻ അത്ര പെർഫെക്റ്റ് ഒന്നും അല്ലെന്നു മുൻപൊരിക്കൽ എന്നോട് പറഞ്ഞിരുന്നല്ലോ."

"അതിന്?"

"ഇച്ചായന് ഏതെങ്കിലും പെണ്ണുമായി ബന്ധമുണ്ടായിരുന്നോ?"

"എന്താ നീ ഉദ്ദേശിച്ചത്?"

അവൾ മടിച്ച് മടിച്ച് പറഞ്ഞു.

"അതായത്.. ഇച്ചായൻ.. ഏതെങ്കിലും പെണ്ണുമായി സെക്സ് ചെയ്തിട്ടുണ്ടോ?

അവളിൽ നിന്നും അങ്ങനെ ഒരു ചോദ്യം അവൻ പ്രതീക്ഷിച്ചിരുന്നില്ല. അത് കൊണ്ട് തന്നെ അവന് എന്ത് പറയണമെന്ന് പെട്ടെന്ന് ഒരു ഉത്തരം കിട്ടീല്ല.

അവൻ മിണ്ടാതിരിക്കുന്നത് കണ്ട് അവൾ പറഞ്ഞു.

"സത്യം മാത്രേ പറയാവു."

അവനൊന്ന് ആലോചിച്ചപ്പോൾ അവളോട് സത്യം പറയുന്നത് കൊണ്ട് തനിക്ക് കുഴപ്പം ഒന്നും ഉണ്ടാകില്ലെന്ന് തോന്നി. അവന് ദോഷം വരുന്ന ഒന്നും അവൾ മറ്റൊരാളോട് പറയില്ലെന്ന് ശ്രീഹരിക്ക് ഉറപ്പുണ്ടായിരുന്നു.

"ചെയ്തിട്ടുണ്ട്."

അവൾ ഭാവമാറ്റമൊന്നും ഇല്ലാതെ ചിരിച്ചു കൊണ്ട് ചോദിച്ചു.

"ആരായിരുന്നു കക്ഷി?"

"അങ്ങനെ ചോദിച്ചാൽ.."

"ചോദിച്ചാൽ?"

"ഞാൻ ഇന്ത്യ മൊത്തം യാത്ര ചെയ്തില്ലേ.. ആ യാത്രക്കിടയിൽ ഒരുപാട് പേരുമായി."

അവൾ കണ്ണ് മിഴിച് ചോദിച്ചു.

"ഒരുപാടുപേരുമായോ?"

അവൻ ചിരിച്ചു കൊണ്ട് മദ്യം ഒഴിച്ച് വച്ചിരുന്ന ഗ്ലാസ് കൈയിലേക്ക് എടുത്തു.

അവൾ തമാശയായി പറഞ്ഞു.

"എങ്ങനെ ഒരാളോടൊപ്പം ഞാൻ എന്ത് വിശ്വസിച്ചാണ് ഒറ്റയ്ക്ക് ഈ വീട്ടിൽ നിൽക്കുന്നെ?"

അവന്റെ മുഖത്തെ ചിരി പെട്ടെന്ന് മാഞ്ഞു. കൈയിലെടുത്ത ഗ്ലാസ് അവൻ തിരികെ വച്ചു.

അവന്റെ ഭാവമാറ്റം കണ്ടപ്പോൾ പറഞ്ഞത് അബദ്ധമായിപോയി എന്നവൾക്കു തോന്നി.

"ഇച്ചായാ.."

അവൻ ഒന്നും മിണ്ടീല്ല.

"ഞാൻ ഒരു തമാശ പറഞ്ഞതാ ഇച്ചായാ."

"നിനക്കുള്ള ഹോസ്റ്റൽ റൂം ഞാൻ ഇത്രേം പെട്ടെന്ന് ശരിയാക്കാം, നീ ഇനി എന്നോടൊപ്പം ഒറ്റയ്ക്ക് ഇവിടെ നിൽക്കണ്ട."

"ഞാൻ ഒന്നും മനസ്സിൽ വിചാരിച്ചു പറഞ്ഞതല്ല.. സത്യം."

അവൻ നിശബ്തനായി തന്നെ ഇരുന്നു.

അവന്റെ തല ഇരു കൈയും വച്ച് പിടിച്ചു തിരിച്ച് തന്റെ മുഖത്തേക്ക് അടുപ്പിച്ച് അവൾ പറഞ്ഞു.

"എന്റെ ഇച്ചായനെ എനിക്കറിയില്ലേ.. ഞാൻ ഒരു തമാശ പറഞ്ഞതല്ലേ.. എന്നോട് ക്ഷമിച്ചുകള.. സോറി സോറി സോറി.."

അവളുടെ ആ സംസാരം കേട്ട് അവന്റെ മുഖത്ത് ചെറുതായി പുഞ്ചിരി പടർന്നു. അത് കണ്ടപോഴേക്കും അവൾക്ക് ആശ്വാസം ആയി.

അവന്റെ മടിയിലേക്കു തലവച്ചു കിടന്ന് വയറിൽ ഇരു കൈയും കൊണ്ട് ചുറ്റിപ്പിടിച്ച് ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു.

"എന്നെ കൊന്നാലും ഞാൻ എവിടന്നു പോകൂല്ല."

അവൻ ചെറു ചിരിയോടെ അവളുടെ തലയിൽ തലോടി. അവൾ പിന്നെ അവന്റെ മടിയിൽ നിന്നും എഴുന്നേറ്റില്ല.. പതുക്കെ പതുക്കെ അവൾ ഉറക്കത്തിലേക്ക് വഴുതി വീണു.

.

.

രാവിലെ ഉറക്കം എഴുന്നേറ്റപ്പോഴാണ് താൻ ഇന്നലെ രാത്രി ശ്രീഹരിയുടെ മടിയിൽ കിടന്ന് ഉറങ്ങിപ്പോയി എന്ന കാര്യം അവൾ മനസിലാക്കിയത്.

അവൾ അവന്റെ മടിയിൽ കിടന്നുകൊണ്ട് തന്നെ ശ്രീഹരിയുടെ മുഖത്തേക്ക് നോക്കി. സോഫയിൽ ചാരി ഇരുന്ന് നല്ല ഗാഢ നിദ്രയിൽ ആണ് അവൻ. അപ്പോഴും അവന്റെ വലംകൈ ജീന താഴേക്ക് വീണുപോകാതിരിക്കാൻ അവളുടെ നെഞ്ചിൽ കൂടി ചുറ്റി പിടിച്ചിട്ടുണ്ട്.

അവൾ ശ്രീഹരിയെ ഉണർത്താതെ സാവധാനം അവന്റെ കൈ തന്റെ നെഞ്ചിൽ നിന്നും എടുത്തു മാറ്റി, എന്നിട്ട് അവന്റെ മടിയിൽ നിന്നും എഴുന്നേറ്റിരുന്നു. അപ്പോഴാണ് ടോപ് മുകളിലേക്ക് ചുരുണ്ടു കയറി തന്റെ വയറിന്റെ കുറച്ചു ഭാഗം നഗ്നമാണെന്നു അവൾ മനസിലാക്കിയത്.

'ശോ.. ഇന്നലെ ജീൻസും ടോപ്പും മാറാനും മറന്നു പോയി, ഇതിപ്പോൾ വയർ ഇച്ചായൻ കണ്ട് കാണുമോ?'

ടോപ് താഴേക്ക് വലിച്ചിടുന്നതിനിടയിൽ അടുത്ത ചിന്ത അവളുടെ മനസ്സിൽ കൂടി കടന്നു പോയി.

'അല്ലെങ്കിൽ തന്നെ വയറിന്റെ കുറച്ചു ഭാഗം ഇച്ചായൻ കണ്ടെന്നും പറഞ്ഞ് ഇപ്പോൾ എന്തുണ്ടാകാനാ.'

അവൾ അവിടിരുന്ന മദ്യത്തിന്റെ കുപ്പി കൈയിലെടുത്തു. പകുതിയോളം അതിലിനിയും ബാക്കി ഉണ്ട്. ജീന കുപ്പിയും ഗ്ലാസും പ്ലേറ്റും എടുത്ത് അടുക്കളയിലേക്ക് നടന്നു. ശ്രീഹരി അപ്പോഴും ഗാഢമായ ഉറക്കത്തിൽ തന്നെ ആയിരുന്നു.

കോഫി ഉണ്ടാക്കാനായി പാലും വെള്ളവും ചൂടാക്കാനായി വച്ച ശേഷം അവൾ ഡ്രസ്സ് മാറാനായി റൂമിലേക്ക് പോയി.

മാറി ഇടനായി തുണി എടുത്തപ്പോൾ ആദ്യം തന്റെ പഴയ ചുരിദാറിലേക്കാണ് അവളുടെ കൈ പോയത്. പിന്നെ എന്തോ ഓർത്തിട്ടെന്നവണ്ണം ശ്രീഹരി തലേന്ന് വാങ്ങി കൊടുത്ത പാവാടയും ഷർട്ടും

അവൾ കൈയിലേക്ക്എടുത്തു. എന്നിട്ട് അവൾ കണ്ണാടിയുടെ മുന്നിൽ പോയി നിന്ന് ജീൻസും ടോപ്പും ഇട്ട തന്റെ രൂപം നോക്കി.

'ഇച്ചായൻ പറഞ്ഞത് ശരിയാ.. ഈ ഡ്രെസ്സിൽ കാണാൻ ഒരു ചന്തമൊക്കെ ഉണ്ട്, ശരീരത്തിന്റെ ഷെയ്പ്പ് നല്ലപോലെ അറിയാൻ പറ്റും.. പിന്നെ ഇച്ചായൻ പറഞ്ഞപോലെ മുലയുടെ വലിപ്പം കുറച്ചുകൂടി ഉണ്ടായിരുന്നെങ്കിൽ..'

പെട്ടെന്ന് അവൾ ചെറു ചിരിയോടെ കൈ കൊണ്ട് തലയ്ക്കു സ്വയം അടിച്ചു.

'അയ്യേ.. എന്തൊക്കെ ഈ ചിന്തിക്കുന്നേ.'

അവൾ പെട്ടെന്ന് തന്നെ ഡ്രസ്സ് മാറി അടുക്കളയിലേക്ക് നടന്നു.

അവൾ കോഫിയുമായി വരുമ്പോൾ ഇരുന്ന് ഉറങ്ങിയിരുന്ന ശ്രീഹരി സോഫയിൽ കിടത്ത ആയിരുന്നു. അവന്റെ അടുത്ത് കിടന്ന ടീപ്പോയിലേക്ക് അവൾ കോഫി വച്ചപ്പോഴാണ് അവിടെ കാളിങ് ബെൽ മുഴങ്ങിയത്.

അവൾ ശ്രീഹരിയെ ഉണർത്താതെ പോയി വാതിൽ തുറന്നു. മധ്യ വയസ്കരായ ഒരു സ്ത്രീയും പുരുഷനും ആയിരുന്നു വാതിൽ തുറന്നപ്പോൾ അവളുടെ മുന്നിൽ ഉണ്ടായിരുന്നത്.

"ആരാ?"

ആ സ്ത്രീ പുഞ്ചിരിയോടെ തിരിച്ചു ചോദിച്ചു.

"ജീനയല്ലേ?"

അവൾ അത്ഭുതത്തോടെ അതെ എന്ന അർത്ഥത്തിൽ തലയാട്ടി.

സ്ത്രീക്കൊപ്പം ഉണ്ടായിരുന്ന പുരുഷൻ ചോദിച്ചു.

"ഞങ്ങൾക്ക് ജീനയെ അറിയാം, എന്നിട്ടും ജീനക്ക് ഞങ്ങളെ അറിയില്ലേ?"

അവൾക്ക് എത്ര ആലോചിച്ചിട്ടും അവരെ മനസിലായില്ല. അപ്പോഴാണ് ഉറക്കച്ചടവിൽ അവിടേക്കു നടന്നു വന്ന ശ്രീഹരി ചോദിച്ചത്.

"ആരാ ജീനെ വന്നത്."

അപ്പോൾ ആ സ്ത്രീ ജീനയോടു പറഞ്ഞു.

"അവന്റെ അച്ഛനും അമ്മയും ആണ് ഞങ്ങൾ."

അപ്പോഴാണ് ജീനയുടെ തൊട്ടു പിന്നിൽ എത്തിയ ശ്രീഹരി അവരെ കണ്ടത്.

അവൻ അതിശയത്തോടെ ചോദിച്ചു.

"നിങ്ങളെന്താ പെട്ടെന്ന് ഇവിടെ?"

അവർ ശ്രീഹരിയുടെ അച്ഛനും അമ്മയും ആണെന്ന് അറിഞ്ഞപ്പോൾ ഒരു മുന്നറിയിപ്പും ഇല്ലാതെ അവരെ മുന്നിൽ കണ്ട അന്താളിപ്പിൽ നിൽക്കയായിരുന്നു ജീന.

'അമ്മ പറഞ്ഞു.

"നിനക്ക് ഞങ്ങളെ കാണണ്ട എന്നും പറഞ്ഞു ഞങ്ങൾക്ക് നിന്നെ ഒന്ന് കാണണ്ടേ"

അച്ഛനും അമ്മയും അവരെ മാറി കടന്ന് വീടിനകത്തേക്ക് കയറി. അപ്പോഴാണ് തലേന്ന് കുടിച്ചു ബാക്കി വച്ച കുപ്പിയുടെ കാര്യം അവൻ ഓർത്തത്.

അവൻ ചെറിയൊരു ഭയത്തോടെ ജീനയോടു ശബ്ദം താഴ്ത്തി പറഞ്ഞു.

"കുപ്പി.."

അവൾ പുഞ്ചിരിയോടെ കുഴപ്പമില്ലെന്ന് അവനെ കണ്ണിറുക്കി കാണിച്ചു.

അവൾ കുപ്പി എടുത്ത് മാറ്റിയിട്ടുണ്ടെന്ന് അവന് മനസിലായി. അതിന്റെ ആശ്വാസത്തിൽ അവൻ അമ്മയോട് പറഞ്ഞു.

"ഓണത്തിന് ഞാൻ അങ്ങോട്ട് വരുന്നുണ്ടല്ലോ, അതാ ഞാൻ അടുത്തൊന്നും അങ്ങോട്ട് വരാഞ്ഞത്... പിന്നെ ഞാൻ അങ്ങോട്ട് വന്നാൽ ജീന ഇവിടെ ഒറ്റക്കാവില്ലേ?"

അതിനുള്ള മറുപടി അച്ഛൻ ആണ് പറഞ്ഞത്.

"നിനക്ക് മോളെയും കൂടെ അങ്ങ് കൊണ്ട് വന്നാൽ മതിയായിരുന്നല്ലോ."

അതിന് അവന് ഉത്തരമില്ലാത്തതിനാൽ വിഷയം മാറ്റാനായി അവൻ ജീനയോടു പറഞ്ഞു.

"ഇവർക്ക് ചായ എടുക്ക്."

അടുക്കളയിലേക്ക് പോകാനായി തിരിഞ്ഞ ജീന പെട്ടെന്ന് എന്തോ ഓർത്തിട്ട് ശ്രീഹരിയോട് ശബ്ദം താഴ്ത്തി പറഞ്ഞു.

"പാല് തീർന്നു."

'അമ്മ ചോദിച്ചു.

"എന്താടാ മോള് പറയുന്നേ?"

"പാല് തീർന്നു, ഞാൻ പോയി പാല് വാങ്ങിട്ടു വരാം."

അത് കേട്ട അച്ഛൻ പറഞ്ഞു.

"ഇനി പാല് വാങ്ങാനൊന്നും പോകണ്ട..കട്ടൻ ഇട്ടാൽ മതി."

ജീന അടുക്കളയിലേക്ക് പോയപ്പോൾ അമ്മയും അവളോടൊപ്പം അടുക്കളയിലേക്ക് ചെന്നു.

അന്നത്തെ ദിവസം ഉച്ച ഭക്ഷണത്തിനു ശേഷമാണ് അച്ഛനും അമ്മയും തിരിച്ച് പോയത്.

അതുവരെയുള്ള ജീനയുടെ സൗമ്യമായ പെരുമാറ്റവും, അവളുണ്ടാക്കിയ രുചിയേറിയ ആഹാരവും എല്ലാം കൊണ്ട് അവർക്കു അവളെ ഒരുപാട് ഇഷ്ടപെട്ടു. ഒരു ദിവസം അവളെ വീട്ടിലേക്ക് കൊണ്ട് വരണമെന്ന് ശ്രീഹരിയോട് പറഞ്ഞു ഏൽപ്പിച്ച ശേഷമാണ് അവർ അവിടെ നിന്നും പോയത്.

. . . .

ബൈക്ക് പാർക്ക് ചെയ്ത് അവർ രണ്ടുപേരും ഒരുമിച്ചാണ് ക്ലാസ്റൂമിലെക്കു നടന്നത്.

ക്ലാസ്സിലേക്കുള്ള വഴിയിൽ ആണ്പിള്ളേര് ജീനയെ ശ്രദ്ധിക്കുന്നത് അവനും അവളും അറിയുന്നുണ്ടായിരുന്നു. ഒരു തരത്തിൽ അത് അവളിൽ തന്റെ സൗന്ദര്യത്തെ കുറിച്ച് ഒരു ആത്മവിശ്വാസം ഉണ്ടാക്കുകയാണ് ചെയ്തത്. അവളുടെ മുഖത്ത് അത് സന്തോഷത്തിന്റെ രൂപത്തിൽ കാണാനും ഉണ്ടായിരുന്നു.

അവർ ക്ലാസ് റൂമിൽ എത്തുമ്പോൾ അത്തക്കളം ഇട്ടു തുടങ്ങിയിട്ടുണ്ട്.

ക്ലാസ്സിലെ ആൺപിള്ളേരൊന്നും ജീനയെ അത്രയും നാൾ അധികമൊന്നും ശ്രദ്ധിച്ചിട്ടില്ലായിരുന്നു. അധികം വണ്ണമൊന്നും ഇല്ലാത്ത അവൾക്ക് വെളുപ്പും മുഖത്തെ ഒരു ഐശ്വര്യവും ആയിരുന്നു പ്ലസ് പോയിന്റ് ആയി ഉണ്ടായിരുന്നത്. ചില ആൺപിള്ളേരൊക്കെ അവളെ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ആരോടും മിണ്ടാത്ത അവളുടെ പ്രകൃതം അവർക്ക് അവളോട് അടുത്ത് ഇടപഴകാനുള്ള അവസരം ഉണ്ടാക്കിയിരുന്നില്ല.

ഇന്ന് സാരി ഉടുത്തുകൊണ്ടുള്ള അവളുടെ കടന്നു വരവ് ക്ലാസ്സിൽ അവളെ ശ്രദ്ധകേന്ദ്രമാക്കി. ആൺപിള്ളേരും പെൺപിള്ളേരും അവളെ ഒരേപോലെ ശ്രദ്ധിച്ചു. ചില പെണ്പിള്ളേര്ക്ക് അവളോട് ചെറിയൊരു അസൂയ ഉണ്ടാക്കി എന്നുതന്നെ പറയാം.

ജീന പൂക്കൾ ഇറുക്കുന്നവരെ സഹായിക്കാനായി പോയിരുന്നു. ജീന അവിടേക്ക് പോയത് കണ്ട് അവിടെ ചുമ്മാ നിന്നിരുന്ന രണ്ട് ആൺപിള്ളേർ

അവൾക്കൊപ്പം അവിടേക്ക് പോയി. ഇത് കണ്ട് ശ്രീഹരിക്ക് ചിരിയാണ് വന്നത്.

ഇന്ന് മുതൽ അവളുടെ പിറകെ നടക്കാൻ ആൺപിള്ളേർ ഉണ്ടാകും എന്ന് അവന് ഉറപ്പായിരുന്നു. പക്ഷെ അതിലൊന്നും അവൾ വീഴില്ലെന്നും അവന് അതിനേക്കാളേറെ ഉറപ്പായിരുന്നു.

പൂക്കൾ ഇറുക്കുന്നതിനിടയിൽ ജീന ശ്രീഹരിയെ ശ്രദ്ധിച്ചു. അവൻ ഭിത്തിയിൽ ചാരി നിന്ന് അത്തം ഇടുന്ന പെൺപിള്ളേരെ തന്നെ വായി നോക്കി നിൽക്കുകയാണ്. ഒരു നിമിഷം ശ്രദ്ധ അവരിൽ നിന്നും മാറിയപ്പോഴാണ് ജീന തന്നെ നോക്കുന്നത് അവൻ കണ്ടത്.അവന്റെ മുഖത്ത് പെട്ടെന്ന് ചമ്മൽ നിറഞ്ഞ ചിരി വന്നു. അവളും അവനെ നോക്കി എല്ലാം മനസിലായി എന്ന അർഥത്തിൽ തലയാട്ടികൊണ്ട് ചിരിച്ചു.

ജീനയുടെ അടുത്തിരുന്ന ചെറുക്കന്മാർ അവളോട് ഓരോന്ന് ചോദിച്ച് സംസാരിക്കാൻ ശ്രമിച്ചു. അവൾ അതിനൊക്കെ ഒറ്റവാക്കിൽ മറുപടി പറഞ്ഞ് ഒഴുവാക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അപ്പോഴാണ് ക്ലാസ്സിന്റെ വാതിക്കൽ വന്ന് നിൽക്കുന്ന ക്ലാരയെ ജീന ശ്രദ്ധിച്ചത്.

ഒരു ചുവപ്പ് സാരി ആണ് അവൾ ഉടുത്തിരിക്കുന്നത്. ക്ലാരയുടെ മുഖം അത്ര സന്തോഷത്തിൽ അല്ലായിരുന്നു. എന്തോ ഇഷ്ട്ടപ്പെടാത്ത കാണുന്ന ഒരു ഭാവം.

അവളുടെ നോട്ടം എവിടേക്കാണെന്നു ജീന ശ്രദ്ധിച്ചു.

ശ്രീഹരിയെ ആണ് ക്ലാര നോക്കുന്നത്. ഭിത്തിയിൽ ചാരി നിൽക്കുന്ന അവനോടു സംസാരിച്ചുകൊണ്ട് ക്ലാസ്സിൽ തന്നെ പഠിക്കുന്ന മായ നിൽക്കുന്നു. അവന്റെ ശരീരത്തോട് ഒരുപാട് ചേർന്നാണ് അവൾ നിൽക്കുന്നത്. എന്തോ പറഞ്ഞു അവർ ചിരിക്കുകയും മായ അവന്റെ കൈയിലൊക്കെ പിടിക്കുന്നും ഉണ്ട്.

ക്ലാരയ്ക്ക് അത് ഒട്ടും ഇഷ്ട്ടപെടുന്നില്ലെന്ന് ജീനക്ക് മനസിലായി.

ജീന പെട്ടെന്ന് എഴുന്നേറ്റു ശ്രീഹരിയുടെ അടുത്തേക്ക് നടന്നു. എന്നിട്ട് അവന്റെ തലയിൽ പൊടി തട്ടുന്നപോലെ ചെയ്തുകൊണ്ട് ശ്രീഹരിക്കും മായ്ക്കും ഇടയിൽ നൂഴ്ന്നു കയറി. എന്നിട്ട് പറഞ്ഞു.

"വാതിക്കൽ ഒരാൾ ഇച്ചായനെയും തുറിച്ച് നോക്കി നിൽപ്പുണ്ട്."

ശ്രീഹരിയെ രക്ഷിക്കാനുള്ള ജീനയുടെ ശ്രമം കണ്ട് സത്യത്തിൽ ക്ലാരയ്ക്ക് ചിരിയാണ് വന്നത്. പക്ഷെ അവൾ ചിരി കടിച്ചമർത്തി ദേഷ്യഭാവത്തിൽ നിന്നു.

വാതിക്കലേക്ക് നോക്കിയ ശ്രീഹരിക്ക് ക്ലാരയുടെ മുഖം കണ്ടപ്പോഴേ ഇത് കുഴപ്പമാകുമെന്ന് മനസിലായി.

ശ്രീഹരി തന്നെ കണ്ടെന്നു മനസിലായപ്പോഴേ ക്ലാര അവിടെ നിന്നും തിരിച്ചു നടന്നു.

അവൻ സ്വയം പറഞ്ഞു.

"ഈശ്വരാ പണി പാളിന്നാ തോന്നുന്നേ."

"അതെ.. പണി പാളി, ഇച്ചായൻ വേഗം പിറകെ വിട്ടോ."

ശ്രീഹരി പെട്ടെന്ന് തന്നെ ക്ലാരയുടെ പിറകെ നടന്നു.

ഇത് കണ്ട് മായ ചിരിച്ചു പോയി. മായയുടെ ചിരി കണ്ട് അത് ഇഷ്ടപ്പെടാതെ ജീന അവളെ രൂക്ഷമായി നോക്കി.

"ഡീ.. എന്നെ നോക്കി ദഹിപ്പിക്കണ്ട.. ഇതൊക്കെ ഹരിയേട്ടനെ പിറകെ നടത്തിക്കാനുള്ള ക്ലാര ചേച്ചിയുടെ നമ്പരുകളല്ലേ.. അല്ലാതെ ഇത് വലിയ പ്രശ്നം ഒന്നും ആകില്ല."

ജീന ഒന്നും മിണ്ടാതെ നിന്നപ്പോൾ മായ പറഞ്ഞു.

"നിനക്കെന്നെ ഇഷ്ടമല്ലെന്ന് ഹരിയേട്ടൻ പറഞ്ഞിരുന്നു.. എന്റെ അച്ഛനും ഹരിയേട്ടന്റെ അച്ഛനും കൂട്ടുകാരാ, അതുകൊണ്ടു എനിക്ക് ഹരിയേട്ടനെ എനിക്ക് നേരത്തെ അറിയാം, ആ പരിചയത്തിലാ ഞങ്ങൾ സംസാരിക്കുന്നെ, അല്ലാതെ നീ വിചാരിക്കുന്നപോലെ എനിക്ക് ഹരിയേട്ടനോട് ഒന്നും ഇല്ല."

അപ്പോഴാണ് താൻ മായയെ കുറിച്ച് വിചാരിച്ചിരുന്നതൊക്കെ തെറ്റാണെന്ന് ജീനക്ക് മനസിലായത്. തന്നെ കളിപ്പിച്ചയാണ് മായയെ നേരത്തെ അറിയാവുന്ന കാര്യം ഹരി പറയാഞ്ഞതെന്നും അവൾക്കു മനസിലായി.

അവളുടെ ചമ്മിയ മുഖഭാവം കണ്ട് മായ പറഞ്ഞു.

"കൂടുതൽ ചമ്മി കുളമാക്കണ്ട."

അതുകേട്ട് ജീന മുഖത്ത് ഒരു ചിരി വരുത്തുവാൻ ശ്രമിച്ചു.

"ഇതുപോലുള്ള സന്ദർഭങ്ങളിൽ രക്ഷിക്കാൻ ഹരിയേട്ടന് നിന്നെപോലൊരു കൂട്ട് കിട്ടിയത് ഭാഗ്യമാണ് കേട്ടോ, അത് കൊണ്ടാണെന്നു തോന്നുന്നു ഹരിയേട്ടന് നിന്നെ ജീവനാ."

ഇത് കേട്ടപ്പോൾ ജീനയുടെ മുഖത്ത് ആത്മാർത്ഥമായ ചിരി വിടർന്നു.

"ഇന്ന് നിന്നെ കാണാൻ സൂപ്പർ ആയിട്ടുണ്ട്."

"താങ്ക്സ്."

"ഹരിയേട്ടൻ വാങ്ങി തന്നതാകും അല്ലെ സാരി."

"അല്ലാതെ എനിക്ക് വേറെ ആര് വാങ്ങി തരാനാ."

മായ അവളെ കളിയാക്കി കൊണ്ട് പറഞ്ഞു.

"ഇന്ന് നീയാണ് ക്ലാസ്സിലെ താരം. ചുറ്റുമൊന്ന് നോക്കിയേ.. ക്ലാസ്സിലെ വായിനോക്കികളെല്ലാം ശ്രദ്ധിക്കുന്നത് നിന്നെയാ."

ജീന ചുറ്റുമൊന്ന് നോക്കിയപ്പോൾ അത് സത്യമാണെന്ന് മനസിലായി.

"അതുകൊണ്ട് ഇനി ചിലപ്പോൾ നിനക്ക് ഓരോന്ന് വാങ്ങി തരാൻ ഹരിയേട്ടനല്ലാതെ വേറെ ആരെങ്കിലുമൊക്കെ കാണും."

ജീന പെട്ടെന്ന് പറഞ്ഞു.

"എനിക്ക് ആരും ഒന്നും വാങ്ങി തരേണ്ട."

അത് കേട്ട് മായ ചിരിച്ചു.

ക്ലാരയുടെ പിറകെ വേഗതയിൽ നടക്കുന്നതിനിടയിൽ ശ്രീഹരി വിളിച്ചു.

"ക്ലാരേ.."

അവൾ കേൾക്കാത്ത ഭാവത്തിൽ നടന്നു.

"അവൻ ശബ്ദം ഉയർത്തി പറഞ്ഞു.

"ക്ലാരേ.. ഒന്ന് നിന്നെ നീ."

അവൾ നടത്തം നിർത്തി തിരിഞ്ഞ് നിന്ന് ചോദിച്ചു.

"എന്താ?"

"ഇങ്ങനെ ദേഷ്യപ്പെട്ടു പോകാൻ എന്താ ഉണ്ടായത്."

"ആരതിന് ദേഷ്യപ്പെട്ടു?"

"നീ എന്നെ കണ്ട് മുഖവും വീർപ്പിച്ച് പോയതുകൊണ്ടല്ലേ ഞാൻ പിറകെ വന്നത്."

"ഞാൻ അങ്ങനെ പോയെങ്കിൽ നീ എന്തിനാ എന്റെ പിറകെ വരുന്നെ.. അവിടെ ഒരുത്തി കൊഞ്ചി കുഴഞ്ഞു നിൽപ്പുണ്ടായിരുന്നല്ലോ. അവളോടൊപ്പം സംസാരിച്ചു നിന്നാൽ പോരായിരുന്നോ?"

അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"എനിക്ക് മനസിലായി മായ എന്നോട് സംസാരിച്ചത് നിനക്ക് ഇഷ്ടപെട്ടില്ലെന്ന്."

ക്ലാര മറുപടി ഒന്നും പറയില്ല.

"ഡീ.. അവളെന്റെ അച്ഛന്റെ കൂട്ടുകാരന്റെ മോളാ.. ഞങ്ങൾ ചുമ്മാ സംസാരിച്ചു നിൽക്കുവായിരുന്നു."

മായ അവന്റെ അച്ഛന്റെ കൂട്ടുകാരന്റെ മോളാണെന്ന് അറിഞ്ഞപ്പോൾ ക്ലാര ഒന്ന് മയപ്പെട്ടു, എങ്കിലും അവൾ ചോദിച്ചു.

"അവളെന്തിനാ നിന്റെ കൈയിലൊക്കെ കയറി പിടിച്ച് സംസാരിക്കുന്നെ?"

അവന് പെട്ടെന്ന് എന്ത് പറയണമെന്ന് മനസിൽ വന്നില്ല. പിന്നെ അവൻ പറഞ്ഞു.

"ജീന എന്റെ കൈയിലൊക്കെ പിടിക്കാറില്ലേ?"

ക്ലാര പെട്ടെന്ന് പറഞ്ഞു.

"അത് ജീന.. നീ അവളെയും മറ്റുള്ള പെണ്പിള്ളേരെയും വച്ച് താരതമ്യം ചെയ്യണ്ട."

അപ്പോഴാണ് വരാന്തയിൽ കൂടി അവർക്കരികിലേക്ക് നടന്നു വരുന്ന ജീനയെ ക്ലാര കണ്ടത്.

"പറഞ്ഞു തീർന്നില്ല.. വരുന്നുണ്ടല്ലോ നിന്റെ വാല്."

അതുകേട്ട് ശ്രീഹരി ചിരിച്ചു.

ജീന അടുത്തെത്തിയപ്പോൾ ക്ലാര പറഞ്ഞു.

"എന്തായിരുന്നു അഭിനയം.. തലയിലെ പൊടിതട്ടി കളയുന്നു, അവളെ തള്ളിമാറ്റി ഇടയിലേക്ക് കയറി നിൽക്കുന്നു.. ഇവൻ എന്ത് കുരുത്തക്കേട് ഒപ്പിച്ചാലും അങ്ങ് രക്ഷിച്ചോളും അല്ലെ?"

ജീന ഒരു കുസൃതി ചിരിയോടെ പറഞ്ഞു.

"ഇച്ചായൻ എന്ത് കുരുത്തക്കേട് കാണിക്കാനാ.. എന്റെ ഇച്ചായൻ പാവമല്ലേ?"

അതുകേട്ട് ശ്രീഹരി ചിരിച്ചപ്പോൾ ക്ലാര പറഞ്ഞു.

"അവളും അവളുടെ ഒരു ഇച്ചായനും."

ക്ലാര ജീനയെ മൊത്തത്തിൽ ഒന്ന് നോക്കി.

"ഇന്ന് സുന്ദരി ആയിട്ടുണ്ടല്ലോ നീ."

ജീന ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇച്ചായന്റെ സെലെക്ഷൻ ആണ് സാരി."

"ഇവനപ്പോൾ സാരി ഒക്കെ സെലക്ട് ചെയ്യാൻ അറിയാം അല്ലെ?"

അപ്പോഴാണ് അവന് ഒരു ഫോൺ കാൾ വന്നത്. എടുത്തു നോക്കുമ്പോൾ അവന്റെ അനിയത്തി ശ്രീവിദ്യ ആയിരുന്നു.

"വിദ്യ ആണ് വിളിക്കുന്നെ.. നിങ്ങൾ സംസാരിക്ക് ഞാൻ ഇപ്പോൾ വരാമേ."

അവൻ ഫോണുമായി കുറച്ചപ്പുറത്തേക്ക് മാറി നിന്നു.

"ചേച്ചിക്കെന്താ ഇച്ചായനോട് ഇഷ്ടമാണെന്ന് തുറന്നു പറഞ്ഞാൽ."

"അതിനു എനിക്കവനെ ഇഷ്ടമാണെന്ന് ആര് പറഞ്ഞു?"

"ആരും പറയണ്ട.. ചേച്ചിടെ പ്രവർത്തികളിൽ നിന്നും മനസിലായിക്കൊള്ളും."

അത് കേട്ട് ക്ലാര ചിരിച്ചു.അപ്പോഴാണ് തന്റെ ക്ലാസ്സിൽ പഠിക്കുന്ന രണ്ട് ആൺപിള്ളേർ അവിടേക്ക് നടന്നു വരുന്നത് ക്ലാര ശ്രദ്ധിച്ചത്.

"വരുന്നുണ്ടല്ലോ നാശങ്ങൾ.."

"എന്താ ചേച്ചി?"

അവന്മാരെ ചൂണ്ടിക്കാണിച്ച് ക്ലാര പറഞ്ഞു.

"ക്ലാസ്സിലെ പ്രധാന വായിനോക്കികളാണ്.. പെൺപിള്ളേരോട് മാന്യമായി സംസാരിക്കാൻ അറിഞ്ഞുകൂടാ."

ജീന അവന്മാരെ ശ്രദ്ധിച്ചു. അവന്മാരുടെ കണ്ണുകളും നടത്തവും കാണുമ്പോഴേ അറിയാം മദ്യപിച്ചുള്ള വരക്കം ആണെന്ന്.

അവരുടെ അടുത്തെത്തിയപ്പോൾ ഒന്നാമൻ പറഞ്ഞു.

"ക്ലാര ഇന്ന് സാരിയൊക്കെ ഉടുത്ത് സുന്ദരിയാണല്ലോ."

രണ്ടാമൻ - "പക്ഷെ സാരിയൊക്കെ കുറച്ചുകൂടി താഴ്ത്തി ഉടുത്തു പോക്കിളൊക്കെ നല്ലപോലെ കാണിച്ചു നിന്നിരുന്നേൽ ഞങ്ങളെപോലുള്ളവർക്ക് കാണാൻ കുറച്ചുകൂടി രാസമായേനെ."

ഒന്നാമൻ ജീനയെ നോക്കി പറഞ്ഞു.

"ഇവൾ കാണാൻ സ്കേൽട് ആണെങ്കിലും ഒരു സെക്സി ലുക്ക് ഉണ്ട്... ഞങ്ങളോട് സഹകരിച്ചാൽ കുറച്ചുകൂടി സൈസ് ആക്കി തരാം."

രണ്ടാമൻ - എന്താ.. സഹകരിക്കാൻ താല്പര്യം ഉണ്ടോ?"

ഇവരുടെ സംസാരം ശ്രീഹരി ശ്രദ്ധിക്കുന്നുണ്ട് എന്ന് മനസിലാക്കിയ ക്ലാര പറഞ്ഞു.

"ഡാ. വെറുതെ അനാവശ്യം പറയാതെ പോകാൻ നോക്ക്."

ഒന്നാമൻ ശ്രീഹരിയെ നോക്കികൊണ്ട് പറഞ്ഞു.

"ഞങ്ങളൊക്കെ പറയുമ്പോൾ അനാവശ്യം.. ഇവിടെ ഓരോത്തന്മാർ ഒരേ സമയം രണ്ടുപേരെ കൊണ്ട് നടക്കുന്നത് നമ്മളൊന്നും അറിയുന്നില്ലെന്നാണ് വിചാരം."

അവന്മാർ അവിടെ നിന്നും നടന്നു നീങ്ങിയപ്പോൾ ഇതെല്ലം കേട്ട് ദേഷ്യം കൊണ്ട് വിറച്ച ശ്രീഹരി അവന്മാരുടെ അടുത്തേക്ക് വേഗതയിൽ നടന്നു.

ക്ലാര തലയിൽ കൈ വച്ചുകൊണ്ട് പറഞ്ഞു.

"തീർന്നു.. ഇവൻനിന്നിനി അവന്മാരെ അടിക്കാതെ അടങ്ങില്ല."

ശ്രീഹരിയെ പിടിച്ചു നിർത്താനുള്ള ധൈര്യം ക്ലാരക്ക് ഇല്ലായിരുന്നു. അവനെ പിടിക്കാൻ പോയാൽ തനിക്കു അടികൊള്ളുമെന്ന കാര്യം അവൾക്കുറപ്പാണ്. ഇനി എന്ത് ചെയ്യുമെന്ന് ക്ലാര ആലോചിച്ച് നിൽക്കുന്നതിനിടയിൽ ജീന പെട്ടെന്ന് ശ്രീഹരിയുടെ അടുത്തേക്ക് നടന്നു.

അവരുടെ അടുത്തേക്ക് വേഗതയിൽ നടക്കുകയായിരുന്ന ശ്രീഹരിയുടെ കൈയിൽ പിടിച്ചുകൊണ്ട് ജീന പറഞ്ഞു.

"ഇച്ചായാ.. വെറുതെ പ്രശ്നങ്ങൾ ഉണ്ടാക്കരുത്."

അവളുടെ കൈ തട്ടി മാറ്റി അവൻ മുന്നോട്ടു പോകാനാഞ്ഞപ്പോൾ ജീന ഉറക്കെ വിളിച്ചു.

"ഇച്ചായാ..."

ഹരി അവളെയൊന്നു തിരിഞ്ഞു നോക്കി. അവളുടെ കണ്ണുകൾ നനഞ്ഞു തുടങ്ങിയിരുന്നു.

ദയനീയമായി ശബ്ദം താഴ്ത്തി അവൾ പറഞ്ഞു.

"പ്ലീസ്..."

അവൻ കുറച്ചു നേരം ജീനയെ നോക്കി നിന്നു, എന്നിട്ട് അടുത്തുണ്ടായിരുന്ന ഭിത്തിയിൽ കൈ കൊണ്ട് ആഞ്ഞ് ഇടിച്ച ശേഷം വരാന്തയുടെ പടികൾ ഇറങ്ങി അവിടെ നിന്നും നടന്നു പോയി.

ക്ലാരക്ക് ശരിക്കും അത്ഭുതമായിരുന്നു അവന്റെ ഈ പിന്മാറ്റം. സ്കൂളിൽ പഠിക്കുന്ന കാലം തൊട്ടു അറിയാവുന്നതാണ് അവനെ. ദേഷ്യം വന്ന് ഇറങ്ങി പുറപ്പെട്ടുകഴിഞ്ഞാൽ അവൻ അടി ഉണ്ടാക്കാതെ അടങ്ങുകയില്ല.

ശ്രീഹരിയുടെ പിന്നാലെ ജീന വേഗതയിൽ നടന്നു. അവൾക്ക് പിന്നാലെ ക്ലാരയും.

അവൻ നേരെ പോയി ഒരു മരത്തിനു ചുവട്ടിൽ കെട്ടി ഇട്ടിരിക്കുന്ന തിട്ടയിൽ ഇരുന്നു. ജീന അവന്റെ തൊട്ടു മുന്നിലായി പോയി നിന്നു. അവൻ അവളെ നോക്കാതെ തല കുനിച്ചിരിക്കുകയായിരുന്നു. അവർക്കു പിന്നാലെ എത്തിയ ക്ലാര അവന്റെ അരികിലേക്കായി ഇരുന്നു.

ജീന തൂണിലേക്കിടിച്ച അവന്റെ കൈയിൽ പിടിച്ചു. അവൻ കൈ കുടഞ്ഞു മാറ്റി. ജീന ബലമായി തന്നെ അവന്റെ കൈയിൽ പിടിച്ചു നോക്കി. വിരലിലെ തൊലി ചെറുതായി മുറിഞ്ഞിട്ടുണ്ട്. അല്ലാതെ വേറെ കുഴപ്പമൊന്നും ഇല്ല.

"നിനക്കപ്പോൾ ദേഷ്യമൊക്കെ കണ്ട്രോൾ ചെയ്യാനും അറിയാമല്ലേ?"

അവർക്കു ചുറ്റും ഉണ്ടായിരുന്ന ഗൗരവം നിറഞ്ഞ അന്തരീക്ഷത്തിന് ഒരു അയവു വരുത്തണമെന്ന് തോന്നിയതിനാൽ ക്ലാരയുടെ ചോദ്യത്തിന് മറുപടിയായി അവൻ പറഞ്ഞു.

"ഇന്ന് ഞാൻ അടി ഉണ്ടാക്കിയിട്ട് വീട്ടിലേക്ക് ചെന്നാൽ ഇവൾ എനിക്ക് ചോറ് തരത്തില്ല, അതാ ഞാൻ അപ്പോൾ ക്ഷമിച്ചേ."

അവന്റെ മറുപടി കേട്ട് ജീനയുടെ മുഖത്ത് ചിരി പടർന്നു.

ക്ലാര തമാശയായി പറഞ്ഞു.

"ആ ഒരു കാരണം കൊണ്ടെങ്കിലും നിനക്ക് ഒരാളെ പേടി ഉണ്ടല്ലോ, സന്തോഷം."

ശ്രീഹരി ക്ലാരയുടെ മുഖത്തേക്ക് നോക്കി. സൂര്യ പ്രകശം ചെറുതായി അവളുടെ മുഖത്ത് തട്ടുന്നുണ്ട്, അതിന്റെ പ്രകാശത്തിൽ അവളുടെ മുഖം തിളങ്ങുന്നതായി അവന് തോന്നി. ചുവന്ന സാരി അവളുടെ വെളുത്ത ശരീരത്തിന് നന്നായി ചേരുന്നുണ്ട്. തന്റെ ഏറ്റവും പ്രിയപ്പെട്ട അവളുടെ ചെറിയ കണ്ണുകളിലേക്കു തന്നെ അവൻ നോക്കി ഇരുന്നു.

അവന്റെ നോട്ടം കണ്ട് അവളുടെ മുഖത്ത് ചെറുതായി നാണം ഇരച്ചു കയറി.

"എന്താടാ ഇങ്ങനെ നോക്കുന്നെ.?"

അവൻ ഒന്നും മിണ്ടാതെ അവളുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നു. ഇതുകണ്ട ജീന അവന്റെ കൈ വിട്ടുകൊണ്ട് പറഞ്ഞു.

"ചേച്ചി.. ഞാൻ ക്ലാസ്സിലേക്ക് പോകുവാ."

ജീന മനപ്പൂർവം അവിടെ നിന്നും പോകുവാണെന്ന് ക്ലാരക്ക് മനസിലായി. കുറച്ചു നേരം ശ്രീഹരിയെ തനിയെ വേണമെന്ന് അവളുടെ മനസ് ആഗ്രഹിച്ചിരുന്നതിനാൽ ക്ലാര ജീന പോകുന്നതിനെ എതിർത്തൊന്നും പറഞ്ഞില്ല.

ജീന പോയി കഴിഞ്ഞും ശ്രീഹരി അവന്റെ നോട്ടം തുടർന്നു, അവന്റെ നോട്ടം താങ്ങാനാവാതെ അവളുടെ നെറ്റിയിൽ വിയർപ്പു നിറഞ്ഞു.

അവന്റെ തല പിടിച്ചു തിരിച്ചുകൊണ്ട് അവൾ ചോദിച്ചു.

"എന്ത് നോട്ടമാണെടാ ഇത്."

അവൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

"ഞാൻ ഇതിന് മുൻപ് നിന്നെ ഇത്രയും സുന്ദരിയായി കണ്ടിട്ടുള്ളത് എന്നാണെന്നു അറിയാമോ?"

അവൾ ആകാംഷയോടെ ചോദിച്ചേ.

"എന്നാ?"

"നീ പ്ലസ്ടുവിൽ പഠിക്കുമ്പോഴുള്ള പള്ളിപെരുന്നാളിന്... അന്ന് രാത്രി നിങ്ങൾ പെൺപിള്ളേർ വാരി വാരി റോഡിൽ കൂടി പോകില്ലേ?"

അവളൊന്നു മൂളി.

"അപ്പോൾ നിന്നെ കാണാനായി ഞാൻ അവിടെ വന്നിരുന്നു. തൂവെള്ള ഡ്രെസ്സിൽ മെഴുകുതിരിയും പിടിച്ച് നീ അങ്ങനെ നടക്കുമ്പോൾ മെഴുകുതിരി വെട്ടത്തിൽ നിന്റെ മുഖം പ്രക്ഷിക്കുന്നതു കാണാൻ എന്ത് ഭംഗി ആയിരുന്നെന്ന് അറിയാമോ? അത്രയും പെൺപിള്ളേരുടെ ഇടയിൽ മാലാഖയെ പോലെ തിളങ്ങുവായിരുന്നു നീ."

അവൾ അത്ഭുതത്തോടെ ചോദിച്ചു.

"എന്നിട്ട് അന്ന് നിന്നെ ഞാൻ കണ്ടില്ലായിരുന്നല്ലോ."

"നീ കാണാതെ നിങ്ങൾ തിരിച്ച് പള്ളിയിൽ എത്തുന്നവരെയും ഞാൻ നിന്റെ കൂടെ തന്നെ ഉണ്ടായിരുന്നു."

"വട്ടാണ് നിനക്ക്."

അത് കേട്ട് അവൻ ചിരിച്ചു.

"പ്ലസ് ടു കഴിഞ്ഞ് ഇവിടെ വച്ചല്ലാതെ നീ എന്നെ കണ്ടിട്ടുണ്ടായിരുന്നോ?"

"നിനക്ക് ഇവിടെ ക്ലാസ് തുടങ്ങി വരുന്നവരെയും എല്ലാ ഞാറാഴ്ച്ചയും ഞാൻ പള്ളി പരിസരത്തു കാണുമായിരുന്നു. നീ കുർബാനക്ക് വരുന്നതും തിരിച് പോകുന്നതും കാണാനായി."

കുറച്ചുനേരത്തെ മൗനത്തിനു ശേഷം അവൾ ചോദിച്ചു.

"നിനക്കെന്നെ അത്രയ്ക്ക് ഇഷ്ട്ടം ആയിരുന്നോ?"

അതിനുള്ള മറുപടി അവൻ ഒരു പുഞ്ചിരിയിൽ ഒതുക്കി. ആ പുഞ്ചിരിയിൽ നിന്നും അവൾക്കെല്ലാം മനസിലാകുന്നുണ്ടായിരുന്നു.

അവൾ ചോദിച്ചു.

"നമുക്കു ഇപ്പോൾ പുറത്തൊന്നും കറങ്ങാൻ പോയല്ലോ.. നിന്റെ ബൈക്കിൽ.."

അവൻ അത്ഭുതത്തോടെ ചോദിച്ചു.

"നീ ശരിക്കും പറഞ്ഞതാണോ?"

അവൾ പുഞ്ചിരിയോടെ പറഞ്ഞു.

"അതെ.."

അവൻ ചാടി എഴുന്നേറ്റുകൊണ്ടു പറഞ്ഞു.

"നീ ഒരു മിനിറ്റ് ഇവിടെ വെയിറ്റ് ചെയ്യ്.. ബൈക്കിന്റെ ചാവി ജീനയുടെ ബാഗിലാണ്."

അവളുടെ മറുപടിക്കു കാക്കാതെ അവൻ വേഗം ക്ലാസ്സിലേക്ക് ഓടി. അവന്റെ ഓട്ടം കണ്ട് ക്ലാരക്ക് ചിരി വന്നു.

ശ്രീഹരി ക്ലാസ്സിൽ എത്തിയപ്പോൾ ജീന പൂക്കളം ഇടുന്നതും നോക്കി നിൽക്കുകയായിരുന്നു. അവളുടെ അടുത്ത് ചെന്ന് അവൻ പറഞ്ഞു.

"ബൈക്കിന്റെ ചാവി താ.."

അവൾ ബാഗിൽ നിന്നും ചാവി എടുത്തുകൊണ്ടു വന്ന് അവന്റെ കൈയിൽ കൊടുത്തുകൊണ്ട് ചോദിച്ചു.

"ഇവിടെ പോകുവാ?"

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാനും ക്ലാരയും പുറത്തേക്കൊന്നു കറങ്ങാൻ പോയിട്ട് വരാം."

"ശരിക്കും?"

അവൻ ഒരുപുഞ്ചിരിയോടെ അവിടെ നിന്നും തിരിച്ച് നടക്കുമ്പോൾ ജീനയുടെ മുഖത്തും ഒരു പുഞ്ചിരി വിടർന്നിരുന്നു.

രാത്രി ആഹാരം കഴിച്ച് കഴിഞ്ഞ് അടുക്കളയിൽ പത്രങ്ങൾ കഴുകുകയായിരുന്നു ജീന. അവളുടെ അടുത്ത് തന്നെ പത്രങ്ങൾ കഴുകി വയ്ക്കുന്ന സ്ലാവിൽ ഒരു ക്യാരറ്റും തിന്നുകൊണ്ട് ശ്രീഹരി ഇരിപ്പുണ്ട്.

"എങ്ങനുണ്ടായിരുന്നു ഇച്ചായാ ഇന്നത്തെ ദിവസം?"

"അതെന്താടി അങ്ങനൊരു ചോദ്യം?"

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇന്ന് കാമുകിയുമായി ബൈക്കിൽ കറങ്ങാനൊക്കെ പോയതല്ലേ, അതുകൊണ്ട് ചോദിച്ചതാ."

അവൻ അൽപ്പം നിരാശയോടെ പറഞ്ഞു.

"അവൾ എന്നെ ഇഷ്ടമായിരുന്നു എന്ന് പറഞ്ഞിരുന്നെങ്കിൽ കാമുകി എന്നൊക്കെ പറയാമായിരുന്നു.. ഇതിപ്പോൾ എന്താ എന്റെ കൂടെ ജസ്റ്റ് ഒന്ന് ബൈക്കിൽ കയറി.. ഞങ്ങൾ ഒരു റൗണ്ട് ചുറ്റി തിരിച്ചുവന്നു."

അവൾ മുഖം ചുളിച്ചു ചോദിച്ചു.

"അത്രേ ഉള്ളു?"

"അത്രേ ഉള്ളു എന്ന് ചോദിച്ചാൽ..."

"ചോദിച്ചാൽ?"

"അവൾ ബൈക്കിൽ കയറി കൈകൊണ്ടു എന്റെ വയറ്റിൽ ചുറ്റിപ്പിടിച്ച് തല തോളിൽ ചേർത്തുവച്ച് ഇരുന്നു. ഒരു അരമണിക്കൂറോളം ഞങ്ങൾ റോഡിൽ ചുറ്റിക്കറങ്ങി തിരിച്ചു വച്ച്.. പക്ഷെ അവൾ എന്റെകൂടെ ബൈക്കിൽ ഉണ്ടായിരുന്ന അത്രയുംനേരം ഞങ്ങൾ ഒന്നും സംസാരിച്ചിരുന്നില്ല.

അവൻ ഒരു നിമിഷം നിശബ്തനായി. അവൾ ശ്രീഹരിയുടെ മുഖത്തേക്ക് തന്നെ നോക്കി നിന്നു.

"പക്ഷെ.. ആ അരമണിക്കൂറിൽ എനിക്കുണ്ടായിരുന്ന സന്തോഷം ജീവിതത്തിലെ വേറൊരു നിമിഷത്തിലും ലഭിച്ചിട്ടില്ല..."

വീണ്ടും പത്രം കഴുകി തുടങ്ങുന്നതിനിടയിൽ ജീന പറഞ്ഞു.

"രണ്ടുപേരുടെ മനസിലും ഇഷ്ടമുണ്ട്, എന്നാൽ അതൊന്നു തുറന്നു പറയുമോ.. അതും ഇല്ല."

അവൻ ഒരു പുഞ്ചിരിയോടെ ചോദിച്ചു.

"ഇന്ന് കുറച്ചെണ്ണം വാലുപോലെ നിന്റെ പിറകെ നടക്കുന്ന കണ്ടല്ലോ.

"അവന്മാർ അങ്ങനെ നടക്കത്തെ ഉള്ളു, വായിനോക്കികൾ."

അപ്പോഴാണ് അവന്റെ മൊബൈൽ ബെല്ലടിച്ചത്.അവൻ ഫോൺ എടുത്ത് വിളിക്കുന്ന ആളുടെ പേര് വായിച്ചു.

"ക്ലാര.."

ജീന ചിരിച്ചുകൊണ്ട് പറഞ്ഞു.

"ചെല്ല് ചെല്ല്.. പോയി സംസാരിക്ക്.. ഈ ഫോൺ വിളിക്ക് മാത്രം ഒരു കുറവും ഇല്ല."

ശ്രീഹരി കഴിച്ചുകൊണ്ടിരുന്ന ക്യാരറ് അവിടെ വച്ചിട്ട് ജീനയുടെ തലക്ക് ഒരു തട്ടും കൊടുത്ത് ഫോണുമായി ഹാളിലേക്ക് നടന്നു.

ഓണം അവധി ആയതിനാൽ നാളെ ഉച്ചയോടെ രണ്ടുപേരും വീട്ടിൽ പോകും. അതുകൊണ്ട് ജീന പാത്രമെല്ലാം കഴുകി അടുക്കളയും വൃത്തിയാക്കി രാവിലെ കാപ്പിക്ക് വേണുന്ന സാധനങ്ങൾ മാത്രം മാറ്റി വച്ചു. എന്നിട്ടു ശ്രീഹരി കഴിച്ച് ബാക്കി വച്ച ക്യാരറ്റും എടുത്ത് ഹാളിലേക്ക് നടന്നു.

അവൾ അവിടെ ചെല്ലുമ്പോൾ ശ്രീഹരി സോഫയിൽ കിടന്ന് ഫോണിൽ സംസാരിക്കുകയായിരുന്നു. ജീനയെ കണ്ടതും അവൻ സോഫയിൽ എഴുന്നേറ്റിരുന്ന് അവൾക്കിരിക്കാനായി സ്ഥലം ഒഴിഞ്ഞു കൊടുത്തു.

കുറച്ച് ദിവസങ്ങളായി അതൊരു പതിവാണ്.. ശ്രീഹരി ക്ലാരയോട് ഫോണിൽ സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ ജീന അവന്റെ അരികിൽ വന്നിരുന്ന് പുസ്തകം വായിക്കുകയോ പഠിക്കുകയോ ചെയ്യും. ജീനക്ക് പ്രതേകിച്ച് ഒന്നും ചെയ്യാനില്ലേൽ ശ്രീഹരി ലൗഡ്സ്പീക്കറിൽ ഇട്ട് സംസാരിക്കും, ജീനയും അപ്പോൾ അവർക്കൊപ്പം സംസാരിക്കും.

ജീന സോഫയിൽ അവന്റെ അരികിലായി ഇരുന്നു. എന്നിട്ടു കൈയിലിരുന്ന ക്യാരറ്റ് തിന്നു തുടങ്ങി. ശ്രീഹരി വാങ്ങി കൊടുത്ത പാവാടയും ഷർട്ടും ആണ് അവളപ്പോൾ ഇട്ടിരുന്നത്.

ഫോൺ ലൗഡ്സ്പീക്കറിൽ ഇട്ടുകൊണ്ട് ശ്രീഹരി പറഞ്ഞു.

"ജോലിയൊക്കെ ഒതുക്കി ജീന വന്നു."

ക്ലാര - ഇന്ന് അവളെ സാരിയിൽ കാണാൻ നല്ല ക്യൂട്ട് ആയിരുന്നു.

ശ്രീഹരി - അതുപിന്നെ ഞാനല്ലേ സാരി സെലക്ട് ചെയ്തത്.

ക്ലാര - നിന്റെ സാരിയുടെ സെലെക്ഷൻ കൊണ്ടൊന്നും അല്ല.. അവളെ കാണാൻ നല്ല ഭംഗി ഉള്ളതുകൊണ്ട് തന്നാ സാരിയിൽ കുറച്ചുകൂടി സുന്ദരി ആയത്.

അതുകേട്ട ജീന ഒരു ചെറു പുഞ്ചിരിയോടെ ശ്രീഹരിയുടെ തോളിലേക്ക് തല ചാരി ഇരുന്നു.

ക്ലാര - നിങ്ങൾ നാളെ എപ്പോൾ വീട്ടിൽ പോകും.

ശ്രീഹരി - ജീനയ്ക്ക് നാള രാവിലെ പള്ളിയിൽ പോകണമെന്ന്, അത് കഴിഞ്ഞാലുടൻ ഞങ്ങൾ ഇറങ്ങും.

അത് കേട്ടപ്പോൾ ജീനയുടെ മനസ് അവിടെ നിന്നും പറന്നകന്നു. വീട്ടിൽ പോകുന്നത് സന്തോഷത്തേക്കാൾ അവളുടെ മനസ്സിൽ അസ്വസ്ഥത നിറച്ചു. വീട്ടിൽ നിന്നും മാറി ഇവിടെ വന്നതിനു ശേഷമായിരുന്നു അവൾ കുറച്ചു സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിച്ചു തുടങ്ങിയത്. നാളെ മുതൽ അത് വീണ്ടും ഇല്ലാതാകുമെന്നോർത്തപ്പോൾ അവളുടെ മനസ്സിൽ ഇരുട്ടു നിറഞ്ഞു തുടങ്ങി.

സാധാരണ ഇതിനകം തന്നെ അവരുടെ സംസാരത്തിനിടയിൽ എന്തെങ്കിലുമൊക്കെ ഡയലോഗ് അടിക്കേണ്ട ജീനയുടെ അനക്കമൊന്നും ഇല്ലാത്തത് കണ്ട് ശ്രീഹരി അവളെ ശ്രദ്ധിച്ചു. തന്റെ തോളിൽ ചാരി കിടക്കുന്ന അവളുടെ മനസ് ഇവിടൊന്നും അല്ലെന്ന് അവനു മനസിലായി.

തന്റെ തോളിൽ നിന്നും അവളുടെ തല ചെറുതായി കൈ കൊണ്ട് അവൻ ഉയർത്തി. അവൾ പെട്ടെന്ന് ചിന്തകളിൽ നിന്നും ഉണർന്നു.

അവൻ കണ്ണുകൾ കൊണ്ട് അവളോട് എന്തുപറ്റി എന്ന് ആഗ്യത്തിൽ ചോദിച്ചു.

അവൾ ഒരു ചെറു പുഞ്ചിരി മുഖത്ത് വരുത്തി ഒന്നുമില്ലെന്ന് കണ്ണുകൾ ഇറുക്കി അടച്ചു തുറന്നു അവനെ കാണിച്ച ശേഷം പാവാട ഒതുക്കി കാലുകൾ സോഫയിൽ എടുത്തുവച്ച് തല അവന്റെ മടിയിലേക്കു ചായ്ച്ച് മലർന്നു കിടന്നു.

ശ്രീഹരി ക്ലാരയോട് സംസാരം തുടർന്നപ്പോൾ ജീന കണ്ണുകൾ അടച്ചു കിടന്നു. അപ്പോഴാണ് അവന്റെ ശ്രദ്ധ അവളുടെ വയറിലേക്ക് എത്തിയത്. ഷർട്ടിന്റെ താഴത്തെ ഒരു ബട്ടൺ ഊരി മാറിയതിനാൽ അവളുടെ വെളുത്ത വയറിലെ പൊക്കിൾ ചുഴി നഗ്നമായിരുന്നു അപ്പോൾ. പണ്ടൊക്കെ ചുരിദാർ ഇടുമ്പോൾ പോലും ഷാൾ ഇട്ടുമാത്രം മുന്നിൽ വന്നിരുന്ന ജീന എപ്പോൾ വീട്ടിൽ നിൽക്കുമ്പോൾ വളരെ അലക്ഷ്യമായിട്ടാണ് വസ്ത്രം ധരിക്കുന്നത്ത് എന്നവൻ ഓർത്തു. ചിലപ്പോൾ തന്നോടുള്ള ഒരു വിശ്വാസം കൊണ്ടാകാം അത്.

ശ്രീഹരി ഫോൺ അവളുടെ നെഞ്ചിലേക്ക് വച്ച ശേഷം കൈകൾ കൊണ്ടുപോയി അവളുടെ ഊരിപ്പോയ ബട്ടൺ ഇടുവാനായി ശ്രമിച്ചു.

തന്റെ വയറിൽ ശ്രീഹരിയുടെ വിരലുകൾ സ്പർശിച്ചപ്പോൾ ജീന കണ്ണുകൾ തുറന്ന് ചെറുതായി തല ഉയർത്തി നോക്കി. അവൻ ബട്ടൺ ഇടുന്ന കണ്ട് കാര്യം മനസിലായ ജീന വീണ്ടും തല താഴ്ത്തി അവന്റെ മടിയിലേക്ക് തന്നെ കിടന്നു കണ്ണുകൾ അടച്ചു.

വീണ്ടും ഫോണിൽ സംസാരം തുടരുന്നതിനിടയിൽ ക്ലാര ചോദിച്ചു.

"ജീന അടുത്തുണ്ടോ?"

"ഉണ്ട്."

തന്റെ പേര് കേട്ടപ്പോൾ ജീന കണ്ണുകൾ തുറന്നു.

"എങ്കിൽ നീ ഫോൺ ഒന്ന് ലൗഡ്സ്പീക്കർ മാറ്റുമോ, എനിക്കൊരു കാര്യം പറയാനുണ്ട്."

ജീനയും ശ്രീഹരിയും ആകാംഷയോടെ മുഖത്തോട് മുഖം നോക്കി. ജീനയുടെ നെഞ്ചിൽ നിന്നും അവൻ ഫോൺ എടുക്കാൻ തുനിഞ്ഞപ്പോൾ ക്ലാരയുടെ ശബ്ദം വീണ്ടും എത്തി.

"അല്ലെങ്കിൽ വേണ്ട.. അവളും കേട്ടോട്ടെ."

ആകാംഷയുടെ സ്വരത്തിൽ ശ്രീഹരി ചോദിച്ചു.

"എന്താ നിനക്ക് പറയാനുള്ളത്.?"

കുറച്ചു നേരത്തെ നിശബ്തതക്കു ശേഷം ക്ലാര പറഞ്ഞു.

"ഇന്ന് നീ എന്നെ കാണാൻ പള്ളിയിൽ വന്നതിനെ കുറിച്ചൊക്കെ പറഞ്ഞില്ലേ.."

"മ്മ്.. പറഞ്ഞു."

"നമ്മൾ പ്ലസ് ടു പഠിക്കുമ്പോൾ എന്നെ കാണാനായി ക്ലാസ്സിന്റെ മുന്നിൽ വന്ന് നിൽക്കില്ലായിരുന്നോ.."

"മ്മ്... നിൽക്കുമായിരുന്നു."

"എന്നിട്ടെന്തേ ഇപ്പോൾ എന്നെ കാണാൻ അങ്ങനൊന്നും വന്ന് നിൽക്കത്തെ?"

"മുൻപൊക്കെ അങ്ങനെ വന്ന് നിന്നിട്ടല്ലേ എന്നോട് മിണ്ടാതായത്.. ഇനി വീണ്ടും അങ്ങനൊക്കെ കാണാൻ വന്നിട്ട് മിണ്ടാതിരിക്കാനാണോ?'

"ഇനി അങ്ങനെ കാണാൻ വന്നുന്നും പറഞ്ഞു ഞാൻ മിണ്ടാതിരിക്കില്ല."

ജീന ശ്രീഹരിയുടെ മുഖത്തേക്ക് തന്നെ നോക്കി, അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടരുന്നുണ്ടായിരുന്നു.

"ക്ലാര.. എനിക്ക് മനസിലായില്ല."

"ഡാ പൊട്ടാ.. എനിക്ക് നിന്നെ ഇഷ്ടമാണെന്ന്.. ഐ ലവ് യു.."

ഇത് കേട്ടതും ജീന തന്റെ നെഞ്ചിൽ ഇരുന്ന ഫോൺ കൈയിൽ എടുത്തുകൊണ്ട് അവന്റെ മടിയിൽ നിന്നും ചാടി എഴുന്നേറ്റു.

വർഷങ്ങളായി ക്ലാരയുടെ വായിൽ നിന്നും കേൾക്കാൻ കൊതിച്ച വാക്കുകൾ കേട്ടതിന്റെ ഞെട്ടലിൽ ശ്രീഹരി കുറച്ചുനേരം സ്തംഭിച്ചിരുന്നു. പിന്നെ സന്തോഷം അടക്കാനാകാതെ അടുത്ത് അവനെ നോക്കി ചിരിച്ചുകൊണ്ടിരുന്ന ജീനയെ കെട്ടിപ്പിടിച്ച് അവളുടെ നെറ്റിയിൽ ഉമ്മ വച്ചു.

അവന്റെ ആ ഒരു പ്രവർത്തിയിൽ അവൾ ആദ്യം ഒന്ന് ഞെട്ടി. പിന്നെ ഒരു നിമിഷം ചിന്തിച്ചപ്പോൾ പെട്ടെന്നുള്ള സന്തോഷത്തിൽ അവൻ ചെയ്തതാണെന്ന് അവൾക്ക് മനസിലായി.

എങ്കിലും അവൾ ഫോൺ ചുണ്ടോടടുപ്പിച്ച വിളിച്ചു.

"ചേച്ചി..."

"എന്താടി?"

പെട്ടെന്ന് ശ്രീഹരി അവളുടെ കൈയിൽ നിന്നും ഫോൺ തട്ടിപ്പറിച്ചു കൊണ്ട് പറഞ്ഞു.

"മിണ്ടരുത്.."

അതുകേട്ട ക്ലാര ചോദിച്ചു.

"എന്താ ജീന.. എന്താ അവൻ മിണ്ടരുതെന്നു പറഞ്ഞത്."

ശ്രീഹരി ജീനയുടെ വാ പൊത്താൻ ശ്രമിക്കുന്നതിനിടയിൽ അവൾ ചിരിച്ചുകൊണ്ട് ഉറക്കെ വിളിച്ചു പറഞ്ഞു.

"ചേച്ചി.. ഇച്ചായൻ എന്നെ ഉമ്മ വച്ചു."

അത് കേട്ട ക്ലാര കുറച്ചു നേരം നിശ്ശബ്ദതയായി.. എന്നിട്ടു പറഞ്ഞു.

"ഇതിനു നിനക്കുള്ള മറുപടി നിന്നെ ഞാൻ നേരിട്ട് കാണുമ്പോൾ തരാം. ഇപ്പോൾ എന്റെ റൂംമേറ്റ് വന്നു."

അവൾ ഫോൺ കട്ട് ചെയ്തു.

ക്ലാര ഫോൺ കട്ട് ചെയ്തപ്പോഴാണ് പറഞ്ഞത് അബദ്ധമായി പോയോ എന്ന് ജീനക്ക് തോന്നിയത്.

"കുഴപ്പമായോ ഇച്ചായാ?"

എന്തോ തെറ്റ് ചെയ്തപോലെ അവളുടെ മുഖം ഇരുളുന്നത് കണ്ട് ശ്രീഹരി പറഞ്ഞു.

"ഡി പോത്തേ.. ക്ലാരയെ നമുക്കറിയില്ലേ.. ഇത് അവൾ എന്നെ ചുമ്മാ ഒന്ന് പേടിപ്പിക്കാൻ പറയുന്നതാണ്."

അത് കേട്ടിട്ടും ജീനയുടെ മുഖം മ്ലാനമായി ഇരിക്കുന്ന കണ്ട് സോഫയിൽ നിന്നും അവൻ എഴുന്നേറ്റു, എന്നിട്ട് അവളുടെ കൈയിൽ പിടിച്ചു വലിച്ചു എഴുന്നേല്പിച്ചുകൊണ്ട് പറഞ്ഞു.

"ഓരോന്ന് ചിന്തിച്ച് കൂട്ടാതെ നീ പോയി കിടന്നുറങ്ങാൻ നോക്ക്."

മുഖം താഴ്ത്തി ജീന റൂമിലേക്ക് നടക്കുമ്പോൾ ശ്രീഹരിയുടെ മനസിൽകൂടി ഒരു ചിന്ത കടന്നു പോയി.

'പെട്ടെന്നുള്ള ഒരു സന്തോഷത്തിൽ ആണ് ജീനയെ ഉമ്മ വച്ചത്, അത് ക്ലാര സീരിയസ് ആയി എടുക്കുമോ?'

.

.

ജീന രാവിലെ എഴുന്നേറ്റ് കുളിച്ച് കോഫിക്കുള്ള പാല് ചൂടാക്കാൻ വച്ചപ്പോഴാണ് കാളിങ് ബെൽ അടിക്കുന്ന ശബ്ദം കേട്ടത്.

"ഇതാരാ ഈ രാവിലെ തന്നെ?"

ജീന ചറുപിറുത്തുകൊണ്ടു പോയി വാതിൽ തുറന്നു.

വാതിൽ തുറന്നപ്പോൾ ചിരിച്ചുകൊണ്ട് മുന്നിൽ നിൽക്കുന്ന ക്ലാരയെ കണ്ട് ജീന ഞെട്ടിപ്പോയി. ആദ്യമായാണ് ക്ലാര ആ വീട്ടിലേക്ക് വരുന്നത്.

"ചേച്ചി എന്താ ഇവിടെ?"

അകത്തേക്ക് കയറുന്നതിനിടയിൽ ക്ലാര ചോദിച്ചു.

"അതെന്താ എനിക്ക് ഇങ്ങോട്ടു വന്നൂടെ?"

"അതല്ല.. രാവിലെ തന്നെ വന്നു."

"നീ പള്ളിയിൽ പോയി വന്നാലുടൻ നിങ്ങൾ വീട്ടിലേക്ക് പോകില്ലേ? അതിന് മുൻപ് എനിക്ക് അവനെ ഒന്ന് കാണണം, അതിനായി വന്നതാ."

ജീനയുടെ മനസ്സിൽ തലേന്നത്തെ സംഭവങ്ങൾ ഓടിയെത്തി.

"ചേച്ചി.."

ഹാൾ മൊത്തം കറങ്ങി നോക്കുന്നതിനിടയിൽ ക്ലാര ഒന്ന് മൂളി.

"മ്മ്.."

"ഇന്നലെ ഇച്ചായൻ എന്നെ ഉമ്മ വച്ചതൊന്നും ഇല്ല. ചുണ്ടു ചെറുതായി നെറ്റിയിൽ കൊണ്ട്.. ഞാൻ അപ്പോൾ ചുമ്മാ ഒന്ന് വിളിച്ചു കൂവിയതാണ് ഉമ്മ വച്ചെന്ന്.."

തല കുനിച്ചു നിൽക്കുന്ന ജീനയുടെ കവിളിൽ തട്ടികൊണ്ട് ക്ലാര പറഞ്ഞു.

"ഡി പൊട്ടി.. അവനെ ന്യായികരിച്ച് നീ കൂടുതൽ വിയർക്കണ്ട. ഇന്നലെ ഇവിടെ എന്താ ഉണ്ടായതെന്ന് എനിക്ക് നന്നായി മനസിലാകും. അതും പറഞ്ഞ് അടി ഉണ്ടാക്കാനൊന്നും അല്ല ഞാൻ വന്നത്."

അപ്പോഴാണ് ജീനയ്ക്കു ആശ്വാസം ആയത്. അവളുടെ മുഖത്ത് ഒരു പുഞ്ചിരി നിറഞ്ഞു.

"ഇന്നലെ കോളേജിൽ വച്ച് നീ പറഞ്ഞത് കേട്ട് അവൻ അടി ഉണ്ടാക്കാതെ വന്നപ്പോഴേ എനിക്ക് മനസിലായി അവനു നിന്നോട് പേടിയോ അതോ അതുപോലെന്തോ ഒരു വികാരമോ ഉണ്ടെന്ന്. അപ്പോൾ അവന്റെ കാമുകിയായ എന്നെയും അവന് ഒരു പേടി വേണ്ടേ.. അത് കൊണ്ട് അവനെ ഒന്ന് പേടിപ്പിക്കാൻ ചുമ്മാ ഫോൺ കട്ട് ചെയ്തു കളഞ്ഞതാണ്."

"ഈ ചേച്ചി എന്ത് സാധനമാ.. ചേച്ചി അതും പറഞ്ഞ് ഫോൺ കട്ട് ചെയ്തു പോയത് കാരണം ഞാൻ ഇന്നലെ രാത്രി ഉറഞ്ഞിട്ടില്ല.. ചേച്ചി പേടിപ്പിക്കാൻ നോക്കിയാ മനുഷ്യൻ എപ്പോഴാ ദാ അവിടെ പോത്തുപോലെ കിടന്നുറങ്ങുന്നുണ്ട്."

ക്ലാര ചിരിച്ചുകൊണ്ട് പറഞ്ഞു.

"അവന്റെ ഉറക്കമൊക്കെ ഞാൻ മാറ്റികൊള്ളാം.. നീ പള്ളിയിൽ പോയി വരാൻ നോക്ക്."

"അയ്യോ.. ഇച്ചായന് ഞാൻ കോഫി കൊടുത്തില്ല."

"കോഫിയൊക്കെ ഞാൻ കൊടുത്തോളാം.. അവന്റെ റൂം എവിടാ?"

"മുകളിലാണ്.. കോഫിക്കുള്ള പാല് അടുപ്പിൽ വച്ചിട്ടുണ്ട്.. കോഫി ഇട്ടു തന്നിട്ട് ഞാൻ പോകാം."

"മ്മ്.. ശരി."

അവർ അടുക്കളയിലേക്കു നടന്നു. കുറച്ച് സമയത്തിനകം തന്നെ ജീന കോഫി ഇട്ട് ക്ലാരയുടെ കൈയിൽ കൊടുത്തു. എന്നിട്ട് പള്ളിയിൽ പോകാനായി ഇറങ്ങി.

വീട്ടിൽ നിന്നും ഇറങ്ങുന്നതിനു മുൻപായി ജീന വാതുക്കൽ നിന്ന് ഹാളിൽ കോഫിയുമായി നിൽക്കുന്ന ക്ലാരയെ തിരിഞ്ഞു നോക്കി ചിരിച്ചു.

"എന്താടി ചിരിക്കുന്നേ?"

ജീന കണ്ണുകൾ ഇറുക്കി അടച്ച് ഒന്നുമില്ലെന്ന് ആഗ്യം കാണിച്ച ശേഷം ഡോർ അടച്ച് വീടിന് പുറത്തേക്കിറങ്ങി.

മുകളിലത്തെ നിലയിലെ പടികൾ കയറുന്നതിനിടയിൽ പുഞ്ചിരിയോടെ ക്ലാര സ്വയം പറഞ്ഞു.

"കാന്താരി."

ക്ലാര റൂമിന്റെ ഡോർ തുറന്ന് അകത്തേക്ക് ചെല്ലുമ്പോൾ ശ്രീഹരി തലവഴി മൂടിപ്പുതച്ച് കിടക്കുകയായിരുന്നു.

"കോഫി.."

അവന്റെ അനക്കമൊന്നും കേൾക്കാഞ്ഞപ്പോൾ അവൾ കുറച്ചു കൂടി ഉറക്കെ പറഞ്ഞു.

"കോഫി.."

പുതപ്പിനുള്ളിൽ തന്നെ കിടന്നുകൊണ്ട് അവൻ പറഞ്ഞു.

"അവിടെ വച്ചിട്ട് പൊടി, ഞാൻ ഒന്ന് ഉറങ്ങട്ടെ."

"അങ്ങനെ പോകാനല്ല ഞാൻ വന്നത്."

അത് കേട്ടപ്പോൾ അവൻ തലയിൽ നിന്നും പുതപ്പു മാറ്റി അവളെ നോക്കി. കുറച്ചു നേരം ഇത് സ്വപ്നം ആണോ അല്ലയോ എന്ന് അറിയാതെ അവളെത്തന്നെ നോക്കി നിന്ന ശേഷം അവന്റെ മുഖത്ത് അത്ഭുതം വിരിഞ്ഞു.

"നീയെന്താ ഇവിടെ?"

"വരാൻ തോന്നി.. വന്നു, എന്തെ വന്നൂടെ?"

അവൻ മനസ്സിൽ വിചാരിച്ചു.

'ഈശ്വരാ രാവിലെ തന്നെ ഉടക്ക് ആണോ?"

കോഫി നീട്ടിക്കൊണ്ട് അവൾ പറഞ്ഞു.

"ഇന്നാ കോഫി കുടിക്ക്."

പുതപ്പ് മാറ്റി ബെഡിൽ എഴുന്നേറ്റിരുന്ന് കോഫി വാങ്ങുന്നതിനിടയിൽ അവൻ ചോദിച്ചു.

"ജീന എവിടെ?"

"പള്ളിയിൽ പോയി."

ക്ലാര ബെഡിലേക്ക് ഇരുന്ന് റൂം മൊത്തം നോക്കി. പുസ്തകങ്ങളും ഡ്രെസ്സും എല്ലാം നല്ല അടുക്കും ചിട്ടയോടും കൂടിയാണ് വച്ചിരിക്കുന്നത്.

"റൂമൊക്കെ നല്ല വൃത്തിയോടെ ആണല്ലോ സൂക്ഷിക്കുന്നത്."

അത് കേട്ട് അവൻ പുഞ്ചിരിച്ചു.

"നീ ചിരിക്കേണ്ട.. ഇതൊക്കെ ജീനയുടെ പണി ആണെന്ന് എനിക്കറിയാം."

അതിനും അവന്റെ മറുപടി ചിരി തന്നെ ആയിരുന്നു.

അവൻ അവളെ ശ്രദ്ധിച്ചു. രാവിലെ തന്നെ കുളിച്ചിട്ടുണ്ട്, തൂവെള്ള ചുരിദാർ ആണ് ഇട്ടിരിക്കുന്നത്. പണ്ടേ വെള്ള കളർ ഡ്രെസ്സുകൾ ഇട്ടാൽ അവളെ കാണാൻ ഒരു പ്രതേക ഭംഗി ആണ്.

കുടിച്ചു തീർന്ന കോഫി ഗ്ലാസ് അവളുടെ കൈയിൽ കൊടുത്തുകൊണ്ട് അവൻ ചോദിച്ചു.

"എന്താ രാവിലെ തന്നെ വന്നെ?"

അവന്റെ കൈയിൽ നിന്നും ഗ്ലാസ് വാങ്ങിക്കൊണ്ടു അവൾ പറഞ്ഞു.

"അതിനുള്ള ഉത്തരം ഞാൻ പിന്നെ തരാം, മോൻ പോയി കുളിച്ചു ഫ്രഷ് ആയി വാ, അടുക്കളയിൽ ദോശക്കുള്ള മാവിരിക്കുന്ന കണ്ടു. ഞാൻ കാപ്പി ഉണ്ടാക്കട്ടെ."

അവൾ റൂമിന് പുറത്തേക്കു നടക്കുമ്പോൾ ഇവൾ ഇത് എന്തിനുള്ള ഭാവമാണെന്ന് അറിയാതെ അന്തംവിട്ട് ഇരിക്കുകയായിരുന്നു ശ്രീഹരി.

റൂമിൽ നിന്നും പുറത്തേക്കിറങ്ങിയ ക്ലാര അവൻ ബെഡിൽ തന്നെ ഇരിക്കുകയാണെന്ന് മനസിലാക്കി തിരിഞ്ഞു നോക്കി പറഞ്ഞു.

"പോയി ബ്രെഷ് ചെയ്യടാ."

ക്ലാര പടികൾ ഇറങ്ങി താഴേക്ക് നടന്നപ്പോൾ ശ്രീഹരി ബെഡിൽ നിന്നും എഴുന്നേറ്റ് ബാത്റൂമിലേക്ക് നടന്നു.

കുളി കഴിഞ്ഞ് റൂമിൽ വന്നു ഡ്രസ്സ് മാറാൻ നിൽക്കുമ്പോഴും ശ്രീഹരിയുടെ ചിന്ത ക്ലാര എന്തിന് വന്നു എന്നതായിരുന്നു.

'ഒരു കാരണവും ഇല്ലാതെ അവൾ രാവിലെ തന്നെ വരേണ്ട കാരണം ഇല്ല.. ഇന്നലെ ജീനയെ ഉമ്മ വച്ചതാണ് പ്രോബ്ലം എങ്കിൽ അവൾ ഇതുവരെ അതിനെ കുറിച്ച്

സംസാരിക്കുകയോ ദേഷ്യപെടുകയോ ഉണ്ടായില്ല, പക്ഷെ രാവിലെ തന്നെ ഇങ്ങനെ വരനായി കാരണം ഉള്ളത് അത് ഒന്ന് മാത്രമാണ്... അങ്ങോട്ട് കയറി ആ വിഷയം എടുത്തിട്ടാലോ?'

പല ചിന്തകളുമായി ഡ്രസ്സ് മാറി കഴിഞ്ഞ ശ്രീഹരി പടികൾ ഇറങ്ങി താഴേക്ക് നടന്നു.

അടുക്കളയിലെ ശബ്ദങ്ങൾ കേട്ട് അവൻ നേരെ അവിടേക്കാണ് ചെന്നത്. നല്ല ചമ്മതിയുടെ ഗന്ധം അവിടെ നിറഞ്ഞു നിൽപ്പുണ്ട്. ക്ലാര ദോശക്കല്ലിൽ മാവ് ഒഴിച്ച് ദോശ ചുട്ടുകൊണ്ടിരിക്കുന്നു. അവളുടെ തൊട്ടു പിന്നിൽ അവൻ ചെന്ന് നിന്ന്.

അവന്റെ സാനിധ്യം അറിഞ്ഞിട്ടും അവൾ തിരിഞ്ഞു നോക്കിയില്ല. അടുക്കളയിൽ ജോലി ചെയ്തതിന്റെ ആണെന്ന് തോന്നുന്നു അവൾ ചെറുതായി വിയർത്തു തുടങ്ങിയിട്ടുണ്ട്. അവളുടെ തൊട്ടു പിന്നിൽ നിന്ന അവന് ക്ലാരയുടെ വിയർപ്പും പെർഫ്യൂമും കലർന്ന ഗന്ധം തിരിച്ചറിയാനായി. ആ ഗന്ധം അവന്റെ ഉള്ളിൽ കാമത്തിന്റെ ചിന്തകൾ ഉണർത്തിച്ചു. വളരെ നാളുകൾ ആയി അത്തരത്തിൽ ഉള്ള ചിന്തകൾ ഇല്ലാതെ കഴിഞ്ഞ് പോകുവായിരുന്നു അവൻ.

കൂടുതൽ നേരം അങ്ങനെ നിന്നാൽ ശരിയാകില്ല എന്ന് തോന്നിയ അവൻ അവളുടെ പിന്നിൽ നിന്നും അരികിലേക്ക് മാറി നിന്ന് ദോശ എടുക്കുവാനായി പ്ലേറ്റ് എടുത്തു.

അവൾ പെട്ടെന്ന് അവന്റെയിൽ നിന്നും പ്ലേറ്റ് വാങ്ങി താഴെ വച്ചുകൊണ്ട് പറഞ്ഞു.

"ജീന വന്നിട്ട് നമ്മൾ ഒരുമിച്ചേ കഴിക്കുന്നുള്ളു."

അതുകേട്ട അവൻ മനസ്സിൽ ചിന്തിച്ചു.

'അപ്പോൾ ജീനയോട് ദേഷ്യമൊന്നും ഇല്ല... ഇനി ഒത്തിരുത്തി ചോദ്യം ചെയ്യാനാണോ പ്ലാൻ?'

അവൻ കുറച്ചുനേരം കൂടി അവിടെ നിന്നിട്ട് അവൾ ഒന്നും സംസാരിക്കുന്നില്ല എന്ന് കണ്ടു ഹാളിൽ സോഫയിൽ പോയിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കും അടുക്കള ജോലി തീർത്ത് ക്ലാര അവിടേക്കു വന്നു.

ഷാൾ കൊണ്ട് മുഖത്തെ വിയർപ്പ് തുടച്ചുകൊണ്ട് അവൾ ചോദിച്ചു.

"ഏതാ ഫാനിന്റെ സ്വിച്ച്?"

സ്വിച്ച് ബോർഡ് ചൂണ്ടി കാണിച്ചുകൊണ്ട് അവൻ പറഞ്ഞു.

"അതിൽ അവസാനത്തേത്."

ഫാനിന്റെ സ്വിച്ച് ഇട്ട ശേഷം അവൾ അവനൊപ്പം സോഫയിൽ വന്നിരുന്നു.

അവർക്കിടയിൽ വീണ്ടും നിശബ്ദത താളം കെട്ടി നിന്നപ്പോൾ ഒരു തുടക്കമിടണമല്ലോ എന്ന് കരുതി ശ്രീഹരി പറഞ്ഞു.

"ഇന്നലെ അത് എനിക്കൊരു അബദ്ധം പറ്റിയതാ."

അവൻ പറഞ്ഞു തീർന്നതും അവൾ ചോദിച്ചു.

"ഒരു പെണ്ണിനെ ഉമ്മ വയ്ക്കുന്നതാണോ അബദ്ധം?"

അവൻ നിശബ്ദനായി ഇരുന്നു. കുറച്ച് നേരം അവന്റെ മുഖത്തേക്ക് നോക്കി ഇരുന്നപ്പോഴേക്കും അവളുടെ മുഖത്ത് ചിരി നിറഞ്ഞു.

"ഡാ ചെക്കാ, ഇന്നലെ ഇവിടെ എന്താ ഉണ്ടായതെന്നൊക്കെ എനിക്ക് മനസിലാകും."

ചിരിച്ചു കൊണ്ടിരിക്കുന്ന അവളുടെ മുഖത്തേക്ക് അവൻ ചോദ്യ ഭാവത്തിൽ നോക്കി.

"ഞാൻ ഇന്നലെ ഇഷ്ടമാണെന്നു പറഞ്ഞതിന്റെ ഒരു ആവേശത്തിൽ നീ അവളെ ഉമ്മ വച്ചു... ആ പൊട്ടി പെണ്ണാണെങ്കിൽ അവളുടെ മനസ്സിൽ ഒന്നും ഇല്ലാത്തോണ്ട് അതെന്നോട് വിളിച്ചു പറഞ്ഞു... പക്ഷെ.."

അവൻ ആകാംഷയോടെ ചോദിച്ചു.

"പക്ഷെ?"

"നീ അവളെ ഉമ്മ വച്ചത് എനിക്ക് ഇഷ്ടപെട്ടിട്ടൊന്നും ഇല്ല.. കാരണം ഞാൻ അത്ര വിശാലമനസ്കയായ പിന്നൊന്നും അല്ല.. എങ്കിലും ജീന ആയതുകൊണ്ട് ഞാൻ ഈ പ്രവിഷത്തേക്ക് ക്ഷമിക്കുന്നു.. ഇനി ഇങ്ങനൊന്ന് ആവർത്തിക്കലും"

അവൻ പെട്ടെന്ന് തന്നെ പറഞ്ഞു.

"ഓക്കേ ഓക്കേ .. ഇനി ഇങ്ങനുണ്ടാകില്ല."

"എങ്കിലും ഒരു കാര്യം ബാക്കി ഉണ്ട്."

"എന്താ?"

"നീ അവളുടെ എവിടാ ഉമ്മ വച്ചത്?"

അവൻ ജാള്യത നിറഞ്ഞ മുഖത്തോടെ നെറ്റിയിൽ തൊട്ട് കാണിച്ചു.

അവൾ കുസൃതി നിറഞ്ഞ മുഖത്തോടെ പറഞ്ഞു.

"നീ അവളെ ഉമ്മ വച്ചിട്ടുണ്ടെങ്കിൽ എനിക്കും ഉമ്മ വേണം."

അതിശയം നിറഞ്ഞ മുഖത്തോടെ അവൻ ക്ലാരയെ നോക്കി. അവളുടെ മുഖത്ത് കുസൃതി മാറി നാണം നിറഞ്ഞു തുടങ്ങിയിരുന്നു.

ചുണ്ടിൽ തൊട്ട് കാണിച്ചുകൊണ്ട് അവൾ പറഞ്ഞു.

"നെറ്റിയിൽ അല്ല ഇവിടാ എനിക്ക് വീണുന്നെ.."

ശ്രീഹരി അവളുടെ ചുവന്നു തുടുത്ത ചുണ്ടുകളിലേക്ക് നോക്കി, അവളുടെ വെളുത്ത കവിളുകളും ചുവന്നു തുടങ്ങിയിരിക്കുന്നു.

ശ്രീഹരി സാവധാനം തന്റെ മുഖം അവളിലേക്കടിപ്പിച്ചപ്പോൾ ക്ലാര കണ്ണുകൾ ഇറുക്കി അടച്ചു. അവളുടെ ചുവന്ന അധരങ്ങളിൽ ചെറുതായി ചുംബിച്ച് അവൻ അകന്നുമാറാൻ നോക്കിയപ്പോൾ അവൾ പെട്ടെന്ന് കണ്ണ് തുറന്ന് അവന്റെ തല പിടിച്ചു തന്നിലേക്ക് വീണ്ടും അടിപ്പിച്ചു. ഒരു ദീർഘനേര ചുംബനത്തിനുള്ള തുടക്കമായിരുന്നു അത്. കുറച്ചു സമയങ്ങൾക്കുളിൽ തന്നെ അവളുടെ ചുണ്ടുകൾ തന്റെ വായ്ക്കുള്ളിൽ ആക്കി ഉറിഞ്ചുവാൻ തുടങ്ങി അവൻ.

പെട്ടെന്നാണ് വീടിന്റെ ഡോർ തുറക്കുന്ന ശബ്ദം അവർ കേട്ടത്. രണ്ടുപേരും ഒരു ഞെട്ടലോടെ അകന്നുമാറി വാതിലിലേക്ക് നോക്കി. കണ്ണും മിഴിച്ച് അവരെ നോക്കി നിൽക്കുന്ന ജീനയെ ആണ് ശ്രീഹരിയും ക്ലാരയും കണ്ടത്.

പെട്ടെന്നുള്ള ഞെട്ടൽ മാറിയപ്പോൾ ജീന ഒരു ചിരിയോടെ ചോദിച്ചു.

"ഞാൻ വന്നത് കുറച്ച് നേരത്തെ ആയി പോയോ?"

ക്ലാര നാണത്തോടെ മുഖം താഴ്ത്തി ഇരുന്നപ്പോൾ ചമ്മൽ മറക്കാനായി ശ്രീഹരി പറഞ്ഞു.

"ഞാൻ ഇവളെ ഒന്ന് റൊമാന്റിക് മൂഡിൽ എത്തിച്ചതായിരുന്നു. അപ്പോഴേക്കും കയറി വന്നു നശിപ്പിച്ചല്ലോ നീ."

"ഇച്ചായൻ ആള് ശരിയല്ലെന്ന് എനിക്ക് നന്നായി അറിയാം, അതുകൊണ്ടു തന്നാ ഞാൻ നേരത്തെ വന്നത്."

"ദുഷ്ട.."

ജീന ചിരിയോടെ ശ്രീഹരിയുടെ അടുത്ത് ചെന്ന് അവന്റെ കഴുത്തിൽ കൈ ഇറുക്കി കൊണ്ട് ചോദിച്ചു.

"ഞാൻ ഇപ്പോൾ ദുഷ്ടയായി അല്ലെ..."

അപ്പോഴും ക്ലാര തല താഴ്ത്തി ഇരിക്കയായിരുന്നു. ശ്രീഹരിയുടെ കഴുത്തിൽ നിന്നും കൈ മാറ്റി ക്ലാരയുടെ മുഖം പിടിച്ചുയർത്തികൊണ്ട് ജീന പറഞ്ഞു.

"കൊടുത്താൽ ചമ്മി കുളമാക്കണ്ട. വാ നമുക്ക് പോയി കാപ്പി ഉണ്ടാക്കാം."

"ഞാൻ ദോശയും ചമ്മന്തിയും ഉണ്ടാക്കിയിട്ടുണ്ട്."

ക്ലാരയുടെ കൈ പിടിച്ചുകൊണ്ടു ജീന പറഞ്ഞു.

"അത് കാര്യമായി, എനിക്ക് വിശന്നു വയ്യ, വന്നെ നമുക്ക് കഴിക്കാം."

ജീന അവരെയും കൂട്ടി കാപ്പി കഴിക്കാനായി ഇരുന്നു. കാപ്പി കഴിച്ച് കഴിഞ്ഞ് അധികം വൈകാതെ തന്നെ അവർ വീട്ടിലേക്ക് പോകാനായി ഇറങ്ങി.

ക്ലാര അന്നൊരു ദിവസം റിലേറ്റീവിന്റെ വീട്ടിൽ നിന്നിട്ട് നാളെ വീട്ടിലേക്ക് പോകുന്നുള്ളായിരുന്നു.

വീട്ടിൽ പോയി ഒരാഴ്ചക്കുള്ളിൽ തിരിച്ചു വരുന്നതിനാൽ ശ്രീഹരി ബാഗൊന്നും എടുത്തില്ലായിരുന്നു, അവനിടാനുള്ള അത്യാവിശ്യ ഡ്രെസ്സുകൾ വീട്ടിൽ തന്നെ ഉണ്ടായിരുന്നു. ജീന അവൾക്കവിശ്യമുള്ള കുറച്ച് ഡ്രെസ്സുകൾ ബാഗിൽ ആക്കി തോളിൽ തൂക്കി. ജീനയെ വീട്ടിൽ ആക്കി അതുവഴി തന്റെ വീട്ടിൽ പോകാനായിരുന്നു ശ്രീഹരിയുടെ പ്ലാൻ.

ജീന വീട് പൂട്ടി ഇറങ്ങിവരുമ്പോൾ ശ്രീഹരി ബൈക്ക് സ്റ്റാർട്ട് ചെയ്ത് നിൽക്കുന്നു അവന്റെ അരികിൽ അവനെത്തന്നെ നോക്കി ക്ലാരയും നിൽക്കുന്നു.

അവരുടെ അരികിലെത്തി ജീന ചിരിച്ചുകൊണ്ട് പറഞ്ഞ്.

"നിങ്ങൾക്ക് വല്ലതും കൊടുക്കാനും വാങ്ങാനും ഉണ്ടെങ്കിൽ ഞാൻ തിരിഞ്ഞ് നിൽക്കാം, പെട്ടെന്നായിക്കൊള്ളണം."

ജീനയുടെ ചെവിയിൽ പിടിച്ചുകൊണ്ടു ക്ലാര പറഞ്ഞു.

"നിനക്ക് ഈ ഇടയായി കുറച്ചു സംസാരം കൂടുന്നുണ്ട്."

ക്ലാരയുടെ കൈ പിടിച്ചുമാറ്റി ഒരു ചിരിയോടെ ജീന അവന്റെ ബൈക്കിന്റെ പിറകിൽ കയറി ഇരുന്നു.

ബൈക്ക് മുന്നോട്ടു എടുക്കുന്നതിന് മുൻപായി അവൻ ക്ലാരയോട് പറഞ്ഞു.

"അവിട്ടതിന്റെ അന്ന് രാവിലെ അങ്ങ് എത്തിയേക്കണം, അന്നാ ഞങ്ങളുടെ വീട്ടിൽ എല്ലാരും ഓണം കൂടാൻ വരുന്നെ."

ക്ലാര എത്തിക്കൊള്ളാം എന്ന അർത്ഥത്തിൽ തല ആട്ടി. ബൈക്ക് മുന്നോട്ടെടുത്ത് പോകുമ്പോൾ തങ്ങളെത്തന്നെ നോക്കി നിൽക്കുന്ന ക്ലാരയെ ശ്രീഹരി ബൈക്കിന്റെ ഗ്ലാസിൽ കൂടി നോക്കുന്നുണ്ടായിരുന്നു.

ജീന കൂടെ ഉള്ളതിനാൽ വളരെ സാവധാനം ആണ് ശ്രീഹരി ബൈക്ക് ഓടിച്ചത്. യാത്രയുടെ തുടക്കത്തിൽ വാ തോരാതെ സംസാരിച്ചുകൊണ്ടിരുന്ന ജീന വീടടുക്കും തോറും മൗന ആകുന്നതു ശ്രീഹരി ശ്രദ്ധിച്ചു.

മൂന്ന് മണിക്കൂറോളം എടുത്താണ് അവർ പത്തനംതിട്ട എത്തിയത്. അവിടന്ന് കുറച്ച് ഉള്ളിലോട്ടായിരുന്നു ജീനയുടെ വീട്.

അവൾ പറഞ്ഞു കൊടുത്ത വഴികളിലൂടെ ബൈക്ക് ഓടിച്ച് അവസാനം അവൻ ജീനയുടെ വീടിന് മുന്നിലെത്തി.

ജീന ബൈക്കിൽ നിന്നും ഇറങ്ങുമ്പോൾ അവൻ ആ വീട് ശ്രദ്ധിക്കുകയായിരുന്നു. സിമെന്റ് വാർത്തിട്ടുള്ള വളരെ ചെറിയൊരു വീട്. ഭിത്തിയൊന്നും പൂശിയിട്ടില്ല.

വീടിന് മുന്നിൽ ഒരു ബൈക്കിന്റെ ശബ്ദം കേട്ട് ജീനയുടെ ചേച്ചി പുറത്തേക്ക് വന്ന്.

അവൾക്ക് ജീനയുടെ അത്ര വെളിപ്പില്ല എങ്കിൽ കറുത്തിട്ടും അല്ല. കുറച്ചധികം വണ്ണം ഉണ്ട്.

അവൾ ജീനയെ തന്നെ രൂക്ഷമായി നോക്കുന്നത് ശ്രീഹരി ശ്രദ്ധിച്ചു.

ബൈക്കിൽ നിന്നും ഇറങ്ങിയ ജീന പറഞ്ഞു.

"വീട്ടിൽ കയറിട്ട് പോകാം ഇച്ചായാ.."

അവളുടെ വീട്ടിൽ ആദ്യമായി വരുന്നതിനാൽ ജീനയുടെ ക്ഷണം സ്വീകരിക്കാതിരിക്കാൻ അവനായില്ല. ശ്രീഹരി ജീനക്കൊപ്പം വീടിനുള്ളിലേക്ക് കയറുമ്പോൾ അവർ വന്നത് ഇഷ്ടപ്പെടാത്ത രീതിയിൽ ജീനയുടെ ചേച്ചി അവരെ നോക്കുന്നുണ്ടായിരുന്നു. അവരുടെ മുഖഭാവം കണ്ടപ്പോൾ അവരെ നോക്കി ചിരിക്കാനും ശ്രീഹരിക്ക് തോന്നിയില്ല.

ശ്രീഹരിക്ക് ഇരിക്കാൻ ഒരു കസേര എടുത്തിട്ടുകൊണ്ട് ജീന പറഞ്ഞു.

"ഇച്ചായൻ ഇരിക്ക്, ഞാൻ എപ്പോൾ വരാം."

ജീന അടുക്കളയിലേക്ക് പോയപ്പോൾ അവളുടെ പിന്നാലെ ചേച്ചിയും അവിടേക്ക് പോയി.

അടുക്കളയിൽ നിന്നും ചില അവ്യക്തമായ ബഹളങ്ങൾ ശ്രീഹരിക്ക് കേൾക്കാമായിരുന്നു. ജീന തനിക്കൊപ്പം വന്നതിനെ അവളൊരു അഴിഞ്ഞാടി നടക്കുന്ന പെണ്ണായി ചേച്ചി ചിത്രീകരിക്കുകയാണെന്ന് അവന് മനസിലായി. മാത്രമല്ല അതിനൊപ്പം അവൾ ഇനി വീട്ടിൽ നിൽക്കുന്ന ദിവസങ്ങളിൽ അവൾക്ക് കൊടുക്കേണ്ട ആഹാരത്തിന്റെ കണക്കുകൾ കൂടി ചേച്ചി പറഞ്ഞത് ശ്രീഹരിയെ ഒരുപാട് വിഷമിപ്പിച്ചു.

കുറച്ച് സമയത്തിനകം ജീന ഒരു ഗ്ലാസിൽ വെള്ളവുമായി അവന്റെ മുന്നിൽ വന്നു. അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് വ്യക്തമായി അവന് കാണാമായിരുന്നു.

മുഖത്ത് ഒരു പുഞ്ചിരി വരുത്തുവാൻ അവൾ ശ്രമിച്ചുവെങ്കിലും അത് പൂർണമായും പരാജയപെട്ടു.

അവളിൽ നിന്നും വെള്ളവും ഗ്ലാസും വാങ്ങിക്കൊണ്ട് ശ്രീഹരി പറഞ്ഞു.

"നീ പോയി അമ്മയെ കണ്ടിട്ട് വാ, നമുക്ക് എന്റെ വീട്ടിലേക്ക് പോകാം."

ജീന അവനെ തന്നെ നോക്കി നിന്നു.

"നിനക്ക് എന്റെ വീട്ടിൽ വരുന്നതിന് എന്തെങ്കിലും കുഴപ്പമുണ്ടോ?"

അവൾ ഇല്ല എന്നുള്ള അർഥത്തിൽ തലയാട്ടി.

"എങ്കിൽ അമ്മയെ പോയി കണ്ടിട്ട് വാ, ഞാൻ വെളിയിൽ കാണും."

ശ്രീഹരി ഗ്ലാസും വെള്ളവും താഴെ വച്ച് വെളിയിലേക്ക് നടന്നു. വീടിനുള്ളിൽ നിന്നും പിന്നും എന്തൊക്കെയോ ബഹളം കേട്ട് തുടങ്ങി. കുറച്ച് സമയം കഴിഞ്ഞപ്പോൾ ജീന ബാഗുമായി പുറത്തേക്കിറങ്ങി വന്നു.

ബൈക്കിൽ അവന്റെ പിന്നിൽ ഇരിക്കുമ്പോൾ ജീന പൂര്ണ്മായും മൗന ആയിരുന്നു. വീട്ടിൽ നിന്നും ഇറങ്ങിയ ശേഷം അവൾ ഇതുവരെ ഒന്നും മിണ്ടിയിട്ടില്ല. അവന്റെ തോളിൽ മുഖമവർത്തി ഇരുന്നു അവൾ. അവളുടെ മാനസികാവസ്ഥ ശരിയല്ല എന്നറിയാവുന്നതിനാൽ ശ്രീഹരിയും ഒന്നും മിണ്ടിയില്ല.

ഉച്ചക്ക് വയറു വിശന്നു തുടങ്ങിയപ്പോൾ അവൻ ബൈക്ക് ഒരു ഹോട്ടലിന്റെ മുന്നിൽ നിർത്തി. അപ്പോൾ മാത്രമാണ് ജീന അവന്റെ തോളിൽ നിന്നും മുഖം മാറ്റിയത്. അവളുടെ കണ്ണുകൾ നല്ലപോലെ കരഞ്ഞതിനാൽ ചുവന്നു കലങ്ങിയിരുന്നു.

ബൈക്കിൽ നിന്നും ഇറങ്ങിയ ജീനയോട് ശ്രീഹരി പറഞ്ഞു.

"മുഖമൊക്കെ കഴുകി നല്ല കുട്ടിയായിട്ടു വേണം ചോറ് കഴിക്കാൻ വന്നിരിക്കാൻ.. അതുപോലെ എന്റെ വീട്ടിലേക്കാണ് നിന്നെ കൂട്ടികൊണ്ട് പോകുന്നത്.. അവിടെ അച്ഛന് ഒട്ടും ഇഷ്ടമല്ലാത്ത ഒരു കാര്യമാണ് ആരും കരയുന്നത്, അതുകൊണ്ട് ഇനി കരഞ്ഞുപോകല്ലും."

ജീന മുഖത്ത് പുഞ്ചിരി വരുത്തുവാൻ വിഫലമായ ഒരു ശ്രമം നടത്തി. അതുകണ്ട ശ്രീഹരി അവളുടെ കവിളിൽ തട്ടിക്കൊണ്ട് പറഞ്ഞു.

"പോയി മുഖം കഴുകിയിട്ടു വാ."

ഉച്ചഭക്ഷണം കഴിച്ചിറങ്ങിയ അവർ സന്ധ്യയോട് കൂടിയാണ് അവന്റെ വീട്ടിൽ എത്തിയത്.

ശ്രീഹരി വീട്ട് മുറ്റത്ത് ബൈക്ക് നിർത്തുമ്പോൾ വാസുദേവൻ അവിടെ പുറംപണിക്കാരോട് സംസാരിച്ച് നിൽക്കുകയായിരുന്നു.

ശ്രീഹരിയെ കണ്ടതും വാസുദേവൻ അകത്തേക്ക് നോക്കി വിളിച്ച് പറഞ്ഞു.

"അംബികേ.. അവർ വന്നു."

ജീനയുടെ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ തന്നെ ശ്രീഹരി അച്ഛനെ വിളിച്ച് അവളുടെ വീട്ടിൽ ഉണ്ടായ അവസ്ഥ പറഞ്ഞിരുന്നു. ജീനയെ വീട്ടിലേക്ക് കൂട്ടികൊണ്ട് വരാൻ മാത്രമാണ് വാസുദേവൻ അവന് മറുപടി നൽകിയത്.

വാസുദേവന്റെ വിളി കേട്ട് വീടിന് വെളിയിലേക്ക് വന്ന അംബിക ജീനയെ കണ്ട് പറഞ്ഞു.

"മോളെന്താ മുറ്റത്തു തന്നെ നിൽക്കുന്നെ, അകത്തേക്ക് കയറി വാ."

വാസുദേവൻ പറഞ്ഞു.

"നിങ്ങളെ കാണാഞ്ഞ് ടെൻഷൻ അടിച്ചിരിക്കയായിരുന്നു അവൾ."

ജീനയെയും കൂട്ടി വീടിനുള്ളിലേക്ക് കയറുന്നതിനിടയിൽ ശ്രീഹരി പറഞ്ഞു.

"ഇവളും കൂടെ ഉള്ളതുകൊണ്ട് പതുക്കെയാ ബൈക്ക് ഓടിച്ചത്. അതാ ഇത്ര ലേറ്റ് ആയത്."

"എങ്കിൽ ഇവൾ എന്നും നിന്റെ കൂടെ ഉള്ളതായിരുന്നു നല്ലത്, ബൈക്കിൽ കയറുമ്പോൾ ഉള്ള നിന്റെ സ്പീഡിലുള്ള പോക്കൊന്നു കുറയുമല്ലോ."

ഒരു ചിരിയോടെ അവൻ ചോദിച്ചു.

"വിദ്യ വന്നില്ലേ?"

"അവൾ രാവിലെ ഇങ്ങെത്തി. എപ്പോൾ കുളിക്കുവാണെന്ന് തോന്നുന്നു.

പറഞ്ഞു തീർന്നപ്പോഴേക്കും കുളിയും കഴിഞ്ഞു തല തോർത്തികൊണ്ട് അവിടേക്ക് വന്ന വിദ്യ ചോദിച്ചു.

"അപ്പോൾ ഇതാണല്ലേ ജീന.. ഏട്ടൻ പറഞ്ഞു കേട്ടിട്ടേ ഉള്ളു, ആളെ നേരിട്ട് കാണുന്നത് ഇപ്പോഴാ."

ജീന വിദ്യയെ നോക്കി ചിരിച്ചു.

വിദ്യ എപ്പോൾ എം.ബി.ബി.എസ്. ഒന്നാം വർഷ വിദ്യാർത്ഥി ആണ്. ഓണത്തിന് ലീവ് എടുത്ത് വീട്ടിലേക്ക് വന്നതാണവൾ. ജീനയും വിദ്യയും ഒരേ പ്രായക്കാരാണ്.

ജീന വിദ്യയെ ശ്രദ്ധിച്ചു.

ശ്രീഹരിയെപോലെ തന്നെ വെളുത്തിട്ടാണ്. പക്ഷെ അവന്റെ അത്ര പൊക്കം ഇല്ല. തോളിനു താഴെവച്ച് മുടി കട്ട് ചെയ്തിരിക്കുന്നു.

ശ്രീഹരി വിദ്യയോട് പറഞ്ഞു.

"ജീനക്ക് ഒരു റൂം കാണിച്ച് കൊടുക്ക് നീ, നല്ല യാത്ര ക്ഷീണം കാണും അവൾക്ക്."

"മുകളിൽ തന്നാണ് 'അമ്മ ജീനക്കും മുറി ഒരുക്കിയിരിക്കുന്നെ."

ശ്രീഹരിയുടെയും മുറി മുകളിൽ തന്നെ ആയിരുന്നു. അവൻ ജീനയെയും കൂട്ടി പടികൾ കയറി നടന്നു. വിദ്യയും അവരോടൊപ്പം കൂടി.

"ഏട്ടൻ ഇന്നിനി പുറത്തക്ക് പോകുന്നുണ്ടോ?"

"ഇന്നിനി ഒന്നും ഇല്ല. ഒന്ന് കുളിക്കണം, കഴിക്കണം, കിടക്കണം. അത്രേ ഉള്ളു."

ജീന ആകെ ടെൻഷനിൽ ആയിരുന്നു. പുതിയ വീട് ആൾക്കാർ.. ആരുടേയും സ്വഭാവം അറിയില്ല. എങ്ങനെ ഓരോരുത്തരോട് പെരുമാറണമെന്നും അറിയില്ല.

ജീനയുടെ മുഖത്തെ ടെൻഷൻ കണ്ട് ശ്രീഹരി പറഞ്ഞു.

"നിന്നാണ് രണ്ടും ഒരേ പ്രായമാണ്, ജീനക്ക് ഇവൾ ഇവിടെ ഒരു കൂട്ടാകും."

അപ്പോഴും ജീന ഒന്ന് ചിരിച്ചതെ ഉള്ളു.

വിദ്യ ചോദിച്ചു.

"ജീന ഒന്നും സംസാരിക്കില്ലേ?"

"അവൾ അങ്ങനെ ആരോടെങ്കിലും സംസാരിക്കുന്ന കൂട്ടത്തിലല്ല.. സംസാരിച്ചു തുടങ്ങിയാൽ നിർത്തതും ഇല്ല."

"എങ്കിൽ സംസാരിപ്പിച്ചു തുടങ്ങുന്ന കാര്യം ഞാൻ ഏറ്റു.

അപ്പോഴേക്കും അവർ ജീനയുടെ മുറിക്ക് മുന്നിൽ എത്തിയിരുന്നു. മുറിയിലേക്ക് കയറുമ്പോൾ വിദ്യയുടെ പെരുമാറ്റം ജീനക്ക് ഒരു ആശ്വാസം നൽകുന്നുണ്ടായിരുന്നു. അത്രയും നേരത്തെ സംസാരത്തിൽ നിന്നും വിദ്യ ഒരു ഫ്രണ്ട്‌ലി ടൈപ്പ് ആണെന്ന് ജീനക്ക് മനസിലായി.

നല്ല യാത്ര ക്ഷീണം ഉണ്ടായിരുന്നതിനാൽ ശ്രീഹരിയും ജീനയും അന്ന് കുളിച്ച് നേരത്തെതന്നെ ആഹാരവും കഴിച്ച് കിടന്നുറങ്ങി.

രാവിലെ ഉറക്കം എഴുന്നേൽക്കുമ്പോൾ ആ വീട്ടിൽ എങ്ങനെ കാര്യങ്ങൾ തുടങ്ങണമെന്നായിരുന്നു ജീനയുടെ ചിന്ത.

ബ്രെഷ് ചെയ്ത് ഫ്രഷ് ആയ അവൾ ആദ്യം തന്നെ പോയത് അടുക്കളയിലേക്കാണ്. അവൾ ചെല്ലുമ്പോൾ തന്നെ അമ്മയും ഒരു ജോലിക്കാരിയും കൂടി പാചകം തുടങ്ങിയിരുന്നു.

"'അമ്മ ഞാൻ എന്താ ചെയ്യേണ്ടേ?"

അവളുടെ ചോദ്യം കേട്ടപ്പോഴാണ് ജീന അടുക്കളയിൽ വന്ന കാര്യം 'അമ്മ അറിയുന്നത്.

"മോള് ഒന്നും ചെയ്യണ്ട.. ഇത്രയും നാള് എന്റെ മോന് മോളല്ലേ ആഹാരം ഉണ്ടാക്കി കൊടുത്തേ, ഇനി കുറച്ചു ദിവസത്തേക്ക് മോൾക്ക് ഞാൻ ആഹാരം ഉണ്ടാക്കി തരാം."

"ചുമ്മാ ഇരുന്നാൽ ഞാൻ ബോറടിച്ച് ചാകും."

"മോള് ചുമ്മാ ഇരിക്കേണ്ട. അവനോടൊപ്പം പുറത്തൊക്കെ ഒന്ന് പോ, ഞങ്ങളുടെ നാടൊക്കെ ഒന്ന് കാണാല്ലോ, പിന്നെ ജോലി ചെയ്യണമെന്ന് അത്ര നിർബന്ധം ആണെങ്കിൽ മറ്റന്നാൾ എന്നെ അടുക്കളയിൽ സഹായിച്ചാൽ മതി. അന്നാണ് ഇവിടെ എല്ലാരും ഓണം കൊള്ളാൻ വരുന്നെ."

ജീന പിന്നും അവിടെ പതുങ്ങി നിന്നപ്പോൾ 'അമ്മ ചോദിച്ചു.

"മോള് ചായയാണോ കോഫി ആണോ കുടിക്കുന്നെ?"

"എനിക്ക് രാവിലെ അതൊന്നും കുടിക്കുന്ന പതിവില്ല."

ഒരു ഗ്ലാസിൽ കോഫി ഒഴിച്ച് ജീനയുടെ കൈയിൽ കൊടുത്തുകൊണ്ട് 'അമ്മ പറഞ്ഞു.

"എങ്കിൽ മോള് ഇത് ഹരിക്ക് കൊണ്ടുപോയി കൊടുക്ക്.

ജീന ഗ്ലാസും വാങ്ങി ശ്രീഹരിയുടെ റൂമിലേക്ക് നടന്നു.അവൾ ചെല്ലുമ്പോൾ അവൻ മൂടിപ്പുതച്ചു കിടന്ന്ഉറക്കത്തിൽ ആയിരുന്നു.

"ഇച്ചായാ.. എഴുന്നേറ്റ് കോഫി കുടിച്ചേ."

പാതി ഉറക്കത്തിൽ കിടക്കുകയായിരുന്ന ശ്രീഹരി പുതപ്പ് മാറ്റി കൈയിലെ ഞൊട്ട ഓടിച്ചുകൊണ്ട് ബെഡിൽ എഴുന്നേറ്റിരുന്നു. എന്നിട്ട് അവളുടെ കൈയിൽ നിന്നും കോഫി വാങ്ങി.

ജീന അവനൊപ്പം ആ ബെഡിലേക്ക് ഇരുന്നു. കോഫി കുടിക്കുന്നതിനിടയിൽ അവൻ ചോദിച്ചു.

"ഇന്നെന്താ നിന്റെ പരിപാടി?"

"ഒരു പരിപാടിയും ഇല്ല. 'അമ്മ എന്നെ അടുക്കളയിൽ കയറാൻ സമ്മതിക്കുന്നില്ല."

"എങ്കിൽ നമുക്കിന്ന് പുറത്ത് പോകാം. എനിക്ക് കുറച്ച് ഫ്രണ്ട്സിനെ കാണാൻ പോകാനുണ്ട്."

അപ്പോഴേക്കും ഉറക്കം എഴുന്നേറ്റ് നേരെ അവന്റെ മുറിയിലേക്ക് വന്ന വിദ്യ പറഞ്ഞു.

"എങ്കിൽ ഞാനും വരുന്നു.. അല്ലേങ്കിൽ ഞാൻ ഇന്ന് മൊത്തം ഇവിടെ പോസ്റ്റ് ആയിരിക്കും."

"അതിന് നിന്നെ ആര് കൊണ്ട് പോകുന്നു."

ബെഡിലേക്ക് വന്നിരുന്ന വിദ്യ പറഞ്ഞു.

"ഞാൻ ഇല്ലാതെ നിങ്ങൾ ഇവിടന്നു പോകുന്നത് ഒന്ന് കാണാമല്ലോ.. ക്ലാര ചേച്ചിടെ കാര്യം ഞാൻ അമ്മയോട് പറഞ്ഞ് കൊടുക്കും."

"അവളോട് ഇതൊക്കെ പറഞ്ഞ എന്നെ പറഞ്ഞാൽ മതീല്ലോ.."

ഒരു ചിരിയോടെ വിദ്യ അവന്റെ കൈയിൽ നിന്നും കോഫി വാങ്ങി ഒരു കവിൾ കുടിച്ചു.

അത് കണ്ട് ജീന പറഞ്ഞു.

"വിദ്യക്ക് കോഫി വേണമെങ്കിൽ ഞാൻ എടുത്തുകൊണ്ട് വരാം."

"ഏയ്.. ഞാൻ കോഫി കുടിക്കാറില്ല.. ഇത് ചുമ്മാ ടേസ്റ്റ് നോക്കാൻ വാങ്ങിയതാ."

വിദ്യ കോഫി ശ്രീഹരിക്ക് തിരിച്ച് കൊടുത്തു.

"നിങ്ങൾ രണ്ടുപേരും പോയി റെഡി ആകാൻ നോക്ക്. ഒരുപാടിടത്ത് പോകാനുണ്ട്. ആദ്യം പോയി നിങ്ങൾക്ക് രണ്ടുപേർക്കും ഓണത്തിനുള്ള ഡ്രസ്സ് എടുക്കണം."

അത് കേട്ട ജീന പെട്ടെന്ന് പറഞ്ഞു.

"എനിക്ക് ഡ്രെസ്സ് ഒന്നും എടുക്കണ്ട. എന്റെയിൽ ആവിശ്യത്തിനുള്ളത് ഉണ്ട്."

വിദ്യയാണ് അതിനുള്ള മറുപടി അവൾക്ക് നൽകിയത്.

"അതൊക്കെ ഞങ്ങൾ തീരുമാനിച്ചോള്ളം.. കൂടെ അങ്ങ് വന്നാൽ മതി."

കാപ്പി കുടി കഴിഞ്ഞ ഉടൻ തന്നെ അവർ കാറുമെടുത്ത് അവിടെ നിന്നും ഇറങ്ങി.

അന്നത്തെ ദിവസം എങ്ങനെ തീർന്നെന്ന് ജീനക്ക് തന്നെ അറിയില്ലായിരുന്നു. വീട്ടിൽ നിന്നും ഇറങ്ങിയ അവർ ആദ്യം പോയത് ടെക്സ്റ്റൈൽസിലോട്ടു ആയിരുന്നു. വിദ്യ നല്ല വിലകൂടിയ ഡ്രസ്സ് ആയിരുന്നു അവൾക്കായി എടുത്തത്. ജീന എത്ര പറഞ്ഞിട്ടും കേൾക്കാതെ അത്രയും വിലയുള്ള ഡ്രസ്സ് തന്നെ വിദ്യയും ശ്രീഹരിയും കൂടി

ജീനക്കായി തിരഞ്ഞെടുത്തു. അവിടെനിന്നും ഓരോ ഫ്രണ്ട്സിന്റെ വീട്ടിലേക്കാണ് ശ്രീഹരി അവരെയും കൊണ്ട് പോയത്. ശ്രീഹരി കൂട്ടുകാരോട് സംസാരിക്കുമ്പോൾ അവർക്കിടയിലേക്ക് ഇടിച്ചിട്ട് കയറി സംസാരിക്കുന്ന വിദ്യയെ കണ്ടപ്പോൾ ശ്രീഹരിയുടെ എല്ലാ കൂട്ടുകാരും അവൾക്ക് പരിചിതരാണെന്ന് ജീനക്ക് മനസിലായി.

ശ്രീഹരി തന്റെ സുഹൃത്ത് എന്ന രീതിയിൽ ജീനയെ അവർക്കൊക്കെ പരിചയപെരുത്തുകയും ചെയ്തു. രാവിലെ വീട്ടിൽ നിന്നും ഇറങ്ങിയ അവർ ഒരു സന്ധ്യയോടെ ആണ് വീട്ടിൽ തിരിച്ചെത്തിയത്. ആ ഒരു യാത്രയോടെ ജീനയും വിദ്യയും സുഹൃത്തുക്കളായി മാറി.

പിറ്റേ ദിവസം തിരുവോണത്തിന് മുഴുവൻ സമയവും ജീനയും ശ്രീഹരിയും വിദ്യയും വീട്ടിൽ തന്നെ ആയിരുന്നു. ജീനയെ അടുക്കളയിൽ ഒന്നും ചെയ്യാൻ 'അമ്മ സമ്മതിച്ചില്ലേലും അവൾ അവിടൊക്കെ തന്നെ ചുറ്റിപറ്റി നിന്നു. വിഭവ സമൃദ്ധമായ സദ്യയൊക്കെ ആയി തിരുവോണ ദിനവും കടന്നു പോയി. അവളുടെ ജീവിതത്തിൽ ഇത്ര സന്തോഷകരമായ ഒരു ഓണം ഉണ്ടായിട്ടേ ഇല്ലായിരുന്നു.

അവിട്ടം ദിനത്തിൽ ജീന രാവിലെതന്നെ എഴുന്നേറ്റ് കുളിച്ച് അടുക്കളയിൽ ചെന്നു. അന്ന് അടുക്കളയിൽ പിടിപ്പത് ജോലി ഉണ്ടായിരുന്നതിനാൽ 'അമ്മ എതിർത്തൊന്നും പറഞ്ഞില്ല.

രാവിലെ തന്നെ ബന്ധുക്കൾ എത്തി തുടങ്ങുമെന്നുള്ളതിനാൽ ശ്രീഹരിയും രാവിലെ തന്നെ എഴുന്നേറ്റിരുന്നു. കാപ്പി കുടിയൊക്കെ കഴിഞ്ഞപ്പോഴേക്കും ബന്ധുക്കളൊക്കെ വന്നു തുടങ്ങി. പിന്നെ അവരോടൊക്കെ വിശേഷങ്ങൾ പറഞ്ഞിരുന്നപ്പോൾ ശ്രീഹരി സംശയം പോയതറിഞ്ഞില്ല. ഒരുപാട് നാളുകൂടിയാണ് എല്ലാരും ഒന്ന് ഒത്തു കൂടുന്നത്. ജീന അപ്പോഴും അടുക്കളയിൽ പിടിപ്പത് പണിയിലായിരുന്നു. വീട്ടിൽ വന്ന ബന്ധുക്കൾക്കൊക്കെ ജീന ശ്രീഹരിയുടെ കൂടെ പഠിക്കുന്ന കുട്ടിയാണെന്നും പറഞ്ഞാണ് 'അമ്മ പരിചയപ്പെടുത്തിയത്.

"മോനെ ശ്രീ.. നിന്നെ കാണാൻ ഒരു കുട്ടി വന്നു നിൽക്കുന്നു."

അച്ഛന്റെ വിളി കേട്ട് ശ്രീഹരി വീടിന് വെളിയിലേക്ക് ചെന്നപ്പോൾ പുഞ്ചിരിയോടെ മുറ്റത്ത് നിൽക്കുന്ന ക്ലാരയെ ആണ് കണ്ടത്.

പെട്ടെന്ന് ക്ലാരയെ കണ്ടപ്പോൾ അച്ഛനോട് എന്ത് പറയണമെന്ന് ശ്രീഹരിയുടെ മനസ്സിൽ വന്നില്ല.

കുറച്ചു നേരം അവളെ മിഴിച്ചു നോക്കി നിന്ന ശേഷം ശ്രീഹരി അച്ഛനോട് പറഞ്ഞു.

"അച്ഛാ.. ഇത് ക്ലാര.. എന്റെ കൂടെ കോളേജിൽ ഉള്ളതാണ്.. ഞാൻ ഓണത്തിന് ക്ഷണിച്ചിട്ട് വന്നതാ."

"ആണോ.. എന്നിട്ട് മോളെന്താ അവിടെ തന്നെ നിൽക്കുന്നെ, അകത്തോട്ട് കയറ്.."

വീടിനകത്തേക്ക് പുഞ്ചിരിയോടെ കയറിയ ക്ലാരയോട് അച്ഛൻ ചോദിച്ച്.

"മോളുടെ വീടെവിടാണ്?"

"എവിടെ അടുത്ത് തന്നാ."

ശ്രീഹരി പെട്ടെന്ന് പറഞ്ഞു.

"അക്കരെ പള്ളിയുടെ അടുത്താണ്. ഇവൾ എന്റെകൂടെ എവിടെ തന്നാ പ്ലസ് ടു പഠിച്ചത്."

ശ്രീഹരിയുടെ വെപ്രാളം ഒന്ന് ശ്രദ്ധിച്ച ശേഷം അച്ഛൻ പറഞ്ഞു.

"മോളെ അകത്തേക്ക് കൂട്ടികൊണ്ട് പോ."

അകത്തേക്ക് നടക്കുന്നതിനിടയിൽ ക്ലാര ചോദിച്ചു.

"നിനക്കെന്താടാ ഒരു ടെൻഷനും വെപ്രാളവും?"

"നിന്നോട് വീട്ടിലേക്ക് വരാൻ പറഞ്ഞിരുന്നെങ്കിലും നീ വരുമെന്ന് എനിക്കൊരു പ്രതീക്ഷയും ഇല്ലായിരുന്നു."

ഹാളിൽ നിന്നു കൊണ്ട് ശ്രീഹരി ഉറക്കെ വിളിച്ചു.

"അമ്മേ.. ജീനേ... ഒന്നിങ്ങു വന്നെ."

അവന്റെ വിളി കേട്ട് അവർ രണ്ടുപേരും ഹാളിലേക്ക് വന്നു. ക്ലാരയെ കണ്ടതും ജീന ചേച്ചി എന്നും വിളിച്ച് ഓടിവന്ന് ക്ലാരയെ കെട്ടിപിടിച്ചു.

ക്ലാരയും അവളെയൊന്ന് കെട്ടിപ്പിടിച്ച ശേഷം പുഞ്ചിരിയോടെ തന്നിൽ നിന്നും അകത്തി.

ശ്രീഹരി അമ്മയോട് പറഞ്ഞു.

"അമ്മേ.. ഇത് ക്ലാര.. ഞങ്ങളുടെ കൂടെ കോളേജിൽ പഠിക്കുന്നതാണ്."

'അമ്മ ക്ലാരയെ സൂക്ഷിച്ച് നോക്കികൊണ്ട് പറഞ്ഞു.

"മോളെ ഞാൻ എവിടേയോ വച്ച് കണ്ടിട്ടുണ്ടല്ലോ."

"ഞാൻ എവിടെ അടുത്തുള്ളത് തന്നാണ് 'അമ്മ. അക്കരയാണ് എന്റെ വീട്."

"ആ.. അതാണ് കണ്ട് നല്ല പരിചയം."

അപ്പോഴാണ് പടി ഇറങ്ങി വരുകയായിരുന്ന വിദ്യ ഒരു കള്ള ചിരിയോടെ ചോദിച്ചത്.

"ഏട്ടാ.. അമ്മയ്ക്ക് മാത്രമേ പരിചയപ്പെടുത്തി കൊടുക്കുന്നുള്ളോ, എനിക്ക് പരിചയപെടുത്തുന്നില്ലേ?"

ശ്രീഹരി സ്കൂളിൽ പഠിക്കുന്ന സമയത്ത് ക്ലാരയുടെ പിറകെ നടന്നതെല്ലാം വിദ്യക്ക് അറിയാവുന്നതാണ്.

ഇവൾ പാര പണിയും എന്നുള്ള അർഥത്തിൽ ശ്രീഹരി ക്ലാരയെ നോക്കി.

ക്ലാര ചിരിച്ച് കൊണ്ട് പറഞ്ഞു.

"അതിന് സ്കൂളിൽ പഠിക്കുമ്പോഴേ വിദ്യക്ക് എന്നെ അറിയാവുന്നതല്ലേ.. പിന്നെന്തിനാ ഒരു പരിചയപ്പെടുത്തൽ."

വിദ്യ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാൻ ചുമ്മാ പറഞ്ഞതാ ചേച്ചി."

"നിങ്ങളിവിടെ സംസാരിച്ച് ഇരിക്ക്.. എനിക്ക് അടുക്കളയിൽ കുറച്ച് പണി ഉണ്ട്."

'അമ്മ അടുക്കളയിലേക്ക് നടന്നു.

ഷാൾ കൊണ്ട് ജീനയുടെ മുഖത്തെ വിയർപ്പ് തുടച്ച് കൊണ്ട് ക്ലാര പറഞ്ഞു.

"നീ ആകെ വിയർത്തു കുളിച്ചല്ലോ."

ഒരു ചിരിയോടെ ജീന മറുപടി നൽകി.

"അടുക്കളയിൽ കുറച്ച് പണി ഉണ്ടായിരുന്നു ചേച്ചി."

വിദ്യക്ക് ഇട്ട് താങ്ങിക്കൊണ്ട് ശ്രീഹരി പറഞ്ഞു.

"നല്ല കൊച്ചുങ്ങളായാൽ അങ്ങനെ.. അടുക്കളയിൽ കയറി പണിയൊക്കെ എടുക്കും.. അല്ലാതെ ഇവളെ പോലെ റൂമിൽ കയറി ഇരിക്കില്ല."

ശ്രീഹരിയുടെ കൈയിൽ ഇടിച്ചുകൊണ്ടു വിദ്യ പറഞ്ഞു.

"ഇവിടെ അമ്മക്ക് ഇപ്പോൾ ഏറ്റവും വലിയ സഹായം ചെയ്യുന്നത് ഞാനാണ്."

"അതെങ്ങനെ?"

"ഞാൻ അടുക്കളയിൽ കുക്കിങ്ങിന് കയറിയിരുന്നേൽ അമ്മക്ക് അതെല്ലാം ഒന്നും കൂടി ഉണ്ടാക്കേണ്ടി വന്നേനെ."

അതുകേട്ട് അവരെല്ലാം ചിരിച്ച് പോയി.

ജീന ക്ലാരയോട് പറഞ്ഞു.

"അമ്മായി അമ്മയെ കൈയിൽ എടുക്കണമെങ്കിൽ നമുക്ക് അടുക്കളയിൽ കയറി തന്നെ സോപ്പ് ഇട്ട് തുടങ്ങാം."

ജീന ക്ലാരയെയും കൂട്ടി അടുക്കളയിലേക്ക് നടന്നു.

അവർ നടന്ന് പോകുന്നത് കണ്ട് വിദ്യ ശ്രീഹരിയുടെ തോളിൽ കൈമുട്ട് മടക്കി താങ്ങിനിന്നുകൊണ്ടു പറഞ്ഞു.

"ഈ ഒരു കാര്യമാ എനിക്ക് മനസിലാകാത്തത്."

"എന്ത്?"

"സാധാരണ ഏതെങ്കിലും പെണ്ണിനോട് കാമുകൻ കൂടുതൽ അടുപ്പം കാണിച്ചാൽ കാമുകിക്ക് അവൾ ശത്രു ആകേണ്ടതാണ്. പക്ഷെ ഇവിടിപ്പോൾ ഇവർ അടയും ചക്കരയും പോലാണല്ലോ."

"അതിന്റെ കാരണം നിനക്കിതുവരെ മനസിലായില്ലേ?"

"ഇല്ല.."

"ക്ലാരക്ക് നിന്നെപ്പോലെ കുശുമ്പ് ഇല്ലാത്തോണ്ട്."

വിദ്യ ശ്രീഹരിയുടെ വയറ്റിൽ വേദനിപ്പിക്കാതെ ഒരു ഇടികൊടുത്തുകൊണ്ട് അവരുടെ പിന്നാലെ അടുക്കളയിലേക്ക് നടന്നു.

ക്ലാര ജീനക്കൊപ്പം അടുക്കളയിലേക്ക് പോയതിന് ശേഷം ശ്രീഹരിക്ക് ഇരിപ്പുറക്കുന്നുണ്ടായിരുന്നില്ല. അവൻ ഓരോ കാരണങ്ങൾ ഉണ്ടാക്കി അടുക്കളയിൽ പോയി വന്നുകൊണ്ടിരുന്നു.

ശ്രീഹരി വീണ്ടും അടുക്കളയിലേക്ക് വന്നത് കണ്ട് വിദ്യ ചോദിച്ചു.

"ഏട്ടൻ എന്താ കുറച്ച് നേരമായി അടുക്കളയിൽ കിടന്ന് കറങ്ങുന്നത്?"

അതുകേട്ട് ജീനയുടെയും ക്ലാരയുടെയും ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞു.

വിദ്യയെ ഇടിക്കുന്നതായി ആഗ്യം കാണിച്ച് ശ്രീഹരി അടുക്കളയിൽ നിന്നും പുറത്തേക്ക് നടന്നു.

വിദ്യ ക്ലാരയുടെ അടുത്തേക്ക് ചെന്നുകൊണ്ടു പറഞ്ഞു.

"ചേച്ചി ചേട്ടന്റെ അടുത്തേക്ക് ചെല്ലാൻ നോക്ക്, അല്ലെങ്കിൽ ആൾക്ക് ഒരു സമാധാനം കാണില്ല."

ക്ലാര ഒരു ചിരിയോടെ അരിഞ്ഞുകൊണ്ടിരുന്ന കത്തി താഴെ വച്ചു.

അപ്പോൾ വിദ്യ പറഞ്ഞു.

"ജീനയെ കൂടി കൂടെ കൂട്ടിക്കോ. നിങ്ങൾ രണ്ടുപേരും മാത്രമായി മാറി നിന്നാൽ ആരെങ്കിലും ശ്രദ്ധിക്കും."

ക്ലാര ജീനയെയും വിളിച്ച് ഹാളിലേക്ക് പോയി. അവർ അവിടെ ചെല്ലുമ്പോൾ ശ്രീഹരി കുറച്ചുപേരോട് സംസാരിച്ച് ഇരിക്കുകയായിരുന്നു. ജീന മുകളിലേക്ക് വരാൻ അവനെ കണ്ണുകൊണ്ട് ആഗ്യം കാണിച്ച ശേഷം ക്ലാരയെയും കൂട്ടി അവന്റെ റൂമിലേക്ക് പോയി.

"ഇതാണ് ഇച്ചായന്റെ റൂം.."

ക്ലാര റൂം മൊത്തം കണ്ണുകൊണ്ട് പരാതി. എന്നിട്ട് ബെഡിലേക്ക് ഇരുന്നു. കുറച്ച് സമയയത്തിനകം തന്നെ ശ്രീഹരി റൂമിലേക്ക് എത്തി. അവനും അവൾക്കരികിലായി ബെഡിൽ ഇരുന്നു.

അവർ തമ്മിൽ ഒന്നും സംസാരിക്കുന്നില്ലായിരുന്നു. മുഖത്തോടു മുഖം നോക്കി ഇരുപ്പ് തന്നെ. ജീനയും അവരെ രണ്ടുപേരെയും നോക്കി അവിടെ ഒരു കസേരയിൽ ഇരുന്നു.

കുറച്ച് സംശയം കഴിഞ്ഞപ്പോൾ ഡോർ തുറക്കുന്ന ശബ്ദം കേട്ട് ശ്രീഹരിയും ക്ലാരയും നോട്ടം മാറ്റി ഡോറിലേക്ക് നോക്കി.

അവർക്കുള്ള പായസവുമായി വിദ്യ അവിടേക്ക് വന്നതായിരുന്നു.

റൂമിനകത്തേക്ക് കയറിയ വിദ്യ ചോദിച്ചു.

"എന്താ ഇവിടെ നടക്കുന്നത്?"

അതിനുള്ള മറുപടി നൽകിയത് ജീന ആയിരുന്നു.

"ഒരു അവാർഡ് പടം ഓടുവായിരുന്നു ഇവിടെ, എപ്പോൾ ഡയലോഗ് വരും എന്ന് നോക്കി ഇരിക്കയായിരുന്നു ഞാൻ."

അതുകേട്ട് അവരെല്ലാരും ചിരിച്ചു. വിദ്യകൂടി അവർക്കൊപ്പം കൂടിയപ്പോൾ അവിടെ കളിയും തമാശയും ആയി ബഹളമയം ആയി. ഉച്ചക്ക് സദ്യ കഴിക്കാൻ 'അമ്മ വിളിച്ചപ്പോഴാണ് അവർ താഴേക്ക് പോയത്.

ഉച്ച കഴിഞ്ഞപ്പോൾ ശ്രീഹരിയുടെ കുറച്ച് കൂട്ടുകാർ വീട്ടിലെത്തി. ഒരുപാട് നാളുകൾക്ക് ശേഷമുള്ള അവരുടെ ഒത്തുകൂടൽ ആയിരുന്നു അത്.ശ്രീഹരിയുടെ വീട്ടിൽ എത്തിയ അവരുടെ ആദ്യ ഞെട്ടൽ ക്ലാരയെ അവന്റെ വീട്ടിൽ കണ്ടതായിരുന്നു. സ്കൂളിൽ പഠിക്കുന്ന സമയത്ത് അവൻ ക്ലാരയുടെ പിറകെ നടന്നതും അവൾ ശ്രീഹരിയെ ഒഴുവാക്കി വിട്ടതും എല്ലാം അവർക്ക് അറിയാവുന്ന കഥകളാണ്.

ശ്രീഹരിയുടെ റൂമിൽ അവരെല്ലാം ഒത്തുകൂടി ഇരുന്ന് സംസാരിക്കുന്നതിനിടയിൽ ജീനയും വിദ്യയും അവർക്കുള്ള പായസവുമായി അവിടേക്ക് വന്നു.

പായസം വാങ്ങി കുടിക്കുന്നതിനിടയിൽ ദീപു ക്ലാരയോട് ചോദിച്ചു.

"ഇവൻ സ്കൂളിൽ പഠിച്ച കാലം മൊത്തം നിന്റെ പിറകെ നടന്നിട്ട് തോന്നാത്ത ഇഷ്ടം ഇപ്പോൾ എങ്ങനെ തോന്നിയെടി?"

അതിനുള്ള മറുപടി ക്ലാരയും ശ്രീഹരിയും ഒരു ചിരിയിൽ ഒതുക്കി.

ക്ലാര ശ്രീഹരിയോട് പറഞ്ഞു.

"ഡാ.. ഞാൻ എപ്പോൾ ഇറങ്ങും, ഉച്ച കഴിയുമ്പോൾ തിരിച്ചെത്തും എന്നും പറഞ്ഞാണ് ഞാൻ വീട്ടിൽ നിന്നും ഇറങ്ങിയത്.

"

അത് കേട്ട വിഷ്ണു പറഞ്ഞു.

"കുറച്ച് നേരം കൂടി ഇരിക്ക് നീ, ഞങ്ങളും എപ്പോൾ പോകും.. നമുക്ക് ഒത്തിറങ്ങാം."

അച്ചു - ഇറങ്ങുന്നതിന് മുൻപ് ഒരു കാര്യത്തിൽ തീരുമാനം ഉണ്ടാക്കണം.

ജിത്തു ആകാംഷയോടെ ചോദിച്ചു.

"എന്ത് കാര്യത്തിൽ?"

അച്ചു - ശ്രീഹരി, നിങ്ങൾ മറ്റന്നാൾ തിരിച്ചു പോകില്ലേ?

ശ്രീഹരി - മറ്റന്നാൾ രാവിലെ ഞങ്ങൾ എവിടന്നിറങ്ങും, തിങ്കളാഴ്ച ക്ലാസ് തുടങ്ങുന്നതാണ്.

അച്ചു - അപ്പോൾ അതിന് മുൻപ് നമുക്കൊന്ന് കൂടണ്ടേ.

അവരുടെ സംസാരം കേട്ടുകൊണ്ടിരുന്ന വിദ്യ ചോദിച്ചു.

"വെള്ളമടി ആണോ നിങ്ങൾ ഉദ്ദേശിച്ചേ?"

അച്ചു - അത് തന്നെ. ഇനി എന്നാ എല്ലാരും ഇങ്ങനൊന്ന് കൊടുന്നെ.

വെള്ളമടി പാർട്ടിയുടെ ചർച്ചയാണ് നടക്കുന്നത് എന്ന് മനസിലായ ക്ലാര ശ്രീഹരിയെ തുറിച്ച് നോക്കി.

"നീ എന്നെ ഇങ്ങനെ നോക്കി ദഹിപ്പിക്കണ്ട, ഇതൊക്കെ വല്ലപ്പോഴുമേ ഉള്ളു.. കോളേജിൽ വന്ന ശേഷം ഞാൻ കുടിച്ചിട്ടില്ല."

അത് കേട്ട വിദ്യ ശ്രീഹരിയെ കളിയാക്കികൊണ്ട് ചോദിച്ചു.

"എന്തോ.. എന്താ എപ്പോൾ പറഞ്ഞെ?"

"നിനക്ക് സംശയം ഉണ്ടെങ്കിൽ ജീനയോട് ചോദിച്ച് നോക്ക്."

വിദ്യ ജീനയുടെ നേരെ നോക്കിയപ്പോൾ ക്ലാര പറഞ്ഞു.

"നീ ആരോടാ ഈ ചോദിക്കാൻ പോകുന്നെ.. ചത്താലും അവൾ ഇവനെ സപ്പോർട്ട് ചെയ്തല്ലാതെ ഒന്നും പറയില്ല."

അതുകേട്ട ജീന ഒരു ചിരിയോടെ ബെഡിൽ ശ്രീഹരിയുടെ അരികിലേക്ക് പോയി ഇരുന്നു.

ശ്രീഹരി എല്ലാപേരോടും ആയി ചോദിച്ചു.

"അപ്പോൾ എന്താ പ്ലാൻ.. ഇന്ന് എന്തായാലും എന്നെകൊണ്ട് പറ്റില്ല. വീട്ടിൽ ബന്ധുക്കൾ എല്ലാരും ഉള്ളതാണ്. നാളെ ആണെങ്കിൽ ഞാൻ ഫുൾ ഫ്രീ ആണ്."

ജിത്തു പറഞ്ഞു.

"ഞങ്ങൾക്കും നാളെ ഓക്കേ ആണ്, പക്ഷെ ഇതെല്ലം എവിടാ ഒന്ന് സെറ്റ് ചെയ്യുക."

അച്ചു - അതിനെ കുറിച്ചോർത്ത് നിങ്ങൾ ടെൻഷൻ അടിക്കേണ്ട, നാളെ എന്റെ വീട്ടിൽ ആരും ഇല്ല.

ദീപു - അപ്പോൾ സ്ഥലവും റെഡി ആയി, പക്ഷെ എനിക്ക് ഈ കപ്പലണ്ടിയും മിച്ചറും ഒക്കെയായിട്ടിരുന്ന് വെള്ളമടിക്കാൻ വയ്യ.. ഓണമൊക്കെ ആയിട്ട് നല്ല ഹെവി ആയിട്ടെന്തെങ്കിലും വേണം.

ശ്രീഹരി ഒന്നാലോചിച്ചിട്ട് പറഞ്ഞു.

"നല്ല കുരുമുളക് പൊടിയും നാരങ്ങാ നീരും പച്ചമുളകും ഒക്കെ ഇട്ട് വരട്ടിയെടുത്ത ബീഫ് ആയല്ലോ."

ദീപു - സംഗതി ഓക്കേ. പക്ഷെ ഇത് എവിടുന്ന് ഒപ്പിക്കും.

ജീനയുടെ തോളിൽ ചേർത്തുപിടിച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"സാധനങ്ങൾ എല്ലാം വാങ്ങികൊടുക്കാമെങ്കിൽ ഇവൾ ഉണ്ടാക്കി തരും. ഇവൾ അതിന്റെ ആളാണ്."

ജിത്തു - ലിസ്റ്റ് തന്നാൽ സാധങ്ങൾ ഒകെ ഞങ്ങൾ വാങ്ങി തരാം.

ശ്രീഹരി - ജീനേ.. നീ ഉണ്ടാക്കി തരില്ലേ?"

ജീന - അതൊക്കെ ഞാൻ ഉണ്ടാക്കി തരാം, പക്ഷെ കുളമായാൽ എന്നെ കുറ്റം പറയരുത്.

ജീനയുടെ മുടിയിൽ തഴുകിക്കൊണ്ട് ശ്രീഹരി പറഞ്ഞു.

"നീ കുക്ക് ചെയ്തിട്ടുള്ള എന്തെങ്കിലും ഇന്നുവരെ കുളമായിട്ടുണ്ടോടി."

ഇതെല്ലം കേട്ടുകൊണ്ടിരുന്ന വിദ്യ പറഞ്ഞു.

"എനിക്കും വേണം ബീഫ് റോസ്റ്."

കുറച്ചുനേരം ആലോചിച്ച ശേഷം ശ്രീഹരി പറഞ്ഞു.

"നീയും വന്നോ.. ജീനക്ക് ഒരു കൂട്ടാകുമല്ലോ."

"അപ്പോൾ എനിക്ക് ഒരുകുപ്പി ബിയറും കൂടി.."

ഒരു കള്ളച്ചിരിയോടെ അതുപറഞ്ഞ വിദ്യയുടെ മുഖത്തേക്ക് ശ്രീഹരി തുറിച്ച് നോക്കി.

"എനിക്ക് വാങ്ങി തന്നില്ലേൽ ഞാൻ വീട്ടിൽ ഒറ്റി കൊടുക്കും."

ജിത്തു - ഡാ.. അവൾക്ക് വാങ്ങി കൊടുത്തേയ്ക്ക്, അല്ലെങ്കിൽ അവളെല്ലാം കൊളമാക്കും.

ശ്രീഹരി - നീ എന്ന് തുടങ്ങിയാടി ഈ പരിപാടി?

വിദ്യ - ഹോസ്റ്റലിൽ വച്ച് ഒരു തവണ ഒറ്റ കവിൾ കുടിക്കാതെ ഉള്ളു.. ഇതിപ്പോൾ നിങ്ങൾ എല്ലാരും കൂടെ ഉള്ളതുകൊണ്ടല്ലേ ഏട്ടാ പറഞ്ഞെ.

ശ്രീഹരി - കൊടുത്താൽ പതപ്പിക്കണ്ട.. വാങ്ങി തരാം.

വിദ്യ ഓടിവന്ന് ശ്രീഹരിയെ കെട്ടിപിടിച്ചു.

ഒരു ചിരിയോടെ വിദ്യയെ പിടിച്ചുമാറ്റി കൊണ്ട് ശ്രീഹരി പറഞ്ഞു.

"മതി മതി സ്നേഹപ്രകടനം."

കൈയിൽ കത്തിച്ച് വച്ചിരുന്ന സിഗരട് ശ്രീഹരിയുടെ കൈയിൽ കൊടുത്തുകൊണ്ട് വിഷ്ണു ക്ലാരയോട് ചോദിച്ചു.]

"നാളെ നീയും വരുന്നുണ്ടോ?"

അവളുടെ മറുപടി പെട്ടെന്നായിരുന്നു.

"ഏയ്.. ഇല്ല.. ഇന്ന് തന്നെ കൂട്ടുകാരിയുടെ വീട്ടിൽ പോകുന്നെന്നും പറഞ്ഞാണ് വീട്ടിൽ നിന്നും ഇറങ്ങിയത്."

കൈയിൽ സിഗരറ്റും വച്ചിരിക്കുന്ന ശ്രീഹരിയെ തന്നെ മുഖം വീർപ്പിച്ച് ജീന നോക്കിയിരിക്കുകയായിരുന്നു അപ്പോൾ.

അവളുടെ നോട്ടം കണ്ട് അവൻ പറഞ്ഞു.

"നീ ഇങ്ങനെ നോക്കി പേടിപ്പിക്കണ്ട.. ഞാൻ ഇത് വലിക്കാനൊന്നും പോകുന്നില്ല."

ശ്രീഹരി സിഗരറ്റ് വിഷ്ണുവിന്റെ കൈയിലേക്ക് തിരിച്ച് കൊടുത്തു.

അവന്റെ ആ പ്രവർത്തി കണ്ട് വിദ്യ ക്ലാരയെ നോക്കികൊണ്ട് പറഞ്ഞു.

"എന്റെ സംശയം എപ്പോൾ... ക്ലാര ചേച്ചിയാണോ അതോ ജീനയാണോ ഏട്ടന്റെ കാമുകി എന്നതാണ്.

"എനിക്കും ഇടയ്ക്ക് ആ സംശയം തോന്നാറുണ്ട്, എന്നോടാണോ അതോ ജീനയോടാണോ അവനു കൂടുതൽ സ്നേഹമെന്ന്."

ജീന പെട്ടെന്ന് പറഞ്ഞു.

"എന്നോടൊന്നും അല്ല.. ചേച്ചിയോട് തന്നാ ഇച്ചായന് കൂടുതൽ സ്നേഹം."

ഒരു ചിരിയോടെ ക്ലാര പറഞ്ഞു.

"ഈ ഒരു കാരണം കൊണ്ടാണ് ഞാൻ ഇവളെ സ്നേഹിച്ച് പോയതും അവന്റടുത്ത് നിന്ന് അകറ്റാൻ നോക്കാത്തതും... അവൻ എന്ത് പ്രശ്നത്തിൽ വീഴാൻ പോയാലും കട്ടക്ക് കൂടെ നിന്ന് അവളുടെ ഇച്ചായനെ രക്ഷിച്ചെടുത്തോളും."

ജീന ശ്രീഹരിയെ ഒരുപാട് സ്നേഹിക്കുന്നുണ്ടെന്ന് കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങൾ കൊണ്ട് തന്നെ നേരിട്ട് മനസിലാക്കിയ കാര്യമായിരുന്നു.

കുറച്ചുനേരം കൂടി ക്ലാര അവർക്കൊപ്പം സംസാരിച്ചിരുന്നിട്ട് യാത്ര പറഞ്ഞ് അവിടെനിന്നും ഇറങ്ങി. അവൾ ഇറങ്ങി കുറച്ചു കഴിഞ്ഞപ്പോൾ തന്നെ അവന്റെ കൂട്ടുകാരും അവിടെ നിന്നും പോയി.

ജീനയുടെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു ഓണം തന്നെയായിരുന്നു ആ വർഷത്തേത്. ഒരുപാട് സന്തോഷിച്ച ദിനങ്ങൾ, ഒരുപാട് സ്നേഹിക്കുന്ന ശ്രീഹരിയുടെ വീട്ടുകാർ.

തിരിച്ച് തിരുവനന്തപുരത്ത് പോകുന്നതിന്റെ തലേദിവസം ശ്രീഹരിയുടെയും കൂട്ടുകാരുടെയും പ്ലാൻ പോലെ അവർ അച്ചുവിന്റെ വീട്ടിൽ ഒത്തുകൂടിയിരുന്നു. ജീന അവർക്ക് ബീഫ് റോസ്റ്റും ഉണ്ടാക്കി കൊടുത്തു. ജീവിതത്തിൽ അധികം കൂട്ടുകാരൊന്നും ഇല്ലാതിരുന്ന ജീനക്ക് ശ്രീഹരിയുടെയും കൂട്ടുകാരുടെയും ഒപ്പം ഉണ്ടായിരുന്ന നിമിഷങ്ങൾ ആനന്ദം നിറഞ്ഞത് തന്നെ ആയിരുന്നു. അവളും അവരുടെ കളി ചിരികളിൽ പങ്കുചേർന്ന് സംസാരിച്ചു, ചിരിച്ചു, സന്തോഷിച്ചു.

ഞാറാഴ്ച രാവിലെ തിരിച്ച് പോകാനായി വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ ശ്രീഹരിയേക്കാൾ വിഷമം ജീനക്കായിരുന്നു. കാരണം അവൾ ജീവിതത്തിൽ ഏറ്റവും കൂടുതൽ സന്തോഷിച്ച നാളുകൾ ആ വീട്ടിലേതായിരുന്നു.

വീട്ടിൽ നിന്നും ജീന ഇറങ്ങുന്നതിന് മുൻപായി 'അമ്മ അവളുടെ കഴുത്തിൽ ഒരു സ്വർണ മാല ഇട്ട് കൊടുത്തുകൊണ്ട് പറഞ്ഞു.

"പെൺപിള്ളേർ ഒഴിഞ്ഞ കഴുത്തുമായി നടക്കുന്നത് ഐശ്വര്യക്കേടാണെന്നാ ഇവിടൊക്കെ ഉള്ളവർ പറയുന്നെ.. അതികൊണ്ട് ഇത് മോളുടെ കഴുത്തിൽ കിടക്കട്ട്."

അതിന് പിന്നാലെ വിദ്യ വന്ന് ഒരു കുരിശിന്റെ സ്വർണ ലോക്കറ്റ് ആ മാലയിൽ കൊരുത്ത് ഇട്ടുകൊണ്ട് പറഞ്ഞു.

"എന്റെ ഏട്ടനെ വരച്ച വരയിൽ നിർത്തുന്നതിന് സമ്മാനായിട്ട് ഇത് എന്റെ വക."

അവരുടെ ആ സ്നേഹത്തിൽ കണ്ണുകൾ നിറഞ്ഞ ജീന കരഞ്ഞുകൊണ്ട് വിദ്യയെ കെട്ടിപിടിച്ചു.

കുറച്ചുനേരം ആ നിൽപ്പ് തുടർന്നപ്പോൾ 'അമ്മ വന്ന് അവളെ പിടിച്ച് മാറ്റിക്കൊണ്ട് പറഞ്ഞു.

"ഒരു വഴിക്ക് പോകുമ്പോൾ ഇങ്ങനെ കരഞ്ഞുകൊണ്ടാണോ ഇറങ്ങുന്നേ, സന്തോഷത്തോടെ പോകാൻ നോക്ക്."

കൂടുതൽ നേരം അവിടെ നിന്നാൽ ജീന കരഞ്ഞു കുളമാക്കും എന്നറിയാവുന്നതിനാൽ ശ്രീഹരി പെട്ടെന്ന് തന്നെ അവളെയും കൂട്ടി അവിടെ നിന്നും ഇറങ്ങി.

ഓണത്തിന് ശേഷമുള്ള കോളേജിലെ ദിനങ്ങൾ വളരെ പെട്ടെന്നാണ് കടന്നു പോയത്. ക്ലാസ്സില്ലാത്ത ദിവസങ്ങളിൽ എല്ലാം ക്ലാര ശ്രീഹരിക്കും ജീനക്കും ഒപ്പം തന്നെ ആയിരുന്നു.

ക്ലാരയുടെയും ശ്രീഹരിയുടെയും പ്രണയ നിമിഷങ്ങൾക്ക് സാക്ഷിയായി ജീന എപ്പോഴും അവർക്കൊപ്പം തന്നെ ഉണ്ടായിരുന്നു.

ആ നല്ല ദിനങ്ങളും മാസങ്ങളും കടന്നു പോകുമ്പോൾ അവരുടെ സന്തോഷത്തിനൊക്കെ ഒരു അവസാനമെന്നവണ്ണം ഒരു ദിവസം രാവിലെ ജീനയുടെ 'അമ്മ മരിച്ചു എന്നാ വിവരവുമായി സിജോയുടെ കാൾ ശ്രീഹരിയെ തേടി എത്തി.

ശ്രീഹരിക്ക് പെട്ടെന്ന് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. ജീനയുടെ വീട്ടിൽ അവളോട് സ്നേഹമുണ്ടായിരുന്നത് അമ്മക്ക് മാത്രമായിരുന്നു. ആ ഒരാളും ഇല്ലാതായിരിക്കുന്നു.

മരണം അവൾ വീട്ടിൽ എത്തിയിട്ട് അറിഞ്ഞാൽ മതിയെന്നുള്ള ഉദ്ദേശത്തിൽ ശ്രീഹരി അവളെയും കൂട്ടി വീട്ടിൽ നിന്നിറങ്ങി.

ശ്രീഹരിയുടെ മുഖ ഭാവവും മൗനവും കണ്ടപ്പോൾ തന്നെ എന്തോ കുഴപ്പം ഉണ്ടെന്ന് ജീനക്ക് മനസിലായി.

ബൈക്കിൽ പോകുമ്പോൾ എവിടേക്കാണ് പോകുന്നതിനുള്ള അവളുടെ ചോദ്യത്തിന് മുന്നിൽ അവൻ ഒഴിഞ്ഞ് മാറാൻ ശ്രമിച്ചെങ്കിലും അവളുടെ നിരന്തരമുള്ള ചോദ്യങ്ങൾക്കൊടുവിൽ അവൻ പറഞ്ഞു.

"നിന്റെ അമ്മക്ക് അസുഖം കൂടി, കുറച്ച് സീരിയസ് ആണ്."

അവന്റെ ആ മറുപടിക്കു ശേഷം അവൾ ഒന്നും ചോദിച്ചില്ല. അവന്റെ തോളിലേക്ക് മുഖമവർത്തി ഇരുന്നു. ശ്രീഹരിയുടെ പ്രവർത്തികളിൽ നിന്നും ജീനക്ക് കാര്യങ്ങൾ ഏകദേശം മനസിലായി

ജീനയുടെ വീട്ടിൽ എത്തുമ്പോൾ അവിടെ ആൾക്കാരൊക്കെ കൂടി നിൽപ്പുണ്ട്. ബൈക്കിൽ നിന്നും ഇറങ്ങിയ ജീനക്ക് അവിടത്തെ അന്തരീക്ഷം കണ്ടപ്പോൾ അമ്മയുടെ മരണം ഉറപ്പായി.

നിറ കണ്ണുകളോടെ ശ്രീഹരിയെ ഒന്ന് നോക്കിയാ ശേഷം ജീന പൊട്ടിക്കരഞ്ഞുകൊണ്ട് വീട്ടിലേക്ക് ഓടി.

ബൈക്കിൽ നിന്നും ഇറങ്ങാതെ ജീന വീടിലേക്ക് ഓടിക്കയറുന്നത് നോക്കിനിന്ന ശ്രീഹരിയുടെ മൊബൈൽ ബെല്ലടിച്ചു. കാൾ എടുത്ത് ചെവിയിലേക്ക് വച്ച ശ്രീഹരി മറുവശത്തുനിന്നുമുള്ള ആള് പറഞ്ഞത് കേട്ട് ഒരുനിമിഷം ഞെട്ടിത്തരിച്ച് ഇരുന്നു. പിന്നെ അവന്റെ കൈയിൽ നിന്നും ഫോൺ വഴുതി താഴേക്ക് വീണു.

"സർ.. നമ്മൾ എത്താറായി."

കാർ ഓടിച്ച് കൊണ്ടിരുന്ന രാജുവിന്റെ ശബ്ദം ശ്രീഹരിയെ ഓർമകളിൽ നിന്നും ഉണർത്തി.

"സർ.. നമ്മൾ എത്താറായി."

കാർ ഓടിച്ച് കൊണ്ടിരുന്ന രാജുവിന്റെ ശബ്ദം ശ്രീഹരിയെ ഓർമകളിൽ നിന്നും ഉണർത്തി.

കണ്ണ് തുറന്നു നോക്കിയപ്പോഴാണ് അടൂർ എത്തിയത് അവൻ അറിഞ്ഞത്. കവിളിലേക്ക് ഒഴുകി തുടങ്ങിയ കണ്ണുനീർ അവൻ കൈ കൊണ്ട് തുടച്ചു. ഓർമ്മകൾ കണ്ണ് നിറച്ചിരിക്കുന്നു.

ഫോൺ എടുത്ത് അവൻ റാമിന്റെ നമ്പറിലേക്ക് വിളിച്ചു.

ഹോട്ടൽ ബുക്ക് ചെയ്യണ്ട, റാമിന്റെ വീട്ടിൽ സ്റ്റേ ചെയ്യുമെന്ന് അനുപമയോട് പറഞ്ഞിരുന്നെങ്കിലും റാമിനെ വിളിച്ച് വരുന്നകാര്യം ശ്രീഹരി ഇതുവരെ അറിയിച്ചില്ലായിരുന്നു.

ഫോൺ എടുത്ത റാമിനോട് വിവരങ്ങൾ പറഞ്ഞപ്പോൾ വീട്ടിൽ വരണ്ട ഗസ്റ്റ് ഹൗസിലേക്ക് ചെല്ലാനാണ് റാം പറഞ്ഞത്.

ശ്രീഹരി ഗ്ലാസ്സിലൂടെ പുറത്തേക്ക് നോക്കി. നല്ല പോലെ ഇരുട്ട് വീണ് തുടങ്ങിയിട്ടുണ്ട്. വഴിയോര കടകളില്ലെല്ലാം ലൈറ്റിന്റെ വെളിച്ചത്തിൽ കച്ചവടം നടക്കുന്നു. അവൻ വാച്ചിലേക്ക് നോക്കി. ഏഴു മണി കഴിഞ്ഞു, കുറച്ചു സമയത്തിനകം തന്നെ ഗസ്റ്റ് ഹൌസ് എത്തും.

നാളെ ജീനയുടെ വീട്ടിൽ ചെല്ലുമ്പോൾ അവളെ കാണാൻ കഴിയുമോ ഇല്ലയോ എന്ന ചിന്ത അവന്റെ മനസിനെ അലട്ടി.

ഗസ്റ്റ് ഹൗസിനു മുന്നിൽ കാർ നിർത്തുമ്പോൾ അവനെ കാത്തിട്ടെന്നവണ്ണം റാം നിൽപ്പുണ്ടായിരുന്നു.

കാറിൽ നിന്നും ഇറങ്ങിയ ശ്രീഹരിയെ കെട്ടിപിടിച്ചുകൊണ്ട് റാം പറഞ്ഞു.

"കുറേനാളായല്ലോ നിന്നെ കണ്ടിട്ട്."

ഒരു ചിരിയോടെ ശ്രീഹരി പറഞ്ഞു.

"നിനക്കറിയാല്ലോടാ ബിസിനസ്സിന്റെ തിരക്കുകൾ."

"അല്ലെങ്കിലും നമുക്കൊക്കെ തിരക്കൊഴിഞ്ഞ സമയം ഉണ്ടോടാ. പുറമെ കാണുന്നവർ എന്താ ചിന്തിക്കുന്നെ.. നമ്മളൊക്കെ പൈസ വാരി കൂട്ടി ജീവിതം ആസ്വദിക്കുവാണെന്നാണ്."

കാറിൽ നിന്നും ബാഗ് എടുക്കുന്നതിനിടയിൽ ശ്രീഹരി പറഞ്ഞു.

"എല്ലാം നിർത്തി എവിടേലും സ്വസ്ഥമായി ഒതുങ്ങിക്കൂടിയാലൊന്നാണ് കുറച്ചുകാലമായി എന്റെ ചിന്ത."

"ആ ചിന്ത എന്റെയും മനസ്സിൽ കടന്നു കൂടിയിട്ട് കുറച്ച് കാലങ്ങളായി."

റാം ശ്രീഹരിയേയും കൂട്ടി അകത്തേക്ക് നടന്നു.

"വീട്ടിൽ ആരും ഇല്ല, അതാ നിന്നോട് ഇവിടേക്ക് വരാൻ പറഞ്ഞത്."

"അവർ എവിടെ പോയി?"

"മോന് വൈകിട്ട് വയ്യാതായി, ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ്.. ഞാനും എപ്പോൾ അവിടേക്ക് പോകും."

പെട്ടെന്ന് നടത്തം നിർത്തിക്കൊണ്ട് ശ്രീഹരി പറഞ്ഞു.

"നിനക്കിത് ആദ്യമേ പറഞ്ഞുണ്ടായിരുന്നോ.. ഞാൻ ഹോട്ടലിൽ റൂം എടുക്കില്ലായിരുന്നോ."

"അതല്ലാളിയാ.. ഇങ്ങോട്ട് വരാൻ പറഞ്ഞതിന് മറ്റൊരു കാരണം കൂടി ഉണ്ട്."

ശ്രീഹരിയുടെ മുഖത്ത് ആകാംഷ നിറഞ്ഞു.

"എന്ത് കാരണം?"

"അതൊക്കെ പറയാം, നീ ആദ്യം അകത്തേക്ക് വാ."

ശ്രീഹരി റാമിനൊപ്പം അകത്തേക്ക് കയറുമ്പോൾ ഒരു 35 വയസ് തോന്നിക്കുന്ന ഒരാൾ അവിടെ നിൽപ്പുണ്ടായിരുന്നു.

റാം അയാളോട് പറഞ്ഞു.

"റോയ് വേണമെങ്കിൽ പോയിട്ട് നാളെ രാവിലെ വന്നാൽ മതി."

അയ്യാൾ ഭവ്യത വരുത്തിയ മുഖഭാവത്തോടെ പറഞ്ഞു.

"കുഴപ്പമില്ല സർ.. ഞാൻ പുറത്ത് വരാന്തയിൽ കിടന്നിട്ട് നാളെ രാവിലെ പൊയ്ക്കൊള്ളാം."

ശ്രീഹരി അയ്യാളെ ശ്രദ്ധിച്ചു. ഒരു കൈലിയും ഷർട്ടും ആണ് വേഷം. മദ്യപിച്ചിട്ടാണെന്ന് തോന്നുന്നു, കണ്ണുകൾ ചുവന്നിട്ടുണ്ട്. കാണുമ്പോൾ തന്നെ ഒരു കുഴപ്പം പിടിച്ചവൻ ആണെന്ന് മനസിലാകും.

"എങ്കിൽ റോയ് പുറത്തേക്ക് നിന്നോ, ഞങ്ങൾക്ക് കുറച്ച് സംസാരിക്കാറുണ്ട്."

അയ്യാൾ പുറത്തേക്ക് നടന്നപ്പോൾ ശ്രീഹരി ചോദിച്ചു.

"ആരാടാ അവൻ?"

ഒരു കള്ള ചിരിയോടെ റാം പറഞ്ഞു.

"ഇന്നത്തെ രാത്രിലേക്ക് ഒരു പെണ്ണിനെ കൊണ്ട് വന്നതാ, പെണ്ണ് മുകളിലത്തെ റൂമിൽ ഇരിപ്പുണ്ട്."

"നിനക്കിപ്പോഴും ഇതൊക്കെ തന്നാണോടാ പരിപാടി?"

"നീ എന്ന് മുതലാടാ പുണ്യാളനായത്?"

ശ്രീഹരിയുടെ മുഖത്ത് ഒരു ചിരി വിടർന്നു.

"ഇത് പുതിയൊരു ബിസിനസ് കരാർ ഒപ്പിട്ടതിന്റെ സമ്മാനമായി കിട്ടിയതാ. ഇപ്പോൾ പുറത്തേക്ക് പോയ റോയിയെ ആണ് അവർ പെണ്ണിനെ സെറ്റ് ചെയ്യാൻ ഏൽപ്പിച്ചത്.. പെണ്ണിനേയും കൊണ്ട് അവൻ വന്നപ്പോൾ കൊച്ച് ഹോസ്പിറ്റലിലും ആയി. ഇനി എന്ത് ചെയ്യുമെന്ന് ആലോചിച്ചിരിക്കുമ്പോഴാ നിന്റെ ഫോൺ വന്നത്, അപ്പോൾ പിന്നെ ഇന്ന് രാത്രി നിനക്കൊരു കൂട്ട് ആയിക്കോട്ടേന്ന് കരുതി."

താല്പര്യമില്ലാത്ത മട്ടിൽ ശ്രീഹരി പറഞ്ഞു.

"എനിക്ക് വേണ്ടടാ.. ഈ വെടികളെയൊക്കെ കളിച്ച് മടുത്തു."

"അളിയാ.. ഇത് നീ വിചാരിക്കുന്നപോലല്ല, ഫീൽഡിൽ ഇറങ്ങട്ടെ ഉള്ളു. ഇതുവരെ രണ്ടുപേരോടൊപ്പമേ പോയിട്ടുള്ളു."

അത് കേട്ടപ്പോൾ ശ്രീഹരിയുടെ ഉള്ളിൽ ഒരു താല്പര്യം ഉണർന്നു.

"പെണ്ണെങ്ങനെ കാണാൻ?"

"നല്ല വെടിക്കെട്ട് ഐറ്റം.. മോന്റെ കാര്യമായി പോയി, അല്ലായിരുന്നേൽ ഞാൻ അവളെ കളഞ്ഞിട്ട് പോകില്ലായിരുന്നു."

അവന്റെ ആ വാക്കുകളിൽ നിന്നുതന്നെ ശ്രീഹരിക്ക് മനസിലായി പെണ്ണ് കാണാൻ കൊള്ളാവുന്നതാണെന്ന്.

"അതൊക്കെ പോട്ടെ, നിന്റെ പെട്ടെന്നുള്ള വരവിന്റെ ഉദ്ദേശം എന്താണ്?"

പെട്ടെന്ന് ശ്രീഹരിയുടെ മുഖം മങ്ങി. റാം അത് ശ്രദ്ധിക്കുകയും ചെയ്തു.

"ഒരാളെ കാണണം."

"ആരെ?"

കുറച്ച് നേരത്തെ നിശ്ശബ്ദതക്ക് ശേഷം അവൻ പറഞ്ഞു.

"എന്നെ ഒരുപാട് ഒരുപാട് സ്നേഹിച്ചിരുന്ന ഒരു പെൺകുട്ടിയെ."

റാം ആകാംഷയോടെ ചോദിച്ചു.

"നിന്റെ കാമുകി ആയിരുന്നോ?"

"അല്ല.. അവൾ എന്റെ ആരാണെന്ന് ചോദിച്ചാൽ എനിക്കതിനൊരു ഉത്തരവും ഇല്ല... അവളെ നാളെ കാണാൻ പറ്റുമോയെന്നും എനിക്കുറപ്പില്ല."

റാമിന് ഒന്നും മനസിലായില്ലെങ്കിലും ശ്രീഹരിയുടെ സ്വര മാറ്റത്തിൽ നിന്നും വാക്കുകൾക്ക് ഇടയിലുള്ള ഇടർച്ചയിൽ നിന്നും പെൺകുട്ടി അവന് വളരെ വേണ്ടപ്പെട്ട ഒരാളാണെന്ന് മനസിലായി.

"അതൊക്കെ നാളെ നമുക്ക് പോയി കാണാം, നീ ഇപ്പോൾ കുളിച്ചൊന്ന് ഫ്രഷാക്."

ഒരു മുറി ചൂണ്ടി കാണിച്ച് കൊണ്ട് റാം പറഞ്ഞു.

"തല്ക്കാലം ആ റൂം യൂസ് ചെയ്തോ. കുപ്പിയും ഇരിപ്പുണ്ട് അവിടെ, ഒന്ന് മൂടാകുമ്പോൾ മുകളിലേക്ക് ചെന്നാൽ മതി."

ഹരിക്കും ഒന്ന് കുടിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. മനസ് ആകെ കലുഷിതമാണ്, നാളെ ജീനയെ കാണാൻ കഴിയുമോ എന്ന് ഉള്ളിൽ നിന്നും ഉയരുന്ന ചോദ്യത്തിന്റെ അലട്ടലും.

അവിടെ നിന്നും ഇറങ്ങുന്നതിനു മുൻപായി റാം പറഞ്ഞു.

"ഡാ.. ഫുഡ് നീ ഹോട്ടലിൽ നിന്നൊന്ന് വാങ്ങണം, ഇവിടെ നിൽക്കാൻ പറ്റാത്ത അവസ്ഥയായി പോയി.. അതുകൊണ്ടാണ്."

റാമിന്റെ തോളിൽ തട്ടിക്കൊണ്ട്ശ്രീഹരി പറഞ്ഞു.

"അതൊന്നും കുഴപ്പമില്ല. നീ പെട്ടെന്ന് ഹോസ്പിറ്റലിലേക്ക് പോകാൻ നോക്ക്."

റാം അവിടെ നിന്നും പോയപ്പോൾ തന്നെ ശ്രീഹരി ബാഗുമായി റൂമിലേക്ക് കയറി. ഒരു ജോഡി ഡ്രസ്സ് എപ്പോഴും കാറിൽ കരുതിയിരിയ്ക്കുന്നത് അവന്റെ പതിവാണ്. നിനച്ചിരിക്കാത്ത യാത്രകളാണ് പലപ്പോഴും ഉണ്ടാകുന്നത്.

മുറിയിലേക്ക് കയറിയ ശ്രീഹരിയുടെ കണ്ണിൽ ആദ്യം പെട്ടത് മേശപ്പുറത്തിരുന്ന പകുതി തീർന്ന മദ്യക്കുപ്പിയാണ്. ബാഗ് ബെഡിലേക്ക് ഇട്ട അവൻ ആദ്യം തന്നെ ഒരു ഗ്ലാസ്സിലേക്ക് മദ്യം പകർന്ന് കുടിച്ചു. മദ്യം ഉള്ളിലേക്ക് എത്തിയപ്പോഴാണ് അവൻ വിശപ്പിനെക്കുറിച്ച് ബോധവാനായത്.

ശ്രീഹരി കൈയിൽ കുറച്ച് പൈസയുമായി പുറത്തേക്ക് നടന്നു. അവൻ പുറത്ത് ചെല്ലുമ്പോൾ ഒരു സിഗരറ്റും വലിച്ച് കൊണ്ട് രാജു മുറ്റത്ത് തന്നെ നിൽപ്പുണ്ടായിരുന്നു.

"രാജു.."

ശ്രീഹരിയുടെ വിളികേട്ട രാജു പെട്ടെന്ന് സിഗരറ്റ് കുറ്റി ദൂരേക്ക് എറിഞ്ഞ് അവന്റെ അടുത്തേക്ക് ചെന്നു.

പൈസ അവന്റെ കൈയിലേക്ക് കൊടുത്തുകൊണ്ട് ശ്രീഹരി പറഞ്ഞു.

"നീ പുറത്തുപോയി ആഹാരം കഴിച്ചിട്ട് രണ്ടുപേർക്കുള്ള..."

പെട്ടെന്നാണ് അവൻ വരാന്തയിൽ നിൽക്കുന്ന റോയിയെ ശ്രദ്ധിച്ചത്.

"മൂന്നുപേർക്കുള്ള ആഹാരം വാങ്ങിച്ച് വാ.. പിന്നെ നിനക്ക് രാത്രി കിടക്കാൻ..."

രാജു പെട്ടെന്ന് പറഞ്ഞു.

"എനിക്കിവിടെ പുറത്ത് റൂം ഉണ്ട്, റാം സർ പോകുന്നതിന് മുൻപ് കാണിച്ചു തന്നു."

"അഹ്.. എങ്കിൽ നീ പോയി ആഹാരം വാങ്ങിട്ട് വാ. എനിക്ക് ലൈറ്റ് ആയിട്ട് എന്തെങ്കിലും മതി."

രാജു അവിടെ നിന്ന് പോയപ്പോഴേക്കും ശ്രീഹരി റൂമിൽ വന്ന് ഒരു പെഗ് കൂടി കുടിച്ച ശേഷം കുളിക്കാനായി കയറി.

കുളി കഴിഞ്ഞ് വന്നപ്പോൾ ശരീരത്തിനും മനസിനും ഒരു ഉന്മേഷമായി, പിന്നെ കുടിച്ചിരുന്ന മദ്യം കൂടി തലക്ക് പിടിച്ച് തുടങ്ങിയപ്പോൾ നാളെ ജീനയെ കാണാൻ കഴിയും എന്നുള്ള പോസിറ്റീവ് ചിന്ത മനസ്സിൽ ഉണർന്നു.

കൈയിൽ മദ്യം നിറച്ച ഗ്ലാസ്സുമായി വീണ്ടും ചിന്തകളിൽ മുഴുകി ഇരിക്കുമ്പോഴാണ് വീടിന് പുറത്തു നിന്നും വന്ന രാജുവിന്റെ ശബ്ദം അവനെ ഉണർത്തിയത്.

"സർ.."

ശ്രീഹരി പകുതി കുടിച്ച് തീർത്ത ഗ്ലാസ് മേശപ്പുറത്ത് വച്ച ശേഷം പുറത്തേക്ക് നടന്നു.

മൂന്ന് കവറുകൾ രാജു ശ്രീഹരിയെ ഏൽപ്പിച്ചപ്പോൾ അവൻ പറഞ്ഞു.

"ഒന്ന് റോയിക്ക് കൊടുത്തേക്ക്."

അകത്തേക്ക് നടക്കാനായി ഭാവിച്ച ശ്രീഹരി പെട്ടെന്ന് തിരിഞ്ഞ് നിന്നുകൊണ്ട് പറഞ്ഞു.

"നിന്റെയിൽ സിഗരറ്റ് ഉണ്ടെങ്കിൽ താ.. അത് വാങ്ങാൻ പറയാൻ മറന്നുപോയി."

രാജു പെട്ടെന്ന് പോക്കെറ്റിൽ നിന്നും ഒരു പാക്കറ്റ് സിഗരറ്റ് എടുത്ത് അവന്റെ നേരെ നീട്ടി.

"ഒന്ന് മതി."

ഒരു ചിരിയോടെ രാജു പറഞ്ഞു.

"സർ പറയാൻ വിട്ടു പോയതാണെന്ന് എനിക്ക് തോന്നിയിരുന്നു, ഇത് സാറിന് വാങ്ങിയത് തന്നാണ്."

ശ്രീഹരി ഒരു ചെറു ചിരിയോടെ അവന്റെ കൈയിൽ നിന്നും സിഗരറ്റും വാങ്ങി അകത്തേക്ക് നടന്നു.

നല്ല വിശപ്പുണ്ട്, ആ പെൺകൊച്ചിനും വിശക്കുന്നുണ്ടാകും എന്ന ചിന്തയിൽ കവർ രണ്ടും ഡൈനിങ്ങ് ഹാളിൽ മേശമേൽ വച്ച ശേഷം ശ്രീഹരി ചുണ്ടിൽ എരിയുന്ന സിഗററ്റുമായി മുകളിലേക്ക് നടന്നു.

മുറിയുടെ മുന്നിൽ എത്തിയപ്പോൾ വാതിൽ അടച്ചിട്ടില്ല. പക്ഷെ ലൈറ്റ് ഇടാത്തതിനാൽ മുറിയിലാകെ ഇരുട്ട് നിറഞ്ഞിരിക്കുന്നു. നിലാവിന്റെ അരണ്ട വെളിച്ചത്തിൽ ആ പെൺകുട്ടി തുറന്നിട്ടിരിക്കുന്ന ജനലിൽ കൂടി പുറത്തേക്ക് നോക്കി നിൽക്കുന്നത് അവന് കാണാമായിരുന്നു. മുറിയിലേക്ക് കയറിയ അവന്റെ

കൈകൾ സ്വിച്ചിനായി പരതി, കുറച്ചുനേരത്തെ തിരച്ചിലിനൊടുവിൽ അവൻ മുറിയിൽ പ്രകശം നിറച്ചു. മുറിയിൽ ലൈറ്റ് വീണത് അറിഞ്ഞിട്ടും ആ പെൺകുട്ടി ജനലിൽ കൂടി പുറത്തേക്ക് തന്നെ നോക്കി നിൽക്കുകയാണ്.

മുറിയിൽ നിറഞ്ഞ പ്രകാശത്തിന്റെ വെളിച്ചത്തിൽ അവൻ ആ പെൺകുട്ടിയെ നോക്കി.

നീല കളർ ചുരിദാറാണ് ഇട്ടിരിക്കുന്നത്, അരവരെ നീളമുള്ള തിങ്ങി നിറഞ്ഞ മുടി. പിന്നിൽ നിന്നും നോക്കുമ്പോൾ ഒരു ഇരുപത്തിനാല്, ഇരുപത്തിയഞ്ച് വയസ് തോന്നിക്കുന്നുണ്ട്. ആ പ്രായത്തിനനുസരിച്ചുള്ള വണ്ണവും ഉണ്ട്. തിരിഞ്ഞു നിൽക്കുന്നതിനാൽ മുഖം കാണുവാൻ കഴിയുന്നില്ല.

അവൻ സാവധാനം അവളുടെ പിന്നിൽ ചെന്ന് തോളിൽ കൈ വച്ചു. ശ്രീഹരിയുടെ സ്പര്ശനത്തിന്റെ ചൂട് അറിഞ്ഞ അവൾ തിരിഞ്ഞ് അവന്റെ മുഖത്തേക്ക് നോക്കി.

അവളുടെ മുഖം കണ്ടതും ശ്രീഹരി ഒരു ഞെട്ടലോടെ അവളുടെ തോളിൽ നിന്നും കൈ മാറ്റി പിന്നിലേക്ക് മാറി.

അവന്റെ ചുണ്ടുകൾ അറിയാതെ മന്ത്രിച്ചു.

"ജീന.."

ഒരു പ്രതീക്ഷയും ഇല്ലാതെ ശ്രീഹരിയെ പെട്ടെന്ന് കണ്ടപ്പോൾ അവളുടെ മുഖം വിളറി വെളുത്തു, അത് പെട്ടെന്ന് ഒരു പൊട്ടിക്കരച്ചിലിലേക്ക് വഴിമാറി.

"ഇച്ചായാ.."

ആ വിളിയിൽ പഴയ സ്നേഹമോ ഇമ്പമോ ഒന്നുമല്ല ദയനീയത മാത്രമാണ് ഉള്ളതെന്ന് അവന് മനസിലായി.

തകർന്ന മനസുമായി അവൻ ബെഡിലേക്ക് ഇരുന്നപ്പോൾ അവൾ ജനൽ ആഴിയിൽ പിടിച്ച് നിന്നുകൊണ്ട് അവനെ നോക്കി കരയുകയായിരുന്നു.

വർഷങ്ങൾക്ക് ശേഷം ജീനയെ കാണാൻ കൊതിച്ചെത്തിയപ്പോൾ അവളെ ഈ ഒരവസ്ഥയിൽ കാണേണ്ടി വരുമെന്ന് അവൻ കരുതിയിരുന്നില്ല.

കരച്ചിൽ ഒന്നടങ്ങിയപ്പോൾ അവൾ പറഞ്ഞു.

"വർഷങ്ങൾക്ക് മുൻപ് ഇച്ചായന്റെ കൂടെ നിൽക്കുന്ന ഓരോ നിമിഷവും എന്റെ മനസിന്റെ ഉള്ളിൽ കുഞ്ഞൊരു അഹങ്കാരം ഉണ്ടായിരുന്നു. ഇച്ചായൻ എന്നെ പൊന്നുപോലെ നോക്കിക്കൊള്ളുമെന്നൊരു തോന്നൽ..പക്ഷെ..."

പണ്ടത്തെ നിഷ്കളങ്കത മാറി ജീവിതം അവസാനിച്ചവളെ പോലെ നിൽക്കുന്ന അവളുടെ മുഖത്തേക്ക് അവൻ നോക്കി.

"വർഷങ്ങൾക്ക് മുൻപ് എന്നെ ആ ഒരു അവസ്ഥയിൽ വീടിന് മുന്നിൽ ഉപേക്ഷിച്ചിട്ട് പോയിട്ട് എന്റെ ശരീരത്തിനായിട്ടാണല്ലോ ഇച്ചായൻ എന്റെ അടുത്തേക്കിപ്പോൾ വന്നത്."

അവളുടെ വാക്കുകൾക്ക് മുന്നിൽ എന്ത് പറയണമെന്നറിയാതെ അവൻ പകച്ച് ഇരുന്നുപോയി. നിശബ്തത അവർക്ക് മുന്നിൽ മറ തീർത്തപ്പോൾ ശ്രീഹരി ബെഡിൽ നിന്നും എഴുന്നേറ്റ് അവളുടെ അരികിലേക്ക് ചെന്നു. എന്നിട്ട് അവളെ ആശ്വസിപ്പിക്കുവാൻ തന്നിലേക്ക് അടിപ്പിക്കാനെന്നവണ്ണം അവളുടെ തോളിൽ കൈ വച്ചതും ജീന അവന്റെ കൈകൾ പെട്ടെന്ന് തട്ടി മാറ്റി.

ശ്രീഹരി പകച്ച് പോയൊരു നിമിഷം ആയിരുന്നു അത്, അവൻ ആ നിമിഷം മനസിലാക്കി.. പണ്ട് തന്റെ മടിയിൽ സ്വാതന്ത്രത്തോടെ അവകാശത്തോടെ കിടന്നുറങ്ങിയിരുന്ന ജീനയെ തനിക്ക് നഷ്ടമായിരിക്കുന്നു, ഇപ്പോൾ മുന്നിൽ നിൽക്കുന്ന ജീന ഏതൊരാണിനെയും പോലെ തന്റെ ശരീരം പങ്കുവയ്ക്കാൻ വന്ന ഒരുത്തനായാണ് തന്നെയും കാണുന്നത്.

തകർന്നടിഞ്ഞ മനസുമായി അവൻ ബെഡിലേക്ക് ഇരുന്നു.

'ഈ വർഷങ്ങൾക്കിടക്ക് എപ്പോഴെങ്കിലും ഒന്ന് അവളെ പറ്റി ചിന്തിച്ചിരുന്നെങ്കിൽ ഒന്ന് കാണുവാൻ ശ്രമിച്ചിരുന്നു എങ്കിൽ ജീനക്ക് ഈ ഗതി വരില്ലായിരുന്നു' എന്ന ചിന്ത അവന്റെ മനസിനെ ചുട്ടു പൊള്ളിച്ചു.

കണ്ണിൽ നിന്നും ഒഴുകി തുടങ്ങിയ കണ്ണുനീരിനെ പിടിച്ചു നിർത്തുവാൻ അവനായില്ല. ഒരു പൊട്ടിക്കരച്ചിലിൽ ആണ് അതവസാനിച്ചത്.

കട്ടിലിൽ മുഖം പൊത്തിപ്പിടിച്ചിരുന്ന് കരയുന്ന ശ്രീഹരിയെ ജീന കുറച്ച് സമയം നോക്കി നിന്നു.

ഇതിന് മുൻപൊരിക്കലും ശ്രീഹരി കരഞ്ഞ് അവൾ കണ്ടിട്ടില്ല. അവൻ തന്റെ മുന്നിൽ ഇരുന്നു കരയുന്ന കണ്ടപ്പോൾ ജീനയുടെ ഉള്ളിൽ ഉണ്ടായിരുന്ന ദേഷ്യവും സങ്കടവും എല്ലാം അവന്റെ കണ്ണുനീരിൽ ഉരുകി ഇല്ലാതായി. അവളുടെ ഇച്ചായന്റെ ജീന ആയി മാറുകയായിരുന്നു ആ നിമിഷം അവൾ. അവൾക്കൊരിക്കലും തന്റെ ഇച്ചായൻ ഇരുന്ന് കരയുന്നത് കണ്ട് നിൽക്കാനാവില്ലായിരുന്നു.

അവൾ ഓടിച്ചെന്ന് കട്ടിലിൽ ഇരിക്കുന്ന അവന്റെ മുന്നിൽ തറയിൽ മുട്ടുകുത്തി ഇരുന്ന് കരഞ്ഞുകൊണ്ട് പറഞ്ഞു.

"എന്നോട് ക്ഷമിക്ക് ഇച്ചായാ, ഞാൻ എന്റെ വിഷമം കൊണ്ട് എന്തൊക്കെയോ പറഞ്ഞു പോയതാ."

അവളെ തറയിൽ നിന്നും പിടിച്ച് എഴുന്നേൽപ്പിച്ച് തന്റെ അരികിലേക്ക് ഇരുത്തികൊണ്ട് അവൻ പറഞ്ഞു.

"നീ പറഞ്ഞതിൽ ഒരു തെറ്റും ഇല്ലാ. നിന്നെ സംരക്ഷിക്കേണ്ട ഞാൻ കുറച്ചു വർഷങ്ങളായി നിന്നെ പാടെ മറന്നു കളഞ്ഞിരുന്നു.

ശ്രീഹരിയുടെ ചിന്ത ഓർമകളുടെ ലോകത്തായി.

ജീനയുടെ അമ്മയുടെ മരണത്തിന് അവളുടെ വീട്ടിൽ നിൽക്കുമ്പോൾ വന്നത് അച്ഛന്റെ മരണം അറിയിച്ചുകൊണ്ടുള്ള ഫോൺ വിളി ആയിരുന്നു. ജീവിതത്തിൽ ഒരിക്കൽ പോലും അങ്ങനെ ഒരു കാര്യത്തെ കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ല. കുടുംബത്തിന്റെ നട്ടെല്ലായിരുന്നു അച്ഛൻ. ഒരിക്കൽ പോലും ഒരു വിഷമതകളും വീട്ടുകാർക്ക് ഉണ്ടാക്കിയിട്ടില്ല. അച്ഛന്റെ പെട്ടെന്നുള്ള മരണം കുടുംബത്തെ ഒന്നാകെ ഉലച്ചു. അച്ഛന്റെ അഭാവത്തിൽ ബിസിനസുകൾ തകർന്ന് തുടങ്ങി.ഇതിനിടയിൽ അച്ഛന്റെ സഹോദരൻ ബിസിനസ് പാർട്ണർഷിപ് ഒഴിഞ്ഞു. അല്ലെങ്കിലും മുങ്ങിക്കൊണ്ടു നിൽക്കുന്ന കപ്പലിൽ ആര് നിൽക്കാനാണ്. ഇനി എന്ത് ചെയ്യണമെന്ന് അറിയാതെ പകച്ച് നിൽക്കുന്ന സമയത്താണ് ക്ലാരയുടെ കല്യാണം ഉറപ്പിച്ചു എന്നുള്ള വാർത്ത എത്തിയത്. അവൾ തനിക്കൊപ്പം ഇറങ്ങി വരാൻ ഒരുക്കമായിരുന്നു. എന്നാൽ അച്ഛന്റെ മരണത്തോടെ തകർന്ന് ഇരിക്കുന്ന കുടുംബത്തിലേക്ക് ഇനി ഭാവി എങ്ങോട്ടെന്ന് പോലും അറിയാതിരുന്ന സമയത്ത് അവളെ വിളിച്ചിറക്കിക്കൊണ്ട് വരാനുള്ള ചങ്കുറപ്പില്ലായിരുന്നു. ആ സമയത്ത് പ്രണയമോ കല്യാണമോ ഒന്നും ആയിരുന്നില്ല മനസ്സിൽ ഉണ്ടായിരുന്നത്. അനിയത്തിയെ പഠിപ്പിക്കണം, തകർന്ന് അടിഞ്ഞുകൊണ്ടിരിക്കുന്ന കുടുംബത്തെ കര കയറ്റണം, കുടുംബത്തിന് അച്ഛന്റെ സ്ഥാനത്തു നിന്ന് കൈ താങ്ങാവണം. അതിന് ഒരു വഴിമാത്രമേ മുന്നിൽ ഉണ്ടായിരുന്നുള്ളു. പകുതി തകർന്നിരിക്കുന്ന ബിസിനസ് പൂർണമായും തകർന്നടിയുന്നതിന് മുൻപ് പടിത്തുയർത്തുക. അതിന് വേണ്ടി കുറച്ച് ശ്രമഫലമായി വീടിനടുത്തുള്ള കോളജിലേക്ക് പഠിത്തം മാറ്റി. പിന്നെ പഠനവും ബിസിനസ്സും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോയി. പഠിത്തം കഴിഞ്ഞപ്പോൾ ബിസിനെസ്സിൽ മാത്രമായി ശ്രദ്ധ. പണത്തിനു വേണ്ടിയുള്ള ആ ഓട്ടത്തിൽ എല്ലായിടത്തും വിജയിച്ചു. പക്ഷെ ജീവിതത്തിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നെന്ന് മനസിലാക്കാൻ വളരെയേറെ വൈകി പോയിരുന്നു.

അവന്റെ കഥകൾ കേട്ടുകൊണ്ടിരുന്ന ജീനക്ക് അവനോട് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു.

കട്ടിലിൽ നിന്നും തറയിൽ ഇറങ്ങിയിരുന്ന് ജീനയുടെ കാലുകളിൽ മുറുകെ പിടിച്ച് മുഖം അവളുടെ തുടകളിൽ അമർത്തി കരഞ്ഞുകൊണ്ട് അവൻ പറഞ്ഞു.

"പണത്തിന് പിറകെയുള്ള ഓട്ടത്തിൽ എനിക്ക് എല്ലാം നഷ്ടപെട്ടു.. ക്ലാരയെ നഷ്ടമായി, നിന്നെ മറന്നു ഞാൻ, മനസറിഞ്ഞ് ഒന്ന് ചിരിക്കാൻ പോലും ഞാൻ മറന്നിരിക്കുന്നു... എനിക്കറിയാം ജീന.. ഞാൻ ഒരു സ്വാർത്ഥനാണ്.. എന്നെയും എന്റെ കുടുംബത്തെയും പറ്റി മാത്രമേ ഞാൻ ചിന്തിച്ചിരുന്നുള്ളു, ഇത്രയും വർഷങ്ങൾക്ക് ഇടക്ക് എനിക്ക് നിന്നെ പറ്റി ഓർക്കാനും ചിന്തിക്കാനും അവസരങ്ങളുണ്ടായിരുന്നു... പക്ഷെ ഞാൻ അതിന് ശ്രമിച്ചില്ല.. ഒരുപക്ഷെ ഞാൻ അതിന് ശ്രമിച്ചിരുന്നെങ്കിൽ നിനക്ക് ഈ അവസ്ഥ വരില്ലായിരുന്നു. എന്നോട് ക്ഷമിക്ക് മോളെ."

അവനോടൊപ്പം തറയിലേക്ക് ഇറങ്ങിയിരുന്ന് അവന്റെ മുഖം പിടിച്ചുയർത്തി കണ്ണുനീർ തുടച്ച്കൊണ്ട് അവൾ പറഞ്ഞു.

"ഇച്ചായൻ വിഷമിക്കണ്ട, ഓർമ്മവച്ച കാലം മുതലേ എന്റെ ജീവിതം ഇങ്ങനെ തന്നെ ആയിരുന്നു. ഞാൻ ജീവിതത്തിൽ സന്തോഷം അനുഭവിച്ചിട്ടുണ്ടെകിൽ അത് ഇച്ചായനോടൊപ്പം ഉണ്ടായിരുന്ന ആ ദിവസങ്ങളിൽ ആയിരുന്നു. അന്നൊക്കെ ഇച്ചായൻ എന്നെ പൊന്നുപോലെ തന്നാ നോക്കിയെ, എനിക്ക് ഒരു കുറവും വരുത്തിയിരുന്നില്ല."

തറയിൽ നിന്നും എഴുന്നേറ്റ ശേഷം അവളെയും പിടിച്ച് എഴുന്നേൽപ്പിച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"നീ വിശ്വസിച്ചാലും ഇല്ലെങ്കിൽ ഞാൻ ഒരു കാര്യം പറയുവാണ്.. ഞാൻ ഇന്ന് ഇവിടേക്ക് വന്നത് നിന്റെ വീട്ടിൽ വരുവാനും നിന്നെ കൂട്ടികൊണ്ട് പോകുവാനും ആയിരുന്നു."

ജീന അവന്റെ മുഖത്തേക്ക് തന്നെ നോക്കി നിന്നു.

അവളുടെ കൈയിൽ പിടിച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"വാ.. നമുക്ക് എന്റെ വീട്ടിലേക്ക് പോകാം."

ജീന അവിടെ നിന്നും അനങ്ങിയില്ല. ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു.

"കുറച്ച് ദിവസങ്ങൾക്ക് മുൻപായിരുന്നെങ്കിൽ ഞാൻ ഇച്ചായനോടൊപ്പം വന്നേനെ. പക്ഷെ ഞാൻ ഇപ്പോൾ ചീത്തയാ.. ഞാൻ ഇവിടെത്തന്നെ എന്റെ ഈ നശിച്ച ജീവിതം തീർത്തു കൊള്ളാം."

"ജീന.. ഞാൻ എന്റെ ജീവിതത്തിൽ ചെയ്ത ഏറ്റവും വലിയൊരു തെറ്റ് തിരുത്തുന്നതിനായിട്ടാണ് ഇവിടേക്ക് വന്നത്, ആ തെറ്റ് ഒരിക്കൽ കൂടി

ആവർത്തിക്കാൻ എനിക്കാകില്ല... നിന്റെ സമ്മതം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഞാൻ നിന്നെ എവിടെ നിന്നു കൂട്ടികൊണ്ട് പോകും."

ജീന എന്ത് തീരുമാനം എടുക്കണമെന്നറിയാതെ കുഴഞ്ഞ മനസുമായി നിൽക്കുമ്പോൾ ശ്രീഹരി ഒരു ചോദ്യം കൂടി ചോദിച്ചു.

"നിന്റെ ഇച്ചായനെ നീ എതിർക്കുമോ?"

അതിന് അവൾക്ക് ഒരു ഉത്തരം മാത്രമേ ഉള്ളായിരുന്നു. അവൾ എതിർക്കില്ല എന്ന അർത്ഥത്തിൽ തലയാട്ടി.

"അപ്പോൾ നീ ഇന്ന് എന്റെ കൂടെ വരും."

അവൾ എതിർത്തൊന്നും പറഞ്ഞില്ല.

"ഇവിടെ താഴെ നിൽക്കുന്ന അവൻ ആരാണ്? നിന്നെ ഇങ്ങോട്ട് കൊണ്ട് വന്നവൻ."

"ചേച്ചിയുടെ ഭർത്താവാണ്."

ശ്രീഹരി പോക്കറ്റിൽ നിന്നും ഫോൺ എടുത്ത് റാമിനെ വിളിച്ചു.

റാം - ഹലോ..

ശ്രീഹരി - ഡാ.. ഞാൻ ജീനയെ എവിടെ നിന്നും കൊണ്ട് പോകുവാണ്.

റാം - ജീനയോ?

ശ്രീഹരി - റോയ് ഇവിടെ കൊണ്ടുവന്ന പെങ്കൊച്ച്.

റാം - നിനക്കവളെ അറിയാമായിരുന്നോ?

ശ്രീഹരി - അവളെ കാണാനായിട്ടാണ് ഞാൻ ഇവിടെ വന്നത്.. അവളെ ഈ ഒരവസ്ഥയിൽ ഇവിടെ കളഞ്ഞിട്ട് പോകാൻ എനിക്കാവില്ല.

കുറച്ച് നേരം ആലോചിച്ച ശേഷം റാം പറഞ്ഞു.

"എങ്കിൽ അവളെ കൊണ്ട് പോകാൻ നോക്ക് നീ."

"അപ്പോൾ റോയ്?"

"അതെന്താ ചെയ്യേണ്ടതെന്ന് നിനക്കറിയില്ലേ?.. ബാക്കിയൊക്കെ ഞാൻ നോക്കിക്കൊള്ളാം."

റാം ഫോൺ വച്ച് കഴിഞ്ഞപ്പോൾ ശ്രീഹരി ജീനയുടെ കൈയും പിടിച്ച് താഴേക്ക് നടന്നു. താഴെ എത്തിയപ്പോഴാണ് ശ്രീഹരി ആഹാരത്തിന്റെ കാര്യം ഓർത്തത്.

"നിനക്ക് വിശക്കുന്നുണ്ടോ?"

"ഇല്ല.."

അവന്റെ വിശപ്പും ഇല്ലാതായിരുന്നു അപ്പോൾ. ജീനയോടൊപ്പം ശ്രീഹരി വീടിന് പുറത്തു വരുമ്പോൾ മുറ്റത്തു തന്നെ റോയ് ഒരു സിഗരറ്റും വലിച്ചു നിൽപ്പുണ്ട്.

"രാജു..."

ശ്രീഹരിയുടെ വിളി കേട്ടതും രാജു പെട്ടെന്ന് അവിടേക്ക് വന്നു.

"രാജു... നമുക്ക് വീട്ടിലേക്ക് പോകാം."

രാജു അവനൊപ്പം നിൽക്കുന്ന ജീനയെ നോക്കി.

അത് കണ്ട ശ്രീഹരി പറഞ്ഞു.

"അവളും നമ്മളോടൊപ്പം ഉണ്ട്."

അത് കേട്ട റോയ് പെട്ടെന്ന് പറഞ്ഞു.

"അതൊന്നും പറ്റില്ല സാറെ.. ഇന്ന് ഒരു രാത്രി, അത് മാത്രമാ ഞാനും റാം സാറും തമ്മിലുള്ള കരാറ്.

"കരാറൊക്കെ അവിടെ നിൽക്കട്ടെ, ഇവളിനി നിന്റെ ഒപ്പം വരുന്നില്ല."

അത് കേട്ടതും റോയിയുടെ സ്വരം മാറി.

"അതെന്നാ പറച്ചിലാ സാറേ,.. സാറ് അവളെ കൊണ്ട് പോകുന്നത് എനിക്കൊന്ന് കാണണം."

ജീന പേടി കാരണം ശ്രീഹരിയുടെ പിന്നിൽ പതുങ്ങി. അവളെ പിടിക്കാനായി റോയ് മുന്നോട്ട് വന്നതും ശ്രീഹരിയുടെ മുഷ്ടി അവന്റെ മൂക്കിൽ പതിച്ചു. ആദ്യ ഇടിയുടെ ആഘാതം തീരുന്നതിന് മുൻപ് തന്നെ അടുത്ത അടുത്ത ചവിട്ട് അവന്റെ വയറ്റിനായിരുന്നു. അതോട് കൂടി നിയന്ത്രണം പോയ റോയ് തറയിലേക്ക് വീണു.

കാറിലേക്ക് ജീനയെയും കൂട്ടി നടക്കുന്നതിനിടയിൽ ശ്രീഹരി പറഞ്ഞു.

"രാജു.. അവനു എന്താ വേണുന്നത് എന്ന് വച്ചാൽ വേണ്ടപോലെ കൊടുത്തേക്ക്."

കാര്യം മനസിലായ രാജു ഒരു ചിരിയുടെ റോയിയുടെ കോളറിൽ പിടിച്ച് വരാന്തയിലേക്ക് വലിച്ചിഴച്ചു.

അത്ര മാത്രമേ ജീനക്ക് കാണാൻ കഴിഞ്ഞുള്ളു. അപ്പോഴേക്കും ശ്രീഹരി ജീനയെ കാറിനുള്ളിൽ കയറ്റിയിരുന്നു. കുറച്ച് സമയം കഴിഞ്ഞ് രാജു വന്നു കാർ എടുത്ത് അവിടെ നിന്നും പോകുമ്പോൾ റോയ് വരാന്തയിൽ കിടന്നു കട്ട ചോര ശർദ്ധിക്കുകയായിരുന്നു.

.

.

രാവിലെ ഉറക്കം എഴുന്നേറ്റ ശ്രീഹരി ആദ്യം ഫോൺ എടുത്ത് സമയം നോക്കി.

9 മണി ആയിരിക്കുന്നു. രാത്രി 2 മണിയോടെ ആണ് വീട്ടിലെത്തിയത്. അതുകൊണ്ട് തന്നെ നല്ലപോലെ ഉറങ്ങിപ്പോയി.

അനുപമയുടെ മൂന്ന് മിസ് കാൾ കിടപ്പുണ്ട്. ഫോൺ ബെല്ലടിച്ചത് അറിഞ്ഞതുപോലും ഇല്ലായിരുന്നു. ഇന്നലെ ഉച്ചക്ക് ഓഫീസിൽ നിന്നും പോയതിന് ശേഷം ഒരു വിവരവും ഇല്ലാത്തത് കൊണ്ട് വിളിച്ചതാണ്.

ശ്രീഹരി ഒരു ചെറു ചിരിയോടെ അനുപമയെക്കുറിച്ച് ഓർത്തു.

ഇടക്കൊക്കെ ഒരു കാമുകിയെ പോലെ ആണ് അവളുടെ പെരുമാറ്റം. ഒരുതരം കേറിങ്.. കുറച്ചധികം സമയം കാണാതായാൽ വിളിച്ച് എവിടാണെന്ന് തിരക്കും. എവിടാണെന്ന് അറിഞ്ഞാൽ മാത്രം മതി, എന്തിനു പോയി ഇപ്പോൾ വരും എന്നുള്ള ചോദ്യങ്ങൾ ഒന്നും ഇല്ല. ഒരിക്കലും അവൾ അധിക സ്വാതന്ത്യം എടുത്തിട്ടില്ല.

'വീട്ടിൽ ഉണ്ടെന്നും ഇന്ന് ഓഫീസിൽ വരില്ലെന്നും അനുപമക്ക് മെസ്സേജ് അയച്ച ശേഷം ശ്രീഹരി ജീന കിടന്ന റൂമിലേക്ക് പോയി.

അവൻ ചെല്ലുമ്പോൾ അവൾ കണ്ണുകൾ തുറന്ന് ബെഡിൽ കിടക്കുകയായിരുന്നു. മുഖം കണ്ടിട്ട് അവൾ ഉറങ്ങിട്ടുണ്ട് എന്ന് തോന്നുന്നില്ല.

കൂടുതൽ സംസാരിച്ച് അവളെ ശല്യപ്പെടുത്താൻ അവന് തോന്നിയില്ല.

"ജീന.. നീയൊന്നു ഫ്രഷ് ആയിട്ട് വാ, കാപ്പി കുടിച്ചിട്ട് നമുക്ക് പുറത്തൊന്ന് പോകണം."

അവൾ ഒന്ന് മൂളുക മാത്രം ചെയ്തു. എവിടേക്കാണ് പോകുന്നതെന്നോ എന്തിനാണ് പോകുന്നതെന്നോ അവൾ തിരക്കിയില്ല.

തലേന്ന് രാത്രി ഒന്നും കഴിക്കാത്തതിനാൽ ശ്രീഹരിക്ക് നല്ല വിശപ്പുണ്ടായിരുന്നു. വേലക്കാരി ഉണ്ടാക്കി കൊണ്ടുവന്ന അപ്പം അവൻ ആസ്വദിച്ച് കഴിക്കുമ്പോൾ ജീന എന്തോ ആലോചനയിൽ ഇരുന്ന് കഴിച്ചതായി വരുത്തി തീർക്കുകമാത്രമാണ് ചെയ്തത്.

ശ്രീഹരി ആ വീട്ടിൽ ഒറ്റക്കായിരുന്നു താമസം. വല്ലപ്പോഴും കൂടി മാത്രമേ നാട്ടിൽ വീട്ടിലേക്ക് പോകാറുള്ളൂ. ആഹാരം ഉണ്ടാക്കി കൊടുക്കാനും വീട് വൃത്തിയാക്കാനുമായി ഒരു വേലക്കാരി ഉണ്ട്. അവർ രാവിലെ വന്ന് വൈകുന്നേരം ജോലിയെല്ലാം തീർത്ത് പോകാറാണ് പതിവ്.

ആഹാരം കഴിച്ച് കഴിഞ്ഞ് ശ്രീഹരി അവളെയും കൂട്ടി റ്റെക്സ്റ്റൈൽസിലേക്കാണ് പോയത്. ജീന ഇട്ടുകൊണ്ട് വന്ന ഡ്രസ്സ് അല്ലാതെ വേറെ ഒന്നും മാറി ഇടുവാനായി അവൾക്കില്ലായിരുന്നു.

കാറിൽ പോകുമ്പോഴും ജീന മൗന തന്നെ ആയിരുന്നു. അലക്ഷ്യമായി പുറത്തേക്ക് തന്നെ നോക്കിയിരുന്നു യാത്രയിലുടനീളം.

റ്റെക്സ്റ്റൈൽസിൽ എത്തി വസ്ത്രങ്ങൾ എടുക്കുമ്പോൾ അവൾ വസ്ത്രങ്ങൾ തിരയാനൊന്നും നിന്നില്ല, മുന്നിലേക്ക് എടുത്തിട്ട കുറച്ച് ഡ്രെസ്സുകൾ വിലപോലും നോക്കാതെ അവളെടുത്തു.

വീട്ടിൽ എത്തിയ ശേഷം മുഴുവൻ സമയം റൂമിൽ തന്നെ കഴിച്ച് കൂട്ടുകയാണ് അവൾ ചെയ്തത്. പിറ്റേ ദിവസം രാവിലെ ശ്രീഹരിയുടെ കൂടെ ഇരുന്ന് കാപ്പി കുടിക്കുമ്പോഴും അവൾ മൗനത തുടർന്നു. ക്ഷീണിച്ച് വിളറിയ അവളുടെ മുഖം കാണുമ്പോഴേ അവന് മനസിലായി രാത്രിയിൽ അവൾ അധികം ഒന്നും ഉറങ്ങിയിട്ടില്ലെന്ന്.

അന്ന് ഓഫീസിൽ എത്തിയ ശ്രീഹരിയുടെ മനസ്സിൽ ജീനയുടെ മൗനവും നിസ്സംഗതയും മാത്രമായിരുന്ന് ഉള്ളത്. ഓരോ തവണ കാബിനിൽ ശ്രീഹരിയെ പേപ്പേഴ്സ് കാണിക്കാൻ ചെല്ലുമ്പോഴും അവന്റെ മുഖത്ത് നിറഞ്ഞു നിന്നിരുന്ന നിരാശ അനുപമ ശ്രദ്ധിച്ചു.

ഉച്ചക്ക് ശേഷം തിരക്ക് ഒഴിഞ്ഞ് നിന്ന സമയത്ത് അനുപമ ശ്രീഹരിയുടെ കാബിന് ഉള്ളിലേക്ക് ചെന്നു. ആദ്യം തന്നെ അവൾ ഡോർ അടച്ച് ലോക്ക് ചെയ്യുകയാണ് അവൻ ചെയ്തത്.

അതിനുശേഷം ടേബിളും മറികടന്ന് കസേരയിൽ ഇരിക്കുന്ന ശ്രീഹരിയുടെ അടുത്തേക്ക് ചെന്ന് അവൾ ചോദിച്ചു.

"സാറിന് എന്താ പറ്റിയത്?"

അവളുടെ പെട്ടെന്ന് വന്നുള്ള ചോദ്യത്തിന് മുൻപിൽ ശ്രീഹരി പകച്ച് അവളെ നോക്കി. അനുപമ ഇതുവരെ അവന്റെ വ്യക്തിപരമായ കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല.

"സർ മുന്നറിയിപ്പും ഇല്ലാതെ പത്തനംതിട്ട പോയി.. അവിടന്ന് തിരിച്ച് ഇന്നാണ് ഓഫീസിൽ വരുന്നത്. വന്നപ്പോൾ മുതൽ ഞാൻ ശ്രദ്ധിക്കുന്നുണ്ട്. എന്തോ ഒന്ന് സാറിന്റെ മനസിനെ അലട്ടുന്നുണ്ട്.. സാറ് എന്തിനാ പത്തനംതിട്ട പോയത്?"

ശ്രീഹരി അവളുടെ വെളുത്തു നീണ്ട കൈ വിരലുകളിൽ പിടിച്ച് കൊണ്ട് പറഞ്ഞു.

"ഞാൻ എന്റെ ജീവിതത്തിൽ ചെയ്ത ഏറ്റവും വലിയൊരു തെറ്റ് തിരുത്താനാണ് അവിടെ പോയത്.."

അവന്റെ സ്വരം ഒന്ന് ഇടറി.

"പക്ഷെ ഒരിക്കലും ഉണക്കാൻ കഴിയാത്ത ആഴമേറിയ ഒരു മുറിവായി ആ തെറ്റ് മാറിക്കഴിഞ്ഞിരുന്നു ഞാൻ ചെല്ലുമ്പോൾ."

അനുപമക്ക് ഒന്നും മനസിലായില്ലെങ്കിലും എന്തോ ഒന്ന് അവന്റെ ഉള്ളിൽ കിടന്ന് കത്തി അവന്റെ മനസിനെ നീറ്റുവാണെന്ന് അവൾക്ക് തോന്നി. കൂടുതൽ ചോദ്യങ്ങൾ ചോദിച്ച് അവന്റെ മനസ് വേദനിപ്പിക്കുവാൻ അവൾക്ക് തോന്നിയില്ല.

തിരികെ പോകാനായി ഒരുങ്ങിയ അനുപമ പെട്ടെന്ന് അവന്റെ നേരെ തിരിഞ്ഞ് നിന്ന് ചോദിച്ചു.

"ഞാൻ ഇന്ന് രാത്രി സാറിന്റെ വീട്ടിൽ വരട്ടെ?"

"തന്റെ കല്യാണം ഉറപ്പിച്ചപ്പോൾ തന്നെ ഇനി നമ്മൾ തമ്മിൽ അങ്ങനെ ഒരു ബന്ധം വേണ്ട എന്ന് തീരുമാനം എടുത്തതല്ലായിരുന്നോ?"

"സാറിന്റെ മൂഡ് ശരിയല്ലാത്തത് കൊണ്ട്..."

അവളുടെ തോളിൽ കൈ കൊണ്ട് തട്ടികൊണ്ട് അവൻ പറഞ്ഞു.

"എല്ലാം ശരിയാകും.. താൻ പൊയ്ക്കോ."

അനുപമ അവിടെ നിന്നും തിരികെ നടക്കുമ്പോൾ ജീനയെ എങ്ങനെ പഴയ നിലയിൽ എത്തിക്കും എന്നതായിരുന്നു ശ്രീഹരിയുടെ മനസിലെ ചിന്ത.

രണ്ടു ദിവസങ്ങൾ കൂടി കടന്നു പോയി. ജീനയിൽ കാര്യമായ മാറ്റങ്ങൾ ഒന്നും ഇല്ല. ഏതു സമയവും എവിടെയെങ്കിലും ചടഞ്ഞു കൂടി ഇരുന്ന് ചിന്തകളുടെ ലോകത്തായിരുന്നു അവൾ. അവൾ സംസാരിപ്പിക്കുവാൻ ശ്രീഹരി ശ്രമിച്ചെങ്കിലും അവന്റെ ചോദ്യങ്ങൾക്ക് ഒറ്റ വാക്കിൽ ഉത്തരങ്ങൾ നൽകി അവൾ ഒഴിഞ്ഞു മാറി.

രാത്രി ഒരു മണിക്ക് ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്ന ശ്രീഹരി ദാഹം കാരണം വെള്ളം കുടിക്കാൻ അടുക്കളയിലേക്ക് നടക്കുമ്പോഴാണ് ഹാളിൽ ലൈറ്റ് കിടക്കുന്നത് ശ്രദ്ധിച്ചത്. അവൻ ഫ്രിഡ്ജിൽ നിന്നും വെള്ളവും എടുത്ത് ഹാളിലേക്ക് ചെല്ലുമ്പോൾ ടിവി ഇട്ട് സോഫയിൽ ഇരിക്കുകയാണ് ജീന. ടിവി ഇട്ടിട്ടുണ്ടെങ്കിലും അതിലൊന്നും ശ്രദ്ധിക്കാതെ മറ്റേതോ ലോകത്ത് ആയിരുന്നു അവൾ. ഉറക്കമില്ലാതെ അവളുടെ കണ്ണുകൾക്ക് ചുറ്റും കറുപ്പ് വീണിരിക്കുന്നത് അവൻ ശ്രദ്ധിച്ചു.

ശ്രീഹരി സോഫയിൽ അവൽക്കരികിൽ ഇരുന്ന്. അപ്പോഴാണ് അവൻ അവിടേക്ക് വന്നത് തന്നെ ജീന അറിഞ്ഞത്. അവനെ ഒന്ന് നോക്കിയാ ശേഷം ജീന അവളുടെ ലോകത്തിലേക്ക് തിരികെ പോയി.

അവൻ കുറച്ച് സമയത്തേക്ക് ടിവിയിൽ മുഴുകിയപ്പോഴാണ് അവളുടെ ശബ്ദം അവൻ കേട്ടത്.

"ഇച്ചായാ.."

അവൻ ജീനയുടെ മുഖത്തേക്ക് നോക്കി.

"ഇച്ചായനും എന്റെ ശരീരം മോഹിച്ചാണോ എന്നെ ഇങ്ങോട്ട് കൊണ്ട് വന്നത്."

അവൻ ഒരു ഞെട്ടലോടെയാണ് ആ ചോദ്യം കേട്ടത്. അവളുടെ നോട്ടം താഴേക്ക് പോയപ്പോൾ അവനും അവിടേക്ക് നോക്കി. അവളുടെ തുടയിൽ ഇരിക്കുന്ന അവന്റെ കൈയിലേക്കാണ് അവൾ നോക്കിയത്. അവൻ പോലും അറിയാതെ എപ്പോഴോ എടുത്ത് വച്ചതായിരുന്നു ആ കൈകൾ. അവൻ പെട്ടെന്ന് അവളുടെ തുടയിൽ നിന്നും കൈ എടുത്ത് മാറ്റി.

പണ്ട് തന്റെ സമ്മതം പോലും ചോദിക്കാതെ മടിയിലേക്ക് തല വച്ച് കിടന്നിരുന്ന ജീനയിൽ നിന്നും ആണ് ആ ചോദ്യം നേരിടേണ്ടി വന്നത് എന്നത് അവനെ വേദനിപ്പിച്ചു. അറിയാതെ തന്നെ അവന്റെ കണ്ണിൽ നിന്നും ഒരിറ്റ് കണ്ണുനീർ അവന്റെ കവിളിലേക്കൊഴുകി.

അത് കണ്ടപ്പോഴാണ് താൻ ചോദിച്ച ചോദ്യത്തെ കുറിച്ചും അത് എത്രത്തോളം ശ്രീഹരിയെ വേദനിപ്പിച്ചു എന്നും ജീന ബോധവതി ആയത്.

അവൾ പെട്ടെന്ന് ശ്രീഹരിയെ കെട്ടിപ്പിടിച്ച് കരഞ്ഞ് കൊണ്ട് പറഞ്ഞു.

"എന്നോട് ക്ഷമിക്ക് ഇച്ചായാ.. ഞാൻ ഇപ്പോൾ എന്തൊക്കെയാ ചിന്തിച്ച് കൂട്ടുന്നതെന്ന് എനിക്ക് തന്നെ അറിയില്ല.. എനിക്കാരെയും വിശ്വാസമില്ലാതെ ആകുവാണ്."

ശ്രീഹരി അവളെ തന്നിൽ നിന്നും അകറ്റി. അപ്പോഴും അവളുടെ കവിളിൽ കൂടി കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.

"എന്തിനാണ് ഞാൻ ഇങ്ങനെ ജീവിക്കുന്നതെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസിലാകുന്നില്ല. ചാവാൻ പോലും പേടിയുള്ള ഒരു പൊട്ടി പെണ്ണായി പോയി ഞാൻ, അല്ലെങ്കിൽ എന്നെ ഞാൻ എന്റെ ജീവിതം അവസാനിപ്പിച്ചേനെ."

ജീനയുടെ ചിന്തകൾ അവളെ ആത്മഹത്യാ പ്രവണതയിലേക്ക് നയിക്കുകയാണെന്ന് ശ്രീഹരിക്ക് മനസിലായി.

അവളുടെ കണ്ണുനീർ തുടച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"നാളെ നമുക്ക് ഒരിടം വരെ പോകണം.. രാവിലെ ഒരു 9 മണിക്ക് പോകാൻ റെഡി ആയിട്ട് നിൽക്കണം നീ."

ശ്രീഹരി എഴുന്നേറ്റ് റൂമിലേക്ക് നടന്നു. അപ്പോഴും ഒഴുകി തീരാത്ത കണ്ണുനീരുമായി ജീന അവിടെ തന്നെ ഇരുന്നു.

രാവിലെ ശ്രീഹരി ജീനയെയും കൂട്ടി പോയത് പ്രശസ്ത സൈക്കാട്രിസ്റ് രാഹുൽ ശേഖറിന്റെ അടുത്തേക്കാണ്. ജീനയും ഡോക്ടറും അകത്തെ മുറിയിലിരുന്ന് സംസാരിക്കുമ്പോൾ ശ്രീഹരി മുറിക്ക് പുറത്ത് ക്ഷമയോടെ കാത്തിരുന്നു.

ഏകദേശം ഒരു മണിക്കൂറോളം ഡോക്ടർ ജീനയോടൊപ്പം സംസാരിച്ച ശേഷം ശ്രീഹരിയെ അകത്തേക്ക് വിളിച്ചു.

ഡോക്ടർ ശ്രീഹരിയോട് പറഞ്ഞു.

"ഈ കുട്ടിക്ക് പറയത്തക്ക കുഴപ്പം ഒന്നും ഇല്ലെടോ. നല്ല പോലൊന്ന് ഉറങ്ങി തെളിഞ്ഞാൽ തീരാവുന്ന പ്രശ്നങ്ങളെ ഉള്ളു."

ശ്രീഹരി ജീനയുടെ മുഖത്തേക്ക് നോക്കി, അപ്പോഴും അവൾ വികാരങ്ങൾ ഒന്നും ഇല്ലാത്തൊരു മുഖഭാവത്തോടെ ഇരിക്കുകയായിരുന്നു.

"ജീന പുറത്തേക്ക് നിന്നൊള്ളു.. ഞാൻ ശ്രീഹരിയുമായി ഒന്ന് സംസാരിക്കട്ടെ."

ജീന മുറിയിൽ നിന്നും പുറത്തു പോയി കഴിഞ്ഞപ്പോൾ ഡോക്ടർ ശ്രീഹരിയോട് പറഞ്ഞു.

"ഭൂത കാലത്ത് ജീന നേരിട്ട ദുരിതങ്ങളും ഇനി ഭാവി എന്തായി തീരുമെന്നുള്ള ചിന്തയും ആണ് ആ കുട്ടിയുടെ മനസ് നിറയെ."

ശ്രീഹരി പെട്ടെന്ന് പറഞ്ഞു.

"ഭാവിയെ കുറിച്ച് അവൾ എന്തിന് ചിന്തിച്ച് ടെൻഷൻ അടിക്കണം.. ഞാൻ അവളോടൊപ്പം ഉണ്ടല്ലോ."

ഒരു ചിരിയോടെ ഡോക്ടർ പറഞ്ഞു.

"അവളുടെ മനസിലൂടെ ഇപ്പോൾ എന്തൊക്കെയാണ് കടന്ന് പോകുന്നതെന്ന് നമുക്ക് മനസിലാക്കാനേ കഴിയില്ല.. ഞാൻ മനസ്സിലാക്കിയിടത്തോളം അവളിപ്പോൾ ദിവസത്തിൽ ഉറങ്ങുന്നത് രണ്ടോ മൂന്നോ മണിക്കൂർ മാത്രമാണ്. അത് അവളെ മാനസികമായി ഒരുപാട് തളർത്തിയിട്ടുണ്ട്."

"നമുക്ക് ഇപ്പോൾ എന്ത് ചെയ്യാൻ കഴിയും ഡോക്ടർ."

"ഞാൻ ഒരാഴ്ചത്തേക്കുള്ള ടാബ്ലറ്റ് തരാം. അത് ജീനക്ക് ഉറക്കം കിട്ടാനുള്ളതാണ്. പകലും രാത്രിയും എല്ലാം അവൾ നല്ലപോലൊന്ന് ഉറങ്ങട്ടെ.. എന്നിട്ട് നമുക്ക് ബാക്കി ആലോചിക്കാം."

വീട്ടിൽ തിരിച്ചെത്തി ഒരു സിഗരെറ്റുമായി ശ്രീഹരി വരാന്തയിൽ നിൽക്കുമ്പോൾ ജീന അവന്റെ അരികിലേക്കെത്തി.

"ഇച്ചായന് ഞാൻ ഇപ്പോൾ ഒരു ഭാരമായി അല്ലെ.. എന്നെ ഇപ്പോൾ ഇങ്ങോട്ട് കൊണ്ട് വരേണ്ടിയിരുന്നില്ല എന്ന് തോന്നുന്നുണ്ടാകും."

ശ്രീഹരി ചുണ്ടിൽ എരിയുന്ന സിഗരെറ്റുമായി അവളുടെ മുഖത്തേക്ക് നോക്കി. കണ്ണിന് ചുറ്റും പടർന്നിരിക്കുന്ന കറുപ്പ് അവളുടെ മുഖത്തിന്റെ ഐശ്വര്യത്തെ ഇല്ലാതാക്കിയിരിക്കുന്നു.

"നീ എനിക്കൊരിക്കലും ഒരു ഭാരമാകില്ല മോളെ.. നിന്നെ എന്റെ പഴയ ജീന ആയി തിരികെ കിട്ടണം, അത് മാത്രമാണ് എന്റെ ആവിശ്യം."

അവളുടെ മുഖത്ത് അർദ്ധം മനസിലാക്കാൻ കഴിയാത്ത ഒരു ചിരി വിടർന്ന് മങ്ങി.

"നീ ഇച്ചായന് വേണ്ടി ഒരേ ഒരു കാര്യം മാത്രം ചെയ്താൽ മതി."

"എന്താ?"

"ഞാൻ പകൽ വീട്ടിൽ കാണില്ല. അപ്പോൾ ഡോക്ടർ തന്ന ടാബ്ലെറ്റ്സ് സമയസമയത്ത് തന്നെ കഴിക്കണം."

"ഇച്ചായൻ അതോർത്ത് പേടിക്കണ്ട.. ഞാൻ കഴിച്ചോളം."

"നാളെ ഞായറാഴ്ചയാണ്.. നിനക്ക് പള്ളിയിൽ പോകണ്ടേ?.. എപ്പോഴാണ് പോകേണ്ടതെന്ന് പറഞ്ഞാൽ ഞാൻ കൊണ്ടാക്കാം."

പുച്ഛം നിറഞ്ഞ ചിരിയോടെ അവൾ പറഞ്ഞു.

"എനിക്കിപ്പോൾ പള്ളിയിലും പ്രാർത്ഥനയിലും ഒന്നും വിശ്വാസം ഇല്ല ഇച്ചായാ.. ദൈവം എന്നൊരാൾ ഉണ്ടായിരുന്നേൽ ഞാൻ മനസ്സുരുകി പ്രാർത്ഥിച്ചിട്ടും എനിക്ക് ഈ അവസ്ഥ വരുത്തില്ലായിരുന്നു."

ജീന വീടിനകത്തേക്ക് കയറി പോയപ്പോൾ അവൻ തന്റെ കൈയിൽ ഇരുന്ന സിഗററ്റിലേക്ക് നോക്കി. അവൾക്ക് ഒട്ടും ഇഷ്ടമില്ലാത്ത കാര്യമായിരുന്നു അവൻ സിഗരറ്റ് വലിക്കുന്നത്.. പക്ഷെ ഇന്നത് കണ്ടിട്ടും അവൾ പ്രതികരിച്ചതെ ഇല്ല.

പിന്നീടുള്ള ദിനങ്ങൾ ജീനക്ക് ഉറക്കത്തിന്റേതായിരുന്നു. കഴിച്ച മരുന്നിന്റെ എഫക്ടിൽ ജീന പകലും രാത്രിയും ഉറക്കത്തിന്റെ പിടിയിലമർന്നു. ശ്രീഹരി ഓഫീസിൽ നിന്നും എത്തുമ്പോഴേക്കും ജീന ഉറങ്ങിട്ടുണ്ടാകും.രാവിലെ

ഓഫീസിലേക്ക് പോകുന്ന സമയത് മാത്രമാണ് അവൻ ജീനയെ ഉണർന്നിരിക്കുന്നത് കണ്ടിരുന്നത്.

അന്നും ശ്രീഹരി രാത്രി വീട്ടിൽ വന്ന് കയറിയപ്പോൾ ജീനയുടെ അനക്കമൊന്നും കണ്ടില്ല. അവൾ ഉറങ്ങി കാണുമെന്ന് അവൻ ഊഹിച്ചു.തന്റെ റൂമിലേക്ക് നടക്കുമ്പോഴാണ് ജീനയുടെ മുറിയിൽ വെളിച്ചം കിടക്കുന്നത് അവൻ ശ്രദ്ധിച്ചത്.

ശ്രീഹരി ജീനയുടെ മുറിയിലേക്ക് നടന്നു. അവൻ ചെല്ലുമ്പോൾ ബെഡിൽ കിടന്ന് നല്ല ഉറക്കത്തിലാണ് ജീന. ഒരു പച്ച കളർ ചുരിദാർ ആണ് അവൾ ധരിച്ചിരുന്നത്.

ശ്രീഹരി അവൾക്കരികിലായി ബെഡിൽ ഇരുന്ന്. നല്ല ഉറക്കത്തിൽ കിടക്കുന്ന അവളുടെ മുഖത്തേക്ക് നോക്കിയപ്പോൾ മുഖത്തെ കറുപ്പൊക്കെ മാഞ്ഞു തുടങ്ങി പഴയ നിഷ്കളങ്കത കുറച്ചൊക്കെ തിരിച്ചു വന്നതായി അവന് തോന്നി. കഴുത്തിലേക്ക് നോക്കിയപ്പോൾ പണ്ട് 'അമ്മ ഇട്ട് കൊടുത്ത സ്വർണ മാല കാണുന്നില്ല. അറിയാതെ അവന്റെ ശ്രദ്ധ ശ്വാസോച്ഛ്വാസത്തിനനിസരിച്ച് ഉയർന്നു താഴ്ന്ന അവളുടെ മാറിടങ്ങളിക്കായി.

മെലിഞ്ഞ് കൊലുന്നനെ ഉള്ള പഴയ ജീന അല്ല അവളിന്ന്, ആവിശ്യത്തിന് വണ്ണവും മാറിടത്തിന് വലിപ്പവും ഉള്ള ഒത്ത പെണ്ണായി അവൾ മാറി കഴിഞ്ഞിരിക്കുന്നു.

പെട്ടെന്ന് തന്നെ അവൻ അവിടെ നിന്നും നോട്ടം പിൻവലിച്ച് പുതപ്പെടുത്ത് അവളുടെ കഴുത്തുവരെ മൂടിയ ശേഷം മുറിയിൽ നിന്നും പുറത്തേക്ക് നടന്നു.

തുടർച്ചയായ മൂന്ന് ആഴ്ചകൾ ഡോക്ടറിനെ കാണാൻ പോയപ്പോഴേക്കും ജീനയിൽ പ്രകടമായ മാറ്റങ്ങൾ കണ്ട് തുടങ്ങിയിരുന്നു. ഇപ്പോൾ അവൾ എങ്ങും ചടഞ്ഞു കൂടിയിരുന്ന് ആലോചനകളിൽ മുഴുകാറില്ല. അടുക്കളയിൽ എന്തെങ്കിലും ചെയ്തു കൊണ്ടിരിക്കും, അല്ലെങ്കിൽ ടിവിയിൽ എന്തെങ്കിലും കാണും, ശ്രീഹരി വീട്ടിൽ ഉണ്ടെങ്കിൽ അവനോടും സംസാരിക്കാറുണ്ട്.

പതിവുപോലെ നാലാമത്തെ ആഴ്ചയിലും ഡോക്ടറെ കാണാൻ പോയപ്പോൾ ഡോക്ടർ പറഞ്ഞത് ഇനി മൈൻഡ് ഫ്രഷ് ആയി തുടരാനുള്ള ടാബ്ലെറ്സ് ആണ് തരാനുള്ളതെന്നും അത് അധികനാൾ കഴിക്കേണ്ടി വരില്ലെന്നും പറഞ്ഞു. പിന്നെ നൽകിയ ഒരു ഉപദേശം മനസ്സിൽ അനാവശ്യ ചിന്തകൾ കടന്നുവരാൻ ഇട നൽകാതെ എപ്പോഴും എന്തെങ്കിലും പ്രവർത്തികളിൽ ഏർപ്പെടാനാണ്.

ഹോസ്പിറ്റലിൽ നിന്നും കാറിൽ വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോൾ ജീന പറഞ്ഞു.

"ഇച്ചായാ.. ഡോക്ടർ പറഞ്ഞപോലെ ചുമ്മാ ഇരിക്കുമ്പോഴാണ് എന്റെ മനസ്സിൽ ഓരോ അനാവശ്യ ചിന്തകൾ കടന്ന് കൂടുന്നത്. അതുകൊണ്ട് എനിക്കൊരു ജോലി ഒപ്പിച്ചു തരുമോ?"

കുറച്ചു നേരത്തെ ആലോചനക്ക് ശേഷം ശ്രീഹരി പറഞ്ഞു.

"നിനക്ക് പറ്റിയൊരു ജോലി എന്റെ ഓഫീസിൽ ഉണ്ട്."

"എന്ത് ജോലി?"

"എന്റെ പേഴ്സണൽ സെക്രട്ടറി അനുപമ ഇനി ഒരു മാസം കൂടിയേ ജോലിക്ക് കാണുള്ളൂ. അവളുടെ ഒഴുവിൽ നീ കയറണം."

അവൾ പെട്ടെന്ന് പറഞ്ഞു.

"അത്ര വലിയ ജോലി ഒന്നും എനിക്ക് വേണ്ട."

അവൻ ഒരു ചിരിയോടെ പറഞ്ഞു.

"അത് അത്ര വലിയ ജോലി ഒന്നും അല്ല.. ഇനിയുള്ള ഒരു മാസം കൊണ്ട് അനുപമ നിനക്കെല്ലാം പഠിപ്പിച്ച് തരും.. പിന്നെ ആ ഒരു ജോബ് ആകുമ്പോൾ നീ എന്റെ കൂടെ എപ്പോഴും കാണുകയും ചെയ്യുമല്ലോ."

ജീന അതിനെക്കുറിച്ചുള്ള ആലോചനയിൽ മുഴുകിയപ്പോൾ ശ്രീഹരി പറഞ്ഞു.

"കൂടുതൽ ആലോചിക്കയൊന്നും വേണ്ട, ഒന്ന് ശ്രമിച്ച് നോക്ക്, പറ്റില്ല എന്ന് തോന്നുവാണേൽ നമുക്ക് വേറെ നോക്കാം."

അത് കേട്ടപ്പോൾ ജീന സമ്മതം മൂളി.

"അപ്പോൾ നാളെ തൊട്ട് ഓഫീസിലേക്ക് വന്ന് തുടങ്ങിക്കോ."

"എനിക്ക് ഒരു കണ്ടീഷൻ കൂടി ഉണ്ട്."

ശ്രീഹരിയുടെ മുഖത്ത് ആകാംഷ നിറഞ്ഞു.

"എന്താ?"

"നാളെ മുതൽ കാലത്തും ഉച്ചക്കുമുള്ള ഫുഡ് കുക്ക് ചെയ്യുന്നത് ഞാനായിരിക്കും."

ഒരു ചിരിയോടെ ശ്രീഹരി പറഞ്ഞു.

"അത്രേ ഉള്ളോ. സമ്മതിച്ചിരിക്കുന്നു.. എത്രനാൾ ആയി നീ ഉണ്ടാക്കിയ ആഹാരം കഴിച്ചിട്ട്."

"ഇനി എന്നും കഴിക്കാലോ."

"നാളെ ഓഫീസിലേക്ക് നീ വരുന്നതിന് മുൻപ് രണ്ട് കാര്യങ്ങൾ ചെയ്യാനുണ്ട്."

"എന്താ?"

"ആദ്യം ഒരു ബ്യൂട്ടി പാർലറിൽ പോയി നിന്റെ പിരികവും ട്രേഡ് ചെയ്ത് പിന്നെ കുറച്ച് ചില്ലറ പരിപാടികളും ചെയ്ത് നീ ഒരു സുന്ദരി കുട്ടി ആകണം."

അത് കേട്ടപ്പോൾ അവളുടെ മുഖത്ത് പുഞ്ചിരി നിറഞ്ഞു.

"രണ്ടാമത്തേത് കുറച്ച് ഡ്രസ്സ് എടുക്കണം നിനക്ക്. അന്നെടുത്ത ഒരു ഡ്രെസ്സും കൊള്ളില്ലായിരുന്നു. ഈ പ്രാവിശ്യം ഞാൻ തന്നെ സെലക്ട് ചെയ്ത് കൊള്ളാം."

വേണ്ട എന്ന് പറഞ്ഞാലും ശ്രീഹരി കേൾക്കില്ല എന്നറിയാവുന്നതിനാൽ അവൾ എതിർക്കാൻ പോയില്ല.

.

.

ഓഫീസിനുള്ളിലേക്ക് നടന്നു വരുന്ന ശ്രീഹരിക്കൊപ്പം ഒരു പെൺകുട്ടിയെ കണ്ട് സ്റ്റാഫുകൾ എല്ലാം അവരെത്തന്നെ ശ്രദ്ധിച്ചു.

ജീന ചെറിയ പേടി നിറഞ്ഞ കണ്ണുകളോടെ ശ്രീഹരിയോടൊപ്പം നടക്കുമ്പോൾ ഓഫീസ് മൊത്തം വീക്ഷിക്കുകയായിരുന്നു. അവൻ കൂടെ ഉള്ളത് മാത്രമായിരുന്നു അവൾക്കുള്ള ധൈര്യം.

ശ്രീഹരിക്കൊപ്പം നടന്ന് വരുന്ന സുന്ദരിയായ പെൺകുട്ടിയെ കണ്ട് അത് ആരാണെന്നറിയാൻ അനുപമയുടെ ഉള്ളിലും ആകാംഷ നിറഞ്ഞു.

അനുപമയുടെ മുന്നിൽ കൂടി ഒരു പുഞ്ചിരിയോടെ ശ്രീഹരി കാബിന് ഉള്ളിലേക്ക് നടന്നു കയറി, കൂടെ ജീനയും.

ഓഫീസിനുള്ളിൽ കസേരയിൽ ഇരുന്ന ശ്രീഹരി തന്റെ മുന്നിൽ നിൽക്കുന്ന ജീനയുടെ പേടി നിറഞ്ഞ മുഖം കണ്ട് ഒരു പുഞ്ചിരിയോടെ ചോദിച്ചു.

"നീ എന്തിനെയാ ഇങ്ങനെ പേടിക്കുന്നെ?"

"ഞാൻ ആദ്യായിട്ട ഇങ്ങനെ ഒരു ജോലിക്ക് വരുന്നേ.. അതും ഇത്ര വലിയ ഓഫീസിൽ എത്ര അധികം സ്റ്റാഫുകൾക്ക് ഇടയിൽ."

"നീ ഇവിടെ ആരെയാ പേടിക്കുന്നത്.. നിനക്ക് ഇവിടെ ജോലിയിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ നിന്നെ വഴക്ക് പറയേണ്ട ഒരേ ഒരാൾ ഞാൻ മാത്രമാണ്.. അത് മാത്രം നീ ഓർത്താൽ മതി."

എന്നിട്ടും അവളുടെ ഉള്ളിലെ ഭയം വിട്ടൊഴിഞ്ഞിരുന്നില്ല.

അത് മനസിലാക്കിയ ശ്രീഹരി പറഞ്ഞു.

"ആദ്യത്തെ ദിവസം ആയത് കൊണ്ടാണ് നിനക്ക് ഈ ടെൻഷൻ.. ഞാൻ നിനക്ക് അനുപമയെ പരിചയപ്പെടുത്തി തരാം."

ശ്രീഹരി അനുപമയെ അവിടേക്ക് വിളിച്ചു. അവന്റെ വിളി കാത്ത് നിന്നത് എന്നവണ്ണം അനുപമ പെട്ടെന്ന് തന്നെ അവിടേക്കെത്തി.

"അനുപമ.. ഇത് ജീന, നിന്റെ ഒഴുവിലേക്ക് ജീനയാണ് വരുന്നത്."

അനുപമ ചെറിയൊരു ഞെട്ടലോടെയാണ് അത് കേട്ടത്. കാരണം ഒരു ഇന്റർവ്യൂ പോലും ഇല്ലാതെ നേരിട്ടുള്ള അപ്പോയ്ന്റ്മെന്റ്.

ആ ഞെട്ടൽ മുഖത്ത് നിന്നും മറച്ച് പിടിച്ച് കൊണ്ട് അനുപമ ജീനയെ നോക്കി ചിരിച്ചു. അവൾ തിരിച്ചും.

ജീനയുടെ മുഖത്തെ ഐശ്വര്യവും മനം കവരുന്ന ചിരിയും ഒക്കെ കണ്ടപ്പോൾ തന്നെക്കാൾ സൗന്ദര്യം അവൾക്കുണ്ടെന്ന് അനുപമക്ക് തോന്നി. ഇനി സാറിന്റെ ബന്ധു ആയിരിക്കുമോ?.. പക്ഷെ ജീന എന്ന പേര് കേട്ടിട്ട് ഒരു ക്രിസ്ത്യൻ ആണെന്നും തോന്നുന്നു.

അനുപമയുടെ മനസ്സിൽ കൂടി പലതരം ചിന്തകൾ കടന്ന് പോകുന്നതിനിടയിൽ ശ്രീഹരിയുടെ ശബ്ദം അവിടെ ഉയർന്നു.

"അപ്പോൾ ജീന അനുവിന്റെ കൂടെ പൊയ്ക്കോ.. അനു കാര്യങ്ങളെല്ലാം പഠിപ്പിച്ച് തരും."

കാബിന് പുറത്തേക്ക് ഇറങ്ങിയ അനുപമ ആദ്യം തന്നെ തനിക്കരികിലായി ജീനക്ക് ഒരു ടേബിളും കസേരയും ശരിയാക്കി. എന്നിട്ട് ജോലിയെ കുറിച്ചുള്ള ഒരു പ്രാഥമിക കാര്യങ്ങൾ വിവരിക്കുമ്പോൾ തന്നെ ഓഫീസിനുള്ളിൽ അനുപമക്ക് പകരമായി വരുന്ന ആളാണ് ജീന എന്ന ന്യൂസ് പരന്നിരുന്നു. സൗന്ദര്യ ദാഹികളായ ഓഫീസിനുള്ളിൽ ചെറുപ്പക്കാർ ഒളിഞ്ഞും തെളിഞ്ഞും ജീനയെ നോക്കുന്നത് അനുപമയുടെ ശ്രദ്ധയിൽ പെട്ട്, പക്ഷെ അവരെയൊന്നും ജീന ശ്രദ്ധിക്കുന്നേ ഇല്ല എന്നത് അനുപമയുടെ മുഖത്ത് ചിരി പടർത്തി.

ജോലിയെ കുറിച്ചുള്ള ചെറിയൊരു വിവരണത്തിന് ശേഷം തന്റെ ഉള്ളിലെ ആകാംഷ കാരണം അനു ജീനയോട് ചോദിച്ചു.

"ക്രിസ്ത്യൻ ആണോ?"

"അതെ.. എന്താ?"

"ഒന്നുമില്ല.. പേര് കേട്ടപ്പോൾ അങ്ങനെ തോന്നി."

അപ്പോൾ ശ്രീഹരിയുടെ ബന്ധു അല്ല ജീന എന്ന് അനുപമക്ക് ഉറപ്പായി.. പക്ഷെ അവർ തമ്മിലുള്ള പരിചയം എന്തായിരിക്കും.

"സാറിനെ എങ്ങനാ പരിചയം?"

ജീന ചെറു ചിരിയോടെ പറഞ്ഞു.

"ഞാനും ഇച്ചായനും ഒരുമിച്ച് പഠിച്ചതാണ്."

അനുപമ പെട്ടെന്ന് ചോദിച്ചു.

"ഇച്ചായനോ?"

ജീന വലിയ കാര്യമല്ലാത്ത മട്ടിൽ പറഞ്ഞു.

"സാറിനെ ഞാൻ ഇച്ചായൻ എന്നാണ് വിളിക്കാറ്."

ജീനയും ശ്രീഹരിയും തമ്മിൽ മുൻകാല പരിചയം ഉണ്ടെന്ന് മനസിലായെങ്കിലും ജീന കുറച്ചധികം സ്വതന്ത്രത്തോടെ അവനെ ഇച്ചായൻ എന്ന് വിളിക്കുന്നത് അനുപമക്ക് ഉള്ളിൽ ചെറിയൊരു അസൂയ ഉളവാക്കി.

"ജീന നിങ്ങൾ മുൻപ് പരിചയം ഉള്ളവരായിരിക്കും.. പക്ഷെ ഓഫീസിനുള്ളിൽ ഇച്ചായൻ എന്ന് വിളിക്കുന്നത് സാറിന് ചിലപ്പോൾ ഇഷ്ടപെട്ടെന്ന് വരില്ല.. "

അനുപമയ്ക്കും ശ്രീഹരിയും തമ്മിൽ അടുത്തൊരു ബന്ധമുണ്ട് എന്ന് ജീനയെ അറിയിക്കുവാൻ വേണ്ടി ഇത്ര കൂടി അവൾ പറഞ്ഞു.

"ഇവിടെ ഞാൻ പോലും സാർ എന്ന് തന്നാണ് വിളിക്കാറ്."

പുഞ്ചിരി നിറഞ്ഞ മുഖത്തോടെ ജീന പറഞ്ഞു.

"ഞാൻ സർ എന്ന് വിളിച്ചാലായിരിക്കും ഇച്ചായന് ഇഷ്ടപ്പെടാത്തത്."

അവളുടെ മറുപടി കേട്ട് അനുപമ ആശ്ചര്യത്തോടെ ജീനയുടെ മുഖത്തേക്ക് നോക്കി ഇരിക്കുമ്പോഴാണ് അവരുടെ അടുത്തേക്ക് ശ്രീഹരി വന്നത്.

ചുണ്ടിൽ ഇരുന്ന സിഗററ്റ് കത്തിച്ച് കൊണ്ട് അവൻ ചോദിച്ച്.

"ജീനാ.. കുഴപ്പമൊന്നും ഇല്ലല്ലോ?"

"ഇല്ല.. അനു എനിക്ക് ഓരോന്ന് പറഞ്ഞു തരുകയായിരുന്നു."

"എല്ലാം പെട്ടെന്ന് പഠിച്ചെടുക്കാൻ നോക്കണം.. അനു ഒരു മാസം കൂടിയേ ഇവിടെ കാണുള്ളൂ."

ജീനാ പുഞ്ചിരിയോടെ തലയാട്ടി. ശ്രീഹരി അനുപമയോട് ഓഫീസ് കാര്യങ്ങൾ സംസാരിച്ച് തുടങ്ങിയപ്പോൾ ജീന അവിടെ നിന്നും എഴുന്നേറ്റ് പോയി ഒരു ഗ്ലാസിൽ വെള്ളവുമായി തിരിച്ച് വന്നു.

അവിടുള്ള ചെറുപ്പക്കാരൊക്കെ ഐശ്വര്യം തുളുമ്പുന്ന ജീനയുടെ ചലനങ്ങൾ ശ്രദ്ധിച്ച് നിൽക്കുമ്പോൾ എല്ലാരേയും ഞെട്ടിച്ച് കൊണ്ട് ജീന ഗ്ലാസും വെള്ളവും മേശപ്പുറത്ത് വച്ച ശേഷം അനുപമയോട് സംസാരിച്ച് നിൽക്കുന്ന ശ്രീഹരിയുടെ അടുത്തേക്ക് ചെന്ന് അവന്റെ പോക്കറ്റിലേക്ക് കൈ ഇട്ടു.

ജീനയുടെ പെട്ടെന്നുള്ള പ്രവർത്തിയിൽ എന്താണ് അവൾ ചെയ്യുന്നതെന്ന് അറിയാതെ ശ്രീഹരിയും ഞെട്ടി. അപ്പോഴേക്കും അവൾ അവന്റെ പോക്കറ്റിൽ നിന്നും സിഗരറ്റ് പാക്കറ്റ് എടുത്ത് കഴിഞ്ഞിരുന്നു. അനുപമ ഉൾപ്പെടെ അവിടുള്ളവർ എല്ലാം ഞെട്ടി നിൽക്കുമ്പോൾ ജീന അവന്റെ ചുണ്ടിൽ ഇരുന്ന സിഗരറ്റും കൈപ്പിടിയിൽ ഒതുക്കി കഴിഞ്ഞിരുന്നു.

സിഗരറ്റ് പാക്കറ്റും എരിഞ്ഞു കൊണ്ടിരുന്ന സിഗററ്റും മേശമേൽ ഇരുന്ന ഗ്ലാസിലെ വെള്ളത്തിലേക്കിട്ട ശേഷം ജീന യാതൊരു ഭാവ വ്യത്യാസവും കൂടാതെ തന്റെ കസേരയിലേക്ക് പോയിരുന്നു.

തന്റെ സ്വകാര്യതയിലേക്ക് ആരെയും കടന്ന് കയറാൻ സമ്മതിക്കാത്ത ശ്രീഹരിയിൽ നിന്ന് ജീനക്ക് ഒരടിയിൽ കുറഞ്ഞതൊന്നും അവിടെ നിന്ന ആരും പ്രധീക്ഷിച്ചില്ല.

എന്നാൽ എല്ലാരേയും അത്ഭുതപ്പെടുത്തികൊണ്ട് ജീനയുടെ പെട്ടെന്നുള്ള പ്രവർത്തിയുടെ ഞെട്ടലിൽ നിന്നും മുക്തനായ ശ്രീഹരി ഒരു പുഞ്ചിരിയോടെ തന്റെ കാബിനുള്ളിലേക്ക് നടന്നു.

അപ്പോഴും യാതൊന്നും സംഭവിക്കാത്ത പോലെ ഇരിക്കുന്ന ജീനയുടെ മുഖത്തേക്ക് നോക്കിയ അനുപമയുടെ മനസിലേക്ക് കുറച്ച് മുൻപ് ജീന പറഞ്ഞ വാക്കുകൾ ഓടിയെത്തി.

"ഞാൻ സർ എന്ന് വിളിച്ചാലായിരിക്കും ഇച്ചായന് ഇഷ്ടപ്പെടാത്തത്."

കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ ജീന അനുപമയുമായി നല്ല സൗഹൃദത്തിലായി. പറഞ്ഞു കൊടുക്കുന്ന കാര്യങ്ങളൊക്കെ ജീന പെട്ടെന്ന് മനസിലാക്കി എടുക്കുവാൻ മിടുക്കി ആയതിനാൽ ജോലിയെ കുറിച്ച് പഠിപ്പിച്ചെടുക്കുവാൻ അനുപമയ്ക്കും എളുപ്പമായിരുന്നു.

ജീന ശ്രീഹരിക്ക് ഒപ്പം ഒരേ വീട്ടിലാണ് താമസം എന്ന ന്യൂസ് ഈ കുറച്ച് ദിവസങ്ങൾക്കുളിൽ തന്നെ ഓഫീസിനുള്ളിൽ പരന്നിരുന്നു. ശ്രീഹരിയും ജീനയും പ്രണയത്തിലാണ് അവർ തമ്മിൽ ഉടൻ വിവാഹിതനാകും എന്നതായിരുന്നു

സ്റ്റാഫുകൾക്ക് ഇടയിലുള്ള സംസാരം. ജീന ശ്രീഹരിയോട് കാണിക്കുന്ന അമിത സ്വാതന്ത്ര്യവും ആ സംസാരങ്ങൾക്ക് ബലമേകി. അതുകൊണ്ട് തന്നെ ജീനയോട് ഒരു ബഹുമാനത്തോടെ മാത്രമാണ് അവിടുള്ളവർ പെരുമാറിയിരുന്നത്.

അനുപമ പക്ഷെ അവർ പ്രണയത്തിലായിരുന്നെന്ന് വിശ്വസിച്ചിരുന്നില്ല.

അന്നൊരു ദിവസം ഓഫീസിൽ ലഭിച്ച ഫ്രീ ടൈമിൽ അനുപമ ജീനയോട് ചോദിച്ചു.

"ഞാൻ ഒരു കാര്യം ചോദിച്ചാൽ സത്യം പറയുമോ?"

ജീന ആകാംഷയോടെ ചോദിച്ചു.

"എന്താ?"

"ഞാൻ ഇത് ചോദിക്കണോ വേണ്ടയോ എന്ന് ഒരുപാട് പ്രാവിശ്യം ആലോചിച്ചു, ഒരു ആകാംഷകൊണ്ട് എപ്പോൾ ചോദിക്കുവാണ്."

ജീന അനുപമയുടെ മുഖത്ത് തന്നെ നോക്കി.

"ജീനയും സാറും തമ്മിൽ പ്രണയത്തിലാണോ?"

പരിസരം മറന്നുള്ള ഒരു പൊട്ടിച്ചിരി ആയിരുന്നു ജീനയുടെ മറുപടി.

അനുപമ പെട്ടെന്ന് തന്നെ ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്ന് ചുറ്റും നോക്കിയ ശേഷം ജീനയുടെ വാ പൊത്തി പിടിച്ചു. എന്നിട്ട് നാണം കെടുത്തരുത് എന്ന് മുഖം കൊണ്ട് ആഗ്യം കാണിച്ചു.

ചിരി കടിച്ചമർത്തി അനുപമയുടെ കൈ മുഖത്ത് നിന്നും മാറ്റിക്കൊണ്ട് ജീന ചോദിച്ചു.

"എന്താ അനുവിന് ഇങ്ങനെ ഒരു പൊട്ടത്തരം തോന്നാൻ കാരണം?"

"ജീന സാറിനോട് കാണിക്കുന്ന സ്വാതന്ത്രം കണ്ട് ചോദിച്ച് പോയതാണ്."

കാബിനുള്ളിൽ ഇരിക്കുന്ന ശ്രീഹരിയെ നോക്കികൊണ്ട് ജീന പറഞ്ഞു.

"എന്റെ അറിവിൽ ഇച്ചായന് ഒരേയൊരു പ്രണയമേ ഉള്ളായിരുന്നു.. അത് ക്ലാര ചേച്ചിയോടായിരുന്നു."

ശ്രീഹരിയുടെ ജീവിതത്തിൽ ക്ലാര എന്നൊരു പെൺകുട്ടി ഉണ്ടായിരുന്നു എന്ന് അനുപമ അപ്പോഴാണ് അറിയുന്നത്.

"അവരുടെ പ്രണയ നിമിഷങ്ങളുടെ എല്ലാം സാക്ഷി ഞാൻ ആയിരുന്നു."

"എന്നിട്ട് അവർ എന്താ ഒന്നിക്കാഞ്ഞെ?"

അവൾ ശ്രീഹരിക്കും ക്ലാരക്കും ഇടയിൽ സംഭവിച്ചതെല്ലാം അനുപമയോട് പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞ അനുപമ ചോദിച്ചു.

"അപ്പോൾ നിങ്ങൾക്ക് ഇടയിൽ പ്രണയമില്ല.. സൗഹൃദം മാത്രമാണ് ഉള്ളതല്ലേ?"

"അതെ.."

അനുപമ ചുറ്റും നോക്കി അടുത്തൊന്നും ആരും എല്ലാ എന്ന് ഉറപ്പ് വരുത്തിയ ശേഷം പറഞ്ഞു.

"എനിക്ക് സാറിനെ പറ്റി ഒരു കാര്യം പറയാനുണ്ടായിരുന്നു."

"എന്ത് കാര്യം?"

"സർ നല്ലൊരു മനസിന് ഉടമയാണ്.. പക്ഷെ എല്ലാ മനുഷ്യരെയും പോലെ ഒരു വീക്ക് പോയിന്റ് സാറിനും ഉണ്ട്.. പക്ഷെ ഞാൻ അത് പറഞ്ഞു കഴിഞ്ഞാൽ ജീനക്ക് സാറിനോട് ദേഷ്യമൊന്നും തോന്നരുത്."

ജീന ഒരു ചെറു ചിരിയോടെ ചോദിച്ചു.

"ഒരു രാത്രിയിലേക്ക് മാത്രമായി ഇച്ചായന്റെ ജീവിതത്തിൽ കടന്നു വന്ന് പോകുന്ന പെൺപിള്ളേരെ കുറിച്ചാണോ അനുവിന് പറയാനുള്ളത്."

അനു അത്ഭുതം നിറഞ്ഞ മുഖത്തോടെ ജീനയെ നോക്കി.

"നിനക്ക് അത് എങ്ങനെ അറിയാം?"

"ഞാൻ ഇന്നും ഇന്നലെയും അല്ല ഇച്ചായനെ കണ്ട് തുടങ്ങിയത്.. പിന്നെ.."

വീണ്ടും അവരുടെ കണ്ട് മുട്ടൽ അങ്ങനെ ഒരു സന്ദർഭത്തിൽ ആണെന്ന് അവളുടെ മനസ്സിൽ ഓടിയെത്തി.

"പിന്നെ?"

"ഏയ്.. അതൊന്നും ഇല്ല.."

ജീന എന്തോ മറക്കാൻ ശ്രമിക്കുന്നതായി അനുപമക്ക് തോന്നി. പക്ഷെ അതിനെ കുറിച്ച് ചൂഴ്ന്ന് ചോദിക്കുവാൻ അവൾ ആഗ്രഹിച്ചില്ല. പക്ഷെ ശ്രീഹരിയുടെ കാര്യം സംസാരിക്കാൻ അവൾക്ക് താല്പര്യം ഉണ്ടായിരുന്നു.

"അതിനെ കുറിച്ച് അറിയാമായിരുന്നിട്ടും ജീനയെന്താ സാറിനെ അതിൽ നിന്നൊക്കെ പിന്തിരിപ്പിക്കാഞ്ഞത്?"

ഒരു ചിരിയോടെ ജീന പറഞ്ഞു.

"എന്റെ ഒപ്പം ഇച്ചായൻ ഉണ്ടായിരുന്നപ്പോൾ അങ്ങനെ ഒന്നിനും പോയിരുന്നില്ല."

"അപ്പോൾ ഇനി സർ അങ്ങനെ ഒന്നിനും പോകില്ലെന്നാണോ?"

"അതെനിക്ക് ഉറപ്പ് പറയാനൊന്നും കഴിയില്ല.. അതൊക്കെ ഓരോരുത്തരുടെ ഇഷ്ടമല്ലേ."

അനുപമ ജീനയുടെ ലാഘവത്തോടെയുള്ള മറുപടി കണ്ട് അവളെ മനസിലാകാതെ തുറിച്ച് നോക്കി.

"അപ്പോൾ പിന്നെന്തിനാ സാർ സിഗരറ്റ് വലിക്കുന്നത് നീ നിർത്തിച്ചത്, അതും സാറിന് ഇഷ്ടമായിരുന്ന കാര്യമായിരുന്നല്ലോ."

"അതെനിക്ക് ഇഷ്ടമല്ലാഞ്ഞത് കൊണ്ട് നിർത്തിച്ചു."

"അപ്പോൾ സാറ് ആ ഒരു കാര്യത്തിന് പോകുന്നത് നിനക്ക് ഇഷ്ടമാണെന്നാണോ?"

പെട്ടെന്ന് അനുപമയിൽ നിന്നും അങ്ങനെ ഒരു ചോദ്യം വന്നപ്പോൾ അതിന് എന്ത് ഉത്തരം നൽകണമെന്ന് ജീനക്ക് അറിയില്ലായിരുന്നു.

അവൾ സ്വയം മനസ്സിനോട് അങ്ങനെ ഒരു ചോദ്യം ചോദിച്ച് നോക്കിയപ്പോൾ താൻ കൂടെ ഉള്ളപ്പോൾ ശ്രീഹരി അങ്ങനെ പോകില്ലായിരിക്കും എന്നൊരു ഉത്തരം മാത്രമാണ് അവൾക്ക് കിട്ടിയത്.

.

.

രാത്രി ആഹാരം കഴിച്ച് കൊണ്ടിരിക്കുമ്പോൾ ശ്രീഹരി ജീനയെ തന്നെ ശ്രദ്ധിക്കുകയായിരുന്നു. അവളുടെ മുഖത്തെ വിഷാദ ഭാവമെല്ലാം മാറിയിരിക്കുന്നു. എപ്പോൾ ഒരുപാട് സംസാരിക്കാറും ഉണ്ട്. പഴയ ജീനയിലേക്ക് അവൾ തിരിച്ചെത്തിയെന്ന് തന്നെ പറയാം.

പിന്നെ ഉള്ളൊരു വ്യത്യാസം കോളേജിൽ പഠിച്ചിരുന്ന ജീനയിൽ നിന്നും കുറച്ചധികം സ്വാതന്ത്ര്യത്തോടെ ആണ് അവളിപ്പോൾ ശ്രീഹരിയോട് പെരുമാറിയിരുന്നത്. അതിൽ അവന് ഒരു പരിഭ്രമവും ഇല്ലായിരുന്നു. കാരണം അവൾക്ക് ശ്രീഹരി അല്ലതെ എപ്പോൾ മറ്റാരും ഇല്ലെന്ന് അവന് നല്ലപോലെ അറിയാം.

ശ്രീഹരി തന്റെ മുഖത്തേക്ക് തന്നെ നോക്കി ഇരിക്കുന്നത് ജീന ശ്രദ്ധിച്ചു. അവൾ മുഖം കൊണ്ട് ആഗ്യത്തിലൂടെ എന്താ എന്ന് അവനോട് ചോദിച്ചു.

"നമുക്കിനിയും ഡോക്ടറിനെ കാണാൻ പോകേണ്ടതായിട്ടുണ്ടോ?"

"ഞാൻ അത് ഇച്ചായനോട് പറയാനിരിക്കയായിരുന്നു. എനിക്കിപ്പോൾ കുഴപ്പമൊന്നും ഇല്ല.. നല്ലപോലെ ഉറങ്ങാൻ പറ്റുന്നുണ്ട് വേണ്ടാത്ത ചിന്തകളും ഇല്ല."

"ഓക്കേ.. എങ്കിൽ നമുക്കിനി പോകണ്ട.."

ജീനയുടെ മുഖത്ത് ഒരു പുഞ്ചിരി വിരിയുന്ന കണ്ടപ്പോൾ തമാശയായി ശ്രീഹരി പറഞ്ഞു.

"ഇനിയും പഴയ പോലെ വല്ലോം ആയാൽ നിനക്ക് ആ ഹോസ്പിറ്റലിൽ ഒരു റൂം തന്നെ ബുക്ക് ചെയ്ത് കളയും."

അത് കേട്ട ജീന ഒരു ചിരിയോടെ പറഞ്ഞു.

"എങ്കിൽ ആ റൂമിൽ ഒരു ബെഡ് കൂടി ഇച്ചായനായിട്ട് ബുക്ക് ചെയ്തോളണം. എന്നെ ഇനി എങ്ങും കൊണ്ട് കളഞ്ഞിട്ട് പോകില്ലെന്ന് ഉറപ്പ് തന്നിട്ടാണ് ഞാൻ കൂടെ വന്നത്."

ചിരിയിലൂടെ അവൾ പറഞ്ഞ ആ മറുപടിക്കിടയിൽ ഒരു വേദന ഒളിച്ചിരുന്നതായി അവന് തോന്നി. അവന്റെ മുഖം പെട്ടെന്ന് മ്ലാനമായി.

അവന്റെ മുഖത്തെ ഭാവ മാറ്റം കണ്ടപ്പോഴാണ് താൻ പറഞ്ഞതിനുള്ളിൽ ഒരിക്കൽ ഇച്ചായൻ കളഞ്ഞിട്ട് പോയതാണല്ലോ എന്നൊരു അർദ്ധം ഉണ്ടെന്ന് അവൾ ഓർത്തത്.

അവൾ പെട്ടെന്ന് വിഷയം മാറ്റാനായി ചോദിച്ചു.

"നാളെ ഞായറാഴ്ചയായിട്ട് എന്താ പരിപാടി?"

"അനു കുറച്ചു ഫയൽസ് നോക്കാൻ തന്നിട്ടുണ്ട്.. അതൊക്കെ നോക്കി തീർക്കണം."

"അനു ഇനി രണ്ടു ദിവസം കൂടിയേ ഓഫീസിൽ വരുള്ളല്ലേ?"

അവൻ അതെ എന്ന അർത്ഥത്തിൽ മൂളി.

"നമുക്ക് രണ്ടുപേർക്കും എന്തായാലും അനുവിന്റെ കല്യാണത്തിന് പോകണം."

ജീന കല്യാണത്തിനെ കുറിച്ച് പറഞ്ഞപ്പോൾ ശ്രീഹരി അവളോട് പറഞ്ഞു.

"നിനക്കും അനുവിനും ഒരേ പ്രായമല്ലേ.. നിന്റെ കല്യാണത്തിനെ കുറിച്ചും നമുക്ക് ആലോചിക്കണ്ടേ?"

അത് കേട്ടപ്പോൾ പ്രസന്നമായിരുന്ന ജീനയുടെ മുഖം പെട്ടെന്ന് മങ്ങി.

അവൾ കസേരയിൽ നിന്നും എഴുന്നേറ്റുകൊണ്ട് ചോദിച്ചു.

"ഇച്ചായൻ കഴിച്ച് കഴിഞ്ഞെങ്കിൽ ഞാൻ പ്ലേറ്റ് എടുക്കട്ടെ?"

ജീനയുടെ മുഖത്തെ ഭാവമാറ്റം ശ്രദ്ധിച്ച്കൊണ്ട് അവൻ തന്റെ മുന്നിലിരുന്ന ഒഴിഞ്ഞ പ്ലേറ്റ് അവളുടെ നേരെ നീക്കി വച്ചു. ജീന പ്ലേറ്റുമെടുത്തു കൊണ്ട് അടുക്കളയിലേക്ക് നടന്നു.

കൈ കഴുകി മുറിയിലേക്ക് നടക്കുമ്പോഴും കല്യാണത്തെ കുറിച്ച് പറഞ്ഞപ്പോഴുള്ള ജീനയുടെ പ്രതികരണം തന്നെ ആയിരുന്നു അവന്റെ മനസ്സിൽ. അവൾ ഒരു കല്യാണത്തിന് സമ്മതിക്കില്ല എന്ന് അവന് തോന്നി.

റൂമിലെത്തിയപ്പോഴാണ് അവന്റെ മൊബൈൽ ബെല്ലടിച്ചത്.. എടുത്ത് നോക്കുമ്പോൾ അമ്മയാണ്. സാധാരണ 'അമ്മ ശ്രീഹരിയെ ആ സമയത്തു തന്നെയാണ് വിളിക്കാറുള്ളത്. സംസാരിക്കാൻ ഒരുപാട് വിശേഷങ്ങൾ ഒന്നും ഇല്ലായിരുന്നു. പതുവുപോലെ അന്നും 'അമ്മ അവന്റെ കല്യാണത്തിലേക്ക് സംസാരം കൊണ്ടെത്തിച്ചു. പതിവ് പോലെ അവൻ ഒഴിഞ്ഞു മാറുകയും ചെയ്തു.

കട്ടിലിൽ കിടക്കുമ്പോൾ ഓരോ ചിന്തകളാൽ ഉറക്കം വരാതെ കിടക്കുമ്പോഴാണ് ഹാളിൽ നിന്നും ടിവിയുടെ ശബ്ദം അവൻ കേട്ടത്.

ജീന ഉറങ്ങിയിട്ടില്ല എന്ന് അവന് മനസിലായി. ഉറക്കം വരാത്തതിനാൽ അവനും എഴുന്നേറ്റ് ഹാളിലേക്ക് നടന്നു.

അവൻ ചെല്ലുമ്പോൾ സോഫയിൽ ഇരുന്നു ടിവി കാണുകയായിരുന്നു ജീന. ശ്രീഹരി അവളുടെ അടുത്തിരിക്കാതെ അവൾക്ക് എതിരെ ഉള്ള സോഫയിലേക്ക് പോയിരുന്നു. അലക്ഷ്യമായി ടിവിയിലേക്ക് നോക്കി ഇരിക്കുന്ന ശ്രീഹരിയെ ജീന ശ്രദ്ധിച്ചു. അവന്റെ മനസ് ഇവിടെയെങ്ങും അല്ല എന്ന് അവൾക്ക് മനസിലായി.

"ഇച്ചായാ.."

അവളുടെ വിളി ചിന്തകളുടെ ലോകത്തായിരുന്നു ശ്രീഹരി കേട്ടതേ ഇല്ല. ജീന എഴുന്നേറ്റ് അവന്റെ അരികിലേക്ക് പോയിരുന്നു. അവളുടെ സാമിപ്യം അടുത്തറിഞ്ഞപ്പോഴാണ് അവൻ ചിന്തകളിൽ നിന്നും ഉണർന്നത്. ജീന തന്നോട് വളരെ ചേർന്നിരിക്കുന്നത് അവൻ അറിഞ്ഞു. ശ്രീഹരി അവളുടെ അടുത്ത് നിന്നും സ്വല്പം നീങ്ങി മാറിയിരുന്നു.

"ഇച്ചായനെന്നതാ പറ്റിയെ?"

"ഏയ്.. ഒന്നുമില്ല."

അവൾ മുഖം ചുളിച്ചുകൊണ്ടു പറഞ്ഞു.

"ഇച്ചായനെ എന്നെ എനിക്ക് നന്നായിട്ടറിയാം.. എന്തോ മനസ്സിൽ ഉണ്ട്."

അവൻ കുറച്ചു നേരം അവളുടെ മുഖത്തേക്ക് തന്നെ നോക്കി.

"'അമ്മ ഇന്ന് ഫോൺ വിളിച്ചപ്പോഴും പതിവുപോലെ എന്റെ കല്യാണക്കാരം എടുത്തിട്ടു.. ഇപ്പോഴേ ഒന്നും നോക്കണ്ട എന്ന് എത്ര പറഞ്ഞാലും അമ്മയ്ക്ക് മനസിലാകില്ല."

"അമ്മയെ കുറ്റം പറയുന്നതെന്തിനാ.. ഇച്ചായന്റെ കൂടെ ഉണ്ടായിരുന്നവരുടെയൊക്കെ കല്യാണം കഴിഞ്ഞില്ലേ.. അപ്പോൾ 'അമ്മ കല്യാണത്തെക്കുറിച്ച് പറയുന്നതിലെന്താ തെറ്റ്?"

ശ്രീഹരി പെട്ടെന്ന് തന്നെ തിരിച്ച് ചോദിച്ചു.

"നിനക്ക് എത്ര വയസ്സായെന്ന വിചാരം.. ഇരുപത്തിയാറ് കഴിഞ്ഞു.. നീയെന്താ കല്യാണത്തെക്കുറിച്ച് ചിന്തിക്കാത്തെ?"

ജീന പെട്ടെന്ന് മൗന ആയി.. കുറച്ച് നേരം അവനെ തന്നെ നോക്കിയിരുന്ന ശേഷം അവൾ ശ്രീഹരിയുടെ തോളിലേക്ക് തല ചായ്ക്കാൻ വന്നപ്പോൾ അവൻ പെട്ടെന്ന് തന്നെ സോഫയിൽ നിന്നും എഴുന്നേറ്റ് മുറിയിലേക്ക് നടക്കാൻ തുനിഞ്ഞു.

ജീന പെട്ടെന്ന് തന്നെ അവന്റെ കൈയിൽ പിടിച്ച കൊണ്ട് പറഞ്ഞു.

"ഇച്ചായാനിരിക്ക്, എനിക്ക് ഒരു കാര്യം ചോദിക്കാനുണ്ട്."

അവൻ സോഫയിലേക്ക് തിരികെ ഇരിന്നു.

സൗമ്യത വിട്ട് ഉറച്ച സ്വരത്തിൽ അവൾ ചോദിച്ചു.

"എന്താ ഇച്ചായന്റെ പ്രശ്നം?"

അവൻ മനസിലാകാതെ തിരികെ ചോദിച്ചു.

"എന്ത് പ്രശ്നം?"

"ഞാൻ ഒരു ഭാരമായി ഇച്ചായന് തോന്നി തുടങ്ങിയിട്ടുണ്ടോ?"

അത് കേട്ട അവൻ പെട്ടെന്ന് തന്നെ തിരികെ ചോദിച്ചു.

"ജീന.. നീ എന്താ എങ്ങനെ ചോദിക്കുന്നെ?"

അവളുടെ സ്വരം ആർദ്രമായി മാറി.

"ഞാൻ കുറച്ച് ദിവസങ്ങളായി ശ്രദ്ധിക്കുന്നു, ഇച്ചായൻ എന്തിനാ എന്നിൽ നിന്നും ഒഴിഞ്ഞു മാറുന്നെ?"

അവൻ ജീനയുടെ മുഖത്തേക്ക് തന്നെ നോക്കി.

"എന്റെ അടുത്ത് വന്നിരിക്കാറില്ല എപ്പോൾ.. ഞാൻ അടുത്തേക്ക് വന്നിരുന്നത് തന്നെ ഒഴിഞ്ഞു മാറും.. ഇപ്പോൾ തന്നെ ഇച്ചായന്റെ തോളിലേക്ക് ഒന്ന് തല ചായ്ക്കാൻ വന്നപ്പോൾ എഴുന്നേറ്റ് മാറുന്നു."

അവളുടെ കണ്ണുകൾ അപ്പോഴേക്കും നിറഞ്ഞിരുന്നു.

കുറച്ച് നേരത്തെ മൗനത്തിനു ശേഷം അവൻ പറഞ്ഞു.

"നീ ഇവിടേക്ക് വന്ന ഇടക്ക് ഒരു ദിവസം ഞാൻ നിന്റെ തുടയിൽ കൈ വച്ചിരുന്നപ്പോൾ നീ എന്നോട് ഒരു ചോദ്യം ചോദിച്ചു."

ജീന എന്താണ് അതെന്നു ഓർമ വരാതെ അവന്റെ മുഖത്തേക്ക് തന്നെ നോക്കി.

"ഞാനും എല്ലാരേയും പോലെ നിന്റെ ശരീരം ആഗ്രഹിച്ചാണോ നിന്നെ ഇവിടേക്ക് കൊണ്ട് വന്നതെന്ന്... ഇനി ഒരിക്കൽ കൂടി അതുപോലൊരു ചോദ്യം നിന്റെ അടുത്ത നിന്ന് നേരിടാൻ എനിക്കാവില്ല ജീന. വേറെ ആര് എന്നോടിങ്ങനെ ചോദിച്ചാലും എനിക്ക് പ്രശ്നമില്ല.. പക്ഷെ നീ.."

അവൻ വാക്കുകൾ പൂർത്തിയാക്കാതെ ജീനയുടെ മുഖത്തേക്ക് തന്നെ നോക്കി. അവളുടെ കവിളുകളിൽ കൂടി കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു അപ്പോൾ.

"അന്നത്തെ എന്റെ മാനസികാവസ്ഥ എന്തായിരുന്നെന്ന് ഇച്ചായന് നല്ലപോലെ അറിയാവുന്നതായിരുന്നതല്ലേ..അന്ന് അങ്ങനെ ഒരു കാര്യം ഉണ്ടായതായി എന്റെ മനസ്സിൽ പോലും ഇല്ലായിരുന്നു. വിവരം ഇല്ലാതെ അന്ന് ഞാൻ എന്തോ പറഞ്ഞെന്നും വച്ച് അതിപ്പോഴും മനസ്സിൽ വച്ചിരിക്കുകയാണോ?"

അവന്റെ കൈ പിടിച്ച് തന്റെ തുടയിലേക്ക് വച്ച് കൊണ്ട് അവൾ പറഞ്ഞു.

"ഇതല്ലായിരുന്നോ പ്രശനം.. ദാ കണ്ടോ.. എനിക്കിതിൽ ഒരു കുഴപ്പവും ഇല്ല.. ഞാൻ ഇച്ചായന്റെ പഴയ ജീന തന്നെയാണ് ഇപ്പോൾ."

അപ്പോഴും അവൻ ഒന്നും മിണ്ടാതെ അവളുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നു. അവൾ ഒരു നിമിഷം ആലോചിച്ച ശേഷം ശ്രീഹരിയുടെ മുഖം പിടിച്ച് തന്നിലേക്കടുപ്പിച്ച് അവന്റെ ചുണ്ടുകൾ അവളുടെ നെറ്റിയിലമർത്തി.

അതിന് ശേഷം അവനെ തന്നിൽ നിന്നും അകറ്റികൊണ്ട് ചോദിച്ചു.

"ഇതിൽ കൂടുതൽ ഇച്ചായനെ എങ്ങനാ വിശ്വസിപ്പിക്കേണ്ടതെന്ന് എനിക്കറിയില്ല."

അവളുടെ കവിളിൽ കൂടി ഒഴുകുന്ന കണ്ണുനീർ തുടച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"എനിക്കിപ്പോൾ വിശ്വാസം ആണ്. നീ എന്റെ ജീന തന്നെയാണ്."

"എങ്കിൽ ഞാൻ ഈ തോളിൽ തല ചേർത്ത് ഇരുന്നോട്ടെ?"

ശ്രീഹരി സോഫയിലേക്ക് ചാരി ഇരുന്ന ശേഷം അവളുടെ തല തന്റെ നെഞ്ചോടു ചേർത്ത് വച്ച് തന്നിലേക്ക് അമർത്തിപ്പിടിച്ചു.

"ഞാൻ എന്തെങ്കിലും പൊട്ടത്തരം പറഞ്ഞാലും ഇച്ചായൻ അതും മനസ്സിൽ വച്ച് പെരുമാറുകയാണോ വേണ്ടത്?.. എന്നെ വഴക്ക് പറഞ്ഞ് കാര്യം മനസിലാക്കി തരുകയല്ലേ ചെയ്യേണ്ടേ?"

"എങ്കിൽ ഞാൻ ഒരു കാര്യത്തിന് നിന്നെ വഴക്ക് പറയട്ടെ?'

അവൾ പറഞ്ഞോളു എന്ന അർത്ഥത്തിൽ മൂളി.

"നീ എന്തിനാ കല്യാണക്കാര്യം പറയുമ്പോൾ ഒഴിഞ്ഞുമാറി പോകുന്നെ?"

ഈ ഒരു കാര്യം തന്നെയായിരിക്കും ശ്രീഹരിക്ക് പറയാനുള്ളതെന്ന് അവൾ ഊഹിച്ചിരുന്നു.

"ഇച്ചായന് അറിഞ്ഞു കൂടെ എന്റെ കാര്യങ്ങൾ.. എനിക്കിനി എങ്ങനാ നല്ലൊരു ഭാര്യയായി ജീവിക്കാൻ കഴിയുക?"

"തെറ്റുകൾ പറ്റാത്തതായി ആരാണുള്ളത് ജീന.. നിന്നെ കെട്ടുന്നവർ വേറെ ഒരു പെണ്ണിനൊപ്പം പോയിട്ടില്ലെന്ന് നിനക്ക് ഉറപ്പ് കാണുമോ?"

"അതൊന്നും എനിക്കറിയില്ല.. പക്ഷെ കല്യാണം കഴിഞ്ഞ് ഭർത്താവുമൊത്ത് ജീവിക്കുമ്പോൾ എന്റെ ശരീരം അനുഭവിച്ച ഒരുത്തൻ മുന്നിൽ വന്ന് നിന്നാൽ പിന്നെ എന്തായിരിക്കും എന്റെ അവസ്ഥ."

കുറച്ച് നേരം ആലോചിച്ച ശേഷം ശ്രീഹരി പറഞ്ഞു.

"എനിക്ക് നിന്നോട് മറച്ച് പിടിക്കാനായി ഒന്നും ഇല്ലാത്ത കൊണ്ട് പറയുകയാണ്.. ഞാനും അനുപമയ്ക്കും തമ്മിൽ സെക്സ് ചെയ്തിട്ടുണ്ട്..."

അവന്റെ ഞെഞ്ചിൽ നിന്നും തല ഉയർത്തികൊണ്ട് അവൾ പറഞ്ഞു.

"എന്റെ മനസ്സിൽ അത് തോന്നിയിരുന്നു.. പക്ഷെ ഒരു ഉറപ്പില്ലായിരുന്നു."

"അവൾ എന്നോടൊപ്പം സെക്സ് ചെയ്തിട്ടും മറ്റൊരാളുമായുള്ള കല്യാണത്തിന് സന്തോഷത്തോടെ തയ്യാറാകുന്നില്ല?"

അതിനുള്ള ഉത്തരം ജീനയ്ക്ക് വളരെയൊന്നും ആലോചിക്കേണ്ടി വന്നില്ല.

"അനു സ്വന്തം ഇഷ്ടപ്രകാരമാണ് അതിന് തയ്യാറായത്.. എന്റെ കാര്യം അങ്ങനെ അല്ലായിരുന്നു."

ശ്രീഹരിക്ക് പിന്നെ പറയുവാൻ കാരണങ്ങൾ ഒന്നും കിട്ടിയില്ല.

"വലിയ ലോക പരിചയം ഒന്നും ഇല്ലാത്ത ഒരു പെണ്ണാണ് ഞാൻ.. എനിക്ക് ഒരുപാട് വിശാലമായി ചിന്തിക്കാനൊന്നും അറിയില്ല.. ഇപ്പോൾ എന്റെ ലോകമെന്ന് പറയുന്നത് ഇച്ചായനെ ചുറ്റിപറ്റി ഉള്ളതാണ്, ഞാൻ ആ ലോകത്ത് കുറച്ചു നാളത്തേക്ക് സന്തോഷത്തോടെ കഴിഞ്ഞോട്ടെ... അതിനിടയിൽ ഇച്ചായൻ എന്നെ ഇങ്ങനുള്ള കാര്യങ്ങൾ പറഞ്ഞ് വിഷമിപ്പിക്കരുത്."

ജീന ഇരുകാലുകളും സോഫയിലേക്ക് എടുത്തുവച്ച് അവന്റെ മടിയിൽ തല അമർത്തി കിടന്നു. അവൻ സ്നേഹത്തോടെ അവളുടെ മുടിയിൽ തലോടി.

"ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ?"

ശ്രീഹരി ചോദിച്ചപ്പോള് എന്നർത്ഥത്തിൽ മൂളി.

"ക്ലാര ചേച്ചിയുടെ കല്യാണത്തിന് ശേഷം ഇച്ചായൻ എന്നെങ്കിലും ചേച്ചിയെ കണ്ടിട്ടുണ്ടോ?'

"ഇല്ല."

"ചേച്ചി എവിടാണ് ഇപ്പോഴെന്ന് അറിയാമോ?"

"ഇല്ല.."

ജീന അവന്റെ മുഖത്തേക്ക് തന്നെ ചോദ്യ ഭാവത്തിൽ നോക്കി.

"ഞാൻ അവളെ സ്വന്തമാക്കാൻ ഒരുപാട് ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് തന്നെ അവളുടെ കല്യാണത്തിന് പോലും ഞാൻ പോയിരുന്നില്ല.. അവൾ മറ്റൊരാളുടേതാകുന്നത് കാണാൻ എനിക്കാകില്ലയിരുന്നു."

ശ്രീഹരിയുടെ മനസ്സിൽ ഇപ്പോഴും ക്ലാരയെക്കുറിച്ചുള്ള ഓർമകളാണെന്നു ജീനക്ക് മനസിലായി. ക്ലാരയെ കുറിച്ച് വീണ്ടും ചോദിച്ച് അവനെ വിഷമിപ്പിക്കണ്ട എന്ന് വിചാരിച്ച ജീന കണ്ണുകൾ അടച്ച് കിടന്നു.

കുറച്ച് നേരത്തെ നിശബ്ദ്ധതക്ക് ശേഷം ശ്രീഹരി ചോദിച്ചു.

"നിനക്ക് ഉറക്കം വരുന്നുണ്ടോ?"

"ഉം.. ഞാൻ ഇന്ന് ഇങ്ങനെ കിടന്നുറങ്ങിക്കോട്ടെ?"

അവൻ ഒരു പുഞ്ചിരിയോടെ അവളുടെ തലയിൽ തലോടി. അവൾ കാൽമുട്ടുകൾ മടക്കി ഒന്നുകൂടി അവന്റെ മടിയിൽ ചോതുങ്ങിയപ്പോൾ ജീന താഴേക്ക് വീഴാതിരിക്കാൻ ശ്രീഹരി ഒരു കൈ കൊണ്ട് അവളെ ചുറ്റി പിടിച്ചു. പെട്ടെന്നാണ് അവന് മനസിലായത് തന്റെ കൈ അമർന്നിരിക്കുന്നത് അവളുടെ മുലകൾക്ക് മുകളിൽ ആണെന്ന്. അത് മനസിലായ നിമിഷം തന്നെ അവൻ തന്റെ കൈ അവിടെ

നിന്നും മാറ്റി. ജീന പെട്ടെന്ന് അവന്റെ കൈയിൽ പിടിച്ച് തന്റെ മുലകൾക്ക് തൊട്ടു താഴെയായി വച്ചു.

ശ്രീഹരി കണ്ണുകൾ അടച്ച് കിടക്കുന്ന അവളുടെ മുഖത്തേക്ക് നോക്കുമ്പോൾ വെളുത്ത സുന്ദരമായ അവളുടെ മുഖത്ത് കൊച്ചുകുട്ടികളുടെ പോലെ നിഷ്കളങ്കത മാത്രമായിരുന്ന് ഉണ്ടായിരുന്നത്.

ജീന രാവിലെ ഉറക്കം എഴുന്നേൽക്കുമ്പോൾ താഴേക്ക് വീഴാതിരിക്കാൻ ശ്രീഹരിയുടെ കൈ അവളെ ചുറ്റിപിടിച്ചിരുന്നു. തനിക്ക് ഏറ്റവും സുരക്ഷിതത്വത്ത ബോധം നൽകുന്നത് അവന്റെ കൈകൾക്ക് ഉള്ളിൽ ആയിരിക്കുമ്പോഴാണെന്ന് അവൾക്ക് തോന്നി. അവന്റെ മടിയിൽ നിന്നും എഴുന്നേൽക്കുവാൻ ശ്രീഹരിയുടെ കൈ ഒരു തടസം ആയതിനാൽ തന്റെ വയറിൽ ചുറ്റിയിരുന്ന അവന്റെ കൈ അവൾ സാവധാനം ഉയർത്തി. ഉറക്കത്തിലായിരുന്ന ശ്രീഹരി പെട്ടെന്ന് കൈ നീക്കി അവളുടെ മുലകൾക്ക് മുകളിലായി വച്ചു. യാതൊരു ഭാവ വ്യത്യാസവും കൂടാതെ ജീന വീണ്ടും അവന്റെ കൈയിലേക്ക് പിടിച്ചപ്പോൾ ശ്രീഹരി കണ്ണുകൾ തുറന്നു.

അത് കണ്ട ജീന ഒരു ചെറു ചിരിയോടെ പറഞ്ഞു.

"അതേ.. കൈ ഒന്ന് മാറ്റിയിരുന്നേൽ എനിക്ക് എഴുന്നേൽക്കാമായിരുന്നു."

അപ്പോഴാണ് അവളുടെ മുലകൾക്ക് മുകളിൽ ഇരിക്കുന്ന തന്റെ കൈയിലേക്ക് അവൻ ശ്രദ്ധിച്ചത്. ഒരു ജാള്യതയോടെ അവൻ പെട്ടെന്ന് കൈ എടുത്ത് മാറ്റി.

എന്നാൽ അതൊരു പ്രശ്നമല്ലാത്ത രീതിയിൽ അവന്റെ മടിയിൽ നിന്നും എഴുന്നേറ്റ് കൊണ്ട് ജീന പറഞ്ഞു.

"ഞാൻ പോയി കോഫി ഇട്ടുകൊണ്ട് വരാം."

അവൾ അടുക്കളയിലേക്ക് നടക്കുന്നതിന് മുൻപായി തന്നെ ശ്രീഹരി പറഞ്ഞു.

"കോഫി വേണ്ട.. ഒരു കട്ടൻ ഇട്ടു തന്നാൽ മതി."

അതെന്താ എന്ന രീതിയിൽ അവൾ ശ്രീഹരിയുടെ മുഖത്തേക്ക് നോക്കി.

"ചെറിയൊരു തൊണ്ട വേദന.. ചൂട് കട്ടൻ ആണ് അതിന് നല്ലത്."

അടുക്കളയിലേക്ക് നടക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

"ക്ലൈമെറ്റ് ചെയ്ഞ്ച് ആകുന്നതിന്റെ ആകും തൊണ്ട വേദന."

ഞായറാഴ്ച ദിവസങ്ങളിൽ ജോലിക്കാരി വരാറില്ല. അന്നത്തെ ദിവസം പാചകമെല്ലാം ജീന തന്നെയാണ് നോക്കാറ്. അന്നും പതിവുപോലെ ജീന പാചകത്തിൽ ഏർപ്പെട്ടപ്പോൾ ശ്രീഹരി ഫയലുകൾ നോക്കി തീർക്കുന്ന

തിരക്കിലായിരുന്നു. വീട്ടുജോലികൾ എല്ലാം ചെയ്ത് തീർത്തപ്പോൾ ഇനി ഒന്നും ചെയ്യാനില്ലാതെ അവൾ ശ്രീഹരിയെ ചുറ്റിപറ്റി നിന്നു.

വൈകുന്നേരം വരാന്തയിൽ ചായ കുടിച്ചുകൊണ്ടിരുന്ന ശ്രീഹരിയോട് അവൾ ചോദിച്ചു.

"ഇച്ചായന് ഇനിയും ഒരുപാട് ഫയൽ നോക്കി തീർക്കാനുണ്ടോ?"

"ഇപ്പോൾ കഴിയും.. എന്തെ?"

"നമുക്കൊന്ന് പുറത്തേക്ക് പോയാലോ?.. ഞാൻ ബോറടിച്ച് ചത്തു."

ഒരു ചിരിയോടെ അവൻ ചോദിച്ചു.

"എവിടേക്ക് പോകാനാണ്?"

"അങ്ങനൊന്നും ഇല്ല.. നമുക്ക് ചുമ്മാ ഒന്ന് നടന്നിട്ട് വരാം."

അവനും മനസിൽ ആലോചിച്ചു. ചുമ്മാ ഒന്ന് നടക്കാനിറങ്ങിയിട്ട് കാലമേറെ ആയിരിക്കുന്നു.

ചായ ഗ്ലാസ് അവളുടെ കൈയിൽ കൊടുത്തുകൊണ്ട് ശ്രീഹരി പറഞ്ഞു.

"ഡോർ ലോക്ക് ചെയ്ത് വാ.. നമുക്ക് നടന്നിട്ട് വരാം."

അവൾ സന്തോഷത്തോടെ ചാടി എഴുന്നേറ്റുകൊണ്ട് പറഞ്ഞു.

"എങ്കിൽ പേഴ്‌സുകൂടി എടുത്തോ.."

"നടക്കാൻ പോകുന്നതിനെന്തിനാ പേഴ്‌സ്?"

"അതൊക്കെ ആവിശ്യം വരും. ഇച്ചായൻ എടുത്തോണ്ട് വാ."

"എന്റെ റൂമിൽ ഇരിപ്പുണ്ട്.. നീ തന്നെ എടുത്തൊള്ളൂ."

ജീന ഒരു പുഞ്ചിരിയോടെ അകത്തേക്ക് നടന്നപ്പോൾ അവൻ മുറ്റത്തേക്ക് ഇറങ്ങി നിന്നു. കുറച്ചു സമയത്തിനകം തന്നെ സന്തോഷം തുടിക്കുന്ന മുഖത്തോടെ മുഖത്തോടെ ജീന ഡോർ ലോക്ക് ചെയ്ത് പുറത്തേക്ക് ഇറങ്ങി വന്ന് പേഴ്‌സ് അവന്റെ നേരെ നീട്ടി.

"നിനക്കല്ലേ എന്തോ ആവിശ്യം ഉണ്ടെന്ന് പറഞ്ഞത്. നീ തന്നെ വച്ചോ."

അവൾ ഒരു ചിരിയോടെ ഒരു കൈയിൽ പേഴ്‌സും മറുകൈയിൽ അവന്റെ കരവും മുറുകെ പിടിച്ച് പുറത്തേക്ക് നടന്നു.

തൻറെ കൈയും പിടിച്ച് മുന്നിൽ നടക്കുന്ന ജീനയോട് ശ്രീഹരി ചോദിച്ചു.

"നമ്മൾ ഇത് എങ്ങോട്ടാ പോകുന്നത്?"

ഒരു ചെറു ചിരിയോടെ അവൾ പറഞ്ഞു.

"അങ്ങനൊന്നും ഇല്ല. വഴിയിങ്ങനെ മുന്നിൽ കിടക്കയല്ലേ.. നമുക്ക് നടക്കാന്നെ."

"ഓഫീസും വീടും ആയി മാത്രം നടന്നു നിനക്ക് മടുത്തു അല്ലെ?"

"മനുഷ്യനായാൽ പിന്നെ മടുത്തു പോകില്ലേ.. വീടും ഓഫീസും മാത്രം, എന്ത് ജീവിതമാണ് ഇത്."

നടക്കുന്നതിനിടയിൽ വിദൂരതയിലേക്ക് നോക്കി കൊണ്ട് ശ്രീഹരി പറഞ്ഞു.

"എന്തോ.. എനിക്കതൊക്കെ അങ്ങ് ശീലമായി."

പെട്ടെന്ന് നടത്തം നിർത്തി അവന്റെ മുഖത്തേക്ക് നോക്കികൊണ്ട് ജീന പറഞ്ഞു.

"എങ്കിൽ ആ ശീലമൊക്കെ ഇനി അങ്ങ് മാറ്റിയേക്ക്.. ജീവിതത്തിൽ അനുഭവിക്കാൻ ഉള്ളതെല്ലാം അനുഭവിച്ച് ജീവിതമേ വെറുത്ത ശേഷമാ ഞാൻ ഇവിടെ എത്തിയത്. എനിക്കിനി ഒന്ന് മനസറിഞ്ഞ് സന്തോഷത്തോടെ ജീവിക്കണം. പക്ഷെ ഇച്ചായൻ ഇങ്ങനായാൽ അത് നടക്കുമെന്ന് എനിക്ക് തോന്നുന്നില്ല."

അവളുടെ മുടിയിൽ തലോടിക്കൊണ്ട് അവൻ പറഞ്ഞു.

"രണ്ടു മാസം കഴിഞ്ഞാൽ വിദ്യയുടെ കല്യാണമാണ്. അതുകൊണ്ട് അടുത്ത മാസം നമ്മളങ്ങ് വീട്ടിൽ പോകും. പിന്നെ കല്യാണവും കഴിഞ്ഞ് ഒരുമാസവും കൂടിയേ കഴിഞ്ഞേ നമ്മൾ ഇങ്ങു തിരിച്ച് വരുള്ളൂ... ഈ ഒരു മാസം കഴിയുന്നവരെയൊന്നു ക്ഷമിക്ക് നീ."

"ഞാൻ ചുമ്മാ പറഞ്ഞതല്ലേ അത്.. ഇച്ചായൻ കൂടെ ഉണ്ടെങ്കിൽ അത് എവിടായാലും ഞാൻ ഹാപ്പി ആണ്."

അവളുടെ മുഖത്ത് നിറഞ്ഞു നിൽക്കുന്ന പുഞ്ചിരി അവളുടെ സൗന്ദര്യം കുറച്ച് കൂടി വർധിപ്പിച്ചതായി അവനു തോന്നി.

"നമ്മളിനി എവിടെക്കാ പോകുന്നത്?"

റോഡിനു ഓപ്പോസിറ്റ് ആയി ഉള്ള ടെക്സ്റ്റൈൽസ് കാണിച്ച് കൊണ്ട് അവൾ പറഞ്ഞു.

"അവിടെ ഒന്ന് കയറണം.."

"നമ്മൾ ഈ ഇടക്ക് ഡ്രസ്സ് എടുത്തതല്ലേ ഉള്ളു."

ചെറിയൊരു നാണത്തോടെ അവൾ പറഞ്ഞു.

"എന്റെ ഇന്നേഴ്സ് ഒക്കെ ഇപ്പോൾ കുറച്ച് ടൈറ്റ് ആണ്.. പുതിയത് കുറച്ച് വാങ്ങണം."

അത് കേട്ടപ്പോൾ അവന്റെ നോട്ടം അവളുടെ നെഞ്ചിൽ പതിച്ചു.

ശരിയാണ് വന്നപ്പോൾ ഉള്ളതിനേക്കാളും കുറച്ചു വണ്ണം വച്ചിട്ടുണ്ടവൾ.

അവന്റെ കൈയിൽ ചെറുതായി നുള്ളി ഒരു ചമ്മലോടെ അവൾ പറഞ്ഞു.

"മതി നോക്കിയത്.. ഇങ്ങോട്ടു വന്നേ."

റോഡിനു ഇരുവശവും നോക്കി വണ്ടി ഒന്നും ഇല്ലെന്നു ഉറപ്പ് വരുത്തി അവൾ അപ്പുറത്തേക്ക് നടന്നു.

റോഡ് മറികടന്ന ജീന മുന്നോട്ടു നടക്കുന്നതിനിടയിൽ തിരിഞ്ഞ് നോക്കിയപ്പോൾ കണ്ടത് തന്റെ പിന്നിൽ ഒരു ചിരിയോടെ നടക്കുന്ന ശ്രീഹരിയെ ആണ്.

അവന്റെ കൈയിൽ ചുറ്റി പിടിച്ച് കൊണ്ട് അവൾ ചോദിച്ചു.

"എന്താ ചിരിക്കുന്നെ?"

അവൻ ഒന്നും ഇല്ലെന്ന അർഥത്തിൽ കണ്ണിറുക്കി കാണിച്ചു.

"പറയുന്നുണ്ടോ ഇച്ചായാ?"

ശബ്ദം താഴ്ത്തി അവൻ പറഞ്ഞു.

"പണ്ട് നിനക്കവിടെ ഒട്ടും സൈസ് ഇല്ല എന്നും പറഞ്ഞായിരുന്നു ഞാൻ കളിയാക്കിയിരുന്നെ, ഇതിപ്പോൾ.."

അവൻ തന്റെ വാക്കുകൾ പകുതി വഴിയിൽ നിർത്തിയപ്പോൾ ജീന അവന്റെ വയറിൽ ചെറിയൊരു ഇടികൊടുത്തു മുന്നോട്ടു നടക്കുന്നതിനിടയിൽ ഹരി മാത്രം കേൾക്കത്തക്ക രീതിയിൽ പറഞ്ഞു.

"ഇച്ചായൻ ഒരുകാലത്തും നന്നാവില്ല.."

അവളുടെ പിന്നാലെ ഒരു ചെറു ചിരിയോടെ അവനും ടെക്സ്റ്റൈൽസിനു ഉള്ളിലേക്ക് കടന്നു.

"നീ പോയി വാങ്ങിട്ടു വാ ഞാൻ ക്യാഷ് കൗണ്ടറിൽ കാണും."

"കുഴപ്പമില്ല.. ഇച്ചായനും വന്നോ.."

അവളുടെ കൈയിൽ നിന്നും പഴ്സ് വാങ്ങിക്കൊണ്ട് അവൻ പറഞ്ഞു.

"എനിക്ക് വേറെ ഒരു പരിപാടി ഉണ്ട്. നീ പോയി വാങ്ങിച്ച് വാ."

അവൾ കണ്ണ് കൊണ്ട് ആംഗ്യത്തിൽ എന്താ എന്ന് ചോദിച്ചു.

അവളുടെ തോളിൽ പിടിച്ച് മുന്നോട്ടു തള്ളിക്കൊണ്ട് അവൻ പറഞ്ഞു.

"അതൊക്കെ ഉണ്ട്, നീ പോയിട്ട് വാ."

അവൾ ഒരു ചെറു ചിരിയോടെ നടന്നു പോയപ്പോൾ ശ്രീഹരി അവിടെ നിന്നും പുറത്തിറങ്ങി തൊട്ടപ്പുറത്ത് ഉണ്ടായിരുന്ന ജ്വൂവലറിയിൽ കയറി.

ശ്രീഹരിയുടെ അടുത്തേക്ക് വന്ന് ഒരാൾ ചോദിച്ചു.

"എന്താ വേണുന്നെ സർ?"

"ഒരു മാല വേണം.. കാർഡ് എടുക്കുമോ?"

"കാർഡ് എടുക്കും സർ.."

"ഓക്കേ.. എങ്കിൽ നമുക്ക് മാല നോക്കാം."

ശ്രീഹരിയേയും കൂട്ടികൊണ്ടു പോയി അയ്യാൾ പലതരത്തിലുള്ള സ്വർണ മാലകൾ കാണിച്ചു. അതിൽ നിന്നും അവൻ അധികം കനം ഇല്ലാത്ത ഒരു നേർത്ത മാല എടുത്തുനോക്കി. അധികം നീളവും ഇല്ലായിരുന്നു അതിന്. ആ മാല ജീനക്ക് നന്നായി ചേരുമെന്ന് അവനു തോന്നി.

"ഇത് എടുത്തോള്ളൂ.. ഒരു കുരിശിന്റെ ലോക്കറ്റ് കൂടി വേണം."

സെയിൽസ്മാൻ എടുത്തുവച്ച ലോക്കറ്റുകളിൽ നിന്നും ആ മാലക്ക് ചേരുന്ന തരത്തിൽ നേർത്ത ഒരെണ്ണം തന്നെ അവൻ തെരഞ്ഞെടുത്തു.

ശ്രീഹരി തിരിച്ച് ടെക്സ്റ്റൈൽസിൽ എത്തുമ്പോൾ അവനെയും കാത്ത് ജീന ക്യാഷ് കൗണ്ടറിൽ നിൽപ്പുണ്ടായിരുന്നു.

അവൻ ക്യാഷ് പേ ചെയ്തു അവിടെ നിന്നും ഇറങ്ങുമ്പോൾ ജീന ചോദിച്ചു.

"ഇച്ചായൻ എവിടെ പോയിരുന്നു."

"നിനക്ക് ഒരു ഗിഫ്റ്റ് വാങ്ങാൻ പോയതാണ്."

അവൾ ആശ്ചര്യത്തോടെ ചോദിച്ചു.

"എനിക്കോ.. എന്ത് ഗിഫ്റ്റ്?"

"അതൊക്കെ പറയാം. ആദ്യം നമുക്ക് എവിടെയെങ്കിലും പോയി കുറച്ച് നേരമൊന്ന് ഇരിക്കാം.. ഇവിടെ അടുത്തൊരു പാർക്ക് ഉണ്ട്, അവിടെ തന്നെ പൊയ്ക്കളയാം."

അവൾ ചിണുങ്ങിക്കൊണ്ടു പറഞ്ഞു.

"എനിക്കെന്താ വാങ്ങിയതെന്ന് പറ ഇച്ചായാ."

അവളുടെ കൈയിൽ പിടിച്ച് മുന്നോട്ട് നടക്കുന്നതിനിടയിൽ അവൻ പറഞ്ഞു.

"വയസ് പത്തിരുപത്തഞ്ചായി എന്നിട്ടും കൊച്ചു പിള്ളേരെ പോലെ റോഡിൽ നിന്ന് ചിണുങ്ങുന്നത് കണ്ടില്ലേ."

പിന്നെ അവൾ ഒരക്ഷരം മിണ്ടാതെ അവന്റെ കൂടെ നടന്നു. ശ്രീഹരി ഇടക്ക് അവളുടെ മുഖം ശ്രദ്ധിച്ചപ്പോൾ വീർപ്പിച്ച് വച്ചിരിക്കുന്നതാണ് കണ്ടത്. അത് കണ്ടപ്പോൾ അവനു ചിരിയാണ് വന്നത്.

പണ്ടും അവൾ അങ്ങനെ ആയിരുന്നു. പിണങ്ങി കഴിഞ്ഞാൽ ഒന്നും മിണ്ടാതെ മുഖം വീർപ്പിച്ചു വച്ച് നടക്കും. പക്ഷെ അധികനേരം അവൾക്ക് പിണങ്ങി ഇരിക്കാനാകില്ലെന്ന് അവനു നന്നായി അറിയാം.

പാർക്കിലെത്തിയ അവൻ അവളെയും കൊണ്ട് ആളൊഴിഞ്ഞ ഒരു സ്ഥലത്തു പോയിരുന്നു. കൈയിലിരുന്ന കവർ അരികിൽ വച്ച് അവൾ ഒന്നും മിണ്ടാതെ ദൂരേക്ക് നോക്കി ഇരുന്നു.

അപ്പോഴും വീർപ്പിച്ച് വച്ചിരിക്കുന്ന അവളുടെ മുഖത്തേക്ക് നോക്കി ഹരി ചോദിച്ചു.

"ഞാൻ ഒരു സൂചി കൊണ്ട് കുത്തി കവിളിൽ ഒരു ഹോൾ ഇടട്ടെ ആ എയർ ഒന്ന് പുറത്തു പോകാൻ."

എന്നിട്ടും അവൾ ഒന്നും മിണ്ടിയില്ല.

"എന്തെങ്കിലും ഒന്ന് പറ കൊച്ചെ."

"ഞാൻ മിണ്ടിയാലും കുറ്റം മിണ്ടിയില്ലെങ്കിലും കുറ്റം."

"എങ്കിൽ ഞാനും ഒന്നും മിണ്ടുന്നില്ല."

ശ്രീഹരി ദൂരേക്ക് നോക്കി ഇരുന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ അവന്റെ തോളിൽ ചുരണ്ടിക്കൊണ്ടു ഒരു കുസൃതി ചിരിയോടെ അവൾ ചോദിച്ചു.

"അതേ.. എനിക്കെന്താ വാങ്ങിയത്?"

അവളുടെ ആ കുസൃതി നിറഞ്ഞ മുഖം കണ്ടപ്പോൾ അവനും അറിയാതെ ചിരിച്ച് പോയി.

"നിന്റെ മുടിയൊന്നു പൊക്കി പിടിച്ചേ.."

"എന്തിനാ?"

"പറയുന്നത് ആദ്യം ചെയ്യ് നീ."

ജീന കൈ പിന്നിലേക്ക് കൊണ്ട് പോയി മുടി ഉയർത്തിപ്പിടിച്ചു. ശ്രീഹരി അപ്പോൾ തന്നെ തന്റെ പോക്കറ്റിൽ നിന്നും മാല എടുത്ത് അവളുടെ കഴുത്തിൽ കെട്ടി.

അവൻ വിചാരിച്ചിരുന്ന പോലെത്തന്നെ ആ നേർത്ത മാലയും കുരിശും അവളുടെ കഴുത്തിന് നന്നായി ചേരുന്നുണ്ടായിരുന്നു.

"എന്റെ 'അമ്മ നിനക്ക് തന്ന മാല എവിടെ പോയി എന്ന് ഞാൻ ചോദിക്കുന്നില്ല, പക്ഷെ... ഇത് നിന്റെയിൽ നിന്ന് എങ്ങും പോകരുത്."

ഒരു നിമിഷം അവളുടെ കണ്ണുകൾ എന്തുകൊണ്ടോ കണ്ണുനീർ കൊണ്ട് നിറഞ്ഞു. അടുത്ത നിമിഷം തന്നെ അവൾ മുന്നിലേക്ക് ആഞ്ഞ് അവനെ കെട്ടിപിടിച്ചു.

ഒരു നിമിഷം അവളുടെ സ്നേഹപ്രകടനത്തിൽ അവൻ ഒന്ന് പതറി. അവളിൽ നിന്നും അങ്ങനെ ഒരു പ്രവർത്തി അവിടെ വച്ച് അവൻ പ്രതീക്ഷിച്ചിരുന്നില്ല. അവിടെ ഉണ്ടായിരുന്ന കുറച്ച് പേര് അവരെ ശ്രദ്ധിക്കുന്നത് അവന്റെ കണ്ണിൽ പെടുകയും ചെയ്തു.

അവളുടെ തോളിൽ തട്ടിക്കൊണ്ടു അവൻ പറഞ്ഞു.

"ആൾക്കാർ നമ്മളെ ശ്രദ്ധിക്കുന്നുണ്ട്."

മനസ്സിൽ പെട്ടെന്നുണ്ടായ ഒരു സന്തോഷത്തിന്റെ വികാരത്തിൽ ആയിരുന്നു ജീന അവനെ കെട്ടിപിടിച്ചത്. അതുകൊണ്ട് തന്നെ അവനിൽ നിന്നും അകന്നു മാറുമ്പോൾ ഒരു ജാള്യത അവളുടെ മുഖത്ത് ഉണ്ടായിരുന്നു. അത് മറയ്ക്കാനെന്നവണ്ണം അവൾ ചോദിച്ചു.

"ഞാൻ എന്റെ ഇച്ചായൻ കെട്ടിപ്പിടിക്കുന്നതിന് ഇവർക്കെന്താ?"

ജീനയുടെ മുഖത്ത് ഉണ്ടായിരുന്ന ചമ്മൽ മനസിലാക്കിയ ശ്രീഹരി അവളുടെ തോളിൽ കൈയിട്ട് തന്നിലേക്ക് അടുപ്പിച്ചിരുത്തി.

അവനിലേക്ക് തല ചേർത്തുകൊണ്ട് ജീന പറഞ്ഞു.

"ഞാൻ ഒരു കാര്യം പറഞ്ഞാൽ ഇച്ചായൻ കേൾക്കുമോ?"

തെല്ലൊരു ജിജ്ഞാസയോടെ അവൻ ചോദിച്ചു.

"എന്താ?"

"ആദ്യം എനിക്ക് വാക്ക് താ ഞാൻ പറയുന്ന കാര്യം അനുസരിക്കുമെന്ന്."

ഒന്ന് ആലോചിക്കാന്പോലും ചെയ്യാതെ അവൻ പറഞ്ഞു.

"കല്യാണ കാര്യം ഒഴിച്ച് ബാക്കി നീ എന്ത് പറഞ്ഞാലും ഞാൻ കേട്ടോള്ളം."

ശ്രീഹരിയിൽ നിന്നും തല ആകർത്തിമാറ്റി അവന്റെ മുഖത്ത് നോക്കികൊണ്ട് അവൾ പറഞ്ഞു.

"ഇച്ചായന്റെ കല്യാണം കഴിയുന്നവരെ ഇനി ഒരു പെണ്ണുമായും ഇച്ചായന് അനാവശ്യ ബന്ധം ഉണ്ടാകരുത്."

അവളുടെ തലയിൽ തട്ടികൊണ്ട് അവൻ പറഞ്ഞു.

"ഇത്രേ ഉള്ളായിരുന്നോ? ഇതിനായിരുന്നോ ഇത്ര ബിൽഡപ്.. ഇനി അങ്ങനൊന്നും ഉണ്ടാകില്ല.. പോരേ?"

അവൾ ഒന്നും മിണ്ടാതെ അവന്റെ തോളിലേക്ക് തല ചായ്ച്ചിരുന്നു.

നേരം ഇരുട്ടി തുടങ്ങിയപ്പോൾ അവൻ ചോദിച്ചു.

"നമുക്ക് ഇനി വീട്ടിലേക്ക് പോയല്ലോ?"

"വീട്ടിൽ പോകുന്നെന്ന് മുൻപ് ഫുഡ് കഴിക്കണം, എനിക്കിന്നിനി ഒന്നും വയ്ക്കാൻ വയ്യ."

ഒരു ചിരിയോടെ അവൻ പറഞ്ഞു.

"ഈ ഇടയായി ഇത്തിരി മടിച്ചി ആകുന്നുണ്ടെന്ന് തോന്നുന്നു."

അവൾ ചുമ്മാ അവനെ മുഖം കൊണ്ട് ഗോഷ്ടി കാണിച്ചു.

"എന്ത് കഴിക്കാം നമുക്ക്?"

അവൾ ഒന്ന് ആലോചിച്ച ശേഷം പറഞ്ഞു.

"തട്ട് ദോശ കഴിച്ചാലോ?"

അവനും ചിന്തിച്ചപ്പോൾ വർഷങ്ങൾ ആകുന്നു തട്ട് കടയിൽ ഇരുന്നു ചെറു കാറ്റൊക്കെ കൊണ്ട് ദോശ കഴിച്ചിട്ട്.

"ശരി.. അത് തന്നെ ആക്കിക്കളയാം."

അത് കേട്ടതും അവൾ ചാടി എഴുന്നേറ്റു.

"വാ നമുക്ക് പോകാം."

എഴുന്നേൽക്കുന്നതിനിടയിൽ അവൻ ചോദിച്ചു.

"നിനക്കാരെങ്കിലും തട്ട് ദോശയിൽ കൈ വിഷം തന്നിട്ടുണ്ടോ?

ഡ്രസ്സ് വാങ്ങിയ കവർ അവൾ കൈയിലേക്ക് എടുത്തു.

"ഈ തട്ട് കടയും ദോശയും ഒക്കെ എനിക്കെന്റെ അച്ഛന്റെ ഓർമകളാണ്."

അവളുടെ സ്വരത്തിൽ ഉണ്ടായിരുന്ന ഒരു ഇടർച്ച അവൻ തിരിച്ചറിഞ്ഞു.

പിന്നെ അവൻ ഒന്നും പറഞ്ഞു അവളെ വിഷമിപ്പിക്കാതെ ജീനയുടെ കൈയും പിടിച്ച് പാർക്കിനു വെളിയിലേക്ക് നടന്നു.

അവിടെ നിന്നും വീട്ടിലേക്കുള്ള വഴിയിൽ തന്നെ ഉള്ള ഒരു തട്ടുകടയിൽ ആണ് അവർ കയറിയത്. അത്യാവശ്യം തിരക്കുണ്ടായിരുന്നു അവിടെ. അതുകൊണ്ട് തന്നെ കുറച്ചു കാത്തിരുന്നിട്ടാണ് അവർക്കു ദോശ കിട്ടിയത്.

കഴിക്കുന്നതിനിടയിൽ ശ്രീഹരി ജീനയെ ശ്രദ്ധിച്ചു. ദോശ ചമ്മന്തിയിൽ മുക്കി വളരെ സാവധാനം ആസ്വദിച്ച് കഴിക്കയാണവൾ. നല്ല തണുത്ത കാറ്റ് വീശുന്നുണ്ട്. മഴ പെയ്യുമെന്ന അവന് തോന്നി.

"ഡീ.. ഒന്ന് പെട്ടെന്ന് കഴിക്ക് നീ.. മഴ പെയ്യുമെന്നാ തോന്നുന്നേ."

"ഒന്ന് പോ ഇച്ചായാ.. വല്ലപ്പോഴും ആണ് ഇങ്ങനെ ഒരു അവസരം കിട്ടുന്നെ.. അത് വാരി വലിച്ചു കഴിച്ചു കളയാതെ ആസ്വദിച്ചു കഴിക്കണം."

അവന് അവളെ തന്നെ നോക്കി. അപ്പോഴും അവൾ ശ്രീഹരി ശ്രദ്ധിക്കാതെ കഴിക്കുവായിരുന്നു.

പാത്രത്തിൽ നിന്നും ഒന്ന് മുഖം ഉയർത്തി അവൾ അവനോടു പറഞ്ഞു.

"അതേ.. എനിക്ക് ഒരു ദോശകൂടി വേണം."

അവന് കടക്കാരനോട് ഒരു ദോശ കൂടി പറഞ്ഞിട്ട് അവളോട് പറഞ്ഞു.

"ഫുഡൊക്കെ ഒന്ന് കൺട്രോൾ ചെയ്യണം.. കുറച്ചു വണ്ണം കൂടുന്നുണ്ട് നിനക്ക്."

അവൾ അവന്റെ വാക്കുകൾ കേൾക്കാത്ത മട്ടിൽ ഇരുന്നു.

"അങ്ങ് വീട്ടിൽ എത്തട്ടെ.. നിന്നെ എന്റെ കൈയിൽ കിട്ടും."

അത് കേട്ടപ്പോൾ അവളുടെ ചുണ്ടിന്റെ കോണിൽ ഒരു ചിരി നിറഞ്ഞു.

തട്ട് കടയിൽ നിന്നും ഇറങ്ങി വീട്ടിലേക്ക് നടക്കുന്നതിനിടയിൽ ശ്രീഹരി പ്രതീക്ഷിച്ചപോലെ തന്നെ മഴ പെയ്തു തുടങ്ങി.

അവന് പെട്ടെന്നുതന്നെ അവളുടെ കൈയും പിടിച്ച് അടുത്തുള്ള ബസ് സ്റ്റാൻഡിലേക്ക് ഓടിക്കയറി.

"ഞാൻ അപ്പോഴേ പറഞ്ഞതാ മഴ പെയ്യുമെന്ന്."

"അതിനിപ്പോൾ എന്താ?.. നമുക്ക് കുറച്ച് നേരം ഇവിടെ ഇരുന്ന് മഴ തോരുമ്പോൾ പോകാം."

ജീന കൈ നീട്ടി കൈവെള്ളയിൽ മഴവെള്ളം ശേഖരിച്ചു കൊണ്ടിരുന്നു. സമയം പോകും തോറും മഴയുടെ ശക്തി കൂടിയാതെ ഉള്ളു. പക്ഷെ ജീന ശരിക്കും മഴ ആസ്വദിക്കുകയായിരുന്നു. കുറച്ചു നേരം അങ്ങനെ നിന്നപ്പോൾ കൈവെള്ളയിൽ നിറഞ്ഞ വെള്ളം അവൾ ശ്രീഹരിയുടെ മുഖത്തേക്ക് തെറിപ്പിച്ചു.

"അടങ്ങി ഇരിക്ക് കൊച്ചെ.. ഒന്നാമത് തണുത്തിട്ട് വയ്യ."

അവൾ കുസൃതിയോടെ വീണ്ടും വെള്ളം തെറിപ്പിച്ചു. ശ്രീഹരി പെട്ടെന്ന് അവളുടെ കൈയിൽ കൂട്ടി പിടിച്ച ശേഷം ബസ് സ്റ്റാൻഡിൽ നിന്നും പുറത്തേക്ക് തള്ളി ഇറക്കി.

അവൾ പെട്ടെന്ന് തന്നെ അകത്തേക്ക് ചാടി കയറിയ ശേഷം ചിണുങ്ങി കൊണ്ട് പറഞ്ഞു.

"ദുഷ്ട്ടാ.. ഞാൻ മൊത്തം നനഞ്ഞു കേട്ടോ.."

അവന് ഒരു ചിരിയോടെ പറഞ്ഞു.

"അഹങ്കാരം കാണിക്കുമ്പോൾ ഓർക്കണമായിരുന്നു."

അവൾ അവന്റെ തോളിൽ കൈ കൊണ്ട് ഇടിച്ച ശേഷം തണുപ്പ് കാരണം അവനെ ചോതുങ്ങി നിന്നു.

കുറച്ച് സമയം കഴിഞ്ഞപ്പോൾ അവൾ ചോദിച്ചു.

"മഴ കുറയുമെന്ന് തോന്നുന്നില്ല. നമുക്ക് നനഞ്ഞങ്ങു പോയല്ലോ?"

"ഒന്ന് പൊടി.. ഒന്നാമത് രാവിലെ തൊട്ടു തൊണ്ട വേദന.. ഇനി മഴയും കൂടി നനഞ്ഞാൽ ഞാൻ കിടപ്പിലാകും."

"ഇവിടന്ന് അര കിലോമീറ്റർ അല്ലെ ഉള്ളു വീട്ടിലേക്ക്.. അത്രേം നേരത്തെ മഴ കൊണ്ട് കിടപ്പിലാകുവാണേൽ ഞാൻ നോക്കി കൊള്ളാം ഇച്ചായനെ."

"ഞാൻ പണി പിടിച്ച് കിടപ്പിലായാൽ ഫുൾ ടൈം കൂടെ നിന്നു നോക്കുമെന്ന് ഉറപ്പാണല്ലോ?"

ഒരു ചിരിയോടെ അവൾ പറഞ്ഞു.

"100 ശതമാനം ഉറപ്പ്.."

"എങ്കിൽ വാ പോകാം."

അവൻ ജീനയുടെ കൈയും പിടിച്ച് മഴയിലേക്ക് ഇറങ്ങി നടന്നു. ശരിക്കും അവർ മഴയിലൂടെ ഓടുകയായിരുന്നു.

വീട്ടിൽ എത്തിയപ്പോഴേക്കും അവർ ശരിക്കും മഴയിൽ നനഞ്ഞു കുളിച്ചിരുന്നു. ഡോർ തുറന്നു ഹാളിലേക്ക് കയറിയപ്പോൾ അവരുടെ ഡ്രെസ്സിൽ നിന്നും വെള്ളം തറയിലേക്ക് ഒഴുകി. ശ്രീഹരി നന്നായി വിറക്കുന്നുണ്ടായിരുന്നു.

"ഇച്ചായൻ പോയി നല്ല വെള്ളത്തിൽ കുളിച്ച് ഡ്രസ്സ് മാറ്. അപ്പോഴേക്കും തണുപ്പ് കുറച്ച് മാറും."

കൈയിലിരുന്ന കവറിലേക്ക് നോക്കി അവൾ പറഞ്ഞു.

"ഇതും മൊത്തം നനഞ്ഞു.. ഇതൊന്നു കൊണ്ട് പോയി വിരിച്ച് ഞാനും ഡ്രസ്സ് മാറട്ടെ."

രണ്ടുപേരും അവരവരുടെ റൂമിലേക്ക് നടന്നു.

കുളി കഴിഞ്ഞു ഡ്രസ്സ് മാറി വന്നപ്പോൾ ജീനക്ക് തണുപ്പിൽ നിന്നും ഒരു ആശ്വാസം കിട്ടിയിരുന്നു. വൈകുന്നേരം ഒരുപാട് നടന്നതിനാൽ നല്ല ഉറക്ക ക്ഷീണം തോന്നി അവൾക്ക്. കിടക്കുന്നതിനു മുൻപായി അവൾ ശ്രീഹരിയുടെ റൂമിലേക്ക് ഒന്ന് പോയി നോക്കി.

അവൾ ചെല്ലുമ്പോൾ കട്ടിലിൽ ചുരുണ്ടു കൂടി കിടക്കുകയാണ് അവൻ. നന്നായി തണുത്തു വിറക്കുന്നുണ്ട്. അവൾ ബെഡിലേക്ക് ഇരുന്നു അവന്റെ നെറ്റിയിൽ കൈവച്ചു നോക്കി. നന്നായി പണിക്കുന്നുണ്ട് അവന്.

"ഇച്ചായാ.."

അവൻ ചെറുതായി ഒന്ന് മൂളിയതല്ലാതെ കണ്ണ് തുറന്നു നോക്കിയില്ല.

അവൾ കുറച്ച് നേരം കൂടി അവനൊപ്പം ഇരുന്ന ശേഷം ബെഡ്ഷീറ്റ് എടുത്തു അവനെ നല്ലപോലെ പുതച്ചു കൊടുത്തു.

റൂമിലെത്തി കുറച്ച് നേരം കിടന്ന ശേഷവും അവൾക്ക് ഉറക്കം വന്നിട്ടില്ല. ശ്രീഹരിയുടെ തണുത്തു വിറച്ച് കിടക്കുന്ന രൂപം തന്നെ ആയിരുന്നു അവളുടെ മനസ്സിൽ നിറയെ. കുറച്ച് നേരം കൂടി ബെഡിൽ തിരിഞ്ഞു മറിഞ്ഞു കിടന്ന ശേഷം അവൾ എഴുന്നേറ്റ് ശ്രീഹരിയുടെ റൂമിലേക്ക് നടന്നു.

അവന്റെ റൂമിൽ എത്തിയ ജീന കുറച്ച് നേരം ശ്രീഹരിയെ നോക്കിയ ശേഷം അവന്റെ പുതപ്പിനിടയിലേക്ക് നൂഴ്ന്ന് കയറി.

ഒരു കുഞ്ഞിനെ എന്നുവന്നാൽ അവൾ ശ്രീഹരിയോടെ ചേർന്ന് കിടന്ന് അവന്റെ തലപിടിച്ച് തന്റെ നെഞ്ചോടു ചേർത്ത് പിടിച്ചു. തണുപ്പിൽ നിന്നും ഒരു ആശ്വാസത്തിന് എന്നവണ്ണം അവനും പാതിബോധത്തിൽ അവളെ ഇറുകെ കെട്ടിപ്പിടിച്ചു. അവന്റെ ചൂട് നിശ്വാസം നെഞ്ചിൽ പതിക്കുമ്പോൾ അവൾ ശ്രീഹരിയുടെ മുടിയിൽ തലോടി പതുക്കെ ഉറക്കത്തിലേക്ക് വീണു. അവളിൽ

നിന്നും പകർന്നു കിട്ടിയ ചൂടിന്റെ ആശ്വാസത്തിൽ അവനും ഗാഢമായ ഉറക്കത്തിലാഴ്ന്നു.

ശ്രീഹരി രാവിലെ ഉറക്കം എഴുന്നേൽക്കുമ്പോഴും അവളുടെ നെഞ്ചിൽ തന്നെ പറ്റിച്ചേർന്നു കിടക്കുകയായിരുന്നു അവൻ. ജീന എപ്പോഴാണ് തന്നോടൊപ്പം വന്നു കിടന്നതെന്നോ ഒന്നും അവന് ഓർമയില്ല. ഡ്രസ്സ് മാറി ബെഡിലേക്ക് വന്ന് കിടന്നതു മാത്രമാണ് അവന് അവസാനമായി ഓർമ ഉണ്ടായിരുന്നത്.

അവളുടെ മാറിടത്തിൽ നിന്നും അവൻ തല ആകർത്തി മാറ്റി. അവളുടെ ചുവന്ന ചുരിദാർ ടോപ്പിൽ അവന്റെ വായിൽ നിന്നും ഒലിച്ചിറങ്ങിയ ഉമിനീർ പറ്റിപ്പിടിച്ച് ഇരിപ്പുണ്ടായിരുന്നു.

ഉറക്കത്തിലേക്ക് ആഴ്ന്ന് കിടക്കുന്ന അവളുടെ മുഖത്തേക്ക് അവൻ നോക്കി. വെളുത്ത് തുടുത്ത മുഖത്ത് നിഷ്കളങ്കത താളം കെട്ടി നിൽപ്പുണ്ടായിരുന്നു. അവളുടെ ചുണ്ടുകളുടെ ചുവപ്പ് വര്ധിച്ചിരിക്കുന്നതായി അവന് തോന്നി.

ഉറക്കത്തിൽ നിന്നും ഉണർന്ന ജീന കാണുന്നത് തന്റെ മുഖത്തേക്ക് തന്നെ നോക്കി കിടക്കുന്ന ശ്രീഹരിയെ ആണ്.

കൈകൾ നിവർത്തി ഒരു കോട്ടുവാ ഇട്ടുകൊണ്ട് അവൾ ചോദിച്ചു.

"എന്താ ഇങ്ങനെ നോക്കുന്നത്?"

ഒരു തമാശയെന്നവണ്ണം അവൻ പറഞ്ഞു.

"എനിക്കൊട്ടും വയ്യാത്തോണ്ട് ഞാൻ ഒന്നും ചെയ്യില്ലെന്ന ധൈര്യത്തിൽ കൂടെ കയറി കിടന്നതാണല്ലേ?"

ഒരു പുച്ഛഭാവം മുഖത്തു വരുത്തി അവൾ പറഞ്ഞു.

"ഒരു കുഴപ്പവും ഇല്ലായിരുന്നെങ്കിൽ എന്നെ ഇപ്പോൾ എന്നാ ചെയ്യുവായിരുന്നെന്നാ?"

"അതേ..കൂടുതൽ പുച്ഛിക്കണ്ട, ഒരു രാത്രി മൊത്തം കൂടെ കിടന്നിട്ടും ഞാൻ ഒന്നും ചെയ്യാതിരുന്ന ആദ്യത്തെ പെണ്ണ് നീയാണ്."

ഒരു നിമിഷം എന്തോ ആലോചിച്ച ശേഷം ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു.

"ഒരു രാത്രി മൊത്തം കൂടെ ഉണ്ടായിരുന്നിട്ടും എന്നെ ഒന്നും ചെയ്യാതെ വിട്ട ആദ്യത്തെ ആളും ഇച്ചായൻ തന്നെയാണ്."

ഹരിയുടെ മുഖം ഒരു നിമിഷം മ്ലാനമായി.

ആ വിഷയങ്ങളിലേക്ക് പോകണ്ട എന്നുള്ള ഒരു താക്കിത് എന്നവണ്ണം അവൻ സ്വരം കടിപ്പിച്ചു അവളുടെ പേര് ഒന്ന് വിളിച്ചു.

"ജീന.."

അവൾ അത് മനസിലായിട്ടെന്നവണ്ണം അവളൊന്നു മൂളി. എന്നിട്ട് അവന്റെ നെറ്റിയിൽ കൈ വച്ച് നോക്കി. ചൂട് ഇപ്പോഴും അവനെ വിട്ടു മാറിയിരുന്നില്ല.

"പനി ഇപ്പോഴും ഉണ്ട്..."

"ആഹ്.. ഞാൻ ഒന്നുടെ ഉറങ്ങട്ടെ."

അവൻ ജീനയുടെ നെഞ്ചിലേക്ക് തലചേർത്തു വച്ച് കിടന്നു.

ഒരു കുസൃതിയോടെ അവൾ ചോദിച്ചു.

"ചൂട് പറ്റി ചേർന്ന് കിടന്നങ്ങു സുഗിച്ച് പോയല്ലേ?"

"അതേ.. നല്ല സുഖമുണ്ട്.. നല്ല സോഫ്റ്റ് തലയിണയിൽ തല ചേർത്തുവച്ച് കിടക്കുന്നപോലുണ്ട്."

അവനെ തള്ളി മാറ്റിക്കൊണ്ട് അവൾ പറഞ്ഞു.

"വൃത്തികെട്ടവൻ, അങ്ങോട്ട് മാറികിടന്നേ.. എനിക്ക് അടുക്കളയിൽ ജോലി ഉണ്ട്."

അവൾ ബെഡിൽ നിന്നും എഴുന്നേറ്റ് പുറത്തേക്ക് നടന്നപ്പോൾ അവൻ ഒരു ചിരിയോടെ ബെഡിൽ ചുരുണ്ടു കൂടി.

അന്നത്തെ ദിവസം അവർ ശ്രീഹരിക്ക് പനി ആയതിനാൽ ഓഫീസിൽ പോയില്ല. നോക്കി തീർത്ത ഫയൽ എല്ലാം അവൻ ഡ്രൈവറുടേൽ കൊടുത്തു ഓഫീസിൽ എത്തിച്ചു.

അന്നത്തെ ദിവസം മൊത്തം ജീന ഒരു നിമിഷം മാറി നിൽക്കാതെ അവന് ഒപ്പം തന്നെ ഉണ്ടായിരുന്നു.

രാത്രി ഉറക്കം ആകുന്നതിനു മുൻപ് അനുപമ ശ്രീഹരിയെ വിളിച്ചു.

പിറ്റേ ദിവസം എന്തായാലും ശ്രീഹരി ഓഫീസിൽ വരണമെന്ന് പറയാനായിരുന്നു അവൾ വിളിച്ചത്. കാരണം ഓഫീസിലെ അവളുടെ അവസാന ദിവസം ആണ് നാളെ. അത് കൊണ്ട് തന്നെ എല്ലാപേർക്കും ആയി വൈകുന്നേരം ഒരു പാർട്ടി അവൾ നടത്തുന്നുണ്ടായിരുന്നു. ശ്രീഹരി എന്തായാലും നാളെ ഓഫീസിൽ എത്തുമെന്ന് അവൾക്ക് ഉറപ്പ് കൊടുത്തു.

അവൾക്ക് വാക്ക് കൊടുത്തപോലെ തന്നെ പിറ്റേ ദിവസം ശ്രീഹരിയും ജീനയും ഓഫീസിൽ ചെന്നു. അവർ ഓഫീസിനുള്ളിലേക്ക് കടന്നപ്പോൾ തന്നെ അനുപമ അവരെ കണ്ട് അവരുടെ അടുത്തേക്ക് ചെന്നു.

ഒരു ആഷ് കളർ ലോങ്ങ് പാവാടയും നീല കളർ ടോപ്പും ആണ് അവൾ ഇട്ടിരുന്നത്. അവൾക്ക് നന്നായി ചേരുന്നുണ്ടായിരുന്നു ആ ഡ്രസ്സ്.

അവൾ അടുത്ത് എത്തിയപ്പോൾ തന്നെ ഹരി പറഞ്ഞു.

"ഇന്നങ്ങു സുന്ദരി ആയിട്ടുണ്ടല്ലോ നീ."

അത് കേട്ടപ്പോൾ അവളുടെ മുഖമൊന്നു ചുവന്നു.

"സാറിന്റെ പനി എങ്ങനുണ്ട്?"

അതിനുള്ള മറുപടി നൽകിയത് ജീന ആണ്.

"ഒരു കുറവും ഇല്ല.. നിന്റെ കാര്യമായി പോയി.. അല്ലായിരുന്നെങ്കിൽ ഇന്നും ഇച്ചായനെ ഞാൻ ഇവിടേയ്ക്ക് വിടില്ലായിരുന്നു."

അതുകേട്ട് ഒരു പുഞ്ചിരിയോടെ ശ്രീഹരി തന്റെ ക്യാബിനു ഉള്ളിലേക്ക് നടന്നു.

ജീനയും അനുപമയും തങ്ങളുടെ കസേരകളിൽ വന്നു ഇരിക്കുമ്പോഴാണ് ജീനയുടെ കഴുത്തിൽ കിടക്കുന്ന മാല അനുപമ ശ്രദ്ധിച്ചത്.

"കൊള്ളാല്ലോ ഈ മാല.. ഇതെന്ന് വാങ്ങി?"

"അത് ഇച്ചായൻ രണ്ടു ദിവസം മുൻപ് വാങ്ങി തന്നതാണ്."

"ആഹാ, അപ്പോൾ സാറിന് നല്ല സൗന്ദര്യ ബോധം ഉണ്ടല്ലോ."

"അതെന്താ അങ്ങനെ പറഞ്ഞത്?"

"നിനക്ക് ഈ മാല നന്നായി ചേരുന്നുണ്ട്, അതുകൊണ്ട് പറഞ്ഞതാണ്."

"ഇച്ചായന് ഓരോരുത്തർക്കും എന്താ ചേരുന്നതെന്നു നന്നായി അറിയാം..എന്റെ എല്ലാ ഡ്രെസ്സും ഇച്ചായൻ സെലക്ട് ചെയ്തു വാങ്ങി തന്നതാണ്."

ഒരു നിമിഷം ശ്രീഹരിയുടെ ക്യാബിനിലേക്ക് നോക്കിയ ശേഷം അനുപമ പറഞ്ഞു.

"നിന്റെ ഡ്രസ്സ് എല്ലാം സാർ വാങ്ങി തന്നതാണെന്ന് എനിക്ക് ആദ്യമേ തോന്നിയിരുന്നു."

ജീന മുഖം ചുളിച്ച് കൊണ്ട് ചോദിച്ചു.

"അതെങ്ങനെ?"

ഒരു ചിരിയോടെ അനുപമ പറഞ്ഞു.

"നീ ഇടുന്ന ഡ്രസ്സ് എല്ലാം നല്ല വിലയുള്ളതാണ്. മാത്രമല്ല ഒരു ഡ്രസ്സ് തന്നെ ഒരുപാട് തവണ യൂസ് ചെയ്യുന്നതും കണ്ടിട്ടില്ല.. മിക്ക ദിവസവും പുതിയ പുതിയ ഡ്രസ്സ് ആണ് ഇട്ടു കൊണ്ട് വരുന്നെ... നമുക്ക് കിട്ടുന്ന ഒരു സാലറിക് അത് പറ്റില്ലല്ലോ."

ചിരിച്ച് കൊണ്ട് ജീന പറഞ്ഞു.

"അതിനു എനിക്ക് സാലറിയെ ഇല്ലല്ലോ. എന്റെ ഫുൾ ചിലവ് ഇച്ചായൻ നോക്കിക്കൊള്ളണം.. അതാ ഞങ്ങൾ തമ്മിലുള്ള എഗ്രിമെന്റ്."

ചെറിയൊരു അതിശയത്തോടെ അനുപമ ചോദിച്ചു.

"സത്യത്തിൽ നിങ്ങൾ തമ്മിലുള്ള ബന്ധം എന്താണ്?"

അവൾ ഒന്ന് പുഞ്ചിരിച്ചതല്ലാതെ അതിനു മറുപടി നൽകിയില്ല.

"സാർ നിന്നെയാണ് കല്യാണം കഴിക്കാൻ പോകുന്നതെന്ന് മൊത്തത്തിൽ ഇവിടെ ഒരു സംസാരം ഉണ്ട്."

"ഇവിടുള്ളവർക്ക് വട്ടാണ്."

"നിന്റെ ഇച്ചായനാണ് ഈ ഇടയായി വട്ട് എന്നാണ് എനിക്ക് തോന്നുന്നത്.. നിങ്ങൾ രണ്ടുപേരും തട്ടുകടയിൽ ഇരിക്കുന്നത് കണ്ടെന്ന് എവിടൊരാൾ പറഞ്ഞു."

ജീന മുഖം ചുളിച്ച് കൊണ്ട് ചോദിച്ചു.

"അതിനിപ്പോൾ എന്താ?.. എനിക്ക് തട്ട് ദോശ കഴിക്കണമെന്നു ആഗ്രഹം പറഞ്ഞപ്പോൾ ഇച്ചായൻ എന്നെ കൊണ്ട് പോയി വാങ്ങി തന്നതാണ്."

"നിനക്ക് അതിനു ഒന്നും തോന്നുന്നില്ലായിരിക്കും, ഞാൻ കുറച്ച് വർഷങ്ങൾ ആയി സാറിന്റെ കൂടെ നടക്കുന്നതാണ്.. വിശന്നാൽ ഹോട്ടലിലേക്ക് പോകാതെ ആളെ പറഞ്ഞു വിട്ടു ആഹാരം മുന്നിൽ വരുത്തിക്കുന്ന ആളാണ് നിനക്ക് ദോശ കഴിക്കണമെന്ന് ആഗ്രഹം പറഞ്ഞപ്പോൾ തട്ട് കടയിൽ കൊണ്ട് പോയിരിക്കുന്നത്."

കുറച്ച് നേരം ഒന്നും മിണ്ടാതെ ഇരുന്ന ശേഷം ജീന പറഞ്ഞു.

"ഞാൻ എന്താഗ്രഹം പറഞ്ഞാലും ഇച്ചായൻ സാധിച്ചു തരും.. അതിനു ഞങ്ങൾ രണ്ടുപേർക്കും മാത്രം അറിയാവുന്ന ചില കാരണങ്ങൾ ഉണ്ട്, ഇച്ചായനെ അലട്ടുന്ന ഒരു കുറ്റബോധം ഉണ്ട്.. അത് എന്താണെന്നു വേറൊരാൾ അറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല."

അനുപമ ജീനയുടെ മുഖത്തേക്ക് തന്നെ നോക്കി ഇരിക്കുകയായിരുന്നു.

"ഒരു കാര്യം ഞാൻ ഉറപ്പ് പറയാം.. എന്റെ ശരീരത്തിന് വേണ്ടിയല്ല ഇച്ചായൻ എനിക്ക് വേണ്ടി ഇതെല്ലം ചെയ്യുന്നത്."

കസേരയിൽ നിന്നും എഴുന്നേറ്റുകൊണ്ടു ജീന പറഞ്ഞു.

"ഇച്ചായന് ടാബ്ലറ്റ് കഴിക്കാൻ ടൈം ആയി, ഞാൻ കൊടുത്തിട്ടു വരാം."

ജീന ബാഗിൽ നിന്നും ടാബ്ലറ്റ് തിരയുന്നതിനിടയിൽ എന്തോ ഓർത്തിട്ടെന്നവണ്ണം ശബ്ദം താഴ്ത്തി അനുപമയോട് പറഞ്ഞു.

"കല്യാണം കഴിയുന്നവരെയും ഇനിയൊരു പെണ്ണുമായും ബന്ധം കാണില്ലെന്ന് ഇച്ചായൻ എനിക്ക് സത്യം ചെയ്തു തന്നു."

അനുപമ അതിശയത്തോടെ ജീനയെ നോക്കുമ്പോൾ അവൾ ഒരു ചെറു ചിരിയോടെ ശ്രീഹരിയുടെ അടുത്തേക്ക് നടന്നു പോയി.

ജീന ക്യാബിനു ഉള്ളിലേക്ക് പോയി കഴിഞ്ഞതിന്റെ തൊട്ടു പിന്നാലെ എന്തോ ഓർത്തിട്ടെന്നവണ്ണം അനുപമയും അവിടേക്കു നടന്നു.

അനുപമയെ കണ്ട് ശ്രീഹരി ചോദിച്ചു.

"എന്താ അനു?"

"സാർ കാണിച്ചത് ഒട്ടും ശരിയായില്ല കേട്ടോ.."

ശ്രീഹരിയും ജീനയും ഒന്നും മനസിലാകാതെ അവളുടെ മുഖത്തേക്ക് നോക്കി.

അനുപമ ഒരു കുസൃതിയോടെ പറഞ്ഞു.

"ഇത്ര നാൾ കൂടെ നടന്നിട്ടും എനിക്കൊരു ഗിഫ്റ്റ് വാങ്ങി തന്നിട്ടില്ലാത്ത ആള് ജീനക്ക് മാല വാങ്ങി കൊടുത്ത് ശരിയായില്ല."

ഒരു ചിരിയോടെ ശ്രീഹരി പറഞ്ഞു.

"നിനക്കുള്ള ഗിഫ്റ്റ് നിന്റെ കല്യാണത്തിന് ഞാൻ തരുന്നുണ്ട്."

"കുറച്ച് കനത്തിൽ തന്നെ ആയിക്കോട്ടെ അത്."

അത് കേട്ട് ജീന ചിരിച്ചു.

"സാർ, ഞാൻ ഒരു കാര്യം പറയാനായി വന്നത് ആണ്."

"എന്താ?"

"എന്റെ ചെറിയൊരു ആഗ്രഹം ആണ്."

"എന്താന്ന് പറ അനു."

"നാളെ ഞാൻ നാട്ടിലേക്ക് പോകും. പിന്നെ ഇവിടേക്ക് ഒരു വരവ് ഉണ്ടാകില്ല.."

ഒരു നിമിഷം അവൾ നിർത്തി. ജീനയും ശ്രീഹരിയും അവളുടെ മുഖത്തേക്ക് തന്നെ ആകാംഷയോടെ നോക്കി.

"ഇന്നൊരു രാത്രി ഞാൻ നിങ്ങളോടൊപ്പം സാറിന്റെ വീട്ടിൽ നിന്നോട്ടെ?"

ശ്രീഹരി മറുപടി പറയുന്നതിന് മുൻപ് തന്നെ ജീന അതിനു മറുപടി നൽകി.

"അതിനെന്താ.. അനു വന്നൊള്ളൂ.."

അനുപമ ശ്രീഹരിയുടെ മുഖത്തേക്ക് നോക്കി. അവനും സമ്മതം ആണെന്നുള്ള രീതിയിൽ തലയാട്ടി.

സന്ധ്യ കഴിഞ്ഞു നേരം ഇരുട്ടി തുടങ്ങിയ സമയത്ത് ഡോർ ബെൽ മുഴങ്ങുന്ന ശബ്ദം കേട്ട് ജീന പോയി വാതിൽ തുറന്നു.

ജീന പ്രതീക്ഷിച്ചപോലെ തന്നെ അനുപമ തന്നെയായിരുന്നു വന്നിരുന്നത്.

ഓഫീസിലെ പരിപാടികൾ എല്ലാം കഴിഞ്ഞപ്പോൾ അനുപമ തന്നെയാണ് ജീനയോടു പറഞ്ഞിരുന്നത് റൂമിൽ പോയി കുളിച്ചു ഫ്രഷ് ആയി വീട്ടിൽ എത്തിക്കൊള്ളാമെന്ന്.

ജീന നിറഞ്ഞ ചിരിയോടെ അനുപമയെ അകത്തേക്ക് കൂട്ടികൊണ്ട് പോയി.

"സാർ എവിടെ?"

"അകത്തിരുന്ന് ആവി കൊള്ളുന്നുണ്ട്."

അനുപമയുടെ ശബ്ദം കേട്ട് ശ്രീഹരി അവിടേക്ക് വന്നു.

"പനി കുറവില്ലേ സാർ?"

"ഈ പനി എന്നെയും കൊണ്ടേ പൊകുല്ലെന്ന തോന്നുന്നത്."

ഒന്ന് തുമ്മിയ ശേഷം അവൻ പറഞ്ഞു.

"ഇവളുടെ വാക്കും കേട്ട് ഇവൾക്കൊപ്പം മഴയത്തു നടക്കാനിറങ്ങിയ എന്നെ പറഞ്ഞാൽ മതിയല്ലോ."

ജീനക്കൊപ്പം മഴ നനഞ്ഞിട്ടാണ് അവന് പനി വന്നതെന്ന് അനുപമ അപ്പോഴാണ് അറിയുന്നത്. അവൾ ജീനയുടെ നേരെ നോക്കി.

"ഹലോ.. പനി വന്നെങ്കിൽ ഞാൻ വാക്ക് പറഞ്ഞപോലെ കൂടെ തന്നെ നിന്നു നോക്കുന്നും ഉണ്ട്."

അനുപമ അവർ തമ്മിലുള്ള ബന്ധം എന്താണെന്ന് മനസിലാകാതെ നിൽക്കുക ആയിരുന്നു. ജീന എന്ത് പറഞ്ഞാലും ശ്രീഹരി അത് കേൾക്കുന്നു.. അവന്റെ ഓരോ കാര്യങ്ങളും അതീവ ശ്രദ്ധയോടെ അവൾ ചെയ്യുന്നു. എന്താണ് അവർക്കിടയിൽ ഉള്ളതെന്ന് എത്ര ആലോചിച്ചിട്ടും അനുപമക്ക് മനസിലായില്ല.

ജീന പെട്ടെന്ന് എന്തോ മണ്ടത്തരം കാണിച്ചു എന്നവണ്ണം തലക്ക് തട്ടി കൊണ്ട് പറഞ്ഞു.

"കഞ്ഞിക്കുള്ളത് അടുപ്പിൽ ഇരിക്കയാ, ഞാൻ അതങ്ങു മറന്നു."

ജീന പെട്ടെന്ന് അടുക്കളയിലേക്ക് നടന്നു.

അവൾ പോകുന്നത് നോക്കി ശ്രീഹരി പറഞ്ഞു.

"ഒന്ന് പനി പിടിച്ച് എന്നും പറഞ്ഞു രണ്ടു ദിവസമായി അവൾ എനിക്ക് കഞ്ഞി മാത്രമേ തരുന്നേ."

അനുപമ കൈയിൽ ഇരുന്ന കവർ സോഫയിലേക്ക് ഇട്ട ശേഷം ഒരു പുഞ്ചിരിയോടെ അടുക്കളയിലേക്ക് നടന്നു.

അനു ചെല്ലുമ്പോൾ ജീന കഞ്ഞി അടുപ്പിൽ നിന്നും ഇറക്കുകയായിരുന്നു.

"ഇന്ന് ഒന്ന് അഡ്ജസ്റ്റ് ചെയ്യണം കേട്ടോ. കഞ്ഞി ആണ് കഴിക്കാനുള്ളത്."

അനു ചിരിച്ച് കൊണ്ട് പറഞ്ഞു.

"അതൊന്നും കുഴപ്പമില്ല.. ഇവിടെ നിങ്ങൾ രണ്ടുപേരും മാത്രേ ഉള്ളോ."

"ആഹ്.. പകൽ ഒരു ജോലിക്കാരി വന്നു എല്ലാം വൃത്തിയാക്കിയിട്ടു പോകും."

"ഇവിടെ സാറിന്റെ ഒപ്പം ഒറ്റയ്ക്ക് നിൽക്കുന്നതിനു ജീനയുടെ വീട്ടിൽ ആരും ഒന്നും പറഞ്ഞില്ലേ?"

ഒരു നിമിഷത്തെ നിശബ്ദതക്ക് ശേഷം അവൾ പറഞ്ഞു.

"അതിനു എനിക്കാരും ഇല്ല.. അപ്പനും അമ്മയുമെല്ലാം മരിച്ചു."

അനുപമക്ക് ചോദിച്ചത് അബദ്ധം ആയി പോയപോലെ തോന്നി.

"അനു വാ.. നമുക്ക് കഴിക്കാനിരിക്കാം."

മൂന്നുപേരും ആഹാരം കഴിക്കാനായി ഇരുന്നു. ജീന മൂന്നു പാത്രങ്ങളിൽ കഞ്ഞി പകർന്നു വച്ചു.

കഞ്ഞി കുടിച്ച് കൊണ്ടിരിക്കുന്നതിനിടയിൽ ശ്രീഹരി പറഞ്ഞു.

"നാളെ എങ്കിലും എനിക്ക് ചോറ് കിട്ടിയേ പറ്റുള്ളൂ."

ജീന പെട്ടെന്ന് തന്നെ പറഞ്ഞു.

"പനി കുറയുവാണേൽ ചോറ് തരും. അല്ലെങ്കിൽ കഞ്ഞി തന്നെയാ."

"ഇത് കുറച്ച് കഷ്ടം ആണ് കേട്ടോ."

"ഇച്ചായൻ മാത്രം അല്ലല്ലോ കഞ്ഞി കുടിക്കുന്നത്.. ഇച്ചായൻ കഴിക്കുന്നതെന്തോ അത് തന്നല്ലേ ഞാനും കഴിക്കുന്നത്."

അവരുടെ സംസാരം കേട്ട് അനുപമ ചിരിച്ചു പോയി.

മൂന്നുപേരും കഞ്ഞി കുടിച്ച് കഴിഞ്ഞപ്പോൾ ജീന പത്രമെല്ലാം എടുത്തു അടുക്കളയിലേക്ക് പോയി. അനുപമയും അവളുടെ കൂടെ ചെന്നപ്പോൾ ജീന പറഞ്ഞു.

"അനു ഇച്ചായനോടൊപ്പം പോയി ഇരുന്നോ.. ഞാൻ ഇതെല്ലം വൃത്തിയാക്കി അങ്ങ് വന്നേക്കാം."

അനു എതിർത്തൊന്നും പറയാതെ ഹാളിലേക്ക് പോയി. അവൾ ചെല്ലുമ്പോൾ ശ്രീഹരി ടിവി കാണുവായിരുന്നു. കുറച്ച് നേരം അവളും നിശബ്തമായി ഇരുന്നു ടിവി കണ്ട്. അതിനു ശേഷം,

"സാർ.."

ശ്രീഹരി ടിവിയിൽ നിന്നും ശ്രദ്ധമാറ്റി അവളെ നോക്കി.

"ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ?"

"എന്താ?"

അവൾ അടുക്കളയിലേക്ക് ഒന്ന് നോക്കിയ ശേഷം ശബ്ദം താഴ്ത്തി ചോദിച്ചു.

"എന്താ സാറിനും ജീനക്കും ഇടയിലുള്ളത് .. നിങ്ങൾ തമ്മിൽ കല്യാണം കഴിക്കാൻ പോകുന്നില്ല.. വേറൊരു തെറ്റായ ബന്ധവും ഇല്ല. പക്ഷെ അവളുടെ എല്ലാ ആഗ്രഹങ്ങളും സാർ സാധിച്ചു കൊടുക്കുന്നു, അവൾ എന്ത് പറഞ്ഞാലും സാർ അത് കേൾക്കുന്നു. എന്താ അതിന്റെ കാരണം?"

കുറച്ച് നേരം അനുപമയുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്ന ശേഷം ശ്രീഹരി പറഞ്ഞു.

"എന്റെ കൂടെ പഠിച്ച എന്റെ കൂട്ടുകാരി ആയിരുന്നു ജീന. എന്റെ അച്ഛനും അമ്മയ്ക്കും ഒക്കെ അവളെ ഒരുപാട് ഇഷ്ടമായിരുന്നു. എന്നെ അവൾ ഒരുപാട് സ്നേഹിച്ചിരുന്നു അവൾക്കു ഒന്നും വരാതെ നോക്കുമെന്ന് വിശ്വസിച്ചിരുന്നു. പക്ഷെ എന്റെ സ്വാർത്ഥത കാരണം ഞാൻ കുറെ നാളേക്ക് അവളെ മറന്നു. ആ ഒരു സമയത്തിനുള്ളിൽ ഒരു പെണ്ണിന് അനുഭവിക്കാവിന്നതിന്റെ പരമാവധി കഷ്ടതകൾ അവൾ അനുഭവിച്ചു. ഞാൻ ജീനയെ ഇപ്പോൾ കൂട്ടികൊണ്ട് വരുമ്പോൾ ഒരു വാക്ക് അവൾക്കു നൽകിയിരുന്നു.. ഇനി അവളെ വേദനിപ്പിക്കില്ലെന്ന്. ഞാൻ ചെയ്ത തെറ്റിനുള്ള പ്രായശ്ചിത്തമോ എന്റെ തെറ്റ് തിരുത്തലോ ഒക്കെ ആയിരിക്കാം അത്. പക്ഷെ ആ വാക്ക് എനിക്ക് പാലിക്കണം."

അപ്പോഴേക്കും ജീന അവിടേക്ക് വരുന്നത് കണ്ട് ശ്രീഹരി സംസാരം നിർത്തി.

"രണ്ടു പേരും എന്തായിരുന്നു ഇത്ര വലിയ സംസാരം?"

ജീന ശ്രീഹരിയുടെ അരികിൽ സോഫയിലെക്ക് ഇരുന്നപ്പോൾ അതിനുള്ള മറുപടി അനുപമ നൽകി.

"കല്യാണത്തിന്റെ ഓരോ കാര്യങ്ങൾ സംസാരിക്കുകയായിരുന്നു."

"പറയുന്നപോലെ ഇനി രണ്ടു ആഴ്ചകൂടിയെ ഉള്ളല്ലേ കല്യാണത്തിന്."

"അതേ.. രണ്ടാഴ്ചയെന്നു പറയുന്നത് ഓടിയങ്ങു പോകും."

അനുപമ അവിടെ നിന്നും എഴുന്നേറ്റു താൻ കൊണ്ടുവന്ന കവർ എടുത്തുകൊണ്ടു വന്നു അവർക്ക് രണ്ടുപേർക്കും ആയി ഓരോ കവർ നൽകി.

അവർ രണ്ടുപേരും കവർ തുറന്നു നോക്കി.

ജീനക്ക് ഒരു ഇളം നീല കളർ സാരിയും ശ്രീഹരിക്കു അതേ കളർ ഷർട്ടും മുണ്ടും ആയിരുന്നു.

"ഇത് ഇട്ടു വേണം നിങ്ങൾ എന്റെ കല്യാണത്തിന് വരാൻ."

ശ്രീഹരി ചിരിച്ച് കൊണ്ട് പറഞ്ഞു.

"സാരി ഉടുക്കാൻ അറിയാത്ത ഇവൾക്ക് ആണ് നീ സാരി വാങ്ങി കൊടുത്തിരിക്കുന്നെ."

അതിനു മറുപടിയായി ജീന പറഞ്ഞു.

"സാരി ഉടുക്കാൻ അറിയാഞ്ഞിട്ടാണോ ഓണം സെലിബ്രേഷന് ഞാൻ സാരി ഉടുത്തു വന്നത്. അന്നത്തെ പോലെ ഇതും ഇച്ചായൻ എന്നെ ഉടുപ്പിച്ചു തന്നാൽ മതി."

അത് കേട്ട അനുപമ രണ്ടുപേരുടെയും മുഖത്ത് മാറി മാറി നോക്കി. അപ്പോഴാണ് പറഞ്ഞത് അബദ്ധം ആയി പോയെന്ന് ജീനക്ക് തോന്നിയത്.

വിഷയം മാറ്റാനായി അവൾ ചോദിച്ചു.

"കല്യാണത്തിനുള്ള സ്വർണം എടുത്തായിരുന്നോ?"

"സ്വർണവും നേരത്തെ തന്നെ എടുത്തിരുന്നു.. പക്ഷെ റിസപ്ഷന് ഇടാനുള്ള ഡ്രസ്സ് ഇതുവരെ സ്റ്റിച്ച് ചെയ്തു കിട്ടിയില്ല. അതിനി എന്ത് പരുവത്തിൽ കിട്ടുമെന്നാണ് ടെൻഷൻ."

ശ്രീഹരി പറഞ്ഞു.

"അതൊക്കെ കുഴപ്പമില്ലാതെ കിട്ടുമെന്നെ.. ഒരു രണ്ടുമാസം കഴിഞ്ഞാൽ ഞാനും വിദ്യയുടെ കല്യാണത്തിന്റെ തിരക്കിലാകും.. "

"ജീനക്ക് കല്യാണം ഒന്നും നോക്കുന്നില്ല?"

"അതിനിനിയും സമയം കിടപ്പുണ്ടല്ലോ.. ഞാൻ കുറച്ചു കാലം കൂടി ഇങ്ങനങ്ങു ജീവിക്കട്ടെ."

"സാറിനും കല്യാണത്തിനുള്ള സമയമൊക്കെ ആയി."

അതിനുള്ള മറുപടി അവൻ ഒരു പുഞ്ചിരിയിൽ ഒതുക്കി.

പിന്നെയും അവർ കുറച്ച് നേരം വിശേഷങ്ങൾ ഒക്കെ പറഞ്ഞിരുന്ന ശേഷം അവർ ഉറങ്ങാൻ തീരുമാനിച്ചു.

ശ്രീഹരിക്ക് നല്ല ക്ഷീണം ഉണ്ടായിരുന്നതിനാൽ ഉറക്കം വന്നു തുടങ്ങിയിരുന്നു. അവൻ റൂമിലേക്ക് പോയപ്പോൾ ജീന പറഞ്ഞു.

"അനുവിന് ഞാൻ മുകളിലത്തെ റൂം ശരിയാക്കാം."

അനു പെട്ടെന്ന് തന്നെ പറഞ്ഞു.

"എയ്.. അതൊന്നും വേണ്ട.. ഞാൻ നിന്റെ ഒപ്പം കിടന്നോളം... നിനക്ക് എന്തെങ്കിലും ബുദ്ധിമുട്ട്?"

ജീന ചിരിച്ച് കൊണ്ട് അനുവിന്റെ കൈ പിടിച്ച് റൂമിലേക്ക് നടന്നു.

റൂമിലെത്തിയപ്പോൾ അനു റൂം മൊത്തത്തിൽ വീക്ഷിച്ചു. എല്ലാം നല്ല അടുക്കും ചിട്ടയോടെയും വൃത്തിയായി സൂക്ഷിച്ചിരിക്കുന്ന റൂം. സെൽഫിൽ ധാരാളം ഡ്രെസ്സുകൾ അടുക്കി വച്ചിരിക്കുന്നു. എല്ലാം നല്ല വിലയുള്ളവ. അതെല്ലാം ശ്രീഹരി ജീനക്ക് വാങ്ങി കൊടുത്തതാണെന്നു ഓർത്തപ്പോൾ അനുവിന് ജീനയോടു ചെറിയൊരു അസൂയ തോന്നാതിരുന്നില്ല.

ബെഡിൽ കിടക്കുന്നതിനിടയിൽ അനു ജീനയോടു ചോദിച്ചു.

"സാറിന് കല്യാണം ഒന്നും നോക്കുന്നില്ല?"

"'അമ്മ മിക്ക ദിവസവും വിളിക്കുമ്പോൾ കല്യാണ കാര്യം പറയും. പക്ഷെ ഇച്ചായൻ ഒഴിഞ്ഞു മാറും."

"ജീനക്ക് ഒന്ന് പറഞ്ഞൂടെ കല്യാണം കഴിക്കാൻ, നീ പറയുന്ന എല്ലാം സാർ കേൾക്കാറുണ്ടല്ലോ."

"ഞാനും കുറെ പറഞ്ഞതാ.. ഇപ്പോൾ ഞാൻ കല്യാണ കാര്യം പറയുമ്പോൾ ഇച്ചായൻ പറയും എന്റെ കല്യാണം കഴിഞ്ഞിട്ട് കെട്ടികൊള്ളുന്നു"

ഒരു ചിരിയോടെ അനു പറഞ്ഞു.

"എങ്കിൽ നീ ആദ്യം ഒരു കല്യാണം കഴിക്ക്."

ജീന അതിനു മറുപടി ഒന്നും പറയാതെ നിശബ്ദത ആയിരുന്നു. അതിൽ നിന്നും അവൾ ആ വിഷയം ഇഷ്ടപെടുന്നില്ലെന്ന് അനുവിന് മനസിലായി.

"സാർ നിന്നെ സാരി ഉടുപ്പിച്ചു എന്ന് പറഞ്ഞത് ഉള്ളതാണോ?'

"നീ അത് ഇതുവരെ വിട്ടില്ലേ?"

"ഇല്ല, വിട്ടില്ല.. ഓഫീസിൽ എയറും പിടിച്ച് നടക്കുന്ന മനുഷ്യന്റെ ഉള്ളിൽ ഇങ്ങനത്തെ കഴിവൊക്കെ ഉണ്ടെന്ന് പറഞ്ഞാൽ വിശ്വസിക്കുമോ?"

"ഇച്ചായന് സാരിയൊക്കെ ഉടുപ്പിക്കാൻ അറിയാം. എനിക്ക് ഒരിക്കൽ ഉടുപ്പിച്ച് തന്നിരുന്നു."

"എന്നാലും കോളേജിൽ പഠിക്കുമ്പോൾ..."

ജീന പെട്ടെന്ന് കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റു.

"അയ്യോ.. ഇച്ചായൻ ടാബ്ലറ്റ് കഴിക്കാതെ ആയിരിക്കും കിടന്നത്."

ജീന ബെഡിൽ നിന്നും എഴുന്നേറ്റ് ശ്രീഹരിയുടെ റൂമിലേക്ക് പോയി. ജീന പോയി കുറച്ച് കഴിഞ്ഞപ്പോൾ അനുവും അവളുടെ പിന്നാലെ പോയി.

അനു ചെല്ലുമ്പോൾ നന്നായി കിടന്ന് ഉറങ്ങുന്ന ശ്രീഹരിയെ ബെഡ്ഷീറ് എടുത്തു പുതച്ച് കൊടുക്കുകയായിരുന്നു ജീന.

അനുവിനെ കണ്ട് ശബ്ദം താഴ്ത്തി ജീന പറഞ്ഞു.

"ടാബ്ലറ്റ് കഴിച്ചിട്ട് തന്നാണ് കിടന്നത്."

അവൾ റൂമിലെ ലൈറ്റ് ഓഫ് ചെയ്തു പുറത്തേക്ക് നടന്നു.

ജീനയുടെ കൂടെ നടക്കുന്നതിനിടയിൽ അനു പറഞ്ഞു.

"ഞാൻ ഒരു കാര്യം പറയട്ടെ?"

"എന്താ?"

"നിങ്ങൾക്ക് രണ്ടുപേർക്കും കൂടിയങ്ങ് കല്യാണം കഴിച്ചൂടെ?.. സാറിന്റെ കാര്യങ്ങൾ നിന്നെക്കാളും നന്നായി നോക്കുന്ന വേറെ ആരെയും കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല."

അർഥം എന്തെന്ന് മനസിലാക്കാനാകാത്ത ഒരു ചിരി മാത്രമാണ് അതിനു മറുപടിയായി ജീന നൽകിയത്.

അനുപമ ജോലി നിർത്തി പോയതിനു ശേഷം ഇപ്പോൾ മുഴുവൻ ചുമതലകളും ജീനക്കാണ്. അവൾ അത് ഭംഗിയായി നിർവഹിക്കുന്നതും ഉണ്ട്.

ശ്രീഹരി കൊടുത്ത സബ്ജക്ട് തിരക്ക് പിടിച്ച് എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് തന്റെ മുന്നിൽ ഒരു നിഴലനക്കം അവൾ അറിഞ്ഞത്. ജീന തല ഉയർത്തി നോക്കി.

തന്റെ മുന്നിൽ നിൽക്കുന്ന ആളെ കണ്ടു അവൾ അത്ഭുതപ്പെട്ടു. അവളുടെ ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു.

"'അമ്മ.."

ശ്രീഹരിയുടെ 'അമ്മ ആയിരുന്നു അവളുടെ നിന്നിൽ നിന്നിരുന്നത്.

അവൾ മുന്നിലിരുന്ന പേപ്പർ മാറ്റി വച്ച് അത്ഭുതം നിറഞ്ഞ മുഖത്ത് ഒരു ചിരിയോടെ എഴുന്നേറ്റു.

അവളുടെ മുഖഭാവം കണ്ടു അമ്മയുടെ മുഖത്തും ഒരു ചിരി പടർന്നു.

"'അമ്മ എന്താ ഒരു മുന്നറിയിപ്പും ഇല്ലാതെ പെട്ടെന്ന്?"

അംബികാമ്മ അവളുടെ കൈയിൽ പിടിച്ച് തന്റെ മുന്നിലേക്ക് നിർത്തിക്കൊണ്ട് പറഞ്ഞു.

"മോളിവിടെ വന്നു എന്നറിഞ്ഞപ്പോൾ തൊട്ട് വിചാരിക്കുന്നത് വന്നൊന്നു കാണണമെന്ന്. പക്ഷെ ദൂരെ യാത്രക്കൊന്നും വയ്യാത്തോണ്ട് വരൻ പറ്റില്ല.. ഇന്നിവിടെ അടുത്ത് ഒഴുവാക്കാൻ പറ്റാത്തൊരു കല്യാണം ഉണ്ടായിരുന്നു.. അവിടെ വന്നപ്പോൾ മോളെയും കൊണ്ടൊന്നു പോയേക്കാം എന്ന് വിചാരിച്ചു."

തന്നെ കാണാനാണ് ഇവിടെ വന്നതെന്ന് അംബികാമ്മ പറഞ്ഞപ്പോൾ ജീനയുടെ മനസിന് എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി. തന്നോടൊരു സ്നേഹം ഉണ്ടായിട്ടാണല്ലോ അങ്ങനെ.

സന്തോഷം കൊണ്ട് ജീനയുടെ കണ്ണുകൾ ചെറുതായി നിറഞ്ഞു. അവൾ അമ്മയെ കെട്ടിപിടിച്ചു.

അപ്പോഴാണ് അവൾ അവിടുണ്ടായിരുന്ന സ്റ്റാഫുകൾ എല്ലാം എഴുന്നേറ്റു നിൽക്കുന്നത് കണ്ടത്. എല്ലാപേരുടെയും ശ്രദ്ധ അവരിലാണ്. എല്ലാപേരുടെയും നില്പിലും മുഖ ഭാവത്തിലും അമ്മയോടുള്ള ബഹുമാനം ഉണ്ട്. അതെ സമയം തങ്ങളെല്ലാം ഒരു ചെറു പേടിയോടും ബഹുമാനത്തോടെ മാത്രം കാണുന്ന അംബികാമ്മയെ അടുത്ത ആരോടെന്നപോലെ കെട്ടിപിടിച്ച് നിൽക്കുന്ന ജീനയെ കണ്ടിട്ടുള്ള ഒരു ചെറു അത്ഭുതവും അവരുടെ മുഖത്ത് ഉണ്ടായിരുന്നു.

എല്ലാപേരും ശ്രദ്ധിക്കുന്നത് കണ്ട് ജീന അമ്മയിൽ നിന്നും അകന്നു മാറി.

അവളുടെ കണ്ണ് നിറഞ്ഞിരിക്കുന്നത് കണ്ട് 'അമ്മ ചോദിച്ചു.

"എന്താ മോളെ കണ്ണ് നിറഞ്ഞെ?"

അവൾ പെട്ടെന്ന് കണ്ണുകൾ തുടച്ചു മുഖത്ത് ഒരു പുഞ്ചിരി വരുത്തിക്കൊണ്ട് പറഞ്ഞു.

"ഒന്നും ഇല്ലമ്മ.."

അംബികാമ്മ ഒരു ചെറു ചിരിയോടെ അവളുടെ കവിളിൽ തട്ടികൊണ്ട് പറഞ്ഞു.

"അന്ന് വീട്ടിൽ വന്ന നിൽക്കുമ്പോഴാണ് മോളെ അവസാനമായി കാണുന്നത്.. അന്ന് കണ്ടതിൽ നിന്നും തടിച്ച് നല്ല മാറ്റമുണ്ട് മോൾക്ക്."

അത് കേട്ട് അവൾ ഒന്ന് ചിരിച്ചു.

"പക്ഷെ മോളുടെ സൗന്ദര്യത്തിനു മാത്രം ഒരു മാറ്റവും ഇല്ല. അന്നും ഇന്നും കാണാൻ സുന്ദരി തന്നാണ് മോള്.. ഒന്നും കൂടി ഒന്ന് വെളുത്തിട്ടുണ്ടെങ്കിലേ ഉള്ളു."

ഒരാൾ തന്റെ സൗന്ദര്യത്തെ പുകഴ്ത്തുന്നത് കേട്ടപ്പോൾ അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

പെട്ടെന്നാണ് അവരുടെ ഇടതു വശത്തു നിന്നായി ഒരു ശബ്ദം അവർ കേട്ടത്.

"ഇവളെ ഇങ്ങനെ പൊക്കാതെ.. അവളിനി തറയിലൊന്നും നിൽക്കില്ല."

ഇരുവരും പെട്ടെന്ന് തിരിഞ്ഞു ഇടതു വശത്തായി നോക്കി.

അവിടെ കൈയും കെട്ടി അവരെ തന്നെ നോക്കി നിൽക്കുകയായിരുന്നു ശ്രീഹരി.

കാബിനുള്ളിൽ ഇരുന്നു പുറത്തേക്ക് നോക്കുമ്പോഴാണ് 'അമ്മ ജീനയുടെ അരികിൽ നിൽക്കുന്നത് ശ്രീഹരി കണ്ടത്. അപ്പോൾ അവൻ അവരുടെ അടുത്തേക്ക് വരുകയായിരുന്നു.

'അമ്മ കല്യാണത്തിന് വരുന്ന കാര്യം ഫോൺ വിളിച്ചപ്പോൾ അവനോടു പറഞ്ഞിരുന്നു. അതുകൊണ്ട് തന്നെ ഈ ഒരു സന്ദർശനം അവൻ പ്രതീക്ഷിച്ചിരുന്നതിനാൽ അമ്മയെ പെട്ടെന്ന് കണ്ടിട്ടും ശ്രീഹരിക്കു ഞെട്ടലൊന്നും ഉണ്ടായില്ല.

ശ്രീഹരിയുടെ തന്നെ കളിയാക്കി കൊണ്ടുള്ള ഡയലോഗ് കേട്ടപ്പോൾ ജീന 'അമ്മ കാണാതെ അവനെ ചുണ്ടുകൾ കൊണ്ട് ഗോഷ്ടി കാണിച്ചു. അവളുടെ മുഖ ഭാവം കണ്ട സ്റ്റാഫുകളിൽ ചിലരുടെ ചുണ്ടിൽ ചിരി നിറഞ്ഞു.

"നീ ഇവളെ കളിയാക്കയൊന്നും വേണ്ട, എന്റെ മോള് സുന്ദരി തന്നെയാ."

ശ്രീഹരി അമ്മയുടെ കൈയിൽ പിടിച്ച് കൊണ്ട് പറഞ്ഞു.

"'അമ്മ വാ.. നമുക്ക് അകത്തേക്ക് ഇരിക്കാം."

ശ്രീഹരി അമ്മയെ കൈയിൽ പിടിച്ച് അകത്തേക്ക് കൊണ്ട് പോയപ്പോൾ ജീനയും അവർക്കൊപ്പം ചെന്നു.

കസേരയിലേക്ക് ഇരിക്കുന്നതിനിടയിൽ അംബികാമ്മ ചോദിച്ചു.

"നീ പനി പിടിച്ച് കിടപ്പിലായിരുന്നെന്ന് പറഞ്ഞിട്ട് വലിയ ക്ഷീണമൊന്നും കാണുന്നില്ലല്ലോ."

ജീനയെ നോക്കികൊണ്ട് ശ്രീഹരി പറഞ്ഞു.

"എങ്ങനെ കാണാനാണ്.. മരുന്ന്, കഞ്ഞി, ഫ്രൂട്സ് എന്നും പറഞ്ഞു ഇവൾ പിറകെ നടക്കുകയല്ലായിരുന്നോ."

ജീനയുടെ കൈയിൽ പിടിച്ച് കൊണ്ട് 'അമ്മ പറഞ്ഞു.

"ഇവൾ ഇപ്പോൾ നിന്റെ കൂടെ ഉണ്ടെന്നുള്ളതാണ് എന്റെ ഒരു ആശ്വാസം. അതാ നീ പനി പിടിച്ച് കിടപ്പിലാണെന്ന് അറിഞ്ഞിട്ടും ഞാൻ ഓടിപ്പിടച്ച് ഇങ്ങു വരാഞ്ഞത്.. നിന്റെ കൂടെ നിന്ന് മോള് നോക്കിക്കൊള്ളുമെന്ന് എനിക്കറിയാമായിരുന്നു."

അമ്മക്ക് തന്നിലുള്ള മതിപ്പ് ജീനയുടെ ഉള്ളിൽ ഒരു സന്തോഷം ഉണർത്തി.

"നീ ഇവിടെ ഉണ്ടാഞ്ഞിട്ടും എന്താ കല്യാണത്തിന് വരാഞ്ഞത്..നമ്മുടെ ബന്ധുക്കൾ അല്ലേടാ അവർ.. അവിടെല്ലാരും നിന്നെ തിരക്കി."

അവൻ നിസാര മട്ടിൽ പറഞ്ഞു.

"ഓഹ്.. അവിടിപ്പോൾ വന്നിട്ടെന്തിനാ?"

"നിനക്ക് ബന്ധുക്കൾ ഒന്നും വീണ്ടെന്നാണോ?"

അവൻ പുച്ഛത്തോടെ പറഞ്ഞു.

"അച്ഛൻ മരിച്ച് നമ്മൾ കടത്തിൽ ആയപ്പോൾ ഈ ബന്ധുക്കളെ ഒന്നും കണ്ടില്ലായിരുന്നല്ലോ.."

അതിന് ഒരു മറുപടി അംബികാമ്മക്ക് ഇല്ലായിരുന്നു. വിഷയം മാറ്റാനായി 'അമ്മ ചോദിച്ചു.

"അനുപമയുടെ കല്യാണം ഈ വരുന്ന ഞാറാഴ്‌ച അല്ലെ?"

ജീനയാണ് അതിനുള്ള മറുപടി നൽകിയത്.

"അതെ അമ്മെ."

"നീ അതിനെങ്കിലും പോകുമോടാ?"

അവൻ അതിന് മറുപടിയായി ഒന്ന് ചിരിക്ക മാത്രം ചെയ്തു.

"മോളെ... അനുവിനെ കല്യാണത്തിന് ഇവനെയും കൂട്ടി പോകണേ.. ആ കൊച്ചു നമ്മുടെ കമ്പനിക്ക് വേണ്ടി ഒരുപാട് കഷ്ട്ടപെട്ടതാണ്."

അത് കേട്ട ശ്രീഹരി പറഞ്ഞു.

"ഞങ്ങൾ എന്തായാലും പോകും 'അമ്മ.. അവൾ ഞങ്ങൾ രണ്ടുപേർക്കും ഡ്രസ്സ് ഒക്കെ കൊണ്ട് തന്നതാണ്."

ജീന പെട്ടെന്ന് എന്തോ ഓർത്തപോലെ പറഞ്ഞു.

"ഇച്ചായാ.. ഇന്ന് വീട്ടിലേക്ക് പോകുമ്പോൾ നമുക്ക് എന്റെ ബ്ലൗസ് കൂടി വാങ്ങണം, അത് തയ്ച് വച്ചേക്കയാണെന്ന് വിളിച്ച് പറഞ്ഞിരുന്നു."

"അഹ്.. അത് നമുക്ക് വാങ്ങാം,."

ശ്രീഹരി അമ്മയോട് ചോദിച്ചു.

"'അമ്മ ഇന്നിനി തിരിച്ച് പോകുന്നുണ്ടോ?"

"മ്മ്,, ഞാൻ ഇപ്പോൾ ഇറങ്ങും.."

അത് കേട്ട ജീന ചോദിച്ചു.

"ഇന്നിവിടെ നിന്നിട്ട് നാളെ രാവിലെ പോയാൽ പോരെ അമ്മെ?"

"അവിടെ ജോലിക്കാരൊക്കെ നിൽപ്പുണ്ട്.. ഞാൻ വൈകുന്നേരം അങ്ങെത്തിയില്ലെങ്കിൽ പറ്റില്ല മോളെ."

ശ്രീഹരിക്ക് ആദ്യമേ അറിയാമായിരുന്നു 'അമ്മ ഇവിടെ നിൽക്കില്ലെന്ന്.. ശ്രീഹരിയുടെ അച്ഛന്റെ മരണ ശേഷം അംബികാമ്മ വീട് വിട്ട് മാറി നിന്നിട്ടില്ല.

അതുകൊണ്ട് തന്നെ ശ്രീഹരി നിർബന്ധിക്കാനും നിന്നില്ല.

കുറച്ച് നേരം കൂടി അവരോടൊപ്പം വിശേഷങ്ങൾ പറഞ്ഞിരുന്ന ശേഷമാണ് 'അമ്മ അവിടെ നിന്നും ഇറങ്ങിയത്.

'അമ്മ ഓഫീസിൽ നിന്നും ഇറങ്ങുമ്പോൾ ശ്രീഹരിയും ജീനയും കാറുവരെ അമ്മയെ അനുഗമിച്ചു.

കാറിൽ കയറുന്നതിനു മുൻപായി അംബികാമ്മ ജീനയോടു പറഞ്ഞു.

"വിദ്യയുടെ കല്യാണം ആകുമ്പോഴേക്കും ഇവൻ അങ്ങ് വീട്ടിൽ വരും.. അപ്പോഴേക്കും മോളും കൂടെ അങ്ങ് വന്നേക്കണം."

ജീന സമ്മതം എന്നുള്ള അർഥത്തിൽ തലയാട്ടി.

ശ്രീഹരി അമ്മയോട് പറഞ്ഞു.

"ഇവളെ ഇവിടെ ഒറ്റക്ക് നിർത്തി ഞാൻ അങ്ങ് വരുമെന്ന് അമ്മക്ക് തോന്നുന്നുണ്ടോ?"

അംബികാമ്മ ഒരു ചെറു പുഞ്ചിരിയോടെ കാറിനുള്ളിലേക്ക് കയറി.

.

.

വൈകുന്നേരം ഓഫീസിൽ നിന്നും വീട്ടിലേക്ക് പോകുമ്പോൾ ജീന കാറിലിരുന്ന് ശ്രീഹരിയോട് പറഞ്ഞു.

"ഇച്ചായാ.. ബ്ലൗസ് വാങ്ങിക്കുന്ന കാര്യം മറക്കല്ലേ.."

ഡ്രൈവർ രാജു ആണ് കാർ ഓടിച്ചിരുന്നത്. ജീനയും ശ്രീഹരിയും പിൻ സീറ്റിലും.

ശ്രീഹരി രാജുവിന് ബ്ലൗസ് തയ്ക്കാൻ കൊടുത്ത ഷോപ്പ് എത്തുമ്പോൾ കാർ നിർത്താൻ നിർദ്ദേശം നൽകി.

വൈകുന്നേരത്തെ ട്രാഫിക് ബ്ലോക്ക് കാരണം കാർ ഇഴഞ്ഞിഴഞ്ഞു ആണ് പോയിരുന്നത്. കുറച്ചു സമയത്തെ ഇഴച്ചിലിനൊടുവിൽ അവർക്ക് പോകാനുള്ള ബൈ റോഡിലേക്ക് കയറിയപ്പോൾ ട്രാഫിക്കിൽ നിന്നും ഒരു ആശ്വാസം കിട്ടി.

കുറച്ച് നേരത്തെ യാത്രക്കൊടുവിൽ അവർ ബ്ലൗസ് തയ്ക്കാൻ കൊടുത്ത ഷോപ്പിനു മുന്നിൽ എത്തി.

ശ്രീഹരി അഡ്വാൻസ് ആയി തന്നെ തയ്ക്കുന്നതിനുള്ള മുഴുവൻ പൈസയും കൊടുത്തിരുന്നതിനാൽ ജീന ശ്രീഹരിയോട് പൈസ ഒന്നും ചോദിക്കാതെ കാറിൽ നിന്നും ഇറങ്ങി ഷോപ്പിലേക്ക് നടന്നു.

ഒരു പത്തു മിനിറ്റ് കഴിഞ്ഞപ്പോൾ ജീന ഒരു കവരുമായി വന്ന് കാറിന്റെ ഡോർ തുറന്നു.

അകത്തേക്ക് കയറാതെ കവർ കാറിന്റെ സീറ്റിലേക്ക് വച്ചുകൊണ്ട് അവൾ പറഞ്ഞു.

"ഇച്ചായാ പഴ്സ് ഇങ്ങു തന്നെ."

അവൻ എന്തിനാ എന്നുള്ള അർഥത്തിൽ അവളെ നോക്കി.

കാറിനു പിറകിലായി ഐസ് ക്രീം വിൽക്കുന്ന ഒരു ഓട്ടോ ചൂണ്ടി കാണിച്ചു കൊണ്ട് അവൾ പറഞ്ഞു.

"ഐസ് ക്രീം വാങ്ങാനാണ്."

"ഡി.. നിനക്ക് ഐസ് ക്രീം കഴിക്കണമെങ്കിൽ നമുക്ക് ഏതെങ്കിലും ഷോപ്പിൽ പോയി കഴിക്കാം."

അവൾ ചിണുങ്ങിക്കൊണ്ടു പറഞ്ഞു.

"അതൊന്നും വേണ്ട. ഞാൻ ഇത് വാങ്ങിക്കൊള്ളാം."

ഇനി പറഞ്ഞിട്ട് കാര്യമില്ലെന്നു അറിയാവുന്ന ശ്രീഹരി പഴ്സ് എടുത്തു അവളുടെ കൈയിൽ കൊടുത്തുകൊണ്ട് പറഞ്ഞു.

"പെണ്ണിന്റെ ഓരോ കാര്യങ്ങൾ.."

അവൾ ചിരിച്ച് കൊണ്ട് ചോദിച്ചു.

"ഇച്ചായന് വേണോ?"

"എനിക്കും രാജുവിനും ഓരോന്ന് വാങ്ങിക്കോ."

അവൾ ഒരു പുഞ്ചിരിയോടെ കാറിന്റെ പിന്നിലേക്ക് നടന്നു.

ശ്രീഹരിയും ഒരു ചിരിയോടെ ഫോൺ എടുത്തു കുത്തി തുടങ്ങിയപ്പോഴാണ് രാജുവിന്റെ ശബ്ദം അവന്റെ കാതുകളിൽ മുഴങ്ങിയത്.

"സർ.. മാഡം..."

രാജു പെട്ടെന്ന് ഡോർ തുറന്നു പുറത്തേക്കിറങ്ങി. ശ്രീഹരി പിന്നിലേക്ക് തിരിഞ്ഞു ജീനയെ നോക്കി.

മുഖം കർച്ചീഫ് കൊണ്ട് മറച്ച ഏതോ ഒരുത്തൻ ജീനയുടെ കഴുത്തിലെ മാലയിൽ പിടിച്ചു വലിക്കുന്നു.. ജീന അവന്റെ കൈയിൽ മുറുകെ പിടിച്ച് ബഹളം വയ്ക്കുകയാണ്.

ശ്രീഹരിയും പെട്ടെന്ന് കാറിൽ നിന്നും ഇറങ്ങി ജീനയുടെ അടുത്തേക്ക് ഓടി. രാജുവും ശ്രീഹരിയും പാഞ്ഞു വരുന്നത് കണ്ട് അവൻ ജീനയുടെ മാലയിൽ നിന്നും പിടി വിട്ടു ബലമായി അവളെ ദൂരേക്ക് തള്ളിയിട്ടു.. ആ സമയം തന്നെ ഒരു ബൈക്ക് വന്ന് അവന്റെ അടുത്ത് നിൽക്കുകയും അവൻ അതിന്റെ പിന്നിൽ കയറി പോവുകയും ചെയ്തു. ഇതെല്ലം നിമിഷ നേരം കൊണ്ടാണ് നടന്നത്.

ശ്രീഹരി ഓടിച്ചെന്ന് അവളെ പിടിച്ച് എഴുന്നേൽപ്പിച്ചു. മാല പോയിട്ടില്ല, കഴുത്തിൽ തന്നെ കിടപ്പുണ്ട്. പക്ഷെ കഴുത്തിൽ മൊത്തം മാലയും അവന്റെ കൈയും മുറുകിയതിന്റെ ചുവന്ന പാടുകൾ. അവളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകുകയാണ്.

ആൾക്കാർ അവിടെ കൂടി തുടങ്ങി. ശ്രീഹരി അവരോടൊന്നും സംസാരിക്കാൻ നിൽക്കാതെ ജീനയെ പിടിച്ച് കൊണ്ട് പോയി കാറിൽ കയറ്റി. രാജുവും തറയിൽ കിടന്നിരുന്ന ശ്രീഹരിയുടെ പഴ്സ് എടുത്തുകൊണ്ടു കാറിൽ കാറിൽ കയറി.

"രാജു.. അടുത്തുള്ള ഏതെങ്കിലും ഹോസ്പിറ്റലിലേക്ക് പോകാം."

കഴുത്തു തടവി കൊണ്ട് ജീന പറഞ്ഞു.

"എനിക്ക് കുഴപ്പമൊന്നും ഇല്ല ഇച്ചായാ.. നമുക്ക് വീട്ടിലേക്ക് പോകാം."

"ജീന പറയുന്നത് കേൾക്ക്.. കഴുത്തൊക്കെ ചുവന്ന കിടക്കയാണ്. നമുക്ക് ഹോപിറ്റലിൽ പോകാം."

ജീന വലതു കൈ അനക്കി നോക്കി കൊണ്ട് പറഞ്ഞു.

"കഴുത്തിനൊന്നും കുഴപ്പമില്ല.. കൈ അനക്കുമ്പോൾ തോളിനു ചെറിയൊരു വേദന ഉണ്ട്. അത് അവനുമായി പിടിവലി കൂടിയതിന്റെയാകും."

ശ്രീഹരി അവളുടെ കൈ പിടിച്ച് അനക്കികൊണ്ടു ചോദിച്ചു.

"നല്ല വേദന ഉണ്ടോ?"

"ഇല്ല ഇച്ചായാ.. ചെറിയ വേദനയെ ഉള്ളു.. നമുക്ക് വീട്ടിലേക്ക് പോയാൽ മതി."

"രാത്രി വല്ലോം കൈ വേദനിക്കുന്നു എന്നും പറഞ്ഞു വന്നാൽ എന്റെന്ന് നല്ലതു കിട്ടും നിനക്ക്."

ജീന മുഖത്ത് ഒരു ചിരി വരുത്തി കൊണ്ട് പറഞ്ഞു.

"എനിക്ക് കുഴപ്പം ഒന്നും ഇല്ലെന്നേ.. "

എന്നിട്ടവൾ രാജുവിനോടായി പറഞ്ഞു.

"ചേട്ടാ.. കാർ വീട്ടിലോട്ടു വിട്ടോ."

രാജു ശ്രീഹരിയുടെ മുഖത്തേക്ക് നോക്കി. അവൻ വീട്ടിലേക്ക് പോകാം എന്നുള്ള അർഥത്തിൽ മൂളി.

വീട്ടിൽ എത്തിയ ശേഷവും ശ്രീഹരി ഹോസ്പിറ്റലിൽ പോകാമെന്ന് പറഞ്ഞെങ്കിലും ജീന വേണ്ടെന്നു പറഞ്ഞു. കുറച്ച് കഴിയുമ്പോൾ വേദന മാറിക്കൊള്ളും എന്ന് തന്നാണ് അവൾ കരുതിയത്.

സന്ധ്യ കഴിഞ്ഞു ഇരുട്ടു വീണു തുടങ്ങി. ഫോണിൽ കളിച്ചുകൊണ്ടിരുന്നു മടുത്തപ്പോൾ ശ്രീഹരി ടിവി ഓൺ ചെയ്തു അതിന്റെ മുന്നിൽ ഇരുന്നു. സച്ചിന്റെ ഒരു പഴയ കളി ശ്രീഹരി കണ്ടുകൊണ്ടിരുന്നപ്പോൾ ജീന അവന് എതിരെ ഉള്ള സോഫയിൽ വന്നിരുന്നു.

സാധാരണ എന്തെങ്കിലും സംസാരിച്ച് കൊണ്ടിരിക്കുന്ന ജീന വന്നിരുന്നു കുറച്ച് നേരം കഴിഞ്ഞിട്ടും മൗന ആയിരിക്കുന്നത് കണ്ട് ശ്രീഹരി അവളെ ശ്രദ്ധിച്ചു.

ഒരു ചുവപ്പു ചെക്ക് ഷർട്ടും കറുത്ത പാവാടയും ആണ് ജീന ധരിച്ചിരുന്നത്. അവളുടെ മുഖത്ത് താളം കെട്ടി നിൽക്കുന്ന മ്ലാനത അവൻ ശ്രദ്ധിച്ചു. വലതു തോളിൽ അവൾ ഇടതു കൈ കൊണ്ട് ചെറുതായി തടവുന്നുണ്ട്.

"ഡീ.. എന്താ പറ്റിയെ നിനക്ക്?"

അവൾ ഒന്നും ഇല്ലെന്ന അർഥത്തിൽ ചുണ്ടുകൾ കൊണ്ട് ശബ്ദം ഉണ്ടാക്കി.

"തോള് വേദനിക്കുന്നുണ്ടോ നിനക്ക്?"

അവൾ ചെറുതായി ഒന്ന് മൂളി.

കുറച്ചു നേരം നിശബ്തനായി അവളെ ഒന്ന് നോക്കിയാ ശേഷം അവൻ ചോദിച്ചു.

"ഹോസ്പിറ്റലിൽ പോകണോ നിനക്ക്?"

അവൾ വേണമെന്നോ വേണ്ടന്നോ പറഞ്ഞില്ല. ആ നിശബ്തതയിൽ നിന്ന് തന്നെ അവന് മനസിലായി അവൾക്ക് ഹോസ്പിറ്റലിൽ പോകണമെന്ന്.

അവളെ ഒന്ന് ചോദിപ്പിക്കാനായി അവൻ പറഞ്ഞു.

"ഹോസ്പിറ്റലിൽ പോകാമെന്ന് ഞാൻ ആദ്യമേ പറഞ്ഞതാണ്. അപ്പോൾ കേൾക്കാൻ വയ്യ.. എനിക്കൊന്നും വയ്യ ഇനി ഹോസ്പ്പിറ്റലിൽ കൊണ്ട് പോകാൻ."

അവൾ ഒന്നും മിണ്ടിയില്ല. അവന്റെ മുഖത്ത് നോക്കാതെ താഴേക്ക് നോക്കി ഇരുന്നു.

അവളുടെ ഇരുത്ത കണ്ടപ്പോൾ താൻ പറഞ്ഞത് അവൾക്കു നന്നായി ഫീൽ ചെയ്തു എന്ന് അവന് മനസിലായി. പറഞ്ഞാൽ കേൾക്കാത്തതിന് അവളെ ഒന്ന് വഴക്ക് പറയണമെന്നേ അവൻ കരുതിയിരുന്നുള്ളു.

സോഫയിൽ നിന്നും എഴുന്നേറ്റു കൊണ്ട് അവൻ പറഞ്ഞു.

"വാ.. നമുക്ക് ഹോസ്പിറ്റലിൽ പോകാം."

അവൾ എഴുന്നേൽക്കാതെ തല താഴ്ത്തി അവിടെ തന്നെ ഇരുന്നു.

"ജീന.. എഴുന്നേൽക്ക്, നമുക്ക് പോയിട്ട് വരാം."

അവൾ ഒരു ഒഴപ്പൽ മട്ടിൽ പറഞ്ഞു.

"എനിക്ക് ഹോസ്പിറ്റലിൽ ഒന്നും പോകണ്ട.."

ജീന വാശി കാണിക്കുകയാണെന്ന് അവന് മനസിലായി.

ശ്രീഹരി അവളുടെ അരികിലേക്ക് പോയിരുന്ന് ജീനയുടെ വലതു കൈപ്പത്തി തന്റെ കൈകൾക്കുള്ളിലാക്കികൊണ്ടു പറഞ്ഞു.

"ഹോസ്പിറ്റലിൽ കൊണ്ട് പോകാൻ പറ്റൂല്ലേന്ന് ഞാൻ ചുമ്മാ പറഞ്ഞതല്ലേ.."

"എനിക്ക് കുഴപ്പമൊന്നും ഇല്ല ഇച്ചായാ."

ജീന ഈ ഇടയായി ചില കാര്യങ്ങളിൽ വാശി കാണിക്കുന്നതായി അവന് തോന്നിയിരുന്നു. പക്ഷെ ആ വാശികൾ ശ്രീഹരി നന്നായി ആസ്വദിച്ചിരുന്നു. കാരണം അവൾ ആ വാശികൾ മൊത്തം കാണിക്കുന്നത് തന്നോട് മാത്രം ആണെന്ന് അവന് നന്നായി അറിയാം. എല്ലാരുടെയും വാക്കുകൾ പേടിയോടെ കേട്ട് അനുസരിക്കുക മാത്രം ചെയ്തിരുന്ന അവളെ സ്നേഹിക്കാനും അവളുടെ വാക്കുകൾ കേൾക്കാനും ഒരാളെ കിട്ടിയപ്പോൾ അവൾ അത് കുറച്ച് ആസ്വദിക്കുകയാണെന്ന് അവന് നന്നായി അറിയാം.

ശ്രീഹരി അവളെ കൂടുതൽ നിർബന്ധിക്കാൻ നിന്നില്ല.. ചിലപ്പോൾ ഈ കാര്യത്തിൽ അവൾ കൂടുതൽ വാശി കാണിച്ചു നിൽക്കുകയാണെങ്കിൽ താൻ അവളെ വഴക്ക് പറഞ്ഞു പോകുമെന്ന് അവന് തോന്നി.

അവളുടെ തോളിൽ പിടിച്ചു തന്നോട് ചേർത്തിരുത്തി കൊണ്ട് അവൻ പറഞ്ഞു.

"വേദന കൂടുവാനെങ്കിൽ പറയണം. നമുക്ക് ഹോസ്പിറ്റലിൽ പോകാം അപ്പോൾ."

"ഇന്ന് രാത്രി വേദന കുറയുമോന്നു നോക്കട്ടെ, ഇല്ലെങ്കിൽ രാവിലെ ഇച്ചായൻ എന്നെ ഹോസ്പിറ്റലിൽ കൊണ്ട് പോയാൽ മതി.

ശ്രീഹരി അവളുടെ തല പിടിച്ചുയർത്തി കഴുത്തിലേക്ക് നോക്കി. കഴുത്തിലുണ്ടായിരുന്ന ചുവപ്പു പാട് കുറഞ്ഞു വരുന്നുണ്ട്. അവളോട് അനുവാദം ചോദിക്കാതെ തന്നെ അവൻ ജീനയുടെ ഷിർട്ടിന്റെ മുകളിലത്തെ മൂന്നു ബട്ടണുകൾ തുറന്നു. അവളും അവന്റെ കൈയിൽ കയറി പിടിക്കുകയോ എതിർക്കുകയോ ചെയ്തില്ല. ബട്ടണുകൾ ഊരിയ അവൻ ഷർട്ട് ലൂസ് ആക്കി അവളുടെ വലതു തോളില് വെളിയിലേക്ക് വലിച്ചിട്ടു.

ഇപ്പോൾ ജീനയുടെ നഗ്നമായ വലതു തോൾ അവനു കാണാമായിരുന്നു. പിങ്ക് കളറിലുള്ള ബ്രായുടെ വള്ളി തോളിലൂടെ കിടപ്പുണ്ട്. നീരോ ചുവന്ന പാടുകളോ ഒന്നും അവനു കാണാൻ കഴിഞ്ഞില്ല.

അവൻ അവളുടെ നഗ്നമായ വെളുത്ത തോളിൽ തടവിക്കൊണ്ട് പറഞ്ഞു.

"നീരൊന്നും ഇല്ല.. ചിലപ്പോൾ മാംസം ഉടഞ്ഞതായിരിക്കും.. ഞാൻ ഒന്ന് ചൂട് പിടിച്ച് തരട്ടെ."

"അഹ്.. ചൂട് പിടിച്ചാൽ ഒരു ആശ്വാസം കാണുമായിരിക്കും."

അവളുടെ സമ്മതം കിട്ടി കഴിഞ്ഞപ്പോൾ ശ്രീഹരി അടുക്കളയിലേക്ക് നടന്നു. ഉടുപ്പ് നേരെ പിടിച്ചിട്ട് അവളും സോഫയിൽ നിന്നും എഴുന്നേറ്റു.

"നീ അവിടെ തന്നെ ഇരുന്നോ. ഞാൻ വെള്ളം ചൂടാക്കിക്കൊണ്ടു വരാം."

എന്നാൽ അവന്റെ വാക്കുകൾ കേൾക്കാതെ അവൾ ശ്രീഹരിക്കൊപ്പം അടുക്കളയിൽ ചെന്നു. അപ്പോഴും അവൾ ഊരിയ ബട്ടണുകൾ ഇട്ടിരുന്നില്ല.

അവൻ പത്രം എടുത്തു വെള്ളം നിരക്കുന്നതും അത് ചൂടാക്കുന്നതും എല്ലാം അവൾ കൗതുകത്തോടെ നോക്കി ഇരുന്നു.

വെള്ളം ചൂടാകുന്ന സമയത്തു അവൻ റൂമിൽ പോയി ഒരു തോർത്ത് എടുത്തു തോളിൽ ഇട്ടു കൊണ്ട് വന്ന്. കുറച്ച് സമയത്തിനുള്ളിൽ വെള്ളം ചൂടായി.

ശ്രീഹരി വെള്ളവും പാത്രവും താങ്ങി എടുത്തു ഡൈനിങ് ടേബിളിനു മുകളിൽ കൊണ്ട് വച്ച്. എന്നിട്ട് ഒരു കസേര നീക്കിയിട്ട് ജീനയോടു അതിലേക്ക് ഇരിക്കാൻ പറഞ്ഞു.

കസേരയിലേക്ക് ഇരുന്ന ജീന തന്നെ തോളിൽ നിന്നും ഷർട്ട് നീക്കി മാറ്റി ഇട്ടു. ബ്രായുടെ വള്ളിയും അവൾ തോളിൽ നിന്നും നീക്കി താഴേക്ക് മാറ്റി.

വെള്ളത്തിൽ മുക്കിയ തോർത്ത് കുടഞ്ഞുകൊണ്ടു അവൻ പറഞ്ഞു.

"ചൂട് കൂടുതൽ ഉണ്ടെങ്കിൽ പറയണം."

തോർത്ത് അവൻ ജീനയുടെ തോളിലേക്ക് അമർത്തി. ജീന പെട്ടെന്ന് അവന്റെ കൈ പിടിച്ച് മാറ്റിക്കൊണ്ട് പറഞ്ഞു.

"അഹ്.. ചൂട് കൂടുതലാണ്."

ശ്രീഹരി തോർത്ത് ഒന്നുകൂടി കുടഞ്ഞു കൊണ്ട് പറഞ്ഞു.

"സോറി.. സോറി.."

അവൻ വീണ്ടും തോർത്ത് അവളുടെ തോളിൽ അമർത്തി.

"ചൂട് കൂടുതലുണ്ടോ??

"ഇത് കുഴപ്പമില്ല.."

അവൻ സാവധാനം ചൂട് പിടിച്ചുകൊണ്ടിരുന്നു.. അവൾ കണ്ണടച്ച് ഇരുന്നു അത് ആസ്വദിച്ചു.

എപ്പോഴോ കണ്ണൊന്നു പാളി അവളുടെ മുൻവശത്തേക്ക് അവന്റെ ശ്രദ്ധ പോയി. പിങ്ക് കളർ ബ്രായ്ക്കുള്ളിൽ തിങ്ങി നിറഞ്ഞു നിൽക്കുന്ന അവളുടെ മാറിടത്തിന്റെ മുകൾ ഭാഗം അവനു വ്യക്തമായി കാണാമായിരുന്നു. അതിൽ ഒരു കുഞ്ഞു മറുകും.

ശ്രീഹരി പെട്ടെന്ന് തന്നെ അവിടെ നിന്നും ശ്രദ്ധ മാറ്റി.

ചൂട് പിടിച്ചു കഴിഞ്ഞപ്പോഴേക്കും ജീനക്കും വേദനയിൽ നിന്നും തെല്ലൊരു ആശ്വാസം കിട്ടി.

"നമുക്ക് ഇനി ചോറ് കഴിച്ചാലോ, നിനക്ക് വിശക്കുന്നില്ലേ?"

ഷർട്ട് പിടിച്ച് നേരെ ഇട്ടുകൊണ്ട് അവൾ പറഞ്ഞു.

"മ്മ്... വിശക്കുന്നുണ്ട്.. കഴിക്കാം."

ശ്രീഹരി വെള്ളവും പാത്രവും കൈയിൽ എടുത്തുകൊണ്ടു പറഞ്ഞു.

"നീ ഇവിടെ തന്നെ ഇരിക്ക്.. ഞാൻ ചോറ് ഇട്ടുകൊണ്ട് വരാം."

ഈ പ്രാവിശ്യം അവന്റെ വാക്കുകൾ ജീന അനുസരിച്ചു. അവന്റെ കൂടെ അടുക്കളയിലേക്ക് അവൾ പോയില്ല.

കുറച്ച് സമയം കഴിഞ്ഞപ്പോൾ ശ്രീഹരി ഒരു പാത്രത്തിൽ ചോറുമായി അവളുടെ അടുത്തേക്ക് വന്നു.

അത് കണ്ട് അവൾ ചോദിച്ചു.

"ഇതെന്താ ഒരു പാത്രം.. ഇച്ചായൻ കഴിക്കുന്നില്ലേ?"

"നമുക്ക് രണ്ടുപേർക്കും ഒരു പാത്രത്തിൽ നിന്നും കഴിക്കാം. ഞാൻ നിനക്ക് വാരി തരാം.. കൈ അനക്കണ്ട നീ."

ജീനക്കും അത് കേട്ടപ്പോൾ സന്തോഷം ആയി. അവളുടെ 'അമ്മ മാത്രമായിരുന്നു അവൾക്ക് ഭക്ഷണം വാരി കൊടുത്തിട്ടുള്ളത്.

ശ്രീഹരിയുടെ കൈയിൽ നിന്നും അവൾ ഓരോ ഉരുള ചോറും സന്തോഷത്തോടെ വായിലേക്ക് സ്വീകരിച്ചു. അവനും അതോടൊപ്പം കഴിച്ചു.

"ഇച്ചായൻ വാരി തരുന്നത് കൊണ്ടാണെന്നു തോന്നുന്നു, ഇന്ന് ഒരു പ്രത്യേക ടേസ്റ്റ് ഉണ്ട് കഴിക്കാൻ."

അവൻ ഒരു ചിരിയോടെ ചോദിച്ചു.

"എങ്കിൽ ഞാൻ എന്നും വാരി തരട്ടെ."

അവളും ഒരു ചിരിയോടെ മറുപടി നൽകി.

"എനിക്ക് സമ്മതം.."

"അയ്യടി കൊച്ചു കൊച്ചല്ലേ എന്നും വാരി തരാൻ, വയസു ഇരുപത്തഞ്ചായെന്ന് വല്ല വിചാരവും ഉണ്ടോ?"

"എനിക്ക് ഇരുപത്തഞ്ചു വയസ്സായെന്ന് ഇച്ചായന് വല്ല വിചാരവും ഉണ്ടോ?"

അവൻ മുഖം ചുളിച്ചു കൊണ്ട് ചോദിച്ചു.

"അതെന്താ നീ അങ്ങനെ പറഞ്ഞത്?"

അവൾ ഒരു കള്ള ചിരിയോടെ പറഞ്ഞു.

"ചൂട് പിടിക്കുമ്പോൾ ഇച്ചായന്റെ നോട്ടം എവിടെക്കായിരുന്നെന്നു ഞാൻ കണ്ടു, ഞാൻ ഒരു ഇരുപത്തഞ്ചു വയസായ പെണ്ണാണെന്ന് വല്ല വിചാരവും ഉണ്ടായിരുന്നെങ്കിൽ എന്റെ അവിടേക്കൊക്കെ നോക്കുമായിരുന്നോ."

ശ്രീഹരിയുടെ മുഖത്ത് പെട്ടെന്ന് ജാള്യത കൊണ്ട് നിറഞ്ഞു. പെട്ടെന്ന് എന്ത് പറയണമെന്ന് അവനു അറിയില്ലായിരുന്നു.

അവളുടെ മുന്നിൽ നിന്നും രക്ഷപെടാനായി അവൻ പറഞ്ഞു.

"ഞാൻ പോയി പാത്രം കഴുകി വച്ചിട്ട് വരാം."

അവളുടെ മറുപടിക്ക് പോലും കാക്കാതെ അവൻ വേഗം അടുക്കളയിലേക്ക് നടന്നു.

അവന്റെ പോക്ക് കണ്ടു ചിരിച്ചു കൊണ്ട് അവൾ പറഞ്ഞു.

"ചമ്മി ഓടിപ്പോകണ്ടാ. ഇച്ചായൻ പെട്ടെന്ന് മുഖം മാറ്റിയതും ഞാൻ കണ്ടു."

അവൻ അടുക്കളയിലേക്ക് നടക്കുന്നതിനിടയിൽ അവളെ തിരിഞ്ഞു നോക്കി ഒന്ന് ചിരിച്ചു. ജീനയും ഒരു ചിരിയോടെ കസേരയിൽ നിന്നും എഴുന്നേറ്റ് വാ കഴുകാനായി പോയി.

കുറച്ച് സമയങ്ങൾക്ക് ശേഷം ജീന ഉറങ്ങാനായി റൂമിലേക്ക് പോയപ്പോൾ ശ്രീഹരിയും കൂടെ ചെന്നു.

ഒരു ടാബ്ലെറ്റും വെള്ളവും അവൾക്ക് കൊടുത്തു കൊണ്ട് പറഞ്ഞു.

"പെയിൻ കില്ലർ ആണ്, കഴിച്ചിട്ട് കിടന്നോ."

ചെറിയ വേദന ഉണ്ടായിരുന്നതിനാൽ അവൾ അത് അനുസരിച്ചു.

ബെഡിലേക്ക് കിടന്ന ജീനയെ ഒരു പുതപ്പെടുത്തു പുതച്ചു കൊടുത്തുകൊണ്ട് ശ്രീഹരി അവൾക്കരികിലായി ഇരുന്നു.

അവളുടെ കഴുത്തിൽ കിടന്ന മാലയിൽ പിടിച്ച് കൊണ്ട് അവൻ ചോദിച്ചു.

"നിനക്ക് ഈ മാലയങ്ങു അവനു വിട്ടു കൊടുത്താൽ പോരായിരുന്നോ.. എങ്കിൽ ഇത്രയും വേദന അനുഭവിക്കണമായിരുന്നോ."

മാലയിൽ പിടിച്ചിരുന്ന അവന്റെ കൈയിൽ തന്റെ കാര്യങ്ങൾ അമർത്തികൊണ്ടു അവൾ പറഞ്ഞു.

"ഇച്ചായൻ തന്നല്ലേ എന്നോട് പറഞ്ഞിരുന്നത് ഈ മാല നഷ്ടപെടുത്തരുതെന്ന്."

അവൻ ഒന്നും മിണ്ടാതെ കുറച്ച് നേരം അവളുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നു. കുറച്ച് സമയം കഴിഞ്ഞപ്പോഴേക്കും ടാബ്ലെറ്റിന്റെ സെഡേഷൻ കാരണം അവളുടെ കണ്ണുകൾ അടഞ്ഞു തുടങ്ങി.

കുറച്ച് സമയത്തിന് ശേഷം അവൾ പൂർണമായും നിദ്രയിലേക്കാഴ്ന്നപ്പോൾ ശ്രീഹരി തന്റെ ചുണ്ടുകൾ അവളുടെ നെറ്റിയിൽ അമർത്തിയ ശേഷം തന്റെ മുറിയിലേക്ക് നടന്നു.

.

.

അടുത്ത ദിവസം രാവിലെ എഴുന്നേൽക്കുമ്പോൾ ജീനയ്ക്ക് വേദനയിൽ നിന്നും നല്ല രീതിയിൽ ആശ്വാസം ലഭിച്ചിരുന്നു. അതുകൊണ്ട് തന്നെ അവൾ ഹോസ്പിറ്റലിലും പോകാൻ വിസമ്മതിച്ചു.

അന്നത്തെ ദിവസം ഓഫീസിൽ പോകാൻ ജീനയെ ശ്രീഹരി അനുവദിച്ചതുമില്ല.

തൊട്ടടുത്ത ദിവസം ആയിരുന്നു അനുപമയുടെ കല്യാണം.

കല്യാണത്തിന് പോകാനായി രാവിലെ കുളിച്ച് തല തുവർത്തി കൊണ്ട് നിൽക്കുമ്പോഴാണ് ജീനയുടെ ശബ്ദം ശ്രീഹരിയുടെ കാതുകളിൽ എത്തിയത്.

"ഇച്ചായാ.. ഇങ്ങോട്ടൊന്നു വന്നേ."

"ഈ പെണ്ണ് രാവിലെ തന്നെ തുടങ്ങിയല്ലോ ബഹളം.."

ചറുപിറുത്തുകൊണ്ടു ശ്രീഹരി ജീനയുടെ മുറിയിലേക്ക് നടന്നു. അവൻ ചെല്ലുമ്പോൾ ബ്ലൗസും അടിപാവാടയും മാത്രം ഇട്ട് സാരിയും കൈയിൽ പിടിച്ച് നിൽക്കുകയായിരുന്നു ജീന.

ഒരു നിമിഷം അവളുടെ രൂപത്തെ ശ്രീഹരി നോക്കി നിന്ന് പോയി.

"ഇച്ചായാ ഇതൊന്നു ഉടുത്തു തന്നെ, സമയം ഇപോഴങ്ങു പോകും."

അവളുടെ ശബ്ദം ആണ് അവനെ ആ നോട്ടത്തിൽ നിന്നും ഉണർത്തിയത്.

അവളുടെ കൈയിൽ നിന്നും സാരി വാങ്ങിക്കൊണ്ടു അവൻ പറഞ്ഞു.

"വേറെ ആൺപിള്ളേരുടെ മുന്നിൽ ഒന്നും പോയി ഈ കോലത്തിൽ നിന്ന് കളയല്ലേ.. അവർക്ക് ചിലപ്പോൾ കണ്ട്രോൾ ചെയ്യാൻ പറ്റിയെന്ന് വരില്ല."

അവളോ അവനെ ഒന്ന് ചൊടിപ്പിച്ചു കൊണ്ട് പറഞ്ഞു.

"പിന്നെ.. ഞാനങ്ങു എല്ലാ ആൺപിള്ളേരുടെയും മുന്നിൽ പോയി ഇന്നാ കണ്ടോ എന്നും പറഞ്ഞങ്ങു നിൽക്കയല്ലേ.."

അവളുടെ ഇളിയിൽ സാരി കുത്തികൊണ്ട് അവൻ ചോദിച്ചു.

"അപ്പോൾ എന്റെ മുന്നിൽ നിൽക്കുന്നതോ?"

അവനെ കളിയാക്കികൊണ്ട് ജീന പറഞ്ഞു.

"ഇച്ചായൻ കണ്ടിട്ടുള്ള പെൺപിള്ളേരെ വച്ച് നോക്കുമ്പോൾ ഞാനൊക്കെ ഒരു ഫിഗർ ആണോ.. ആ ധൈര്യത്തിൽ നിൽക്കുന്നതല്ലേ.."

അപ്പോഴേക്കും ശ്രീഹരി അവളുടെ ചുറ്റും സാരി ചുറ്റി കഴിഞ്ഞിരുന്നു.

അവളുടെ തോളിലേക്ക് സാരിയുടെ തുഞ്ച ഇട്ടുകൊണ്ട് അവൻ പറഞ്ഞു.

"പണ്ടത്തെ നിന്റെ കോലം ആയിരുന്നെങ്കിൽ നിന്റെ ഈ ഡയലോഗ് ഞാൻ സമ്മതിച്ചേനേ.. പക്ഷെ ഇപ്പോൾ..."

സാരിയുടെ ഞൊറി പിടിച്ച് കൊണ്ടിരുന്ന അവനോടു ജീന ചോദിച്ചു.

"ഇപ്പോൾ എന്നെ കാണാൻ അത്രക്ക് കിടു ആണോ?"

ഒരു കള്ളച്ചിരിയോടെ അവളുടെ ഞെഞ്ചിലേക്ക് നോക്കികൊണ്ട് അവൻ പറഞ്ഞു.

"കിടു ആണോന്നു ചോദിച്ചാൽ... എല്ലാം ഇപ്പോൾ പണ്ടുണ്ടായിരുന്നതിന്റെ ഡബിൾ ഉണ്ടല്ലോ."

അവൾ മുഖം ചുളിച്ച്കൊണ്ടു പറഞ്ഞു.

"ശെയ്.. നാണമില്ലല്ലോ ഇങ്ങനൊക്കെ പറയാൻ.. ഇച്ചായൻ ആള് ശരിയല്ല."

അവൻ ചിരിച്ച് കൊണ്ട് അവളുടെ ഇളിയിലേക്ക് നൊറി പിടിച്ചത് കുത്തി വച്ചു. അപ്പോഴാണ് ഇളിയിൽ ഉണ്ടായിരുന്ന കറുത്ത മറുക് അവന്റെ ശ്രദ്ധയിൽ പെട്ടത്.

അതിലേക്ക് നോക്കികൊണ്ട് അവൻ പറഞ്ഞു.

"നിനക്ക് എല്ലായിടത്തും മറുക് ആണല്ലോ."

ജീന അവനെ നോക്കിയപ്പോൾ തന്റെ ഇളിയിലെ മറുക് കണ്ടാണ് അവൻ അങ്ങനെ പറഞ്ഞതെന്ന് ജീനയ്ക്ക് മനസിലായി.

അവൾ സംശയത്തോടെ ചോദിച്ചു.

"വേറെ എവിടെയാണ് ഇച്ചായൻ മറുക് കണ്ടത്?"

അവൻ ഒരു കള്ളച്ചിരിയോടെ അവളുടെ വലതു മാറിടത്തിലേക്ക് നോക്കി.

"അയ്യേ.. ഒരു നാറി ആണ് ഇച്ചായൻ.. ഇന്നലെ ഒരു നിമിഷമാണ് അവിടേക്ക് നോക്കുന്നത് കണ്ടത്, അതിനുള്ളിൽ ഏതൊക്കെയാണ് കണ്ടു പിടിച്ചത്."

ചിരിച്ച് കൊണ്ട് അവനെ പിടിച്ച് തള്ളിക്കൊണ്ട് പറഞ്ഞു.

"ഇയ്യാള് പോയെ.. ബാക്കി ഞാൻ ഉടുത്തു കൊള്ളാം."

"നിനക്കതിനു ഉടുക്കാൻ അറിയാമോ?"

"ഇനി പിന്ന് കുത്തിയാൽ മതിയല്ലോ. അത് എനിക്കറിയാം.. ഇച്ചായൻ പോയി റെഡി ആക്.. നമ്മൾ കുറച്ചു നേരത്തെ എങ്കിലും അവിടെ എത്തണ്ടേ?"

ശ്രീഹരിക്കും തോന്നി നേരത്തെ ഇറങ്ങിയില്ലെങ്കിൽ ട്രാഫിക് ഒകെ കഴിഞ്ഞു അങ്ങ് എത്തുമ്പോൾ ലേറ്റ് ആകുമെന്ന്. അവൻ തന്റെ റൂമിലേക്ക് നടന്നു.

ഓഡിറ്റോറിയത്തിലേക്ക് ശ്രീഹരിയും ജീനയും നടന്നു കയറുമ്പോൾ അവിടെ ഉണ്ടായിരുന്ന ഓഫീസിലെ സ്റ്റാഫുകളുടെ ശ്രദ്ധ അവരിലേക്ക് തിരിഞ്ഞു.

ഒരേ ശ്രീഹരി ധരിച്ചിരുന്ന ഷർട്ടും ജീനയുടെ സാരിയും ഇളം നീല കളറിൽ തന്നെ ആയിരുന്നതിനാലാണ് എല്ലാപേരുടെയും ശ്രദ്ധ അവരിലേക്ക് തിരിഞ്ഞത്. അനുപമയാണ് അവർക്ക് ഈ ഡ്രസ്സ് നൽകിയതെന്ന് ആർക്കും അറിയില്ലായിരുന്നു.

സ്റ്റാഫുകളെയെല്ലാം ഒരു പുഞ്ചിരിയോടെ നോക്കി ശ്രീഹരി അകത്തേക്ക് നടക്കുന്നതിനിടയിൽ അവനെ കണ്ടുകൊണ്ട് അനുപമയുടെ അച്ഛൻ പെട്ടെന്ന് അവരുടെ അടുത്തേക്ക് വന്നു.

ശ്രീഹരി ഒരു പുഞ്ചിരിയോടെ അദ്ദേഹത്തിന്റെ കൈയിൽ പിടിച്ചു.

"മോള് ഡ്രസിങ് റൂമിൽ ആണ്.. അവിടെ ഫോട്ടോസ് എടുത്തുകൊണ്ടിരിക്കയാണ്."

"എന്നാൽ നമുക്ക് അങ്ങോട്ട് പോകാം."

അച്ഛൻ അവരെ ഡ്രസിങ് റൂമിലേക്ക് കൊണ്ട് പോയി. അവർ അവിടെ ചെല്ലുമ്പോൾ അവിടെ തകർത്ത് ഫോട്ടോ എടുപ്പ് നടക്കുകയായിരുന്നു.

ജീനയെയും ശ്രീഹരിയേയും കണ്ടപ്പോൾ അനുപമ പെട്ടെന്ന് തന്നെ ഫോട്ടോക്കുള്ള പോസ് മതിയാക്കി അവരുടെ അടുത്തേക്ക് ഓടി വന്നു.

ഒരു ചുവപ്പു കളർ കല്യാണ സാരിയാണ് അവൾ ഉടുത്തിരുന്നത്. അത്യാവിശം സ്വർണഭരണങ്ങളും ശരീരത്തുണ്ട്. മുഖത്തൊന്നും അധികം ചായങ്ങൾ വാരി ചെയ്ക്കാതെ വളരെ ഭംഗിയായി തന്നെ അവളെ ഒരുക്കിയിട്ടും ഉണ്ട്.

ശ്രീഹരി പറഞ്ഞു.

"അങ്ങ് സുന്ദരി ആയിട്ടുണ്ടല്ലോ ഇന്ന്."

അവൾ ചെറിയൊരു നാണത്തോടെ പറഞ്ഞു.

"ചുമ്മാ കാലിയാക്കല്ലേ.."

"കളിയാക്കിയതല്ല, സംശയം ഉണ്ടെങ്കിൽ ജീനയോടു ചോദിച്ച നോക്ക്."

അനുപമ ജീനയെ നോക്കി. അവൾ സൂപ്പർ ആയിട്ടുണ്ടെന്നു കൈ കൊണ്ട് ആഗ്യം കാണിച്ചു.

ശ്രീഹരി ജീനയുടെ നേരെ കൈ നീട്ടിയപ്പോൾ അവൾ, കൈയിലിരുന്ന ബോക്സ് അവനു നൽകി.

അത് അനുപമക്ക് നൽകികൊണ്ട് ശ്രീഹരി പറഞ്ഞു.

"ഇനി ഞാൻ ഗിഫ്റ്റ് തന്നില്ലെന്ന് പരാതി പറയരുത്."

അനു അപ്പോൾ തന്നെ അത് തുറന്നു നോക്കി. അവളുടെ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു. ഒരു ഡയമണ്ട് നെക്ലേസ് ആയിരുന്നു അത്.

"താങ്ക്സ് സർ.."

ശ്രീഹരി ഒന്ന് പുഞ്ചിരിച്ചു.

"ജീനക്കും കൂടി ഇതുപോരെണ്ണം വാങ്ങി കൊടുത്തൂടെ?"

"ജീനയുടെ കഴുത്തിൽ ഈ നേർത്ത മാല കിടക്കുന്നതാണ് ഭംഗി."

അനുപമ ജീനയെ നോക്കി. അവളുടെ കഴുത്തിൽ പറ്റിച്ചേർന്ന് കിടക്കുന്ന ആ കുഞ്ഞു മാല തന്നെയാണ് ഭംഗിയെന്ന് അനുവിനും തോന്നി.

അപ്പോഴേക്കും ക്യാമറാമാൻമാർ അനുവിന്റെ ഫോട്ടോസ് എടുക്കാൻ തിരക്ക് കൂട്ടി.

അനുപമ ശ്രീഹരിയോട് പറഞ്ഞു.

"സാർ.. നമുക്കൊരു ഫോട്ടോ എടുക്കാം."

ശ്രീഹരിയും ജീനയും അനുപമക്കൊപ്പം നിന്ന് ഒരു ഫോട്ടോ എടുത്തു. അതിന് ശേഷം അവിടെ നിന്നും പിൻവാങ്ങി.

ജീന മുഴുവൻ സമയവും ശ്രീഹരിക്ക് ഒപ്പം തന്നെ ആയിരുന്നു. അവൻ എവിടൊക്കെ പോകുന്നു അവിടൊക്കെ അവന്റെ കൈയും കൂട്ടിപ്പിടിച്ച് അവളും ഒപ്പം ഉണ്ടായിരുന്നു.

ഓഫീസിലെ സ്റ്റാഫുകളിൽ പലർക്കും അവളോട് ഒരു ഇഷ്ടം തോന്നിയിരുന്നെങ്കിലും ശ്രീഹരിയും ജീനയും തമ്മിലുള്ള ഈ ഒരു അടുപ്പം

കാണുന്നതിനാലാണ് അവർ ജീനയോടു ഒരു അകലം പാലിച്ചിരുന്നത്. എപ്പോഴും ആർക്കും മനസിലായിട്ടില്ല ജീനയും ശ്രീഹരിയും തമ്മിലുള്ള യഥാർഥ ബന്ധം എന്താണെന്ന്. ശ്രീഹരിയുടെ 'അമ്മ വന്നപ്പോൾ അവളോട് കാണിച്ച സ്നേഹ പ്രകടനത്തിന്റെ കാരണവും ആർക്കും അറിയില്ല. ജീന ഒരു ക്രിസ്ത്യൻ ആയതിനാൽ തന്നെ ബന്ധുക്കൾ അല്ലെന്ന് അവർ ഊഹിച്ചു. കല്യാണത്തിനുള്ള കണക്കുകൂട്ടലുകൾക്ക് ഇടയിലും മതം ഒരു വെല്ലുവിളിയായി അവർക്കിടയിൽ നിന്നു.

കല്യാണത്തിന് ശേഷം അനുപമയുടെ അച്ഛന്റെ ക്ഷണ പ്രകാരം ശ്രീഹരിയും ജീനയും ഫോട്ടോ എടുക്കാനായി അനുവിന്റെ അടുത്തേക്ക് പോയി.

അനുപമ അവർ രണ്ടുപേരെയും ഹസ്ബന്റിനു പരിചയപ്പെടുത്തി കൊടുത്തു. ഒരു സൗഹൃദ സംഭാഷണത്തിന് ശേഷം അവർ ഫോട്ടോക്ക് പോസ് ചെയ്തു.

ഫോട്ടോ എടുത്തു കഴിഞ്ഞ് അവർ രണ്ടുപേരും അവിടന്ന് പോകാൻ തുനിഞ്ഞപ്പോൾ അവരെ തടഞ്ഞു നിർത്തിക്കൊണ്ട് അനുപമ പറഞ്ഞു.

"ഞാൻ ഒരു കാര്യം പറയട്ടെ?"

ശ്രീഹരി ആകാംഷയോടെ ചോദിച്ചു.

"എന്താ?"

"നിങ്ങൾ രണ്ടുപേർക്കും കല്യാണം കഴിച്ചൂടെ. പെർഫെക്റ്റ് പാർട്ണെഴ്സ് ആയിരിക്കും നിങ്ങൾ.. സാറിനെ ജീനയെക്കാളും നന്നായി നോക്കുന്ന ഒരു പെൺകുട്ടിയെ ഇനി കിട്ടില്ല."

പെട്ടെന്നുള്ള അനുവിന്റെ പറച്ചിൽ കേട്ട് ശ്രീഹരി ഒന്ന് ഞെട്ടി. ജീനയുടെ മുഖത്ത് അപ്പോഴും ഒരു തമാശ കേട്ട ചിരിയായിരുന്നു നിറഞ്ഞു നിന്നത്.

ശ്രീഹരി ഒരു തമാശയെന്നവണ്ണം പറഞ്ഞു.

"നിന്റെ ഈ ആശയത്തെ കുറിച്ച ഞാൻ ഒന്ന് ചിന്തിച്ച് നോക്കട്ടെ."

ഒരു ചിരിയോടെ ശ്രീഹരിയും ജീനയും അവിടെ നിന്നും നടന്നു നീങ്ങി.

.

.

റോഡിൽ നിന്നും മാളിന്റെ എൻട്രൻസിലോട്ട് കടന്ന ശ്രീഹരി കാർ നേരെ പാർക്കിംഗ് ഏരിയയിലേക്ക് കൊണ്ട് പോയി. കാറിൽ നിന്നും പുറത്തിറങ്ങുമ്പോൾ ജീനയുടെ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായിരുന്നു.

അന്നൊരു ഞായറാഴ്ച ദിവസം ആയിരുന്നു. തലേദിവസം ജീന ശ്രീഹരിയോട് പറഞ്ഞതായിരുന്നു ഇന്ന് അവളെ ഫിലിം കാണാൻ കൊണ്ട് പോകണമെന്ന്. പണ്ട് കോളേജിൽ പഠിക്കുമ്പോൾ ശ്രീഹരിക്കൊപ്പം ഫിലിം കാണാൻ പോയതിനു ശേഷം പിന്നീടിതുവരെയും അവൾ ഒരു ഫിലിമിനും പോയിട്ടുണ്ടായിരുന്നില്ല.

ഞായറാഴ്ച ആയതിനാൽ രാജുവിന് അവധി കൊടുത്തിരുന്നു. അതിനാൽ ശ്രീഹരി തന്നെയായിരുന്നു കാർ ഓടിച്ചത്.

കാറിൽ നിന്നും ഇറങ്ങിയ ശ്രീഹരി ലിഫ്റ്റിന് അടുത്തേക്ക് നടന്നു. അവന്റെ കൈ ചുറ്റിപ്പിടിച്ച് ജീനയും.

ടിക്കറ്റ് നേരത്തെ തന്നെ ഓൺലൈൻ ആയി ബുക്ക് ചെയ്തിരുന്നതിനാൽ ടിക്കറ്റ് കിട്ടുമോ എന്ന കാര്യത്തിൽ അവന് ടെൻഷൻ ഇല്ലായിരുന്നു.

ലിഫ്റ്റിലേക്ക് കയറുന്നതിനിടയിൽ അവൻ വാച്ചിൽ നോക്കി പറഞ്ഞു.

"6 മണിക്ക് ആണ് ഫിലിം തുടങ്ങുന്നത്. അതിന് ഇനിയും അര മണിക്കൂറിൽ കൂടുതൽ സമയം ഉണ്ട്. നമുക്ക് ചുമ്മാ ഒന്ന് കറങ്ങി നടക്കാം."

ജീനയ്ക്കും അത് സമ്മതം ആയിരുന്നു.

ലിഫ്റ്റിൽ നിന്നും ഫസ്റ്റ് ഫ്ലോറിൽ ഇറങ്ങിയ അവർ ചുമ്മാ നടന്നു തുടങ്ങി. ഞായറാഴ്ചയും വൈകുന്നേരവും ആയതിനാൽ നല്ല തിരക്കുണ്ടായിരുന്നു.

ജീന അവിടെ ഉണ്ടായിരുന്ന പെൺകുട്ടികളെ ശ്രദ്ധിച്ചു. മിക്കപേരും ജീൻസും ടോപ്പും കുറച്ചു മോഡേൺ രീതിയിലുള്ള ഡ്രെസ്സുകളും തന്നെ ആയിരുന്നു ഇട്ടിരുന്നത്.

"ഇപ്പോഴത്തെ പെണ്പിള്ളേരെല്ലാം നല്ല മോഡേൺ ആണല്ലോ ഇച്ചായാ..."

ശ്രീഹരി എല്ലാരേയും ഒന്ന് നോക്കികൊണ്ട് പറഞ്ഞു.

"ഇപ്പോഴത്തെ മാത്രമല്ല, നമ്മൾ കോളേജിൽ പഠിക്കുന്ന സമയത്തെ മിക്കപേരും ജീൻസിലും ടോപ്പിലേക്കും മാറിയിരുന്നു.. നീയാണ് അന്നും ഇന്നും ഒരു ചുരിദാർ മോഡൽ ഡ്രെസ്സും ഇട്ട് പഴഞ്ചനായി നടക്കുന്നത്."

അവൾ മുഖം ചുളിച്ച് അവന്റെ കൈയിൽ നിന്നും പിടിവിട്ടു കൊണ്ട് പറഞ്ഞു.

"ഓഹ്.. ഞാൻ ഇത്തിരി പഴഞ്ചൻ തന്നെയാണ്.. ഇയ്യാൾക്ക് പറ്റുമെങ്കിൽ എന്നെ കൂടെ കൊണ്ട് നടന്നാൽ മതി."

അവളുടെ കൈയിൽ ചുറ്റിപ്പിടിച്ച് തന്നിലേക്ക് അടിപ്പിച്ച് കൊണ്ട് അവൻ പറഞ്ഞു.

"ഇച്ചിരി പഴഞ്ചൻ ആണെങ്കിലും ഇവിടെ ഉള്ള ഏതു പെണ്പിള്ളേരെക്കാളും കാണാൻ സുന്ദരി അല്ലെ എന്റെ കൊച്ച്."

"അങ്ങ് കൂടുതൽ സുഗിപ്പിക്കല്ലേ."

ശ്രീഹരി ചിരിച്ച് കൊണ്ട് അവളെ തന്നിലേക്ക് ചേർത്ത് പിടിച്ചുകൊണ്ടു നടന്നു.

KFC യുടെ മുന്നിൽ എത്തിയപ്പോൾ ശ്രീഹരി ചോദിച്ചു.

"ഫിലിം തീരാൻ 9 മണി അടുപ്പിച്ചാകും. നമുക്ക് എന്തെങ്കിലും കഴിച്ചിട്ട് കയറിയാലോ."

"എന്ത് കഴിക്കാൻ?"

KFC ചൂണ്ടി കാണിച്ചുകൊണ്ട് അവൻ പറഞ്ഞു.

"ഇവിടന്ന് ബർഗർ കഴിക്കാം."

"ഒന്നാമത് ഞാൻ തടിച്ച് വരികയാണെന്ന് എനിക്ക് തന്നെ തോന്നി തുടങ്ങിയിട്ടുണ്ട്. അതിന്റെ കൂടെ ഇതും കൂടെ കഴിക്കാത്തതിന്റെ കുറവേ ഉള്ളു."

അവളുടെ കൈ പിടിച്ച് അകത്തേക്ക് കയറ്റികൊണ്ട് അവൻ പറഞ്ഞു.

"ഇന്നൊരു ദിവസം കഴിച്ചു എന്നും പറഞ്ഞു നീ തടിച്ചി ഒന്നും ആകാൻ പോകുന്നില്ല."

ശ്രീഹരി അവളെ ഒരിടത്തു ഇരുത്തിയ ശേഷം പോയി രണ്ട്പേർക്കും ബർഗറും കോളയും ഓർഡർ ചെയ്തു. എന്നിട്ട് തിരികെ വന്ന് ജീനയുടെ അരികിൽ വന്നിരുന്നു.

"നിന്റെ വയർ കുറച്ച് ചാടി തുടങ്ങിയിട്ടുണ്ട് കേട്ടോ."

അവൾ പെട്ടെന്ന് ചുരിദാർ ടോപിനു മുകളിൽ കൂടി തന്റെ വയർ നോക്കികൊണ്ട് ചോദിച്ചു.

"അതെങ്ങനെ ഇച്ചായന് അറിയാം?"

അവൻ ഒരു കള്ള ചിരിയോടെ പറഞ്ഞു.

"അന്ന് സാരി ഉടുപ്പിച്ചപ്പോൾ കണ്ടതാണ്."

"നാണമില്ലാത്ത ജന്തു.. ഒരവസരം കിട്ടുമ്പോൾ എല്ലാം നോക്കിക്കൊള്ളും."

അവൻ ഒരു ചിരിയോടെ പറഞ്ഞു.

"എന്റെ മുന്നിൽ വന്നു അങ്ങനെ നില്ക്കാൻ നിനക്ക് നാണമില്ലായിരുന്നല്ലോ."

അവൾ ശ്രീഹരിയെ കളിയാക്കികൊണ്ട് പറഞ്ഞു.

"ഇച്ചായൻ ഒരു മാന്യൻ ആണെന്നല്ല ഞാൻ കരുതിയെ.. ഇപ്പോഴല്ലേ തനി നിറം മനസിലായത്."

അതുകേട്ട ശ്രീഹരി അവളുടെ ചെവിയിൽ പിടിച്ച് കിഴുക്കി. അവന്റെ കൈയിൽ പിടിച്ച് കൊണ്ട് അവൾ ചിണുങ്ങി.

"ഇച്ചായാ എന്റെ ചെവീന്ന് വിട്.. എനിക്ക് വേദനിക്കുന്നു."

അപ്പോഴേക്കും അവർക്കുള്ള ഫുഡ് ഓർഡർ ആയി ടോക്കൺ നമ്പർ വിളിച്ചു. അവൻ ജീനയുടെ ചെവിയിൽ നിന്നും പിടി വിട്ട് ഫുഡ് വാങ്ങാനായി പോയി.

ഫുഡുമായി ശ്രീഹരി തിരികെ വന്നിരുന്നപ്പോൾ ജീന ചെവി തടവിക്കൊണ്ട് പറഞ്ഞു.

"ദുഷ്ടൻ.."

അവൻ ഒരു ചിരിയോടെ ബർഗർ അവളുടെ നേരെ നീട്ടി വച്ചു. ചില നേരത്തെ അവളുടെ പ്രവർത്തികളും സംസാരവും ഒകെ കൊച്ചു പിള്ളേരെ ആണെന്ന് അവന് തോന്നാറുണ്ട്. അവന് അത് കാണുന്നതും കേൾക്കുന്നതും ഇഷ്ടവുമാണ്.

സാവധാനം ബർഗർ കഴിച്ചുകൊണ്ടിരുന്ന അവളോട് ശ്രീഹരി ചോദിച്ചു.

"നാളെതൊട്ട് നമുക്ക് ജോഗ്ഗിങ്ങിന് പോയല്ലോ?"

"അഹ്.. ബെസ്റ്റ്.. 7 മണിക്ക് ഞാൻ വിളിക്കുമ്പോൾ ചറുപിറുത്തുകൊണ്ട് എഴുന്നേൽക്കുന്ന ആള് തന്നെ ഇത് പറയണം."

"നാളെ നീ എന്നെ 5 മണിക്ക് വിളിച്ചോ.. നമുക്ക് ജോഗ്ഗിഗിന് പോകാം."

"ഞാൻ വിളിക്കുമേ.."

"വിളിച്ചോന്നേ.."

"അപ്പോൾ എന്നെ വല്ലോം പറഞ്ഞാൽ ഞാൻ ആ കഴുത്ത് പിടിച്ച് ഇറുക്കിയങ്ങു കൊല്ലും ഇച്ചായൻ."

"ഈ ഇടയായി നീ എന്നെ അങ്ങ് ഭരിക്കുവാണല്ലോടി."

അവൾ ചിരിച്ച് കൊണ്ട് പറഞ്ഞു.

"പണ്ട് എന്നെ കുറെ ഭരിച്ചതല്ലേ.. ഇപ്പോൾ ഞാൻ കുറച്ച് ഭരിക്കട്ടെ."

"ഓഹ്.. ശരി മാഡം."

അവിടന്ന് കഴിച്ച് ഇറങ്ങിയപ്പോഴേക്കും ഫിലിം തുടങ്ങാൻ ടൈം ആയി. അവർ നേരെ തീയറ്ററിലേക്ക് നടന്നു.

അവിടെ എത്തുമ്പോഴാണ് ജീനയുടെ കണ്ണിൽ ഐസ് ക്രീം ഷോപ് പെട്ടത്.

ശ്രീഹരിയുടെ കൈയിൽ ചുരണ്ടികൊണ്ട് അവൾ പറഞ്ഞു.

"ഐസ് ക്രീം വേണം."

"നിനക്ക് ആരെങ്കിലും ഐസ് ക്രീമിൽ കൈ വിഷം തന്നിട്ടുണ്ടോ. ഇവിടെ കണ്ടാലും അപ്പോൾ വേണമല്ലോ."

ചിണുങ്ങിക്കൊണ്ട് അവൾ പറഞ്ഞു.

"പ്ലീസ് ഇച്ചായാ.."

"കിടന്ന് ചിണുങ്ങണ്ട.. വാങ്ങി തരാം.."

അത് കേട്ടപ്പോൾ അവളുടെ മുഖത്ത് ചിരി വിടർന്നു. ശ്രീഹരി അവളെയും കൂട്ടികൊണ്ട് പോയി ഒരു ഐസ് ക്രീം വാങ്ങി അവൾക്ക് കൊടുത്തു.

"ഇച്ചായന് വേണ്ടേ?"

"വയറ്റിൽ ഇപ്പോൾ സ്ഥലം ഇല്ല."

അവൻ ജീനയെയും കൂട്ടി അകത്തേക്ക് പോയി. സീറ്റ് നമ്പർ അനുസരിച്ച് അവരെ ഒരാൾ കൊണ്ട് പോയി ഇരുത്തി.

ഫിലിം തുടങ്ങാൻ ഒരു 5 മിനിറ്റ് ബാക്കി ഉണ്ടായിരുന്നു. ജീന അവിടെ ഇരുന്ന് ഐസ് ക്രീം കഴിച്ച് തുടങ്ങി.

അവൾ ഒരു സ്പൂൺ ഐസ് ക്രീം കോരി അവന്റെ നേരെ നീട്ടി. അവൻ ഒരു ചിരിയോടെ അത് വായ്ക്കുള്ളിൽ ആക്കി.

അപ്പോഴാണ് അവർക്ക് മുന്നിൽ കൂടി ഒരാൾ ആ നിരയിലെ അകത്തെ സീറ്റിലേക്ക് കടന്ന് പോയത്. ഒരു നിമിഷം അയ്യാളുടെ മുഖം ജീനയുടെ ശ്രദ്ധയിൽ പെട്ടു.

അവളുടെ മുഖം പെട്ടെന്ന് വിളറി വെളുത്തു. നെറ്റിയിൽ വിയർപ്പ് പൊടിഞ്ഞു.

കുറച്ച് നേരത്തേക്ക് അവൾക്ക് അനങ്ങാനായില്ല. സ്വബോധത്തിലേക്ക് തിരിച്ച് വന്ന അവൾ ഐസ് ക്രീം ശ്രീഹരിയുടെ കൈയിലേക്ക് കൊടുത്തു.

"നിനക്ക് വേണ്ടേ?"

അവൾ വേണ്ട എന്നുള്ള അർത്ഥത്തിൽ മൂളി. ജീനയുടെ മുഖം വല്ലാതെ ഇരിക്കുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടു.

"എന്ത് പറ്റി നിനക്ക്?"

"ഒന്നൂല്ല.."

അപ്പോഴേക്കും സിനിമ തുടങ്ങിയിരുന്നു. അവൻ പതുക്കെ സിനിമയിലേക്ക് ശ്രദ്ധിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ അവന്റെ ശ്രദ്ധ വീണ്ടും ജീനയിലേക്ക് തിരിഞ്ഞു. അവൾ സിനിമ കാണാതെ മുഖം കുനിച്ച് ഇരിക്കയാണ്.

"ജീന.. നിനക്ക് എന്ത് പറ്റി?"

അവൾ മുഖം ഉയർത്തി പറഞ്ഞു.

"നമുക്ക് വീട്ടിൽ പോകാം ഇച്ചായാ.."

അവൾക്ക് എന്തോ കാര്യമായി പറ്റിയിട്ടുണ്ടെന്ന് ശ്രീഹരിക്ക് തോന്നി.

അവളുടെ കൈയിൽ പിടിച്ച് കൊണ്ട് അവൻ പറഞ്ഞു.

"വാ.. നമുക്ക് പോകാം."

ജീന അവനൊപ്പം പുറത്തിറങ്ങി കാറിനടുത്തേക്ക് നടന്നു.

കാറിൽ വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോഴും ജീന മൗന ആയിരുന്നു.

"നിനക്കെന്താ പറ്റിയത്?"

അവൾ ഒന്നും മിണ്ടിയില്ല. ശ്രീഹരിയെ അവളുടെ മൗനം ദേഷ്യം പിടിപ്പിച്ചു.

"എന്നെ വട്ടു പിടിപ്പിക്കാതെ വാ തുറന്ന് പറയുന്നുണ്ടോ എന്താ കാര്യമെന്ന്."

അവൾ പൊട്ടി കരഞ്ഞുകൊണ്ട് പറഞ്ഞു.

"എന്റെ ശരീരം ആദ്യമായി അനുഭവിച്ചവർ അവിടെ ഉണ്ടായിരുന്നു. ഞാൻ അവനെ കണ്ടു."

ശ്രീഹരി പെട്ടെന്ന് കാറിന്റെ ബ്രേക്ക് ചവിട്ടി. അവളുടെ ജീവിതത്തിൽ ഇനിയും കണ്ട് മുട്ടരുത് എന്ന് ആഗ്രഹിച്ചിരുന്ന ഒരുത്തനെ അവൾ വീണ്ടും കണ്ടിരിക്കുന്നു. ജീനയോടു എന്ത് പറയണമെന്ന് അവന് അറിയില്ലായിരുന്നു.

പെട്ടെന്ന് ബാക്കിൽ നിന്നും ഒരു ഹോണടി കേട്ടപ്പോഴാണ് താൻ കാറ് നടു റോഡിലാണ് നിർത്തിയിരിക്കുന്നത് എന്ന് അവൻ ഓർത്തത്.

അവൻ പെട്ടെന്ന് കാറ് റോഡ് സൈഡിലേക്ക് ഒതുക്കി ഇട്ടു. എന്നിട്ട് അതിൽ നിന്നും പുറത്തിറങ്ങി.

നേരം ഇരുട്ടി തുടങ്ങിയിരുന്നു. അവൻ കാറിന്റെ ബോണറ്റിൽ ചാരി നിന്നു ആലോചിച്ചു.

എന്താ ഇപ്പോൾ ചെയ്യേണ്ടത്.. എന്തു പറഞ്ഞു ജീനയെ ആശ്വസിപ്പിക്കും, തിരിച്ചു പോയി അവനെ അടിച്ചാലോ?

അവൻ കാറിനുള്ളിൽ ഇരിക്കുന്ന ജീനയുടെ മുഖത്തേക്ക് നോക്കി. കരയുകയാണവൾ.

ഏയ്.. അത് ശരിയാകില്ല. അവനുമായി ഒരു അടി ഉണ്ടാക്കിയാൽ അത് ജീനയ്ക്ക് തന്നെയാണ് പ്രശ്നം.. മാത്രമല്ല വീട്ടുകാരുടെ നിര്ബന്ധ പ്രകാരം ജീന തന്നെയാണ് അവന്റെ അടുത്തേക്ക് പോയത്.

കുറച്ച് നേരം കൂടി അവൻ കാറിനു പുറത്തു നിന്നു. പിന്നെ വീട്ടിലേക്ക് പോകാൻ തന്നെ അവൻ തീരുമാനിച്ചു.

തേങ്ങി കരയുന്ന ജീനയുമായി അവൻ വീട്ടിലേക്ക് കാർ ഓടിച്ചു.

വീട്ടിൽ എത്തിയ ഉടൻ അവൾ ഓടി റൂമിലേക്ക് പോയി. അവളുടെ കൂടെ പോകാൻ ശ്രീഹരി തുനിഞ്ഞില്ല. അവൾ ഒറ്റക്കിരിക്കുന്നത് തന്നെയാണ് നല്ലതെന്ന് അവന് തോന്നി. ഇടക്കിടക്ക് അവളുടെ റൂമിന്റെ വാതിൽ വരെ അവൻ പോയി. അപ്പോഴൊക്കെ അവയുടെ തേങ്ങൽ അവന് കേൾക്കാമായിരുന്നു. പതുക്കെ പതുക്കെ അത് ഇല്ലാതായി.

രാത്രി ഉറങ്ങാൻ കിടന്നിട്ട് അവന് ഉറക്കം വന്നില്ല. മനസ് ആകെ തകർന്നിരിക്കുകയാണ്. അവൻ ബെഡിൽ നിന്നും എഴുന്നേറ്റ് ഭിത്തിയിലേക്ക് ചാരി ഇരുന്നു ചുമ്മാ മൊബൈൽ നോക്കി കൊണ്ടിരുന്നു.

ഇടക്കെപ്പോഴോ വാതിലിൽ ഒരു നിഴലനക്കം അവന്റെ ശ്രദ്ധയിൽ പെട്ടു. നോക്കുമ്പോൾ ജീന അവിടെ നിന്ന് അവനെ നോക്കുകയാണ്.

ശ്രീഹരി തന്നെ കണ്ട് എന്ന് മനസിലായപ്പോൾ ജീന ചോദിച്ചു.

"ഇച്ചായാ ഞാൻ ഇന്ന് ഇവിടെ കിടന്നോട്ടെ?"

അവൻ കൈ കാണിച്ച് അവളെ തന്റെ അരികിലേക്ക് വിളിച്ചു. പുറത്ത് പോയപ്പോൾ ഇട്ടിരുന്ന അതെ പിങ്ക് കളർ ചുരിദാറിൽ തന്നെ ആയിരുന്നു അവൾ ഇപ്പോഴും.

ജീന അരികിൽ എത്തിയപ്പോൾ ശ്രീഹരി അവളുടെ കൈയിൽ പിടിച്ച് തന്റെ കാലുകൾക്ക് ഇടയിലായി ഇരുത്തി. അവൾ അവന്റെ നെഞ്ചിലേക്ക് തല ചേർത്ത് വച്ച് ഇരുന്നു.

അവളെ ഒന്നും പറയാൻ അനുവദിക്കാതെ അവളുടെ വയറിൽ തന്റെ കൈ ചുറ്റി പിടിച്ച് ഇരുന്നുകൊണ്ട് അവൻ പറഞ്ഞു.

"നമുക്ക് ഇവിടെ നിന്നും ഒരു മാറ്റം ആവിശ്യമാണ്."

ജീന തല ചരിച്ച് അവന്റെ മുഖത്തേക്ക് നോക്കി.

"നാളെ ഒരു ദിവസം കൂടി എനിക്ക് നീ സമയം താ.. ഓഫീസിലെ കാര്യങ്ങളൊക്കെ ഒന്ന് സെറ്റ് ആക്കിയിട്ട് മറ്റന്നാൾ തന്നെ നമ്മൾ എന്റെ വീട്ടിലേക്ക് പോകുന്നു. ഇനി വിദ്യയുടെ കല്യാണം കഴിഞ്ഞിട്ടേ നമ്മൾ ഇങ്ങോട്ടുള്ളു."

"ഇച്ചായാ.."

"നീ ഒന്നും പറയണ്ട.. നിന്നെ പഴയപോലെ ഡിപ്രെഷനിലേക്ക് തള്ളി വിടാൻ എനിക്കാവില്ല.. അതിന് ഈ ഒരു മാറ്റം തന്നെയാണ് ഏറ്റവും നല്ലത്."

അവൾ മറുപടിയായി ഒന്ന് മൂളുക മാത്രം ചെയ്തു.

"ഇപ്പോൾ നീ ഉറങ്ങാൻ നോക്ക്.."

ശ്രീഹരി അവളുടെ നെറ്റിക്ക് മുകളിലായി ഉമ്മ വച്ചു.

കുറച്ച് സമയങ്ങൾക്ക് ശേഷം ജീന അവളുടെ ഏറ്റവും സുരക്ഷിതം എന്ന് കരുതുന്ന ശ്രീഹരിയുടെ കരങ്ങൾക്ക് ഉള്ളിൽ കിടന്ന് അവന്റെ നെഞ്ചിൽ തല ചേർത്ത് ഉറക്കത്തിലേക്ക് വഴുതി വീണു.

നേരം പുലർന്നപ്പോഴും ശ്രീഹരിയുടെ കരവലയത്തിനുള്ളിൽ ഒന്നും അറിയാതെ ഉള്ള നിദ്രയിൽ ആയിരുന്നു ജീന. കണ്ണുകൾ തുറന്ന ശ്രീഹരി ആദ്യം നോക്കിയത് ഭിത്തിയിലെ വാച്ചിലേക്കാണ്. 7 മണി ആകാറായിരിക്കുന്നു.

സാധാരണ ദിവസങ്ങളിൽ ഈ സമയം ജീന ചായയുമായി വന്ന് തന്നെ ഉണർത്തുന്നതാണെന്ന് അവൻ ഓർത്തു.

തന്റെ നെഞ്ചിൽ തല അമർത്തി ചൊതുങ്ങികൂടി കിടക്കുന്ന ജീനയെ അവൻ നോക്കി. കുറച്ച് മുടി അനുസരണ ഇല്ലാതെ അവളുടെ മുഖത്തേക്ക് വീണു കിടപ്പുണ്ട്. അവളുടെ നീണ്ടു തിങ്ങി നിറഞ്ഞു കിടക്കുന്ന മുടി ശ്രീഹരിക്ക് ഒരുപാട് ഇഷ്ടമാണ്. അതുകൊണ്ട് തന്നെ ഒരിക്കലും മുടി വെട്ടി നീളം കുറക്കാൻ അവൻ ജീനയെ അനുവദിച്ചിരുന്നില്ല.

അവളുടെ വയറിൽ ചുറ്റിപിടിച്ചിരുന്ന കൈ എടുത്തു ശ്രീഹരി ജീനയുടെ മുഖത്ത് വീണുകിടന്നിരുന്ന മുടി പിന്നിലേക്ക് ഒതുക്കിയിട്ടു. അപ്പോഴാണ് ഷാൾ ഇല്ലാത്തതിനാൽ അവളുടെ ടോപിനുള്ളിൽ തിങ്ങി നിറഞ്ഞു നിന്നിരുന്ന അവളുടെ മാറിടങ്ങളിൽ അവന്റെ നോട്ടം പതിഞ്ഞത്. ഗാഢനിദ്രയിൽ അലസമായുള്ള കിടപ്പിലായതിനാൽ മാറിടത്തിന്റെ മുഴപ്പ് എടുത്തു കാണിക്കുന്നുണ്ട്.

കുറച്ച് ദിവസങ്ങൾക്ക് മുൻപ് പനി കിടപ്പിലായിരുന്ന സമയം ജീന കൂടെ കിടന്നിരുന്നപ്പോൾ ശ്രീഹരി ചിന്തിച്ചിരുന്നു എന്ത് ധൈര്യത്തിൽ ആണ് അവൾ ഇങ്ങനെ കൂടെ കിടക്കുന്നത് എന്ന്. അപ്പോഴൊക്കെയും അവന്റെ മനസ്സിൽ ഓടി എത്തിയത് അവളുടെ ഇച്ചായ എന്നുള്ള വിളിയും അതിൽ നിറഞ്ഞു നിന്നിരുന്ന സ്നേഹവും വിശ്വാസവും ആയിരുന്നു.

ഗാഢനിദ്രയിൽ കിടന്നിരുന്ന അവളെ ഉണർത്താൻ ശ്രീഹരിക്ക് തോന്നിയില്ല. അതുകൊണ്ട് തന്നെ അവൻ സാവധാനം തന്റെ നെഞ്ചിൽ നിന്നും അവളെ അടർത്തിമാറ്റി കിടത്തി. അതിനു ശേഷം അടുക്കളയിലേക്ക് പോയി.

കുറച്ച് ദിവസങ്ങൾക്ക് മുൻപ് തൊണ്ടവേദന വന്നപ്പോൾ ഒരു ആശ്വാസത്തിന് കോഫി മാറ്റി കട്ടൻചായ കുടിച്ചതാണ്. ജീന ഉണ്ടാക്കിയ കട്ടൻ ചായയുടെ ടേസ്റ്റ് ഇഷ്ടമായതിനാൽ പിന്നെ അതാക്കി പതിവ്.

കട്ടനുള്ള വെള്ളം അടിപ്പിൽ വച്ച് തിരിഞ്ഞ് നോക്കുമ്പോഴാണ് ജീന പിറകിൽ നിൽക്കുന്നു.

"ഇച്ചായന് എന്നെ വിളിച്ചൂടായിരുന്നോ?"

അവൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"നീ നല്ല ഉറക്കത്തിൽ ആയിരുന്നു. അതാ വിളിക്കാഞ്ഞെ."

"ഇച്ചായൻ മാറ്.. ഞാൻ ചായ ഇടാം."

അടുക്കള ഭരണം ജീനയ്ക്ക് ആയതിനാൽ അവൻ ഒഴിഞ്ഞു മാറി കൊടുത്തു.

"നീ ഇന്ന് ഓഫീസിൽ വരണ്ട."

അവൾ ആകാംഷയോടെ അവനോടു ചോദിച്ചു.

"അതെന്താ?"

"നാളെ രാവിലെ നമ്മൾ വീട്ടിലേക്ക് പോകും. പിന്നെ വിദ്യയുടെ കല്യാണത്തിന് ശേഷമേ തിരികെ ഉള്ളു.. അതുകൊണ്ട് നീ ഇന്ന് ഡ്രസ്സ് എല്ലാം പായ്ക്ക് ചെയ്യ്."

അവൾ കുറച്ച് നേരത്തേക്ക് മൗന ആയി നിന്ന ശേഷം പറഞ്ഞു.

"എനിക്ക് കുഴപ്പമൊന്നും ഇല്ല ഇച്ചായ.. ആദ്യത്തെ പ്ലാൻ പോലെ നമുക്ക് അടുത്ത മാസം ആദ്യം പോയാൽ മതി."

"ആ പ്ലാൻ ഒക്കെ ചെയ്ഞ്ച് ചെയ്തു. നമ്മൾ നാളെ തന്നെ പോകും."

"എനിക്ക് വേണ്ടി ഇച്ചായൻ ഒരുപാട് അഡ്ജസ്റ്റ് ചെയ്യുന്നുണ്ട്. അതിന്റെ കൂടെ എനിക്കായി ഓഫീസിൽ നിന്ന് മാറി നിന്നാൽ അവിടത്തെ കാര്യങ്ങളെല്ലാം കുളം ആകും."

ശ്രീഹരി കടിപ്പിച്ചു പറഞ്ഞു.

"എന്റെ ഈ തീരുമാനത്തിൽ ഒരു മാറ്റം ഇല്ല."

അവന്റെ സ്വരത്തിൽ ഉണ്ടായ മാറ്റം അവളെ ചെറുതായി വിഷമിപിപ്പിച്ചു. അത് അവളുടെ മുഖത്തു കാണാനും ഉണ്ടായിരുന്നു.

അത് മനസിലായ ശ്രീഹരി അവളുടെ വലതു കൈപ്പത്തി തന്റെ ഇരു കാരങ്ങൾക്കുള്ളിലുമായി അമർത്തി കൊണ്ട് പറഞ്ഞു.

"ഈ യാത്ര നിനക്ക് വേണ്ടി മാത്രമല്ല.. എനിക്കും കൂടി വേണ്ടിയാണ് ജീന. ഈ തിരക്കുകൾക്കിടയിൽ നിന്നൊരു മാറ്റം ഞാനും എന്നെ ആഗ്രഹിക്കുന്നു."

ഇനി എന്ത് പറഞ്ഞിട്ടും കാര്യം ഇല്ലെന്ന് മനസിലായ ജീന മൗനം പാലിച്ചു. പിന്നെ അവർക്കിടയിൽ സംസാരം ഒന്നും ഉണ്ടായില്ല.

.

.

രാവിലെ തന്നെ ജീനയും ശ്രീഹരിയും യാത്രക്ക് തയ്യാറായി വീട്ടിൽ നിന്നും ഇറങ്ങി. ജീന വാതിൽ പൂട്ടുന്ന സമയം ശ്രീഹരി ബാഗുകൾ എല്ലാം കാറിലേക്ക് എടുത്തു വച്ചു. ജീന അവളുടെ എല്ലാ ഡ്രെസ്സുകളും ബാഗിനുള്ളിൽ ആക്കി എടുത്തിരുന്നു. അല്ലെങ്കിൽ അവിടെ ചെല്ലുമ്പോൾ ശ്രീഹരി തനിക്കായി ആവിശ്യം ഇല്ലാതെ വീണ്ടും ഡ്രെസ്സുകൾ വാങ്ങികൂട്ടുമെന്ന് അവൾക്ക് നന്നായി അറിയാം.

വാതിൽ പൂട്ടിക്കഴിഞ്ഞ ജീന മുറ്റത്ത് നിന്നിരുന്ന വേലക്കാരിയുടെ അടുത്ത് ഒരാഴ്ച കൂടുമ്പോൾ വന്നു തൂത്ത് തുടച്ച് ഇടണമെന്ന നിർദ്ദേശം കൊടുത്ത ശേഷം കാറിന്റെ മുൻസീറ്റിൽ കയറി ഇരുന്നു.

രാജുവിനോട് തലേ ദിവസം തന്നെ ശ്രീഹരി ഇനി തിരികെ വരുന്നതുവരെ ഓഫീസിലെ കാർ ഓടിക്കാൻ പോയാൽ മതിയെന്ന് നിർദ്ദേശം നൽകിയിരുന്നു.

കാർ ഓടിക്കുന്നതിനിടയിൽ അവൻ ജീനയെ ശ്രദ്ധിച്ചു.

മഞ്ഞ കളറിൽ ചുവപ്പും പച്ചയും ഡിസൈനുകൾ ഉള്ള ഒരു ടോപ്പും പാന്റും ആണ് അവൾ ഇട്ടിരുന്നത്. അവളുടെ വെളുത്ത ശരീരത്തിന് അത് നന്നായി ചേരുന്നുണ്ട്. അവളുടെ മുഖത്ത് ഒരു മ്ലാനത താളം കെട്ടി കിടക്കുന്നത് അവൻ ശ്രദ്ധിച്ചു.

"നിനക്ക് എന്തെങ്കിലും എന്നോട് പറയാനുണ്ടോ?"

അവൾ പുറത്തേക്ക് നോക്കി ഇരുന്നുകൊണ്ട് മൂളി.

"എന്താ പറയാനുള്ളത്?"

"ഞാൻ ഒരു കാര്യം പറഞ്ഞാൽ കേൾക്കുമോ?"

"ഈ യാത്ര ഒഴുവാക്കുന്നത് ഒഴിച്ച് ബാക്കി എന്ത് പറഞ്ഞാലും കേൾക്കാം."

അവൾ ശ്രീഹരിയുടെ മുഖത്ത് നോക്കികൊണ്ട് പറഞ്ഞു.

"എന്റെ വീടുവരെ എന്നെയൊന്ന് കൊണ്ട് പോകാമോ?"

അതുകേട്ട് അവന്റെ മുഖത്ത് ആകാംഷ നിറഞ്ഞു. എന്തിനാ എപ്പോൾ അവിടെ പോകുന്നത് എന്ന അർഥത്തിൽ അവൻ ജീനയെ നോക്കി.

അത് മനസിലാക്കിയ അവൾ പറഞ്ഞു.

"എന്റെ അപ്പന്റെയും അമ്മയുടെയും ഒരു ഫോട്ടോ അവിടുണ്ട്. അവരുടെ ഓർമ്മക്ക് അതെ ഉള്ളു. അതെനിക്ക് വേണം."

ശ്രീഹരി കാർ റോഡിൻറെ സൈഡിലേക്ക് ഒതുക്കിയിട്ടു. അതിനു ശേഷം കാറിനു പുറത്തേക്ക് ഇറങ്ങി. ജീന അപ്പോഴും കാറിനുള്ളിൽ തന്നെ ഇരിക്കുകയായിരുന്നു.

കാറിന്റെ ബോണറ്റിൽ ചാരി നിന്നുകൊണ്ട് അവൻ ചിന്തിച്ചു.

'പത്തനംതിട്ട വരെ പോവുകയാണെങ്കിൽ വീട്ടിൽ എത്തുവാൻ കുറച്ച് മണിക്കുറുകൾ വൈകുമെന്നേ ഉള്ളു, സമയം എത്ര നഷ്ടപ്പെട്ടാലും കുഴപ്പമില്ല. പക്ഷെ അവിടെ ഒറ്റക്ക് ചെന്ന് കയറുമ്പോൾ റോയിയുമായി എന്തെങ്കിലും പ്രശ്നമുണ്ടായാൽ.... റോയ് ഒറ്റക്കാണെങ്കിൽ പ്രശ്നമില്ല, നേരിടാവുന്നതേ ഉള്ളു.. പക്ഷെ അത് അവന്റെ സ്ഥലം ആണ്.. ആരെങ്കിലും അവനു സഹായത്തിനു വന്നാൽ ജീനയുമായി അവിടെ ഒറ്റക്ക് കയറി ചെല്ലുന്നത് ബുദ്ധിയല്ല.'

അവന്റെ മനസ്സിൽ പെട്ടെന്ന് തെളിഞ്ഞ് വന്നത് റാമിന്റെ മുഖമാണ്. ഉടൻ തന്നെ അവൻ റാമിനെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. റോയിയുടെ വീടെത്താറാകുമ്പോൾ ഒന്ന് വിളിച്ച് അറിയിച്ചാൽ മതി.. വേറൊന്നും പേടിക്കണ്ട എന്നായിരുന്നു റാമിന്റെ മറുപടി.

കാറിനുള്ളിലേക്ക് കയറിയ ശ്രീഹരി ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"നമ്മൾ നിന്റെ വീട്ടിലേക്ക് പോകുന്നു."

മ്ലാനമായിരുന്ന അവളുടെ മുഖം പെട്ടെന്ന് തെളിഞ്ഞു.

മുന്നോട്ടാഞ്ഞു അവനെ കെട്ടിപ്പിടിച്ച് കൊണ്ട് പറഞ്ഞു.

"താങ്ക്സ് ഇച്ചായാ.."

കുറച്ച് നേരം അവൾ വിട്ടുമാറാതെ അങ്ങനെ തന്നെ ഇരുന്നപ്പോൾ ശ്രീഹരി പറഞ്ഞു.

"മതി മതി.. നമുക്ക് പോകണ്ടേ."

തെല്ലൊരു ജാള്യതയോടെ അവൾ അവനിൽ നിന്നും അകന്നു മാറി. ശ്രീഹരി ഒരു ചിരിയോടെ വണ്ടി മുന്നോട്ടെടുത്തു.

രണ്ടു ദിവസമായി അവളിൽ നിന്നും നഷ്ടപ്പെട്ടിരുന്ന ഉദ്മേഷം തിരികെ ലഭിച്ചപോലെയായിരുന്നു പിന്നീടുള്ള അവളുടെ പെരുമാറ്റം.

വാ തോരാതെ സംസാരിച്ച് തുടങ്ങി മുഖത്താകെ ഒരു തെളിച്ചവും സന്തോഷവും.

പത്തനംതിട്ട ആയി അവൾക്ക് അറിയാവുന്ന സ്ഥലങ്ങൾ കണ്ടു തുടങ്ങിയപ്പോൾ അവൾ വീണ്ടും മൗനയായി.

ഒരു ജംഗ്ഷൻ എത്തിയപ്പോൾ അവൾ കാർ നിർത്തുവാൻ ശ്രീഹരിയോട് ആവിശ്യപെട്ടു. അവൻ റോഡിൻറെ അരികിലേക്ക് കാർ ഇതുക്കി നിർത്തി.

കൈ നീട്ടികൊണ്ടു അവൾ പറഞ്ഞു.

"പേഴ്സ് താ.."

അവൻ എന്തിനെന്നുപോലും ചോദിക്കാതെ പേഴ്സ് അവൾക്ക് നൽകി. കാറിൽ നിന്നും ഇറങ്ങിയ ജീന ഒരു കടയിലേക്ക് നടന്നു.

ആ സമയം ശ്രീഹരി റാമിനെ വിളിച്ച് അവർ വീട് എത്താറായ വിവരം അറിയിച്ചു. ശ്രീഹരിയും ജീനയും അവിടെ എത്തുമ്പോൾ അവിടെ ഉണ്ടാകുമെന്ന് റാം അവനു ഉറപ്പ് നൽകി.

കുറച്ച് സമയങ്ങൾക്ക് ശേഷം ചെറിയൊരു കവറിൽ നിറയെ ചോക്ലേറ്റുമായി ജീന കാറിൽ വന്നു കയറി.

ജീന തിരികെ നൽകിയ പേഴ്സ് പോക്കെറ്റിൽ വയ്ക്കുന്നതിനിടയിൽ അവൻ ചോദിച്ചു.

"ഇതാർക്കാണ് ഇത്രയും ചോക്ലേറ്റ്?"

"ചേച്ചിടെ മോൾക്കാണ്."

തന്നെ വളരെയധികം ദ്രോഹിച്ച ഒരാളുടെ മകൾക്ക് ചോക്ലേറ്റും വാങ്ങി പോകുന്ന ജീനയെ കണ്ട് അവനു അദ്ഭുതം തോന്നാതിരുന്നില്ല. പിന്നെ അവൻ ചിന്തിച്ചു.

അല്ലെങ്കിൽ തന്നെ ഒന്നും അറിയാത്ത ആ കൊച്ചു എന്ത് തെറ്റാണ് ചെയ്തത്.

അവർ ജീനയുടെ വീടിന് മുന്നിൽ എത്തുമ്പോൾ വാക്ക് പാലിച്ച് കൊണ്ട് റാം അവിടെ ഉണ്ടായിരുന്നു. കൂടെ ഗുണ്ടകൾ എന്ന് രൂപ ഭാവത്തിൽ തോന്നിക്കുന്ന കുറച്ച് പേരും. അവരുടെ ഇടയിൽ നിസഹായനായി റോയിയും നിൽക്കുന്നു.

ശ്രീഹരിയും ജീനയും കാറിൽ നിന്നും ഇറങ്ങിയപ്പോൾ റാം അവരുടെ അടുത്തേക്ക് വന്നു ഒരു ചെറു ചിരിയോടെ പറഞ്ഞു.

"ഞാൻ റോയിയോട് സംസാരിച്ചു. നിങ്ങൾ ഇവിടെ വന്നതിൽ അവന് ഒരു ബുദ്ധിമുട്ടും ഇല്ല."

ശ്രീഹരിയും ജീനയും റോയിയുടെ മുഖത്തേക്ക് നോക്കി.

അവൻ രൂക്ഷ ഭാവത്തിൽ ഇരുവരെയും നോക്കുന്നുണ്ട്. പക്ഷെ പ്രതികരിക്കാൻ പറ്റാത്ത ഒരു സാഹചര്യവും.

ജീനയുടെ മുഖത്ത് പുച്ഛവും വെറുപ്പും നിറഞ്ഞിരുന്ന ഒരു ഭാവമായിരുന്നു.

ശ്രീഹരിയുടെ ശബ്ദം അവളുടെ കാതിൽ പതിച്ചു.

"പോയി എന്താണ് വേണുന്നതെന്ന് വച്ചാൽ എടുത്തിട്ട് വാ."

"ഇച്ചായനും കൂടി വാ.."

"ഞാൻ വന്നേക്കാം. നീ പൊയ്ക്കോ."

കൈയിൽ ചോക്ലേറ്റ് കവറുമായി ജീന വീട്ടിലേക്ക് നടന്നു. വീടിന്റെ മുറ്റത്ത് തന്നെ എന്താണ് അവിടെ നടക്കുന്നതെന്ന് അറിയാതെ ഭയം നിറഞ്ഞ മുഖത്തോടെ അവളുടെ ചേച്ചിയും നിൽപ്പുണ്ടായിരുന്നു. കൂടെ ഒരു അഞ്ച് വയസ് പ്രായം തോന്നിക്കുന്ന പെങ്കൊച്ചും.

ജീന അവിടെ നിന്നും നടന്നു നീങ്ങിയപ്പോൾ റാം ശ്രീഹരിയോട് ചോദിച്ചു.

"എന്താ നിന്റെ ഉദ്ദേശം?"

ശ്രീഹരി ചോദിച്ചത് മനസിലായില്ല എന്നുള്ള രീതിയിൽ റാമിനെ നോക്കി.

"ഇവളെ ഇവിടെ നിന്നും നീ കൂട്ടികൊണ്ട് പോയി.. കൂടെ താമസിപ്പിച്ചു.. ഓഫീസിൽ ജോലി കൊടുത്തു.. ഇപ്പോൾ നിന്റെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോകുന്നു.. ഇതിന്റെയൊക്കെ അർദ്ധം ആണ് ഞാൻ ചോദിച്ചത്."

അവൻ ഒന്ന് പുഞ്ചിരിച്ചു. എന്നിട്ട് പറഞ്ഞു.

"ഒരു ലക്ഷ്യവും ഇല്ലാതെ കുറെ പണത്തിനായി മാത്രം ജീവിക്കുവായിരുന്നു ഞാൻ. ഒന്ന് സന്തോഷിക്കാനോ മനസറിഞ്ഞ് ചിരിക്കാനോ എനിക്കന്ന് കഴിഞ്ഞിരുന്നില്ല. പക്ഷെ ഇപ്പോൾ ജീനയുടെ സാമിപ്യം അതിൽ നിന്നെല്ലാം ഒരു മാറ്റം എന്നിൽ ഉണ്ടാക്കിയിരിക്കുന്നു. ഞാൻ ഇപ്പോൾ എന്റെ ജീവിതം ആസ്വദിക്കുന്നുണ്ട്."

റാം കുറച്ച് നേരം അവനെ നോക്കി നിന്ന ശേഷം പറഞ്ഞു.

"അവളുടെ സാമിപ്യം നിനക്ക് സന്തോഷം നൽകുന്നുണ്ടെങ്കിലും ഒരിക്കലും നീ അവളെ വിട്ടു കളയരുത്..

ഒരു നിമിഷം നിശബ്ദനായ ശേഷം റാം തുടർന്ന്.

"അവൾക്ക് സംഭവിച്ചതെല്ലാം മറന്ന് നിനക്കവളെ അങ്ങ് കല്യാണം കഴിച്ചൂടെ."

ഒരു പുഞ്ചിരിയോടെ ആണ് ശ്രീഹരി അതിനു മറുപടി നൽകിയത്.

"അവളുടെ ഒരു മുൻകാല ചരിത്രവും എനിക്കൊരു വിഷയമേ അല്ല. പക്ഷെ ഞാൻ കല്യാണം കഴിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചാലും അവൾ അതിന് സമ്മതിക്കുകയില്ല."

റാം എന്തെങ്കിലും പറഞ്ഞു തുടങ്ങുന്നതിനു മുൻപ് തന്നെ ശ്രീഹരി ജീനയുടെ അടുത്തേക്ക് നടന്നു.

ജീന നടന്നു വരുന്നത് കണ്ട് ഞെട്ടി നിൽക്കുകയായിരുന്നു അവളുടെ ചേച്ചി. അവൾ ധരിച്ചിരിക്കുന്ന വില കൂടിയ ഡ്രെസ്സും അവളുടെ വർധിച്ച സൗന്ദര്യവും എല്ലാം ചേച്ചിയെ അദ്ഭുതപെടുത്തി.

ജീന ചേച്ചിയെ ശ്രദ്ധിക്കാതെ ഇല്ല. അവളെ നോക്കി ചിരിക്കുന്ന കൊച്ചിന്റെ മുഖത്ത് തന്നെയായിരുന്നു അവളുടെ ശ്രദ്ധ. ജീന ഒരു പുഞ്ചിരിയോടെ ആ കൊച്ചിന്റെ മുന്നിൽ മുട്ടുകുത്തി നിന്ന്, എന്നിട്ടു കവിളുകളിൽ ഉമ്മ വച്ചു. അപ്പോഴേക്കും ശ്രീഹരിയും മുറ്റത്ത് എത്തിയിരുന്നു.

ചോക്ലേറ്റ് കൊച്ചിന്റെ കൈയിൽ കൊടുത്തുകൊണ്ട് അവൾ പറഞ്ഞു.

"ഇത് മൊത്തം മോൾക്കുള്ളതാണ് കേട്ടോ."

ചോക്ലേറ്റ് വാങ്ങിക്കൊണ്ടു കൊച്ചു തലയാട്ടി ചിരിച്ചു.

തറയിൽ നിന്നും എഴുന്നേറ്റുകൊണ്ട് ജീന ആരോടെന്നില്ലാതെ ചേച്ചി കേൾക്കാനായി പറഞ്ഞു.

"ഞാൻ എന്റെ അപ്പന്റെയും അമ്മയുടെയും ഫോട്ടോ എടുക്കാനായി വന്നതാണ്."

ചേച്ചി ഒന്നും പ്രതികരിച്ചില്ല. ജീന വീടിനകത്തേക്ക് കയറിപ്പോയി. കുറച്ച് സമയത്തിനകം തന്നെ രണ്ടു ഫോട്ടോസുമായി തിരിച്ച് വരുകയും ചെയ്തു.

"ഇച്ചായാ.. നമുക്ക് പോകാം."

ജീന കുറച്ച് ചുവടുകൾ മുന്നോട്ട് വച്ചു. അതിനു ശേഷം തിരികെ വന്ന് ഇടറിയ സ്വരത്തിൽ പറഞ്ഞു.

"നമ്മുടെ അമ്മമാർ ഒന്നല്ലായിരുന്നു, പക്ഷെ നമ്മുടെ അച്ഛൻ ഒരാളായിരുന്നു.. ഞാൻ ചേച്ചിടെ അനിയത്തി ആയിരുന്നെന്ന് ഒരിക്കലെങ്കിലും ഒന്ന് ഓർക്കാമായിരുന്നു."

ജീന നിറകണ്ണുകളോടെ ഓടി കാറിലേക്ക് കയറി.

ശ്രീഹരി സാവധാനം നടന്ന് റാമിന്റെ അടുത്തെത്തി പറഞ്ഞു.

"ഡാ.. ഞങ്ങൾ ഇറങ്ങുന്നു.. വിദ്യയുടെ കല്യാണത്തിന് അങ്ങ് എത്തിയേക്കണം നീ."

"അതെങ്ങനാ ശരിയാകുന്നെ. നമുക്ക് വീട്ടിൽ നിന്നും ചോറ് കഴിച്ചിട്ട് പോകാം."

അവൻ കാറിനുള്ളിൽ ഇരുന്നു ജീന കരയുന്നത് നോക്കികൊണ്ട് പറഞ്ഞു.

"ഇപ്പോഴത്തെ ഇവളുടെ ഒരു മൂഡിൽ അത് ശരിയാകില്ലടാ."

റാം കാറിനുള്ളിലേക്ക് നോക്കി. എന്നിട്ട് പറഞ്ഞു.

"അപ്പോൾ ശരി.. നിങ്ങൾ വിട്ടോ.. ഞാൻ കല്യാണത്തിന് അങ്ങ് എത്തിയേക്കാം."

ശ്രീഹരി അവനോടു യാത്ര പറഞ്ഞു കാറിലേക്ക് കയറി.

കാറോടിക്കുമ്പോഴും അവന് ജീനയുടെ എങ്ങൽ കേൾക്കാമായിരുന്നു. അവൻ അവളോട് സംസാരിക്കാൻ പോയില്ല. കുറച്ച് നേരം അങ്ങനെ ഇരുന്നോട്ടെന്ന് കരുതി.

കുറച്ച് നേരത്തെ യാത്രക്കൊടുവിൽ ശ്രീഹരി ഒരു ഹോട്ടലിനു മുന്നിൽ കാർ നിർത്തി.

കാറിൽ നിന്നും ഇറങ്ങുന്നതിനു മുൻപായി ശ്രീഹരി അവളോട് പറഞ്ഞു.

"നിനക്ക് വീട്ടിൽ പോകണമെന്ന് പറഞ്ഞു, ഞാൻ കൊണ്ട് പോയി.. അവിടന്ന് ഇവിടം വരെയും നീ കരഞ്ഞു. ഞാൻ നിന്നെ ശല്യപെടുത്തിയില്ല. പക്ഷെ എവിടന്നങ്ങോട്ട് നീ കരയാൻ പാടില്ല. കാരണം എന്റെ വീട്ടിലേക്കാണ് നമ്മൾ പോകുന്നത്."

അവൾ ചുവന്നു കലങ്ങിയ കണ്ണുകൾ കൈ കൊണ്ട് തുടച്ച് കൊണ്ട് ഒന്ന് പുഞ്ചിരിക്കാൻ ശ്രമിച്ചു.

"എന്റെ എല്ലാ ആഗ്രഹങ്ങളും ഇച്ചായൻ എനിക്ക് സാധിച്ച് തരുന്നുണ്ട്. ഇതിനൊക്കെ പകരമായി ഞാൻ ഇച്ചായന് എന്താ തരുക."

അവൻ ഒരു പുഞ്ചിരിയോടെ ചോദിച്ചു.

"ഇപ്പോൾ വീട്ടിൽ കൊണ്ട് പോയതിനു പകരമായി ഞാൻ ഒരു കാര്യം ചോദിച്ചാൽ തരുമോ?"

അവൾ ആകാംഷയോടെ ചോദിച്ചു.

"എന്താ..?"

അവൻ ചിരിച്ച് കൊണ്ട് പറഞ്ഞു.

"ഒരു ഉമ്മ.."

കരഞ്ഞു ചുവന്ന അവളുടെ മുഖത്ത് പെട്ടെന്ന് നാണം തെളിഞ്ഞു. അവന്റെ തോളിൽ കൈ കൊണ്ട് ചെറുതായി അടിച്ച് കൊണ്ട് അവൾ പറഞ്ഞു.

"അയ്യേ.. നാണമില്ലാത്തവൻ.."

"ഞാൻ ലിപ് കിസ് ഒന്നും അല്ലല്ലോ ചോദിച്ചത്. നെറ്റിയിൽ ഒരു ഉമ്മ ആണ്. അത് സ്നേഹം കൂടുമ്പോൾ ഞാൻ നിനക്കും തരുന്നതല്ലേ."

അവൾ ഒന്നും മിണ്ടിയില്ല. ശ്രീഹരി ഡോർ തുറന്നു പുറത്തിറങ്ങാൻ ഭാവിച്ചു.

അപ്പോൾ അവന്റെ പിന്നിൽ നിന്നും ജീനയുടെ വിളി കേട്ടു.

"ഇച്ചായാ.."

അവൻ തിരിഞ്ഞു നോക്കി. പെട്ടെന്ന് അവൾ സീറ്റിൽ നിന്നും എത്തിയെളിഞ്ഞു അവനെ കെട്ടിപ്പിടിച്ച് നെറ്റിയിൽ ഉമ്മ വച്ചു.

ശ്രീഹരി അവളെ തന്നിൽ നിന്നും അകറ്റി മുഖത്തു അവശേഷിച്ചിരുന്ന കണ്ണുനീർ കൈ കൊണ്ട് തുടച്ച് മാറ്റിക്കൊണ്ട് പറഞ്ഞു.

"ഇനി നീ കരയരുത്."

അവൾ ഉറച്ച സ്വരത്തിൽ മറുപടി നൽകി.

"ഇല്ല.. കരയില്ല."

സന്ധ്യയോടെ അടുപ്പിച്ചാണ് അവർ വീട്ടിൽ എത്തിയത്.

കാറിൽ നിന്നും മുറ്റത്തേക്ക് ഇറങ്ങുമ്പോൾ ശ്രീഹരിയുടെ മനസ്സിൽ വല്ലാത്തൊരു കുളിർമയും സന്തോഷവും ആയിരുന്നു. മാസങ്ങൾക്ക് ശേഷമാണ് വീട്ടിലേക്ക് വരുന്നത്. അവസാനമായി വന്നത് വിദ്യയുടെ നിശ്ചയത്തിന് ആയിരുന്നു.

മുറ്റത്ത് വണ്ടി വന്ന് നിൽക്കുന്ന ശബ്ദം കേട്ട് വീടിനകത്തു നിന്നും 'അമ്മ പുറത്തേക്ക് വന്നു. തൊട്ടു പിറകെ വിദ്യയും.

ഇരുവരും ശ്രീഹരിയുടെ വരവ് പ്രതീക്ഷിച്ച് ഇരിക്കുകയായിരുന്നു.

ജീനയും കാറിൽ നിന്നും പുറത്തിറങ്ങി.

മുറ്റത്തേക്കിറങ്ങിയ 'അമ്മ പറഞ്ഞു.

"നിങ്ങൾ എന്താ ഇത്രയും വൈകുന്നതെന്നും ആലോചിച്ചിരിക്കുകയായിരുന്നു ഞങ്ങൾ.. രാവിലെ അവിടന്ന് ഇറങ്ങിയതല്ലേ."

അമ്മയുടെ കൈയിൽ പിടിച്ചുകൊണ്ടു ശ്രീഹരി പറഞ്ഞു.

"ഞങ്ങൾ ജീനയുടെ വീടുവരെ ഒന്ന് പോയി. അതാ ഇത്രയും വൈകിയത്."

അടുത്ത ചോദ്യം വിദ്യയുടെ വക ആയിരുന്നു.

"ഏട്ടൻ ഇങ്ങോട്ടൊന്നു വന്നിട്ട് എത്രനാളായെന്ന് ഓർമ്മയുണ്ടോ?"

അമ്മയുടെ കൈയിൽ നിന്നും പിടിവിട്ട് വിദ്യയുടെ തോളിലേക്ക് കൈ ഇട്ടുകൊണ്ട് ശ്രീഹരി പറഞ്ഞു.

"അതിനിപ്പോൾ എന്താ?.. ഇനിയൊരു മൂന്നു മാസത്തേക്ക് ഞാൻ എങ്ങും പോകുന്നില്ല. ഇവിടെ തന്നെ കാണും."

അപ്പോഴേക്കും ജീന നടന്ന് അവർക്ക് അരികിലേക്ക് വന്നു.വിദ്യ ഒരു പുഞ്ചിരിയോടെ ജീനയുടെ കൈയിൽ മുറുകെ പിടിച്ച സൗഹൃദം പുതുക്കി.

"ചത്താലും ഓഫീസ് എന്നും പറഞ്ഞു കിടക്കുന്ന എന്റെ ഏട്ടന് ഇത് എന്ത് പറ്റിയിട്ടാണ് അവിടന്ന് മൂന്നു മാസം മാറി നിൽക്കുന്നത്."

ശ്രീഹരി ചിരിച്ച് കൊണ്ട് അതിന്റെ ഉത്തരവാദിത്തം ജീനയിൽ ചാർത്തി.

"ഇവൾക്ക് എന്നും ഓഫീസിൽ പോയി വന്നുള്ള ജീവിതം മടുത്തെന്നു. അപ്പോൾ ഒരു മാറ്റം ആകാമെന്ന് ഞാനും കരുതി."

ഇത് കേട്ട ജീന ഇതെന്തിനാ എന്റെ മണ്ടയിൽ ഇട്ടത് എന്ന ഭാവത്തിൽ അവനെ തുറിച്ച് നോക്കി.

"അപ്പോൾ എന്റെ മോനെ കുറച്ച് നാളെത്തേക്ക് വീട്ടിൽ പിടിച്ച് നിർത്താൻ മോള് തന്നെ വേണ്ടി വന്നു അല്ലെ."

അമ്മയുടെ ആ ചോദ്യത്തിന് ജീന ഒരു ചെറു പുഞ്ചിരി മറുപടിയായി നൽകി.

ശ്രീഹരി പെട്ടെന്ന് പറഞ്ഞു.

"ബാക്കി സംസാരമൊക്കെ പിന്നെ.. നല്ല ക്ഷീണം ഉണ്ട്, ആദ്യം ഒന്ന് കുളിക്കണം."

ജീനയും പറഞ്ഞു.

"ശരിയാ.. ഒന്ന് കുളിക്കണം, തല പൊട്ടുന്ന വേദന."

ശ്രീഹരി കാറിന്റെ ഡിക്കി തുറന്ന് ഒരു ബാഗ് എടുത്ത് ജീനയുടെ കൈയിൽ കൊടുത്തുകൊണ്ട് പറഞ്ഞു.

"നീ റൂമിലേക്ക് പൊയ്ക്കോ.. ബാക്കി ബാഗ് ഞാൻ അങ്ങ് കൊണ്ട് വരാം."

ജീന ഒന്ന് കുളിച്ചാൽ മതിയെന്നുള്ള ചിന്തയിൽ ബാഗുമായി പെട്ടെന്ന് വീടിനകത്തേക്ക് നടന്നു.

വിദ്യയും വീടിനകത്തേക്ക് പോകാനായി തുനിഞ്ഞപ്പോൾ ശ്രീഹരി പറഞ്ഞു.

"ഹലോ.. മാഡം എങ്ങോട്ടു പോകുന്നു?"

വിദ്യ എന്താ എന്നുള്ള ഭാവത്തിൽ തിരിഞ്ഞു നോക്കി.

ഒരു ബാഗ് എടുത്തു താഴെ വച്ചുകൊണ്ടു അവൻ പറഞ്ഞു.

"ഇതെടുത്ത് ജീനയുടെ റൂമിലേക്ക് കൊണ്ടുപോയി വയ്ക്ക്."

ഞാനോ എന്ന ഭാവത്തിൽ വിദ്യ അവനെ നോക്കി.

"എന്താടി കണ്ണുരുട്ടി നോക്കുന്നത്."

"എന്റെ ഭാവി കെട്ടിയോൻ പറഞ്ഞേക്കുന്നത് കഠിനമായുള്ള ജോലികളൊന്നും ചെയ്യരുതെന്നാണ്."

"അത് അവൻ കെട്ടി കഴിഞ്ഞ ശേഷം മോള് അനുസരിച്ചോ. ഇവിടെ ഇത്തിരി കഠിനപ്പെട്ട ജോലിയൊക്കെ ചെയ്യേണ്ടി വരും."

ബാഗ് കൈയിലേക്ക് എടുത്തുകൊണ്ട് വിദ്യ പറഞ്ഞു.

"ഒരു ഡോക്ടറെ കൊണ്ടാണ് ഈ ബാഗ് ചുമപ്പിക്കുന്നത് എന്ന് ഓർത്തോ.."

ശ്രീഹരിയും ഒരു ബാഗ് കൈയിൽ എടുത്തു ചിരിച്ച് കൊണ്ട് അവളുടെ തോളിൽ പിടിച്ച് തള്ളി മുന്നോട്ട് നടത്തിച്ചു. അമ്മയും ചിരിച്ചുകൊണ്ട് അവർക്കൊപ്പം വീടിനുള്ളിലേക്ക് നടന്നു.

അവർ വീടിനുള്ളിൽ ചെല്ലുമ്പോൾ ഹാളിൽ ഏതു റൂമിലേക്ക് പോകണമെന്നറിയാതെ സംശയിച്ച് നിൽക്കുകയായിരുന്നു ജീന.

അത് കണ്ട് വിദ്യ പറഞ്ഞു.

"നിന്റെ പഴയ റൂം തന്നെയാ നിനക്ക് ഈ പ്രവിശ്യവും."

ജീന ചിരിച്ച്കൊണ്ടു പാടി കയറി മുകളിലേക്ക് നടന്നു. പിന്നാലെ ശ്രീഹരിയും വിദ്യയും.

"നിങ്ങളൊക്കെ വന്ന സ്ഥിതിക്ക് ഞാൻ ഇനി ഒരാഴ്ചകൂടിയെ ഹോസ്പിറ്റലിൽ പോകുള്ളൂ കേട്ടോ."

വിദ്യ അടുത്ത് തന്നെയുള്ള ഒരു ഹോസ്പിറ്റലിൽ വർക്ക് ചെയ്യുന്നുണ്ടായിരുന്നു.

"അഹ്.. നീ വീട്ടിൽ ഉള്ളത് ജീനക്കും ഒരു കൂട്ടാകുമല്ലോ."

അന്നത്തെ ദിവസം നല്ല യാത്ര ക്ഷീണം ഉണ്ടായിരുന്നതിനാൽ കുളി കഴിഞ്ഞയുടൻ അവർ ആഹാരവും കഴിച്ച് ഉറങ്ങാൻ കിടന്നു.

മുൻപൊരിക്കൽ ആ വീട്ടിൽ നിന്നിരുന്നതിനാൽ രാവിലെ ഉറക്കം എഴുന്നേറ്റപ്പോൾ വേറൊരു വീട്ടിൽ വന്നു നിൽക്കുന്നതിന്റെ ഒരു സങ്കോചവും ജീനയ്ക്ക് ഇല്ലായിരുന്നു.

ഉറക്കം എഴുന്നേറ്റ അവൾ നേരെ പോയത് അടുക്കളയിലേക്കാണ്. അവൾ അവിടെ ചെല്ലുമ്പോൾ 'അമ്മ അതി രാവിലെ തന്നെ അടുക്കള കയ്യടക്കിയിരുന്നു.

അവളെ കണ്ട് കൊണ്ട് അംബികാമ്മ പറഞ്ഞു.

"അഹ്.. മോളെഴുന്നേറ്റോ?"

തെല്ലൊരു ജാള്യതയോടെ അവൾ പറഞ്ഞു

"ഉറക്കം എഴുന്നേൽക്കാൻ കുറച്ച് വൈകിപ്പോയി."

"അതിനിപ്പോൾ എന്താ.. ഇവിടെ അടുക്കളയിൽ വലിയ പണിയൊന്നും ഇല്ല. നമ്മൾ നാല് അഞ്ചുപേർക്കുള്ള ആഹാരം ഉണ്ടാക്കിയാൽ മതിയല്ലോ."

ജീന അത് കേട്ടു പുഞ്ചിരിച്ചു. അവൾ അടുക്കള മൊത്തത്തിൽ ഒന്ന് വീക്ഷിച്ചു. നല്ല വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട് അടുക്കള. പിന്നെ അടുക്കള സഹായത്തിനായി നിർത്തിയിരിക്കുന്ന വേലക്കാരി എന്തോ ചെയ്യുന്നുണ്ട്.

"മോള് പോയി വിദ്യയെ വിളിച്ചുണർത്ത്.. 9 മണിക്ക് ഹോസ്പിറ്റലിൽ ഡ്യൂട്ടിക്ക് കയറേണ്ട പെണ്ണാണ്.. എന്നിട്ടും പോത്തുപോലെ കിടന്നുറങ്ങായാണ്. ചെന്ന് കയറുന്ന വീട്ടിൽ ഇനി എന്തൊക്കെ കാണിക്കുമോ എന്തോ?"

അപ്പോഴാണ് അവരുടെ സംസാരവും കേട്ടുകൊണ്ട് വിദ്യ അവിടേക്ക് വന്നത്. ഉറക്കച്ചടവിൽ അവളുടെ മുടിയൊക്കെ വാരി പിരുന്നു കിടക്കുകയായിരുന്നു.

"എന്നെ ഇങ്ങനെ കുറ്റമൊന്നും പറയണ്ട.. ഞാൻ എഴുന്നേറ്റു."

'അമ്മ ചിരിച്ച് അവളെ കളിയാക്കികൊണ്ടു പറഞ്ഞു.

"എങ്ങനെ കുറ്റം പറയാതിരിക്കും. അവിടെ ചെന്നിട്ട് അവനൊരു ചായ ഇട്ടു കൊടുക്കാൻ നിനക്കറിയാമോ?"

അവൾ മുഖം ചുളിച്ച് കൊണ്ട് പറഞ്ഞു.

"അമ്മ നോക്കിക്കോ.. ഞാൻ പാചകം പഠിച്ചിട്ടേ അവിടെ ചെന്ന് കയറുള്ളു. ജീന എനിക്ക് പഠിപ്പിച്ച് തരും."

"ഓഹ്.. കണ്ടാൽ മതി."

'അമ്മ ഒരു ഗ്ലാസിൽ കോഫി ഒഴിച്ച് ജീനയുടെ കൈയിൽ കൊടുത്തുകൊണ്ട് പറഞ്ഞു.

"മോളിത് ഹരിക്ക് കൊണ്ട് പോയി കൊടുക്ക്."

"അയ്യോ.. ഇച്ചായൻ ഇപ്പോൾ കോഫി കുടിക്കാറില്ല. കട്ടൻ ചായയാണ് രാവിലെ കുടിക്കുന്നെ."

'അമ്മ ചെറിയൊരു അതിശയത്തോടെ പറഞ്ഞു.

"അവന്റെ ശീലങ്ങളൊക്കെ മാറിയോ?"

"അത്.. ഇടയ്ക്ക് ഇച്ചായന് പനി ആയപ്പോൾ ഞാൻ കുറച്ച് ദിവസം കട്ടൻ ഇട്ടു കൊടുത്തതാണ്.. പിന്നെ ഇച്ചായൻ അതങ്ങ് പതിവാക്കി."

'അമ്മ നിരാശയോടെ പറഞ്ഞു.

"ഞാൻ അറിഞ്ഞോ അവന്റെ ശീലങ്ങൾ മാറിയെന്ന്."

"കുഴപ്പമില്ല.. 'അമ്മ മാറിക്കോ.. ഞാൻ ഇട്ടുകൊള്ളാം"

അംബികാമ്മ ജീനക്കായി അവിടന്ന് മാറി നിന്ന് കൊടുത്തു.

വിദ്യ പെട്ടെന്ന് പറഞ്ഞു.

"അപ്പോൾ എനിക്കും കട്ടൻ.. ജീനയുടെ കട്ടൻചായ എങ്ങനെ ഉണ്ടെന്ന് നോക്കട്ടെ."

ജീന ചിരിച്ച് കൊണ്ട് അവൾക്കും കൂടി ഉള്ള വെള്ളം പാത്രത്തിലാക്കി അടുപ്പിലേക്ക് വച്ചു.

"അമ്മാ.. ഏലക്ക ഇരിപ്പുണ്ടോ?"

പച്ചക്കറി അറിഞ്ഞു കൊണ്ടിരുന്ന 'അമ്മ പറഞ്ഞു.

"അവിടെ കുപ്പിയിലിരുപ്പുണ്ട് മോളെ.. വിദ്യയെ അതങ്ങു എടുത്തു കൊടുക്ക്."

വിദ്യ എടുത്തു കൊടുത്ത കുപ്പിയിൽ നിന്നും രണ്ടു ഏലക്ക എടുത്തു തിളയ്ക്കുന്ന വെള്ളത്തിലേക്കിട്ടുകൊണ്ട് ജീന അവളോട് പറഞ്ഞു.

"ഏലക്ക ഇട്ടാൽ നല്ല മണവും ചെറിയൊരു ടേസ്റ്റ് വ്യത്യാസവും ഉണ്ടാകും."

കട്ടൻ ചായ ഗ്ലാസ്സിലേക്ക് പകർത്തുമ്പോഴാണ് 'അമ്മ വേലക്കാരിയോട് പറയുന്നത് ജീന കേട്ടത്.

"ഉള്ളി തൊലിക്കണം.. ഇന്ന് ചിക്കൻ കറി വയ്ക്കുന്നുണ്ട്."

അത് കേട്ട ജീന പറഞ്ഞു.

"ചിക്കൻ ചെറുതായി ഫ്രൈ ചെയ്തിട്ട് കറി വയ്ക്കാൻ അമ്മേ.. അതാ ഇച്ചായന് ഇഷ്ടം.."

എന്തോ ഒന്ന് ആലോചിച്ച ശേഷം അവൾ പറഞ്ഞു.

"അല്ലെങ്കിൽ ചിക്കൻ കറി ഞാൻ തന്നെ വയ്ക്കാം."

വിദ്യയും അമ്മയും പരസ്പരം മുഖത്തേക്ക് നോക്കി.

വിദ്യ ചെറിയൊരു ചിരിയോടെ പറഞ്ഞു.

"എന്ത് പറഞ്ഞാലും അവളുടെ ഒരു ഇച്ചായന്റെ ഇഷ്ടം.. ഇക്കണക്കിന് ഇവൾ അമ്മയെ ഇവിടത്തെ അടുക്കളയിൽ നിന്നും പുറത്താക്കുന്ന ലക്ഷണം കാണുന്നുണ്ട്."

അത് കേട്ടു ചെറുതായൊന്നു പരുങ്ങികൊണ്ടു ജീന പറഞ്ഞു.

"അത്... അമ്മെ.. ഞാൻ..."

അവളുടെ പരുങ്ങൽ കണ്ട് 'അമ്മ പറഞ്ഞു.

"അവൾക്ക് വട്ടാണ് മോളെ.. അവന്റെ ഇഷ്ടങ്ങൾ അറിയാവുന്നത് കൊണ്ടല്ലേ മോളങ്ങനെ പറയുന്നേ.. ഇവിടന്നു പോകുന്നവരെ അവന്റെ ഇഷ്ടത്തിന് മോള് തന്നെ എല്ലാം വച്ചോ."

അത് കേട്ടപ്പോഴാണ് ജീനക്ക് ആശ്വാസം ആയത്.

ഗ്ലാസിൽ ഒഴിച്ച കട്ടൻ വിദ്യയുടെ കൈയിൽ കൊടുത്ത് മറ്റൊരു ഗ്ലാസിൽ ചായയുമായി ജീന അടുക്കളയിൽ നിന്നും ശ്രീഹരിയുടെ റൂമിലേക്ക് നടന്നപ്പോൾ 'അമ്മ അവളെ തന്നെ നോക്കുകയായിരുന്നു.

ശ്രീഹരിയുടെ ഇഷ്ടനുഷ്ടങ്ങൾ ഇതുപോലെ മനസിലാക്കി പ്രവർത്തിക്കുന്ന മറ്റൊരു പെണ്ണിനെ അവനായി ഇനി കണ്ടെത്താൻ പറ്റുമോ എന്നായിരുന്നു അമ്മയുടെ മനസ്സിൽ കൂടി അപ്പോൾ കടന്നു പോയ ചിന്ത.

ജീന നൽകിയ ചായ കുറച്ച് വായിലാക്കി കണ്ണടച്ച് ആസ്വദിച്ച് കുടിച്ചിറക്കിയ ശേഷം വിദ്യ പറഞ്ഞു.

"അമ്മാ.. സൂപ്പർ ടേസ്റ്റ് ഇതിന്."

അത് കേട്ടു അംബികാമ്മ ചെറുതായി പുഞ്ചിരിച്ചു.

ജീന റൂമിൽ ചെല്ലുമ്പോൾ നന്നായി മൂടിപ്പുതച്ച് കിടക്കുകയായിരുന്നു ശ്രീഹരി.

"ഇച്ചായാ എഴുന്നേറ്റേ.."

കണ്ണ് തുറക്കാതെ തന്നെ അവൻ പറഞ്ഞു.

"നീ ഒന്ന് പോയെ.."

"ആഹാ, ഇപ്പോൾ ശരിയാക്കി തരാം."

അവൾ ചായ ഗ്ലാസ് മേശമേൽ വച്ചുകൊണ്ട് അവന്റെ പുതപ്പിൽ പിടിച്ച് വലിച്ചു.

ശ്രീഹരി പുതപ്പിൽ ഇറുക്കി പിടിച്ച് കൊണ്ട് പറഞ്ഞു.

"എന്റെ കൈയിൽ നിന്നും കിട്ടുമേ നിനക്ക്.."

അവൾ പുതപ്പിൽ നിന്നും വിടാതെ പറഞ്ഞു.

"എന്റെയിൽ നിന്നാ കിട്ടാൻ പോകുന്നെ. രണ്ടു ദിവസം മുൻപ് എന്തൊക്കെയാ പറഞ്ഞെ.. അഞ്ച് മണിക്ക് വിളിച്ചുണർത്തണം, ഓടാൻ പോകണം.. എന്നിട്ടിപ്പോൾ പോത്തുപോലെ കിടന്നുറങ്ങുന്ന കണ്ടില്ലേ."

കണ്ണ് തുറന്ന് ചെറിയൊരു ചിരിയോടെ അവൻ പറഞ്ഞു.

"അത് അവിടെ വച്ച് പറഞ്ഞതല്ലേ..."

അപ്പോഴേക്കും റൂമിലേക്ക് കയറിവന്ന വിദ്യ ചോദിച്ചു.

"എന്താ ഇവിടൊരു ബഹളം."

"ഇച്ചായനെ എഴുന്നേൽപ്പിക്കാൻ നോക്കുവായിരുന്നു ഞാൻ."

വിദ്യ ബെഡിലേക്ക് ഇരുന്നുകൊണ്ട് ചോദിച്ചു.

"ഇതുവരെ എഴുന്നേറ്റില്ലേ.. എന്നെ ഹോസ്പിറ്റലിൽ കൊണ്ടാക്കേണ്ടതാണ്."

രണ്ടുപേരും കൂടി ഇനി കിടക്കാൻ സമ്മതിക്കില്ല എന്ന് മനസിലായ ശ്രീഹരി ബെഡിൽ എഴുന്നേറ്റ് ഇരുന്നുകൊണ്ട് ചോദിച്ചു.

"നീ എന്നും നിന്റെ കാറിൽ അല്ലെ പോകുന്നത്."

"അതിന്നു സർവീസ് ചെയ്യാൻ കൊണ്ടുപോകാൻ ഏൽപ്പിച്ചിരിക്കയാണ്, ഇന്ന് എന്നെ ഏട്ടൻ കൊണ്ടാക്കിയെ പറ്റുള്ളൂ."

ജീന നീട്ടിയ ചായ വാങ്ങിക്കൊണ്ട് വിദ്യയെ ചൊടിപ്പിക്കാനായി അവൻ പറഞ്ഞു.

"ഇത് വലിയ ശല്യം ആയല്ലോ.."

വിദ്യ മുഖം ചുളിച്ച് കൊണ്ട് പറഞ്ഞു.

"ശല്യമോ.. ഒരുത്തനെയും പിന്നാലെ പോയി കുടുംബത്തിന് ചീത്തപ്പേര് ഉണ്ടാക്കാതെ വീട്ടുകാർ ഉറപ്പിച്ച കല്യാണത്തിന് തന്നെ സമ്മതിച്ച എന്നെ പോലൊരു അനിയത്തിയെ കിട്ടാൻ ഭാഗ്യം വേണം."

"എന്തോ.. കൂടുതൽ ഡയലോഗ് അടിക്കല്ലേ?"

"എന്തേ.. ഡയലോഗ് അടിച്ചാൽ."

"നീയും വിവേകും തമ്മിൽ ഇഷ്ടത്തിൽ ആയിരുന്നെന്നും, നിങ്ങളുടെ പ്ലാൻ അനുസരിച്ചാണ് ബ്രോക്കർ കല്യാണ ആലോചനയും ആയി എൻറെ അടുത്ത് വന്നതെന്നും എനിക്കറിയാം. പിന്നെ അവൻ നല്ലൊരു ഡോക്ടർ ആയത് കൊണ്ടും നല്ലൊരു ഫാമിലിയിൽ നിന്നും ആയതുകൊണ്ടും ആണ് കൂടുതൽ ഒന്നും

സംസാരിക്കാതെ ഞാൻ കല്യാണം ഉറപ്പിച്ചത്.. അത് കൊണ്ട് ഈ വക ഡയലോഗ് ഒന്നും എന്നോട് അടിക്കരുത്."

അത് കേട്ടപ്പോൾ വിദ്യയുടെ മുഖം ചമ്മൽ കൊണ്ട് വിവർണം ആയി. അവളുടെ മുഖം കണ്ടപ്പോൾ ജീനക്കും ചിരി വന്നു.

"കൂടുതൽ ഇരുന്നു ചമ്മി നാറണ്ട.. മോള് പോയി റെഡി ആകാൻ നോക്ക്. ഞാൻ ഹോസ്പിറ്റലിൽ കൊണ്ടാക്കാം."

പറഞ്ഞു പിടിച്ച് നില്ക്കാൻ വാക്കുകൾ ഒന്നും ഇല്ലാത്തതിനാൽ വിദ്യ അപ്പോൾ തന്നെ അവിടന്ന് സ്ഥലം കാലിയാക്കി.

"എന്തിനാ ഇച്ചായാ അവളെ വിഷമിപ്പിച്ചെ.."

ചായ ഒരിറക്ക് കുടിച്ച് കൊണ്ട് അവൻ പറഞ്ഞു.

"വിഷമിപ്പിച്ചത് ഒന്നും അല്ലെടി.. അവൾക്ക് അങ്ങനെ ഒരു ഇഷ്ട്ടം ഉണ്ടെങ്കിൽ എന്നോട് തുറന്ന് പറയാമായിരുന്നല്ലോ. ഞാൻ എതിര് നിൽക്കുമായിരുന്നോ.. ഇതൊരുമാതിരി എന്നെ പൊട്ടൻ കളിപ്പിച്ചത് പോലല്ലേ അവൾ ചെയ്തത്.. അപ്പോൾ അവൾ ഒന്ന് അറിഞ്ഞിരിക്കണ്ടേ, അവളുടെ എല്ലാ കാര്യങ്ങളും ഞാൻ തിരക്കുന്നുണ്ടായിരുന്നെന്നും അറിയുന്നുണ്ടായിരുന്നെന്നും."

ജീന പിന്നെ ഒന്നും പറഞ്ഞില്ല.

കുളിച്ച് റെഡി ആയ ശ്രീഹരി കാപ്പി കുടിക്കാനായി വന്നിരുന്നു.

ജീന അവന്റെ മുന്നിലേക്ക് പ്ലേറ്റ് എടുത്തു വച്ചപ്പോൾ ശ്രീഹരി ചോദിച്ചു.

"വിദ്യ ഇതുവരെ റെഡി ആയില്ലേ?"

"അറിയില്ല."

"നീ അവളെ പോയി കഴിക്കാൻ വിളിച്ച് കൊണ്ട് വാ."

ജീന വിദ്യയുടെ റൂമിൽ ചെല്ലുമ്പോൾ കുളിച്ച് ഡ്രസ്സ് എല്ലാം മാറി റെഡി ആയ വിദ്യ ചുമ്മാ റൂമിൽ തപ്പി തടഞ്ഞു നിൽക്കുകയായിരുന്നു.

"നീ കഴിക്കാൻ വരുന്നില്ലേ?"

"ചേട്ടൻ കഴിച്ചു കഴിഞ്ഞിട്ട് ഞാൻ വന്നു കഴിച്ചോളം."

"നീ അതിപ്പോഴും മനസ്സിൽ വച്ചിരിക്കയാണോ.."

അവൾ ഒന്നും മിണ്ടിയില്ല.

ജീന വിദ്യയുടെ കൈയിൽ പിടിച്ച് കൊണ്ട് പറഞ്ഞു.

"നീ വിവേകിന്റെ കാര്യം മറച്ച് വെച്ചതിൽ ഇച്ചായന് വിഷമം ഉണ്ട്. പക്ഷെ നിന്നോട് ദേഷ്യപ്പെടാതെ തമാശ രീതിയിൽ അല്ലെ ഇച്ചായൻ അത് പറഞ്ഞത്."

"എനിക്ക് ചേട്ടനെ ഫെയ്സ് ചെയ്യാൻ ഒരു ചമ്മൽ. ഞാൻ അവിടെ വന്നാൽ എന്നെ വീണ്ടും കളിയാക്കും."

"കളിയാക്കില്ല.. ഞാൻ ഉറപ്പ് തരുന്നു."

ജീന വിദ്യയുടെ കൈ പിടിച്ച് കഴിക്കാനായി കൊണ്ട് പോയി.

ശ്രീഹരിയുടെ മുഖത്ത് നോക്കാതെ വിദ്യ കസേരയിലേക്ക് ഇരുന്നു.

രണ്ടുപേർക്കും അപ്പവും കറിയും വിളമ്പിയ ശേഷം ജീനയും അവർക്കൊപ്പം കഴിക്കാനായി ഇരുന്നു.

വിദ്യ നിവർന്നു നോക്കാതെ തല കുനിച്ചിരുന്നു തന്നെ കഴിക്കുന്നത് കണ്ട് ശ്രീഹരി ചോദിച്ചു.

"ഇവളെന്താ ആരുടേയും മുഖത്തു നോക്കില്ല?"

ജീന ശബ്ദം താഴ്ത്തി പറഞ്ഞു.

"ഇച്ചായാ.. മിണ്ടാതിരിക്ക്.."

വിദ്യ കേൾക്കാനായി അവൻ ചുമ്മാ പറഞ്ഞു.

"ഓഹ്, സപ്പോർട്ട് ചെയ്യാൻ ആളുണ്ടല്ലേ ഇപ്പോൾ.. ഞാൻ ഒന്നും മിണ്ടുന്നില്ല.. പക്ഷെ ഇത് അമ്മയും കൂടി അറിയേണ്ടതായിരുന്നു."

ചെറുതായി ദേഷ്യം വന്ന വിദ്യ പറഞ്ഞു.

"ക്ലാര ചേച്ചിയുടെ കാര്യം എനിക്കറിയാമായിരുന്നിട്ട് ഞാൻ അത് ആരെയും അറിയിക്കാൻ പോയിട്ടില്ല."

"നീ എന്താ എന്നെ ഭീഷണിപ്പെടുത്തുവാനോ?'

അവൻ ശബ്ദം ഉയർത്തി പറഞ്ഞു.

"അമ്മാ.. എനിക്ക് അമ്മയുടെ പുന്നാര മോളെ കുറിച്ച് ചിലത് പറയാനുണ്ട്."

വിദ്യ ഒന്ന് ഞെട്ടിയ ശേഷം ദയനീയമായി ജീനയെ നോക്കി.

ജീന സ്വരം കടിപ്പിച്ചുകൊണ്ടു പറഞ്ഞു.

"ഇച്ചായാ.. മിണ്ടാതിരിക്കുന്നുണ്ടോ?"

അവളുടെ സ്വരം ഒന്ന് ഉയർന്നപ്പോൾ ശ്രീഹരി ജീനയെ ഒന്ന് നോക്കിയ ശേഷം ഒന്നും മിണ്ടാതെ കഴിച്ച് തുടങ്ങി.

ജീനയുടെ സ്വരം തനിക്കെതിരെ അങ്ങനെ ഉയരാറില്ലെന്ന് അവനറിയാം. താൻ പാതി തമാശയായി പറയുന്ന ഈ കാര്യങ്ങൾ വിദ്യയെ ഒരുപാട് വേദനിപ്പിക്കുന്നുണ്ടെന്ന് ജീനയുടെ ശബ്ദം ഉയർന്നപ്പോഴാണ് ശ്രീഹരി ബോധവാനായത്.

ഭാഗ്യത്തിന് ശ്രീഹരിയുടെ വിളി അടുക്കളയിൽ നിന്ന 'അമ്മ കേട്ടതും ഇല്ല.

പക്ഷെ ഈ സന്ദർഭത്തിൽ വിദ്യയ്ക്ക് അദ്ഭുതമാണ് തോന്നിയത്. തനിക്കെതിരെ ആരും ശബ്ദം ഉയർത്താൻ ശ്രീഹരി സമ്മതിക്കാറില്ല. ആരെങ്കിലും ഉയർത്തിയാൽ തന്നെ പിന്നെ ഉയരാത്തവിധം അതിനുള്ള മറുപടിയും നൽകും. പക്ഷെ ഇവിടെ ജീനയുടെ ഒറ്റ വാക്കിന് മുന്നിൽ തന്നെ അവൻ നിശബ്തനായിരിക്കുന്നു. ആ ഒരു നിമിഷത്തിൽ തന്നെ ജീനക്ക് ശ്രീഹരിയുടെ മേൽ എത്ര മാത്രം സ്വാധീനം ഉണ്ടെന്ന് വിദ്യ മനസിലാക്കി.

ശബ്ദം താഴ്ത്തി ജീന പറഞ്ഞു.

"വിദ്യ ചെയ്തത് തെറ്റ് തന്നാണ്. ഞാൻ അതിനെ ഞാൻ ഒരിക്കലും ന്യായീകരിക്കില്ല. അതുപോലെ തന്നെ ഇച്ചായന്റെ കാര്യങ്ങളും എനിക്കറിയാവുന്ന പോലെ വേറെ ആർക്കും അറിയില്ല. അതുകൊണ്ട് ഇച്ചായൻ ഇനി അവളെ കളിയാക്കരുത്."

ശ്രീഹരി ജീനയുടെ മുഖത്തേക്ക് നോക്കി.

"അവൾ വിവേകിനെ ഇഷ്ടപ്പെട്ടു അവർ സ്നേഹിച്ചു. പക്ഷെ അവൾ വീട്ടുകാർ അറിയാതെ അവന്റെ കൂടെ ഇറങ്ങി പോവുകയോ ഒന്നും ചെയ്തില്ലല്ലോ. ആർക്കും ദോഷം വരാത്ത രീതിയിൽ കല്യാണ ആലോചന ഇച്ചായന്റെ മുന്നിൽ എത്തിക്കുകയല്ലേ ചെയ്തത്. അവൾ ഒരു ചീത്തപ്പേരും ഉണ്ടാക്കിയിട്ടില്ല."

വിദ്യയെ നോക്കികൊണ്ട് ജീന പറഞ്ഞു.

"ഇച്ചായൻ നിന്നോട് ഒരു സുഹൃത്തിനെ പോലെയല്ലേ പെരുമാറിയിരുന്നത്. നിന്റെ ഏതെങ്കിലും ഒരു ആഗ്രഹത്തിന് എതിര് നിന്നിട്ടുണ്ടോ? അച്ഛൻ മരിച്ചു ഈ കുടുംബം മൊത്തം കടത്തിൽ കയറിയപ്പോൾ നിന്നെ പഠിപ്പിക്കുന്നതിനും കൂടി വേണ്ടിയല്ലേ ഇച്ചായൻ വിശ്രമമില്ലാതെ കഷ്ടപ്പെട്ടത്. അങ്ങനെ ഉള്ളപ്പോൾ ഈ ഒരു കാര്യത്തിൽ നീ കുറച്ച് അതിബുദ്ധി കാണിച്ചു. അത് നിന്റെ ഏട്ടന് മനസിലായപ്പോൾ നീ ഇച്ചയേനെ പൊട്ടൻ കളിപ്പിച്ചു എന്ന് ഫീൽ ചെയ്തു. അത് കൊണ്ടാ ഇച്ചായൻ അങ്ങനൊക്കെ പറഞ്ഞത്, നീ അത് കാര്യമാക്കണ്ട."

പിന്നെ ആരും ഒന്നും മിണ്ടിയില്ല. നിശബ്തരായി ഇരുന്നു കഴിച്ചു.

ശ്രീഹരി കഴിച്ച് കഴിഞ്ഞ് കൈ കഴുകാനായി പോകാൻ എഴുന്നേറ്റപ്പോൾ വിദ്യ അവനെ വിളിച്ചു.

"ഏട്ടാ.."

അവൻ വിദ്യയുടെ മുഖത്തേക്ക് നോക്കി.

"സോറി ഏട്ടാ.."

ശ്രീഹരി പുഞ്ചിരിയോടെ അവളുടെ കവിളിൽ തട്ടിയ ശേഷം കൈ കഴുകാൻ പോയി.

വിദ്യ ശബ്ദം താഴ്ത്തി ജീനയോട് പറഞ്ഞു.

"താങ്ക്സ്."

ജീന ഒരു പുഞ്ചിരിയോടെ കഴിച്ചു തീർന്ന തന്റെയും ശ്രീഹരിയുടെയും പാത്രം എടുത്തുകൊണ്ട് അടുക്കളയിലേക്ക് നടന്നു. അവൾ ചെല്ലുമ്പോൾ 'അമ്മ അടുപ്പും തിട്ടയിൽ ചാരി നിൽക്കുകയായിരുന്നു.

ഒന്ന് നോക്കി ചിരിച്ച ശേഷം അവൾ പാത്രം കഴുകി തുടങ്ങിയപ്പോൾ 'അമ്മ പറഞ്ഞു.

"ഹരിയുടെയും വിദ്യയുടെയും മനസ്സിൽ എന്നും ഒരു കറുത്ത പാടായി കിടക്കേണ്ട സംഭവം മോള് ഒരു നിമിഷം കൊണ്ട് പറഞ്ഞു ഇല്ലാതാക്കി അല്ലെ."

ജീന അദ്ഭുതത്തോടെ അമ്മയുടെ മുഖത്തേക്ക് നോക്കി.

"ഞാൻ അവിടെ ഭിത്തിക്ക് പിന്നിൽ ഉണ്ടായിരുന്നു."

ജീന അടുക്കളയിലേക്ക് വിദ്യ വരുന്നുണ്ടോ എന്ന് ശ്രദ്ധിച്ച ശേഷം പറഞ്ഞു.

"ഞാൻ ഒരു കാര്യം പറഞ്ഞാൽ 'അമ്മ കേൾക്കുമോ?"

"എന്താ?"

"ഈ കാര്യം അറിഞ്ഞതായി 'അമ്മ ഭാവിക്കണ്ട. ചിലപ്പോൾ വിദ്യക്ക് അത് വിഷമം ആകും."

അവളുടെ കവിളിൽ തടവിക്കൊണ്ട് 'അമ്മ പറഞ്ഞു.

"ഒരു കുടുംബത്തിൽ എന്നും കരടായി മാറേണ്ട സംഭവങ്ങളെ തുടക്കത്തിലേ ഇല്ലാതാക്കാൻ മോൾക്ക് നന്നായി അറിയാം."

ജീന അതിനു മറുപടിയായി ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു.

.

.

ദിവസങ്ങൾ പെട്ടെന്നാണ് കടന്നു പോയത്. ശ്രീഹരിയും ജീനയും വീട്ടിൽ എത്തിയിട്ട് ആഴ്ചകൾ മൂന്നു കടന്നു പോയിരിക്കുന്നു. എങ്ങനെയാ ഇത്രയും ദിവസങ്ങൾ കടന്നു പോയതെന്ന് അവർക്ക് തന്നെ അറിയില്ല. വിദ്യയുടെ വാക്കുകൾ പോലെ

തന്നെ അമ്മയെ പുറത്താക്കി ജീന അടുക്കള കൈയടക്കിയ അവസ്ഥ ആണിപ്പോൾ. അമ്മയ്ക്കും അതിൽ സന്തോഷമേ ഉള്ളു. അവളുണ്ടാക്കുന്ന ഭക്ഷണം വീട്ടിൽ എല്ലാപേർക്കും ഒരുപോലെ പ്രിയപ്പെട്ടതാണ്.

അമ്മയ്ക്ക് ആകെയുള്ള പരാതി ജീന ഒരു സമയവും ചുമ്മാ ഇരിക്കില്ല എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടേ ഇരിക്കും എന്നുള്ളതാണ്.

ശ്രീഹരി പിന്നെ വന്ന നാളുമുതൽ കറക്കത്തിൽ ആയിരുന്നു. കൂട്ടുകാർ ആരെങ്കിലും രാവിലെ വന്നു എവിടെയെങ്കിലും പോകാനും പറഞ്ഞു വിളിക്കും കൂടെ ഇറങ്ങി പോകും പിന്നെ തിരികെ വരുന്നത് വൈകുന്നേരമോ ചിലപ്പോൾ രാത്രിയോ ആയിരിക്കും. വൈകുന്നേരം വന്നാൽ തന്നെ പിന്നെ ക്ഷേത്രത്തിൽ പോയി കൂട്ടുകാരോട് കഥ പറഞ്ഞിരിക്കും. അല്ലെങ്കിൽ കൂട്ടുകാർ അവന്റെ വീട്ടിലേക്ക് വരും.

രാവിലെ ശ്രീഹരിയെ തട്ടി ഉണർത്തികൊണ്ട് ജീന പറഞ്ഞു.

"എഴുന്നേറ്റേ ഇച്ചായാ.. ഞാൻ ഇന്നലെ പറഞ്ഞതാ ഇന്ന് രാവിലെ എഴുന്നേൽക്കണമെന്ന്."

തിരിഞ്ഞു കിടന്നുകൊണ്ട് അവൻ ചോദിച്ചു.

"ഇത്ര രാവിലെ എഴുന്നേറ്റിട്ട് എന്ത് ചെയ്യാനാണ്?"

"ഇന്ന് ഞായറാഴ്ച ആണ്. എന്നെയൊന്നു പള്ളിയിൽ കൊണ്ട് പോകണം."

അവൻ പെട്ടെന്ന് കണ്ണ് തുറന്നുകൊണ്ട് ചോദിച്ചു.

"അപ്പോൾ നിനക്ക് ദൈവത്തോടുള്ള പിണക്കമൊക്കെ മാറിയോ?"

അവൾ ഒരു ചെറു ചിരിയോടെ പറഞ്ഞു.

"പൂർണമായും മാറീട്ടില്ല. എങ്കിലും മാറി വരുന്നു."

ശ്രീഹരി ബെഡിൽ എഴുന്നേറ്റ് ഇരുന്നു.

"നീ താഴേക്ക് പൊയ്ക്കോ. ഞാൻ ഇപ്പോൾ റെഡി ആയി വന്നേക്കാം."

ജീന പള്ളിയിൽ നിന്നും വരുന്നതും കാത്ത് കാറിൽ തന്നെ ഇരിക്കുകയായിരുന്നു ശ്രീഹരി. തലേന്ന് രാത്രി കൂട്ടുകാരൊക്കെ വീട്ടിൽ നിന്നും പോയി ഉറങ്ങാൻ കിടന്നപ്പോൾ ഒരുപാട് വൈകിയിരുന്നു. അതിനാൽ തന്നെ കണ്ണിൽ ചെറുതായി മയക്കം പിടിച്ച് തുടങ്ങിയപ്പോഴാണ് കാറിന് പുറത്ത് എന്തൊക്കെയോ ശബ്ദം കേട്ട് അവൻ ഞെട്ടി കണ്ണ് തുറന്നത്.

കുർബാന കഴിഞ്ഞ് എല്ലാരും പള്ളിയിൽ നിന്നും പിരിഞ്ഞു പോവുകയാണ്. അതിന്റെ ബഹളമാണ് കേട്ടത്. ജീന വരുന്നുണ്ടോന്ന് അറിയാൻ അവൻ പള്ളിയുടെ പടിക്കെട്ടിലേക്ക് തന്നെ നോക്കി ഇരുന്നു.

പെട്ടെന്ന് അവൻ ഒന്ന് ഞെട്ടി, കണ്ണുകൾ വിടർന്നു.

ജീനക്കൊപ്പം പള്ളിയുടെ പടികൾ ഇറങ്ങി വരുകയാണ് ക്ലാര. ജീനയും ക്ലാരയും ഒരേപോലെ തൂവെള്ള ചുരിദാർ ധരിച്ചിരിക്കുകയാണ്. രണ്ടു മാലാഖമാർ പാടി ഇറങ്ങി വരുന്നത് പോലെയാണ് അവന് തോന്നിയത്.

അവൻ ക്ലാരയെ തന്നെ ശ്രദ്ധിച്ചു. വലിയ മാറ്റം ഒന്നും ഇല്ല അവൾക്കു, പഴയതിൽ നിന്നും കുറച്ച് കൂടി വണ്ണം വച്ചിട്ടുണ്ട്. അത്ര തന്നെ. ജീനയോട് എന്തോ പറഞ്ഞു ചിരിക്കുന്നുണ്ട് അവൾ. അവളുടെ ചിരിക്കും ആ പഴയ ഭംഗി നഷ്ടപ്പെട്ടിട്ടില്ല. പഴയ നുണക്കുഴി അത് പോലെ തന്നെ ഉണ്ട്.

ശ്രീഹരിയുടെ മനസൊന്നു പിടച്ചു. അവൾ ജീനക്കൊപ്പം തന്റെ അടുത്തേക്ക് വരുമോ? വന്നാൽ എന്ത് സംസാരിക്കും? വർഷങ്ങൾ എത്ര ആയിരിക്കുന്നു ഒന്ന് കണ്ടിട്ട്. ഇപ്പോൾ എവിടന്നു എന്താണ് എന്ന് ഒന്ന് അന്വഷിച്ചിട്ടുപോലും ഇല്ല.

അതെ.. അവൾ തന്റെ അടുത്തേക്ക് തന്നെയാണ് വരുന്നത്. കാറിന്റെ ഡോർ തുറക്കുമ്പോൾ കൈ ഒന്ന് വിറച്ചിരുന്നു. കാറിൽ നിന്നും പുറത്തിറങ്ങിയപ്പോഴേക്കും അവർ അരികിലെത്തി കഴിഞ്ഞിരുന്നു.

ശ്രീഹരി മുഖത്ത് ഒരു ചിരി വരുത്തി. അവളുടെ മുഖത്തും ഒരു പുഞ്ചിരി ഉണ്ടായിരുന്നു.

പക്ഷെ രണ്ടുപേരും ഒന്നും സംസാരിച്ചില്ല. അവർ തന്നെ എന്തിനെങ്കിലും തുടക്കമിടട്ടെ എന്ന നിലപാടിൽ ജീനയും നിശബ്‌തത പാലിച്ചു.

അവസാനം ക്ലാര തന്നെ നിശബ്‌തതക്ക് അവസാനം ഇട്ടു.

"സുഖമാണോ?"

അവൻ ഒന്ന് മൂളി.

"പള്ളിയിൽ നിന്നും ഇറങ്ങുമ്പോൾ ഒരു വിളി കേട്ടു തിരിഞ്ഞു നോക്കുമ്പോൾ ക്ലാര ചേച്ചി. ഞാൻ ഞെട്ടിപ്പോയി."

"ശരിക്കും ഞെട്ടിയത് ഞാനാണ്. ജീനയെ ഞാൻ ഇവിടെ പ്രതീക്ഷിക്കാതെ ഇല്ല. പിന്നെ ഇവൾ ഇപ്പോഴും നിന്റെ കൂടെ തന്നെ ആണെന്ന് അറിഞ്ഞപ്പോൾ ഞാൻ ശരിക്കും ഞെട്ടി."

ശ്രീഹരി ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു. അപ്പോഴും അവന്റെ നോട്ടം അവളുടെ മുഖത്ത് തന്നെ ആയിരുന്നു.

അവൻ ആകാംഷയോടെ ചോദിച്ചു.

"കൊച്ചുങ്ങൾ?"

"ഒരു മോളാണ്.. വീട്ടിൽ ഇച്ചായനെ ഏല്പിച്ചിട്ടാണ് ഞാൻ ഇങ്ങോട്ടു വന്നത്."

"ഹസ്ബൻഡ് എന്ത് ചെയ്യുന്നു?"

"ബഹറിനിൽ ബിസിനസ് ആണ്. ഇപ്പോൾ നാട്ടിൽ വന്നിട്ട് രണ്ടാഴ്ച ആകുന്നു. ഞാനും കൂടെ അവിടെ തന്നെ ആയിരുന്നു."

ദൂരെ അവളെയും കാത്തു നിൽക്കുന്ന സ്ത്രീയെയും നോക്കി കൊണ്ട് അവൾ പറഞ്ഞു.

"'അമ്മ എന്നെയും നോക്കി നിൽക്കയാണ്. ഞാൻ പോകട്ടെ.."

മൊബൈൽ കൈയിൽ എടുത്തുകൊണ്ട് അവൾ പറഞ്ഞു.

"ജീനാ.. നിന്റെ നമ്പർ താ.. ഞാൻ വിളിച്ചുകൊള്ളാം."

"എനിക്ക് ഫോൺ ഇല്ല. ഇച്ചായന്റെ നമ്പറിൽ വിളിച്ചാൽ മതി."

ക്ലാര ശ്രീഹരിയുടെ നേരെ തിരിഞ്ഞു നോക്കി.

"നിനക്ക് അവൾക്കൊരു ഫോൺ വാങ്ങി കൊടുത്തൂടെ."

അവൻ ഒരു ചിരിയോടെ പറഞ്ഞു.

"ഞാൻ വാങ്ങി കൊടുക്കാന് പറഞ്ഞതാ. അവളെ പറഞ്ഞത് വേണ്ടെന്ന്."

"എന്നെ ആര് വിളിക്കാനാണ് ചേച്ചി. ഇച്ചായന്റെ ഫോണിൽ വിളിച്ചാൽ മതി, ഞാൻ സംസാരിച്ചോളം."

"ഇവന്റെ നമ്പർ എന്റെയിൽ ഉണ്ട്, ഞാൻ വിളിച്ചോളം."

ക്ലാര നടന്നു തുടങ്ങിയപ്പോൾ ശ്രീഹരി പറഞ്ഞു.

"വിദ്യയുടെ കല്യാണമാണ്. ഞങ്ങൾ വിളിക്കാൻ വരാം."

നടക്കുന്നതിനിടയിൽ തിരിഞ്ഞു നോക്കി ചിരിച്ച് കൊണ്ട് അവൾ പറഞ്ഞു.

"വിളിച്ചാൽ കല്യാണത്തിന് ഉറപ്പായും വരും."

ക്ലാര പോയി കഴിഞ്ഞും ശ്രീഹരി കുറച്ച് നേരം അവൾ പോയ വഴിയിലേക്ക് തന്നെ നോക്കി നിന്നു.

അത് കണ്ട ജീന ഒരു ചിരിയോടെ പറഞ്ഞു.

"പണ്ടേ കെട്ടിക്കൊണ്ടു വന്ന് വീട്ടിൽ നിർത്തണമായിരുന്നു. ഇനി നോക്കി നിന്നു വെള്ളം ഇറക്കിയിട്ടു കാര്യമില്ല. വേറൊരുത്തന്റെ ഭാര്യയാണ് അതിന്ന്."

അവൻ തൊട്ടടുത്ത് നിന്നിരുന്ന ജീനയുടെ ചെവി പിടിച്ച് കിഴുക്കി.

"കളിയാക്കുന്നോടി നീ."

അവന്റെ കൈയിൽ മുറുകെ പിടിച്ച്കൊണ്ടു ജീന പറഞ്ഞു.

"ഇച്ചായാ.. വിട്,എനിക്ക് വേദനിക്കുന്നു."

"ഇനി കളിയാക്കുമോ നീ എന്നെ?"

"ഇല്ല.. ഇല്ല.."

അവൻ ജീനയുടെ ചെവിയിൽ നിന്നും പിടി വിട്ട് കാറിലേക്ക് കയറി. ജീനയും കാറിലേക്ക് കയറി ചെറുതായി നീറുന്ന തന്റെ ചെവി തടവി.

"ദുഷ്ടൻ..."

അവളുടെ ആ വാക്കുകൾ കേട്ടു ശ്രീഹരിയുടെ മുഖത്ത് ഒരു ചിരി മിന്നി മറഞ്ഞു.

വീട്ടിലേക്ക് കാർ ഓടിക്കുമ്പോൾ ശ്രീഹരി മൗനത്തിൽ ആയിരുന്നു. ക്ലാരയുടെ പല പല ഓർമ്മകൾ അവന്റെ മനസ്സിൽ കൂടി കടന്നു പോകുവായിരുന്നു അപ്പോൾ. ജീനയും അവനെ ശല്യപെടുത്തുവാൻ പോയില്ല.

അവർ വീട്ടിൽ എത്തി കാറിൽ നിന്നും പുറത്തിറങ്ങുമ്പോഴേക്കും വിദ്യ പുറത്തേക്കിറങ്ങി വന്നു.

"ഏട്ടാ.. വാസുകി അപ്പച്ചി വന്നിട്ടുണ്ട്."

ശ്രീഹരി മുഖം ചുളിച്ച് കൊണ്ട് ചോദിച്ചു.

"എന്താ ഇപ്പോഴൊരു വരവ്?"

"കല്യാണത്തിന്റെ ഒരുക്കങ്ങൾ ഇവിടം വരെ ആയെന്ന് അറിയാനുള്ള സന്ദർശനം എന്നാണ് ഔദ്യോഗികമായി എന്നോട് പറഞ്ഞത്."

"അതിനു കല്യാണത്തിന് ഇനിയും രണ്ടു മാസം ഇല്ലേ?"

ജീന അവരുടെ ഇടയിൽ കയറി പറഞ്ഞു.

"രണ്ടു മാസം എന്ന് പറയുന്നത് ഇപ്പോഴങ്ങ് പോകും."

"അതാ.. എനിക്കും പറയാനുള്ളത്.. നമുക്ക് കുറച്ച് കാര്യങ്ങൾ പ്ലാൻ ചെയ്യാനുണ്ട് ഏട്ടാ."

വീടിനകത്തേക്ക് കയറി കൊണ്ട് ശ്രീഹരി പറഞ്ഞു.

"എന്ത് പ്ലാനിംഗ് ആയാലും ഇനി വല്ലോം കഴിച്ചിട്ടേ ഉള്ളു, എനിക്ക് വിശന്നിട്ട് വയ്യ."

ശ്രീഹരി വീടിനകത്തേക്ക് കയറി പോയപ്പോൾ ജീന വിദ്യയോട് ചോദിച്ചു.

"ആരാ വന്നെന്ന് പറഞ്ഞെ?"

"അത് വാസുകി അപ്പച്ചി.. അച്ഛന്റെ അനിയത്തി ആണ്."

"എങ്ങനാ കാരക്ടർ?"

"ഇത്തിരി പാര ആണ്. അത് കൊണ്ട് എന്ത് പറഞ്ഞാലും അങ്ങനെ മൈൻഡ് ചെയ്യണ്ട."

അകത്തേക്ക് കയറുന്നതിനിടയിൽ വിദ്യ തുടർന്നു.

"ഇത്തിരി പാര വയ്പ്പും കുഴുമ്പും കുഞ്ഞായിമയും ഉണ്ടെങ്കിലും ഞങ്ങൾ കടം കയറി നിന്നപ്പോൾ വിവരങ്ങൾ വന്നു തിരക്കാണെങ്കിലും പുള്ളിക്കാരിയെ ഉള്ളായിരുന്നു."

നേരെ അടുക്കളയിലേക്ക് ചെന്ന ശ്രീഹരി അമ്മയോട് സംസാരിച്ച് കൊണ്ട് നിൽക്കുകയായിരുന്ന വാസുകിയോടു ചോദിച്ചു.

"അപ്പച്ചി.. ഇപ്പോൾ വന്നു?"

ശ്രീഹരിയുടെ ശബ്ദം കേട്ട് തിരിഞ്ഞു നോക്കികൊണ്ട് വാസുകി പറഞ്ഞു.

"ഞാൻ വന്നിട്ട് കുറച്ച് നേരം ആയെ ഉള്ളു. നിന്നെ തിരക്കിയപ്പോൾ പുറത്തു പോയേക്കുവാണെന്ന് പറഞ്ഞു."

"അഹ്, ഒരാളെ കാണേണ്ട കാര്യം ഉണ്ടായിരുന്നു."

"നീ ഇനി കല്യാണം കഴിഞ്ഞിട്ടല്ലേ തിരിച്ചു പോകുള്ളൂ."

"അതെ അപ്പച്ചി."

"അതാ നല്ലത്.. രണ്ടു മാസം എന്ന് പറയുന്നത് ഇപ്പോൾ ശടെന്നും പറഞ്ഞങ്ങു പോകും. സമയത്തു കിടന്നു ഓടാൻ നോക്കാതെ എല്ലാം ആദ്യമേ ചെയ്തു തീർത്തേക്കണം."

"അതൊക്കെ ഞാൻ നോക്കിക്കൊള്ളാം.. പിന്നെ ഈ ചടങ്ങുകളുടെ കാര്യങ്ങളൊക്കെ ആണ് ഒരു കൺഫ്യൂഷൻ."

"അതൊക്കെ ഞങ്ങൾ പറഞ്ഞു തന്നോളം.. കല്യാണത്തിന് ഒരു 20 ദിവസം ഉള്ളപ്പോൾ ഞാൻ ഇങ്ങു വരും. പിള്ളേരൊക്കെ പിന്നെ കല്യാണം അടുപ്പിച്ച് വന്നാൽ മതിയല്ലോ."

അപ്പോഴേക്കും ജീനയും വിദ്യയും അടുക്കളയിലേക്ക് എത്തി. വാസുകി ജീനയെ കണ്ട് അവളെ തന്നെ ഒന്ന് നോക്കി.

ജീന അവരെ നോക്കി ഒന്ന് പുഞ്ചിരിച്ച ശേഷം ശ്രീഹരിയോട് പറഞ്ഞു.

"ഇച്ചായന് വിശക്കുന്നില്ലേ.. ഞാൻ ഫുഡ് എടുക്കാം."

ശ്രീഹരി ഹാളിലേക്ക് നടന്നപ്പോൾ വാസുകി ജീനയോട് ചോദിച്ചു.

"നീ ഏതാ കൊച്ചെ?"

അതിനുള്ള മറുപടി വിദ്യ ആണ് പറഞ്ഞത്.

"ചേട്ടന്റെ കൂട്ടുകാരി ആണ്."

"എനിക്ക് കണ്ട് നല്ല പരിചയം തോന്നുന്നല്ലോ."

അംബികാമ്മ ഇടിയപ്പവും പാത്രവും എടുത്ത് ജീനയുടെ കൈയിൽ കൊടുത്തു കൊണ്ട് പറഞ്ഞു.

"നീ ഇത് അവന് കൊണ്ട് പോയി കൊടുക്ക്."

ജീന അപ്പോൾ തന്നെ അതും വാങ്ങി അവിടന്ന് സ്ഥലം വിട്ടു. പിറകെ വിദ്യയും.

"അവൾ ഇതിന് മുൻപും ഒരു ഓണത്തിന് ഇവിടെ വന്നു നിന്നിട്ടുണ്ട് ചേച്ചി, അപ്പോൾ കണ്ട് പരിചയം ഇല്ലാതാകും."

ഒന്ന് ആലോചിച്ച് കൊണ്ട് അവർ പറഞ്ഞു.

"അഹ്.. ചിലപ്പോൾ അതാകും... അവൾ എന്താ ഇപ്പോൾ ഇവിടെ."

"ഹരിയുടെ ഓഫീസിൽ ആണ് ജീനയും ജോലി ചെയ്യുന്നേ.. അപ്പോൾ അവൻ ഇങ്ങു വന്നപ്പോൾ അവളും കൂടെ വന്നു.. കല്യാണം കഴിയുന്നവരെ അവളും ഇവിടെ കാണും വിദ്യക്ക് ഒരു സഹായത്തിന്."

"ജീന.. ക്രിസ്ത്യാനി ആണല്ലേ?"

അംബികാമ്മ ആ ചോദ്യം ഇഷ്ടപ്പെടാത്ത മട്ടിൽ ഒന്ന് മൂളി.

വാസുകി അടുക്കളയിൽ നിന്നും ഹാളിലേക്ക് നടന്നു.

ശ്രീഹരിയുടെ പാത്രത്തിലേക്ക് ഇടിയപ്പം ഇട്ടുകൊണ്ട് ജീന വിദ്യയോട് ചോദിച്ചു.

"നീ കഴിച്ചായിരുന്നോ?'

"ഇല്ല, നിങ്ങൾ വരാൻ വെയ്റ്റ് ചെയ്യുവായിരുന്നു."

"എന്നാൽ നീയും ഇരിക്ക്."

ജീന അവളുടെ പാത്രത്തിലേക്ക് ഇടിയപ്പം ഇടുമ്പോൾ ജീനയുടെ ചെവി നോക്കിക്കോണ്ട് വിദ്യ ചോദിച്ചു.

"നിന്റെ ചെവി എന്ത് പറ്റി, ചുവന്നിരിക്കുന്നു."

ജീന ശ്രീഹരിയെ ഒന്ന് നോക്കി. അവൻ അത് കേൾക്കാത്ത മട്ടിൽ ഇരിക്കുകയായിരുന്നു.

ജീനയുടെ നോട്ടം കണ്ട് വിദ്യ പറഞ്ഞു.

"വന്നപ്പോൾ തൊട്ട് ചേട്ടനെയും ഞാൻ ശ്രദ്ധിക്കുന്നു. ചെറിയൊരു മൗനത്തിൽ ആണല്ലോ."

തനിക്കും കൂടി ഇടിയപ്പം എടുത്ത് ഇരുന്നു കൊണ്ട് ജീന പറഞ്ഞു.

"തന്റെ മുൻ കാമുകിയെ കണ്ട് അവളുടെ കൊച്ചിന്റെയും ഭർത്താവിന്റെയും സുഖാന്വേഷണങ്ങൾ നടത്തേണ്ടി വന്ന ഒരാളുടെ മൗനം ആണ് നീ കാണുന്നത്."

ശ്രീഹരി പെട്ടെന്ന് ചോദിച്ചു.

"നിന്റെ മറ്റേ ചെവിയും ചുവക്കണോ?"

"അപ്പോൾ ക്ലാര ചേച്ചിയെ കണ്ടല്ലേ നിങ്ങൾ?"

രണ്ടുപേരും ഒന്നും മിണ്ടിയില്ല. ജീനയുടെ ചുണ്ടിൽ ഒരു പുഞ്ചിരി ഉണ്ടായിരുന്നു. ശ്രീഹരിയുടെ മുഖത്തു ഗൗരവവും.

"ഒരു ചിരിയോടെ വിദ്യ പറഞ്ഞു.

"ഇപ്പോൾ മനസിലായി നിന്റെ ചെവി എങ്ങനെ ചുവന്നെന്ന്."

അപ്പോഴേക്കും വാസുകി അവിടേക്ക് കടന്നു വന്നു.

ശ്രീഹരി അവരോടു ചോദിച്ചു.

"അപ്പച്ചി കഴിച്ചായിരുന്നോ?"

"അഹ്, നിങ്ങൾ കഴിച്ചോ.."

അവർ കുറച്ച് അപ്പുറത്ത് മാറിയായി ഒരു കസേരയിൽ ഇരുന്നു.

"ഏട്ടാ നമുക്ക് കല്യാണ ലെറ്റർ അടിക്കണ്ടേ?'

"അത് ഞാൻ പറയാൻ മറന്നു. ജിത്തു നിനക്കിന്ന് കുറച്ച് ലെറ്ററിന്റെ മോഡൽ അയച്ചു തരും, നിനക്ക് ഏതാ ഇഷ്ടപ്പെട്ടതെന്ന് അവനോടു പറഞ്ഞാൽ മതി."

"അപ്പോൾ ആൽബവും വിഡിയോസും ജിത്തുവേട്ടൻ തന്നെയാണോ?"

"അവന് തന്നെ കൊടുക്കാനുള്ള ആലോചന ആണ്. അവന്റെ വർക്ക് നീ കണ്ടിട്ടുണ്ടോ?"

"കണ്ടിട്ടുണ്ട്. നല്ല വർക്ക് ആണ്.. ജിത്തുവേട്ടന് കൊടുത്താൽ മതി."

ജീന ചോദിച്ചു.

"ഫുഡിന്റെ കാര്യം ആരെയെങ്കിലും ഏൽപ്പിച്ചോ?"

"ഫുഡും പന്തലും എല്ലാം മൊത്തത്തിൽ അച്ചുവിന് കൊടുത്തു."

ജിത്തുവും, അച്ചുവും ശ്രീഹരിയുടെ കൂട്ടുകാർ തന്നെ ആയിരുന്നു.

ജീന പെട്ടെന്ന് പറഞ്ഞു.

"ഐസ് ക്രീം നമുക്ക് ഒരു 5 ടൈപ്പ് ഫ്ലേവർ എങ്കിലും വേണം."

"ഈ ജന്തുവിന് ആരോ ഐസ് ക്രീമിന് കൈ വിഷം കൊടുത്തിട്ടുണ്ട്. കൊണ്ട് പോകുന്ന വഴിയിൽ ഇവിടെ ഐസ് ക്രീം കണ്ടാലും അവിടെ ചാടി ഇറങ്ങിക്കോളും."

ജീന ചുണ്ടു കൊണ്ട് ശ്രീഹരിയെ ഗോഷ്ഠി കാണിച്ചു. വിദ്യ അത് കണ്ട് ചിരിച്ചു.

ശ്രീഹരിയുടെ പ്ലേറ്റിൽ ഇടിയപ്പം തീർന്നത് കണ്ട് ജീന ഒരു ഇടിയപ്പം കൂടി എടുത്തു അവന്റെ പാത്രത്തിലേക്ക് വച്ചു.

"ഡി.. എനിക്ക് വേണ്ട.."

ജീന അധികാര ഭാവത്തിൽ പറഞ്ഞു.

"അങ്ങോട്ട് ഇരുന്നു കഴിക്കു, കുറച്ച് ദിവസമായി എന്തെങ്കിലും കഴിച്ചെന്ന് കാണിക്കും എന്നിട്ട് കൂട്ടുകാരോടൊപ്പം ഇറങ്ങി പോകും എന്നിട്ട് ഉച്ചക്ക് കഴിക്കാൻ പോലും ഇങ്ങോട്ടു വരില്ല."

വാസുകി അവരുടെ സംസാരമൊക്കെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ജീനയെ സപ്പോർട് ചെയ്തുകൊണ്ട് വിദ്യ പറഞ്ഞു.

"അത് ശരിയാ.. ഇനി കറങ്ങി നടത്തം പറ്റില്ല. ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്."

"എന്ത് ഒരുപാട് കാര്യങ്ങൾ?"

"കല്യാണ ഡ്രസ്സ് ഡിസൈൻ ചെയ്യാൻ കൊടുക്കണം, ഗോൾഡ് എടുക്കണം.. എല്ലാർക്കും ഡ്രസ്സ് എടുക്കണം, കല്യാണം പറയാൻ തന്നെ ഒരുപാട് ഇടത്ത് പോകാനുണ്ട്, പിന്നെ ഏറ്റവും പ്രധാനപ്പെട്ട ഒന്നുണ്ട്."

അതെന്താ എന്ന ഭാവത്തിൽ ജീനയും ശ്രീഹരിയും അവളെ നോക്കി.

"ജീന എന്നെ പാചകം പഠിപ്പിക്കണം.. അവിടെ ചെന്ന് കയറുമ്പോൾ ഞാൻ നല്ലൊരു പാചകക്കാരി ആയിരിക്കുമെന്ന് അമ്മയോട് വെല്ലുവിളിച്ചേക്കയാണ്."

ഒരു ചിരിയോടെ ജീന പറഞ്ഞു.

"അത് ഞാൻ ഏറ്റു."

അപ്പോഴേക്കും അവിടേക്ക് എഴുന്നേറ്റ് വന്ന വാസുകി പറഞ്ഞു.

"ഡ്രസ്സ് എടുക്കുമ്പോൾ കുടുംബത്തിൽ എല്ലാർക്കും എടുക്കണം, അല്ലെങ്കിൽ അതൊരു പരാതി ആകും."

അവിടെ വന്നനാൾ തൊട്ട് സ്വാതന്ത്രത്തോടെ ആ കുടുംബത്തിലെ ഒരാളെന്ന പോലെ പെരുമാറിയിരുന്നതിനാൽ ജീന വാസുകിയുടെ കാര്യം ഓർക്കാതെ പെട്ടെന്ന് പറഞ്ഞു.

"എനിക്ക് തലേ ദിവസം പാവാടയും ടോപ്പും മതി,

കല്യാണത്തിന്റെ അന്ന് സാരിയും.. കളർ ഏത് വേണമെന്ന് ഇച്ചായൻ സെലക്ട് ചെയ്തോ."

ജീന അത് പറഞ്ഞതും അത് ഇഷ്ടപ്പെടാത്ത മട്ടിൽ വാസുകി അവളെ രൂക്ഷമായി നോക്കി. അത് കണ്ട് ജീന പെട്ടെന്ന് മുഖം താഴ്ത്തി ഇരുന്നു. വിദ്യയും ശ്രീഹരിയും അത് ശ്രദ്ധിക്കുകയും ചെയ്തു.

വാസുകി ഹരിയോട് പറഞ്ഞു.

"അതുപോലെ അടുത്ത ബന്ധുക്കളുടെ വീട്ടിലൊക്കെ നീയും കൂടി പോയി വേണം കല്യാണം വിളിക്കാൻ."

ശ്രീഹരി എടുത്തടിച്ചപോലെ പറഞ്ഞു.

"രണ്ടു ചിറ്റപ്പന്മാരുടെയും വീട്ടിൽ പോകാൻ ഞാനില്ല."

അച്ഛൻ മരിച്ച് ബിസിനസ് നഷ്ടത്തിൽ ആയി തുടങ്ങിയപ്പോൾ തന്നെ അവരുടെ ഷെയറും വാങ്ങി ശ്രീഹരിയുടെ കുടുംബത്തിന്റെ അവസ്ഥ നോക്കാതെ പോയ രണ്ടു ചിറ്റപ്പന്മാരോടും ശ്രീഹരിക്ക് ഇന്നും ദേഷ്യം തന്നെ ആയിരുന്നു.

"നിന്റെ പെങ്ങളുടെ കല്യാണമാണ്, അത് മാത്രം നീ ആലോചിച്ചാൽ മതി."

വാസുകി അടുക്കളയിലോട്ടു നടന്നു.

ജീന അപ്പോഴും മുഖം താഴ്ത്തി ഇരിക്കുകയായിരുന്നു.

അവളുടെ കൈയിൽ പിടിച്ച് കൊണ്ട് വിദ്യ പറഞ്ഞു.

"ഞാൻ പറഞ്ഞില്ലായിരുന്നോ.. അപ്പച്ചി വല്ലാത്തൊരു ടൈപ്പ് ആണ്.. നീ അത് കാര്യമാക്കണ്ട."

ജീന മുഖം ഉയർത്തി ഒരു പുഞ്ചിരി വരുത്താൻ ശ്രമിച്ചു കൊണ്ട് പറഞ്ഞു.

"ഏയ്, എനിക്ക് വിഷമം ഒന്നും ഇല്ല."

"നിന്റെ ആഗ്രഹം പോലെ തന്നെ തലേ ദിവസം പാവാടയും ടോപ്പും, കല്യാണത്തിന് സാരിയും തന്നെയാ നിനക്ക്, പക്ഷെ അത് ബാക്കി ഉള്ളവർക്ക് കൊടുക്കുന്നപോലെ ടെക്സ്റ്റൈൽസിൽ പോയി വാങ്ങുവല്ല.. എന്റെ കല്യാണ ഡ്രെസ്സിനൊപ്പം നിനക്കുള്ളതും ഞാൻ ഡിസൈൻ ചെയ്യാൻ കൊടുക്കുവാണ്."

ജീനയുടെ മുഖത്ത് ഒരു അദ്ഭുതം നിറഞ്ഞു. ശ്രീഹരിയുടെയും. വിദ്യക്ക് ഇങ്ങനെ ഒരു പ്ലാൻ ഉണ്ടെന്ന് അവനും അറിഞ്ഞിരുന്നില്ല.

ജീന എന്തോ ആലോചിച്ച് പെട്ടെന്ന് പറഞ്ഞു.

"ഏയ്.. അതൊന്നും വേണ്ട.. അതൊക്കെ ഒരുപാട് പൈസ ആകും."

"അത് വേണമോ വേണ്ടയോ എന്ന് ഞാൻ തീരുമാനിച്ചോളും, ഇത് നിന്റെ ഇച്ചായന്റെ പൈസക്കൊന്നും അല്ല.. എന്റെ പൈസക്ക് നിനക്ക് ഒരു സമ്മാനമായി ഞാൻ ചെയ്യുന്നതാണ്."

ശ്രീഹരിയുടെ അതെ പിടി വാശി ആണ് വിദ്യക്കും എന്ന് ജീനക്ക് അറിയാം.. അതുകൊണ്ട് തന്നെ ഇനി എന്ത് പറഞ്ഞിട്ടും കാര്യമില്ലെന്നു അറിയാവുന്നതിനാൽ ജീന പിന്നെ ഒന്നും മിണ്ടിയില്ല.

വിദ്യ ഈ ഒരു കാര്യം നേരത്തെ തന്നെ തീരുമാനിച്ചുറപ്പിച്ചതായിരുന്നു. വീട്ടിൽ വന്ന നാൾ മുതൽ വിദ്യയുടെയും എല്ലാ കാര്യങ്ങളും കണ്ട് അറിഞ്ഞു ചെയ്ത് വിദ്യയ്ക്ക് ജീനയോട് അത്ര വലിയൊരു ആത്മബന്ധം അവൾ ഉണ്ടാക്കി എടുത്തിരുന്നു.

അടുക്കളയിൽ എത്തിയ വാസുകി എന്തോ അറിഞ്ഞു കൊണ്ടിരിക്കുകയായിരുന്നു അംബികാമ്മയോടു പറഞ്ഞു.

"അവൾ അത്ര ശരിയെന്നും അല്ല.."

അംബികാമ്മ പെട്ടെന്ന് നിവർന്നു നോക്കികൊണ്ട് മനസിലാകാതെ ചോദിച്ചു.

"ആര്?"

"ആ ജീന.. ഹരിയുടെ ഓഫീസിലെ ജോലിക്കാരി ആണെന്ന് പറഞ്ഞിട്ട് അതുപോലൊന്നും അല്ലല്ലോ അവളുടെ പെരുമാറ്റം."

ഒരു ചിരിയോടെ അംബികാമ്മ പറഞ്ഞു.

"അവർ ഒരുമിച്ച് പഠിച്ചതാണ് ചേച്ചി.. ആ ഒരു സ്വാതന്ത്രം അവൾ കാണിക്കുന്നതാണ്."

ആ പറഞ്ഞത് ഇഷ്ട്ടപ്പെടാത്ത മട്ടിൽ വാസുകി പറഞ്ഞു.

"ഇതൊന്നും അത്ര നല്ലതിനല്ലെന്ന് പിന്നെ നിനക്ക് മനസിലാകും."

ആ സംസാരം നീട്ടികൊണ്ടു പോകാൻ താല്പര്യം ഇല്ലാത്തതിനാൽ അംബികാമ്മ മൗനം പാലിച്ചു.

.

.

രണ്ടു ദിവസമായി സ്വർണഭാരങ്ങൾ ബുക്ക് ചെയ്യാൻ പോക്കും മറ്റും ആയി ശ്രീഹരി നല്ല തിരക്കിലായിരുന്നു. അന്നൊരു ദിവസം ഒഴിവു കിട്ടിയപ്പോൾ വൈകുന്നേരം അവൻ ക്ഷേത്രത്തിലേക്കിറങ്ങി.

പതിവായി ഇരുന്നു സംസാരിക്കാറില്ല തിട്ടയിൽ ഇരുന്നു ഓരോ നാട്ടുവിശേഷങ്ങൾ പറഞ്ഞു കൊണ്ടിരിക്കുമ്പോഴാണ് ജിത്തു ശ്രീഹരിയോട് പറഞ്ഞത്.

"ഡാ.. അതാരൊക്കെയാ വരുന്നതെന്ന് നോക്കിക്കേ."

ശ്രീഹരി നോക്കുമ്പോൾ വിദ്യയും ജീനയും അമ്പലത്തിലേക്ക് നടന്നു വരുകയാണ്.

ഒരു ചുവന്ന ചുരിദാർ ആണ് വിദ്യ ധരിച്ചിരുന്നത്.

"കല്യാണം അടുത്തപ്പോൾ ഇവളുടെ ഭക്തി കൂടിയെന്നാണ് തോന്നുന്നത്. അമ്പലത്തിൽ തിരിഞ്ഞ് നോക്കാതെ കിടന്നിരുന്നവളാണ്."

അച്ചുവിന്റെ ആ വാക്കുകൾ കേട്ട് ചിരിക്കുമ്പോഴും ശ്രീഹരിയുടെ ശ്രദ്ധ ജീനയിൽ ആയിരുന്നു.

പച്ചയും, വെള്ളയും, ഗോൾഡും കലർന്ന ഒരു ചുരിദാർ ടോപ് ആണ് അവൾ ഇട്ടിരുന്നത്. മുട്ടിനു താഴെ വരെ ഉണ്ടായിരുന്നു ആ ടോപ്. ഒരു വെള്ള പാന്റും. നീളമുള്ള മുടി കുറച്ചു ഇടതു വശത്തായി തോളിനു മുന്നിലേക്ക് ഇട്ടിരിക്കുന്നു. ശരീരത്തിന്റെ ഒതുക്കം ആ വസ്ത്രത്തിൽ എടുത്തു കാണിക്കുന്നുണ്ട്. ആ ഡ്രെസ്സിൽ ചുണ്ടിൽ ഒരു പുഞ്ചിരിയുമായി നടന്നു വരുന്ന അവളെ കാണാൻ വല്ലാത്തൊരു ഭംഗി തന്നെ ആയിരുന്നു.

ആ തോന്നൽ തനിക്ക് മാത്രമല്ലെന്ന് ഉറപ്പിച്ച് കൊണ്ട് ജിത്തുവിന്റെ വാക്കുകൾ അവന്റെ കാതുകളിൽ പതിച്ചു.

"ദിവസം ചെല്ലും തോറും നിന്റെ ജീനയുടെ ഭംഗിയും കൂടി കൂടി വരുവാണല്ലോടാ.."

അവന്റെ ആ വാക്കുകൾ ശ്രീഹരിയെ ചെറുതായി അഭിമാനം കൊള്ളിച്ചു. പക്ഷെ ജീനയുടെ സൗന്ദര്യം തന്നെ എന്തിനാണ് അഭിമാനം കൊള്ളിച്ചതെന്ന് അപ്പോൾ അവന് മനസിലായില്ല.

ശ്രീഹരി അവിടെ നിൽക്കുന്നത് കണ്ടുകൊണ്ട് രണ്ടുപേരും അവരുടെ അടുത്തേക്ക് വന്നു.

അവർ അടുത്ത് എത്തിയതും അച്ചു പറഞ്ഞു.

"കല്യാണം ആയപ്പോൾ നിനക്കിത്തിരി ഭക്തി കൂടുതൽ ആണല്ലോടി."

ഒരു ചിരിയോടെ വിദ്യ പറഞ്ഞു.

"കല്യാണമൊക്കെ അടുക്കുമ്പോൾ ആർക്കായാലും ഇത്തിരി ദൈവ വിചാരണ ഒക്കെ ഉണ്ടാകും ചേട്ടാ."

അടുത്ത കൗണ്ടർ ജിത്തുവിന്റെ വക ആയിരുന്നു.

"ഇപ്പോൾ നീ ദൈവത്തെ വിളിക്കും.. കല്യാണം കഴിഞ്ഞാൽ പിന്നെ അവനായിരിക്കും ദൈവത്തെ വിളിക്കാൻ പോകുന്നത്."

"കൂടുതൽ ഡയലോഗ് ഒന്നും വേണ്ട കേട്ടോ.. എന്റെ കല്യാണ ആൽബം കുളമാക്കിയാൽ അപ്പോഴാണ് എന്റെ കൈയിൽ നിന്നും കിട്ടാൻ പോകുന്നെ."

"ആ കാര്യത്തിൽ നീ പേടിക്കയൊന്നും വേണ്ട.. ഞാൻ സൂപ്പർ ആക്കി തന്നിരിക്കും."

ഒരു ചിരിയോടെ വിദ്യ പറഞ്ഞു.

"വിഡിയോസിലൊക്കെ ഞാൻ ആയിരിക്കണം ഹൈലൈറ്.. വിവേകേട്ടൻ ഇത്തിരി കുളമായാലും വേണ്ടില്ല.. ഞാൻ ഇങ്ങനെ തിളങ്ങി നിൽക്കണം."

"നീ ഫോട്ടോ ഷൂട്ടിന് ഒരു മൂന്നു നാല് ജോഡി ഡ്രസ്സ് എടുത്തു വച്ചേക്കണം.. ജീനയെ കൊണ്ട് ഡ്രസ്സ് സെലക്ട് ചെയ്യിച്ചത് മതി.. ഇവൾ ഇടുന്ന ഡ്രസ്സ് എല്ലാം സൂപ്പർ ആണ്."

ചെറിയൊരു ഞെട്ടലോടെ ജീന പറഞ്ഞു.

"ഞാൻ സെലക്ട് ചെയ്യാനോ.. ബെസ്റ്റ്.. എനിക്ക് ഈ ഡ്രസ്സ് എല്ലാം സെലക്ട് ചെയ്ത് എടുത്തു തരുന്നതൊക്കെ ഇച്ചായനാണ്."

ശ്രീഹരിയെ നോക്കി കൊണ്ട് ജിത്തു ചോദിച്ചു.

"ഇവനോ?.. ഇവന് ഇങ്ങനൊക്കെ ഡ്രസ്സ് സെലക്ട് ചെയ്യാൻ അറിയാമോ?"

അതിനുള്ള മറുപടി വിദ്യ ആണ് പറഞ്ഞത്.

"എനിക്കൊന്നും എടുത്തു തരാറില്ലെന്നേ ഉള്ളു, ബാക്കി ഉള്ള പെണ്പിള്ളേര്ക്ക് ചേരുന്ന രീതിയിൽ എടുത്തു കൊടുക്കാൻ ഏട്ടൻ പണ്ടേ മിടുക്കനാണ്."

ശ്രീഹരി അവളുടെ ചെവിയിൽ പിടിക്കാൻ ഭാവിച്ചപ്പോൾ അതിൽ നിന്നും ഒഴിഞ്ഞു മാറി അച്ചുവിനോട് വിദ്യ പറഞ്ഞു.

"അച്ചുവേട്ടനോട് പറയാൻ ജീനക്ക് ഒരു ഓപ്ഷൻ ഉണ്ട്."

"ഐസ് ക്രീമിന്റെ കാര്യമല്ലേ.. അത് അവൻ എന്നോട് പറഞ്ഞിരുന്നു.. ജീനക്ക് ഏതൊക്കെ ഫ്ലേവർ വേണമെന്ന് ഇങ്ങു പറഞ്ഞാൽ മതി, ഞാൻ അങ്ങ് എത്തിച്ചേക്കാം."

ജീന ചെറിയൊരു ചമ്മലോടെ മുഖം താഴ്ത്തി നിന്നു.

ശ്രീഹരി പറഞ്ഞു.

"നിങ്ങൾ ഇങ്ങനെ കത്തി വച്ച് കൊണ്ട് നിൽക്കാതെ പോയി തൊഴുത്തിട്ടു വാ."

"അത് ശരിയാ.. വാ നമുക്ക് തൊഴുത്തിട്ട് വരാം."

വിദ്യ ജീനയുടെ കൈ പിടിച്ചതും അവൾ പറഞ്ഞു.

"ഏയ്.. ഞാൻ ഇല്ല.. നീ പോയിട്ട് വാ..ഞാൻ ഇവിടെ നിന്നോളം."

വിദ്യ മുഖം ചുളിച്ച് കൊണ്ട് ചോദിച്ചു.

"അതെന്താ.. നിനക്ക് ഞങ്ങളുടെ ദൈവത്തെ ഇഷ്ടമല്ലേ?"

"ഏയ്.. അതല്ല... ഞാൻ ക്ഷേത്രത്തിൽ കയറുന്നത് ആരെങ്കിലും കണ്ട് എന്തെങ്കിലും പറഞ്ഞല്ലോ?"

അതുകേട്ട ജിത്തു പറഞ്ഞു.

"അതിൽ ജീന പേടിക്കണ്ട.. ഈ നാട്ടിലെ ഏറ്റവും വലിയ കട്ട സങ്കി ഞാൻ ആണ്.. ഒരാളും ഒന്നും പറയില്ലെന്ന് ഞാൻ ഉറപ്പ് പറയുന്നു."

അത് കേട്ട ജീന ഒന്നാലോചിച്ചു ശേഷം പറഞ്ഞു.

"എങ്കിൽ ഇച്ചായനും കൂടി വാ."

ശ്രീഹരിക്കും ഒന്ന് ക്ഷേത്രത്തിൽ കയറി തൊഴുതാൽ കൊള്ളാമെന്ന് തോന്നി. മിക്ക ദിവസവും അവിടെ വന്നിരിക്കുമെങ്കിലും ഇതുവരെയും ക്ഷേത്രത്തിൽ കയറിയില്ലായിരുന്നു.

അവൻ അവർക്കൊപ്പം ക്ഷേത്രത്തിലേക്ക് നടന്നു.

വിദ്യയുടെ കൈയും പിടിച്ചാണ് അവൻ ക്ഷേത്രത്തിനു ഉള്ളിലേക്ക് കടന്നത്.. ജീവിതത്തിൽ ആദ്യമായാണ് ഒരു ക്ഷേത്രത്തിനുള്ളിൽ കയറുന്നത്, അതിന്റെ ഒരു പരിഭവം അവളുടെ മുഖത്ത് ഉണ്ട്.

വിദ്യക്ക് ഒപ്പം ജീനയും ദേവി വിഗ്രഹത്തെ നോക്കി കണ്ണടച്ച് നിന്ന് തൊഴുതു പ്രാർത്ഥിച്ചു.

ദേവിയെ തൊഴുകയായിരുന്ന ശ്രീഹരിയുടെ നോട്ടം അവിചാരിതമായി ജീനയുടെ മേൽ പതിഞ്ഞു.

കണ്ണടച്ച് നിന്നു പ്രാർത്ഥിക്കുകയാണ് അവൾ. തൂക്കു വിളക്കിൽ തെളിയിച്ചിരുന്നു തിരിയുടെ വെളിച്ചം അവളുടെ മുഖത്തു തന്നെ പ്രതിഫലിക്കുന്നു. ജീവിതത്തിൽ ഇതുവരെയും കാണാത്ത ഒരു ഭംഗിയും തേജസും അവളുടെ മുഖത്ത്. തന്റെ മനസിനെ അവളിലേക്ക് ആകർഷിക്കുന്നത് പോലെ.. മുഖത്തു നിന്നും കണ്ണെടുക്കാനെ തോന്നുന്നില്ല.

കണ്ണുകൾ തുറന്ന ജീന ആദ്യം കണ്ടത് തന്റെ മുഖത്തു തന്നെ നോക്കി നിൽക്കുന്ന ശ്രീഹരിയെ ആണ്.

എന്താ എന്ന അർഥത്തിൽ അവൾ കണ്ണുകൾ കൊണ്ട് ശ്രീഹരിയോട് ആഗ്യം കാണിച്ചു.

ഒരു ചെറു ചിരിയോടെ അവൻ ഒന്നും ഇല്ലെന്ന് അവളെ കണ്ണടച്ച് കാണിച്ചു. അപ്പോഴും അവളുടെ മുഖത്തു എന്തോ ഉണ്ടെന്നുള്ള ഭാവം തന്നെ ആയിരുന്നു.

ശ്രീഹരി ചിരിച്ച് കൊണ്ട് അവളുടെ കൈയും പിടിച്ച് കൊണ്ട് ക്ഷേത്രത്തിനു ചുറ്റും നടന്നു തൊഴുതു. വിദ്യയും അവർക്ക് ഒപ്പം ഉണ്ടായിരുന്നു.

ക്ഷേത്രത്തിനു വെളിയിൽ ഇറങ്ങുമ്പോഴും കൈയിൽ കിട്ടിയ ചന്ദനം അവൾ നെറ്റിയിൽ തൊട്ടില്ലായിരുന്നു.

അത് കണ്ട് അവൻ ചോദിച്ചു.

"നീ ഇതുവരെ ആ ചന്ദനം ഇട്ടില്ലേ?"

അവൾ ഇല്ല എന്നുള്ള അർഥത്തിൽ ആംഗ്യം കാണിച്ചു.

ശ്രീഹരി അവളുടെ കൈയിൽ നിന്നും ചന്ദനം നാടുവിരലിൽ എടുത്തുകൊണ്ട് ജീനയുടെ നെറ്റിയിൽ ഇട്ടു കൊടുത്തു.

ഇതെല്ലം നോക്കികൊണ്ട് ഒരു പുഞ്ചിരിയോടെ വിദ്യ അവരുടെ അരികിൽ തന്നെ ഉണ്ടായിരുന്നു.

.

.

കുറച്ചു ദിവസങ്ങൾക്ക് ശേഷം..

ഡോർ ബെൽ അടിക്കുന്ന ശബ്ദം കേട്ട് വിദ്യയാണ് പോയി വാതിൽ തുറന്നത്.

വാതിൽ തുറന്ന അവൾ ചെറുതായൊന്നു ഞെട്ടാതിരുന്നില്ല. രണ്ടു ചിറ്റപ്പന്മാരും വാസുകി അപ്പച്ചിയും ആയിരുന്നു വന്നിരുന്നത്.

അവൾ ഞെട്ടാൻ കാരണം ചിറ്റപ്പന്മാരുടെ സന്ദർശനമാണ്. അച്ഛന്റെ മരണശേഷം അപൂർവമായി മാത്രേ അവർ അവിടെ വന്നിട്ടുള്ളൂ. ശ്രീഹരി അവരോടു കാണിച്ചിരുന്ന ഒരു അകൽച്ചയും അതിനു ഒരു കാരണമായിരുന്നു.

വിദ്യ ഒരു പുഞ്ചിരിയോടെ അവരെ ക്ഷണിച്ച് അകത്തിരുത്തി.

"അമ്മോ.. ദാ ചിറ്റപ്പന്മാർ വന്നിരിക്കുന്നു."

അംബികാമ്മ പെട്ടെന്ന് അവിടേക്ക് വന്നു.

"നിങ്ങളെയൊക്കെ കണ്ടിട്ട് ഒരുപാട് നാളായല്ലോ.. ഇങ്ങോട്ടു കാണാനേ ഇല്ല ഇപ്പോൾ.."

മൂത്ത ചിറ്റപ്പൻ പറഞ്ഞു.

"ഓരോ തിരക്കുകളല്ലേ.. എങ്ങും പോകാൻ സമയം കിട്ടാറില്ല."

"മോളെ, ഇവർക്ക് കുടിക്കാൻ വെള്ളം എടുത്തുകൊണ്ട് വാ."

വിദ്യ അടുക്കളയിൽ പോയി ജ്യൂസ് ഉണ്ടാക്കി തിരികെ വന്നു. അതുവരെയും കല്യാണത്തിന്റെ ഓരോ വിശേഷങ്ങൾ അംബികാമ്മയോടു തിരിക്കുകയായിരുന്നു അവർ.

വിദ്യ കൊണ്ട് വച്ച ജ്യൂസ് കൈയിൽ എടുത്തുകൊണ്ടു ഇളയ ചിറ്റപ്പൻ ചോദിച്ചു.

"ശ്രീഹരി ഇല്ലേ ഇവിടെ?"

"അവൻ എറണാകുളത്തു ഓഫീസുവരെ ഇന്നലെ പോയതാണ് എന്തോ കാര്യമായിട്ട്. ഇപ്പോൾ തിരിച്ച് എത്താറായിട്ടുണ്ട്."

മൂ.ചി. - അവന്റെ കൂടെ ഒരു പെണ്ണ് ഇവിടെ വന്നല്ലോ.. അവളെവിടെ?"

അംബികാമ്മ വാസുകിയെ ഒന്ന് നോക്കികൊണ്ട് പറഞ്ഞു.

"ജീനയും അവന്റെ കൂടെ പോയി."

വിദ്യ മനസ്സിൽ വിചാരിച്ചു.

'അപ്പോൾ വെറുതെ അല്ല ഈ വരവ്. അപ്പച്ചിയുടെ പരദൂഷണത്തിന്റെ ഫലമാണ് ഈ സന്ദർശനം.,

മൂ.ചി. - അവൾ എന്തിനാ ഇവിടെ വന്നു നിൽക്കുന്നെ?"

'അമ്മ - അവന്റെ കൂട്ടുകാരി ആണ് ജീന.. അപ്പോൾ കല്യാണം ഒക്കെ ആയോണ്ട് ഒരു സഹായത്തിന് വന്നതാണ്.

ഇ.ചി. - ഞാൻ അന്വേഷിച്ചപ്പോൾ അറിഞ്ഞത് എറണാകുളത്തും അവൾ അവന്റെ കൂടെ തന്നാണ് താമസം എന്നാണല്ലോ.

വാസുകി - നീയും കൂടി അറിഞ്ഞോണോ അവൻ ഇതൊക്കെ കാണിക്കുന്നത്, ആരെങ്കിലുമൊക്കെ അറിഞ്ഞാൽ എന്താ പറഞ്ഞിട്ടുണ്ടാക്കുക എന്ന് അറിയാമോ നിനക്ക്.

സംസാരം കൂടുതൽ നീട്ടി കൊണ്ട് പോകാൻ താല്പര്യം ഇല്ലാത്തതിനാൽ അംബികാമ്മ പറഞ്ഞു.

"നാട്ടുകാരെ പേടിച്ച് നമ്മൾ ജീവിക്കരുതെന്ന എന്റെ ഭർത്താവ് എന്നെ പഠിപ്പിച്ചിരിക്കുന്നത്. പിന്നെ എനിക്ക് ഹരിയേയും അതിനേക്കാളുപരി ജീനയെയും നല്ല വിശ്വാസമാണ്. അതുകൊണ്ട് അവർ ഒരുമിച്ച് ഒരു വീട്ടിൽ താമസിക്കുന്നതിൽ എനിക്ക് ഒന്നും തോന്നിട്ടില്ല. പിന്നെ അവർ തമ്മിൽ ഒരു ഇഷ്ടം ഉണ്ടായി കല്യാണം എന്നൊരു ആവിശ്യം ഉന്നയിച്ചാൽ ഞാൻ ഞാൻ അത് അംഗീകരിക്കും.. കാരണം അവനെ മനസിലാക്കി ജീവിക്കാൻ ജീനയെക്കാളും നല്ലൊരു പെൺകുട്ടിയെ കണ്ടുപിടിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല."

അംബികാമ്മയുടെ എടുത്തടിച്ച പോലുള്ള ഈ മറുപടി കേട്ട് വിദ്യ ഉൾപ്പെടെ അവിടെ എല്ലാരും കുറച്ച് നേരം കണ്ണും മിഴിച്ചിരുന്നു.

വാസുകി - അംബികേ.. നീ എന്തൊക്കെയാ ഈ പറയുന്നേ? അവളെ കല്യാണം കഴിക്കാൻ നീ സമ്മതിക്കുമെന്നോ?"

മൂ.ചി. - ഞാൻ അപ്പോഴേ പറഞ്ഞതാ ഇത് ചോദിക്കാനും പറയാനൊന്നും ഇങ്ങോട്ടു വരേണ്ടെന്ന്. ഇവളുടെ ഭർത്താവിനും ഇല്ലായിരുന്നല്ലോ ഈ ജാതിയും മതവും ഒന്നും നോക്കക്കം.. എന്തിനാ ഇനി ഇവിടെ ഇരിക്കുന്നെ.. ഇറങ്ങാം നമുക്ക്.

ചിറ്റപ്പന്മാർ രണ്ടു പേരും വീടിന് പുറത്തേക്ക് ഇറങ്ങി. അവരെ പറഞ്ഞു സമാധാനിപ്പിക്കാൻ ശ്രമിച്ച് കൊണ്ട് വാസുകിയും.

അവർ പുറത്തേക്ക് ഇറങ്ങിയതും സന്തോഷം നിറഞ്ഞ മുഖത്തോടെ അമ്മയുടെ അടുത്തേക്ക് വന്ന് വിദ്യ ചോദിച്ചു.

"അപ്പോൾ അമ്മക്ക് ഇഷ്ടമാണല്ലേ ചേട്ടൻ വിദ്യയെ കെട്ടുന്നത്.. എനിക്കും അത് ഇഷ്ടമാ."

വിദ്യയുടെ തോളിൽ പിടിച്ച് കൊണ്ട് അംബികാമ്മ പറഞ്ഞു.

"അവളെക്കാളും നല്ലൊരു കൊച്ചു അവന് വേറെ ഇവിടെ കിട്ടാനാണ്. പക്ഷെ നമുക്ക് ആഗ്രഹിക്കാനല്ലേ പറ്റു.. ജീനക്ക് അങ്ങനെ ഒരു താല്പര്യം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല."

ചിറ്റപ്പന്മാരും വാസുകിയും വീടിന് പുറത്തേക്ക് ഇറങ്ങിയതും ശ്രീഹരിയുടെ കാറ് അവിടെ വന്ന് നിന്നതും ഒരുമിച്ചായിരുന്നു.

കാറിൽ നിന്നും ശ്രീഹരിയും ജീനയും പുറത്തേക്ക് ഇറങ്ങി. അപ്രതീക്ഷിതമായി ചിറ്റപ്പന്മാരെ വീടിന് മുന്നിൽ കണ്ടപ്പോൾ ശ്രീഹരി ഒന്ന് ഞെട്ടാതിരുന്നില്ല. ചിറ്റപ്പന്മാരും കാറിൽ നിന്നും ഇറങ്ങിയ ശ്രീഹരിയേയും ജീനയെയും ഒന്ന് നോക്കി.

അവൻ പെട്ടെന്ന് തന്നെ തല താഴ്ത്തി അവരെ ശ്രദ്ധിക്കാതെ വീടിനകത്തേക്ക് കയറി പോയി. ഇരുപേരും ജീനയെ തന്നെ നോക്കുവായിരുന്നു. ആരെന്നു മനസിലായില്ലെങ്കിലും ജീന അവരെ നോക്കി ഒന്ന് പുഞ്ചിരിച്ചു. അവരും അവരറിയാതെ തന്നെ അവൾക്ക് ഒരു പുഞ്ചിരി നൽകി പോയി.

അവരെ മാറി കടന്നു ജീന വീടിനകത്തേക്ക് നടക്കുമ്പോഴും അവരുടെ ശ്രദ്ധ അവളിൽ തന്നെ ആയിരുന്നു. അവളുടെ സൗന്ദര്യവും ബഹുമാനത്തോടെയുള്ള പുഞ്ചിരിയും ഒക്കെ കണ്ടപ്പോൾ ജീന ശ്രീഹരിക്ക് ചേരുമെന്ന് രണ്ടുപേരുടെയും മനസ്സിൽ തോന്നാതിരുന്നില്ല.

മൂത്ത ചിറ്റപ്പൻ വാസുകിയോടു പറഞ്ഞു.

"ഞങ്ങൾ ഇവിടെ നിൽക്കുന്നു എന്ന് പോലും ഭാവിക്കാതെ അവൻ അകത്തേക്ക് കയറി പോയത് കണ്ടില്ലേ.. ഞങ്ങളെ അപമാനിക്കയല്ലേ അവൻ ചെയ്തത്."

ഇളയ ചിറ്റപ്പൻ പറഞ്ഞു.

"അവൻ ഇങ്ങൊക്കെ കാണിക്കാൻ ഞങ്ങൾ എന്താ ചെയ്തത്.. ഞങ്ങൾക്ക് കിട്ടേണ്ട ഓഹരി അല്ലെ ഞങ്ങൾ വാങ്ങിയുള്ളു.. അല്ലാതെ ഇവർക്കുള്ളതും കൂടി ഞങ്ങൾ തട്ടി എടുത്തില്ലല്ലോ.."

ഒന്ന് നിർത്തിയ ശേഷം തുടർന്നു.

"പിന്നെ ശരിയാണ്.. അന്നത്തെ സാഹചര്യത്തിൽ ഞങ്ങൾ അങ്ങനെ ചെയ്യരുതായിരുന്നു.. പക്ഷെ ഞങ്ങൾക്ക് ഞങ്ങളുടെ കുടുംബത്തിന്റെ കാര്യം കൂടി നോക്കണ്ടായിരുന്നോ.. നീ വിളിച്ചപ്പോൾ ഇന്നും ഞങ്ങൾ ഇവിടെ വന്നത് ഞങ്ങൾ ചെയ്തത് തെറ്റ് തന്നെയാണ് എന്ന് ബോധം ഉള്ളതുകൊണ്ട് തന്നെയാണ്.. പക്ഷെ ഇനിയും എങ്ങനെ അപമാനിതനാകാൻ ഞങ്ങൾക്ക് വയ്യ.."

മൂ.ചി. - അവൻ ആ പെണ്ണിനെ കെട്ടുകയോ എന്തോ ചെയ്യട്ടെ. അതൊക്കെ അവന്റെ ഇഷ്ടം. ഞങ്ങൾ അതിൽ ഇനി ഇടപെടുന്നില്ല.. പക്ഷെ വിദ്യയുടെ കല്യാണത്തിന് ഞങ്ങൾ വരണമെങ്കിൽ അവൻ ഞങ്ങളുടെ വീട്ടിൽ വന്നു കല്യാണം വിളിക്കണം.

വാസുകി എന്ത് പറയണം എന്ന് അറിയാതെ നിൽക്കുമ്പോൾ ഇളയ ചിറ്റപ്പൻ പറഞ്ഞു.

"ഞങ്ങൾ കല്യാണത്തിന് വന്നു നിൽക്കുമ്പോഴും അവൻ എല്ലാരുടെയും മുന്നിൽ വച്ചു ഇതുപോലെ പെരുമാറിയാൽ, ആര് വിളിച്ചിട്ടാണ് കല്യാണത്തിന് വന്നതെന്ന് ചോദിച്ചാൽ ഞങ്ങൾ എന്ത് ചെയ്യും. അത് കൊണ്ട് അവൻ നേരിട്ട് കല്യാണം വിളിക്കുമെങ്കിൽ മാത്രം ഞങ്ങൾ സന്തോഷത്തോടെ കല്യാണത്തിൽ പങ്കെടുക്കും."

അവർ രണ്ടുപേരും കാറിൽ കയറി അവിടെ നിന്നും പോയി.

വാസുകി വീടിനകത്തേക്ക് കയറി ചെല്ലുമ്പോൾ എല്ലാപേരും ഹാളിൽ തന്നെ ഉണ്ടായിരുന്നു.

കയറിച്ചെന്നു പാടെ വാസുകി പറഞ്ഞു.

"ഹരി നേരിട്ട് അവരുടെ വീട്ടിൽ ചെന്ന് കല്യാണം വിളിക്കാതെ അവർ വിവാഹത്തിൽ പങ്കെടുക്കില്ല എന്നാണ് പറയുന്നെ."

ശ്രീഹരി എടുത്തടിച്ചപോലെ പറഞ്ഞു.

"എങ്കിൽ അവർ കല്യാണത്തിന് വരണമെന്നില്ല."

എടുത്തടിച്ചപോലെ വാസുകിയും പറഞ്ഞു.

"എങ്കിൽ എന്റെ സഹോദരങ്ങൾ ഇല്ലാതെ ഞാനും ഈ കല്യാണത്തിന് കാണില്ല."

ശ്രീഹരി അവരെ ഒന്ന് തുറിച്ച് നോക്കിയ ശേഷം പടികൾ കയറി മുകളിലേക്ക് പോയി.

അംബികാമ്മ വിഷമത്തോടെ പറഞ്ഞു.

"നിങ്ങൾ എല്ലാപേരും ഇങ്ങനെ തുടങ്ങുവാണേൽ ഞാൻ എന്ത് ചെയ്യും."

ജീനയും എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുകയായിരുന്നു.

എന്നാൽ ഒരു പുഞ്ചിരിയോടെ വിദ്യ പറഞ്ഞു.

"ഏട്ടൻ അവരെ പോയി കല്യാണം വിളിക്കാൻ എന്റെ കൈയിൽ ഒരു ഐഡിയ ഉണ്ട്.. ചിലപ്പോൾ സക്സസ് ആകും."

മൂന്നുപേരും വിദ്യയെ തന്നെ നോക്കി.

"ജീന പോയെന്നു സംസാരിച്ചാൽ ചിലപ്പോൾ ഏട്ടൻ സമ്മതിക്കും."

ജീന കണ്ണ് മിഴിച്ച് ചോദിച്ചു.

"ഞാനോ?"

വിദ്യ പറഞ്ഞതിൽ ചെറിയൊരു കാര്യം ഉണ്ടെന്ന് അംബികാമ്മക്കും തോന്നി. പക്ഷെ അപ്പോഴും വിദ്യ എന്താ ഇങ്ങനെ പറഞ്ഞതെന്ന് അറിയാതെ നിൽക്കുകയായിരുന്നു വാസുകി.

ജീനയുടെ കൈയിൽ പിടിച്ച് കൊണ്ട് വിദ്യ പറഞ്ഞു.

"നീ ഏട്ടനോട് അങ്ങനെ ഒന്നും ആവിശ്യപെടാറില്ല. പക്ഷെ നീ എന്തെങ്കിലും പറയുവാണെങ്കിൽ അത് ഏട്ടൻ കേൾക്കുകയും ചെയ്യും. അതുകൊണ്ട് നീ ഒന്ന് സംസാരിച്ചാൽ ഈ പ്രശ്നങ്ങൾ എല്ലാം ഇവിടെ തീരുമെന്ന് എനിക്ക് തോന്നുന്നു."

ജീന അമ്മയുടെ നേരെ നോക്കി. അംബികാമ്മയും ഒരു പ്രതീക്ഷയോടെ അവളെ തന്നെ നോക്കുവായിരുന്നു.

"ഹമ്.. ഞാൻ സംസാരിച്ച് നോക്കാം.. എനിക്ക് അടി വല്ലോം കിട്ടുമോ കൊല്ലും നിന്നെ ഞാൻ."

വിദ്യ ഒരു ചിരിയോടെ പറഞ്ഞു.

"നിനക്ക് ഏട്ടന്റെന്നു അടി കിട്ടാനോ? നടന്നപോലെ തന്നെ.. നീ പോയി സംസാരിക്കാൻ നോക്കിയേ."

ജീന അടുക്കളയിൽ പോയി ഫ്രിഡ്ജ് തുറന്ന് തണുത്ത കുപ്പിയും വെള്ളവും എടുത്ത് ശ്രീഹരിയുടെ അടുത്തേക്ക് നടന്നു.

പടികൾ കയറുമ്പോഴും ഇത് എങ്ങനെ സംസാരിക്കും എന്ന് ചിന്തിക്കുകയായിരുന്നു അവൾ.

ജീന പടികൾ കയറി മുകളിൽ പോയി കഴിഞ്ഞപ്പോൾ വിദ്യ അപ്പച്ചിയോട് പറഞ്ഞു.

"ഞങ്ങൾക്ക് എന്താണ് ജീനയോട് ഇത്രയും സ്നേഹം എന്ന് അപ്പച്ചിക്ക് അറിയണ്ടേ. എന്റെ കൂടെ വാ."

വിദ്യ വാസുകിയെയും കൂട്ടി പടികൾ കയറി മുകളിലേക്ക് നടന്നു.

ജീന ചെല്ലുമ്പോൾ മുകളിലെ വരാന്തയുടെ തിട്ടയിൽ ഇരിക്കുകയായിരുന്നു ശ്രീഹരി. എല്ലാപേരും തന്നെ ഒറ്റപ്പെടുത്തുന്നു എന്നൊരു തോന്നലിൽ ആയിരുന്നു അവൻ അപ്പോൾ. ആരോടെന്നില്ലാതെ ദേഷ്യം അവന്റെ ഉള്ളിൽ തിളച്ച് പൊങ്ങി.

ജീന അവന്റെ അരികിലേക്ക് പോയി ഇരുന്നു.

അവൻ കടുപ്പിച്ച സ്വരത്തിൽ ചോദിച്ചു.

"എന്താ?"

അവൻ നല്ല ദേഷ്യത്തിൽ ആണെന്ന് ആ ചോദ്യത്തിൽ നിന്നു തന്നെ അവൾക്ക് മനസിലായി.

അവൾ വെള്ളവും കുപ്പിയും അവന്റെ നേരെ നീട്ടി.

"എനിക്ക് വേണ്ട.."

അവൾ എന്നിട്ടും അവന്റെ നേരെ നിന്നും മാറ്റിയില്ല. ജീനയെ ഒന്ന് തുറിച്ച് നോക്കിയ ശേഷം അവൻ വെള്ളം വാങ്ങി ഒരു കവിൾ കുടിച്ചു.

അവൾ അവനോടു അനുവാദം ചോദിക്കാതെ തന്നെ ശ്രീഹരിയുടെ തോളിലേക്ക് തല ചായ്ച്ചു ചേർന്നിരുന്നു.

ഈ സമയം വിദ്യയും വാസുകിയും അവരുടെ ഭിത്തിക്ക് പിന്നിൽ എത്തിയിരുന്നു. അവരെ കാണാൻ കഴിയില്ലെങ്കിലും ഇരുപേരും സംസാരിക്കുന്നത് അവർക്ക് കേൾക്കാം.

അവന്റെ തോളിൽ തലചേർത്ത് വച്ചിരുന്നു എന്ത് പറയാണെമെന്ന് ആലോചിക്കുകയായിരുന്നു ജീന.

സത്യത്തിൽ അവളുടെ സാമീപ്യത്തിൽ അവന്റെ ദേഷ്യം പതിയെ കുറഞ്ഞു തുടങ്ങിയിരുന്നു. ജീനയുടെ സാമിപ്യം തനിക്ക് വല്ലാത്തൊരു ശക്തിയും സമാധാനവും പകരുന്നുണ്ടെന്ന് ഈ ഇടയായി അവൻ മനസിലാക്കി തുടങ്ങിയിരുന്നു. അവളുടെ വെളുത്ത് സുന്ദരമായ പുഞ്ചിരി തൂകി കൊണ്ടിരിക്കുന്ന മുഖം കാണുമ്പോൾ തന്നെ മനസിനുള്ളിൽ ഒരു സന്തോഷമാണ്.

അവളുടെ മുടിയിൽ തലോടിക്കൊണ്ട് അവൻ ചോദിച്ചു.

"എന്താ നിനക്ക് എന്നോട് പറയാനുള്ളത്?"

അവൾ അദ്ഭുതത്തോടെ തോളിൽ നിന്നും തല ഉയർത്തി അവന്റെ മുഖത്ത് നോക്കി.

ഒരു ചിരിയോടെ അവൻ പറഞ്ഞു.

"എനിക്ക് നിന്നെ നന്നായി അറിയില്ലേ.. ഈ ഇരുത്ത കാണുമ്പോഴേ അറിയാം മനസിനുള്ളിൽ എന്തോ ഉണ്ടെന്ന്."

വീണ്ടും അവന്റെ തോളിലേക്ക് തല ചേർത്ത് അവൾ പറഞ്ഞു.

"ഇച്ചായന്റെ ദേഷ്യമൊക്കെ ഒന്ന് മാറട്ടെ. എന്നിട്ട് പറയാം."

"എനിക്കിപ്പോൾ ദേഷ്യമൊന്നും ഇല്ല. നീ പറഞ്ഞോ."

"പറയാം.. പക്ഷെ എന്നെ വഴക്ക് പറയരുത്."

"ഇല്ല.. നീ പറഞ്ഞോ.."

ഒരു നിമിഷത്തെ നിശ്ശബ്ദതക്ക് ശേഷം അവൾ പറഞ്ഞു.

"ഇച്ചായന് ചിറ്റപ്പന്മാരെ പോയൊന്നു കല്യാണത്തിന് വിളിച്ചൂടെ. കല്യാണം നല്ല രീതിയിൽ നടക്കേണ്ടത് നമ്മുടെ ആവിശ്യം അല്ലെ?"

"നീ എന്ത് അറിഞ്ഞിട്ടാണ് ഈ പറയുന്നത്?"

"എനിക്കെല്ലാം അറിയാം.. അവർ ഇച്ചായനോട് ചെയ്തത് അറിയാം.. വിദ്യയുടെയും അമ്മയുടെയും മനസ്സിൽ എന്താണെന്ന് എനിക്കറിയാം.. വാസുകി അപ്പച്ചി നിങ്ങളെയെല്ലാം ഒരുമിപ്പിക്കാൻ നോക്കുവാണെന്ന് എനിക്കറിയാം.. അതൊന്നും മനസിലാക്കാതെ പകയോടെ മാത്രം ചിന്തിക്കുന്നത് ഇച്ചായൻ മാത്രം ആണ്. അത് കൊണ്ട് എനിക്ക് പറയാനുള്ളത് എല്ലാം സമാധാനത്തോടെ കേട്ടു കഴിഞ്ഞ ശേഷം മാത്രേ ഇച്ചായൻ ഇനി മിണ്ടാവു."

അവളുടെ മുഖത്തേക്ക് നോക്കി അവൻ പറഞ്ഞു.

"നീ പറഞ്ഞോ.."

"ചിറ്റപ്പന്മാർ ചെയ്തത് തെറ്റ് തന്നെയാണ്, അല്ലെന്ന് ഞാൻ പറയുന്നില്ല.. പക്ഷെ അത് അവരുടെ സാഹചര്യം കൂടി നോക്കി ചെയ്ത ഒരു തെറ്റായിരുന്നു. അവരിപ്പോൾ ഇച്ചായനുമായി യോചിക്കാൻ ആഗ്രഹിക്കുന്നുണ്ട്... തെറ്റ് എല്ലാപേർക്കും പറ്റുന്നതാണ്.. ഞാൻ തെറ്റ് ചെയ്തിട്ടിലേ?.. ഇച്ചായൻ ചെയ്തിട്ടില്ല? അതൊക്കെ സാഹചര്യങ്ങൾ കാരണം ഉണ്ടായതാണ്. അവരുടെ തെറ്റ് ക്ഷമിക്കുന്നിടത്ത് ഇച്ചായൻ വിജയിക്കുകയെ ഉള്ളു.."

ജീന അവന്റെ തോളിൽ നിന്നും തല ഉയർത്തി.

"അമ്മയും ജീനയും കല്യാണത്തിന് എല്ലാരും വേണമെന്ന് ആഗ്രഹിക്കുന്നുണ്ട്. കല്യാണം കഴിഞ്ഞ് ചെന്ന് കയറുന്ന വീട്ടിൽ ഉള്ളവർ വിദ്യയോട് അച്ഛന്റെ സഹോദരങ്ങൾ കല്യാണത്തിന് വരാഞ്ഞത് എന്ത് എന്ന് അവളോട് ചോദിച്ചാൽ അവൾ എന്ത് മറുപടി നൽകും.

അധവാ അവൾ ഉള്ളതൊക്കെ തുറന്നു പറഞ്ഞാൽ നമ്മുടെ കുടുംബത്തിൽ ഉള്ളവരുടെ വിലയില്ലേ അവിടെ ഇല്ലാതാകുന്നെ.. അവിടുള്ളവരുടെ മുന്നിൽ അവൾ നാണം കെടുകയല്ലെ ചെയ്യുന്നത്?"

സത്യത്തിൽ ആ ഒരു ചോദ്യം ശ്രീഹരിയുടെ മനസ്സിൽ ശരിക്കും കൊണ്ടു.

"സ്നേഹിക്കാൻ അമ്മയും അനിയത്തിയും ഒക്കെ ഉള്ളതുകൊണ്ടാണ് ഇച്ചായന് ബന്ധുക്കളെയൊക്കെ അകറ്റി നിർത്താൻ കഴിയുന്നത്.. ആരും ഇല്ലാതാകുമ്പോഴേ ഇച്ചായന് ശരിക്കും അതിന്റെയൊക്കെ വില മനസിലാകുകയുള്ളു."

അത് പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അവളുടെ സ്വരം ഇടറി തുടങ്ങിയിരുന്നു. അത് ശ്രീഹരിക്ക് മനസിലാക്കുകയും ചെയ്തു.

അവളെ തുടർന്ന് പറയാൻ അനുവദിക്കാതെ ശ്രീഹരി പറഞ്ഞു.

"ഇപ്പോൾ എന്താ വീണുന്നെ.. ഞാൻ അവരെ പോയി കല്യാണം വിളിക്കണം. അത്ര അല്ലെ ഉള്ളു, അത് ഞാൻ ചെയ്തോളം."

ആശ്വാസം നിറഞ്ഞ ഒരു ചിരിയോടെ അവൾ പറഞ്ഞു.

"മതി.. ഇച്ചായൻ ഒന്ന് സംസാരിച്ചാൽ നിങ്ങൾക്ക് ഇടയിലുള്ള എല്ലാ പ്രശ്നങ്ങളും മാറും. അവരും അതിനായി കാത്തിരിക്കുകയാണ്."

ജീന അവന്റെ തോളിലേക്ക് വീണ്ടും തല ചായ്ച്ചു.

ജീനക്ക് ഈ സന്തോഷ വാർത്ത വിദ്യയേയും അമ്മയെയും അറിയിക്കുന്നതിനേക്കാളേറെ അവന്റെ സാമീപ്യത്തിൽ കുറച്ച് നേരം കൂടി ഇരിക്കാനാണ് തോന്നിയത്. ഇവിടെ വന്നതിനു ശേഷം ഇതുപോലെ അവന്റ തോളിൽ തോളിൽ തലചേർത്തു എല്ലാം മറന്ന് ഇരിക്കുവാൻ അവൾക്ക് ഒരു അവസരം ലഭിച്ചിരുന്നില്ല.

ഭിത്തിയുടെ മറുപുറം നിന്നിരുന്ന വിദ്യ അപ്പച്ചിയുടെ കൈയും പിടിച്ച് താഴേക്ക് നടക്കുന്നതിനിടയിൽ ചോദിച്ചു.

"ഇപ്പോൾ മനസ്സിലായോ ഞങ്ങൾക്ക് ജീനയെ എത്രയും ഇഷ്ടം എന്താണെന്ന്. ആരുടെ മുന്നിലും വഴങ്ങാത്ത ചേട്ടനെ എങ്ങനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കണമെന്ന് അവൾക്ക് അറിയാം. പക്ഷെ സ്വന്തം ആവിശ്യകൾക്കായി അവൾ ചേട്ടനെ അനുസരിപ്പിക്കാറുമില്ല."

വാസുകി സത്യത്തിൽ അതിശയിച്ചു നിൽക്കുകയായിരുന്നു. ജീനയുടെ വാക്കുകൾക്ക് മുന്നിൽ ഇത്ര പെട്ടെന്ന് ശ്രീഹരി സമ്മതിക്കുമെന്ന് അവർ വിചാരിച്ചിരുന്നില്ല.

ഒരു ചിരിയോടെ വിദ്യ പറഞ്ഞു.

"അവളുടെ വാക്ക് കേട്ട് അനുസരിച്ചെന്നും പറഞ്ഞു അവളുടെ വാക്കുകൾ കേട്ട് തുള്ളുന്ന ഒരു പെങ്കോന്തനാണ് ചേട്ടനെന്ന് അപ്പച്ചി കരുതണ്ട. ചേട്ടൻ അവളോട് ഒരു കാര്യം ആവിശ്യപ്പെട്ട് കഴിഞ്ഞാൽ അതിൽ നിന്നും ഇടം വലം ജീന ചലിക്കത്തില്ല... അച്ഛനോ അമ്മയോ ഒന്നും ഇല്ലാത്ത എല്ലാരേയും സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു പാവം ആണ് അവൾ.. അപ്പച്ചി ഇനി കല്യാണം കഴിയുന്നവരെ ഇവിടെ വന്നു നിൽക്കുന്നുണ്ടല്ലോ.. ആ ഒരു സമയം മതി അപ്പച്ചിയും അവളെ മനസിലാക്കി സ്നേഹിച്ചു തുടങ്ങാൻ."

.

.

ശ്രീഹരി ജീനയ്ക്ക് കൊടുത്ത വാക്ക് പാലിച്ചു. അമ്മയെയും അനിയത്തിയേയും കൂടെ കൊണ്ടു പോയി ചിറ്റപ്പന്മാരെ കല്യാണത്തിന് വിളിച്ചു. പരസ്പരമുള്ള ഒരു തെറ്റുപറച്ചിലിൽ അവർക്കിടയിൽ ഉണ്ടായിരുന്ന മഞ്ഞു മതിൽ ഉരുകി തുടങ്ങുകയും ചെയ്തു.

തീവണ്ടിയുടെ വേഗതയിൽ ആണ് പിന്നീടുള്ള ദിവസങ്ങൾ കടന്നു പോയത്.

കണ്ണടച്ച് തുറക്കുന്നതിനുള്ളിൽ കല്യാണത്തിന്റെ തലേ ദിവസം ആയി. വിദ്യയുടെ വാക്കുകൾ പോലെ തന്നെ ഈ ദിവസങ്ങൾക്കിൽ വാസുകി അപ്പച്ചിയെയും മറ്റു ബന്ധുക്കളെയും ജീന കൈയിലെടുത്തിരുന്നു. അടുക്കളയിലും, വിദ്യയുടെ അടുത്തും, ശ്രീഹരിക്ക് ഒപ്പവുമായി അവൾ ഓടി നടക്കുകയായിരുന്നു. ശരിക്കും ആ കുടുബത്തിലെ ഒരാളായി അവളെ എല്ലാപേരും അംഗീകരിച്ചത് പോലെ ആയിരുന്നു.

നാല് മണിക്ക് ചെറുക്കനും കൂട്ടരും സാരി കൊണ്ടു വരുമെന്നതിനാൽ മൂന്നുമണിയോടെ തന്നെ വിദ്യ റിസപ്ഷന് ഇടാനുള്ള ഡ്രെസ്സും ഇട്ടു മേക്അപ്പും ചെയ്തു റെഡി ആയി. ഒരു ഇളം ഗ്രേ കളർ ലെഹങ്ക മോഡൽ ഡ്രസ്സ് ആയിരുന്നു അവൾ ധരിച്ചത്. കൈമുട്ടുവരെ മെഹന്തി ഇട്ടിരുന്നു. കഴുത്തിൽ ഒരു ഡയമണ്ട് നെക്ലൈസ് മാത്രം, കാതിൽ ഡയമണ്ടിന്റെ തന്നെ കമ്മലും. എല്ലാപേർക്കും അവളെ ഒരുക്കിയിരിക്കുന്നത് ഇഷ്ടമായി.

പക്ഷെ എല്ലാപേരും ഞെട്ടിയത് ജീനയെ കണ്ടാണ്.

ചുവന്ന ലോങ്ങ് പാവാടയും അതെ കളറിൽ തന്നെ ഉള്ള പൊക്കിളിനു തൊട്ട് മുകളിലായി നിൽക്കുന്ന ടോപ്പും. ചുവപ്പിൽ ഉണ്ടായിരുന്ന ഗോൾഡൻ കളർ വർക്കുകൾ വസ്ത്രത്തിന്റെ ഭംഗി ഇരട്ടി ആക്കുന്നുണ്ട്. ടോപിനു പൊക്കിളിനു മുകളുവരെ മാത്രമേ നീട്ടം ഉള്ളതിനാൽ പാവടക്കും ടോപ്പിനും ഇടയിൽ അവളുടെ വെളുത്ത വയറിന്റെ കുറച്ച് ഭാഗം നഗ്നമായിരുന്നു. ആ നഗ്നത കാണാനും ആകർഷിക്കുന്ന ഒരു ഭംഗി ഉണ്ടായിരുന്നു. കഴുത്തിൽ നേർത്ത ഒരു ഡയമണ്ട് മാലയും അതിന്റെ അറ്റത്തായി പൂവിന്റെ ആകൃതിയിൽ ഉള്ള ഒരു ഡയമണ്ട് ലോക്കറ്റും. കാതിൽ തൂങ്ങിക്കിടക്കുന്ന മുത്തോട് കൂടി ഉള്ള ഒരു ഡയമണ്ട് കമ്മലും. നീളം കൂടിയ മുടി ചെറു ചുരുളുകളായി ഇട്ടിരിക്കുകയാണ്.

ഹാളിൽ ബന്ധുക്കൾ എല്ലാരുമായി നിന്നു വിദ്യ സെൽഫി എടുത്തുകൊണ്ടിരിക്കുമ്പോഴാണ് പടികൾ ഇറങ്ങി താഴേക്ക് ഇറങ്ങി വരുന്ന ജീനയെ കാണുന്നത്.

വിദ്യ അതിശയിച്ചു ജീനയെ തന്നെ നോക്കി നിന്നു പോയി. അവിടെ നിന്നിരുന്ന ബാക്കി ഉള്ളവരുടെയും അവസ്ഥ ഏകദേശം അങ്ങനെ തന്നെ ആയിരുന്നു.

വിദ്യയുടെ അടുത്തെത്തിയ ജീന ചോദിച്ചു.

"ഒരുങ്ങിയിട്ട് കൊള്ളാമോ?"

"ഈ ഒരു ലുക്കിൽ വന്നിട്ട് എന്നോട് കൊള്ളാമോ എന്ന് ചോദിച്ചാൽ ഞാൻ നല്ല അടി വച്ച് തരും... എനിക്ക് ഇപ്പോൾ ഒരു സത്യം അറിയണം, ഇവിടെ ഞാനാണോ കല്യാണപ്പെണ്ണ് അതോ നീയാണോ?"

വിദ്യയുടെ തോളിൽ പതുക്കെ അടിച്ച് കൊണ്ടു ജീന പറഞ്ഞു.

"ഒന്ന് പൊടി നീ തള്ളാതെ.."

ഒരു ചിരിയോടെ വിദ്യ പറഞ്ഞു.

"ഞാൻ കാര്യായിട്ട് പറഞ്ഞതാ.. സൂപ്പർ ആയിട്ടുണ്ട് നീ."

ഒരു പുഞ്ചിരിയോടെ ജീന ചോദിച്ചു.

"ഇച്ചായൻ എവിടെ?"

"അമ്മയും ഇച്ചായനും പന്തലിൽ ഉണ്ട്. സാരി കൊണ്ടു വരാൻ സമയം ആയി..അവരെയും നോക്കി നിൽക്കെയാണ്."

"ഞാൻ എങ്കിൽ ഇച്ചയേനെ കണ്ടിട്ട് വരാം.."

ജീന നടന്നു നീങ്ങിയപ്പോൾ വിദ്യ വിളിച്ചു പറഞ്ഞു.

"സാരി കൊടുപ്പു കഴിഞ്ഞു സ്റ്റേജിൽ നീ എന്നോടൊപ്പം തന്നെ കാണണം."

ശരിയെന്ന അർഥത്തിൽ ഒരു പുഞ്ചിരിയോടെ തല കുലുക്കികൊണ്ട് ജീന പന്തലിലേക്ക് നടന്നു.

അമ്മയുമായി എന്തോ സംസാരിച്ചുകൊണ്ടു നിന്ന ശ്രീഹരി പെട്ടെന്ന് നിശബ്തനായി.. അവന്റെ കണ്ണുകൾ വിടർന്നു.

ശ്രീഹരി കണ്ണിമവെട്ടാതെ എവിടേക്കാണ് നോക്കുന്നതെന്നറിയാൻ തിരിഞ്ഞു നോക്കിയ അമ്മയുടെയും കണ്ണുകളും അവർക്ക് അരികിലേക്ക് നടന്നു വരുന്ന ജീനയെ കണ്ട് വിടർന്നു.

അവരുടെ അരികിൽ എത്തിയ ജീന ശ്രീഹരിയോട് ചോദിച്ചു.

"എങ്ങനുണ്ട് ഇച്ചായാ?"

"നീ അമ്മയോട് തന്നൊന്ന് ചോദിച്ച് നോക്ക്."

അവൾ അമ്മയുടെ നേരെ നോക്കി.

അവളെ കെട്ടിപിടിച്ച് നെറ്റിയിൽ ഒരു ഉമ്മ കൊടുത്തുകൊണ്ട് 'അമ്മ പറഞ്ഞു.

"എന്റെ മോളെ കാണാൻ എത്ര ഭംഗി ഉണ്ടെന്ന് എനിക്ക് പറയാനറിയില്ല."

അമ്മയുടെ വാക്കുകൾ കേട്ട് അവളുടെ മുഖം സന്തോഷം കൊണ്ടു കൂടുതൽ പ്രകാശമയം ആയി.

അപ്പോഴേക്കും സാരിയുമായി ചെക്കൻ കൂട്ടർ എത്തി.. 'അമ്മ പെട്ടെന്ന് തന്നെ ഈ വിവരം അറിയിക്കാനായി വീടിന് അകത്തേക്ക് പോയി.

'അമ്മ പോയതും ശ്രീഹരി ജീനയോട് സ്വരം താഴ്ത്തി പറഞ്ഞു.

"എവിടെ ആരും ഇല്ലായിരുന്നെങ്കിൽ 'അമ്മ തന്നതുപോലൊരു ഉമ്മ ഞാനും നിനക്ക് തന്നേനെ. അത്രയ്ക്ക് സുന്ദരി ആണ് ഇന്ന് നീ."

ഇത്രയും പറഞ്ഞ് ശ്രീഹരി അവിടന്ന് ചെക്കൻ കൂട്ടരേ സ്വീകരിക്കാനായി നടന്നു നീങ്ങുമ്പോൾ ജീനയുടെ മുഖത്ത് ഒരിക്കലും ഇല്ലാത്ത ഒരു നാണം നിറഞ്ഞിരുന്നു.

പിന്നീടുള്ള സമയം സാരി കൊടുപ്പു ചടങ്ങും ഫോട്ടോ എടുപ്പുമായി ബഹളമായിരുന്നു. ജീന ഒരു ആവിശ്യങ്ങളുമായി വിദ്യയുടെ അടുത്തും വീടിനുള്ളിലുമായി ഓട്ടം ആയിരുന്നു. ശ്രീഹരിയും നല്ല തിരക്കിലായിരുന്നു. പക്ഷെ കിട്ടുന്ന അവസരങ്ങളിലെല്ലാം ജീനക്കായി അവന്റെ കണ്ണുകളും പരതുന്നുണ്ടായിരുന്നു.

വിവേകും കൂട്ടരും പോയി കഴിഞ്ഞപ്പോഴാണ് ശ്രീഹരി ചെറുതായി ഒന്ന് ഫ്രീ ആയത്. പുറത്തുള്ള ആവിശ്യങ്ങൾക്ക് അവന്റെ കൂട്ടുകാർ ഓടുന്നുണ്ടായിരുന്നു. അവരുടെ അനിയത്തിയുടെ കല്യാണം ആയി തന്നെ ആയിരുന്നു ശ്രീഹരിയുടെ കൂട്ടുകാരെല്ലാം ആ കല്യാണത്തെ കണക്കാക്കിയിരുന്നത്.

ബന്ധുക്കളിൽ ഒരാളെ യാത്ര ആക്കാനായി ഗേറ്റിനു അരികിലേക്ക് നടക്കുമ്പോഴാണ് ക്ലാരയും ഭർത്താവും കൊച്ചുമായി അവന് എതിരെ നടന്നു വന്നത്.

ശ്രീഹരി ഒരു പുഞ്ചിരിയോടെ അവരെ എതിരേറ്റ ശേഷം ബന്ധുവിനെ പെട്ടെന്ന് യാത്രയാക്കി അവർക്ക് അരികിലേക്ക് നടന്നു വന്നു.

കല്യാണം വിളിക്കാൻ പോകുമ്പോൾ ക്ലാരയുടെ ഭർത്താവിനെ അവൻ നേരത്തെ തന്നെ പരിചയപ്പെട്ടിരുന്നു. ക്ലാരയുടെ തോളിൽ കിടക്കുകയായിരുന്നു അവരുടെ രണ്ടു വയസ് പ്രായമുള്ള മോള്.

അവരുടെ അരികിൽ എത്തിയ ശ്രീഹരി അവളുടെ ഭർത്താവിന് കൈ കൊണ്ടുത ശേഷം അകത്തേക്ക് ക്ഷണിച്ചു.

അകത്തേക്ക് നടക്കുന്നതിനിടയിൽ ക്ലാര ചോദിച്ചു.

"അനിയത്തിയുടെ കല്യാണമായി നല്ല ഓട്ടത്തിൽ ആണല്ലേ?"

ഒരു ചിരിയോടെ അവൻ പറഞ്ഞു.

"എന്നേക്കാൾ നന്നായി അകത്തു മറ്റൊരാൾ ഓടുന്നുണ്ട്."

ക്ലാര ആകാംഷയോടെ ചോദിച്ചു.

"അതാര്?"

"ജീന.."

"അവൾക്ക് പിന്നെ പണ്ടേ എവിടെയും അടങ്ങി ഒതുങ്ങി ഇരുന്നു വിശ്രമിക്കുന്ന ശീലം ഇല്ലല്ലോ."

അപ്പോഴേക്കും അവർ സ്റ്റേജിനു അരികിൽ എത്തിയിരുന്നു. ക്ലാരയെ കണ്ടതും ജീന വിദ്യയുടെ അരികിൽ നിന്നും ഓടി അവരുടെ അരികിൽ എത്തി.

ജീനയുടെ കൈ പിടിച്ച്കൊണ്ട് ക്ലാര ശ്രീഹരിയോട് പറഞ്ഞു.

"നിന്റെ കൊച്ച് ഇന്ന് ഒടുക്കത്തെ സുന്ദരി ആണല്ലോടാ."

ജീന ഒരു നാണത്തോടെ ശ്രീഹരിയെ നോക്കി. അതിനു ശേഷം അവരെയും കൂട്ടി വിദ്യയുടെ അടുത്തേക്ക് നടന്നു.

അവർ ഫോട്ടോയൊക്കെ എടുത്തിട്ട് വരുന്നവരെയും ശ്രീഹരി അവരെയും കാത്തു താഴെ നിന്നു. ഫോട്ടോ എടുപ്പോക്കെ കഴിഞ്ഞ് ക്ലാര ശ്രീഹരിയുടെ അടുത്തേക്ക് വന്നപ്പോൾ ജീനയും അവൾക്കൊപ്പം വന്നു.

ശ്രീഹരി ജീനയോട് പറഞ്ഞു.

"ഇവരെ കഴിക്കാനായി കൊണ്ടു പോ."

ക്ലാര പെട്ടെന്ന് പറഞ്ഞു.

"കഴിക്കാൻ നിൽക്കുന്നില്ലടാ, ഞങ്ങൾ ഇറങ്ങുവാ.. ഇച്ചായന്റെ വീട്ടിലേക്ക് പോകുന്ന വഴിയാ ഞങ്ങൾ ഇവിടെ കയറിയത്."

"അപ്പോൾ ചേച്ചി നാളെ കല്യാണത്തിന് വരില്ലേ?"

"ഇല്ല മോളെ.. ഇന്ന് രാത്രി തന്നെ അത്യാവിശ്യമായി ഞങ്ങൾക്ക് അങ്ങ് എത്തണം."

അപ്പോഴേക്കും വിദ്യ എന്തോ ആവശ്യത്തിനായി ജീനയെ വിളിച്ചു. ക്ലാരയോട് യാത്ര പറഞ്ഞു ജീന പെട്ടെന്ന് വിദ്യയുടെ അടുത്തേക്ക് പോയി.

ക്ലാരയുടെ ഭർത്താവ് കുഞ്ഞിനേയും വാങ്ങി കാറിനടുത്തേക്ക് മുൻപേ നടന്നപ്പോൾ ക്ലാര സാവധാനം ശ്രീഹരിക്ക് ഒപ്പം അവിടേക്ക് നടന്നു.

എന്തുകൊണ്ടോ അവർക്കിടയിൽ ഒരു നിശബ്തത തളംകെട്ടി നിന്നു. അവസാനം അതിനെ ഭേദിച്ചുകൊണ്ട് ക്ലാര പറഞ്ഞു.

"ജീന ഇന്ന് നല്ല സുന്ദരി ആയിട്ടുണ്ടല്ലേ?"

അവൻ ഒന്ന് മൂളി.

"നിനക്ക് അവളെ അങ്ങ് കല്യാണം കഴിച്ചൂടെടാ.. നിങ്ങൾ തമ്മിൽ നല്ല ചേർച്ച ആയിരിക്കും."

ശ്രീഹരി ഒരു ഞെട്ടലോടെ അവളുടെ മുഖത്തേക്ക് നോക്കി.

"എനിക്ക് ശരിയെന്ന് തോന്നിയ ഒരു അഭിപ്രായം ഞാൻ പറഞ്ഞതാണ്.. നീ അതിനെക്കുറിച്ചൊന്ന് ആലോചിച്ചു നോക്ക്."

അപ്പോഴേക്കും അവർ കാറിനരികിൽ എത്തിയിരുന്നു. ക്ലാര യാത്ര പറഞ്ഞ് കാറിൽ കയറി പോയി കഴിഞ്ഞ ശേഷവും അവൾ പറഞ്ഞ കാര്യം അവന്റെ ചെവിക്കുള്ളിൽ മുഴങ്ങി കേട്ടുകൊണ്ടിരുന്നു.

അറിയാതെ അവനും സ്വയം മനസിനുള്ളിൽ ഒന്ന് ചോദിച്ച് പോയി.

'ജീനയെക്കാളും നല്ലൊരു ജീവിത സഖിയെ എനിക്ക് വേറെ കിട്ടുമോ?'

രാത്രി ഒൻപതു മണിയോടെ തിരക്കുകൾ എല്ലാം ഒഴിഞ്ഞു. വിദ്യ വസ്ത്രം മാറാൻ വീടിനുള്ളിലും പോയിരുന്നു. ബാക്കി ഉള്ളവർ എല്ലാം ക്ഷീണം കാരണം ഉറങ്ങാനുള്ള തയ്യാറെടുപ്പിലും ആയിരുന്നു.

ഓടി തളർന്ന ജീന പന്തലിൽ ഒരു മുറ്റത്തു കിടന്നിരുന്ന ഒരു കസേരയിലേക്ക് പോയിരുന്നു. നടു ചെറുതായി വേദനിക്കുന്നുണ്ട്. വൈകുന്നേരം മൂന്നു മണിക്ക് ശേഷം സത്യം പറഞ്ഞാൽ അവൾ ഇപ്പോഴാണ് ഒന്ന് ഇരിക്കുന്നത്. മുഴുവൻ സമയവും ഓരോ കാര്യങ്ങളും ആയി ഓട്ടത്തിൽ തന്നെ ആയിരുന്നു അവൾ. സ്ത്രീകൾക്ക് ഇടയിൽ ഓരോ ആവിശ്യങ്ങൾക്കും അവിടെ ഏറ്റവും കൂടുതൽ മുഴങ്ങി കേട്ട പേര് ജീനയുടേതായിരുന്നു.

ആളൊഴിഞ്ഞ മുറ്റത്ത് അവൾ അവൾ ഒറ്റക്കിരിക്കുന്നത് കണ്ട് അംബികാമ്മ അവളുടെ അരികിലേക്ക് വന്നു ഒരു കസേരയിൽ ഇരുന്നു.

അവളുടെ നെറ്റിയിൽ പറ്റിപിടിച്ചിരുന്ന വിയർപ്പ് തുടച്ച് മാറ്റിക്കൊണ്ട് 'അമ്മ ചോദിച്ചു.

"എന്റെ മോള് ഇന്ന് ഓടി തളർന്നു അല്ലെ?"

ഒരു പുഞ്ചിരി ആയിരുന്നു അവളുടെ മറുപടി.

"വന്നു കിടക്കാൻ നോക്ക്. നാളെ രാവിലെ എഴുന്നേൽക്കണ്ടതല്ലേ?"

"ഇച്ചായൻ വന്നിട്ട് ഞാൻ കിടന്നോളം."

ഓഡിറ്റോറിയത്തിലെ കാര്യങ്ങൾ നോക്കുവാനായി പോയിരിക്കുകയായിരുന്നു ശ്രീഹരി. അവൻ തിരികെ വരാതെ ജീന കിടക്കില്ലെന്ന് ഉറപ്പുള്ളതിനാൽ അമ്മ പിന്നെ അവളെ നിർബന്ധിക്കാൻ നിന്നില്ല.

"എന്നാൽ ഞാൻ പോട്ടെ മോളെ.. ഇപ്പോൾ കിട്ടുന്നില്ലെങ്കിൽ രാവിലെ ഞാൻ എഴുന്നേൽക്കില്ല."

ഒരു പുഞ്ചിരിയോടെ അവൾ പറഞ്ഞു.

"'അമ്മ പോയി കിടന്നോ?"

പിന്നെയും കുറച്ച് നേരം കൂടി കസേരയിൽ ഇരുന്നു അവൾ ഉറക്കം തൂങ്ങി വന്നപ്പോഴാണ് ഒരു കാറിന്റെ വിളിച്ചാൽ അവളുടെ കണ്ണിൽ പതിച്ചത്. പാതി മയക്കത്തിൽ നിന്നും അവൾ പെട്ടെന്ന് ഞെട്ടി കണ്ണ് തുറന്നു.

കാറിൽ നിന്നും ഇറങ്ങി വരുന്ന ശ്രീഹരിയേയും രണ്ടു ചിറ്റപ്പൻ മാരെയും കണ്ട് അവൾ കസേരയിൽ നിന്നും എഴുന്നേറ്റു.

അവളെ കണ്ട് കൊണ്ട് മൂത്ത ചിറ്റപ്പൻ ചോദിച്ചു.

"ഇതുവരെ ഉറങ്ങിയില്ലേ നീ?"

"നിങ്ങൾ വരുന്നതും നോക്കി നിൽക്കുവായിരുന്നു."

ഇളയ ചിറ്റപ്പൻ പറഞ്ഞു.

"പോയി കിടന്ന് ഉറങ്ങാൻ നോക്ക്. രാവിലെ എഴുന്നേൽക്കണ്ടതല്ലേ."

അവൾ ഒന്ന് മൂളി. ഇരുവരും വീടിനുള്ളിലേക്ക് കയറി പോയി.

അവളുടെ അരികിൽ എത്തിയ ശ്രീഹരി അവളുടെ കൈയിൽ പിടിച്ച് കൊണ്ട് പറഞ്ഞു.

"നീ വാ.."

എവിടേക്കാണെന്ന് അറിയാതെ അവൾ ശ്രീഹരിക്കൊപ്പം നടന്നു. അവൻ ജീനയെയും കൂട്ടി പോയത് പന്തലിനുള്ളിലേക്ക് ആയിരുന്നു. പന്തലിനുള്ളിൽ വിജനമായിരുന്നു. അവർ രണ്ടുപേരും മാത്രം.

"എന്താ ഇച്ചായാ ഇവിടെ?"

ഒരു കസേരയിലേക്ക് അവളെ ഇരുത്തികൊണ്ടു അവൻ പറഞ്ഞു.

"നീ ഇവിടെ ഇരിക്ക്, ഞാൻ ദാ വരുന്നു."

അവിടെ നിന്നും പോയ ശ്രീഹരി തിരികെ വന്നത് ഐസ് ക്രീമും ആയിട്ടാണ്. അത് അവളുടെ കൈയിൽ കൊടുത്ത് അവൽക്കരികിലായി ഇരുന്നുകൊണ്ട് അവൻ ചോദിച്ചു.

"അഞ്ച് ഫ്ലേവർ ഐസ് ക്രീം വേണമെന്നൊക്കെ പറഞ്ഞു ബഹളം വച്ചിട്ട് നീ ഏതെങ്കിലും ഒരെണ്ണം കഴിച്ചു നോക്കിയിരുന്നോ?"

അപ്പോഴാണ് അവളും അതിനെ കുറിച്ച് ഓർക്കുന്നത്. തിരക്കുകൾക്ക് ഇടയിൽ അവൾക്ക് അതിനൊന്നും ഉള്ള സമയം കിട്ടിയിരുന്നില്ല.

ഒരു പുഞ്ചിരിയോടെ അവൾ ഐസ് ക്രീം കഴിച്ചു തുടങ്ങി.

അവളുടെ മുഖത്തേക്ക് തന്നെ നോക്കിയിരുന്ന ശ്രീഹരി ചോദിച്ചു.

"ഓടി ഓടി തളർന്നു അല്ലെ നീ."

ഒരു പുഞ്ചിരിയോടെ അവൾ സ്പൂണിൽ നിറച്ച ഐസ്ക്രീം അവന് നേരെ നീട്ടി. അവനതു നിരസിക്കാതെ വായ്ക്കുള്ളിൽ ആക്കുകയും ചെയ്തു.

"സ്വന്തമെന്ന് കരുതാൻ ആരും ഇല്ലെന്ന് കരുതിയിരുന്ന എനിക്ക് വിദ്യയുടെ കല്യാണത്തിന് കുടുംബത്തിലെ ഒരാളെന്ന പോലെ ഓടാൻ കഴിയുമ്പോൾ മനസിന് കിട്ടുന്ന ഒരു സന്തോഷം ഉണ്ടല്ലോ.. അത് പറഞ്ഞറിയിക്കാൻ എനിക്കറിയില്ല."

അവൾ ഐസ്ക്രീം കഴിച്ചു കഴിയുന്നവരെയും അവൻ പിന്നെ ഒന്നും മിണ്ടിയില്ല.

കഴിച്ചു കഴിഞ്ഞ ശേഷം അവൾ ചോദിച്ചു.

"ഇനി നമുക്ക് പോയി ഉറങ്ങിയാലോ?"

ശ്രീഹരി ചുറ്റും നോക്കി, ആരും അവിടെ ഇല്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം അവൻ ജീനയെ തന്നിലേക്ക് അടുപ്പിച്ച് അവളുടെ വിയർപ്പ് കണങ്ങൾ നിറഞ്ഞ നെറ്റിയിലേക്ക് ഒരു ഉമ്മ കൊടുത്തു.

"ഇനി നമുക്ക് പോയി കിടന്നുറങ്ങാൻ. ഇത് ഇന്ന് നിനക്ക് തരാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ എനിക്കൊരു സമാധാനം കാണില്ലായിരുന്നു."

ഇതിന് മുൻപ് പലപ്പോഴും അവനിൽ നിന്നും നെറ്റിയിൽ ഉമ്മ കിട്ടിയുട്ടുണ്ടെങ്കിലും അപ്പോഴൊന്നും ഇല്ലാതിരുന്ന ഒരു നാണം അവളുടെ മുഖത്ത് ഇപ്പോൾ നിറഞ്ഞു.

.

.

മറുവീട് കഴിഞ്ഞു യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ വിവേകും വിദ്യയും ഗേറ്റുവരെ അവരെ അനുഗമിച്ചു. അവിടെ എത്തിയതും അതുവരെ പിടിച്ചു വച്ചിരുന്ന സങ്കടം

വിദ്യയിൽ നിന്നും കരച്ചിലിന്റെ രൂപത്തിൽ പുറത്തു വന്നു. അത് കണ്ടപ്പോൾ അമ്മയുടെയും കണ്ണ് നിറഞ്ഞു.

വിദ്യയെ കെട്ടിപിടിച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"എന്തിനാ ഇങ്ങനെ പറയുന്നെ.. ഒരുപാട് ദൂരം ഒന്നും ഇല്ലല്ലോ.. നിനക്ക് ഇപ്പോൾ വേണമെങ്കിലും വീട്ടിലേക്ക് ഓടി വരാമല്ലോ."

അത് പറഞ്ഞു കഴിയുമ്പോൾ അവന്റെ കണ്ണിൽ നിന്നും ഒരുതുള്ളി കണ്ണുനീർ പൊഴിഞ്ഞിരുന്നു. കൂടുതൽ നേരം നിന്നാൽ തനിക്കു പിടിച്ച് നിൽക്കാനാകില്ലെന്ന് മനസിലായ ശ്രീഹരി അമ്മയെ കാറിലേക്ക് കയറ്റി അവനും ഉള്ളിലേക്ക് കയറി.

കുടുംബത്തിലുള്ള എല്ലാരും അവിടെ നിൽക്കുമ്പോൾ തനിക്ക് ഒരു യാത്ര പറച്ചിലിനുള്ള അവകാശം ഉണ്ടോ എന്ന് സംശയിച്ച് നിന്ന ജീനയെ വിദ്യ തന്നെ മുന്നോട്ടു വന്നു കെട്ടിപിടിച്ചു.

എന്നിട്ട് ശബ്ദം താഴ്ത്തി പറഞ്ഞു.

"എന്നും നീ ഏട്ടനോടൊപ്പം ഉണ്ടാകണം.. ഏട്ടനെ മനസിലാക്കാൻ നിന്നെക്കാളും കഴിവുള്ള വേറെ ആരും ഇല്ല."

വിദ്യ എന്താ ഉദ്ദേശിച്ചതെന്ന് വ്യക്തമായി മനസിലായില്ലെങ്കിലും അവളുടെ കവിളിൽ ഒരു ഉമ്മ കൊടുത്ത ശേഷം ജീന കാറിനുള്ളിലേക്ക് കയറി.

അകന്നു പോകുന്ന കാറിലേക്ക് കൈ വീശി കാണിക്കുന്ന വിദ്യയോട് വിവേക് ചോദിച്ചു.

"സത്യത്തിൽ ജീന നിങ്ങളുടെ ആരാണ്?"

ഒരു പുഞ്ചിരിയോടെ വിദ്യ പറഞ്ഞു.

"അവൾ ഞങ്ങളുടെ ആരാണെന്നുള്ളതിനുള്ള വ്യക്തമായ ഉത്തരം ഉടൻ തന്നെ കിട്ടുമെന്നാണ് എന്റെ പ്രദീക്ഷ."

മറുവീട് കഴിഞ്ഞു വീട്ടിൽ എത്തിയ ഉടനെ തന്നെ ബന്ധുക്കളെല്ലാം യാത്ര പറഞ്ഞു അവരവരുടെ വീടുകളിലേക്ക് യാത്രയായി. തലേ ദിവസം വരെ ബഹളമയമായ രാത്രികൾ നിറഞ്ഞിരുന്ന ആ വീട്ടിൽ അമ്മയും ശ്രീഹരിയും വിദ്യയും മാത്രം ബാക്കിയായി.

ഇത്രയും ദിവസത്തെ ഓട്ടവും അലച്ചിലും കൊണ്ടുള്ള ക്ഷീണം ഉണ്ടായിരുന്നതിനാൽ ഒൻപതു മാണി ആയപോഴേ ജീന ഉറങ്ങാനായി പോയിരുന്നു.

അമ്മയുടെ മടിയിൽ തലയും വച്ച് ബെഡിൽ കിടക്കുകയായിരുന്നു ശ്രീഹരി. 'അമ്മ അവന്റെ തലമുടിയിൽ തഴുകുന്നുണ്ടായിരുന്നു.

"നാളെ ഞാൻ മുന്നാറിലെ എസ്റ്റേറ്റിലേക്ക് പോകുവാണ് അമ്മ.. ഒരാഴ്ച അവിടെ നിൽക്കണം.. ഇത്രയും ദിവസത്തെ അലച്ചിലിന്റെ ക്ഷീണമൊന്നു മാറ്റണം."

"ജീനയെയും നീ കൂടെ കൂട്ടിക്കോ.. പാവം കുട്ടി.. ഇവിടെ കിടന്ന് ഓടിയതിനു ഒരു കണക്കും ഇല്ല."

'അമ്മ പറഞ്ഞില്ലായിരുന്നെങ്കിലും ജീനയെ കൂടെ കൊണ്ട് പോകുന്ന കാര്യം ശ്രീഹരി ഉറപ്പിച്ചിരുന്നു.

"മടുത്തു 'അമ്മ ഞാൻ ഈ ബിസിനസും അതിനു പിറകെ ഉള്ള ഓട്ടവും. ഞാൻ എല്ലാം നിർത്തിയാലോന്ന് ആലോചിക്കുവാന്."

'അമ്മ ഒന്ന് ആലോചിച്ച ശേഷം പറഞ്ഞു.

"നീ പെട്ടെന്ന് എല്ലാം അവസാനിപ്പിച്ചാൽ അവിടെ ജോലി ചെയ്തിരുന്നവരുടെ അവസ്ഥ എന്താകും.. നീ ഒരു കാര്യം ചെയ്യ്.. അവിടത്തെ മൊത്ത ചുമതലകൾ ഒരാളെ ഏൽപ്പിക്ക്.. എന്നിട്ടു ഈ മൂന്നു മാസം ചെയ്തപോലെ ഇവിടെ നിന്ന് എല്ലാം ശ്രദ്ധിച്ചാൽ മതി."

ശ്രീഹരി ഒന്ന് മൂളുക മാത്രം ചെയ്തു.

"വിദ്യയുടെ കല്യാണം കഴിഞ്ഞു.. ഇനി നിനക്കൊരു കല്യാണം വേണ്ടേ മോനെ?"

അവൻ ഒന്നും മിണ്ടിയില്ല.

അവനെ ഞെട്ടിച്ച ഒരു ചോദ്യമാണ് അടുത്തതായി അമ്മയിൽ നിന്നും ഉണ്ടായത്.

"നിനക്ക് ജീനയെ കല്യാണം കഴിച്ചൂടെ?"

അവൻ പെട്ടെന്ന് അമ്മയുടെ മടിയിൽ നിന്നും ചാടി എഴുന്നേറ്റു.

അവന്റെ മുഖത്തേക്ക് നോക്കികൊണ്ട് അംബികാമ്മ പറഞ്ഞു.

"നീ ഒന്ന് ആലോചിക്ക്.. നിന്റെ മനസിന് അത് നല്ലതാണെന്ന് തോന്നുന്നെങ്കിൽ ജീനയോടും ചോദിക്ക്.. അവൾ സമ്മതിച്ചാൽ എനിക്ക് അവളെക്കാൾ നല്ലൊരു മരുമോളെ വേറെ കിട്ടുകയില്ല."

ശ്രീഹരിയുടെ മനസ്സിൽ അവളോടുള്ള താൽപര്യത്തിൽ വ്യക്തമായ ഒരു ഉത്തരം ഇല്ലായിരുന്നു. എങ്കിലും അവൻ അമ്മയോട് ചോദിച്ചു.

"നമ്മുടെ ബന്ധുക്കൾ ഇതറിഞ്ഞാൽ?"

"ആരും ഒന്നും പറയില്ല.. നിന്റെ പെങ്ങൾക്ക് ആണെങ്കിൽ ഈ കാര്യത്തിൽ 100 വട്ടം സമ്മതമാണ്., അഥവാ ആരെങ്കിലും എന്തെങ്കിലും ചോദിക്കുവാണെങ്കിൽ അവർക്കുള്ള മറുപടി ഞാൻ കൊടുത്തോളം."

'അമ്മ ഇത്രയും പറഞ്ഞു റൂമിൽ നിന്നും പുറത്തേക്ക് നടന്നു.

ബെഡിലേക്ക് കിടന്നിട്ടും ശ്രീഹരിക്ക് ഉറക്കം വന്നില്ല. ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങൾ അവന്റെ മനസ്സിൽ കൂടി ഓടിക്കൊണ്ടിരുന്നു.

ജീന തന്റെ ആരാണ്?.. എന്തായാലും സഹോദരി അല്ല.. കുറച്ചു നാൾ മുൻപുവരെ സുഹൃത് ആണെന്ന് ഉറപ്പിച്ചു പറയുവാൻ തനിക്ക് കഴിയുമായിരുന്നു.. പക്ഷെ അവൾ തനിക്ക് ഒരു സുഹൃത് മാത്രമല്ല അതിനേക്കാളുപരി എന്തോ ആണെന്ന് മനസ് പറയാൻ തുടങ്ങിയിട്ട് കുറച്ച് നാളുകൾ ആയിരിക്കുന്നു.

ആദ്യം അനുപമ പറഞ്ഞു ജീനയെക്കാൾ നല്ലൊരു പെണ്ണിനെ എനിക്ക് കിട്ടില്ലെന്ന്.. പിന്നെ ക്ലാര പറഞ്ഞു ജീനയെപ്പോലെ എന്നെ മനസിലാക്കുന്ന ഒരു പെണ്ണിനെ എനിക്ക് കിട്ടില്ലെന്ന്, ഇപ്പോൾ 'അമ്മ പറയുന്നു ജീനയെക്കാൾ നല്ലൊരു മരുമകളെ അമ്മക്ക് കിട്ടില്ലെന്ന്.

ശ്രീഹരി ബെഡിൽ നിന്നും എഴുന്നേറ്റ് ജീനയുടെ മുറിയിലേക്ക് നടന്നു. അവൻ പ്രതീക്ഷിച്ചിരുന്നപോലെ തന്നെ ഡോർ പൂട്ടില്ലായിരുന്നു.

മുറിക്ക് ഉള്ളിലേക്ക് കടന്ന അവൻ ലൈറ്റ് ഇട്ട ശേഷം അവൾക്കരികിലായി ബെഡിൽ ഇരുന്നു.

ചോദ്യങ്ങളോ അതിനു ലഭിക്കാത്ത ഉത്തരങ്ങളോ അലട്ടാത്ത മനസുമായി അവൾ ഗാഢ നിദ്രയിൽ ആയിരുന്നു. ഒരു കുഞ്ഞിനെ പോലെ നിഷ്കളങ്കമായിരുന്നു അവളുടെ മുഖം. ആ മുഖം കണ്ടപ്പോൾ തന്നെ മനസിന് ഒരു കുളിർമ.

അവൻ പതുക്കെ അവളുടെ തലയിൽ തലോടി. പെട്ടെന്ന് അവൾ ഒന്ന് കണ്ണ് തുറന്നു.

"എന്താ ഇച്ചായാ?"

കുനിഞ്ഞ് അവളുടെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്ത ശേഷം അവൻ പറഞ്ഞു.

"ഒന്നുമില്ല.. ഉറങ്ങിക്കോ.."

അവൾ ചെറുതായി ഒന്ന് ചിരിച്ച ശേഷം കണ്ണുകളും അടച്ചു.

ജീനയുടെ റൂമിൽ നിന്നും ഇറങ്ങി തന്റെ റൂമിലേക്ക് നടക്കുമ്പോൾ അവന്റെ മനസ് സ്വയം മന്ത്രിച്ചു.

"ഇല്ല.. അവളെ നഷ്ട്ടപെടുത്തുവാൻ എനിക്കാകില്ല. ജീവിതകാലം മൊത്തം അവൾ തനിക്കൊപ്പം വേണം."

.

.

എസ്റ്റേറ്റിലെ ബംഗ്ലാവിനു മുന്നിൽ കാർ നിർത്തുമ്പോൾ ജീന നല്ല ഉറക്കത്തിൽ ആയിരുന്നു.

അവളെ തട്ടി വിളിച്ച് കൊണ്ട് ശ്രീഹരി പറഞ്ഞു.

"എഴുന്നേൽക്ക്.. നമ്മൾ എത്തി."

കൈകൾ മുകളിലേക്ക് ഉയർത്തി ഒന്ന് ഞെളിഞ്ഞുകൊണ്ടു ജീന നടു നിവർത്തി.

"എത്ര ഉറങ്ങിയിട്ടും അങ്ങോട്ട് മുഴുക്കുന്നില്ല."

"കാറിൽ നിന്ന് ഇറങ്ങിക്കെ.. ഇനി രാത്രി ഉറങ്ങാം."

ഒരു ചിരിയോടു ജീന കാറിൽ നിന്നും ഇറങ്ങി. ഉച്ച കഴിഞ്ഞുള്ള സമയം ആയതിനാൽ തണുപ്പ് തുടങ്ങുന്നതേ ഉള്ളായിരുന്നു.

കാറ് വന്ന് നിന്ന ശബ്ദം കേട്ട് ഒരു 40 വയസ് തോന്നിക്കുന്ന ഒരാൾ ഓടി വന്നു.

ജീന അപ്പോഴും ആ ബംഗ്ലാവും പരിസരവും വീക്ഷിക്കുകയായിരുന്നു. ഒറ്റ നോട്ടത്തിൽ തന്നെ അവൾക്ക് മനസിലായി കുറച്ചധികം പഴക്കം ഉണ്ടെന്ന് ആ ബംഗ്ലാവിന്. പക്ഷെ നല്ല രീതിയിൽ തന്നെ പണികൾ ചെയ്തു നില നിർത്തിയിട്ടുണ്ട്. മുറ്റത്തു നിന്ന് നോക്കുമ്പോൾ തന്നെ താഴ്‌വരയിലേക്ക് പരന്നു കിടക്കുന്ന തേയില തോട്ടം കാണാം. കണ്ണെത്താ ദൂരത്തേക്ക് ആ പച്ചപ്പ് പരന്നു കിടക്കുന്നത് കാണാൻ തന്നെ ഒരു ഭംഗി ആയിരുന്നു.

അവളുടെ തോളിൽ തട്ടികൊണ്ട് അവൻ ചോദിച്ചു.

"എന്താ ഇങ്ങനെ നിൽക്കുന്നത്?"

"നല്ല ഭംഗി ഉണ്ട് കാണാൻ."

"രാവിലെ മൂടൽ മഞ്ഞു കെട്ടി നിൽക്കുമ്പോൾ കാണാൻ ഇതിലും ഭംഗി ആണ്."

അവരുടെ അടുത്ത് നിന്നിരുന്ന ആളെ കാണിച്ച് കൊണ്ട് അവൻ പറഞ്ഞു.

"ഇത് അയ്യപ്പൻ ചേട്ടൻ.. ഈ ബംഗ്ലാവിന്റെ കാര്യങ്ങളൊക്കെ നോക്കുന്നത് ചേട്ടനാണ്."

അയ്യപ്പൻ ജീനയെ നോക്കി ഒന്ന് ചിരിച്ചു. അവൾ തിരിച്ചും.

"ചേട്ടാ ബാഗൊക്കെ എടുത്തു അകത്തു വച്ചേക്കണെ."

അയ്യപ്പൻ അത് കേട്ട് തലയാട്ടി.

ശ്രീഹരി ജീനയുടെ കൈയും പിടിച്ച് ബംഗ്ലാവിന് അകത്തേക്ക് നടന്നു.

"അച്ഛൻ വാങ്ങിയതായിരുന്നു ഈ എസ്റ്റേറ്റ്. നല്ല പഴക്കം ഉണ്ട് ഈ ബംഗ്ലാവിന്. ഞാൻ ഇങ്ങോട്ടുള്ള വരക്കമൊക്കെ നന്നേ കുറവായിരുന്നു."

അപ്പോഴേക്കും അയ്യപ്പൻ ബാഗുമായി അകത്തേക്ക് കയറി വന്നു.

"സാർ.. ബാഗ്..."

"അഹ്.. നീല ബാഗ് എന്റെ റൂമിൽ വെച്ചേക്ക്.. മറ്റേത് ഇവളുടെയും."

അയ്യപ്പൻ ബാഗുമായി റൂമുകളിലേക്ക് പോയപ്പോൾ അവൻ പറഞ്ഞു.

"നമുക്കുള്ള ആഹാരമൊക്കെ അയ്യപ്പൻ എത്തിച്ചോളും.. നമ്മൾ ഇവിടെ വിശ്രമത്തിനായാണ് വന്നത്.. ഇവിടെ വല്ലോം പാചകം, തേങ്ങാ, മാങ്ങ എന്ന് പറഞ്ഞാൽ എന്റെയിൽ നിന്ന് നല്ലത് കിട്ടും."

ഒരു ചിരിയോടെ ജീന പറഞ്ഞു.

"ഞാൻ ഒന്നും പറയാൻ പോകുന്നില്ലേ.."

"വേണമെങ്കിൽ നീ ഇഷ്ടമുള്ളപ്പോഴൊക്കെ ചായ ഇട്ടോ, ഈ തണുപ്പത്ത് ഇരുന്നു ചായ കുടിക്കാൻ നല്ല രസമാണ്."

അവൾ ഒരു ചിരിയോടെ മൂളി.

"നീ പോയി റെസ്റ്റ് എടുത്തോ. വൈകിട്ട് നമുക്ക് ഒന്ന് നടക്കാനിറങ്ങാം."

"എവിടേക്ക്?"

"അങ്ങനൊന്നും ഇല്ല.. ചുമ്മാ നമുക്ക് നടക്കാം."

അവന്റെ മറുപടി കേട്ട് ഒരു ചിരിയോടെ അവൾ റൂമിലേക്ക് നടന്നു.

വൈകുന്നേരം തേയില തോട്ടത്തിനിടയിൽ കൂടിയുള്ള നടപ്പാതയിലൂടെ ശ്രീഹരിക്കൊപ്പം നടക്കുകയായിരുന്നു ജീന. പാറകളും കല്ലുകളും നിറഞ്ഞ ഒരു വഴി ആയിരുന്നു അത്. മുട്ടിനു താഴെ നിൽക്കുന്ന ഒരു നീല പാവാടയും വെള്ള ഷർട്ടും ആയിരുന്നു അവളുടെ വേഷം.

അവന്റെ കൈയിൽ മുറുകെ പിടിച്ചതും ഇടക്കൊക്കെ അവനെക്കാളും മുൻപേയും പുതിയ കാഴ്ചകൾ കാണുന്ന കൊച്ചു പിള്ളേരെ പോലെ തുള്ളിച്ചാടി നടക്കുകയായിരുന്നു അവൾ.

വഴി ശ്രദ്ധിക്കാതെ അകലെ കാണുന്ന മലകളും തേയില തോട്ടങ്ങളും മാത്രം നോക്കി മുൻപേ നടക്കുന്ന ജീനയെ നോക്കി അവൻ പറഞ്ഞു.

"ഇടക്കൊക്കെ താഴേക്കും കൂടി നടക്കടി.. അല്ലേൽ മറിഞ്ഞു വീഴും."

"ഞാൻ അങ്ങനൊന്നും വീഴില്ല."

അവളത് പറഞ്ഞു തീർന്നതും കല്ലിൽ തട്ടി മുന്നോട്ട് വീഴാൻ പോയതും ഒരുമിച്ചായിരുന്നു. ശ്രീഹരി പെട്ടെന്ന് തന്നെ മുന്നോട്ടാഞ്ഞ് വീഴാതിരിക്കാനായി അവളുടെ വയറ്റിൽ ചുറ്റി പിടിച്ചു.

അവളെ നേരെ നിർത്തിയ ശേഷം പറഞ്ഞു.

"പറഞ്ഞാൽ കുറച്ചൊക്കെ അനുസരണ വേണം."

അവൾ ചെറിയൊരു ജാള്യതയോടെ അവന്റെ മുഖത്ത് നോക്കി ചിരിച്ച് കാണിച്ചു.

അവൻ വയറ്റിൽ നിന്നും പിടി വിട്ടപ്പോൾ അവൾ കല്ല് തട്ടിയ കാലിലേക്ക് നോക്കി. മുറിവൊന്നും ഇല്ലായിരുന്നു. ചെറുതായി ചുവന്നിട്ടേ ഉള്ളു.

ശ്രീഹരി തറയിൽ മുട്ടുകുത്തി ഇരുന്നു അവളുടെ ചെരുപ്പ് കാലിൽ നിന്നും ഊരി ചുവന്നു കിടക്കുന്നിടത്ത് വിരലമർത്തി ചോദിച്ചു.

"വേദന ഉണ്ടോ?"

"വേദന ഒന്നും ഇല്ല ഇച്ചായാ. ചെറുതായി കല്ലിൽ തട്ടിയതേ ഉള്ളു.. ബാലൻസ് പോയതല്ലേ പെട്ടെന്ന്."

ഒന്ന് മൂളി കൊണ്ട് അവൻ തറയിൽ നിന്നും എഴുന്നേറ്റു.

അവൾ വീണ്ടും മുന്നോട്ട് നടന്ന് തുടങ്ങിയപ്പോൾ അവൻ പറഞ്ഞു.

"ഇപ്പോൾ മൂക്കും കുത്തി വീണിരുന്നെങ്കിൽ നിന്നെയും തൂക്കി എടുത്തു ഞാൻ നടക്കേണ്ടി വന്നേനെ."

അവനെ ചൊടുപ്പിക്കാനായി ജീന പറഞ്ഞു.

"പിന്നെ.. ഇപ്പോൾ എന്നെ തൂക്കി എടുത്തു നടക്കാനുള്ള ആരോഗ്യമൊന്നും ഇച്ചായനില്ല."

ശ്രീഹരി ചുറ്റും ഒന്ന് നോക്കി. തേയിലത്തോട്ടത്തിനു മധ്യത്തായിട്ടുള്ള നടപ്പാത ആയതിനാൽ ആരെയും അവിടെ ഒന്നും കാണുന്നില്ല.

മുന്നിൽ നടന്ന ജീനയുടെ കൈയിൽ അവൻ എത്തി പിടിച്ചു. ജീന പെട്ടെന്ന് നടത്ത നിർത്തി അവനെ തിരിഞ്ഞു നോക്കി.

ആ ഒരു നിമിഷം കൊണ്ട് അവൻ ജീനയെ കൈകളിലേക്ക് കോരി എടുത്തു.

അവൾ അവന്റെ പെട്ടെന്നുള്ള പ്രവർത്തിയിൽ ഞെട്ടി പോയി.

"എന്താ ഇച്ചായാ ഇത്?"

"എനിക്ക് ആരോഗ്യം ഉണ്ടോ ഇല്ലയോ എന്ന് ഞാൻ കാണിച്ച് തരാം."

അത് കേട്ട അവൾ തന്നെ താഴെ ഇറക്കാൻ അവനോടു ആവിശ്യപെട്ടില്ല. പകരം ഒരു ചിരിയോടെ അവന്റെ കഴുത്തിൽ കൈ കൊണ്ട് ചുറ്റി പിടിച്ചു.

അവന്റെ ഒരു കൈ അവളുടെ തുടകൾക്ക് പിന്നിലും മറു കൈ നടുവിന് കുറുകെയും ആയിരുന്നു. ശ്രീഹരി സാവധാനം മുന്നോട്ട് നടന്നു തുടങ്ങി.

ചിരിച്ച്കൊണ്ട് അവൾ പറഞ്ഞു.

"ഇപ്പോൾ ഇച്ചായൻ വീണാൽ നമ്മൾ രണ്ടുപേർക്കും ഒരേപോലെ പരുക്ക് പറ്റും. അതുകൊണ്ട് സൂക്ഷിച്ച് നടന്നോ."

അവൻ ഒരു പുഞ്ചിരിയോടെ മുന്നോട്ട് നടന്നു.

"ഇന്നലെ രാത്രി ഇച്ചായൻ എന്റെ റൂമിൽ വന്നിരുന്നോ?"

"ആ.. വന്നിരുന്നു.."

"ആണോ.. ഞാൻ വിചാരിച്ചിരുന്നത് അത് സ്വപ്നം ആണെന്നായിരുന്നു."

അവൻ അവളുടെ മുഖത്തേക്ക് നോക്കി ഒന്ന് പുഞ്ചിരിച്ചു.

"എന്തിനാ വന്നേ?"

"ചുമ്മാ.. നിന്നെയൊന്നു കാണാൻ തോന്നി."

വലതു കൈ അവന്റെ കഴുത്തിൽ നിന്നും എടുത്ത് ശ്രീഹരിയുടെ മൂക്കിൽ പിടിച്ച് കൊണ്ട് ചോദിച്ചു.

"വട്ടാണല്ലേ?"

തന്റെ കൈക്കുള്ളിൽ കിടക്കുന്ന ജീനയെ അവനൊന്നു നോക്കി. ചുറ്റും തേയില തോട്ടം മാത്രം.

"ഞാൻ ഒരു കാര്യം ചോദിക്കട്ടെ?"

അവൾ ആകാംഷയോടെ അവന്റെ മുഖത്തേക്ക് നോക്കി.

"നമുക്ക് കല്യാണം കഴിച്ചാലോ?"

ഒരു ചിരിയോടെ അവൾ ചോദിച്ചു.

"വേറെ തമാശ ഒന്നും പറയാൻ കിട്ടിയില്ലേ?"

അവൻ ഉറച്ച സ്വരത്തിൽ പറഞ്ഞു.

"ഞാൻ തമാശ പറഞ്ഞതല്ല. സീരിയസ് ആയി ചോദിച്ചതാണ്."

ഈ പ്രാവിശ്യം അവന്റെ സ്വരത്തിൽ നിന്നും അവൻ കാര്യമായി പറഞ്ഞതാണെന്ന് അവൾക്ക് മനസിലായി. അവളുടെ മുഖം പെട്ടെന്ന് മങ്ങി മ്ലാനമായി.

അപ്പോഴേക്കും അവർ ഒരു അരുവിക്ക് സമീപം എത്തിയിരുന്നു. ശ്രീഹരി ജീനയെ തന്റെ കൈയിൽ നിന്നും താഴെ ഇറക്കി. അവൾ അപ്പോൾ ഒന്നും മിണ്ടാതെ ഒരു മരവിച്ച അവസ്ഥയിൽ നിൽക്കുകയായിരുന്നു.

ശ്രീഹരി അരുവിയിൽ നിന്നും കൈയിൽ വെള്ളം എടുത്തു മുഖം കഴുകികൊണ്ട് പറഞ്ഞു.

"എന്റെ വീട്ടുകാർ എന്ത് കരുതും എന്നോർത്ത് നീ വിഷമിക്കണ്ട. എന്റെ 'അമ്മ തന്നെയാണ് നിന്നോടിത് ചോദിയ്ക്കാൻ പറഞ്ഞത്."

അത് മറ്റൊരു ഞെട്ടൽ ആണ് അവൾക്ക് സമ്മാനിച്ചത്.

പക്ഷെ അവൾ കൂടുതൽ ഒന്നും ആലോചിക്കാതെ തന്നെ പറഞ്ഞു.

"അത് നടക്കില്ല ഇച്ചായാ."

അവളിൽ നിന്നും ഈ ഒരു മറുപടി തന്നെയാണ് അവനും പ്രതീക്ഷിച്ചത്. അതുകൊണ്ട് തന്നെ അവൻ യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ പറഞ്ഞു.

"ഇത്ര പെട്ടെന്ന് ഒരു തീരുമാനം നീ പറയണ്ട. പതുക്കെ ആലോചിച്ച് പറഞ്ഞാൽ മതി."

"നമുക്ക് റൂമിലേക്ക് പോകാം ഇച്ചായാ."

ശ്രീഹരി ഒന്ന് മൂളിയ ശേഷം തിരികെ നടന്നു. അവനിൽ നിന്നും കുറച്ച് അകലം പാലിച്ച് കൊണ്ട് അവളും.

ബംഗ്ലാവിൽ എത്തിയ അവൾ നേരെ റൂമിൽ പോയി കതകടച്ചു. രാത്രി അയ്യപ്പൻ ആഹാരം കൊണ്ട് വന്നപ്പോൾ അത് കഴിക്കാൻ മാത്രം ആണ് ജീന റൂമിനു പുറത്തേക്ക് വന്നത്. അതും ഒരു അപരിചിതയെ പോലെ ശ്രീഹരിക്ക് ഒപ്പം ഇരുന്നു കഴിച്ച ശേഷം അവൾ വീണ്ടും റൂമിലേക്ക് തന്നെ പോയി.

പിന്നീടുള്ള രണ്ടു ദിവസവും ഇതിന്റെ ഒരു ആവർത്തനം തന്നെ ആയിരുന്നു.

ആഹാരം കഴിക്കാൻ മാത്രം അവന്റെ മുന്നിൽ വരും. അല്ലാത്തപ്പോൾ ഒക്കെ റൂമിൽ കഴിച്ച് കൂട്ടും. പുറത്തു വരുകയാണെങ്കിൽ തന്നെ ഒറ്റക്ക് എവിടെയെങ്കിലും പോയി വിദൂരതയിലേക്ക് നോക്കി നിൽക്കും. ശ്രീഹരിയുടെ സാമീപ്യം മനസിലാക്കിയാൽ ഉടൻ തന്നെ അവിടെ നിന്നും ഒഴിഞ്ഞു മാറും. അവനോട് ഒന്ന് സംസാരിക്കാൻ പോലും അവൾ കൂട്ടാക്കുന്നുണ്ടായിരുന്നില്ല.

രാത്രി പത്തുമണി ആയി കാണും. ശ്രീഹരി മുറ്റത്തേക്ക് ഇറങ്ങി നിന്ന് ഇരുട്ടിനെ തന്നെ നോക്കുകയായിരുന്നു. അവന്റെ മനസിനുള്ളിലും ഇരുട്ടു തന്നെ ആയിരുന്നു.

അവന് ചുറ്റും മൂടൽ മഞ്ഞു ഉണ്ട്. പക്ഷെ ആ തണുപ്പ് ഒന്നും അവൻ അറിയുന്നേ ഇല്ല. നെഞ്ചിനുള്ളിൽ തീ ആയിരുന്നു.

തന്റെ മാത്രം സ്വന്തമെന്നും ഭാഗ്യമെന്നും കരുതിയിരുന്ന ഒന്ന് നഷ്ടപ്പെടാൻ പോകുന്നു എന്നുള്ള ഒരു തോന്നൽ അവനെ നീറ്റി കൊണ്ടിരുന്നു. കൂടെ ഉണ്ടായിട്ടും താൻ എന്നൊരാൾ ഇവിടെ ഇല്ല എന്നുള്ള രീതിയിൽ ഉള്ള അവളുടെ പെരുമാറ്റം കുറച്ചൊന്നും അല്ല അവനെ വേദനിപ്പിച്ചത്. ഇച്ചായാ എന്ന് വിളിച്ചുകൊണ്ട് അവൾ തന്റെ തോളിലേക്ക് ഒന്ന് ചാഞ്ഞിരുന്നെങ്കിൽ എന്ന് അവൻ വല്ലാതെ ആഗ്രഹിച്ച് പോയി.

ഈ സമയം ഡോറിനരികിൽ നിന്ന് ശ്രീഹരിയെ തന്നെ നോക്കുകയായിരുന്നു ജീന. തന്റെ അവഗണന അവനെ വല്ലാതെ വേദനിപ്പിക്കുണ്ട് എന്ന് അവൾക്ക് നന്നായി അറിയാം. പക്ഷെ അതല്ലാതെ അവൾക്ക് മറ്റൊന്നും കഴിയുന്നില്ലായിരുന്നു.

അവൻ ആ മുറ്റത്തു മഞ്ഞിൽ അങ്ങനെ നിൽക്കുന്ന കണ്ട് അവൾക്ക് സഹിക്കാനായില്ല.

"ഇച്ചായാ.."

ശ്രീഹരി ഒന്ന് തിരിഞ്ഞു നോക്കി. രണ്ടു ദിവസങ്ങൾക്ക് ശേഷമാണ് അവളിൽ നിന്നും അങ്ങനെ ഒരു വിളി അവൻ കേൾക്കുന്നത്.

"അകത്തേക്ക് കയറി വാ.. നല്ല മഞ്ഞു ഉണ്ട്.. അസുഖം വല്ലോം വരും."

"എനിക്ക് എന്ത് പറ്റിയാലും നിനക്കെന്താ? ഞാൻ ഇപ്പോൾ നിന്റെ ആരും അല്ലല്ലോ."

അപ്പോൾ അങ്ങനെ ചോദിക്കാനാണ് അവന് തോന്നിയത്.

"ഇച്ചായാ.."

അത് അവളിൽ വന്നൊരു തേങ്ങൽ ആയിരുന്നു.

ശ്രീഹരി അവളുടെ അടുത്തേക്ക് വന്നു കൊണ്ട് ചോദിച്ചു.

"എനിക്ക് ജീവിതകാലം മുഴുവൻ നിന്നെ എന്നോടൊപ്പം വേണം.. എന്റെ അമ്മയ്ക്കും വിദ്യക്കും നമ്മളെ അടുത്തറിയാവുന്ന എല്ലാപേർക്കും നമ്മൾ ഒന്നിക്കണമെന്നാണ്.. പിന്നെ നിനക്ക് മാത്രം എന്താണ് ജീന?"

"എനിക്കതിനു കഴിയാഞ്ഞിട്ടല്ലേ.. എന്നെയൊന്നു മനസിലാക്ക് ഇച്ചായാ."

"ഞാൻ എന്താണ് മനസിലാക്കേണ്ടത് ജീന?"

ശ്രീഹരി അവളുടെ തോളിൽ പിടിച്ച് തന്നിലേക്ക് അടുപ്പിക്കാൻ ശ്രമിച്ചു. ജീന പെട്ടെന്ന് അവന്റെ കൈ തട്ടി മാറ്റി പിന്നിലേക്കകന്നു.

"നീ എന്താ ജീന ഇങ്ങനെ കാണിക്കുന്നത്."

അത്രയും നേരം അവളുടെ മുഖത്ത് ഉണ്ടായിരുന്ന ദൈന്യ ഭാവം മാറി.

"എന്റെ ശരീരത്തിന് വേണ്ടിയാണ് ഇച്ചായൻ ഈ കല്യാണം എന്ന ആവിശ്യം ഉന്നയിക്കുന്നതെങ്കിൽ അതിനു കല്യാണത്തിന്റെ ആവിശ്യം ഇല്ല. എന്നെ എന്ത് വേണമെങ്കിലും ചെയ്തോ.. ഞാൻ ദാ നിന്ന് തരാം."

അവൾ ശരീരത്തു പുതച്ചിരുന്ന പുതപ്പ് താഴേക്കിട്ട് ശരീരത്തുണ്ടായിരുന്ന ഷർട്ട് ഇരുവശത്തേക്കും ആയി വലിച്ചു. ഷർട്ടിന്റെ മുകളിലത്തെ മൂന്നു ബട്ടണുകൾ ഊരി തെറിച്ചു.

അവളുടെ സ്വബോധ മനസ്സല്ല ഇതൊന്നും പറയുന്നതെന്നും ചെയ്യുന്നതെന്നും അവന് നന്നായി അറിയാം. റൂമിൽ തന്നെ അടച്ച് പൂട്ടി ഇരുന്നു അവൾ വീണ്ടും ഡിപ്രെഷനിലേക്ക് പോയെന്നും അവന് മനസിലായി. പക്ഷെ അതെല്ലാം മറന്ന് ആ ഒരു നിമിഷം അവന്റെ കൈ അവളുടെ കവിളിൽ ആഞ്ഞു പതിച്ചു.

പ്രതീക്ഷിക്കാതെ ഉള്ള അടിയിൽ പിന്നിലേക്ക് വേച്ചു വീണ ജീനയുടെ തല കട്ടിള പടിയിലേക്ക് ഇടിച്ചു.

ആ നിമിഷത്തിൽ ആണ് താൻ അവളെ അടിച്ചു എന്നൊരു ബോധത്തിലേക്ക് ശ്രീഹരിയും വന്നത്.

അവൻ പെട്ടെന്ന് അവളെ തറയിൽ നിന്നും പിടിച്ച് എഴുന്നേൽപ്പിച്ചു. ഇടതു കണ്ണിനു മുകളിലായി നെറ്റിയിൽ നിന്നും ചോര ഒഴുകുന്നുണ്ട്. പക്ഷെ അവളുടെ കണ്ണുകൾ ഒന്ന് നിറഞ്ഞിട്ട് കൂടിയില്ല. ചെറിയൊരു മുറിവാണ് അത് കാണുമ്പോഴേ അറിയാം, പക്ഷെ അവൻ ചെറുതായി ഭയന്നിരുന്നു.

ജീന പെട്ടെന്ന് തന്റെ ശരീരത്തു നിന്നും അവന്റെ കൈ തട്ടി മാറ്റി.

അതും കൂടി ആയപ്പോൾ അവൻ ആകെ തകർന്ന അവസ്ഥയിൽ ആയി.

"ജീന.. കുറച്ച് നേരത്തേക്ക്, കുറച്ചു നേരത്തേക്ക് മാത്രം നീ എന്നെ നിന്റെ പഴയ ഇച്ചായനായി കാണ്. എന്നെയൊന്നു അനുസരിക്ക്, ഞാൻ പറയുന്നതൊക്കെ ഒന്ന് കേൾക്ക്.. അതിനു ശേഷം ഞാൻ നിന്നെ എന്റെ അമ്മയുടെ അടുത്തേക്ക് കൊണ്ടാക്കാം.. എന്നിട്ട് ഞാൻ എറണാകുളത്തേക്ക് പോകും.. പിന്നെ ഒരിക്കൽ പോലും ഞാൻ നിന്റെ മുന്നിൽ വരുകയില്ല."

സത്യത്തിൽ അവൻ അവളുടെ മുന്നിൽ യാചിക്കുകയായിരുന്നു. ഒരിക്കൽ പോലും അവൻ അവളുടെ മുന്നിൽ ഇങ്ങനെ കേണു അപേക്ഷിച്ചിട്ടില്ല. അവളുടെ മുന്നിൽ എന്നല്ല ആരുടെ മുന്നിലും.

അവന്റെ ആ ഭാവം അവൾക്ക് സഹിക്കാനായില്ല. ജീന അവന്റെ കൈയിൽ മുറുകെ പിടിച്ചു. അത് മതിയായിരുന്നു തന്റെ ആവിശ്യം അവൾ അംഗീകരിച്ചു എന്ന് അവന് മനസിലാക്കാൻ.

ശ്രീഹരി പെട്ടെന്നു തന്നെ അവളെ റൂമിനുള്ളിലേക്ക് കൂട്ടികൊണ്ട് പോയി ബെഡിൽ ഇരുത്തി. എന്നിട്ടു ഓടിപോയി കാറിൽ നിന്നും ഫസ്റ്റ് എയിഡ് കിട്ടും എടുത്തു തിരികെ വന്നു.

ബെഡിൽ അവൾക്കരികിലായി ഇരുന്ന ശേഷം അവൻ പഞ്ഞി എടുത്തു നെറ്റിയിൽ കൂടി ഒഴുകിയ ചോര തുടച്ച് വൃത്തിയാക്കി തുടങ്ങി.

"ജീന.. ഞാൻ കൂടെ ഇല്ലാതെ നിനക്ക് മനസമാധാനത്തോടെ സന്തോഷത്തോടെ ജീവിക്കാൻ പറ്റുമെന്ന് തോന്നുണ്ടോ?"

അവൾ സത്യസന്ധമായി തന്നെ പറഞ്ഞു.

"ഇല്ല.."

"എനിക്കും അതുപോലെ തന്നെയാണ്. നീ എന്റെ ഒപ്പം ഇല്ലാതെ ഒരു നിമിഷം പോലും സന്തോഷത്തോടെ ഇരിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല."

അപ്പോഴേക്കും അവൻ ചോരയെല്ലാം തുടച്ച് വൃത്തിയാക്കിയിരുന്നു. ചെറിയൊരു മുറിവ് തന്നെയായിരുന്നു അത്. അവൾ പഞ്ഞി ഡെറ്റോളിൽ മുക്കി മുറിവിൽ തേച്ചു. അവൾ നീറ്റൽ കൊണ്ട് കണ്ണ് ഇറുകെ അടച്ച് അവന്റെ കൈയിൽ മുറുകെ പിടിച്ചു.

"നിനക്ക് ഒഴിച്ച് ബാക്കി എല്ലാപേർക്കും അറിയാം നിന്നെക്കാളും നല്ല വേറൊരു പെണ്ണിനെ എനിക്ക് ഭാര്യയായി കിട്ടില്ലെന്ന്. പക്ഷെ നീ എന്താ അത് മനസ്സിലാക്കാത്തത്."

"ഞാൻ ഒരുപാട് ആലോചിച്ചു ഇച്ചായാ അതിനെ കുറിച്ച്. എനിക്കറിയാം എനിക്ക് സ്നേഹിക്കാനും എന്നെ സ്നേഹിക്കാനും ഇന്ന് ഇച്ചായൻ മാത്രമേ

എനിക്ക് സ്വന്തമായി ഉള്ളെന്നു. പക്ഷെ ഇച്ചായന്റെ ഭാര്യ ആകുന്നതിൽ നിന്നും എന്റെ മനസ് എന്തുകൊണ്ടോ എന്നെ വിലക്കുന്നു, ഞാൻ അതിനു യോഗ്യ അല്ലെന്ന് പറയുന്നു."

അവളുടെ നെറ്റിയിലേക്ക് ബാൻഡേജ് ഒട്ടിച്ച് കൊണ്ട് അവൻ പറഞ്ഞു.

"നിനക്കവിടെ തെറ്റി ജീന.. നിന്നെ സ്നേഹിക്കാൻ ഇന്ന് ഞാൻ മാത്രമല്ല ഉള്ളത്.. നീ എന്റെ ഭാര്യ ആകുമെന്നും വിശ്വസിച്ചു നിന്നെ സ്നേഹിക്കുന്ന ഒരു 'അമ്മ എന്റെ വീട്ടിലുണ്ട്. നീ നാത്തൂൻ ആകുമെന്ന് വിശ്വസിക്കുന്ന വിദ്യ നിന്നെ സ്നേഹിക്കുന്നുണ്ട്.. അവർക്ക് ആർക്കും നിന്റെ മതമോ, നിന്റെ കുടുംബമോ,

നിന്റെ പൂർവകാല ചരിത്രമോ അറിയേണ്ട കാര്യമില്ല. നിന്നെ മാത്രം മതി അവൾക്ക്."

നിറ കണ്ണുകളോടെ അവൾ പറഞ്ഞു.

"ഇച്ചായൻ അവസാനം പറഞ്ഞില്ലേ എന്റെ പൂർവകാല ചരിത്രം.. അതാണ് എന്നെ ഇതിൽ നിന്നും വിലക്കുന്നത്.. ഞാൻ ഒരു ഭാര്യ ആകാൻ യോഗ്യ അല്ല ഇച്ചായ"

അവളുടെ ഇരു കവിളുകളിലുമായി കരം അമർത്തികൊണ്ടു അവൻ പറഞ്ഞു.

"എനിക്കറിയാമായിരുന്നു.. അതാണ് നിന്നെ മനസിലുള്ളതെന്ന്.. നിന്റെ സമ്മതമില്ലാതെ നടന്നൊരു കാര്യം.. അതെനിക്ക് ഒരു പ്രശ്നമേ അല്ല.. അങ്ങനെ നോക്കുകയാണെങ്കിൽ ഞാനും ചെയ്തിട്ടില്ല തെറ്റുകൾ.."

"പക്ഷെ, ഇച്ചായാ.."

അവൻ ചൂണ്ടു വിരൽ അവളുടെ വായോടു ചേർത്ത് വച്ചു സംസാരിക്കുന്നതിൽ നിന്നും വിലക്കി. അതിനു ശേഷം പൊട്ടിപ്പോയ ബട്ടണുകളാൽ അകന്നു പോയ ഷർട്ട് നേരെ പിടിച്ച് ഇട്ടുകൊണ്ട് പറഞ്ഞു.

"ആരൊക്കെയോ നശിപ്പിച്ചു എന്ന് നീ കരുതുന്ന ഈ ശരീരം ആണ് നമ്മുടെ കല്യാണത്തിന് വിലങ്ങു തടിയായി നിന്റെ മനസ്സിൽ നിൽക്കുന്നതെങ്കിൽ ഈ ശരീരം എനിക്ക് വേണ്ട.. എന്നെ സ്നേഹിക്കുന്ന നിന്റെ മനസ് മാത്രം മതി എനിക്ക്. എനിക്കറിയാം ഉള്ളിന്റെ ഉള്ളിൽ നീ ഈ വിവാഹം ആഗ്രഹിക്കുണ്ട്. കല്യാണത്തിന് ശേഷം എന്ന് ഈ ശരീരം എനിക്ക് നൽകാമെന്ന് നിനക്ക് തോന്നുന്നുവോ അതുവരെ ഞാൻ കാത്തിരുന്നുകൊള്ളാം.. അതുവരെ ആരും കവർന്നെടുത്തിട്ടില്ലാത്ത ഈ മനസുമാത്രം മതി എനിക്ക്."

"ഇച്ചായാ.."

അവൾ ഒരു പൊട്ടിക്കരച്ചിലോടു കൂടി അവനെ കെട്ടിപ്പിടിച്ചു.

സൂര്യൻ ഉദിച്ചു തുടങ്ങുന്നതേ ഉള്ളു.. ഒരു പുതപ്പ് കൊണ്ട് ശരീരം മൂടി മുറ്റത്തു നിന്നുകൊണ്ട് ശ്രീഹരി താഴ്‌വരയിലേക്ക് പരന്നു കിടക്കുന്ന തേയില തോട്ടത്തിലേക്ക് നോക്കി. അങ്ങകലെ മലമുകളിലെ മൂടൽ മഞ്ഞിന്റെ ഇടയിൽ കൂടി സൂര്യന്റെ വെള്ളിവെളിച്ചം വീണു തുടങ്ങിയിരിക്കുന്നു. "ഇച്ചായാ.."

കൈയിൽ കട്ടൻ നിറച്ച ഗ്ലാസ്സുമായി ജീന തൊട്ട് പിറകിൽ. അവന്റെ കൈയിലേക്ക് ചായ ഗ്ലാസ് കൊടുത്ത ശേഷം അവൾ അവന്റെ പുതപ്പിനുള്ളിലേക്ക് നൂഴ്ന്നു കയറി. അപ്പോഴേക്കും ഒരു പുതിയ പ്രഭാതത്തിന്റെ കിരണങ്ങൾ അവർക്കുമേൽ പതിഞ്ഞു തുടങ്ങിയിരുന്നു.

വീടിന് മുന്നിൽ കാർ നിർത്തി ശ്രീഹരി ജീനയുടെ മുഖത്തേക്ക് നോക്കി. അത്രയും നേരം എസിയിൽ യാത്ര ചെയ്തിട്ടും ജീനയുടെ നെറ്റിയിൽ വിയർപ്പ് കണങ്ങൾ പറ്റിപ്പിടിച്ച് ഇരിക്കുന്നു. മുഖത്ത് ചെറിയൊരു ഭയം താളം കെട്ടി നിൽക്കുന്നത് പോലെ.

വീടെത്താറായപ്പോഴുള്ള അവളുടെ നിശബ്ദത ശ്രീഹരിയും ശ്രദ്ധിച്ചിരുന്നു. മുന്നാറിൽ നിന്നും യാത്ര തിരിക്കുമ്പോൾ വാ തോരാതെ സംസാരിച്ച് കൊണ്ടിരുന്നവളാണ് പെട്ടെന്ന് നിശ്ശബ്ദതയായത്.

ജീനയുടെ തോളിൽ തട്ടികൊണ്ട് അവൻ ചോദിച്ചു.

"ഏയ്.. എന്ത് പറ്റി?"

അവൾ പെട്ടെന്ന് എന്തോ ആലോചനയിൽ നിന്നും ഞെട്ടി ഉണർന്നു.

"എന്താ ഇച്ചായാ?"

"എന്ത് പറ്റി നിനക്ക്.. മുഖം വല്ലാതെ ഇരിക്കുന്നു."

"ഇത് ശരിയാകുമോ ഇച്ചായാ.. 'അമ്മ എന്നെ കുറിച്ച് എന്ത് വിചാരിക്കും."

അവളുടെ എന്താണ് ഉദ്ദേശിച്ചതെന്ന് മനസിലാക്കിയ ശ്രീഹരി പറഞ്ഞു.

"അമ്മ നിന്നെ കുറിച്ച് മോശമായി ഒന്നും വിചാരിക്കില്ല.. ഇത് കേൾക്കുമ്പോൾ സന്തോഷിക്കത്തെ ഉള്ളു."

ജീന അത് കേട്ടിട്ടും അവന്റെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നു.

അവളുടെ നെറ്റിയിൽ ഒട്ടിച്ചിരുന്ന ബാൻഡേജിൽ വിരലോടിച്ച് കൊണ്ട് അവൻ പറഞ്ഞു.

"ഞാൻ പറഞ്ഞിരുന്നതല്ലേ.. അമ്മയാണ് ഈ കാര്യത്തെ പറ്റി നിന്നോട് സംസാരിക്കാൻ എന്റടുത്തു പറഞ്ഞത്."

ജീന ചെറിയൊരു അപേക്ഷ എന്ന പോലെ പറഞ്ഞു.

"എങ്കിലും ഞാൻ സമ്മതിച്ചുന്നു എന്റെ മുന്നിൽ വച്ച് അമ്മയോട് പറയണ്ട."

"ഓഹ്.. സമ്മതിച്ചു."

അത് പറയുമ്പോൾ അവന്റെ മുഖത്ത് ഒരു പുഞ്ചിരി തങ്ങി നിന്നിരുന്നു.

ശ്രീഹരി കാറിൽ നിന്നും ഇറങ്ങിയപ്പോൾ അവനൊപ്പം തന്നെ ജീനയും ഡോർ തുറന്ന് പുറത്തിറങ്ങി.

ശ്രീഹരി കാറിന്റെ ഡിക്കി തുറന്ന് ബാഗ് എടുക്കുന്ന സമയം ജീന ഡോർ ബെൽ അടിച്ചു.

വാതിൽ തുറന്ന 'അമ്മ കണ്ടത് മുന്നിൽ നിൽക്കുന്ന ജീനയെ ആണ്.

അവളുടെ നെറ്റിയിലെ ബാന്റെജ് കണ്ട് 'അമ്മ ആദ്യം തന്നെ ചോദിച്ചു.

"മോളുടെ നെറ്റിക്ക് എന്ത് പറ്റി?"

എന്ത് മറുപടി നൽകണമെന്ന് അറിയാതെ അവൾ ഒരു നിമിഷം അറച്ച് നിന്നപ്പോൾ ബാഗുമായി അവിടേക്ക് വന്ന ശ്രീഹരി പറഞ്ഞു.

"ഒരു കല്ലിൽ തട്ടി മറിഞ്ഞു വീണത്.. അതെങ്ങനെ നിലത്തു നോക്കി നടക്കണ്ടേ.. തുള്ളിചാട്ടമല്ലേ.."

ഒരു കാരണവുമില്ലാതെ തനിക്കിട്ട് പാര വയ്ക്കുന്ന ശ്രീഹരിയെ ജീന തുറിച്ച് നോക്കി.

അവന്റെ കൈയിൽ പതുക്കെ അടിച്ച് കൊണ്ട് 'അമ്മ ജീനയോടു പറഞ്ഞു.

"അവൻ അങ്ങനെ പലതും പറയും.. മോള് അകത്തേക്ക് കയറി വാ."

അവർ അകത്തേക്ക് കയറിയപ്പോൾ അമ്മ ആരോടെന്നില്ലാതെ ചോദിച്ചു.

"നിങ്ങൾ ഇവിടന്ന് പോകുമ്പോൾ പറഞ്ഞിരുന്നത് പ്രകാരം നാളെ ആയിരുന്നല്ലോ വരേണ്ടിയിരുന്നത്.. ഇതെന്താ ഒരു ദിവസം നേരത്തെ വന്നത്?"

"എനിക്ക് ഒരു കാര്യം അമ്മയെ എത്രയും പെട്ടെന്ന് അറിയിക്കണമെന്ന് തോന്നി. അതുകൊണ്ടാ പെട്ടെന്നിങ്ങു വന്നെ."

ശ്രീഹരി പറഞ്ഞത് കേട്ട് അമ്മ ആകാംഷയോടെ അവന്റെ മുഖത്തേക്ക് നോക്കി.

ജീനക്ക് മനസിലായി കല്യാണക്കാര്യം ശ്രീഹരി അമ്മയോട് പറയാൻ പോകുവാണെന്ന്. അവൾ പെട്ടെന്ന് അവിടെ നിന്നും നടന്ന് പോകാൻ ഭാവിച്ചപ്പോൾ ശ്രീഹരി അവളുടെ കൈയിൽ പിടിച്ച് നിർത്തി.

ജീന ദയനീയമായി അവന്റെ മുഖത്തേക്ക് നോക്കിയെങ്കിലും ശ്രീഹരി അവളുടെ കൈ വിടാതെ ഒരു പുഞ്ചിരിയോടെ അമ്മയോട് പറഞ്ഞു.

"എല്ലാ പ്രവിശ്യവും ഞാൻ എന്റെ കൂട്ടുകാരിയെ ആയിരുന്നു ഇവിടേക്ക് കൊണ്ട് വന്നിരുന്നത്.. പക്ഷെ ഈ പ്രാവിശ്യം അമ്മയ്ക്ക് ഒരു ഭാവി മരുമകളെ ആണ് ഞാൻ എന്റെ കൂടെ കൊണ്ട് വന്നിരിക്കുന്നത്."

അമ്മ ഒരു നിമിഷം അവൻ പറഞ്ഞ വാക്കുകൾ മനസ്സിൽ ഒന്ന് ഉരുവിട്ടു.. അപ്പോഴാണ് ശ്രീഹരി പറഞ്ഞതിന്റെ അർദ്ധം അമ്മക്ക് മനസിലായത്. അമ്മയുടെ മുഖം പെട്ടെന്ന് സന്തോഷം കൊണ്ട് നിറഞ്ഞു. അവർ ജീനയെ നോക്കുമ്പോൾ അവൾ ആരുടേയും മുഖത്ത് നോക്കാതെ തലതാഴ്ത്തി നിൽക്കുകയായിരുന്നു.

ശ്രീഹരി അവളുടെ കൈയിൽ നിന്നും പിടി വിട്ടു. അപ്പോഴും അവൾ അവിടെ നിന്ന് നടന്ന് നീങ്ങാതെ തല താഴ്ത്തി അവിടെ തന്നെ നിന്നു.

അമ്മ പെട്ടെന്ന് അവളെ കെട്ടിപിടിച്ച് കൊണ്ട് പറഞ്ഞു.

"സന്തോഷമായി മോളെ എനിക്ക്. നീ ഈ കല്യാണത്തിന് സമ്മതിക്കാതിരിക്കുമോ എന്നൊരു ചെറിയ ഭയം എനിക്കുണ്ടായിരുന്നു."

അമ്മയുടെ ആ വാക്കുകൾ കേട്ടപ്പോഴാണ് ജീനക്ക് സമാധാനം ആയത്.

എങ്കിലും അവൾ പറഞ്ഞു.

"എനിക്ക് ഈ വീട്ടിൽ മരുമകളായി വന്നു കയറാനുള്ള യോഗ്യത ഉണ്ടോ എന്നൊന്നും എനിക്കറിയില്ല.. അതുകൊണ്ട് കുടുംബക്കാരോട് എല്ലാം പറഞ്ഞ് അവർക്ക് സമ്മതം ആണെങ്കിൽ മതി ഈ കല്യാണം."

അവളുടെ മുടിയിൽ തലോടി കൊണ്ട് 'അമ്മ പറഞ്ഞു.

"ഞങ്ങൾക്കെല്ലാം അറിയില്ലേ നിന്നെ.. ഒരാൾക്ക് പോലും മോളെ ഇഷ്ടപെടാതിരിക്കില്ല.. ഞാൻ ഈ സന്തോഷ വാർത്ത ഒന്ന് വിദ്യയെ വിളിച്ച് പറയട്ടെ."

ശ്രീഹരി പെട്ടെന്ന് പറഞ്ഞു.

"വിളിച്ചൊന്നും പറയണ്ട.. നേരിട്ടു തന്നെ പറഞ്ഞു കളയാം. വൈകുന്നേരം നമുക്ക് അവിടേക്ക് പോകാം."

അമ്മയ്ക്കും അത് സമ്മതം ആയിരുന്നു. വിദ്യയെ ഒന്ന് കാണുകയും ചെയ്യാമല്ലോ.

ആഹാരം കഴിച്ച് കൊണ്ടിരിക്കുമ്പോൾ ശ്രീഹരി ജീനയെ തന്നെ ശ്രദ്ധിക്കുകയായിരുന്നു. ഒന്നിലും ഒരു ഉത്സാഹമില്ലാത്ത പോലെ. യാന്ത്രികമായി ഒന്നിലും ശ്രദ്ധിക്കാതെ ഇരുന്നു ആഹാരം കഴിക്കുന്നു.

ആഹാരം കഴിച്ച് കഴിഞ്ഞു അവൾ റൂമിലേക്ക് പോയപ്പോൾ അവനും അവളുടെ പിന്നാലെതന്നെ അവിടേക്ക് ചെന്നു.

ബെഡിൽ കിടക്കുകയായിരുന്ന ജീന പെട്ടെന്ന് അവനെ റൂമിൽ കണ്ടപ്പോൾ ഞെട്ടി എഴുന്നേറ്റു.

ശ്രീഹരി സാവധാനം അവൾക്കരികിൽ ആയി ഇരുന്ന ശേഷം ചോദിച്ചു.

"നിനക്കെന്താ ജീന പറ്റിയത്?"

ഈ ചോദ്യം അവനിൽ നിന്നും പ്രധീക്ഷിച്ചിരുന്നത് കൊണ്ട് തന്നെ ജീന ഒട്ടും വൈകാതെ മറുപടി നൽകി.

"എനിക്ക് കല്യാണത്തിന് സമ്മതമാണെന്ന് രണ്ടു ദിവസം മുൻപ് ഞാൻ ഇച്ചായനോട് പറഞ്ഞു. പക്ഷെ ഇപ്പോൾ ആലോചിക്കുമ്പോൾ അത് ശരിയായിരുന്നൊ എന്നൊരു തോന്നൽ."

"നമ്മൾ എല്ലാം അവിടെ വച്ച് സംസാരിച്ചതല്ലേ.. പിന്നെന്താ ഇപ്പോൾ ഇങ്ങനെ ഒരു തോന്നൽ?"

"അറിയില്ല ഇച്ഛയാ എനിക്ക്.. ഒന്നും എന്റെ മനസ്സിൽ നിന്നും വിട്ട് പോകുന്നില്ല. എല്ലാരിൽ നിന്നും ഞാൻ ആരാണെന്ന് മറച്ച് വച്ചാണ് ഈ കുടുംബത്തിലേക്ക് വന്ന് കയറാൻ പോകുന്നതെന്നൊരു തോന്നൽ."

അത് പറയുമ്പോൾ അവളുടെ സ്വരം ഒന്ന് ഇടറിയിരുന്നു.

അവളെ തന്റെ നെഞ്ചിലേക്ക് ചേർത്തുകൊണ്ട് അവൻ പറഞ്ഞു.

"അങ്ങനെ ഒരു തോന്നലിന്റെ ആവിശ്യം നിനക്കില്ല.. കാരണം ഞാൻ ആണ് നിന്നെ കെട്ടുന്നത്.. എനിക്ക് നിന്നെ കുറിച്ച് അറിയാത്തതായി ഒന്നും ഇല്ല."

അവന്റെ നെഞ്ചിലേക്ക് തന്നെ പറ്റി ചേർന്ന് ഇരുന്നുകൊണ്ട് അവൾ ചോദിച്ചു.

"ഇന്ന് വിദ്യയെ കാണാൻ പോകുമ്പോൾ ഞാനും വരണോ?"

"വേണം.. അമ്മയിൽ നിന്നും വിദ്യയിൽ നിന്നും അവരുടെ സമ്മതം നീ നേരിട്ട് തന്നെ കേൾക്കണമെന്നുള്ളത് എന്റെ ആഗ്രഹം ആണ്. അമ്മയുടെ മനസ് നീ അറിഞ്ഞു കഴിഞ്ഞു, ഇനി വിദ്യ.."

കുറച്ച് നേരത്തേക്ക് മൗനമായി ഇരുന്ന ശേഷം എന്തോ ആലോചിച്ച് ഉറപ്പിച്ചെന്നവണ്ണം അവൾ പറഞ്ഞു.

"ഞാനും വരുന്നു.. എനിക്കും വിദ്യയെ കാണണം."

വിദ്യ ഇടക്കിടക്ക് വെളിയിലേക്ക് പോയി നോക്കുന്നത് കണ്ട് വിവേക് പറഞ്ഞു.

"ഡി.. അവർ ഇങ്ങു വന്നോളും."

ചെറിയൊരു ജാള്യതയോടെ വിദ്യ പറഞ്ഞു.

"ഹോസ്റ്റലിൽ നിന്ന് പഠിക്കുമ്പോൾ വീട്ടിൽ നിന്ന് മാറി നിന്നിട്ടുടെങ്കിലും പഠിത്തത്തിനു ശേഷം ഇത്രേം ദിവസം അമ്മയെ കാണാതെ നിൽക്കുന്നത് ആദ്യമായിട്ടാണ്."

"അല്ലെങ്കിലും ഈ ആണുങ്ങൾക്ക് അറിയില്ലല്ലോ കല്യാണ ശേഷം വീട്ടിൽ നിന്നും മാറി നിൽക്കുന്ന പെണ്ണുങ്ങളുടെ വിഷമം."

ഹാളിലേക്ക് നടന്നു വന്ന വിവേകിന്റെ അമ്മയുടെ വകയായിരുന്നു ആ വാചകം. അതുകേട്ട് അവന്റെ അച്ഛന്റെ ചുണ്ടിൽ ചെറുതായൊരു പുഞ്ചിരി വിരിഞ്ഞു.

അപ്പോഴേക്കും അവരുടെ കാതുകളിൽ മുറ്റത്ത് ഒരു കാർ വന്നു നിന്നതിന്റെ ശബ്ദം പതിഞ്ഞു. അത് കേട്ടതും വിദ്യ ഹാളിൽ നിന്നും പെട്ടെന്ന് വീടിന് വെളിയിലേക്ക് നടന്നു.

വീടിനു വെളിയിൽ എത്തിയ അവൾ കാറിൽ നിന്നും ഇറങ്ങുന്ന അമ്മയെ കണ്ട് ഓടിച്ചെന്ന് കെട്ടി പിടിച്ചു. ഈ സമയം തന്നെ ശ്രീഹരിയും ജീനയും കാറിൽ നിന്നും പുറത്തിറങ്ങി.

ആ കെട്ടിപ്പിടുത്തം കുറച്ച് സമയത്തേക്ക് നീണ്ടു നിൽക്കുന്നത് കണ്ട് ശ്രീഹരി പറഞ്ഞു.

"ഞങ്ങളും ഇവിടുണ്ട്."

അവന്റെ വാക്കുകൾ കേട്ട വിദ്യ അമ്മയിൽ നിന്നും ഒരു ചിരിയോടെ അകന്നു മാറി. അപ്പോഴാണ് ജീനയുടെ നെറ്റിയിലെ ബാൻഡേജ് അവളുടെ ശ്രദ്ധയിൽ പെട്ടത്.

"നിന്റെ നെറ്റിക്ക് എന്ത് പറ്റി?"

ഒരു ചെറു ചിരിയോടെ ജീന പറഞ്ഞു.

"മുന്നാറിൽ വച്ച് കാൽ ചെറുതായൊന്ന് സ്ലിപ് ആയി.. തല കല്ലിൽ ഇടിച്ച് വീണു."

വിദ്യ അവളുടെ കൈയിൽ പിടിച്ച് കൊണ്ട് ചോദിച്ചു.

"വേറെ എന്തെങ്കിലും പ്രോബ്ലം ഉണ്ടോ?.. നടുവേദന വല്ലോം?"

"ഏയ്.. അതൊന്നും ഇല്ല."

പുറത്തേക്ക് ഇറങ്ങിവന്ന വിവേക് പറഞ്ഞു.

"നിങ്ങൾ ഇങ്ങോട്ട് വരുന്നുണ്ടെന്ന് വിളിച്ച് പറഞ്ഞത് മുതൽ ഒരുത്തി പുറത്തേക്ക് എത്തിനോക്കി എത്തിനോക്കി നിൽക്കുവായിരുന്നു."

അതുകേട്ട വിദ്യ വിവേകിനെ നോക്കി മുഖംകൊണ്ട് ഗോഷ്ഠി കാണിച്ചു.

"കല്യാണത്തിന് ശേഷം അളിയനെ ഇങ്ങോട്ട് കണ്ടതേ ഇല്ലല്ലോ."

"കല്യാണം പ്രമാണിച്ച് ഇവിടെ വന്ന് നിന്ന് ഓഫീസിലെ കാര്യങ്ങളെല്ലാം കുളമായി കിടക്കുകയായിരുന്നു. കല്യാണത്തിന്റെ പിറ്റേ ദിവസം തന്നെ ഓഫീസിലേക്ക് വിട്ടു അവിടന്ന് നേരെ മുന്നാറിലേക്കും."

"ഞങ്ങൾ ഇടക്കൊരു ദിവസം വീട്ടിൽ വന്നിരുന്നു, അപ്പോൾ 'അമ്മ പറഞ്ഞു അളിയൻ മൂന്നാർ പോയിരിക്കുകയാണെന്ന്."

അപ്പോഴാണ് വിവേകിന്റെ അച്ഛൻ പുറത്തേക്ക് ഇറങ്ങി വന്നത്.

"നിങ്ങൾ ഇങ്ങനെ പുറത്തു നിന്ന് സംസാരിക്കാതെ അകത്തേക്ക് കയറി വാ."

അപ്പോഴാണ് അവരെ അകത്തേക്ക് വിളിച്ച് കയറ്റിയില്ല എന്ന് വിദ്യയും വിവേകും ഓർക്കുന്നത്. വിദ്യ ജീനയുടെ കൈ പിടിച്ച് അകത്തേക്ക് നടന്നു.

ജീന വിദ്യക്കൊപ്പം നിന്നപ്പോൾ ബാക്കി എല്ലാപേരും കസേരകളിലേക്ക് ഇരുന്നു.

ചെറിയൊരു ജാടയോടെ വിദ്യ അമ്മയോടായി പറഞ്ഞു.

"എനിക്ക് പാചകം അറിയില്ലെന്നും പറഞ്ഞ് അമ്മക്ക് എന്നെ ഭയങ്കര പുച്ഛം ആയിരുന്നല്ലോ. ഞാൻ എവിടെ അപ്പം, ഫ്രൈഡ് റൈസ്, ചിക്കൻ കറി, മുട്ടക്കറി ഒക്കെ ഉണ്ടാക്കി. എന്തെങ്കിലും കുഴപ്പം ഉണ്ടായിരുന്നോന്ന് ഇവിടുള്ളവരോട് ഒന്ന് ചോദിച്ച് നോക്കിക്കേ."

അംബികാമ്മ വിവേകിന്റെ അമ്മയുടെ മുഖത്തേക്ക് നോക്കി.

"മുട്ടക്കറിക്ക് ഇത്തിരി ഉപ്പു കൂടിപ്പോയി എന്നതൊഴിച്ച് ബാക്കി എല്ലാം കൊള്ളാമായിരുന്നു."

അംബികാമ്മ ഒരു ചിരിയോടെ പറഞ്ഞു.

"ഈ പറഞ്ഞ ഐറ്റംസ് ഒക്കെ കല്യാണത്തിന് കുറച്ച് ദിവസം മുൻപ് ജീനയുടെ പിറകെ നടന്ന് ഉണ്ടാക്കാൻ പഠിച്ചതാണ്.. വേറെ എന്തെങ്കിലും ഒന്ന് ഉണ്ടാക്കാൻ പറഞ്ഞു നോക്കിക്കേ അപ്പോൾ അറിയാം.."

അത്രയും നേരം ജഢായിട്ട് നിന്നിരുന്ന വിദ്യ ദയനീയമായി അമ്മയെ നോക്കി. അവളുടെ മുഖഭാവം കണ്ട് അവിടെ ഒരു കൂട്ടച്ചിരി ഉയർന്നു.

അവളുടെ മുഖത്തെ ദയനീയ ഭാവം കണ്ട് ജീന അവളുടെ ചെവിയിൽ പറഞ്ഞു.

"നീ കുറച്ച് ദിവസം എന്നോടൊപ്പം വീട്ടിൽ വന്ന് നിൽക്ക്.. നമുക്ക് ഇവരുടെ എല്ലാം വാ അടപ്പിക്കാം."

"ഞാൻ നിങ്ങൾക്ക് ചായ എടുക്കാം."

വിവേകിന്റെ 'അമ്മ അടുക്കളയിലേക്ക് പോകാനായി തുനിഞ്ഞപ്പോൾ വിദ്യ അവരെ തടഞ്ഞുകൊണ്ട് പറഞ്ഞു.

"അമ്മ ഇവിടെ ഇരുന്നോ.. ജീനയുടെ ചായ നിങ്ങളാരും കുടിച്ചിട്ടില്ലല്ലോ.. അവൾ ചായ ഇടും."

"മോളെ വീട്ടിൽ വരുന്നവരെ കൊണ്ടാണോ ചായ ഇടീക്കുന്നത്?"

ഒരു ചിരിയോടെ വിദ്യ പറഞ്ഞു.

"അത് മാത്രം അമ്മ പറയരുത്. ജീന ഞങ്ങളുടെ വീട്ടിലും അഥിതി ആയി വന്നതാ.. എന്നിട്ടവസാനം അമ്മയെ പുറത്താക്കി അടുക്കളഭരണം ഇവൾ ഏറ്റെടുത്തു."

ജീന പെട്ടെന്ന് അവളുടെ കൈയിൽ ചെറുതായി നുള്ളി.

വിദ്യ കൈ ഒന്ന് കുടഞ്ഞ ശേഷം ജീനയെയും വിളിച്ച് അടുക്കളയിലേക്ക് നടന്നു.

ഹാളിൽ എല്ലാപേരും വിശേഷങ്ങൾ സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ വിദ്യ അടുക്കളയിൽ ജീനയെ ശ്രദ്ധിക്കുകയായിരുന്നു. അവളുടെ മുഖത്തു എന്തോ അസ്വസ്ഥത ഉള്ളതായി വിദ്യക്ക് തോന്നി.

"എന്ത് പറ്റി നിനക്ക്.. മൊത്തത്തിൽ ഒരു മൗനമാണല്ലോ നിനക്ക്."

മുഖത്ത് ഒരു പുഞ്ചിരി വരുത്താൻ ശ്രമിച്ച് കൊണ്ട് ജീന പറഞ്ഞു.

"ഏയ്.. ഒന്നുമില്ല.."

ജീന വീണ്ടും ചായ ഇടുന്നതിൽ ശ്രദ്ധ തിരിച്ചപ്പോൾ വിദ്യ അവളെ തന്നെ നോക്കി ഇരുന്നു.

"നിനക്ക് എന്നോട് എന്തെങ്കിലും പറയാനുണ്ടോ?"

അവൾ ചെറുതായൊന്നു മൂളി.

"എന്താ, പറ.."

"ആദ്യം ഇച്ചായൻ നിന്നോട് ഒരു കാര്യം പറയും.. അത് കഴിഞ്ഞ് എനിക്ക് പറയാനുള്ളത് നിന്നോട് പറയാം."

വിദ്യയുടെ മനസ് എന്താ അവർക്ക് പറയാനുള്ളത് എന്നുള്ളത് അറിയാനുള്ള ജിജ്ഞാസ കൊണ്ട് നിറഞ്ഞു.

ചായ നിറച്ച ഗ്ലാസ് എല്ലാം ട്രെയിൽ നിറച്ച് അവർ ഹാളിലേക്ക് നടന്നു.

ജീന തന്നെയാണ് ചായ എല്ലാപേർക്കും നൽകിയത്.

രണ്ടു കവിൾ ചായ കുടിച്ച ശേഷം വിവേക് പറഞ്ഞു.

"വിദ്യ ജീനയുടെ പാചകത്തെ കുറിച്ച് വാ തോരാതെ പറയുമെങ്കിലും തന്റെ കൈ കൊണ്ട് ഉണ്ടാക്കിയ ഒന്ന് രുചിക്കാൻ പറ്റുന്നത് എപ്പോഴാണ്.. സത്യം പറയാല്ലോ ചായയിൽ പോലും രുചി കൊണ്ട് മാജിക് കാണിക്കാൻ പറ്റുമെന്ന് എപ്പോഴാണ് അറിയുന്നത്."

വിവേകിന്റെ അച്ഛന്റെയും അമ്മയുടെയും മുഖ ഭാവത്തിലും ആ അഭിപ്രായം തന്നെയാണ് നിറഞ്ഞു നിന്നത്.

എന്താണെന്ന് അറിയില്ല. വിവേക് പറഞ്ഞ ആ അഭിപ്രായത്തിൽ ജീനയെക്കാളേറെ അഭിമാനം കൊണ്ടത് വിദ്യ ആയിരുന്നു. തന്റെ സഹോദരിക്ക് ലഭിച്ച ഒരു പ്രശംസ എന്നപോലെ.

കുടിച്ച തീർന്ന ചായ ഗ്ലാസ് ജീനയുടെ കൈയിൽ കൊടുത്തുകൊണ്ട് ശ്രീഹരി പറഞ്ഞു.

"ഞാൻ ഒരു കാര്യം വിദ്യയോട് പറയാനാണ് എവിടെ വന്നത്. അമ്മയോട് ഞാൻ അത് ആദ്യം പറഞ്ഞു. അമ്മക്ക് അത് സമ്മതമാണ് ഇനി നിന്റെ അഭിപ്രായം കൂടി എനിക്കറിയണം."

അംബികാമ്മയും ജീനയും ഒഴികെ ബാക്കി എല്ലാപേരും ശ്രീഹരിയെ ആകാംഷയോടെ നോക്കി.

"ഞാൻ ജീനയെ കല്യാണം കഴിക്കാൻ തീരുമാനിച്ചു. അതിൽ എന്താ നിന്റെ അഭിപ്രായം."

ഒരു നിമിഷം അവിടെ നിശബ്തത നിറഞ്ഞു. സന്തോഷം കൊണ്ട് വാക്കുകൾ കിട്ടാതെ നിൽക്കുകയായിരുന്നു വിദ്യ.

പക്ഷെ ആ നിശബ്ദതയെ കീറി മുറിച്ച ആദ്യം ശബ്ദം മുഴങ്ങിയത് വിവേകിന്റെ അച്ഛന്റേതായിരുന്നു.

"പക്ഷെ.. ജീന ഒരു ക്രിസ്ത്യൻ..."

അച്ഛൻ വാക്കുകൾ മുഴുവിക്കുന്നതിനു മുൻപേ വിവേകിന്റെ ശബ്ദം അവിടെ മുഴങ്ങി.

"അച്ഛാ.. വിദ്യയുടെ അഭിപ്രായം അല്ലെ അളിയൻ ഇവിടെ ചോദിച്ചത്."

അവന്റെ വാക്കുകൾക്ക് മുന്നിൽ താൻ പറയാൻ വന്ന കാര്യം അച്ഛൻ പാതി വഴിയിൽ ഉപേക്ഷിച്ചു.

അത് കണ്ടപ്പോൾ ശ്രീഹരിയുടെ മുഖത്ത് ചെറിയൊരു പുഞ്ചിരി നിറഞ്ഞു. സ്വന്തമായി നിലപാടുകൾ എടുക്കാൻ കഴിവുള്ള ഒരു ഭർത്താവിനെയാണ് തന്റെ സഹോദരിക്ക് ലഭിച്ചിരിക്കുന്നത് എന്നുള്ള സന്തോഷമായിരുന്നു ആ പുഞ്ചിരിക്ക് പിന്നിൽ.

സന്തോഷം നിറഞ്ഞ മുഖത്തോടെ ജീനയുടെ കൈ കൂട്ടിപ്പിടിച്ച് വിദ്യ പറഞ്ഞു.

"ജീനയെ നാത്തൂൻ ആയി കിട്ടുന്നതിൽ എനിക്ക് നൂറു വട്ടം സമ്മതം."

വിദ്യയുടെ ആ അഭിപ്രായം നേരത്തെ തന്നെ അമ്മയോട് പറഞ്ഞു അറിയാമായിരുന്നെങ്കിലും അത് നേരിട്ട് കേൾക്കണമെന്ന് ശ്രീഹരിക്ക് ആഗ്രഹം ഉണ്ടായിരുന്നു.

അവന്റെ മുഖത്ത് പുഞ്ചിരി നിറഞ്ഞു.

ജീന ശബ്ദം താഴ്ത്തി വിദ്യയോട് പറഞ്ഞു.

"എനിക്ക് നിന്നോട് മാത്രമായി ഒന്ന് സംസാരിക്കണം."

വിദ്യ അവളുടെ മുഖത്തേക്ക് ഒന്ന് നോക്കിയ ശേഷം എല്ലാപേരോടും ആയി പറഞ്ഞു.

"ഞാൻ ഇവളെ ഇവിടൊക്കെ ഒന്ന് കാണിച്ചിട്ട് വരാം."

അവൾ ജീനയെയും കൂട്ടി പുറത്തെ പൂന്തോട്ടത്തിലേക്ക് നടന്നു. അവിടേക്ക് നടക്കുമ്പോൾ ജീനയുടെ മുഖത്തെ നിസ്സംഗതയും ഒരു സന്തോഷം ഇല്ലായിമയും ഈ കല്യാണത്തിന് അവൾക്ക് സമ്മതം അല്ലയോ എന്നുള്ള ഒരു ഭയം വിദ്യയിൽ നിറച്ചു.

പൂന്തോട്ടത്തിലെ ഒരു മാവിൽ ഊഞ്ഞാൽ കെട്ടിയിരുന്നു. അവർ രണ്ടുപേരും അതിലേക്ക് ഇരുന്നു. എവിടെ നിന്ന് പറഞ്ഞു തുടങ്ങണം എന്നറിയാതെ സംശയിച്ച് നിൽക്കുന്ന ജീനയുടെ മുഖത്തേക്ക് തന്നെ അവൾ നോക്കി ഇരുന്നു.

"എന്നെ കുറിച്ച് എന്തറിഞ്ഞിട്ടാണ് നീ കല്യാണത്തിന് എതിർപ്പൊന്നും ഇല്ലെന്ന് പറഞ്ഞത്."

"നിന്റെ മതമോ കുടുംബമോ ഒന്നും എനിക്കൊരു പ്രശ്നമേ അല്ല.. എന്റെ ചേട്ടന് നിന്നെക്കാൾ നല്ലൊരു പെണ്ണിനെ കിട്ടില്ല. അത് മാത്രം എനിക്കറിയാം."

"എന്നാൽ നീ അറിയേണ്ട കുറച്ച് കാര്യങ്ങൾ ഉണ്ട്. ഞാൻ നീ വിചാരിക്കുന്ന പോലെ നല്ലൊരു പെണ്ണല്ല.."

ജീന എന്താണ് പറയുന്നത് എന്ന് മനസിലാകാതെ വിദ്യ അവളെ മിഴിച്ച് നോക്കി.

"കോളേജിൽ പഠിക്കുമ്പോൾ ഓണത്തിന് ഞാൻ നിങ്ങളുടെ വീട്ടിൽ വന്ന് നിന്ന് പോയതിനു ശേഷം എന്റെ ജീവിതത്തിൽ എന്താ ഉണ്ടായതെന്ന് നീ അറിയണം.. അതിനു ശേഷം നീ തീരുമാനിച്ചാൽ മതി ഇച്ചായന് ഞാൻ ചേരുമോന്ന്."

ജീന തനിക്ക് സംഭവിച്ചതെല്ലാം വിദ്യയോട് തുറന്ന് പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞ ശേഷം കുറച്ച് സമയത്തേക്ക് എന്ത് പറയണമെന്നറിയാതെ വിദ്യ തരിച്ചിരുന്നു. കുറച്ച് നേരം ചിന്തയിൽ ആഴ്ന്നു ശേഷം അവൾ പറഞ്ഞു.

"എനിക്ക് എന്റെ ചേട്ടനോടുള്ള ബഹുമാനവും സ്നേഹവും ഇപ്പോൾ കൂടുകയാണ് ഉണ്ടായത്. എല്ലാം അറിഞ്ഞ ശേഷവും ചേട്ടൻ നിന്നെ സ്നേഹിക്കുന്നു ഭാര്യയാകാൻ ആഗ്രഹിക്കുന്നു. നിന്നെ എന്റെ നാത്തൂൻ ആയി അംഗീകരിക്കാൻ ആ ഒരു കാരണം മാത്രം മതി എനിക്ക്. നിന്റെ സാഹചര്യം ആണ് നിന്നെ ആ ഒരു തെറ്റിലേക്ക് നയിച്ചത്. ഒരു പെണ്ണെന്ന നിലയിൽ അതിലെ തെറ്റും ശരിയും മനസിലാക്കാൻ എനിക്കാകും. എല്ലാം അറിഞ്ഞുകൊണ്ട് ചേട്ടൻ നിന്നെ സ്നേഹിക്കുന്നുണ്ടെകിൽ അതിന്റെ കാരണം നിന്റെ മനസാണ്.. ഇപ്പോൾ തന്നെ ഇതെല്ലം മറച്ച് വച്ചുകൊണ്ടു ഒരു സൗഭാഗ്യത്തിലേക്ക് നിനക്ക് കടന്ന് വരാമായിരുന്നു. പക്ഷെ നീ അത് ചെയ്തില്ല. അതാണ് നിന്റെ മനസിന്റെ നന്മ.. എനിക്ക് നിന്നെക്കാളും നല്ലൊരു നാത്തൂനേ എന്റെ അമ്മയ്ക്ക് നിന്നെക്കാളും നല്ലൊരു മരുമോളെ എന്റെ ചേട്ടന് നിന്നെക്കാളും നല്ലൊരു ഭാര്യയെ ഒരിക്കലും ലഭിക്കില്ല.. അതുകൊണ്ടു തന്നെ ഇനി കുടുംബത്തിൽ മറ്റാര് സമ്മതിച്ചില്ലേലും ഞാനും അമ്മയും ഈ വിവാഹം നടത്തും."

വിദ്യയിൽ നിന്നും ഇത്രയും കേട്ട് കഴിഞ്ഞപ്പോൾ മനസ്സിൽ നിന്നും എന്തോ ഭാരം ഇറക്കി വച്ച അനുഭൂതി ആയിരുന്നു ജീനക്ക്. ഈ ഒരു സൗഭാഗ്യം ദൈവം തനിക്കായി ഒരുക്കി വച്ചതാണ് എന്നൊരു തോന്നൽ അവൾക്കുണ്ടായി.

അത്രയും നേരം അവളുടെ മുഖത്ത് ഉണ്ടായിരുന്ന നിസ്സംഗത മാറി പകരം മുഖത്ത് സന്തോഷം നിറഞ്ഞു. തന്നെ അംഗീകരിച്ചതിനു നന്ദി എന്നവണ്ണം ജീന അവളെ കെട്ടിപിടിച്ചു. അടക്കാനാകാത്ത സന്തോഷം കൊണ്ടോ എന്തോ.. അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.

അവളെ തന്നിൽ നിന്നും അകത്തി കവിളിൽ കൂടി ഒഴുകുന്ന കണ്ണുനീർ തുടച്ച്കൊണ്ടു വിദ്യ പറഞ്ഞു.

"നീ എനിക്ക് ഒരു വാക്ക് തരണം."

ജീന എന്താ എന്ന അർഥത്തിൽ അവളുടെ മുഖത്തേക്ക് നോക്കി.

"നിനക്ക് സംഭവിച്ചതൊന്നും അമ്മയോട് പറയരുത്."

ജീന അവളുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നപ്പോൾ അവൾ തുടർന്നു.

"ഈ കല്യാണത്തിന് അമ്മ സമ്മതിക്കാതിരിക്കുമോ എന്ന് പേടിച്ചല്ല ഞാൻ അങ്ങനെ പറഞ്ഞത്. ഇതൊക്കെ അറിഞ്ഞാലും അമ്മ ഈ കല്യാണത്തിൽ നിന്നും പിന്നോട്ട് മാറില്ല.. കാരണം അത്ര മാത്രം എന്റെ 'അമ്മ നിന്നെ സ്നേഹിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ നിനക്ക് ഉണ്ടായ അനുഭവങ്ങൾ അറിഞ്ഞാൽ അമ്മക്ക് അത് ചിലപ്പോൾ സഹിക്കാനാകില്ല. അതുകൊണ്ടാണ് അമ്മ ഇതൊന്നും അറിയരുതെന്ന് ഞാൻ പറഞ്ഞത്."

വിദ്യയുടെ കൈയിൽ പിടിച്ച് കൊണ്ട് ജീന പറഞ്ഞു.

"ഇല്ല.. ഞാൻ അമ്മയോട് ഒന്നും പറയില്ല. നീയെങ്കിലും ഇതെല്ലാം അറിഞ്ഞിരിക്കണമെന്ന് എനിക്കുണ്ടായിരുന്നു."

"നീ ഇനി ഒന്നും ഓർത്ത് വിഷമിക്കണ്ട. ഞങ്ങളുടെ എല്ലാം പൂർണ്ണ സമ്മതത്തോടെ തന്നെയാണ് ഈ കല്യാണം."

മനസ് നിറഞ്ഞ ഒരു ചിരിയോടെ ജീന പറഞ്ഞു.

"ഇനി എനിക്ക് ഒന്നിനെ കുറിച്ച് ഓർത്തും വിഷമം ഇല്ല.. എന്റെ മനസ് പൂർണമായും ഈ കല്യാണത്തിന് തയ്യാറായി കഴിഞ്ഞു."

അപ്പോഴേക്കും ബാക്കി എല്ലാപേരും വീടിനു വെളിയിലേക്ക് ഇറങ്ങിയിരുന്നു.

വിവേക് ഉറക്കെ വിളിച്ച് ചോദിച്ചു.

"നാത്തൂൻസ് കഥകൾ പറഞ്ഞു തീർന്നില്ലേ.. ഇവർക്ക് തിരിച്ച് പോകണം."

രണ്ടുപേരും ഒരു ചിരിയോടെ അവർക്കരികിലേക്ക് നടന്നു വന്നു.

ശ്രീഹരി വിദ്യയോട് പറഞ്ഞു.

"മറ്റന്നാൾ ചിറ്റപ്പന്മാരെയും അപ്പച്ചിയെയും വീട്ടിലേക്ക് വിളിച്ച് വരുത്തുന്നുണ്ട് കല്യാണക്കാര്യം സംസാരിക്കാൻ, നീയും അവിടെ വേണം. പറ്റുമെങ്കിൽ അളിയനും അവിടെ കാണണം."

"വിദ്യയെ രാവിലെ ഞാൻ അവിടെ ആക്കിയേക്കാം. എനിക്കന്ന് ഡ്യൂട്ടി ഉണ്ട്.. പറ്റുമെങ്കിൽ ഞാനും അവിടെ കാണും."

പിന്നെ അതികം താമസിപ്പിക്കാതെ തന്നെ അവർ അവിടെ നിന്നും യാത്ര പറഞ്ഞിറങ്ങി.

രാത്രി ടിവി കണ്ട് കഴിഞ്ഞ ശേഷം റൂമിലേക്ക് നടക്കുന്നതിനിടയിലാണ് ജീനയുടെ റൂമിന്റെ ഡോർ തുറന്ന് കിടക്കുന്നത് ശ്രീഹരിയുടെ ശ്രദ്ധയിൽ പെട്ടത്.

അവൻ ചുമ്മാ ഒന്ന് റൂമിലേക്ക് കയറി നോക്കിയപ്പോൾ ജീന അവിടെ ഇല്ല. അവൻ നേരെ ബാല്കണിയിലേക്ക് നടന്നു. അവന്റെ പ്രതീക്ഷ പോലെ തന്നെ ജീന അവിടെ ഉണ്ടായിരുന്നു.

ഒരു കറുത്ത ചുരിദാറും ഇട്ട് ഇരുട്ടത്ത് കൈവരിയിൽ ഇരുന്ന് ആകാശത്തേക്ക് നോക്കി എന്തോ ചിന്തിക്കുകയാണ് അവൾ.

ആ ഇരുട്ടിലും അവളുടെ വെളുത്ത മുഖം നിലാവിന്റെ വെളിച്ചത്തിൽ തിളങ്ങുന്നുണ്ടായിരുന്നു.

അവൻ അവിടത്തെ ലൈറ്റ് ഓൺ ചെയ്തു. ജീന പെട്ടെന്ന് ഞെട്ടി തിരിഞ്ഞു നോക്കി. അവനെ കണ്ടപ്പോൾ അവളുടെ മുഖത്ത് ഒരു ആശ്വാസം നിറഞ്ഞു.

"എന്താ പേടിച്ചു പോയോ?"

അവൾ ഒരു ചെറു ചിരിയോടെ പറഞ്ഞു.

"ചെറുതായിട്ട്."

ശ്രീഹരി അവളുടെ അരികിലായി പോയിരുന്നു.

"എന്താ ഇവിടിങ്ങനെ ഒറ്റക്ക് വന്നിരിക്കുന്നെ?"

"ജീവിതത്തിൽ നിനച്ചിരിക്കാതെ കിട്ടിയ സൗഭാഗ്യത്തിന്റെ സുഖത്തെ കുറച്ച് ആലോചിച്ച് സന്തോഷിക്കുവായിരുന്നു ഞാൻ."

"ചെറുതായി സാഹിത്യമൊക്കെ ഒഴുകുന്നുണ്ടല്ലോ."

ഒരു ചിരി മാത്രമായിരുന്നു അതിനുള്ള അവളുടെ മറുപടി.

ശ്രീഹരി അവളുടെ മുഖത്തേക്ക് തന്നെ നോക്കി. മുഖത്താകെ സന്തോഷം മാത്രം, അനാവശ്യ ചിന്തകളുടെയോ ദുഖത്തിന്റെയോ നേരിയ ഒരു അംശം പോലും ആ മുഖത്തില്ല. അതിന്റെ ഒരു പ്രകാശം ആ മുഖത്തു കാണാനും ഉണ്ട്. സൗന്ദര്യം ഇരട്ടിച്ചത് പോലെ.

നെറ്റിയിലെ ബാൻഡേജ് ഇളക്കി മാറ്റിയിട്ടുണ്ട്. ആ ഭാഗത്ത് മുറിവിന്റെ ഒരു ചുവന്ന പാട് അവശേഷിക്കുന്നു.

അതിലൂടെ വിരലോടിച്ച് കൊണ്ട് അവൻ ചോദിച്ചു.

"വേദനിക്കുന്നുണ്ടോ?"

അവന്റെ കൈ തട്ടി മാറ്റിക്കൊണ്ട് അവൾ പറഞ്ഞു.

"ചെവിക്കന്നതിന് ഒരു അടിയും തന്ന് മറിച്ചിട്ട് നെറ്റിയും മുറിച്ചിട്ട് ഇപ്പോൾ ചോദിക്കുന്നത് കേട്ടില്ലേ.. വേദനിക്കുന്നുണ്ടോന്ന്.. ദുഷ്ടൻ.."

അവളുടെ ഇരു തോളിലും ആയി അവൻ കൈകൾ വച്ചു.

"നീ തന്നല്ലേ മുൻപൊരിക്കൽ എന്നോട് പറഞ്ഞിരുന്നേ.. വിവരമില്ലാത്ത നീ എന്തെങ്കിലും പറയുകയാണെങ്കിൽ ഒരു അടിയും തന്ന് കാര്യം പറഞ്ഞു മനസ്സിലാക്കണമെന്ന്."

"അയ്യടാ.. ഞാൻ എന്ത് പറഞ്ഞാലും അതൊക്കെ അങ്ങ് അനുസരിക്കുന്ന ഒരാള്."

"നീ എന്ത് പറഞ്ഞിട്ടാടി ഞാൻ അനുസരിക്കാതെ ഇരിന്നിട്ടുള്ളത്."

ജീന അവന്റെ മുഖത്തേക്ക് തന്നെ നോക്കി.. അവൻ തിരിച്ചും. അവളുടെ മുഖത്ത് വല്ലാത്തൊരു വശ്യത അവനു അനുഭവപെട്ടു.. ശ്രീഹരി സാവധാനം അവളിലേക്ക് മുഖം അടുപ്പിച്ചു. അവനിൽ നിന്നും ഏതോ ആഗ്രഹിച്ചിട്ടെന്നവണ്ണം അവൾ കണ്ണുകൾ അടച്ചു.

അത് കണ്ട ശ്രീഹരി ഒരു പുഞ്ചിരിയോടെ അവളുടെ നെറ്റിയിലെ മുറിവിൽ ചുണ്ടുകൾ അമർത്തി. അതായിരുന്നില്ല പ്രധീക്ഷിച്ചത് എന്നവണ്ണം ജീന പെട്ടെന്ന് കണ്ണുകൾ തുറന്നു. നിന്നെ പറ്റിച്ചു എന്നുള്ള രീതിയിൽ അവന്റെ മുഖത്ത് ഒരു പുഞ്ചിരി ഒളിഞ്ഞിരുപ്പുണ്ടായിരുന്നു. അത് കണ്ട ജീനയുടെ മുഖത്തു പെട്ടെന്ന് നാണം നിറഞ്ഞു.

"വേറെ എന്തെങ്കിലും ആയിരുന്നോ എന്റെ കൊച്ച് പ്രതീക്ഷിച്ചത്?"

മുഖം തിരിച്ച് കൊണ്ട് അവൾ ചോദിച്ചു.

"എന്ത് പ്രതീക്ഷിക്കാൻ."

"എങ്കിലേ ഞാൻ ഒന്ന് പ്രധീക്ഷിക്കുണ്ട്.. അതെനിക്ക് കിട്ടണം."

"എന്ത്?"

തന്റെ ചുണ്ടിൽ തൊട്ടുകൊണ്ട് അവൻ പറഞ്ഞു.

"ഇവിടെ എനിക്കൊരു ഉമ്മ വേണം."

അവനെ പിടിച്ച് തള്ളിക്കൊണ്ട് അവൾ പറഞ്ഞു.

"അതങ്ങു പള്ളിയിൽ പോയി പറഞ്ഞാൽ മതി."

"എന്ത് പള്ളി ആണെന്ന് പറ.. നിന്റെയിൽ നിന്ന് ഒരു ലിപ്കിസ് കിട്ടാൻ ഞാൻ ഏതു പള്ളിയിൽ വേണമെങ്കിലും പോയി പറയാം."

അവൾ അവിടെ നിന്നും എഴുന്നേറ്റുകൊണ്ടു പറഞ്ഞു.

"നാണമില്ലാത്ത മനുഷ്യൻ."

ജീന അവിടെ നിന്നും നടന്നപ്പോൾ അവൾ കേൾക്കത്തക്ക മാത്രം ശബ്ദത്തിൽ അവൻ പറഞ്ഞു.

"ഒരു ഉമ്മ ചോദിച്ചപ്പോൾ തരാത്ത നീ ഒരു ദുഷ്ടയാണ് കേട്ടോ."

അത് കേട്ടപ്പോൾ ജീന നടത്തം നിർത്തി. സാവധാനം തിരിഞ്ഞു അവന്റെ അരികിലേക്ക് നടന്നു. അപ്പോൾ അവളുടെ മുഖത്ത് ഒരു കുസൃതി ചിരി തെളിഞ്ഞിരുന്നു.

അവന്റെ അരികിൽ എത്തിയ ജീന തന്റെ ചുണ്ടുകൾ അവന്റെ ചുണ്ടുകളിലേക്ക് അടിപ്പിച്ചു. എന്നാൽ അവസാന നിമിഷം മുഖം വശത്തേക്ക് നീക്കി അവന്റെ കവിളിൽ ഒരു ഉമ്മ നൽകിയ ശേഷം അവൾ തിരിഞ്ഞോടി.

വാതിലിൽ എത്തി തിരിഞ്ഞു നോക്കി കൊണ്ട് അവൾ പറഞ്ഞു.

"തല്ക്കാലം ഇത് മതി."

ജീന റൂമിലേക്ക് നടക്കുമ്പോൾ അവളുടെ കുസൃതി ഇഷ്ട്ടപെട്ടപോലെ ശ്രീഹരിയുടെ മുഖത്ത് ഒരു ചിരി പടർന്നിരുന്നു.

ശ്രീഹരി കാര്യങ്ങൾ എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ ചിറ്റപ്പന്മാരും വാസുകിയിൻ പരസ്പരം ഒന്ന് നോക്കി. അവരെ തന്നെ ശ്രദ്ധിച്ച് നിന്ന വിദ്യയും അവരിൽ നിന്ന് ഒരു എതിർപ്പ് പ്രതീക്ഷിച്ചിരുന്നു.

വിവേകിന് ലീവ് എടുക്കാൻ കഴിയാത്തതിനാൽ രാവിലെ തന്നെ വിദ്യയെ അവിടെ കൊണ്ട് ആക്കിയിട്ടാണ് പോയത്.

മൂത്ത ചിറ്റപ്പൻ ആണ് ആദ്യം അഭിപ്രായം രേഖപ്പെടുത്തിയത്.

"ജീനയെ ഞങ്ങൾക്കും ഇഷ്ട്ടമാണ്.. കാണാൻ കൊള്ളാം, എല്ലാപേരോടും നല്ലപോലെ പെരുമാറാനറിയാം. അവളുടെ വീടോ ചുറ്റുപാടോ നമുക്ക് നമുക്ക് കുഴപ്പമില്ലെന്ന് വയ്ക്കാം.. പക്ഷെ അവൾ ഒരു ക്രിസ്ത്യാനി പെൺകൊച്ചല്ലേ.."

ഇളയ ചിറ്റപ്പനും ആ അഭിപ്രായത്തെ പിന്താങ്ങി. അവരിൽ നിന്നും ആ ഒരു അഭിപ്രായം ആണ് ഉണ്ടാവുകയെന്ന് അറിയാവുന്നതിനാൽ അംബികാമ്മയ്ക്ക് പ്രതേകിച്ചു ഭാവഭേദങ്ങൾ ഒന്നും ഉണ്ടായില്ല.

അത്രയും നേരം നിശബ്ദത ആയിരുന്ന വാസുകി അപ്പച്ചി പറഞ്ഞു.

"എന്റെ അഭിപ്രായത്തിൽ ആ പെൺകുട്ടിയെ തന്നെ ശ്രീഹരി കെട്ടുന്നതാണ് നല്ലതെന്നാണ്. ഞാൻ ഇവിടെ ഉണ്ടായിരുന്ന ചുരുങ്ങിയ സമയം കൊണ്ട് ജീനയെ നല്ലപോലെ മനസിലാക്കിയിട്ടുണ്ട്. കല്യാണത്തിന് ഇവിടെ ഉണ്ടായിരുന്ന ഓരോ സമയവും ഞാൻ അവളെ ശ്രദ്ധിക്കുകയായിരുന്നു."

വാസുകിയുടെ ഈ അഭിപ്രായം കേട്ട് ശ്രീഹരിയും വിദ്യയും ഞെട്ടി. എല്ലാത്തിനും മുട്ടാപ്പോക്കുകൾ പറയുന്ന വാസുകിയിൽ നിന്നും ഇങ്ങനെ ഒരു അനുകൂല അഭിപ്രായം അവർ പ്രതീക്ഷിച്ചിരുന്നില്ല.

വാസുകി തുടർന്നു പറഞ്ഞു.

"വിദ്യയുടെ കല്യാണത്തിന്റെ തലേദിവസം രാത്രി എല്ലാപേരും ഉറങ്ങാൻ പോയപ്പോഴും ഓടി തളർന്ന ആ കൊച്ച് ശ്രീഹരി വരുന്നതും കാത്ത് മുറ്റത്ത്

നിൽക്കുകയായിരുന്നു. ഞാൻ അതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവനെ ഇത്രത്തോളം മനസിലാക്കാനും സ്നേഹിക്കാനും കഴിയുന്ന മറ്റൊരു പെൺകുട്ടിയെ കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല."

കുറച്ച് നേരം കൂടി അവരുടെ ചർച്ച തുടർന്നു. ചിറ്റപ്പന്മാർക്കും ജീനയെ ഇഷ്ടം തന്നെ ആയിരുന്നു. അതുകൊണ്ടു തന്നെ ആ ആലോചന വേണ്ട എന്ന് അവർ തീർത്ത് പറയുന്നില്ല. അവളുടെ മതം മാത്രമായിരുന്നു ചെറിയൊരു തടസം ആയി അവർക്കിടയിൽ നിന്നിരുന്നത്.

എല്ലാരുടെയും അഭിപ്രായങ്ങൾ കേട്ട് കഴിഞ്ഞ ശേഷം അംബികാമ്മ പറഞ്ഞു.

"കുട്ടികൾ രണ്ടും പരസ്പരം സ്നേഹിക്കുന്നുണ്ട്. പക്ഷെ നിങ്ങൾ ഈ കല്യാണത്തിന് താല്പര്യം ഇല്ല എന്ന് പറഞ്ഞാൽ ജീന സന്തോഷത്തോടു കൂടി തന്നെ ഇതിൽ നിന്നും പിന്മാറും. അത്രക്ക് നല്ല കുട്ടി ആണ് അവൾ.. എന്നാൽ നിങ്ങൾ ഒരു കാര്യം ആലോചിക്കണം, ശ്രീഹരിയുടെ അച്ഛൻ ജീവിച്ചിരുപ്പുണ്ടായിരുന്നെങ്കിൽ സന്തോഷത്തോടു കൂടിത്തന്നെ ഈ കല്യാണം നടത്തി കൊടുത്തേനെ. നിങ്ങൾക്കെല്ലാപേര്ക്കും അറിയാവുന്നതല്ലേ അദ്ദേഹത്തെ."

അംബികാമ്മയുടെ ആ ഒരു അഭിപ്രായം കേട്ട് കഴിഞ്ഞതോടെ ചിറ്റപ്പന്മാരുടെയും എതിർപ്പ് സാവധാനം ഇല്ലാതായി. അവസാനം ഒരു തീർപ്പ് എന്നപോലെ മൂത്ത ചിറ്റപ്പൻ പറഞ്ഞു.

"നിങ്ങൾക്കെല്ലാപേര്ക്കും ഇതാണ് താല്പര്യം എങ്കിൽ ഞങ്ങൾ ആയിട്ട് എതിർക്കുന്നില്ല."

അത് കേട്ടതും എല്ലാപേർക്കും സന്തോഷമായി. കുടുംബത്തിൽ ആർക്കും ഒരു എതിർപ്പും ഇല്ലാതെ വിവാഹത്തിന് തീരുമാനം ആയിരിക്കുന്നു.

ഇളയ ചിറ്റപ്പൻ - ജീന എവിടെ? ആ കുട്ടിയെ ഇവിടേക്ക് കണ്ടതേ ഇല്ലല്ലോ.

അംബികാമ്മ - അവൾ അടുക്കളയിൽ ഉണ്ട്. നിങ്ങൾക്ക് ഉള്ള ആഹാരം ഉണ്ടാക്കുവാണ്."

വിദ്യ - ജീനയുടെ സ്പെഷ്യൽ ബീഫ് വരട്ടിയത് നിങ്ങൾ കഴിച്ചിട്ടില്ലല്ലോ. ഇന്ന് കഴിച്ചിട്ട് പോകാം.

മൂത്ത ചിറ്റപ്പൻ - ആ കുട്ടിയെ ഇങ്ങോട്ടൊന്നു വിളിച്ചേ..

വിദ്യ വേഗം അടുക്കളയിലേക്ക് പോയി ജീനയെ കൂട്ടികൊണ്ടു വന്നു. അവൾ അടുക്കളയിൽ പാചകത്തിൽ ആയിരുന്നെങ്കിലും അവിടെ നടക്കുന്ന സംസാരം എല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

അടുക്കളയിലെ ചൂടിൽ ചെറുതായി വിയർത്ത് നിന്ന ജീനയെ നോക്കികൊണ്ട് മൂത്ത ചിറ്റപ്പൻ പറഞ്ഞു.

"അപ്പോഴേ ഞങ്ങൾ ഈ കല്യാണം ഉറപ്പിച്ച് കേട്ടോ.. ഞങ്ങൾക്ക് പൂർണ സമ്മതം ആണ്."

ജീനയുടെ മുഖത്ത് സന്തോഷത്തിന്റെ ഒരു പുഞ്ചിരി വിടർന്നു.

ഇളയ ചിറ്റപ്പൻ - അപ്പോൾ പാചകം ഒക്കെ കഴിഞ്ഞോ.

ജീന - അഹ്.. കഴിഞ്ഞു.

ഇളയ ചിറ്റപ്പൻ - എങ്കിൽ നമുക്ക് കഴിക്കാൻ ഇരുന്നാലോ. പോയിട്ട് കുറച്ച് കാര്യങ്ങൾ ഉണ്ടായിരുന്നു.

എല്ലാരും ആ ഒരു അഭിപ്രായത്തോട് യോചിച്ചു.

ജീനയും വിദ്യയും ഒഴികെ ബാക്കി എല്ലാപേരും ആഹാരം കഴിക്കാനായി ഇരുന്നു.

ആസ്വദിച്ച് ആഹാരം കഴിക്കുന്നതിനിടയിൽ വാസുകി പറഞ്ഞു.

"വിദ്യ പറഞ്ഞത് ശരി തന്നെയാണ്.. ജീന ഉണ്ടാക്കിയ ബീഫ് വരട്ടിയത് ഒരു സ്പെഷ്യൽ ടേസ്റ്റ് തന്നെയാണ്."

ചിറ്റപ്പന്മാരും അത് ശരി വെച്ചു.

ആഹാരം കഴിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ മൂത്ത ചിറ്റപ്പൻ ചോദിച്ചു.

"കല്യാണം എന്നത്തേക്ക് നടത്തണമെന്ന് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?"

അംബികാമ്മയാണ് അതിനു മറുപടി നൽകിയത്.

"ഒരുപാട് നീട്ടികൊണ്ടു പോകണ്ട എന്നാണ് എനിക്ക്."

ശ്രീഹരി പറഞ്ഞു.

"കല്യാണം എന്ന് നടത്തണമെന്നുള്ളതൊക്കെ നിങ്ങൾ എല്ലാപേരും തീരുമാനിച്ചോ.. പക്ഷെ ഒരു കാര്യത്തിൽ എനിക്കൊരു തീരുമാനം ഉണ്ട്."

എല്ലാപേരും അവന്റെ മുഖത്തേക്ക് നോക്കി.

"ഞാൻ ഈ കല്യാണ ആലോചന മുന്നോട്ടു വച്ചപ്പോൾ ഉയർന്ന കേട്ട ഒരു കാര്യവുമാണ് അവളുടെ മതം.

അതുകൊണ്ടു തന്നെ കല്യാണം വർക്കല ശിവഗിരിയിൽ വച്ച് നടത്താനാണ് എന്റെ തീരുമാനം. അവിടിരിക്കുന്ന ആള് പറഞ്ഞിരിക്കുന്നത് ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നാണല്ലോ."

ശ്രീഹരി ഒരു തീരുമാനം എടുത്താൽ അതിൽ ഒരു മാറ്റം കാണില്ലെന്ന് അറിയാവുന്നതിനാൽ ആരും എതിർപ്പ് പറഞ്ഞില്ല. അംബികാമ്മയും വിചാരിച്ചു ശ്രീനാരായണ ഗുരുവിന്റെ മുന്നിൽ വച്ചതന്നെ ആ കല്യാണം നടക്കട്ടെ എന്ന്.

ആഹാരം കഴിച്ച് കുറച്ച് നേരം കൂടി ഇരുന്ന ശേഷം ചിറ്റപ്പന്മാരും വാസുകിയും അവിടെ നിന്നും യാത്ര പറഞ്ഞ് ഇറങ്ങി.

അവർ പോയി കഴിഞ്ഞ ശേഷമാണ് ജീനയും വിദ്യയും ആഹാരം കഴിക്കാൻ ഇരുന്നത്.

അവർ ആഹാരം കഴിക്കുന്നത് നോക്കി ശ്രീഹരിയും അടുത്ത് ഇരുപ്പുണ്ടായിരുന്നു.

ഒരു കഷണം ബീഫ് വായിലേക്ക് എടുത്തിട്ട് ചവച്ച് കൊണ്ട് വിദ്യ പറഞ്ഞു.

"ഈ കല്യാണത്തിന് ഫുൾ സപ്പോർട്ട് ചെയ്തതിനു പകരമായി നീ ഞാൻ പറയുന്ന ഒരു കാര്യം അനുസരിച്ചേ പറ്റു."

ഒരു ചിരിയോടെ ജീന പറഞ്ഞു.

"നീ എന്ത് വേണമെങ്കിലും പറഞ്ഞോ. ഞാൻ അനുസരിച്ച് കൊള്ളാം."

"ഇതേ ടെസ്റ്റിൽ ബീഫ് വരട്ടിയത് ഉണ്ടാക്കാൻ നീ എന്നെ പഠിപ്പിക്കണം."

അത് കേട്ടതും വിദ്യയെ ചോദിപ്പിക്കാനായി ശ്രീഹരി പറഞ്ഞു.

"അതൊന്നും പറ്റില്ല.. ഈ ടേസ്റ്റിൽ ജീന എനിക്ക് മാത്രം ഉണ്ടാക്കി തന്നാൽ മതി. അതിൽ വേറെ ആർക്കും അവകാശം ഇല്ല."

"അയ്യടാ.. ഇവൾ ചേട്ടന്റെ ഭാവി ഭാര്യ ആണെങ്കിൽ എന്റെ ഭാവി നാത്തൂനും ആണ്, ഇയ്യാളെ പോലെ തന്നെ എനിക്കും അവളിൽ അവകാശം ഉണ്ട്."

ജീന പെട്ടെന്ന് അതിൽ ഇടപെട്ടു.

"മതി മതി. രണ്ടുക്കൂടി ഇതിന്റെ പേരിൽ അടി ഉണ്ടാക്കിയാൽ ഞാൻ ഇനി ഈ ഒരു ഐറ്റം ഉണ്ടാക്കതെ ഇല്ല."

അപ്പോഴാണ് ശ്രീഹരി ജീനയുടെ പാത്രത്തിൽ ചോറ് തീരാറായത് ശ്രദ്ധിച്ചത്. അവൻ കുറച്ച് ചോറ് അവളുടെ പ്ലേറ്റിലേക്ക് വിളമ്പി.

"അയ്യോ.. ഇച്ചായാ എനിക്ക് മതി, വയറു നിറഞ്ഞു."

ഇത് കണ്ടതും വിദ്യ പറഞ്ഞു.

"ജീവിതത്തിൽ ഇതേവരെ എനിക്ക് ഒരു തവി ചോറ് വിളമ്പി തന്നിട്ടില്ല എന്റെ സഹോദരൻ. എന്നിട്ട് കെട്ടാൻ പോകുന്ന പെണ്ണിന് ഒരു ഉളുപ്പുമില്ലാതെ വിളമ്പി കൊടുക്കുന്നു.. എന്താ സ്നേഹം.."

അവൾ ഉറക്കെ വിളിച്ചു പറഞ്ഞു.

"അമ്മെ.. ഇവിടെ നടക്കുന്നത് വല്ലോം കാണുന്നുണ്ടോ?"

വിദ്യ തന്നെ കളിയാക്കാൻ കിട്ടിയ ഒരു അവസരവും പാഴാക്കില്ല എന്ന് മനസിലായ ശ്രീഹരി അവളുടെ തലക്ക് ഒരു തട്ടും കൊടുത്ത് അവിടെ നിന്നും എഴുന്നേറ്റ് പോയി. അവൻ പോകുന്നത് കണ്ട് രണ്ടുപേരുടെയും മുഖത്ത് ഒരു ചിരി നിറഞ്ഞിരുന്നു.

ചോറ് കഴിച്ച് തീർന്ന് പത്രമൊക്കെ കഴുകി ജോലി തീർത്ത ജീന ഹാളിൽ ഇരുന്ന് ടിവി കാണുന്ന ശ്രീഹരിയുടെ അരികിലേക്ക് പോയി ഇരുന്നു. അപ്പോഴേക്കും കൈയിൽ ഒരു കവറുമായി വിദ്യയും അവിടേക്ക് വന്നു.

ജീനയുടെ അരികിലായി ഇരുന്ന വിദ്യ കവർ അവൾക്ക് കൊടുത്ത് കൊണ്ട് പറഞ്ഞു.

"ഇത് ഞാൻ നിനക്കായി വാങ്ങിയതാണ്."

അത് എന്താണ് എന്നുള്ള ആകാംക്ഷയിൽ ജീന കവർ തുറന്ന് നോക്കി, ശ്രീഹരിയുടെ മുഖത്തും അത് എന്താന്ന് അറിയാനുള്ള ആകാംഷ ഉണ്ടായിരുന്നു.

കവർ തുറന്ന് നോക്കിയ ജീന കണ്ടത് ഒരു ഫോണിന്റെ ബോക്സ് ആണ്. അവൾ അത് കൈയിലേക്ക് എടുത്തപ്പോൾ ശ്രീഹരി ബോക്സിൽ എഴുതിയിരിക്കുന്നത് വായിച്ച് നോക്കി.

"one plus 7T pro .. ഇതൊരു അൻപതിനായിരം അടുപ്പിച്ച് വില ഉണ്ടല്ലോടി."

ശ്രീഹരി പറഞ്ഞത് കേട്ട് ജീന കണ്ണ് മിഴിച്ച് പോയി.

"എനിക്കെന്തിനാ ഇത്രയും വില ഉള്ള ഫോൺ.. അല്ലെങ്കിൽ തന്നെ എനിക്ക് ഫോണിന്റെ ആവിശ്യം എന്താ?"

"ഇത് ഞാൻ നിനക്ക് സമ്മാനമായി തന്നതാണ്.. അപ്പോൾ അതിന്റെ വിലയെ കുറിച്ച് നീ ചിന്തിക്കേണ്ട കാര്യമില്ല. മുൻപ് നീ ആരുമില്ലാത്ത എനിക്ക് ഫോണിന്റെ ആവിശ്യം എന്താ എന്ന് ചോദിക്കുമ്പോൾ ഞാൻ ഒന്നും പറഞ്ഞിട്ടില്ല. പക്ഷെ ഇപ്പോൾ ഞാൻ പറയും നിനക്ക് ഫോണിന്റെ ആവിശ്യം ഉണ്ടെന്ന്.. കാരണം നിനക്കിപ്പോൾ ഒരു അമ്മ ഉണ്ട്, നാത്തൂൻ ഉണ്ട്, കുറെയേറെ ബന്ധുക്കൾ ഉണ്ട്. അവർക്കെല്ലാം ആഗ്രഹം ഉള്ളപ്പോൾ നിന്നോട് സംസാരിക്കണം."

വിദ്യ അത് പറഞ്ഞു തീർന്നതും ജീന പെട്ടെന്ന് അവളെ കെട്ടിപിടിച്ചു. സന്തോഷത്തിന്റെ രണ്ടു തുള്ളി കണ്ണുനീർ അവളുടെ കവിളിൽ കൂടി അപ്പോൾ ഒഴുകുന്നുണ്ടായിരുന്നു.

.

.

ഒരുപാട് ദിവസങ്ങളുടെ ഇടവേളക്ക് ശേഷമായിരുന്നു ശ്രീഹരിയും ജീനയും ഓഫീസിലേക്ക് പോകുന്നത്. അന്ന് ഓഫീസിലേക്ക് കടന്ന് ചെല്ലുമ്പോൾ ജീനക്ക് പതിവിലേറെ സന്തോഷം ഉണ്ടായിരുന്നു. കാരണം ഇത്രയും നാളും അവിടത്തെ ഒരു സ്റ്റാഫ് എന്ന നിലയിലാണ് ഓഫീസിലേക്ക് വന്ന് കൊണ്ടിരുന്നത്. എന്നാൽ ഇന്ന് അങ്ങനെ അല്ല.. ശ്രീഹരിയുടെ ഭാവി വധു എന്നുള്ള പദവി അവൾ മനസുകൊണ്ട് ആസ്വദിച്ച് തുടങ്ങിയിരുന്നു.

ശ്രീഹരിയും ജീനയും കല്യാണം കഴിക്കാൻ പോകുന്നു എന്നൊരു ന്യൂസ് ഓഫീസിൽ പരന്നിരുന്നെങ്കിലും പതിവ് പോലുള്ള ഒരു ഗോസിപ് ആയിട്ടാണ് അത് എല്ലാപേരും കണക്കാക്കിയിരുന്നത്.

ശ്രീഹരി എവിടെ ഉണ്ടോ അവിടെ എല്ലാം സർവ സ്വാതന്ത്രത്തോടെ നടന്നിരുന്ന ജീനയെ ഓഫീസിലെ സ്റ്റാഫ് എല്ലാം തെല്ലൊരു അസൂയയോടെ തന്നെയായിരുന്നു നോക്കിയിരുന്നത്.

അവളോട് വല്ലാത്തൊരു ആകർഷണം ഉണ്ടായിരുന്ന പലരും ശ്രീഹരിയെ പേടിച്ചു അത് ജീനയോടു പറഞ്ഞിരുന്നില്ല. ആ ഒരു ദേഷ്യം ശ്രീഹരിയും അവളും തന്നിൽ അവിഹിത ബന്ധം ഉണ്ടെന്ന് പരസ്പരം പറഞ്ഞ് തൃപ്തിയടയുകയാണ് ഉണ്ടായത്.

ഓഫീസിൽ എത്തിയ ഉടൻ നേരെ കാബിനിലേക്ക് കയറിയ ശ്രീഹരി നോക്കി തീർക്കാനുള്ള ഫയലുകളിലേക്ക് ശ്രദ്ധ തിരിച്ചു. ജീനയും അവനൊപ്പം തന്നെ ക്യാബിനുള്ളിൽ തന്നെ സ്ഥലം പിടിച്ചിരുന്നു. പെട്ടെന്ന് പെട്ടെന്ന് തന്നെ ഫയലുകൾ ഓടിച്ച് വായിച്ച് ഒപ്പിട്ട് മാറ്റി വയ്ക്കുന്ന ശ്രീഹരിയെത്തന്നെ ടേബിളിൽ തലചേർത്ത് വച്ച് ജീന നോക്കികൊണ്ടിരുന്നു.

ഇടക്കെപ്പോഴോ അവന്റെ നോട്ടം ജീനയിലേക്ക് തിരിഞ്ഞു. വയലറ്റ് കളർ ചുരിദാറും ഇട്ട് ടേബിളിൽ തല ചേർത്ത് തന്നെ നോക്കി കിടക്കുന്ന ജീനയിൽ വല്ലാത്തൊരു കുട്ടിത്തം അവനു തോന്നി.

ശ്രീഹരി തന്നെ ശ്രദ്ധിക്കുന്നത് കണ്ട് ജീന കണ്ണുകൾ കൊണ്ട് എന്താ എന്ന് ആഗ്യത്തിൽ ചോദിച്ചു.

"നിനക്ക് ഏത് ഡ്രസ്സ് ഇട്ടാലും ഒടുക്കത്തെ ഭംഗി ആണല്ലോടി."

ജീനയുടെ കവിളുകൾ പെട്ടെന്ന് രക്തം ഇരച്ചെത്തി ചുവന്നു തുടത്തു.

"ചുമ്മാ കളിയാക്കല്ലേ ഇച്ചായാ.."

"കളിയാക്കിയതൊന്നും അല്ല.. നിന്നോട് ആരും പറഞ്ഞിട്ടില്ലേ നിന്നെ കാണാൻ ഭയങ്കര ഭംഗി ആണെന്ന്."

"എന്നോടൊന്നും ആരും പറഞ്ഞിട്ടില്ല."

"ആഹാ.. എങ്കിൽ അതൊന്നു അറിയണമല്ലോ.. നമുക്ക് എല്ലാപേരോടും ചോദിച്ച് നോക്കാം നിന്നെ കാണാൻ എങ്ങാനുണ്ടെന്ന്."

അവൾ ശ്രീഹരിയെ കളിയാക്കി കൊണ്ട് പറഞ്ഞു.

"അഹ്.. എങ്കിൽ എന്നെ പിടിച്ച് നിർത്തി എല്ലാപേരോടും ചോദിച്ച് നോക്ക് എന്നെ കാണാൻ എങ്ങനുണ്ടെന്ന്."

"ഞാൻ ചോദിക്കുമേ.."

"അഹ്, ചോദിച്ചോന്നെ.."

ശ്രീഹരി പെട്ടെന്ന് ഫോൺ എടുത്ത് HR മാനേജരെ വിളിച്ച് പറഞ്ഞു കാബിനിലേക്ക് വരാൻ.

നിമിഷങ്ങൾക്കകം HR മാനേജർ കാബിനിൽ എത്തി.

"എന്താ സാർ വിളിച്ചത്."

"നമ്മുടെ സ്റ്റാഫിനോടെല്ലാം ജോലി നിർത്തി പെട്ടെന്ന് തന്നെ ഹാളിലേക്ക് വരാൻ പറ."

ശ്രീഹരി പറഞ്ഞത് കേട്ട് ജീന ഒന്ന് ഞെട്ടി.

ശ്രീഹരി എന്താ അങ്ങനെ ഒരു ആവിശ്യം പറഞ്ഞതെന്ന് അറിയാതെ ഒരു നിമിഷം അവിടെ അറച്ച് നിന്ന ശേഷം HR മാനേജർ കാബിനു പുറത്തേക്ക് പോയി.

HR മാനേജർ പുറത്തേക്ക് പോയതും ജീന ചോദിച്ചു.

"എന്തിനാ എല്ലാരോടും ഹാളിൽ വരാൻ പറഞ്ഞെ?"

"നീ അല്ലെ പറഞ്ഞത് എല്ലാരോടും നിന്നെ കാണാൻ എങ്ങനുണ്ടെന്ന് ചോദിയ്ക്കാൻ."

"ഇച്ചായാ.. തമാശ കളിക്കല്ലേ."

ഒരു പൊട്ടിച്ചിരി ആയിരുന്നു അതിനുള്ള മറുപടി.

കുറച്ച് കഴിഞ്ഞപ്പോൾ എല്ലാരും ഹാളിൽ എത്തിയിട്ടുണ്ടെന്ന് അറിയിച്ച് HR മാനേജരുടെ ഫോൺ വന്നു.

ശ്രീഹരി ജീനയുടെ കൈയും പിടിച്ച് അവിടേക്ക് നടന്നു.

"ഇച്ചായൻ സത്യായിട്ടും ചോദിയ്ക്കാൻ പോകയാണോ?"

"പിന്നല്ലാതെ.."

അവൻ അങ്ങനെ പറഞ്ഞെങ്കിലും ശ്രീഹരി വേറെ എന്തോ കാര്യത്തിനാണ് എല്ലാരേയും വിളിച്ച് കൂട്ടിയതെന്ന് അവൾ മനസിനുള്ളിൽ കണക്ക് കൂട്ടുന്നുണ്ടായിരുന്നു.

"ഇച്ചായൻ വേറെ എന്തോ പറയാനാണ് അവരെയെല്ലാം വിളിച്ചതെന്ന് എനിക്കറിയാം."

ശ്രീഹരി ഒരു പുഞ്ചിരിയോടെ നടത്ത തുടർന്നു.

അവർ ഹാളിൽ എത്തുമ്പോൾ എല്ലാപേരും എന്തിനാണ് വിളിച്ചതെന്ന് അറിയാനുള്ള ആകാംക്ഷയിൽ നിൽക്കുകയായിരുന്നു.

എല്ലാപേരോടും ആയി ശ്രീഹരി ചോദിച്ചു.

"ഹലോ.. എല്ലാപേരും എത്തിയിട്ടില്ലെ.."

അവർ ഒരുമിച്ചു എത്തിയിട്ടുണ്ടെന്നു മറുപടി നൽകി.

"സന്തോഷകരമായ ഒരു കാര്യം അറിയിക്കാന് ഞാൻ എല്ലാരേയും എവിടേക്ക് വിളിപ്പിച്ചത്."

എല്ലാപേരും അവന്റെ വാക്കുകൾക്കായി ആകാംഷയോടെ കാത് കൂർപ്പിച്ചു.

"അടുത്ത മാസം 18 ന് എന്റെ കല്യാണം ആണ്. വിവാഹ നിച്ഛയം ആയിട്ടൊന്നും ഇല്ലായിരുന്നു.. അതാണ് നിങ്ങളെ ഒന്നും അറിയിക്കാൻ കഴിയാഞ്ഞത്."

ജീന ചെറിയൊരു ഞെട്ടലിൽ ആയിരുന്നു. ശ്രീഹരിയിൽ നിന്നും എല്ലാരുടെയും മുന്നിൽ ഇങ്ങനെ ഒരു അറിയിപ്പ് അവൾ പ്രതീക്ഷിച്ചിരുന്നില്ല.

കൂട്ടത്തിൽ നിന്നും ആരോ വിളിച്ച് ചോദിച്ചു.

"സാർ.. ആരാണ് വധു."

ചെറിയൊരു ചിരിയോടെ ശ്രീഹരി പറഞ്ഞു.

"നിങ്ങൾക്ക് എല്ലാപേർക്കും അറിയാവുന്ന ഒരാൾ തന്നെയാണ്."

ശ്രീഹരി ചെറിയൊരു പതർച്ചയോടെ അരികിൽ നിൽക്കുന്ന ജീനയുടെ കൈയിൽ പിടിച്ച് കൊണ്ട് പറഞ്ഞു.

"ജീന ആണ് എന്റെ ഭാവി വധു."

എല്ലാപേരും ആശ്ചര്യത്തോടെ മുഖത്തോടു മുഖം നോക്കി. അവർ തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഓഫീസിൽ ചില സംസാരങ്ങൾ ഉണ്ടായിരുന്നെങ്കിലും അതെല്ലാം

ഗോഡിപ്പുകൾ ആയി മാത്രം അവസാനിക്കുമെന്നാണ് ഭൂരിഭാഗം പേരും കണക്ക് കൂട്ടിയിരുന്നത്.

"വർക്കല ശിവഗിരിയിൽ വച്ച് വളരെ അടുത്ത ബന്ധുക്കൾ മാത്രമുള്ള ഒരു ചടങ്ങയിട്ടാണ് കല്യാണം നടത്താൻ തീരുമാനം. അതുകൊണ്ട് തന്നെ നിങ്ങളെ ക്ഷണിക്കുവാൻ നിർവാഹമില്ല.. കല്യാണത്തിന് ശേഷം നിങ്ങൾക്കെല്ലാപേർക്കുമായി ഒരു ഭഗ്ഷൻ നടത്തുന്നതാണ്."

പെണ്ണുങ്ങളിൽ പലരും അസൂയയോട് കൂടിതന്നെയാണ് അപ്പോൾ ജീനയെ നോക്കിയത്. ശ്രീഹരി കാബിനിലേക്ക് തിരികെ നടന്നപ്പോൾ ഓരോരുത്തർ ജീനയോടു അഭിനന്ദനം അറിയിച്ച് തുടങ്ങി. ജീന ഒരു പുഞ്ചിരിയോടെ അവർക്കിടയിൽ നിന്നു.

ഒരാഴ്ചയോളം ഓഫീസിലെ കാര്യങ്ങൾ നോക്കിയ ശേഷം തിരികെ പോകാൻ തീരുമാനിച്ചതായിരുന്നു അവർ വന്നത്. അതിനാൽ തന്നെ അവർ എറണാകുളത്തെ വീട്ടിൽ തന്നെ ആയിരുന്നു താമസിച്ചതും. വേലക്കാരി ഇടയ്ക്കിടെ വന്നു വീടും പരിസരവും വൃത്തിയാക്കി ഇടുന്നതിനാൽ ജീനയ്ക്ക് വലിയ ജോലിയൊന്നും തന്നെ അവിടെ ഇല്ലായിരുന്നു.

രാത്രി ആഹാരം കഴിച്ച് ജോലിയൊക്കെ ഒതുക്കി നേരത്തെ തന്നെ ജീന ഉറങ്ങാനായി റൂമിലേക്ക് പോയിരുന്നു.

കുറച്ച് നേരം ടിവിയൊക്കെ കണ്ട ശേഷം റൂമിലേക്ക് നടക്കുമ്പോൾ ജീനയുടെ മുറിയിൽ വെളിച്ചം കണ്ട് ശ്രീഹരിയുടെ കാലുകൾ അറിയാതെ അവിടേക്ക് സഞ്ചരിച്ചു.

അവൻ വാതിലിൽ നിന്ന് അകത്തേക്ക് നോക്കുമ്പോൾ ജീന ബെഡിൽ കിടന്നുകൊണ്ട് മൊബൈലിൽ കുത്തി കളിക്കുകയാണ്. ഒരു കറുത്ത പാവാടയും വെള്ള ഷർട്ടും ആണ് അവളുടെ വേഷം. പിങ്ക് കളർ ബ്രാ നിഴലടിച്ച് വ്യക്തമായി പുറത്തു കാണാം.

വീടിനുള്ളിൽ ആയതിനാലാണ് അവൾ അതൊന്നും ശ്രദ്ധിക്കാത്തത്. ശ്രീഹരിയോടൊപ്പം പുറത്തേക്ക് പോവുകയാണെങ്കിൽ അവൾ വളരെ ശ്രദ്ധയോടെ മാത്രമേ വസ്ത്രം ധരിക്കാറുള്ളു.

"മൊബൈലൊന്നും വേണ്ട എന്ന് പറഞ്ഞിട്ട് ഇപ്പോൾ രാത്രി മൊത്തം അതിൽ കാളി ആണല്ലേ."

ജീന പെട്ടെന്ന് ഞെട്ടി ശബ്ദം വന്നിടത്തേക്ക് നോക്കി.

ശ്രീഹരിയെ കണ്ടപ്പോൾ ഒരു ചിരിയോടെ അവൾ പറഞ്ഞു.

"ഉറങ്ങാനായി കിടന്നപ്പോഴാണ് ക്ലാര ചേച്ചി മെസ്സേജ് അയച്ചത്. പിന്നെ ചേച്ചിയുമായി ചാറ്റ് ചെയ്തുകൊണ്ടിരുന്നു."

ക്ലാരയുടെ പേര് കേട്ടപ്പോൾ മനസിനുള്ളിൽ ചെറിയൊരു വിങ്ങൽ. അവൻ അവളുടെ ബെഡിനരികിലേക്ക് പോയിരുന്നു.

"അവൾ എന്ത് പറയുന്നു?"

"വിശേഷങ്ങൾ ചോദിക്കുവായിരുന്നു. നാട്ടിൽ ഇല്ലാത്തോണ്ട് നമ്മുടെ കല്യാണം കൂടാൻ കഴിയാതെന്റ വിഷമം ഉണ്ടെന്ന് പറഞ്ഞു."

അവൻ ഒന്ന് മൂളുക മാത്രം ചെയ്തു. അവൾ കുറച്ച് നേരം കൂടി ഫോണിൽ ചാറ്റ് ചെയ്തുകൊണ്ടിരുന്ന ശേഷം ഫോൺ ബെഡിനരികിലേക്ക് മാറ്റി വെച്ചു.

ശ്രീഹരി എന്തോ ചിന്തയിലാഴ്ന്ന അവിടെ ഇരിക്കുന്നത് കണ്ട് അവൾ ചോദിച്ചു.

"ക്ലാര ചേച്ചിയെ കുറിച്ച് കേട്ടപ്പോൾ എന്താ ഒരു ആലോചന."

ഒരു ചെറു ചിരി അവന്റെ മുഖത്ത് വിടർന്നു.

"ആദ്യ പ്രണയം അങ്ങനൊന്നും മറക്കാൻ പറ്റില്ലല്ലോ മോളെ."

അവന്റെ കൈയിൽ നുള്ളികൊണ്ട് ജീന പറഞ്ഞു.

"ആദ്യ പ്രണയം ഒക്കെ മനസിനുള്ളിൽ അങ്ങ് കുഴിച്ച് മൂടികൊള്ളണം. കല്യാണത്തിന് ശേഷം ആദ്യ പ്രണയം തേങ്ങാ എന്നൊക്കെ പറഞ്ഞു വന്നാലുണ്ടല്ലോ ഞാൻ കൊന്നു കളയും."

അവൻ അറിയാതെ തന്നെ ചിരിച്ച് പോയി.

"എന്തൊക്കെ പറഞ്ഞാലും പെണ്ണ് എന്നും പെണ്ണ് തന്നെ."

"അതെ.. ഞാനും ഒരു സാധാരണ പെണ്ണ് തന്നെയാണ്.. ഇച്ചായന്റെ മനസിനുള്ളിൽ വേറെ ഒരു പെണ്ണ് ഉണ്ടെന്ന് ഇനി അറിഞ്ഞാൽ എനിക്ക് സഹിക്കില്ല. ഞാൻ മാത്രമേ കാണാവൂ അവിടെ."

ഭിത്തിയിലേക്ക് ചാരി ഇരുന്നുകൊണ്ട് അവൻ പറഞ്ഞു.

"എന്റെ മനസ്സിൽ ഇപ്പോൾ നീ മാത്രമേ ഉള്ളു. സത്യം."

ശ്രീഹരിയിൽ നിന്നും അത് കേട്ടപ്പോൾ അവളുടെ ഉള്ളിൽ എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി.

അവൾ ബെഡിൽ നിന്നും എഴുന്നേറ്റ് അവന്റെ കവിളിൽ ഒരു ഉമ്മ കൊടുത്തു.

"ആളിന് ചെറിയൊരു റൊമാന്റിക് മൂഡിൽ ആണല്ലോ."

അവൾ അവനെ കളിയാക്കി കൊണ്ട് പല്ലിളിച്ച് കാണിച്ച ശേഷം നിരങ്ങി അവന്റെ കാലുകൾക്കിടയിലായി ഇരുന്ന ശേഷം നെഞ്ചിലേക്ക് തലചേർത്തു.

"ഈ കവിളിൽ തന്ന ഉമ്മ എന്റെ ചുണ്ടിൽ തന്നൂടെ?"

"അയ്യടാ.. കാത്തിരുന്നോ, ഇപ്പോൾ തരാം.."

അവൻ അവളുടെ ചെവിയിലായി മന്ത്രിച്ചു.

"ദുഷ്ട.."

അത് കേട്ട അവൾ ഒന്ന് ചിരിക്കുകയാണ് ഉണ്ടായത്.

"നിന്റെ വീട്ടിൽ കല്യാണം അറിയിക്കാനോ?"

നേരത്തെ തീരുമാനിച്ച് ഉറപ്പിച്ചിരുന്ന പോലെ ഒന്ന് ആലോചിക്കാന്പോലും ചെയ്യാതെ ആയിരുന്നു അവളുടെ മറുപടി.

"വേണ്ട.. അന്ന് ഞാൻ അപ്പന്റെയും അമ്മയുടെയും ഫോട്ടോ വാങ്ങി ഇറങ്ങിയത് അവരോടുള്ള എന്റെ അവസാന യാത്ര പറച്ചിൽ ആയിരുന്നു."

അവളുടെ ആ വാക്കുകളിൽ വിഷമമോ ഒന്നും അവനു അനുഭവപ്പെട്ടില്ല.

ശ്രീഹരി എത്തി ബെഡിനരികിൽ ഇരുന്ന അവളുടെ ഫോൺ കൈയിലേക്കെടുത്തു. അവന്റെ അതിൽ എന്താ ചെയ്യാൻ പോകുന്നതെന്നറിയാൻ അവൾ ഫോണിലേക്ക് തന്നെ നോക്കി ഇരുന്നു.

അവൻ അത്യം ഗാലറി ആണ് ഓപ്പൺ ചെയ്തത്. ജീന പെട്ടെന്ന് അവന്റെ കൈയിൽ നിന്നും ഫോൺ തട്ടിപ്പറിക്കാൻ നോക്കി.

അവൻ പെട്ടെന്ന് ഫോണിരുന്ന കൈ മുകളിലേക്ക് ഉയർത്തി കൊണ്ട് ചോദിച്ചു.

"എന്താടി?"

"ഇച്ചായാ.. ഫോട്ടോസ് ഒന്നും നോക്കണ്ട.. പ്ലീസ്.."

"നീ അങ്ങനെ പറഞ്ഞ സ്ഥിതിക്ക് ഞാൻ ഇനി ഫോട്ടോസ് കണ്ടിട്ടേ ഫോൺ തിരിച്ച് തരുന്നുള്ളു."

"എന്താ ഇച്ചായാ ഇത്.. ഫോട്ടോസ് നോക്കണ്ട.."

അവളുടെ ചിണുങ്ങൾ ആസ്വദിച്ചു കൊണ്ട് അവൻ പറഞ്ഞു.

"ഓക്കേ. ഞാൻ ഫോട്ടോസ് നോക്കുന്നില്ല.. പകരം എനിക്ക് മറ്റൊരു കാര്യം തരണം."

അവളുടെ മുഖത്തു ആകാംഷ നിറഞ്ഞു. അവന്റെ കൈ ചുണ്ടിലേക്ക് നീങ്ങി.

"ഇവിടെ നീ ഉമ്മ തരണം."

"അയ്യടാ.. അങ്ങനെ ഞാൻ ഇപ്പോൾ ഉമ്മ തരുന്നില്ല.. ഫോട്ടോസ് നോക്കിക്കോ."

"ഈ സാധനം ഒരു വിധത്തിലും അടുക്കുന്നില്ലല്ലോ. ഞാൻ കുറെ കഷ്ടപ്പെടേണ്ടി വരും ഈ കണക്കിന്."

ജീനയുടെ ചുണ്ടിൽ ഒരു പുഞ്ചിരി ഊറി വന്നെങ്കിലും അവൾ ഗൗരവം നടിച്ചിരുന്നു.

ശ്രീഹരി ഫോട്ടോസ് ഓരോന്നായി നോക്കി. മിക്കതും അവൾ ബെഡിൽ ഉറങ്ങാൻ കിടക്കുമ്പോൾ എടുത്ത ഫോട്ടോസും ഉറക്കം എഴുന്നേൽക്കുമ്പോൾ ബെഡിൽ കിടന്നെടുത്ത സെൽഫികളും ആയിരുന്നു. മുടിയൊക്കെ വാരിപ്പിരുന്നു കിടക്കുന്ന കോലങ്ങൾ. അത് കൊണ്ട് തന്നെയാണ് ആ ഫോട്ടോസ് നോക്കാൻ അവൾ ആദ്യം അവനെ സമ്മതിക്കാഞ്ഞത്. പക്ഷെ ആ ഫോട്ടോസിലും അവളുടെ കുട്ടിത്തം തിളങ്ങുന്ന മുഖം കാണാൻ ഒരു പ്രത്യേക ഭംഗി ഉണ്ടായിരുന്നു.

"ഈ ഫോട്ടോസ് കാണാതിരിക്കാനാണോ നീ ഇത്രേം ബഹളം വച്ചത്.. ഞാൻ ഒരുപാടങ്ങ് പ്രതീക്ഷിച്ചു."

അവൾ ഒരു നിമിഷം ആലോചിച്ച ശേഷം തിരിഞ്ഞു അവന്റെ നെഞ്ചിൽ വേദനിപ്പിക്കാതെ കൈ കൊണ്ട് ഇടിച്ചു.

"മനസ്സിൽ എപ്പോഴും വൃത്തികെട്ട ചിന്തകളെ ഉള്ളു.. വൃത്തികെട്ടവൻ."

അവൻ ഒരു ചിരിയോടെ സെൽഫി കാമറ ഓപ്പൺ ചെയ്ത് അവളെ നെഞ്ചിലേക്ക് ചേർത്ത് വെച്ചു. അവൾ ഒരു കവിൾ അവനിൽ അമർത്തി കണ്ണുകൾ അടച്ച് കിടന്നു. നെഞ്ചിൽ അവൾ കിടന്ന് ഉറങ്ങുന്നപോലൊരു ഫോട്ടോ ആണ് അവനു കിട്ടിയത്. വല്ലാത്തൊരു ഭംഗി ആ ഫോട്ടോയിൽ അവർക്കുണ്ടായിരുന്നു.

അവൻ ഫോൺ മാറ്റിവച്ച് കൈകൾ അവളുടെ വയറിൽ ചുറ്റിപിടിച്ചു. അവൾ അപ്പോഴും കണ്ണുകൾ അടച്ച് തന്നെ കിടക്കുകയായിരുന്നു. അവന്റെ ഇടത് കൈ സാവധാനം ഉയർന്ന അവളുടെ മാറിടത്തിൽ അമർന്നു.

ജീന ഒരു കൈ കൊണ്ട് മാറിടത്തിൽ അമർന്ന അവന്റെ കരം സാവധാനം താഴേക്ക് നീക്കി വെച്ചു. എന്നിട്ട് ഒന്നുകൂടി അവന്റെ നെഞ്ചിലേക്ക് ചൊതുങ്ങി കിടന്നു.

അവന്റെ കൈ വീണ്ടും ഒരു കുസൃതി തരത്തോടെ അവളുടെ മാറിടങ്ങളിലേക്ക് നീങ്ങി.

കണ്ണടച്ച് കിടന്ന് കൊണ്ട് തന്നെ അവൾ പറഞ്ഞു.

"ഇച്ചായൻ ചുമ്മാ പറഞ്ഞതാ എന്റെ മനസ് മാത്രം മതി ശരീരം വേണ്ടാന്ന്."

അവന്റെ കൈകൾ പെട്ടെന്ന് നിശ്ചലം ആയി. കുറച്ച് നേരത്തേക്ക് അവൻ അനങ്ങാതെ ഇരുന്നിട്ട് അവളുടെ തല സാവധാനം എടുത്ത് തലയിണയിലേക്ക് വച്ചു.

അവൾ പെട്ടെന്ന് കണ്ണുകൾ തുറന്ന് നോക്കി.

അവളുടെ നെറ്റിയിൽ ഉമ്മ വച്ചുകൊണ്ട് അവൻ പറഞ്ഞു.

"ഉറങ്ങാൻ നോക്ക്, രാവിലെ നമുക്ക് ഓഫീസിൽ പോകേണ്ടതല്ലേ."

അവൻ ബെഡിൽ നിന്നും എഴുന്നേറ്റ് തന്റെ റൂമിലേക്ക് നടന്നു.

എപ്പോഴോ ഒന്ന് കണ്ണുകൾ അടഞ്ഞു തുടങ്ങിയപ്പോഴാണ് വാതിലിൽ എന്തോ ഒരു അനക്കം പോലെ അവനു തോന്നിയത്. അവൻ കൈ എത്തിച്ച് ലൈറ്റിന്റെ സ്വിച്ച് ഇട്ട്.

ഡോറിനരികിൽ തന്നെ നോക്കി നിൽക്കുന്ന ജീനയെ ആണ് അവനു കാണാനായത്.

"നീ ഇതുവരെ ഉറങ്ങിയില്ലേ?"

അവൾ ഒന്നും മിണ്ടാതെ അവന്റെ അരികിലേക്ക് വന്നു കിടന്നു. ഒറ്റക്ക് കിടക്കാൻ വയ്യാഞ്ഞിട്ടാകുമെന്ന് വിചാരിച്ച ശ്രീഹരി പിന്നീടൊന്നും ചോദിക്കാതെ ലൈറ്റ് ഓഫ് ചെയ്തു.

കുറച്ച് നേരത്തേക്ക് അവനോടു ചൊതുങ്ങി കിടന്ന അവൾ സാവധാനം അവനിൽ നിന്നും അകന്നു മാറി. പക്ഷെ അവളുടെ ശരീരം അനങ്ങുന്നത് അവൻ അറിയുന്നുണ്ടായിരുന്നു.

പെട്ടെന്ന് അവളുടെ കൈ അവന്റെ വലതു കരത്തിൽ അമർന്നു. അവൾ അവന്റെ കൈ എടുത്ത് തന്റെ ശരീരത്തിലേക്ക് വെച്ചു. ഒറ്റ സ്പർശത്തില് നിന്ന് തന്നെ അത് അവളുടെ നഗ്നമായ വയർ ആണെന്ന് അവനു മനസിലായി. അവൾ അവന്റെ കൈ സാവധാനം മുകളിലേക്ക് നീക്കി. ജീന ഷർട്ടിന്റെ ബട്ടണുകൾ അഴിച്ച് മാറ്റിയിരിക്കുന്നു എന്ന് അവനു മനസിലായി. കൈകൾ ബ്രായിൽ നിറഞ്ഞു നിൽക്കുന്ന അവളുടെ മാറിടങ്ങൾക്ക് മുകളിൽ എത്തിയപ്പോൾ അവൻ ചോദിച്ചു.

"ജീന.. എന്താ ഇത്?"

"ഇച്ചായൻ എന്നോട് പിണങ്ങിയല്ലേ ഇവിടെ വന്ന് കിടന്നത്?"

അത് പറയുമ്പോൾ അവളുടെ സ്വരം ചിലമ്പിച്ചിരുന്നു.

"ഡി പൊട്ടി.. ഞാൻ പിണങ്ങിയിട്ടൊന്നും ഇല്ല."

"എനിക്കറിയാം.. ഞാൻ അങ്ങനെ പറഞ്ഞത് കൊണ്ടാണ് ഇച്ചായൻ എന്റടുത്തു കിടക്കാതെ ഇവിടെ വന്ന് കിടന്നത്."

ശ്രീഹരി അവളുടെ നെഞ്ചിൽ നിന്നും കൈ എടുത്തുമാറ്റി അവളെ തന്നിലേക്ക് ചേർത്ത് കെട്ടിപിടിച്ചു.

"നീ അങ്ങനെ പറഞ്ഞത് കൊണ്ട് തന്നെയാണ് ഞാൻ ഇവിടെ വന്ന് കിടന്നത്. പക്ഷെ അത് നിന്നോട് പിണങ്ങിയിട്ടൊന്നും അല്ല..ഞാൻ കുരുത്തക്കേട് കാണിച്ചിട്ടല്ലേ നീ അങ്ങനെ പറഞ്ഞത്."

"എന്റെ മനസും ശരീരവും എല്ലാം ഇച്ചായന് അവകാശപെട്ടതല്ലേ.. ഇച്ചായൻ തൊട്ടെന്നും പറഞ്ഞു ഞാൻ അങ്ങനെ പറയാൻ പാടില്ലായിരുന്നു."

"ഇനിയും ഇങ്ങനെ പറഞ്ഞു കൊണ്ടിരുന്നാൽ എന്റെന്ന് നല്ലത് കേൾക്കുമേ നിനക്ക്."

"അപ്പോൾ സത്യായിട്ടും എന്നോട് പിണക്കം ഇല്ലല്ലോ."

"ഇല്ലടി പോത്തെ.. മാത്രമല്ല കല്യാണത്തിന് മുൻപ് ഞാൻ അനാവശ്യമായി നിന്റെ ശരീരത്ത് തൊട്ടാൽ എന്നെ വഴക്കും പറഞ്ഞോ."

അവൾ അവനോടു ചോതുങ്ങി കിടന്ന് ഒന്ന് മൂളുക മാത്രം ചെയ്തു.

അവളുടെ ചെവിയിൽ ശബ്ദം താഴ്ത്തി അവൻ പറഞ്ഞു.

"നാളെ നിന്നെ ഈ കോലത്തിൽ ഞാൻ കാണണ്ടെങ്കിൽ ഞാൻ ഉണരുന്നതിനു മുൻപ് തന്നെ എഴുന്നേറ്റ് ബട്ടൻസ് ഒക്കെ ഇട്ടോ."

"കണ്ടാലും എനിക്ക് ഒന്നും ഇല്ല."

അവളുടെ മറുപടി അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിയിച്ചു.

.

.

സമയം രാത്രി ഒൻപത് മണി കഴിഞ്ഞിരിക്കുന്നു. റിസോർട്ടിന്റെ വരാന്തയുടെ അറ്റത്തുള്ള ചില്ലു ജാലകത്തിലൂടെ ജീന ഇരമ്പി അലറിവരുന്ന തിരമാലകളെ നോക്കി നിന്നു. സമയം മുന്നോട്ട് പോകുംതോറും നെഞ്ചിടിപ്പ് കൂടുന്നത് പോലെ. മണിക്കുറുകൾ മാത്രമാണ് ഇനി കല്യാണത്തിന് ബാക്കി ഉള്ളത്.

ദിവസങ്ങൾ വളരെ പെട്ടെന്നാണ് കടന്ന് പോയത്. കണ്ണടച്ച് തുറക്കുന്നതിന് മുൻപ് ഡിസംബർ 17 ആയി. അടുത്ത ദിവസം കല്യാണവും.

ശ്രീഹരി ഒരു മാസം മുൻപ് തന്നെ വർക്കല ബീച്ചിനടുത്തുള്ള ഒരു റിസോർട്ടിൽ റൂമുകൾ ബുക്ക് ചെയ്തിട്ടിരുന്നു. അവിടെ നിന്നും പത്തു കിലോമീററിനു അകത്ത് ദൂരമേ ശിവഗിരിയിലേക്ക് ഉള്ളായിരുന്നു. വളരെ അടുത്ത കുടുംബക്കാർ മാത്രമാണ് വിവാഹത്തിൽ പങ്കെടുക്കാനായി എത്തി ചേർന്നിരുന്നത്.

രാത്രി എല്ലാപേരും ഉറങ്ങാനായി പോയി കഴിഞ്ഞപ്പോഴാണ് ശ്രീഹരി ചുമ്മാ ഒന്ന് നടക്കാനായി റൂമിനു പുറത്തേക്ക് ഇറങ്ങിയത്. അപ്പോഴാണ് വരാന്തയുടെ അവസാനം ജനലിൽ കൂടി ദൂരേക്ക് നോക്കി നിൽക്കുന്ന ജീനയെ അവൻ കാണുന്നത്. അവൻ അവളുടെ അരികിലേക്ക് നടന്നു. ശ്രീഹരി അരികിൽ എത്തുന്നതിനു മുൻപ് തന്നെ അവന്റെ കാലൊച്ച കേട്ട് അവൾ തിരിഞ്ഞു നോക്കി.

ജീന അവനെ നോക്കി ഒന്ന് പുഞ്ചിരിച്ച ശേഷം വീണ്ടും കടലിലേക്ക് ശ്രദ്ധ തിരിച്ചു. അവളുടെ തൊട്ടു പിന്നിൽ എത്തിയ അവനും കടലിലേക്ക് നോക്കി. ഹൈമാക്സിന്റെ വെളിച്ചത്തിൽ തിരമാലകൾ കരയെ വന്നു തഴുകി പോകുന്നത് വളരെ വ്യക്തമായി കാണാമായിരുന്നു.

"ഇവിടെ വന്ന് നിന്ന് തിര എണ്ണുകയാണോ നീ?"

"നമുക്ക് ആ കടൽത്തീരത്ത് പോയി കുറച്ച് നേരം ഇരുന്നാലോ ഇച്ചായാ.?"

രാത്രിയിൽ അവളുടെ വിചിത്രമായ ആവിശ്യം കേട്ട് അവൻ ചെറുതായൊന്ന് കണ്ണ് മിഴിക്കാതിരുന്നില്ല. എങ്കിലും ശ്രീഹരി അവളുടെ കൈ പിടിച്ച് റിസോർട്ടിന് വെളിയിലേക്ക് നടന്നു.

കടൽ തീരത്തോട് അടുത്തപ്പോഴാണ് അവർ ശരിക്കും കാറ്റിന്റെ ശക്തി മനസിലാക്കിയത്. വീശിയടിക്കുന്ന കാറ്റിൽ ജീനയുടെ മുടി പാറി പറന്നു. എങ്കിലും ആ കാറ്റിനെ വക വയ്ക്കാതെ അവർ ആ കടൽ തീരത്തുകൂടി നടന്നു. ശ്രീഹരിയുടെ കൈ അവളുടെ കരങ്ങളിൽ മുറുകെ പിടിച്ചിട്ടുണ്ടായിരുന്നു.

ഏറെ നേരത്തെ നിശബ്തമായ നടത്തയ്ക്ക് ശേഷം ജീന വാ തുറന്ന്.

"നാളത്തെ ദിവസത്തെ കുറിച്ച് ഓർക്കുമ്പോൾ എന്റെ നെഞ്ചിടിപ്പ് കൂടുന്നു ഇച്ചായാ.."

"എന്തിന് ജീന.. നിനക്ക് അറിഞ്ഞുകൂടാത്ത ഒരു വീട്ടിലേക്കല്ല നീ വന്നു കയറാൻ പോകുന്നത്. പിന്നെ നമ്മൾ പരസ്പരം മനസിലാക്കാനായി ഇനി ഒന്നും തന്നെ ബാക്കി ഇല്ല. പിന്നെ എന്തിനാണ് ഈ പേടി."

"ഇത് പേടിയുടേത് അല്ല ഇച്ചായാ.. വിവാഹം എന്ന സ്വപ്നം തന്നെ ഉപേക്ഷിച്ചിരുന്ന ഒരു മനസായിരുന്നു എന്റേത്. ആ ഞാൻ ആണ് നാളെ ഇച്ചായന് താലി കെട്ടാനായി തല നീട്ടുന്നത്."

ശ്രീഹരി പെട്ടെന്ന് നടത്തം നിർത്തി. അവളെ തന്റെ നേർക്ക് പിടിച്ച് നിർത്തി.

"നിനക്ക് ഈ കല്യാണം വേണ്ട എന്നുണ്ടോ? എങ്കിൽ ഈ നിമിഷം നമുക്ക് എല്ലാം വേണ്ട എന്ന് വയ്ക്കാം."

ഒരു നിമിഷം പോലും ആലോചിക്കാതെ അവൾ പറഞ്ഞു.

"അതെനിക്കിനി പറ്റില്ല ഇച്ചായാ.. ഞാൻ ഇച്ചായനെ അത്രക്ക് ആഗ്രഹിച്ച് പോയി. ഇച്ചായനുമൊത്തുള്ള ജീവിതം ഒരുപാട് സ്വപ്നങ്ങൾ കണ്ട് കൂട്ടി ഞാൻ."

അവളെ കരവലയത്തിനുള്ളിൽ ആക്കികൊണ്ടു അവൻ പറഞ്ഞു.

"സ്വല്പം പൈങ്കിളി ആണ്, എങ്കിലും ഞാൻ പറയുകയാണ്.. നീ കണ്ട് കൂട്ടിയ ആ സ്വപ്നങ്ങൾ എല്ലാം ഞാൻ സാധിച്ചു തരും."

അവൻ ആ മണലിലേക്ക് ഇരുന്നു. ഒപ്പം അവളും. കടലിൽ അങ്ങ് ദൂരെ മിന്നി തിളങ്ങുന്ന ബോട്ടുകളിലെ വെളിച്ചം അവർക്ക് കാണാം.

"ഞാൻ ഈ ഇച്ചായന്നുള്ള വിളി നിർത്തിയാലോ?"

അവളുടെ ആ ചോദ്യം കേട്ട് അവൻ അതിശയത്തോടെ ജീനയുടെ മുഖത്തേക്ക് നോക്കി.

"എന്നെ കല്യാണം കഴിക്കാൻ പോകുന്നെന്ന് തീരുമാനിച്ചപ്പോൾ തൊട്ട് ഇച്ചായൻ കേട്ട് തുടങ്ങിയ ഒരു ചോദ്യമാണ് അതിന് അവൾ ഒരു ക്രിസ്ത്യാനി അല്ലെ എന്ന്. കല്യാണത്തിന് ശേഷവും ഞാൻ ഓരോരുത്തരുടെ മുന്നിൽ വച്ച് ഇച്ചായാ എന്ന് വിളിക്കുമ്പോൾ അവരിൽ നിന്നും ഇനിയും ഇച്ചായൻ കേൾക്കേണ്ടി വരില്ലേ കെട്ടിയിരിക്കുന്നത് ഒരു ക്രിസ്ത്യാനിയെ ആണോ എന്ന ചോദ്യം."

ശ്രീഹരി അവളുടെ മുഖത്തേക്ക് നോക്കി ചിരിച്ചു.

"നീ വിളിക്കുന്ന ഇച്ചായാ എന്നുള്ള വിളിയുണ്ടല്ലോ. അത് നൽകുന്ന സ്നേഹവും കരുതലും മറ്റൊരു വിളിക്കും നല്കാനാകില്ല."

കരയിലേക്ക് അലച്ചു കയറിയ തിരമാലയെ അവൻ ഒന്ന് നോക്കി.

"ഇത്രയും നാള് നീ ഒരു ക്രിസ്ത്യാനി ആണോ എന്ന് ചോദിച്ചവരോടൊക്കെ ആണെന്ന് പറയാൻ അറിയാമെങ്കിൽ ഇനി ചോദിക്കുന്നവരോടും ഞാൻ അന്തസോടെ പറയും കെട്ടിയിരിക്കുന്നത് ഒരു ക്രിസ്ത്യാനി കൊച്ചിനെ തന്നെ ആണെന്ന്."

അവൾക്ക് ആത്മവിശ്വാസം പകരാൻ ആ വാക്കുകൾ ധാരാളം ആയിരുന്നു.

അവന്റെ മുഖത്തെ പാറി പറന്ന് കിടന്ന തന്റെ മുടി പിന്നിലേക്ക് മാടി ഒതുക്കി ഇട്ട ശേഷം അവൾ ആ തോളിലേക്ക് തല ചായ്ച്ചു.

"കല്യാണം കഴിഞ്ഞാൽ നിന്റെ ഏറ്റവും വലിയ ആഗ്രഹം എന്താണ്?"

"ഇച്ചായൻ പണ്ട് എന്നോട് പറഞ്ഞിട്ടില്ലേ ഒരുപാട് ഇടങ്ങളിൽ യാത്ര ചെയ്തിട്ടുണ്ടെന്ന്. എനിക്ക് ഇച്ചായനൊപ്പം അവിടങ്ങളിലെല്ലാം പോകണം."

"എല്ലായിടത്തും ഞാൻ നിന്നെ കൊണ്ട് പോകും.. പക്ഷെ നമ്മുടെ ആദ്യ യാത്ര മൂന്നാറിലേക്ക് ആയിരിക്കും.. അവിടെ ആയിരിക്കും നമ്മുടെ ഹണിമൂൺ."

അത് കേട്ടപ്പോൾ അവളുടെ മുഖത്ത് ചെറുതായി നാണം നിറഞ്ഞു.

"അതെ എനിക്ക് ഒരു ഉമ്മ തരുമോ? ഒരു ലിപ് കിസ്.."

അവൾ പെട്ടെന്ന് ചാടി എഴുന്നേറ്റു.

"വന്നേ നമുക്ക് റൂമിലേക്ക് പോകാം. രാവിലെ എഴുന്നേൽക്കണ്ടതല്ലേ."

"ദുഷ്ട്ടാ.."

അവന്റെ ആ വാക്ക് കേട്ട് ഒരു ചിരിയോടെ അവൾ അവിടന്ന് നടന്നു. ശ്രീഹരിയും അവിടെ നിന്നും എഴുന്നേറ്റ് അവളുടെ പിന്നാലെ നടന്നു. കുറച്ച് നടന്നപ്പോൾ ജീന ശ്രീഹരി തന്റെ ഒപ്പം എത്താനായി വേഗത കുറച്ചു. അവൻ തന്റെ തൊട്ട് പിന്നിൽ എത്തി എന്ന് മനസിലായപ്പോൾ അവൾ ഒന്ന് നീട്ടി വിളിച്ചു.

"ഇച്ചായാ..."

അവൻ അതിനു മറുപടിയായി ഒന്ന് മൂളി.

അവൾ പെട്ടെന്ന് തിരിഞ്ഞതും അവന്റെ ചുണ്ടുകളിൽ ഉമ്മ വച്ചതും പെട്ടെന്നായിരുന്നു. ചുണ്ടുകൾ വേർപെടുത്താതെ അവൾ അവനോട് ചേർന്ന് നിന്ന് ഇറുകെ കെട്ടിപിടിച്ചു.

കടലിനെയും നിലാവിനെയും സാക്ഷി ആക്കി അവരുടെ ആദ്യ അധര ചുംബനം.

.

.

വിദ്യയാണ് ജീനയെ ഒരുക്കി ഇറക്കിയത്. സ്വർണ ബോർഡറോട് കൂടിയ ഒരു നീല കളർ സാരിയും മജന്ത ബ്ലൗസും ആണ് ജീന ധരിച്ചിരുന്നത്. തലമുടിയിൽ ധാരാളം മുല്ലപ്പൂ ചൂടിയിരുന്നു. കൈയിലും കഴുത്തിലും കത്തിലുമായി അമ്മയുടെ നിർബന്ധ പ്രകാരം കുറച്ച് സ്വർണാഭരണങ്ങളും. അതെല്ലാം ട്രഡീഷണൽ മോഡലിൽ ഉള്ളതും ആയിരുന്നു.

ശ്രീഹരി ഒരു വെള്ള മുണ്ടും ഷർട്ടും ആണ് ധരിച്ചത്.

റിസോർട്ടിൽ നിന്നും പുറത്തേക്ക് ഇറങ്ങുന്നതിനിടയിൽ മൂത്ത ചിറ്റപ്പനോട് വിവേക് പറഞ്ഞു.

"ക്ഷേത്രത്തിൽ തൊഴുത് കഴിഞ്ഞ് ഞങ്ങൾ നേരെ ശിവഗിരിയിലേക്ക് ആയിരിക്കും പോകുന്നത്. അത് കണക്കാക്കി നിങ്ങളും ഇവിടെ നിന്നും ഇറങ്ങിയാൽ മതി.

ചിറ്റപ്പൻ പറഞ്ഞു.

"നിങ്ങൾ തിരക്കൊന്നും പിടിക്കേണ്ട.. 11 മണിക്കാണ് മുഹൂർത്തം. ധാരാളം സമയം ഉണ്ട്. ക്ഷേത്രത്തിൽ നിന്നും 15 മിനിറ്റ് യാത്രയെ ശിവഗിരിയിലേക്ക് ഉള്ളു."

എല്ലാരോടും യാത്ര പറഞ്ഞ് ശ്രീഹരിയും ജീനയും വിദ്യയും വിവേകും കാറിലേക്ക് കയറി. വിവേക് ആണ് കാർ ഓടിച്ചത്.. ശ്രീഹരിയും ജീനയും പിന്നിൽ ഇരുന്നു.

അമ്മയുടെ നിർബന്ധം ആയിരുന്നു അവർ കല്യാണത്തിന് മുൻപ് വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രത്തിൽ കയറി തൊഴുവണമെന്ന്. അവർ അമ്മയുടെ ആവിശ്യം അംഗീകരിക്കുകയും ചെയ്തു.

കുറച്ച് സമയത്തിനകം തന്നെ അവർ ക്ഷേത്രത്തിനു മുന്നിൽ എത്തി. കുളക്കടവിന് അരികിൽ കാർ പാർക്ക് ചെയ്ത അവർ പടികൾ കയറി ക്ഷേത്രത്തിലേക്ക് നടന്നു.

ക്ഷേത്ര കോവിലിനു അകത്തേക്ക് കയറണമെങ്കിൽ ഉടുപ്പ് ഊരണമായിരുന്നു. ശ്രീഹരിയും വിവേകും ഉടുപ്പൂരി കൈയിൽ പിടിച്ച് അകത്തേക്ക് കയറി. നല്ല തിരക്കുണ്ടായിരുന്നതിനാൽ കുറച്ച് നേരത്തെ കാത്തിരിപ്പിന് ശേഷമാണ് ശ്രീകോവിലിന് മുന്നിൽ എത്താൻ കഴിഞ്ഞത്. ശ്രീഹരിക്ക് തൊട്ട് മുന്നിൽ നിന്നിരുന്ന ജീന കണ്ണുകൾ അടച്ച് നല്ലൊരു ജീവിതത്തിനായി മനം ഉരുകി പ്രാർത്ഥിച്ചു. ക്ഷേത്രത്തിനു ചുറ്റും നടന്ന് പ്രാർത്ഥിച്ച് പടികൾ ഇറങ്ങി താഴെ വരുമ്പോൾ 9 മണി ആയിരുന്നു.

വലിയൊരു അമ്പലക്കുളമായിരുന്നു അവിടത്തേത്. വിദ്യ ആദ്യമായിട്ടാണ് അവിടെ വന്നത്. അവൾക്ക് ക്ഷേത്രവും അമ്പലക്കുളവുമെല്ലാം വളരെയധികം ഇഷ്ടമായി. അത് അവരോടു പറയുകയും ചെയ്തു.

അമ്മാവന്റെ വാക്കുകൾ പോലെ തന്നെ 15 മിനിട്ടത്തെ യാത്ര കൊണ്ട് അവർ ശിവഗിരിയിൽ എത്തി ചേർന്നു.

റിസോർട്ടിൽ നിന്നും ബാക്കി ഉള്ളവരും ഇതിനകം തന്നെ അവിടെ എത്തി ചേർന്നു.

ശിവഗിരിയിലെ തിരക്ക് കണ്ട് കാറിൽ നിന്നും ഇറങ്ങിയ വിദ്യ ചോദിച്ചു.

"ഇവിടെ എന്താ ഇത്ര അധികം ആളുകൾ."

ഒരു ചിരിയോടെ വിവേക് ചോദിച്ചു.

"നീ എന്താ കരുതിയെ ഇന്ന് ഇവിടെ അളിയന്റെ മാത്രം കല്യാണം ആണ് നാടക്കുന്നതെന്നോ?"

"പിന്നെ?"

ശ്രീഹരി ആണ് അതിനുള്ള മറുപടി നൽകിയത്.

"ഇവിടെ ദിവസവും രണ്ടും മൂന്നും കല്യാണം നടക്കും. നല്ല മുഹൂർത്തമുള്ള ദിവസമാണെങ്കിൽ പത്തിലേറെ കല്യാണം നടക്കും."

അവർക്ക് അരികിലേക്ക് എത്തിയ ഇളയ ചിറ്റപ്പൻ പറഞ്ഞു.

"ഇന്നത്തെ മൂന്നാമത്തെ കല്യാണം ആണ് നമ്മുടേത്. സമയത് പേര് വിളിക്കുമ്പോൾ നമ്മൾ അവിടെ കാണണം."

ജീനയുടെ മുഖത്ത് കല്യാണത്തിന്റെ പരിഭ്രമങ്ങൾ അപ്പോൾ നിറഞ്ഞു തുടങ്ങിയിരുന്നു.

ചിറ്റപ്പൻ ശ്രീഹരിയുടെ കൈയിൽ പിടിച്ച് കൊണ്ട് പറഞ്ഞു.

"അമ്മയും എല്ലാപേരും ഇവിടെ നമുക്ക് ആയി തന്നിട്ടുള്ള മുറിയിൽ ഉണ്ട്. അവിടെ പോയി എല്ലാപേരുടെയും അനുഗ്രഹം വാങ്ങണം. അതിന് മുൻപായി നിങ്ങൾ മുകളിൽ പോയി ഗുരുദേവനെ കണ്ട് പ്രാർത്ഥിക്ക്.ഞാൻ ഇവിടെ തന്നെ കാണും."

അവർ നാലുപേരും പടികൾ കയറി ഗുരുദേവ സന്നിധിയിലേക്ക് നടന്നു. വളരെ തണുപ്പ് നിറഞ്ഞ ഒരു അന്തരീഷം ആയിരുന്നു അവിടത്തേത്. പടികൾ കയറി മുകളിൽ എത്തിയപ്പോൾ അവിടെ വലിയ തിരക്കുകളൊന്നും അനുഭവപെട്ടിരുന്നില്ല.

ഗുരുദേവ മന്ദിരത്തിന് മുന്നിൽ എത്തിയ ജീന തൊഴുവാനായി തുനിഞ്ഞപ്പോൾ ശ്രീഹരി അവളെ തടഞ്ഞുകൊണ്ട് പറഞ്ഞു.

"തൊഴരുത്."

"അതെന്താ?"

"ഇദ്ദേഹം ഒരുപാട് അറിവും ജ്ഞാനവും ഉണ്ടായിരുന്ന ഒരു വ്യക്തി ആയിരുന്നു. ഗുരു പറഞ്ഞിരുക്കുന്നതും തന്നെ ആരും ദൈവമായി കാണരുതെന്നും തൊഴുത് പ്രാർത്ഥിക്കരുതെന്നും ആണ്."

ജീന അപ്പോൾ പിന്നെ എന്ത് ചെയ്യണമെന്ന് അറിയാതെ നിന്നപ്പോൾ വിവേക് പറഞ്ഞു.

"മനസുകൊണ്ട് അദ്ദേഹത്തിന്റെ അനുഗ്രഹം ചോദിച്ച് വാങ്ങുക."

ശ്രീഹരിയും ജീനയും കണ്ണടച്ച് നിന്ന് മനസുകൊണ്ട് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങി.

തിരികെ പടികൾ ഇറങ്ങി താഴെ ചെല്ലുമ്പോൾ ചിറ്റപ്പൻ അവരെയും കാത്ത് അവിടെ തന്നെ നിൽപ്പുണ്ടായിരുന്നു.

അദ്ദേഹം അവരെയും കൂട്ടി മുറിയിലേക്ക് പോയി. അവരെയും കാത്ത് ബന്ധുക്കൾ എല്ലാം അവിടെ തന്നെ നിൽപ്പുണ്ടായിരുന്നു. ചിറ്റപ്പന്റെ നിർദ്ദേശ പ്രകാരം അവർ രണ്ടുപേരും അമ്മയുടെ കാലിൽ തൊട്ട് അനുഗ്രഹം വാങ്ങി. നിറഞ്ഞ മനസോടെ 'അമ്മ അവരെ അനുഗ്രഹിച്ചു. പിന്നെ അവർ ഓരോരുത്തരിലും നിന്നായി അനുഗ്രഹം വാങ്ങി.

പിന്നീട് മുഹൂർത്ത സമയത്തിനായുള്ള കാത്തിരുപ്പ് ആയിരുന്നു. ഓരോ മിനിട്ടിലും ഹൃദയമിടുപ്പ് വർധിക്കുന്നതായി ജീനക്ക് തോന്നി. ഒരു പെണ്ണിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ശുഭ മുഹൂർത്തം. വർധിച്ച ഹൃദയമിടിപ്പോടെ അവൾ ആ നിമിഷത്തിനായി കാത്തിരുന്നു. അവളുടെ ടെൻഷൻ കുറയ്ക്കാനായി വിദ്യ അവളോട് ഓരോന്ന് സംസാരിക്കുന്നുണ്ടായിരുന്നു.

അവസാനം അവർ കാത്തിരുന്ന ആ നിമിഷം എത്തി. ചിറ്റപ്പന്റെ ശബ്ദം അവരുടെ കാതുകളിൽ മുഴങ്ങി.

"അടുത്തത് നമ്മുടെ കുട്ടികളുടെ കല്യാണം ആണ്. പെട്ടെന്ന് ഇറങ്ങ്."

അത് കേട്ടതും എല്ലാപേരും ശിവഗിരിയിൽ കല്യാണം നടക്കുന്ന ശാരദാമഠത്തിലെക്ക് നടന്നു. വിദ്യയുടെ കൈയും പിടിച്ച് യാന്ത്രികമായി ജീനയും. എല്ലാം ഒരു സ്വപ്നം കാണുന്നത് പോലെയാണ് അവൾക്ക് അപ്പോൾ തോന്നിയത്.

തങ്ങൾക്ക് മുൻപ് കല്യാണം കഴിഞ്ഞു അവിടെ നിന്നും ഇറങ്ങി വരുന്ന വധു വരന്മാരെ അവളൊന്ന് പാളി നോക്കി. അടുത്തത് തന്റെ ഊഴം. ഒരിക്കലും തന്റെ ജീവിതത്തിൽ ഇല്ലെന്ന് കരുതി അവസാനം ഒരുപാട് സ്വപ്നങ്ങൾ കാണാൻ തന്നെ പ്രാപ്തയാക്കിയ തന്റെ വിവാഹ മുഹൂർത്തം അവസാനം എത്തി ചേർന്നിരിക്കുന്നു.

"ശ്രീഹരി, ജീന."

അവരുടെ പേരുകൾ അവിടെ മുഴങ്ങി കേട്ടു. ശ്രീഹരിയും ജീനയും ശാരദ ദേവിയുടെ മുന്നിലേക്ക് കയറി നിന്ന്. ജീനയുടെ തൊട്ട് പിന്നിൽ നാത്തൂൻ സ്ഥാനം അലങ്കരിച്ച വിദ്യയും. അവർ ദേവിയെ തൊഴുതു.

പൂജാരി താലിമാല എടുത്ത് ശ്രീഹരിയുടെ കൈയിൽ കൊടുത്തു. അവൻ കണ്ണുകൾ അടച്ച് ഒരു നിമിഷം പ്രാർത്ഥിച്ചു. അതിനു ശേഷം ജീനയുടെ കഴുത്തിലേക്ക് ആ താലി മാല കെട്ടി. വിദ്യ ജീനയുടെ മുടി ഉയർത്തി കൊടുത്തു മാല കെട്ടുവാനായി.

അംബികാമ്മ സന്തോഷം തുളുമ്പിയ നിറകണ്ണുകളോടെ ആ കാഴ്ച കണ്ടു. അവർക്ക് നല്ലൊരു ജീവിതം കൊടുക്കണമെന്ന് മനമുരുകി പ്രാർത്ഥിച്ചു.